KOTTAYAM PUBLIC LIBRARY

Call No MA5 Acc. No 39289

Author നാരായണ ഭട്ടതിരി

Title ശ്രീമൽ നാരായണീയം

1

ശ്രീമൽ

# നാരായണീയം

39289

ഗ്രന്ഥകർത്താ:

മഹാകവി മേല്പത്തൂർ നാരായണഭട്ടതിരി.

'ഭക്തപ്രിയ'

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

മഹാകവി മേല്പത്തൂർ നാരായണൻ ഭട്ടതിരിപ്പാട്ടിലെ

സംക്ഷേപജീവചരിത്രവും അടങ്ങി[illegible]

വ്യാഖ്യാതാ:

ഭക്തകവി: ടി. [illegible]

KOTTAYAM PUBLIC LIBRARY. KOTTAYAM.

പ്രസാധകർ:

ശാന്താ ബുക്ക് സ്റ്റാൾ,

പാലക്കാട്ട് & ഗുരുവായൂർ.

# NARAYANEEYAM.

MA5

പകർപ്പവകാശം 39289

ശാന്താ ബുക്ക് സ്റ്റാളിനുള്ളതു്.

അഞ്ചാം പതിപ്പ്.

വർഷം:

1967

പ്രകാശകൻ:

കെ. ആർ. ജെ.

അച്ചടി:

മാതാ-പിതാ പ്രസ്സ്,

ഗുരുവായൂർ.

വില: 3_50

പരിശോധകൻ: പി. എസ്സ്. പുരുഷോത്തമൻ നമ്പൂതി

# പ്രസ്താവന

39289

★

## മഹാകവി മേല്പ്പത്തൂർ നാരായണഭട്ടതിരിയുടെ സംക്ഷേപ ജീവചരിത്രം.

കേരളത്തിൽ കീർത്തിയാളും പുണ്യനദിയായ ഭാരതപ്പുഴയുടെ ഉത്തരതീരത്തിൽ പൊന്നാനിത്താലൂക്ക് കുറുമ്പത്തൂരംശം വെട്ടത്തുനാട്ടിൽ തിരുനാവായ ക്ഷേത്രത്തിൽനിന്ന് ഏതാണ്ട് മൂന്നു നാഴിക അകലേയുള്ള ചന്ദനക്കാവ് ഭഗവതിക്ഷേത്രത്തിൻെറ അടുത്താണ് നമ്മുടെ കഥാനായകനായ മേല്പ്പത്തൂർ നാരായണഭട്ടതിരിയുടെ ഇല്ലം. മാതൃദത്തൻ എന്ന ബ്രാഹ്മണശ്രേഷ്ഠൻെറ പുത്രനായി ഏതാണ്ട കൊല്ലവർഷം 735ലാണ് ജനിച്ചതെന്നൂഹിക്കേണ്ടതുണ്ട്. മേല്പ്പത്തൂർ കുടുംബത്തിൻെറ പരദേവതയായിരുന്നു ചന്ദനക്കാവിൽ ഭഗവതി. കേരളക്ഷേത്രത്തിൽ മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രമായിട്ടാണ് കഥാപുരുഷൻ ജാതനായതു്. ഇന്നും മേല്പ്പത്തൂർ ഗൃഹമിരുന്ന പറമ്പും പണ്ടത്തേ ഗൃഹാവശിഷ്ടങ്ങളും നന്നായിക്കാണാം. പത്തെണ്പതുവർഷമായിട്ടാണ് ആ സ്ഥലം ശൂന്യമായിത്തീർന്നതു്; കാടും പടലും പിടിച്ചു കിടക്കുന്ന ആ സ്ഥലത്തെ ഇന്നും വിദ്യാസമ്പന്നന്മാർ ആദരിച്ചുവരുന്നുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. ശങ്കരാചാര്യസ്വാമിയുടെ ജന്മഭൂവായ കാലടിയും, തുഞ്ചത്തെഴുത്തച്ഛൻെറ ജന്മഭൂവായ തൃക്കണ്ടിയൂരെ തുഞ്ചൻപറമ്പും ഏതു വിധം കേരളീയർ ആദരിച്ചുവരുന്നുവോ, അതുപോലെയാണ് മേല്പ്പത്തൂർ പറമ്പിനേയും കണക്കാക്കിവരുന്നതു്. മേല്പ്പത്തൂർ മനക്കൽ ആളില്ലാതായപ്പോൾ ഒരു അവകാശിയെന്ന നിലയിൽ മേല്പ്പത്തൂരെ സ്വത്തുമുഴുവനും മറവഞ്ചേരി നമ്പൂതിരിപ്പാട്ടിലെ ഇല്ലത്തേയ്ക്കു ലയിച്ചു. ചന്ദനക്കാവിൽ ഭഗവതിക്ഷേത്രത്തിലെ ഊരാളന്മാരായി മറവഞ്ചേരി തെക്കേടത്തു നമ്പൂതിരിപ്പാട്, കിഴക്കേടത്തു നമ്പൂതിരിപ്പാട്, പാക്കത്തു ഭട്ടതിരിപ്പാട്, പാഴിയോട്ട ഭട്ടതിരിപ്പാട് എന്നിങ്ങനെ നാലുപേരായിരുന്നു. മറവഞ്ചേരി തെക്കേടത്തു നമ്പൂതിരിപ്പാട്ടിലെ ഊരായ്മസ്ഥാനം മേല്പ്പത്തൂർ വഴി

കിട്ടിയതാണെന്നാണ് കേംവി. എന്നാൽ ഇദ്ദേഹത്തിൻെറ പ്രധാനകൃതിയായ നാരായണീയം ഉണ്ടാക്കിത്തീൎന്നതു് "ആയുരാരോഗ്യസൌഖ്യം" എന്ന കലിദിനത്തിലാണെന്നു സൎവ്വസമ്മതവുമാണ്. ഈ കലിസംഖ്യ കൂട്ടുമ്പോൾ കൊല്ലവൎഷം "763_ാമതു് വൃശ്ചികമാസം 28_ാംനു- ഞായറാഴ്ചയും കൃഷ്ണചതുൎദ്ദശിയും കൂടിയ ദിവസം ഗുരുവായൂർ ഇരുന്നു് നാരായണീയം ഉണ്ടാക്കി" എന്നറിവാകുക.

മുൻപു് വിവരിച്ച ചന്ദനക്കാവിൽ ക്ഷേത്രത്തിനോടു സമീപിച്ചു് ഒരു ഗണപതിക്ഷേത്രവും ഒരു വിഷ്ണുക്ഷേത്രവും കൂടിയുണ്ടായിരുന്നു. ഈ ക്ഷേത്രങ്ങളുടെ എല്ലാ ഊരാളന്മാരും മേൽവിവരിച്ച ഇല്ലക്കാർതന്നെയായിരുന്നു. മേല്പത്തൂർ നാരായണഭട്ടതിരി ചന്ദനക്കാവിലെ ദേവിയേയും മററും സ്തുതിച്ചുകൊണ്ടു് പലവിധ സ്തോത്രങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. ഗണപതിക്ഷേത്രത്തിലെ ദേവനും മേല്പത്തൂരിൻെറ ആരാദ്ധ്യദേവനായിരുന്നു.

ഈ കഥാനായകനു് നാലു ഗുരുനാഥന്മാരുണ്ടായിരുന്നു. അതിൽ ഒന്നു് സ്വപിതാവായ മാതൃദത്തൻ എന്ന പണ്ഡിതാഗ്രണിയായ ബ്രാഹ്മണശ്രേഷ്ഠനും മററുള്ളവർ മാധവൻ, ദാമോദരൻ, അച്യുതൻ ഇങ്ങിനെ മൂന്നുപേരുമാണ്. മീമാംസ, തൎക്കം, വ്യാകരണം എന്നിവ ഈ ആചാൎയ്യന്മാരിൽ ഓരോരുത്തരിൽനിന്നും യഥാക്രമം ഈ കഥാനായകൻ പഠിച്ചു. ഇതിൽ മാധവനും ദാമോദരനും അജ്ഞാതനാമാക്കളായിരിക്കുന്നതേയുള്ളൂ.

നാരായണഭട്ടതിരി പയ്യൂർഭട്ടതിരിമാരുടെ മരുമകനാണെന്നു പ്രസിദ്ധിയുണ്ടു്! മാതൃദത്തനും നാരായണഭട്ടതിരിയും മീമാംസയിൽ കൌമാരിള ശാഖക്കാരാകുന്നതിന്നു്, അവൎക്കു പയ്യൂരു ഭട്ടതിരിയുമായി സംഭവിച്ച ചാൎച്ചയായിരിക്കണം ഒരു പ്രധാന കാരണം. ചെറുപ്പത്തിൽതന്നെ ഭട്ടതിരി പിതാവിൽനിന്നു് മീമാംസാശാസ്ത്രം അഭ്യസിച്ചു് അതിൽ അസാധാരണമായ നൈപുണ്യവും പക്ഷപാതവും സമ്പാദിച്ചു എന്നതിന്നു സംശയമില്ല.

ചെറുപ്പകാലത്ത് വേണ്ടുംവിധം വിദ്യാഭ്യാസം ചെയ്യാതെ തൃക്കണ്ടിയൂർപിഷാരത്ത് ബാന്ധവവുമായിക്കഴിഞ്ഞു കൂടിയിരുന്നുവെന്നും പിന്നീട് അച്യുതപ്പിഷാരടിയുടെ ഉപദേശമനുസരിച്ച് വിദ്യ അഭ്യസിക്കുവാൻ ഉദ്യമിച്ചുവെന്നും മററും ഭട്ടതിരിയെ സംബന്ധിച്ച പല ഐതിഹ്യങ്ങളും പ്രസിദ്ധങ്ങളായിട്ടുണ്ട്. അതിൽ വാസ്തവസ്ഥിതി കുറവെന്ന് സൂക്ഷ്മപരിശോധന ചെയ്താൽ തെളിയും, മുൻ ഉദ്ധരിച്ചതായ "മീമാംസാദിസമസ്താൽ" എന്നു തുടങ്ങുന്ന പദ്യത്തിൽനിന്ന് മീമാംസ, വേദം, തർക്കം എന്നീ ശാസ്ത്രങ്ങൾ ഓരോ ആചാര്യന്മാരിൽനിന്നും അഭ്യസിച്ചതായും, ശബ്ദശാസ്ത്രം പഠിക്കുന്നതിനുവേണ്ടിമാത്രമെ ഭട്ടതിരി അച്യുതപ്പിഷാരടിയെ ഗുരുവായി വരിച്ചുള്ളു എന്നും വ്യക്തമാകുന്നു. ഭട്ടതിരി ഇതരശാസ്ത്രങ്ങൾ പഠിച്ചതിനുശേഷമാണ് വ്യാകരണം പഠിച്ചതെന്നും, അതിന്നു മുമ്പുതന്നെ പല ശാസ്ത്രങ്ങളിലും നൈപുണ്യം നേടിക്കഴിഞ്ഞിരുന്നുവെന്നും വിശ്വസിക്കുവാൻ വളരെ തെളിവുകളുണ്ട്. ഭട്ടതിരിക്ക് പല ഗുരുക്കന്മാരും ഉണ്ടായിരുന്നുവെന്നും അതിൽ ഒരാളുമാത്രമാണ് പിഷാരടിയെന്നും, ബാല്യത്തിൽതന്നെ ഭട്ടതിരി കുലകൂടംബോചിതമായ വിദ്യാഭ്യാസത്തിൽ ഏപ്പെട്ടിരുന്നുവെന്നും നിശ്ശങ്കം സ്ഥാപിക്കുവാൻ സാധിക്കുന്നതാണ്. അതുകൊണ്ടു മുൻസൂചിപ്പിച്ചതുപോലുള്ള ഐതിഹ്യങ്ങൾ നിരാസ്പദങ്ങൾ തന്നെയെന്നു പറയാതെ കഴികയില്ല.

വാതരോഗം പിടിപെടുന്നതിന്നും തന്നിമിത്തം കഠിനമായ ദുരിതം അനുഭവിക്കുന്നതിനും ഭട്ടതിരിക്കിടയായി എന്നതു് അദ്ദേഹത്തിൻെറ ജീവിതത്തെ സംബന്ധിച്ച പ്രാധാന്യമുള്ള ഒരു സംഗതിയാണ്. യൌവ്വനം, പാണ്ഡിത്യം, പ്രഭുത്വം ഇതുകളെല്ലാം തികഞ്ഞാൽ സാധാരണ വന്നുചേരാവുന്ന അഹംകാരാദിദോഷങ്ങൾ തീരെവിട്ടുമാറി മാനസംപരിശുദ്ധവും പരിപക്വവുമായി ഭവിച്ച് ഈശ്വരസ്മരണ വർദ്ധിക്കുവാൻ വാതരോഗം ഭട്ടതിരിയെ കണക്കിലേറെ സഹായിച്ചിരിക്കും. ഭട്ടതിരിക്കു വാതരോഗം ഒട്ടേറെ അനുഗ്രഹമാണ് ചെയ്തതു്. പരിശുദ്ധ സാന്നിദ്ധ്യത്താൽ ശ്രീകൃഷ്ണസ്വാമിയുടെ വിളയാട്ടം ഹേതുവാൽ പരിപാവനമായിപ്പുരിലസി

ക്കുന്ന ഗുരുവായൂപുരത്തിൽചെന്നു് ഭഗവാനെ ഭജിക്കുന്നതിനും ഭാഗവതസവ്വസ്വവും ഭക്തജനാനുഗ്രഹവുമായ നാരായണീയസ്തോത്രം നിമ്മിക്കുന്നതിന്നും, അതുനിമിത്തം ഇളക്കമില്ലാത്ത യശസ്സിനെ സ്ഥാപിക്കുന്നതിന്നും ഭട്ടതിരിക്കു സാധിക്കുവാൻ മൂലകാരണം ഭയങ്കരമായ വാതരോഗമായിരുന്നു എന്നതിനു് ഒട്ടുംതന്നെ സംശയമില്ല. മറെറാരു ഗ്രന്ഥങ്ങളും നിമ്മിച്ചിരുന്നില്ലെങ്കിൽതന്നെ, ഒരു പരമഭക്തൻേറയും ഒരു മഹാകവിയുടേയുംനിലയിൽഭട്ടതിരിയുടെ പുണ്യനാമം മലയാളികഠം ആദരവോടെ സ്മരിക്കുന്നതിനു് ഈ ഒരു സ്തോത്രരത്നം—നാരായണീയം—മതി എന്നുപറഞ്ഞാൽ മാത്രമെ അതിൻെറ വിശിഷ്ടത കുറഞ്ഞൊന്നു വിശദമാകയുള്ളൂ. രോഗത്തിൻെറ ആരംഭം മുതൽ ഭട്ടതിരി ഭഗവൽഭക്തനായും സംസാരവിരക്തനായും തീൻ അദ്ദേഹം അന്ത്യകാലംവരെ ആ നിലയിൽ തന്നെ കഴിഞ്ഞു. രോഗിയും അവശനുമായ ഭട്ടതിരി നാരായണീയസ്തോത്രനിമ്മാണാനന്തരം 'ആയുരാരോഗ്യസൌഖ്യ'ത്തോടുകൂടിയാണു് അവിടം വിട്ടതു്. മഹാകവിയായ മയൂരൻ, സൂൎയ്യശതകം നിമ്മിച്ചു് ആദിത്യഭഗവാനെ പ്രസാദിപ്പിച്ചു് സഹിപ്പാൻ വഹിയാത്ത കുഷ്ഠരോഗപീഡയിൽനിന്നു വിമുക്തനായി എന്ന ഐതിഹ്യംപ്രസിദ്ധമാണു്. അതുപോലെയാണു് ഭട്ടതിരിയുടേയുംഈ കഥ

നാരായണീയനിമ്മിതിക്കുശേഷം ഭട്ടതിരിയുടെ കീത്തിധാവള്യം കേരളമെങ്ങും പരന്നു. അതിൻെറ പ്രാബല്യമേറിയ മഹിമാവിശേഷം സവ്വജനങ്ങളേയും ഒരുപോലെ ആനന്ദതുന്ദിലരാക്കുന്നതിനുമിടയാക്കി. ഭട്ടതിരിയുടെ ഭജനവും രോഗശാന്തിയുംകൊണ്ടു ഗുരുവായൂരപ്പനെപ്പററി ജനങ്ങഠംക്കുണ്ടായിരുന്ന ഭക്തിവിശ്വാസങ്ങഠം പൂവ്വാധികം വദ്ധിപ്പാനും, തന്നിമിത്തം—അതുവഴി ഗുരുവായൂരപ്പനു പ്രസിദ്ധിയുണ്ടാകുവാനും ഭക്തജനങ്ങഠം അതീവവദ്ധിക്കുവാനും കാരണമായിത്തീൻ. ഇന്നും ആനില വദ്ധനവിലിരിക്കുന്നതേയുള്ളൂ.

അമ്പലപ്പുഴ, കൊച്ചി, വടക്കുംകൂർ, കോഴിക്കോട്ടു് എന്നീ രാജ്യങ്ങളിലെ രാജാക്കന്മാരുടെ സ്നേഹാദരവിന്നു ഭട്ടതിരി പാത്രമായിരുന്നു. പണ്ഡിതന്മാരെ തിരിച്ചറിവാൻ പ്രാപ്തരായ ആ രാജാ

ക്കന്മാരോടു് ഭട്ടതിരിക്കു് പറഞ്ഞറിയിപ്പാൻ വഹിയാത്ത ബഹുമാനാദരവിശേഷം അതീവ വൎദ്ധിച്ചിരുന്നു. മേൽപറഞ്ഞ രാജാക്കന്മാരെ അദ്ദേഹം ഏതുവിധത്തിലാണു് കരുതിയിരുന്നതെന്നു്, അദ്ദേഹം പല അവസരങ്ങളിലായി എഴുതീട്ടുള്ള ഓരോ പദ്യകൃതികളും വായിച്ചാൽ വ്യക്തമാകും. വിദ്വത്വം, ബാഹുവീൎയ്യം മുതലായതുകൊണ്ടു് പ്രഥമഗണനീയന്മാരായിരുന്ന (ഭട്ടതിരിയുടെ കാലത്തു് മേൽപറഞ്ഞരാജ്യങ്ങൾ ഭരിച്ചിരുന്ന രാജാക്കന്മാർ) മുൻപറഞ്ഞ രാജാക്കന്മാരിൽ ഭട്ടതിരിയുടെ അതിരററ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായിരുന്നതു് അമ്പലപ്പുഴ ദേവനാരായണനായിരുന്നു. അദ്ദേഹത്തിൻെറ വിശിഷ്ടഗുണങ്ങൾ ഭട്ടതിരിയെ അമ്പലപ്പുഴയിലേയ്ക്കാകൎഷിച്ചു

(വൃന്ദാവനവാസിയും, ശ്രീകൃഷ്ണഭഗവാനെ പ്രത്യക്ഷത്തിൽ കണ്ടവനും, ആയ ഒരു മഹൎഷിയിൽനിന്നു ഉപദേശം വാങ്ങിച്ചു; വിരക്തനും ഭഗവദ്ധ്യാനനിരതനുമാണു് ദേവനാരായണൻ എന്നു് ഭട്ടതിരി അറിഞ്ഞിരുന്നു. ഏതു മഹൎഷിയാണതെന്നു് സ്പഷ്ടമായറിയുന്നില്ല; മാത്രമല്ല, ഇവിടെ ദേവനാരായണൻ എന്നു പറഞ്ഞാലും അതു ഏതുകാലത്തേ രാജാവെന്നും വ്യക്തമല്ല.; ദേവനാരായണൻ എന്നതു് അമ്പലപ്പുഴ രാജാക്കന്മാരുടെ മാറാപ്പേരാകയാൽ ഭട്ടതിരിയുടെ കാലത്തുണ്ടായിരുന്ന ആ രാജാവു് ഏതെന്നു തിരിച്ചറിവാനും പ്രയാസമുണ്ടു്. ഏതായാലും ഭട്ടപാദരാൽ പൂജിതനായ ആ ദേവനാരായണൻ കരവീൎയ്യപരാക്രമിയും സൎവ്വശാസ്ത്രപാരംഗതനും പ്രത്യേകിച്ചു് ശ്രീകൃഷ്ണഭക്തനും ത്യാഗിയുമായിരുന്നു എന്നു വിശ്വസിക്കുന്നതിൽ ആക്ഷേപമില്ല. അദ്ദേഹമൊരുമിച്ചു് ഭട്ടതിരി അമ്പലപ്പുഴെ താമസിച്ചിരുന്നു എന്നതു് വാസ്തവമാണു്. അമ്പലപ്പുഴരാജാവിനേയും ഭട്ടതിരിയേയും സംബന്ധിച്ചു പല ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ടു്.)

ഈവിധം ആ ഭട്ടപാദർ പണ്ഡിതനെന്നോ പാമരനെന്നോ പ്രഭുവെന്നോ ദരിദ്രനെന്നോ ചിന്തിക്കാതെ, സൎവ്വജനാരാദ്ധ്യനായി, സ്വച്ഛന്ദം സാഹിത്യമണ്ഡപത്തിൽ ക്രീഡാതല്പരനായി, ഭഗ

വദധ്യാനക്രീഡാതല്പരനായി ആഴമേറിയ ചിന്താഗതിയിൽ മുഴുകി ആനന്ദാമൃതമാസ്വാദിച്ച് ജീവിതം നയിച്ചു.

. ഭട്ടതിരി 27-ാമത്തെ വയസ്സിൽ നാരായണീയം നിർമ്മിച്ചു വെന്നാണ് ഐതിഹ്യം. ഇതു വാസ്തവമാകുവാൻ കാരണങ്ങളുണ്ട്. ആറന്മുള കൃഷ്ണനാശാൻെറ ആറന്മുള സ്ഥലപുരാണങ്ങളിൽ ഭട്ടതിരി 106വയസ്സുവരെ ജീവിച്ചിരുന്നതായിപ്പറയുന്നു. ആശാന് അത റിവായതു് അച്യുതപ്പിഷാരടിയുടെ ശിഷ്യപരമ്പരകളിൽ നിന്നായിരിക്കണം. ഈ അഭിപ്രായപ്രകാരം ഭട്ടതിരി കൊല്ലവർഷം735-ൽ ജനിച്ചുവെന്നും 841-ൽ ദിവംഗതനായിയെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. പണ്ഡിതന്മാർ സാമാന്യേന ഈ അഭിപ്രായം സ്വീകരിക്കുകയും ചെയ്യുന്നു. എങ്കിലും ഈ അഭിപ്രായം സ്വീകാര്യമാണെന്നു വരുവാൻ മേല.

മാനവേദരാജാവിൻെറ പ്രധാന കൃതികളാകുന്ന പൂർവ്വഭാരത ചമ്പുവും കൃഷ്ണഗീതയും അവനിർമ്മിച്ചു പ്രചാരത്തിൽ വരുന്നതിനു മുമ്പുതന്നെ ഭട്ടതിരി ദിവംഗതനായിരിക്കണം. അപ്പോഠം കൊ. വ 735മുതൽ 841വരെ 106വത്സരം ഭട്ടതിരി ജീവിച്ചിരുന്നുവെന്ന് ഇന്നു വിശ്വസിച്ചുവരുന്ന അഭിപ്രായം അടിസ്ഥാനമില്ലാതെ വരുന്നു. 841-ലാണ് ഭട്ടതിരിയുടെ ചരമംഎങ്കിൽ മാനവേദൻെറമരണത്തിനുശേഷം8കൊല്ലംകൂടി അദ്ദേഹം ജീവിച്ചിരിക്കണം. അങ്ങനെയായാൽ മാനവേദകൃതികളോട് അദ്ദേഹത്തിനു പരിചയവും ബഹുമാനവും ഉണ്ടാകാതിരിപ്പാൻ വഴിയില്ല. എന്നാൽ അവ ഭട്ടതിരിക്ക് അപരിചിതങ്ങളെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. അമ്പത്തിമൂന്നിരട്ടി എന്നാണ് നൂററാറു എന്നതിന് ആറന്മുളസ്ഥലമാഹാത്മ്യത്തിൽ കാണുന്നതു്. ഇതിലെ അമ്പത്തിമൂന്ന് എന്നത് ലേഖകപ്രമാദംകൊണ്ട് സംഭവിച്ചതോ മററൊ ആയിരിക്കണം. മുപ്പത്തിമൂന്നെന്നോ നാല്പത്തിമൂന്നെന്നോ മററൊ ആയിരിക്കാം തൽസ്ഥാനത്തു വരേണ്ടതു്. പൂർവ്വപദങ്ങളിലെല്ലാം ദ്വിതീയാക്ഷരപ്രാസത്തെ ശ്രദ്ധയോടുകൂടി സ്വീകരിച്ചിരിക്കുന്ന ആശാൻെറ

കവിതാസ്വഭാവം വിചാരിച്ചാൽ അതു പ്രിശകിൽവന്നതാണെ ന്നതീൎത്തും അനുമാനിക്കാം. അതിനാൽ എൺപത്തിയാറു വയസ്സു വരെ ഭട്ടതിരി ജീവിച്ചിരുന്നുവെന്നു് നമുക്കു തീൎച്ചപ്പെടുത്താം.

ചെറുപ്പകാലത്തു നേരിട്ട വാതരോഗമല്ലാതെ ഭട്ടതിരിക്കു് പിന്നീടു് ഒരിക്കലും യാതൊരുരോഗവും പിടിപെട്ടിരുന്നില്ല എന്നതന്നെ വിശ്വസിക്കണം. കുടുംബഭരണാദികാൎയ്യങ്ങളിലും അദ്ദേഹം ഏൎപ്പെട്ടിരുന്നോ എന്നു സംശയമാണു്. ജീവിതകാലം മുഴുവനും ഈശ്വരഭജനംകൊണ്ടും സാഹിതീവ്യവസായംകൊണ്ടും ലോകത്തെ അനുഗ്രഹിച്ചുകൊണ്ടുതന്നെ ഭട്ടതിരി ജീവിതം നയിച്ചിരുന്നതായി നമുക്കു തീൎച്ചയാക്കാം.

ഏതുകാലത്തും സഹൃദയന്മാരെ രസിപ്പിച്ചു് സാഹിത്യത്തിൽ ഉന്നതസ്ഥാനത്തു പരിലസിക്കുന്നവയാണ്ഭട്ടപാദരുടെ കൃതികൾ. അതിൽ ഏറിയതും ആ മഹാൻെറ കാലത്തുതന്നെ മലയാളത്തിലെങ്ങും പ്രചുരപ്രചാരം ലഭിച്ചിരുന്നു. അദ്ദേഹത്തിൻെറ ഏതെങ്കിലും ഒരു കൃതികാണാത്ത ഗ്രന്ഥപ്പുര ദുൎല്ലഭമായിരിക്കും.

മലയാളികളുടെ സംസ്കാരത്തെ പോഷിപ്പിക്കുന്നവയും, സാഹിത്യത്തിൻെറ അനശ്വരവിഭൂഷകളായി ലസിക്കുന്നവയും ആയ അനേകം കൃതികൾ ഗദ്യവും, പദ്യവും ചമ്പുക്കളും പ്രബന്ധങ്ങളും ഒരുപോലെ അത്ഭുതാവഹങ്ങളായും അത്യധികം പാടവത്തോടുകൂടിയും സ്വതന്ത്രമായി വ്യാപരിക്കുന്നതിനു ഭക്താഗ്രണിയായ ആ മഹാകവിക്കു് സാദ്ധ്യമായിരുന്നു. ഭട്ടതിരിയുടെ വിദ്യാസമ്പത്തിനാലും പ്രതിഭാസൌന്ദൎയ്യത്താലും പരിതൃപ്തിയോടെ വാഗ്ദേവി അത്യധികം അനുരക്തയും വശംവദയുമായി ഇണങ്ങിക്കൊണ്ടാണു് ഇദ്ദേഹത്തോടു പെരുമാറിയിരുന്നതു്. ഈ വൈഭവം ഭട്ടതിരിയുടെ ഏതുകൃതിപരിശോധിച്ചാലും തികച്ചും തെളിഞ്ഞുകാണും. കേരളീയരുടെ അത്യധികം അഭിമാനജന്യമായ ഒന്നാണു് ഭട്ടതിരിയുടെ സാഹിത്യം. അവൎക്കു അതിനോടുള്ള ഭക്തിയും സ്നേഹവും ഒന്നുവേറെതന്നെയാണു്; എന്നുമാത്രമല്ല, അതു ഏതുകാലത്തും നിലനി

ല്ലയം ചെയ്യം. മേൽപറഞ്ഞ ആകർഷണ ഗുണങ്ങളോടെ സവ്വ പ്രകാരേണയും പരിശോഭിക്കുന്ന കാവ്യനിർമ്മാണം ഭട്ടതിരിയുടേതു പോലെ മററാരിലും ഏറെയൊന്നും കാണുകയില്ല. കേരളബ്രാഹ്മണക്കു സഹജമായുള്ള പലഗുണങ്ങളും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഫലിതപ്രയോഗം, മർമ്മഭേദകമായ ശകാരം, ഭംഗിവാക്കു് മുതലായവ ഭട്ടതിരിയുടെ പ്രബന്ധങ്ങളിൽ അവസരോചിതം പരിലസിക്കുന്നതുകാണാം. ഒരു നാട്യകലാവിദഗ്ദ്ധനു ഏതുവിധവേഷവുംകെട്ടി അതിന്നനുകൂലമായവിധം സാമാജികന്മാരെ അഭിനയചാതുര്യത്താൽ രസിപ്പിക്കാൻ കഴിയുന്നതുപോലെയാണു് ഭട്ടതിരിയുടെകവിതാരീതിയും. ഏതുവിഷയമായിരുന്നാലും തദുചിതമായ രസാലങ്കാരാദിവചോവിലാസത്തോടുകൂടി വർണ്ണിച്ചു് കാവ്യരസികന്മാരെ പരമാനന്ദമഗ്നരാക്കുന്നതിനു അനുഗ്രഹീതമായ പാടവം ഭട്ടതിരിയുടെ കവിതയ്ക്കു ജന്മനാതന്നെ ലഭിച്ചിട്ടുണ്ടു്.

എല്ലാശാസ്ത്രങ്ങളിലും അതീവ വ്യുൽപത്തി ലഭിച്ച പണ്ഡിതാഗ്രണിയാണു ഭട്ടതിരി. ശബ്ദശാസ്ത്രത്തിൽ ഭട്ടതിരിക്കു കിട്ടിയിട്ടുള്ള വൈദഗ്ദ്ധ്യത്തിന്റേയും പക്ഷപാതാതിരേകത്തിന്റേയും നിലയെന്നുവേറെതന്നെയാണു്. വ്യാകരണത്തിൽ അപാരപാണ്ഡിത്യംസാധിച്ചവക്കു പല പദപ്രയോഗങ്ങളും ആശയ കല്പനകളും ഭട്ടതിരിയുടെ കൃതികളിൽ സുലഭമാകുന്നു. പ്രകൃതാർത്ഥത്തിനു യോജിപ്പിച്ചുകൊണ്ടു പാണിനീ സൂത്രങ്ങളേയും അവയുടെ വിധികളേയും കവിതയിൽ സംഘടിപ്പിക്കുന്നതിന്നു ഭട്ടതിരിക്കു് യാതൊരു പ്രയാസവുമുണ്ടായിട്ടില്ല അത്തരം പ്രയോഗങ്ങളെ വിനോദമായിട്ടാണു് ഭട്ടതിരി കരുതിയിരുന്നതെന്നു തോന്നും. തന്റെ ശബ്ദശാസ്ത്രവൈദഗ്ദ്ധ്യം പ്രകാശിപ്പിക്കുന്നതിനു പല സന്ദർഭങ്ങളിലും മനഃപൂർവ്വം ശ്രമിച്ചിരിക്കുന്നതായിക്കാണാം. ആ വിധ ശ്രമങ്ങൾ ഫലോന്മുഖമായിത്തീർന്നിട്ടുണ്ടെന്നു തീർത്തുതന്നെ പറയാം.

ആ ദിവ്യപാദരുടെ ലഘുകൃതികൾ, സ്തോത്രങ്ങൾ, രാമായണം, ഭാരതം, നൃഗമോക്ഷം, നാരദമോഹനം, മത്സ്യാവതാരം വാമനാവതാരം ഇത്യാദി പ്രബന്ധങ്ങളും, പ്രക്രിയാസർവ്വസ്വം, ധാതു

കാവ്യം, മാനമേയോദയം എന്നിങ്ങനെയുള്ള ശാസ്ത്രങ്ങളും മററനേകം കൃതികളും ഈ നാരായണീയമഹാഗ്രന്ഥത്തിനുപുറമെ പ്രശോഭിക്കുന്നുണ്ട്. ശ്രീകോവിലിൽ നിന്ന് അരുളപ്പാടുണ്ടായി പോൽ! അവസാനത്തിലുള്ള കേശാദിപാദവർണ്ണനതന്നെ, ഭഗവാൻെറ മനോഹരരൂപം പ്രത്യക്ഷമായിക്കണ്ടുകൊണ്ടിരിക്കുമ്പോഴാം കവിയുടെ നാക്കിൻെറ അററത്തുനിന്ന് ചിന്തചെയ്യാതെ തനിയേ പുറപ്പെട്ടതാണത്രെ! വായനക്കാരുടെ മുമ്പിൽക്കൂടി ഭഗവാൻെറ രൂപം പ്രത്യക്ഷമായി കാണിക്കത്തക്കവിധം തന്മയത്വമുള്ള ആ സരസമനോഹര കവിതാമൃതാസ്വാദനത്തിലുള്ള മാധുര്യം വാചാമഗോചരമല്ലെ! ഈ വിശിഷ്ടസ്തോത്രത്തിൻെറ ഫലമായി ഭട്ടതിരിക്കു ഭഗവൽപ്രസാദത്താൽ സമ്പൂർണ്ണമായ ആരോഗ്യം സിദ്ധമാകയും ചെയ്തു.

പ്രക്രിയാസർവ്വസ്വം നിർമ്മിച്ചശേഷം താമസിയാതെ ഭട്ടതിരി "സാഹിത്യസംരഭത്തിൽനിന്ന് ഒഴിഞ്ഞുമാറി, ഓളമൊഴിഞ്ഞ തടിനിയേ പോലെ ശാന്തനായി" ഈശ്വരഭജനാപരായണനായിട്ടാണ് കാലം കഴിച്ചുപോന്നത്.

എണ്ണംകൊണ്ടും വണ്ണംകൊണ്ടും ബഹുമതിയെ അർഹിക്കുന്ന ഒന്നാണ് ഭട്ടതിരിയുടെ സാഹിത്യമെന്ന് മുൻപു വിശദീകരിച്ചിട്ടുണ്ട്. പണ്ട് കാലടിയിൽ, ലോകത്തിൽ ജ്ഞാനമാർഗ്ഗോപദേശത്തിന്നായി സാക്ഷാൽ ശ്രീശങ്കരൻ ആചാര്യസ്വാമികളായി അവതാരം ചെയ്തെങ്കിൽ, ഭക്തിമാർഗ്ഗോപദേശത്തിന്നായി ശ്രീകൃഷ്ണൻ അവതാരംചെയ്ത മഹാപുരുഷനാണ് മേല്പുത്തൂർ നാരായണഭട്ടപാദർ. ആ ദിവ്യപാദരുടെ ജീവിതാദർശം ഭക്തിയാണ്. ഈ ആദർശത്തെപ്പുലർത്തുവാൻ നാരായണീയംകൊണ്ടു സാധിച്ചു. ഭക്തി,—ഭക്തി; അഥവാ പ്രേമം—പ്രേമം—ഇതൊന്നത്രേ മനുഷ്യനെ മനുഷ്യനാക്കുന്നതു്! ഇതത്രേ മാനുഷപരിഷ്ക്കാരത്തിൻെറ പരമകാഷ്ഠ! ഭട്ടപാദർ പ്രേമത്തെ ബഹുമാനിച്ചു; പുകഴ്ത്തി; പ്രചരിപ്പിച്ചു; പ്രേമമാണ് അദ്ദേഹത്തിൻെറ പരമപുരുഷാർത്ഥം! അതുകൊണ്ടുമായില്ല

യഃ കൃത്വാ വിശ്വരംഗം രജനിയവനികം
പ്രോജ്ജ്വലൽ ഭാനുദീപം
ശശ്വൽ സന്തുഷ്ടസൽപ്രേക്ഷകമഖിലജഗൽ–
ഭ്രാന്തിനാട്യം വിതത്യ
കർമ്മൗഘോച്ചണ്ഡമാർദ്ദംഗികലയവശഗാൻ
വാസനാഗാനസക്താൻ
ജീവചരാത്രാൻ മുകുന്ദഃ സ്വയമഭിരമതേ
ക്രീഡയൻ സോസ്തു ഭൂത്യൈ

(ഒരു കഥകളിരംഗമത്രെ ഈ ലോകം. നിശ ഇതിൻെറ യവനികയും, പ്രഭാമയനായ പ്രഭാകരൻ വിളക്കും, സന്തുഷ്ടമാന സന്മാരായ മഹത്തുക്കാം—നക്ഷത്രങ്ങടം—കാഴ്ചക്കാരും സർവ്വലോകഭ്രമം നാട്യവുമാകുന്നു. വിശ്വനിയാമകനായ ദേവൻ ഈവിധമൊരു രംഗത്തെ സൃഷ്ടിച്ച്, അതിൽ ജീവജാലങ്ങളായ സന്താനങ്ങളെ ഇറക്കി, കർമ്മബദ്ധയായ മൃദംഗത്തിനും വാസനയാകുന്ന ഗാനത്തിനും യോജിക്കുംവിധം ചൊല്ലിയാടിച്ച് വിനോദിക്കുന്നു. ഈവണ്ണംചെയ്യുന്ന മുക്തിദാനൈകനിധിയായ ഭഗവാൻ മംഗളമരുളട്ടെ)

മേൽവിവരിച്ചത് കഥകളിയേപ്പററി ഭട്ടതിരി പറഞ്ഞതാണ്. ഇനിയും വിഷയം വദ്ധിപ്പിക്കുന്നില്ല. ഭട്ടപാദരുടെ അപദാനങ്ങളെ ഇനിയും വർണ്ണിക്കുവാൻ തുടങ്ങിയാൽ ഈ ചരിത്രം അത്യധികം ദീർഘിക്കുമെന്നുള്ളതുകൊണ്ടും സ്ഥലച്ചുരുക്കംകൊണ്ടും ആ മഹൽപുരുഷനേയും ഭക്തദാസനായ ഗുരുവായൂരപ്പനേയും സ്മരിച്ചുകൊണ്ടും മംഗളം നേർന്നുകൊണ്ടും ഈ ഉപന്യാസം ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു്, വ്യാഖ്യാതാ.

—ശുഭം ഭവതു—

★

### ശ്രീനാരായണഭട്ടകൃതം

# നാരായണീയം

## പ്രഥമസ്കന്ധം

✱

### ഒന്നാം ദശകം

ഭഗവന്മഹിമാനുവര്‍ണ്ണനം.

ഓം ശ്രീകൃഷ്ണായ പരബ്രഹ്മണേ നമഃ

1 സാന്ദ്രാനന്ദാവബോധാത്മകമനുപമിതം
കാലദേശാവധിഭ്യാം
നിര്‍മ്മുക്തം നിത്യമുക്തം നിഗമശതസഹ-
സ്രേണ നിര്‍ഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരുപുരുഷാ-
ര്‍ത്ഥാത്മകം ബ്രഹ്മതത്ത്വം
തത്താവദ്ഭാതി സാക്ഷാദ് ഗുരുപവനപുരേ
ഹന്ത ഭാഗ്യം ജനാനാം.

സാരം:—പരിപൂര്‍ണ്ണമായി നിറഞ്ഞു് ഒരു പഴുതുമില്ലാതെ—അവിച്ഛിന്നമായി ആനന്ദാനുഭവമാകുന്ന സ്വരൂപത്തോടുകൂടി, ഇന്നവിധമെന്നു തുല്യതപ്പെടുത്തുവാന്‍ സാദ്ധ്യമാകാതെ, കാലദേശാവധികളില്‍നിന്നു വേര്‍പെട്ടു്, മായാബന്ധിതങ്ങളായ സുഖദുഃഖങ്ങള്‍ക്കു ബന്ധമില്ലാതെ, അ

നേകം ഉപനിഷദ്വാക്യങ്ങളാൽ വ്യക്തമായി പ്രതിപാദിക്കപ്പെട്ടതും, പരിശുദ്ധസത്വഗുണനികളല്ലാത്തവരിൽ പ്രകാശിക്കാത്തതും, ശുദ്ധസത്വഗുണനിധികൾക്കു സ്വാനുഭവപ്പെടുന്ന പരമപുരുഷാൎത്ഥസ്വരൂപവുമായ ബ്രഹ്മം യാതൊന്നോ, അതുതന്നെ ഗുരുവായുപുരക്ഷേത്രത്തിൽ പ്രത്യക്ഷമായി പ്രശോഭിക്കുന്നതു്! ഹാ, പുണ്യപുരുഷന്മാരായ മനുഷ്യരുടെ മഹാഭാഗ്യംതന്നെ.

(ഗീതാദിജ്ഞാനസാധനങ്ങളെ ഉപദേശിക്കുന്നതുകൊണ്ടു് ത്രൈലോക്യങ്ങൾക്കും ഗുരുവായപരമാത്മാവാണു് ഗുരുവായുപുരേശൻ. "പവനഃപവതാമസ്മി" എന്നിങ്ങിനെ പാവനമായിട്ടുള്ളതും പരമാത്മാവുതന്നെ. ആ വിധമുള്ള പരമാത്മാവിൻെറ പുരം-ശരീരം-പരമാത്മാ ജീവാത്മസ്വരൂപേണ ശരീരാന്തർഭാഗത്തിലിരിക്കുന്നു. സാന്ദ്രാനന്ദാവബോധാത്മകത്വാദിവിശേഷണവിശിഷ്ടമായിരിക്കുന്ന ബ്രഹ്മം യാതൊന്നോ അതുതന്നെ ജീവാത്മസ്വരൂപേണ പ്രാണികളുടെ ഹൃദയപുണ്ഡരീകത്തിലിരിക്കുന്നു എന്നറിയുന്നതിനേക്കാൾ പരമായി മറെറാരുഭാഗ്യം സിദ്ധിപ്പാനില്ല. ഇങ്ങിനെ വേദാന്തവാക്യാൎത്ഥഭൂതമായി സാന്ദ്രാനന്ദാനുഭവസ്വരൂപത്വാദിവിശേഷണവിശിഷ്ടമായ ബ്രഹ്മത്തെ കവി, താൻ പ്രത്യക്ഷമായി കണ്ടതിനെ മററു ജനങ്ങളേയും ഉൽബോധിപ്പിക്കുകയാണു് മേൽശ്ലോകംകൊണ്ടു ചെയ്തിരിക്കുന്നതെന്നുമാത്രം വിസ്താരഭയത്താൽ പറഞ്ഞുനിൎത്തട്ടെ.)

2 ഏവം ദുർല്ലഭ്യവസ്തുന്യപി സുലഭതയാ
ഹസ്തലബ്ധേ യദന്യൽ-
തന്വാ വാചാ ധിയാ വാ ഭജതി ബത! ജനഃ
ക്ഷുദ്രതൈവ സ്ഫുടേയം

ഏവം താവദ്വചോഭിഃ സ്ഥിരതരമനസാ
വിശ്വപീഡാപഹത്യൈ
നിശ്ശേഷാത്മാനമേനം ഗുരുപവനപുരാ-
ധീശമേവാശ്രയാമഃ

സാരം:—ഇപ്രകാരം വളരെ പ്രയാസപ്പെട്ടു സിദ്ധിക്കേണ്ടുന്ന വസ്തു—ബ്രഹ്മം—പോലും സുലഭമായിട്ടു സ്വാധീനതയിൽ കിട്ടീട്ടും ജനങ്ങൾ അന്യദേവതമാരെ, അല്ലെങ്കിൽ മററു വിഷയോപഭോഗങ്ങളെ മനോവാക്കായങ്ങളെക്കൊണ്ടു ഭജിക്കുകയും ഭുജിക്കുകയും ചെയ്യുന്നു എന്നതു് കഷ്ടംതന്നെ—ഇതു പ്രത്യക്ഷമായ അവിവേകംതന്നെയാണു്—എന്നാൽ ഞാനാകട്ടെ, സർവ്വദുഃഖനിവൃത്തിക്കായി നല്ലപോലെ മനസ്സുറപ്പിച്ചു് സകലലോകങ്ങളിലും അന്തര്യാമിയായുള്ള അല്ലെങ്കിൽ ബ്രഹ്മാവിഷ്ണുശിവൻ എന്നിങ്ങനെയുള്ള രൂപഭേദങ്ങളെ അവലംബിച്ചിരിക്കുന്ന ഈ ഗുരുവായൂരപ്പനെത്തന്നെ സേവിച്ചാശ്രയിക്കുന്നു.

3 സത്വം യൽ തൽ പരാഭ്യാമപരികലനതോ
നിർമ്മലം, തേന താവൽ
ഭൂതൈർഭൂതേന്ദ്രിയൈസ്തേ വപുരിതി ബഹുശഃ
ശ്രൂയതേ വ്യാസവാക്യം
തൽ സ്വച്ഛത്വാദ്യദച്ഛാദിതപരസുഖചിൽ-
ഗർഭനിർഭാസരൂപം
തസ്മിൻ ധന്യാ രമന്തേ ശ്രുതിമതിമധുരേ
സുഗ്രഹേ വിഗ്രഹേ തേ

സാരം:—രജസ്തമോഗുണങ്ങളുടെ ചേർച്ചയില്ലാതെ പരിശുദ്ധമായി പ്രശോഭിക്കുന്ന സത്വഗുണം യാതൊന്നു് അതിൽ നിന്നുണ്ടായിട്ടുള്ളതായ പഞ്ചേന്ദ്രിയങ്ങളെക്കൊ

ണ്ടും ദശേന്ദ്രിയങ്ങളെക്കൊണ്ടും സ്വേച്ഛയാ നിമ്മിച്ചിട്ടുള്ള താണ് അങ്ങയുടെ ലീലാശരീരം എന്നിങ്ങിനെ വ്യാസമഹർഷി പുരാണങ്ങൾ പലതിലും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. കണ്ണാടിപോൽ നിമ്മലമാകയാൽ പ്രതിബിംബരൂപേണ പ്രകാശിച്ചിട്ടുള്ള ചിദാനന്ദരസം അന്തർഭാഗത്തിലുള്ളതും, പ്രകാശസ്വരൂപവും വ്യാസനാൽ വണ്ണിക്കപ്പെട്ടിട്ടുള്ളതും ആയ ആ ലീലാശരീരം യാതൊന്ന്, കേൾക്കുക, സ്മരിക്കുക, മുതലായതുകൾ ചെയ്യുമ്പോൾ, ശ്രവണേന്ദ്രിയം അന്തഃകരണം മുതലായവയ്ക്ക് അതിസുഖത്തെ ചെയ്യുന്നതും സുഖമായി ഗ്രഹിപ്പാൻ കഴിയുന്നതും ക്ഷണത്തിൽ അവയ്ക്കു പരമാനന്ദത്തെക്കൊടുക്കുന്നതും ആയ അങ്ങയുടെ ലീലാശരീരത്തിൽ ഭാഗ്യവാന്മാർ രമിക്കുന്നു - പ്രേമലക്ഷണയായ ഭക്തിയിൽ മുഴുകുന്നു.

4 നിഷ്കമ്പേ നിത്യപൂർണ്ണേ നിരവധിപരമാ-
നന്ദപീയൂഷരൂപേ
നിർല്ലീനാനേകമുക്താവലിസുഭഗതമേ
നിമ്മലബ്രഹ്മസിന്ധൌ
കല്ലോലോല്ലാസതുല്യം ഖലു വിമലതരം
സത്വമാഹുസ്തദാത്മാ
കസ്മാന്നോ നിഷ്കളസ്ത്വം സകല ഇതി വച-
സ്ത്വൽകലാസ്വേവ ഭൂമൻ

സാരം — ഇളക്കമില്ലാത്തേയും ഒരിക്കലും യാതൊരു ഭാവഭേദവുമില്ലാതെ ഒന്നായിട്ടുള്ളതും ദേശകാലാദികളെക്കൊണ്ടുപരിച്ഛേദിക്കാൻ സാധിക്കാത്തതും പരമാനന്ദാമൃതമാകുന്ന ജലത്തോടുകൂടിയും, ഉള്ളിലടങ്ങീട്ടുള്ള അനേകം ഭക്തന്മാരുടെ സമൂഹത്തോടുകൂടിയതായ മനോഹര രൂപ

ത്തോടുകൂടിയും നിർമ്മലമായ ബ്രഹ്മമാകുന്ന സമുദ്രത്തിൽ ഏറ്റവുംകളങ്കമില്ലാത്ത — ശുദ്ധസത്വഗുണം — തിരമാലയുടെ ലീലയോടുതുല്യമായി പ്രശോഭിക്കുന്ന ശുദ്ധ സത്വമൂർത്തിയായ അങ്ങ് എന്തുകൊണ്ട് നിഷ്കളനായിഭവിക്കുന്നില്ല! അല്ലയോ പരിപൂർണ്ണസ്വരൂപ! സകളൻ എന്ന പ്രസിദ്ധി അങ്ങയുടെ അംശാവതാരത്തിനു മാത്രമാണ്.

5 നിർവ്യാപാരോപി നിഷ്കാരണമജ! ഭജസേ
യൽ ക്രിയാമീക്ഷണാഖ്യാം
തേനൈവോദേതി ലീനാ പ്രകൃതിരസതി
കല്പാപി; കല്പാദികാലേ
തസ്യാഃ സംശുദ്ധമംശം കമപി തമതിരോ-
ധായകം സത്വരൂപം
സ ത്വം ധൃത്വാ ദധാസി സ്വമഹിമവിഭവാ-
കുണ്ഠ!വൈകുണ്ഠരൂപം.

സാരം:— അല്ലയോ ജനനമില്ലാത്ത ഭഗവാനെ! അങ്ങ് യാതൊരുവ്യാപാരവുംകൂടാതിരിക്കുന്നവനാണെങ്കിലും കല്പാരംഭത്തിൽ പ്രത്യേകകാരണമൊന്നും കൂടാതെതന്നെ, ഈക്ഷണം എന്നുപേരായ മായാപ്രേരണാക്രിയയെ ഏതൊന്ന് ആശ്രയിക്കുന്നു, അതുകാരണം ഇല്ലാത്തതുപോലെ തോന്നിക്കൊണ്ടിരിക്കുന്നതാണെങ്കിലും, വാസ്തവത്തിൽ അങ്ങയിൽ ലയിച്ചുകിടക്കുന്നതായ സ്വന്തം വ്യാപാരത്തിൽ പ്രവൎത്തിക്കുന്നു. യോഗൈശ്വര്യശക്തിനിമിത്തം ഒരുഭിക്കിലും തടസ്ഥമില്ലാത്ത ചിച്ഛക്തിയോടുകൂടിയ വൈകുണ്ഠമൂർത്തേ! മായാപ്രേരകനായി ഒന്നിനേയും മറയ്ക്കാത്തതും പരിശുദ്ധവും സത്വഗുണസ്വരൂപവും ആയ

അങ്ങ് മായയുടെ അംശത്തെ ഉദ്ധരിച്ചിട്ട്—തന്നിഷ്ടപ്രകാരം സ്വീകരിച്ചിട്ട്—ആ സത്വാംശംകൊണ്ട് ലീലാവിഗ്രഹത്തെ ധരിക്കുന്നു.

6 തത്തേ പ്രത്യഗ്രധാരാധരലളിതകളാ-
യാവലീകേളികാരം
ലാവണ്യസ്യൈകസാരം, സുകൃതിജനദൃശാം
പൂർണ്ണപുണ്യാവതാരം
ലക്ഷ്മീനിശ്ശങ്കലീലാനിലയനമമൃത-
സ്യന്ദസന്ദോഹമന്തഃ
സിഞ്ചൽ സഞ്ചിന്തകാനാം വപുരനുകലയേ
മാരുതാഗാരനാഥ

സാരം:— അല്ലയോ ഗുരുവായൂരപ്പ! പുതിയ കാർമേഘംപോലെ ലളിതവും പുതിയകായാംപൂവിൻെറ ഭംഗിയോടുകൂടിയും സൌന്ദര്യത്തിൻെറസാരാംശവും പുണ്യവാന്മാരുടെ കണ്ണുകളുടെ പുണ്യമെല്ലാംകൂടി ഒന്നായിപ്രത്യക്ഷപ്പെട്ടതും ലക്ഷ്മീഭഗവതിക്കു ശങ്കാഹീനം കളിപ്പാനുള്ള മണ്ഡപവു, തന്നെ വഴിപോലെ—ഭക്തിയോടെ ധ്യാനിക്കുന്നവരുടെ ഹൃദയത്തിൽ ബ്രഹ്മാനന്ദാമൃതരസസമൂഹത്തെ വർഷിക്കുന്നതും ശുദ്ധസത്വമയവുമായ അങ്ങയുടെ ലീലാശരീരത്തെ ഞാൻ ധ്യാനിക്കുന്നു.

7 കഷ്ടാ തേ സൃഷ്ടിചേഷ്ടാ ബഹുതരഭവഖേ-
ദാവഹാ ജീവഭാജാ-
മിത്യേവം! പൂർവ്വമാലോചിതമജിത!മയാ
നൈവമദ്യാഭിജാനേ;

നോ ചേൽ ജീവാഃ കഥം വാ മധുരതരമിദം
ത്വദ്വപുശ്ചിദ്രസാർദ്രം
നേത്രൈഃ ശ്രോത്രൈശ്ച പീത്വാ പരമരസസുധാം-
ഭോധിപൂരേ രമേരൻ?

സാരം:— ഹേ മായാസംബന്ധമില്ലാത്ത പരംപുരുഷ! സൃഷ്ടി എന്ന അങ്ങയുടെ പ്രവൃത്തി ജീവികൾക്കു നാനാവിധ സംസാരസങ്കടത്തെ ഉണ്ടാക്കിത്തീൎക്കുന്നതാകയാൽ അതു വളരെ കഷ്ടമാണെന്നു ഞാൻ വിചാരിച്ചിരുന്നു. ഇപ്പോൾ ഞാനങ്ങിനെ വിചാരിക്കുന്നില്ല. അങ്ങു സൃഷ്ടികൎമ്മത്തെ ചെയ്യാതിരുന്നില്ലെങ്കിൽ ഈ ജീവികൾ ചിദാനന്ദാമൃതരസംകൊണ്ടു ആർദ്രമായിരിക്കുന്ന- വ്യാപിച്ചിരിക്കുന്ന- അതിമനോഹരമായ അങ്ങയുടെ ഈ തിരുമേനിയെ കണ്ണുകൊണ്ടു കണ്ടും ചെവികൊണ്ട് ഭഗവൽ കഥകളെകേട്ടും പരമാനന്ദാമൃത സമുദ്രത്തിൽ എങ്ങിനെ രമിക്കും? ഒരിക്കലും സാധിക്കയില്ലായിരുന്നു.

8 നമ്രാണാം സന്നിധത്തേ സതതമപി പുര-
സ്തൈരനഭ്യൎത്ഥിതാന-
പ്യൎത്ഥാൻ കാമാനജസ്രം വിതരതി പരമാ-
നന്ദ സാന്ദ്രാം ഗതിഞ്ച
ഇത്ഥം നിശ്ശേഷലഭ്യോ നിരവധികഫലഃ
പാരിജാതോ ഹരേ! ത്വം;
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതി
വ്യൎത്ഥമൎത്ഥിവ്രജോഽയം

സാരം:— കേവലം നമസ്കരിക്കുക മാത്രം ചെയ്യുന്നവരുടെ മുമ്പിൽക്കൂടി എപ്പോഴും പ്രത്യക്ഷമാവുകയും അവർ അപേക്ഷിക്കാതെതന്നെ അഭീഷ്ടപുരുഷാൎത്ഥങ്ങളെ എല്ലാ

സമയവും ദാനംചെയ്യുകയും ചെയ്യുന്നു. അതുതന്നെയല്ല, പരമാനന്ദരൂപമായ മോക്ഷത്തേയും ദാനംചെയ്യുന്നു. ഹേ സംസാരദുഃഖഹരണശീല! ഇന്നവിധമെന്നു കണക്കാക്കുവാൻ സാധിക്കാത്തഫലത്തെ— മോക്ഷത്തെ— കൊടുക്കുന്ന അങ്ങ് സകലജീവികാംക്കും സാക്ഷാൽ കല്പവൃക്ഷംതന്നെയാണ്. ഈ യാചകന്മാർ— സകാമന്മാർ— എത്രയോ നിസ്സാരമായ ദേവന്മാരുടെ പൂങ്കാവിലുള്ള ഒരു വൃക്ഷത്തെ —കല്പകവൃക്ഷത്തെ—വെറുതേ ആഗ്രഹിക്കുന്നു.

9 കാരുണ്യാൽ കാമമന്യം ദദതി ഖലു പരേ
സ്വാത്മദസ്ത്വം വിശേഷാ-
ദൈശ്വര്യാദീശതേന്യേ ജഗതി പരജനേ;
സ്വാത്മനോപീശ്വരസ്ത്വം;
ത്വയ്യുച്ചൈരാരമന്തി പ്രതിപദമധുരേ
ചേതനാഃ സ്ഫീതഭാഗ്യാ-
സ്ത്വഞ്ചാത്മാരാമ ഏവേത്യഖിലഗുണഗണാ—
ധാര! ശൌരേ! നമസ്തേ

സാരം:— അന്യദേവന്മാർ—ശിവൻ ബ്രഹ്മാ മുതലായവർ—ഭക്തവാത്സല്യംഹേതുവായിട്ട്, മോക്ഷം ഒഴിച്ച് ബാക്കി അഭീഷ്ടങ്ങളെ മാത്രം ദാനംചെയ്യുന്നു. എന്നാൽ അങ്ങ് അവരെയെല്ലാംകവിഞ്ഞു—വിശിഷ്ടമായ കാരുണ്യംകൊണ്ടു—ഭക്തന്മാക്കുതന്നെത്തന്നെ- സായൂജ്യമുക്തിയെ -കൊടുക്കുന്നു. മററു ദേവന്മാക്കു അണിമാദ്യൈശ്വര്യമുണ്ടാകയാൽ ഈപ്രപഞ്ചത്തിൽ തങ്ങളെകഴിച്ച് മററുള്ളവരെ സംബന്ധിച്ചുമാത്രമേ നിഗ്രഹാനുഗ്രഹശക്തിയുള്ളൂ. അവരുടെ നിയന്താവായിട്ടു മറെറാരാാം- അങ്ങ്- ഉള്ളതുകൊണ്ടു് അവർ തങ്ങാംക്കീശന്മാരാകുന്നില്ല. അവർ

പരതന്ത്രന്മാരാകയാലാണ് — അങ്ങാകട്ടെ, തൻെറ ആത്മാവിന്നുകൂടി ഈശ്വരനാണ് — അതായത്, തന്നെത്തന്നെ ജീവാത്മാവിൻെറ സ്വരൂപത്തിൽ സംസാരത്തിൽ പ്രവേശിപ്പിക്കുന്നതിനും അതേസമയംതന്നെ ആത്മാനന്ദത്തെ അനുഭവിപ്പിക്കുന്നതിനും ശക്തനാകുന്നു. ഭാഗ്യശാലികളായ ജീവാത്മാക്കൾ അതിമനോഹരമായ നിന്തിരുവടിയിൽ അതിയായാനന്ദിക്കുന്നു. എന്നാൽ അങ്ങ്, തന്നിൽതന്നെ രമിക്കുന്നവനാകുന്നു. ഇപ്രകാരം ലോകോത്തരങ്ങളായ ഗുണങ്ങൾക്കിരിപ്പിടമായ ഹേ ശ്രീകൃഷ്ണഭഗവാനേ! അങ്ങയ്ക്കു നമസ്കാരം!!

10 ഐശ്വര്യം ശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജസ്സംഹാരി വീര്യംവിമലമപി യശോ-
നിസ്പൃഹൈശ്ചോപഗീതം
അംഗാസംഗാ സദാശ്രീ,രഖിലവിദസി ന-
ക്വാപി തേ സംഗവാർത്താ
തദ്വാതാഗാരവാസിൻ മുരഹര!ഭഗവ-
ച്ഛബ്ദമുഖ്യാശ്രയോസി.

സാരം:—അങ്ങയുടെ പ്രഭാവം—ഐശ്വര്യം—രുദ്രൻ മുതലായ ഈശ്വരന്മാരെ അവരുടെ അധികാരങ്ങളിൽ പ്രവർത്തിപ്പിക്കുന്നതാകുന്നു. അങ്ങയുടെ വീര്യം, അന്യന്മാരുടെ വീര്യം ഹരിക്കുന്നവരായ ബ്രഹ്മാദികളുടെ തേജസ്സിനെക്കൂടെ സംഹരിക്കുന്നതും, വിമലമാകുന്ന യശസ്സാകട്ടെ വിരക്തന്മാരായ യോഗികളാൽ വർണ്ണിക്കപ്പെടുന്നതും ശ്രീഭഗവതി എപ്പോഴും അങ്ങയുടെ വക്ഷോജത്തെ ആശ്രയിച്ചിരിക്കുന്നതും ആയ അങ്ങ് സർവ്വജ്ഞനുമാകുന്നു. ഒരേട

ത്തും സംഗമുണ്ടെന്നു സംശയിക്കേണ്ടതില്ല; നിസ്സംഗൻ തന്നെ. അത്ഭുകാരണം, ഗുരുവായൂർ ക്ഷേത്രത്തിൽ സാന്നിദ്ധ്യം ചെയ്തിരിക്കുന്ന ഭഗവാനെ! അങ്ങ് ഭഗവാൻ എന്ന ശബ്ദത്തിന്റെ പ്രധാനമായ വാച്യാത്ഥമാകുന്നു. എന്നാൽ സമ്പൂണ്ണമായ ഐശ്വര്യം, വീര്യം, കീത്തി, ശ്രീ, ജ്ഞാനം, വൈരാഗ്യം ഈ ആറിന്നും ഭഗം എന്നു പേരുണ്ട്. ഇവിടെ സമഗ്രശബ്ദം ഐശ്വര്യാദി ആറിനോടും ചേത്തുപറയുന്നതായാൽ ഐശ്വര്യം മുതലായ ആറും പരിപൂണ്ണമായിട്ടുണ്ടെങ്കിൽ മാത്രമെ അവയ്ക്കു ഭഗം എന്ന സംജ്ഞയുള്ളു എന്നുകൂടെ സിദ്ധമായിരിക്കുന്നു. ഭഗങ്ങളോടുകൂടിയവനാകുന്ന ഭഗവാൻ. എന്നാൽ ഭഗങ്ങളിൽ ഏതെങ്കിലും ചിലതുള്ളവരേയും, ഉള്ളതുതന്നെ പരിപൂണ്ണമായിട്ടില്ലാത്തവരേയും ഭഗവാൻ എന്നു പറഞ്ഞുവരാറുണ്ട്. എങ്കിലും അവരിൽ ഭഗവച്ഛബ്ദത്തിന്റെ മുഖ്യാശ്രയത്വമില്ല. ലാക്ഷണികമായിട്ടേയുള്ളു. അങ്ങയ്ക്കു ഐശ്വര്യാദികളാറും പരിപൂണ്ണമായിട്ടുള്ളതുകൊണ്ട് അങ്ങാണ് ഭഗവാൻ എന്ന ശബ്ദത്തിന്റെ ശരിയായ വാച്യാത്ഥം.

## രണ്ടാം ദശകം

### ഭഗവദ്രൂപവണ്ണനം

1 സൂര്യസ്പദ്ധികിരീട,മൂദ്ധ്വതിലക-
പ്രോത്ഭാസിഫാലാന്തരം,
കാരുണ്യാകുലനേത്ര, മാർദ്രഹസിതോ-
ല്ലാസം, സുനാസാപുടം

ഗണ്ഡാഭോന്മകരാഭകുണ്ഡലയുഗം
കണ്ഠോജ്ജ്വലൽകൌസ്തുഭം
ത്വദ്രൂപം വനമാല്യഹാരപടല—
ശ്രീവത്സദീപ്രം ഭജേ

സാരം:—അനേകം സൂൎയ്യന്മാർ ഒന്നിച്ചുദിച്ചാലുണ്ടാകുന്ന തേജസ്സുപോലെ പ്രശോഭിക്കുന്ന കിരീടത്തോടും മേല്പോട്ടു തൊട്ട ഗോപിക്കൊണ്ടു പ്രത്യേകശോഭയുള്ള നെററിത്തടത്തോടും, കൃപാപരങ്ങളായ—ഭക്തന്മാരിലുള്ള കാരുണ്യരസം തുളുമ്പുന്ന നേത്രയുഗ്മങ്ങളോടും, കാണുന്നവരുടെ മനസ്സിനെ അപഹരിക്കുന്ന പുഞ്ചിരിയോടും, ഭംഗിയുള്ളഎൾപ്പൂവിന്റെ ആകൃതിയുള്ളനാസികയോടും, കവിൾത്തടങ്ങളിൽ പ്രതിബിംബിക്കുന്നതും മകരമത്സ്യാകൃതിയിലുള്ളതുമായ രണ്ടുകുണ്ഡലങ്ങളോടും കണ്ഠപ്രദേശത്തുശോഭിക്കുന്നതും തിരുമാറിനെ അലങ്കരിക്കുന്നതും ആയ കൌസ്തുഭമണിയോടും, അനേകം വനമാലകളെക്കൊണ്ടും മുത്തുമാലകളെക്കൊണ്ടും, ശ്രീവത്സം എന്ന രോമച്ചുഴികൊണ്ടുംശോഭിക്കുന്നതായ അങ്ങയുടെമോഹനരൂപത്തെഞാൻ ഭജിക്കുന്നു

2 കേയൂരാംഗദകങ്കണോത്തമമഹാ—
രത്നാംഗുലീയാംകിത-
ശ്രീമദ്ബാഹുചതുഷ്കസംഗതഗദാ-
ശംഖാരിപങ്കേരുഹാം
കാഞ്ചിൽ കാഞ്ചനകാഞ്ചിലാഞ്ഛിതലസൽ—
പീതാംബരാലംബിനീ-,
മാലംബേ വിമലാംബുജദ്യുതിപദാം
മൂൎത്തിം തവാൎത്തിച്ഛിദം.

സാരം:-തോൾവളകൾ, കൈക്കെട്ടകൾ, കൈവള കൾ, വിശേഷപ്പെട്ട രത്നംപതിച്ചമോതിരങ്ങൾ ഇവയാ ലലംകൃതമായ ശോഭയേറിയ നാലു തൃക്കൈകളിൽ ചേൎന്നു നില്ക്കുന്ന ഗദ, ശംഖം, ചക്രം, പത്മം-കളിത്താമരപ്പൂവ്- ഇവയോടുകൂടിയും, പൊന്നരഞ്ഞാൺകൊണ്ടുടയാളപ്പെ ട്ടതും സ്വതവേ ഭംഗിയുള്ളതുമായ മഞ്ഞപ്പട്ടുടയാടയാൽ ശോഭായമാനമായും, മനോഹരമായ ചെന്താമരപ്പൂവിൻെറ ശോഭയോടു തുല്യമായ തേജസ്സോടുകൂടിയ തൃക്കാലടി കളോടുകൂടിയതും ഭക്തന്മാരുടെ സകലവിധ ദുഃഖങ്ങളേ യും ഉന്മൂലനം ചെയ്യുന്നതും ഇന്നവിധമെന്നു് ആരാലും പ റഞ്ഞറിയിപ്പാൻ സാധിക്കാത്തതും ആയ അങ്ങയുടെ ദിവ്യ ശരീരത്തെ ഞാൻ സൎവ്വാത്മനാ ആശ്രയിക്കുന്നു-ഉപാസി ക്കുന്നു

3 യത് ത്രൈലോക്യമഹീയസോപി മഹിതം
സമ്മോഹനം മോഹനാൽ
കാന്തം കാന്തിനിധാനതോപി മധുരം
മാധുൎയ്യധുൎയ്യാദപി
സൌന്ദൎയ്യോത്തരതോപി സുന്ദരതരം
ത്വദ്രൂപമാശ്ചൎയ്യതോ-
പ്യാശ്ചൎയ്യം ഭുവനേ ന കസ്യ കുതുകം
പുഷ്ണാതി വിഷ്ണോ! വിഭോ!

സാരം:-ഹേ വിഭുവായ വിഷ്ണുഭഗവാനേ! യാതൊന്നു് ത്രൈലോക്യത്തിൽ ഉൽകൃഷ്ടമായിരിക്കുന്നതിനേക്കാൾ അ ത്യൽകൃഷ്ടവും, മോഹനമായിട്ടുള്ളതിനേക്കാൾ അതിമോ ഹനവും, ശോഭയ്ക്കിരിപ്പിടമായിട്ടുള്ളതിനേക്കാൾ അതി ശോഭനവും, സൌന്ദൎയ്യമുള്ളതിൽവെച്ചു് ശ്രേഷ്ഠമായുള്ളതി നേക്കാൾ അതിസുന്ദരവും, ആശ്ചൎയ്യവസ്തുവിനേക്കാൾ അ

ത്യാശ്ചര്യ്യവുമായിരിക്കുന്നു. അങ്ങയുടെ ഈ ദിവ്യരൂപം ലോകത്തിൽ ആൎക്കാണ് കൌതുകത്തെ വളൎത്താതിരിക്കുക.!

4 തത്താദൃങ്മധുരാത്മകം തവ വപുഃ
സംപ്രാപ്യ സംപന്മയീ
സാ ദേവീ പരമോത്സുകാ ചിരതരം
നാസ്തേ സ്വഭക്തേഷ്വപി
തേനാസ്യാ ബത കഷ്ടമച്യുത വിഭോ!
ത്വദ്രൂപമാനോജ്ഞക-
പ്രേമസ്ഥൈര്യ്യമയാദചാപലബലാ-
ച്ചാപല്യവാൎത്താഭൂൽ.

സാരം:— സമ്പൽസ്വരൂപിണിയായ ആ ദേവി— ശ്രീഭഗവതി—ഒന്നിനേയും സദൃശപ്പെടുത്തുവാൻ സാധിക്കാത്തതും ആപാദചൂഡമധുരവുമായിരിക്കുന്ന അങ്ങയുടെ ശരീരത്തെ പ്രാപിച്ചിട്ട— അങ്ങയെ ഭൎത്താവായി ലഭിച്ചതിൻെറ ശേഷം അങ്ങയുടെ തിരുമാറിടത്തിൽ അധിവാസത്തെചെയ്തിട്ട്—അങ്ങയിൽഏററവും അനുരാഗത്തോടുകൂടിയവളായിട്ട്-തന്നിമിത്തം തൻെറ ഭക്തന്മാരിൽപോലും അധികകാലം ഉറച്ചു നില്ക്കുന്നില്ല. അല്ലയോ ഭഗവാനെ! തല്ക്കാരണം അങ്ങയുടെ രൂപലാവണ്യത്തിലുള്ള അനുരാഗാതിശയത്തിൻെറ ഉറപ്പുകൊണ്ടു ശ്രീ ഭഗവതിക്ക് ചപലയെന്ന ഒരപവാദം ഉത്ഭവിയ്ക്കയും ചെയ്തു. കഷ്ടം തന്നെ.

5 ലക്ഷ്മീസ്താവകരാമണീയകഹൃതൈ-
വേയം പരേഷ്വസ്ഥിരേ-
ത്യസ്മിന്നന്യദപി പ്രമാണമധുനാ
വക്ഷ്യാമി ലക്ഷ്മീപതേ!

യേ ത്വദ്ധ്യാനഗുണാനുകീർത്തനരസാ-
സക്താ ഹി ഭക്താ ജനാ-
സ്തേഷ്വേഷാ വസതി സ്ഥിരൈവ ദയിത-
പ്രസ്താവദത്താദരാ.

സാരം:— അല്ലയോ ലക്ഷ്മീകാന്ത! ഈ ലക്ഷ്മീഭഗവതി അങ്ങയുടെ സൌന്ദര്യത്തള്ളിച്ചയിൽ അപഹൃതചിത്തയായതുനിമിത്തം തന്നെയാണ് അന്യന്മാരിൽ—സ്വഭക്തന്മാരിൽപോലും- ഉറച്ചുനില്ക്കാത്തതു് എന്നതിനു ഉദാഹരണമായി ഞാൻ മററൊന്നു പറയാം. അങ്ങയുടെ ചില ഭക്തന്മാർ അങ്ങയെ ധ്യാനിക്കുക, ഗുണഗണങ്ങളെ കീർത്തിക്കുക മുതലായതുകളിൽ ആസക്തന്മാരായിത്തന്നെ ഇരിക്കുന്നെങ്കിൽ ആ ഭക്തരിൽ ഈ ലക്ഷ്മി തൻെറ ഭർത്താവിനെക്കുറിച്ചുള്ള പ്രസംഗങ്ങളിൽ ആദരവോടുകൂടിയവളായിട്ടു് വിട്ടുപിരിയാതെ തന്നെ പാർക്കുകയും ചെയ്യുന്നു.

6 ഏവം ഭൂതമനോജ്ഞതാ നവസുധാ-
നിഷ്യന്ദസന്ദോഹനം
ത്വദ്രൂപം പരചിദ്രസായനമയം
ചേതോഹരം ശൃണ്വതാം
സദ്യഃ പ്രേരയതേ മതിം മദയതേ
രോമാഞ്ചയത്യംഗകം
വ്യാസിഞ്ചത്യപി ശീതബാഷ്പവിസരൈ-
രാനന്ദമൂർച്ഛോത്ഭവൈഃ

സാരം:— ഇപ്രകാരം അഴകാകുന്ന അമൃതത്തെ വർഷിക്കുന്നതും പരബ്രഹ്മമയവും മനോഹരവുമായ അങ്ങയുടെ ദിവ്യരൂപം ത്വൽകഥാശ്രവണംചെയ്യുന്നവരുടെ മനസ്സിനെ അന്യ വിഷയങ്ങളിൽനിന്നു് നിവർത്തിക്കയും ആനന്ദ

വിവശമാക്കിത്തീക്കയും ശരീരംകോാംമയിർക്കൊള്ളിക്കുകയും പരമാനന്ദാതിരേകത്താലുണ്ടാകുന്ന തണുത്ത കണ്ണുനീരൊഴുക്കി ശരീരത്തെ വിശേഷേണ നനയ്ക്കുകയും ചെയ്യുന്നു.

7 ഏവം ഭൂതതയാ ഹി ഭക്ത്യഭിഹിതാ
യോഗഃ സ യോഗദ്വയാൽ
കമ്മജ്ഞാനമയാദ് ഭൃശോത്തമതരോ
യോഗീശ്വരൈർഗ്ഗീയതേ
സൌന്ദര്യൈകരസാത്മകേ ത്വയി ഖലു
പ്രേമപ്രകർഷാത്മികാ
ഭക്തിർന്നിശ്രമമേവ വിശ്വപുരുഷൈ-
ർല്ലഭ്യാ രമാവല്ലഭ!

സാരം:— അല്ലയോ ലക്ഷ്മീകാന്ത! ജ്ഞാനയോഗം കമ്മയോഗം ഇവയേക്കാാം ഭക്തിയോഗം കൂടുതൽ ശ്രേഷ്ഠമാണെന്നു യോഗീശ്വരന്മാർ പറയുന്നതു, അതിനു ഈ ഗുണങ്ങളെല്ലാമുള്ളതുകൊണ്ടാണു്. സൌന്ദര്യസാരസവ്വസ്വമായ നിന്തിരുവടിയുടെനേക്കുള്ള പരമപ്രേമമാകുന്ന ഭക്തി എല്ലാവക്കും പ്രയാസം കൂടാതെ ലഭിക്കുവാൻ കഴിയുന്നതാണല്ലൊ.

8 നിഷ്കാമം നിയതഃ സ്വധമ്മചരണം
യൽ കമ്മയോഗാഭിധം
തദ്ദൂരേത്യ ഫലം, യദൌപനിഷദ-
ജ്ഞാനോപലഭ്യം പുനഃ
തത്ത്വവ്യക്തതയാ സുദുർഗ്ഗമതരം
ചിത്തസ്യ, തസ്മാദ്വിഭോ!
ത്വൽപ്രേമാത്മകഭക്തിരേവ സതതം
സ്വാദീയസീ ശ്രേയസീ



KOTTAYAM PUBLIC LIBRARY KOTTAYAM.

സാരം:—അല്ലയോ വിഭുവായുള്ളോനേ! കർമ്മയോഗ
മെന്നു പറയപ്പെടുന്നതും ഫലേച്ഛകൂടാതെ ചെയ്യപ്പെടുന്ന
തുമായ നിത്യനൈമിത്തികാദി വിഹിതസ്വധർമ്മാനുഷ്ഠാനം
യാതൊന്നോ അതു് കാലാന്തരത്തിൽ മാത്രം ഫലത്തെ
ചെയ്യുന്നതാണ്. പിന്നെ ഉപനിഷത്തുക്കളിൽനിന്നുണ്ടാ
കുന്ന ജ്ഞാനംകൊണ്ടു് ജീവബ്രഹ്മങ്ങളുടെഐക്യം, അനു
ഭവപ്പെടുത്തുക എന്നുള്ള ജ്ഞാനയോഗമാകട്ടെ, ഇന്ദ്രിയ
ങ്ങൾക്കു ഗോചരമില്ലായ്കനിമിത്തം മനസ്സുകൊണ്ടു അത്യ
ന്തം പ്രയത്നംചെയ്താലുംപ്രാപിപ്പാനശക്യമാകുന്നു. അതി
നാൽ എപ്പോഴും അങ്ങയിലുള്ള അതിപ്രേമരൂപമായ ഭ
ക്തിതന്നെയാണു് അത്യന്തം ആസ്വാദനയോഗ്യവും ശ്രേയ
സ്കരവുമായിട്ടുള്ളതു്.

9 അത്യായാസകരാണി കർമ്മപടലാ-
ന്യാചര്യനിര്യന്മലാ
ബോധേ ഭക്തിപഥേഽഥവാപ്യുചിതതാ-
മായാന്തി; കിം താവതാ?
ക്ലിഷ്ട്വാ തർക്കപഥേ പരം തവ വപുർ-
ബ്രഹ്മാഖ്യമന്യേ പുന-
ശ്ചിത്താർദ്രത്വമൃതേ വിചിന്ത്യ ബഹുഭിഃ
സിദ്ധ്യന്തി ജന്മാന്തരൈഃ

സാരം:—അത്യന്തം ക്ലേശകരങ്ങളായ കർമ്മസമൂഹങ്ങ
ളെ അനുഷ്ഠിച്ചിട്ടു് മനോദോഷം നശിച്ചകർമ്മയോഗികൾ
ജ്ഞാനയോഗത്തിലോ ഭക്തിമാർഗ്ഗത്തിലോ അധികാരത്തെ
പ്രാപിക്കുന്നു. അത്രമാത്രംകൊണ്ടെന്തു പ്രയോജനം? മററു
ചിലരാകട്ടെ വേദാന്തശാസ്ത്രത്തിൽ കിടന്നു ക്ലേശിച്ചു മന
സ്സിന്നാർദ്രതകൂടാതെ ബ്രഹ്മമെന്നുപറയപ്പെടുന്ന അങ്ങയു

ടെ നിർഗ്ഗുണസ്വരൂപത്തെ ധ്യാനിച്ച് അനേകജന്മങ്ങളെ കൊണ്ടു മോക്ഷത്തെ പ്രാപിക്കുന്നു.

10 ത്വത്ഭക്തിസ്തു കഥാരസാമൃതഝരീ-
നിമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ, വിമലപ്രബോധപദവീ-
മക്ലേശതസ്തന്വതി
സദ്യസ്സിദ്ധികരീ ജയത്യയി വിഭോ!
സൈവാസ്തു മേ ത്വൽപദ-
പ്രേമപ്രൌഢിരസാർദ്രതാ ദ്രുതതരം
വാതാലയാധീശ്വര!

സാരം:— ഭഗവൽകഥാരസമാകുന്ന അമൃതപ്രവാഹത്തിലുള്ള നിമ്മജ്ജനം—സ്നാനം—കൊണ്ടു് തനിയേ സിദ്ധിക്കുന്നതും യാതൊരു ക്ലേശവുംകൂടാതെ വെളിപ്പെടുത്തിത്തരുന്നതുമായ ഭക്തിയാകട്ടെ ക്ഷണത്തിൽ മോക്ഷസിദ്ധിയേ തരുകയും മററു രണ്ടു മാർഗ്ഗങ്ങളിൽനിന്നു് ഉൽകൃഷ്ടമായി സ്ഥിതിചെയ്യുകയും ചെയ്യുന്നു. അല്ലയോ വിഭുവായ ഗുരുവായൂരപ്പ! അങ്ങയുടെ പാദാരവിന്ദങ്ങളിലുള്ള പ്രേമാതിശയമാകുന്ന രസംകൊണ്ടു ചിത്തം കുളുർക്കുകയാകുന്ന ആ ഭക്തിതന്നെ എനിക്കു വേഗത്തിൽ സാധിക്കണെ!

## മൂന്നാം ദശകം

ഭക്തിസ്വരൂപവർണ്ണനം, ഭക്തിപ്രാർത്ഥന.

1 പഠന്തോ നാമാനി പ്രമദഭരസിന്ധൌ നിപതിതാഃ
സ്മരന്തോ രൂപം തേ വരദ! കഥയന്തോ ഗുണകഥാഃ

ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തേ പരമമൂ-
നഹം ധന്യാൻ മന്യേ സമധിഗതസർവ്വാഭിലഷിതാൻ

സാരം-അല്ലയോ വരദ! അങ്ങയുടെ തിരുനാമങ്ങളെ കീർത്തനം ചെയ്യുന്നവരും അങ്ങയുടെ രൂപത്തെ സ്മരിക്കുന്നവരും, ആനന്ദാതിശയരൂപമായ സമുദ്രത്തിൽ നീന്തിയും അങ്ങയുടെ ഭക്തവാത്സല്യം മുതലായ ഗുണങ്ങളേയും അത്യത്ഭുതങ്ങളായ ചരിതങ്ങളേയും പാടിയും സഞ്ചരിച്ചുകൊണ്ടു നിന്തിരുവടിയിൽതന്നെ രമിക്കുന്നുവോ അവരെ ഞാൻ സർവ്വാഭീഷ്ടങ്ങളേയും പ്രാപിച്ചവരായിട്ട് കേവലം ഭാഗ്യവാന്മാരെന്നുതന്നെ കരുതുന്നു.

2 ഗദക്ലിഷ്ടം കഷ്ടം തവ ചരണസേവാരസഭരേ-
പ്യനാസക്തം ചിത്തം ഭവതി ബത,വിഷ്ണോ!കുരു ദയാം;
ഭവൽപാദാംഭോജസ്മരണരസികോ നാമ നിവഹാ-
നഹം ഗായം ഗായം കുഹചന നിവത്സ്യാമി വിജനേ.

സാരം:— അല്ലയോ വിഷ്ണുഭഗവാനെ ബാഹ്യമായും അഭ്യന്തരമായുമുള്ള വ്യാധികൾനിമിത്തം ദുഃഖിച്ചതും തല്കാരണം കഷ്ടാവസ്ഥയെ പ്രാപിച്ചതുമായ എന്റെ ചിത്തം അങ്ങയുടെ പാദസേവനയാകുന്ന സുഖാതിശയത്തിൽപോലും ഉറപ്പിച്ചുനിർത്തുവാൻ കഴിവില്ലാതായിരിക്കുന്നു. കഷ്ടം! എന്നിൽ ദയ ചെയ്യണെ! ഞാൻ അങ്ങേ പാദപത്മങ്ങളെ സ്മരിക്കുന്നതിനാലുള്ള രസത്തെ അറിയുവാനായിയെങ്കിൽ അങ്ങയുടെ തിരുനാമങ്ങളെ വീണ്ടും വീണ്ടും സംകീർത്തനങ്ങൾ ചെയ്തുകൊണ്ട് ഒരു വിജനപ്രദേശത്ത് വേറിട്ടിരുന്നുകൊള്ളാമായിരുന്നു.

3 കൃപാ തേ ജാതാ ചേൽ കിമിവ ഹി ന ലഭ്യം തനുഭൃതാം?
മദീയക്ലേശൌഘപ്രശമനദശാ നാമ കിയതീ?
ന കേ കേ ലോകേസ്മിന്നനിശമയി ശോകാഭിരഹിതാ
ഭവത്ഭക്താ മുക്താഃ സുഖഗതിമസക്താ വിദധതേ!

സാരം:—അങ്ങയുടെ കൃപയുണ്ടായി എങ്കിൽ ശരീരികൾക്കു എന്താണ് ലഭ്യമല്ലാതുള്ളതു്? എന്റെ ക്ലേശസമൂഹത്തെ കളയുക എന്നുള്ളതു് എത്ര നിസ്സാരം ഹേ സ്വാമിൻ! ഈ ലോകത്തിൽ എത്രയെത്ര ഭഗവൽഭക്തന്മാർ എപ്പോഴും യാതൊരു ക്ലേശവുംകൂടാതെ ജീവന്മുക്തന്മാരായിട്ടും നിസ്സംഗന്മാരായിട്ടും അന്യന്മാരെ അനുഗ്രഹിപ്പാൻ സുഖമായി ലോകത്തിൽ സഞ്ചരിക്കുന്നു.

4 മുനിപ്രൌഢാ രൂഢാ ജഗതി ഖലു ഗൂഢാത്മഗതയോ
ഭവൽപാദാംഭോജസ്മരണവിരുജാ നാരദമുഖാഃ
ചരന്തീശ! സ്വൈരം സതതപരിനിർഭാതപരചിൽ-
സദാനന്ദാദ്വൈതപ്രസരപരിമഗ്നാഃ കിമപരം?

സാരം:—അല്ലയോ ഈശ! ലോകത്തിൽ പ്രസിദ്ധരും എന്നെപ്പോലുള്ള അജ്ഞന്മാർക്കു അറിവാൻ കഴിയാത്ത സ്ഥിതിഗതികളോടുകൂടിയവരും, അങ്ങയുടെ പാദപത്മങ്ങളുടെ ധ്യാനംകൊണ്ടു സകലദുഃഖങ്ങളും ശമിച്ചിട്ടുള്ളവരും ആയ നാരദാദിമുനിശ്രേഷ്ഠന്മാർ എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാനന്ദാമൃതത്തിൽ മുഴുകി ലോകത്തിൽ സ്വൈരമായി സഞ്ചരിക്കുന്നു. അവർക്കിനി സാധിക്കേണ്ടതായിട്ടുള്ളതെന്തു്?

5 ഭവത്ഭക്തിഃസ്ഫീതാ ഭവതു മമ സൈവ പ്രശമയേ-
ദശേഷക്ലേശൌഘം; ന ഖലു ഹൃദി സന്ദേഹകണികാ;

ന ചേദ്വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാ രഥ്യാപുരുഷവചനപ്രായമഖിലം

സാരം:—എനിക്കു അങ്ങയിലുള്ള ഭക്തി വൎദ്ധിച്ചുവരണേ! അതുതന്നെ എന്റെ സകല ക്ലേശങ്ങളേയും നശിപ്പിക്കും എന്നുള്ളതിൽ എനിക്കു അശേഷം സംശയമില്ല അങ്ങിനെയല്ലെങ്കിൽ വ്യാസവചനവും പുരാണങ്ങളും അങ്ങയുടെ വാക്കും—ഗീത മുതലായതും—വേദവാക്യങ്ങളും എല്ലാം നിരൎത്ഥകമാകുമല്ലോ.

6 ഭവത്ഭക്തിസ്താവൽ പ്രമുഖമധുരാ ത്വദ്ഗുണരസാൽ
കിമപ്യാരൂഢാ ചേദഖിലപരിതാപപ്രശമനീ;
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമിള-
ന്മഹാനന്ദാദ്വൈതം ദിശതി; കിമതഃ പ്രാൎത്ഥ്യമപരം?

സാരം:—അങ്ങയിലുള്ള ഭക്തി ആദ്യംമുതല്ക്കുതന്നെ മാധുൎയ്യമുള്ളതും—സുഖസ്വരൂപയും—അങ്ങയുടെ ഗുണകഥകളെ കേൾക്കുമ്പോൾ ശ്രദ്ധാരസം വൎദ്ധിച്ചുവരിക നിമിത്തം, കുറേക്കൂടി വൎദ്ധിച്ചു എങ്കിൽ സകല സന്താപങ്ങളേയും ശമിപ്പിക്കുന്നതുമാണ്; പിന്നെ ഒടുവിലും അത്യന്തനിൎമ്മലമായ ജ്ഞാനത്തിന്റെ ഉദയത്തോടുകൂടി ചേൎന്നിരിക്കുന്ന പരമാനന്ദത്തിന്റെ അഭേദാവസ്ഥയെ—പരമാനന്ദസ്വരൂപതയെ— ദാനംചെയ്യുന്ന — ബ്രഹ്മൈക്യത്തേയും സിദ്ധിക്കുന്നു. ഇതിൽക്കൂടുതൽ എന്തുവേണം?

7 വിധൂയ ക്ലേശാന്മേ കുരു ചരണയുഗ്മം ധൃതരസം
ഭവൽക്ഷേത്രപ്രാപ്തൌ, കരമപി ച തേ പൂജനവിധൌ,
ഭവന്മൂൎത്ത്യാലോകേ നയനം; മഥ തേ പാദതുളസീ-
പരിഘ്രാണേ ഘ്രാണം; ശ്രവണമപി തേ ചാരുചരിതേ

സാരം:—അല്ലയോ ഭക്തവത്സല എന്റെ ക്ലേശങ്ങളെ പരിഹരിച്ചിട്ട് എന്റെ കാലുകളെ അങ്ങയുടെ ക്ഷേത്രങ്ങളിലെത്തി പ്രദക്ഷിണം ചെയ്യുന്നതിനും, കൈകളെ അങ്ങയുടെ പൂജാവിധിയിലും നേത്രങ്ങളെ അങ്ങയുടെ ദിവ്യമംഗളവിഗ്രഹത്തെ ദൎശനം ചെയ്യുന്നതിലും, ഘ്രാണേന്ദ്രിയത്തെ അങ്ങയുടെ പാദങ്ങളിലൎപ്പിച്ചിട്ടുള്ള തുളസിയുടെ സൌരഭ്യത്തെ ഘ്രാണിക്കുന്നതിലും ചെവിയെ-ശ്രവണേന്ദ്രിയത്തെ-അങ്ങയുടെ അത്യന്തമധുരങ്ങളായ കഥകളെ കേൾക്കുന്നതിലും താല്പൎയ്യമുള്ളവയാക്കിച്ചെയ്യണമെ.

8 പ്രഭൂതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി
ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാൽ
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹൎഷാശ്രുനിവഹോ
യഥാ വിസ്മൎയ്യാസം ദൃഢപശമപീഡാപരിഭവാൻ.

സാരം:—അനേകം ആധിവ്യാധികളാൽ അങ്ങയുടെ കഥാമൃതാദികളിൽ ശ്രദ്ധിക്കാൻ ഇടയാകാതെ ബലാല്ക്കാരേണ ലൌകികവിഷയങ്ങളിലേക്കു തിരിക്കപ്പെട്ടിട്ടുള്ള എന്റെ മനസ്സിൽ പരമാനന്ദചൈതന്യമയമായ അങ്ങയുടെ സ്വരൂപം പ്രകാശിക്കേണമെ. ഞാൻ ശരീരം മുഴുവനും കോൾമയിർകൊണ്ടുകൊണ്ടും സന്തോഷാശ്രുപൊഴിച്ചുകൊണ്ടും ശമിപ്പിക്കാൻ പ്രയാസമുള്ള രോഗാദിദുഃഖങ്ങളുടെ ഉപദ്രവത്തെ തീരെ മറക്കേണമെ.

9 മരുദ്ഗേഹാധീശ! ത്വയി ഖലു പരാങ്മുഖോപി സുഖിനോ
ഭവൽസ്നേഹീ സോഹം സുബഹു പരിതപ്യേ ച കിമിദം
അകീൎത്തിസ്തേ മാഭൂദ്വരദ! ഗദഭാരം, പ്രശമയൻ
ഭവദ്ഭക്തോത്തംസം ഝടിതി കുരു മാം കംസദമന!

സാരം:—ഹേ ഗുരുവായൂരപ്പ! അങ്ങയിൽ തീരേ ഭ
ക്തിയില്ലാത്തവർപോലും സുഖികളായിക്കാണപ്പെടുന്നു. അ
ങ്ങയിൽ സുസ്ഥിരഭക്തിയോടുകൂടിയിരിക്കുന്ന ഞാൻ വളരെ
ദുഃഖിക്കയുംചെയ്യുന്നു. ഇതിനെന്തു കാരണം? അല്ലയോ
വരദനായ കംസഹന്താവേ! അങ്ങയുടെ ദുഷ്കീർത്തി പരക്കരു
തു്; എന്റെ വ്യാധികളെ മാററി വേഗത്തിൽ എന്നെ അ
ങ്ങയുടെ ഭക്തന്മാരിലത്യുത്തമനാക്കിത്തീർക്കേണമെ.

10 കിമുക്തൈർഭൂയോഭിസ്തവ ഹി കരുണാ യാവദുദിയാ-
ദഹം താവദ്ദേവ! പ്രഹിതവിവിധാർത്തപ്രലപിതഃ
പുരഃക്ലിപ്തേ പാദേ വരദ! തവ നേഷ്യാമി ദിവസാൻ
യഥാശക്തി വ്യക്തം നതിനുതിനിഷേവാ വിരചയൻ

സാരം:—അല്ലയോ വരദനായ ഭഗവാനെ! ഏറെപ്പ
റയുന്നതെന്തിനു്? അങ്ങയുടെ കാരുണ്യം ഇവനിൽ എ
പ്പോഴും ഉദിക്കുന്നുവോ അതുവരെ ഞാൻ എന്റെ ആർത്ത
പ്രലാപങ്ങളെല്ലാം ഉപേക്ഷിച്ചു് എന്റെ മുമ്പിൽ സങ്ക
ല്പിക്കപ്പെട്ടിട്ടുള്ള ഭഗവൽപാദങ്ങളിൽ ശക്തിക്കനുസരിച്ച
വിധം നമസ്കാരം, സ്തുതി, പൂജാദികളെക്കൊണ്ടു ദിവസങ്ങളെ
കഴിച്ചുകൂട്ടിക്കൊള്ളാം.

പ്രഥമസ്കന്ധം കഴിഞ്ഞു

# ദ്വിതീയസ്കന്ധം

## നാലാം ദശകം

### അഷ്ടാംഗയോഗവൎണ്ണനം, യോഗസിദ്ധിവൎണ്ണനം

1 കല്യതാം മമ കുരുഷ്വ താവതീം
കല്യതേ ഭവദുപാസനം യയാ
സ്പഷ്ടമഷ്ടവിധയോഗചൎയ്യയാ
പുഷ്ടയാശു തവ തുഷ്ടിമാപ്നുയാം.

സാരം:— ഹേ ഭഗവൻ! എത്രയും ശ്രദ്ധാപുരസ്സരം അങ്ങയെ ഉപാസിക്കുവാൻ കഴിയുമോ, അത്രമാത്രം ആരോഗ്യം എനിക്കു തന്നരുളേണമെ! എന്നാൽ നിശ്ചയമായും എട്ടുവിധം യോഗത്തെ ആചരിച്ചിട്ട് വേഗം ഞാൻ അങ്ങയുടെ സന്തോഷത്തെ പ്രാപിച്ചുകൊള്ളാം.

2 ബ്രഹ്മചൎയ്യദൃഢതാദിഭിൎയ്യമൈ-
രാപ്ലവാദിനിയമൈശ്ച പാവിതാഃ
കുൎമ്മഹേ ദൃഢമമീ സുഖാസനം
പങ്കജാദ്യമപി വാ ഭവൽപരാഃ

സാരം:— ബ്രഹ്മചൎയ്യത്തിന്റെ ദാർഢ്യം മുതലായ നിയമങ്ങളെക്കൊണ്ടും സ്നാനം മുതലായ നിയമങ്ങളെക്കൊണ്ടും പരിശുദ്ധിയെ പ്രാപിച്ച് അങ്ങയെത്തന്നെ പ്രധാനമാക്കി വെച്ചുകൊണ്ടിരിക്കുന്ന ഈ ഞാൻ പത്മാസനം മുതലായ ഏതെങ്കിലും ഒരു സുഖാസനത്തെ ദൃഢമായി ശീലിച്ചുകൊള്ളാം

3 താരമന്തരനുചിന്ത്യ സന്തതം
പ്രാണവായുമഭിയമ്യ നിർമ്മലാഃ
ഇന്ദ്രിയാണി വിഷയാദഥാപഹൃ-
ത്യാഃസ്മഹേ ഭവദുപാസനോന്മുഖാഃ

സാരംഃ— പ്രണവത്തെ അന്തർഭാഗത്തിൽ വിടാതെ ധ്യാനിക്കയും പ്രാണവായുവിനെ ഉള്ളിൽ അടക്കകയും, രാഗദ്വേഷാദി മനോമാലിന്യങ്ങളെ വേർപെടുത്തി, ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽനിന്നു പിന്തിരിച്ച് അങ്ങയുടെ ഉപാസനയിൽതന്നെ ശ്രദ്ധാപുരസ്സരം ഇരുന്നുകൊള്ളാം.

4 അസ്ഫുടേ വപുഷി തേ പ്രയത്നതോ
ധാരയേമ ധിഷണാം മുഹുർമ്മുഹുഃ;
തേന ഭക്തിരസമന്തരാർദ്രതാ-
മുദ്വഹേമ ഭവദംഘ്രിചിന്തകാഃ

സാരം:— ആദ്യം അസ്പഷ്ടമായ അങ്ങയുടെ ലീലാവിഗ്രഹത്തിൽ വീണ്ടും വീണ്ടും ഞാൻ പ്രയത്നപ്പെട്ടു ബുദ്ധിയെ നിറുത്തിക്കൊള്ളാം; അങ്ങയുടെ പാദാരവിന്ദങ്ങളെത്തന്നെ സ്മരിച്ച് ഭക്തിയായുള്ള പരമാനന്ദത്തെയും മനഃശുദ്ധിയേയും അതുകൊണ്ടു് പ്രാപിച്ചുകൊള്ളാം.

5 വിസ്ഫുടാവയവഭേദസുന്ദരം
ത്വദ്വപുസ്സുചിരശീലനാവശാൽ
അശ്രമം മനസി ചിന്തയാമഹേ
ധ്യാനയോഗനിരതാസ്ത്വദാശ്രയാഃ

സാരംഃ— ഞാൻ ധ്യാനയോഗംകൊണ്ടു അങ്ങേ സേവിക്കുന്നതിനായി ഓരോ അവയവങ്ങളും, നല്ല വണ്ണം തെ

ളിഞ്ഞതും സുന്ദരവുമായ അങ്ങേ തിരുവുടലിനെ സ്മരിച്ച് വളരെക്കാലം പരിശീലിക്കയാൽ അനായാസേന മനസ്സിൽ ചിന്തിച്ചുറപ്പിച്ചുകൊള്ളാം.

6 ധ്യായതാം സകലമൂർത്തിമീദൃശീ-
മുന്മിഷന്മധുരതാഹൃതാത്മനാം
സാന്ദ്രമോദരസരൂപമാന്തരം
ബ്രഹ്മരൂപമയി തേഽവഭാസതേ.

സാരം:—അല്ലയോ ഭഗവാനെ! അങ്ങയുടെ ഇപ്രകാരമുള്ള സകലസ്വരൂപത്തെ ധ്യാനിച്ച് അധികമധികം വ്യക്തമായി വരുന്ന സൌന്ദര്യത്താൽ വശീകരിക്കപ്പെട്ട ചിത്തവൃത്തിയോടുകൂടിയവനുമായ എനിക്ക്, പരമാനന്ദരസമായ—അങ്ങയുടെ ആനന്ദസ്വരൂപമായ— ബ്രഹ്മം എൻെറ മനസ്സിൽ വിളങ്ങും.

7 തത്സമാസ്വാദനരൂപിണീം സ്ഥിതിം
ത്വത്സമാധിമയി വിശ്വനായക!
ആശ്രിതാഃ പുനരതഃ പരിച്യുതാ-
വാരഭേമഹി ച ധാരണാദികം

സാരം:—അല്ലയോ ജഗദീശ! ആ വിധമുള്ള അങ്ങയുടെ ആനന്ദസ്വരൂപത്തെ നേരിൽ അനുഭവിക്കയാകുന്നു, അങ്ങയെ വിഷയീകരിച്ചുള്ള നിർവ്വികല്പസമാധിയെ ആശ്രയിച്ചിരിക്കുന്ന ഞാൻ, ആ അവസ്ഥയിലെത്തീട്ട് പിന്നേയും ഈ സ്ഥാനത്തുനിന്നു ഭ്രംശം നേരിട്ടു എങ്കിൽ ധാരണമുതലായതിനെ വീണ്ടും ആരംഭിച്ചുകൊള്ളാം.

8 ഇത്ഥമഭ്യസനനിർഭരോല്ലസ-
ത്ത്വൽപരാത്മസുഖകല്പിതോത്സവാഃ

മുക്തഭക്തകുലമൌലിതാം ഗതഃ
സ്സഞ്ചരേമ ശുകനാരദാദിവൽ.

സാരം:- ഇപ്രകാരം ധാരണാധ്യാനസമാധികളുടെ അഭ്യാസത്താൽസിദ്ധിക്കുന്ന നിന്തിരുവടിയാകുന്ന പരമാത്മാവിൻെറ അനുഭവരൂപമായ പരമാനന്ദോത്സവത്തോടുകൂടിയിരിക്കുന്നഞാൻ, ജീവന്മുക്തന്മാരായ ഭക്തജനങ്ങളിൽ വെച്ചു ശ്രേഷ്ഠഭാവത്തെ പ്രാപിച്ച്, ശുകൻ, നാരദൻ മുതലായവരെപ്പോലെ സഞ്ചരിക്കും.

9 ത്വത്സമാധിവിജയേ തു യഃ പുന-
ർമ്മംക്ഷു മോക്ഷരസികഃ ക്രമേണ വാ
യോഗവശ്യമനിലം ഷഡാശ്രയൈ-
രുന്നയത്യജ! സുഷുമ്നയാ ശനൈഃ

സാരം:—അല്ലയോ ജന്മരഹിത! അങ്ങയെ വിഷയീകരിച്ചുള്ള സമാധിയുടെവിജയം—ഉടൻ മുക്തിയെ—ആഗ്രഹിക്കുന്നവനായാലും ക്രമമുക്തിയെ ആഗ്രഹിക്കുന്നവനായാലും അവന് പ്രാണായാമംകൊണ്ടുവശീകരിക്കപ്പെട്ട പ്രാണവായുവിനെ സുഷുമ്നാനാഡിവഴി മൂലാധാരം മുതൽ ആറു ചക്രം വഴിയായി സാവധാനത്തിൽ മേല്പോട്ടു പോകുന്നു.

10 ലിംഗദേഹമപി സന്ത്യജന്നഥോ
ലീയതേ ത്വയി പരേ നിരാഗ്രഹഃ
ഊർദ്ധ്വലോകകുതുകീ തു മൂർദ്ധത-
സ്സാർദ്ധമേവ കരണൈർന്നിരീയതേ.

സാരം:—പ്രാണവായുവിനെ ഭ്രൂമദ്ധ്യത്തിൽ നിർത്തിയതിൻെറ ശേഷം സദ്യോമുക്തിയെ കാംക്ഷിക്കുന്നവൻ

ലിംഗശരീരത്തേക്കൂടെ ഉപേക്ഷിച്ചിട്ടു ബ്രഹ്മസ്വരൂപിയായ അങ്ങയിൽ ലയിക്കുന്നു — സായൂജ്യമുക്തിയെ പ്രാപിക്കുന്നു. ബ്രഹ്മാദിലോകങ്ങളെ കാംക്ഷിക്കുന്ന ക്രമമുക്തിക്കാരനാകട്ടെ മൂർദ്ധാവിനെ ഭേദിച്ച് പഞ്ചപ്രാണമനോബുദ്ധിദശേന്ദ്രിയങ്ങളോടുകൂടിത്തന്നെ നിർയ്യാണം പ്രാപിക്കുന്നു.

11 അഗ്നിവാസരവളർക്ഷപക്ഷഗൈ-
രുത്തരായണജുഷാ ച ദൈവതൈഃ
പ്രാപിതോ രവിപദം ഭവൽപരോ
മോദവാൻ ധ്രുവപദാന്തമീയതേ.

സാരം: — അഗ്നി, പകൽ, ശുക്ലപക്ഷം, ഉത്തരായണം ഇവയുടെ അഭിമാനികളായ ദേവതമാരാൽ സൂര്യമണ്ഡലത്തെ പ്രാപിക്കപ്പെട്ടിരിക്കുന്ന ഭവൽഭക്തൻ, സുഖിതനായിട്ടുതന്നെ ധ്രുവലോകത്തെ പ്രാപിക്കുന്നു.

12 ആസ്ഥിതോഥ മഹരാലയേ യദാ
ശേഷവക്ത്രദഹനോഷ്മണാർദ്യതേ
ഈയതേ ഭവദുപാശ്രയസ്തദാ
വേധസഃ പദമതഃ പുരൈവ വാ.

സാരം: — പിന്നീട് ആ ഭക്തൻ ധ്രുവലോകത്തെ പ്രാപിച്ചതിന്റെ ശേഷം മഹർല്ലോകത്തിൽചെന്ന് യാതൊരിക്കൽ അനന്തന്റെ മുഖങ്ങളിൽനിന്നു പുറപ്പെടുന്ന അഗ്നിയുടെ ചൂടുനിമിത്തം ദുഃഖിതനായി ഭവിക്കുന്നുവോ അപ്പോഴോ ഇതിനുമുമ്പുതന്നെയോ സത്യലോകത്തെ പ്രാപിക്കും.

13 തത്ര വാ തവ പദേഥവാ വസൻ
പ്രാകൃതപ്രളയഏതി മുക്തതാം

സ്വേച്ഛയാ ഖലു പുരാപ്യപി മുച്യതേ
സംവിഭിദ്യ ജഗദണ്ഡമോജസാ

സാരം:—ഇവൻ—ബ്രഹ്മസഭയെ പ്രാപിച്ചവൻ—അവിടെത്തന്നെയോ അല്ലെങ്കിൽ വിഷ്ണുലോകത്തിലോ ഒടുവിൽ—മഹാപ്രളയത്തിൽ—മോക്ഷം പ്രാപിക്കയോ ചെയ്യുന്നു. അല്ലെങ്കിൽ തന്റെ യോഗബലംകൊണ്ടു് തന്റെ ഇഷ്ടമനുസരിച്ച് ബ്രഹ്മാണ്ഡകടാഹത്തെപ്പിളർന്ന് മഹാപ്രളയത്തിന്നുമുമ്പുതന്നെ മുക്തനായി ഭവിക്കുന്നു.

14 തസ്യ ച ക്ഷിതിപയോമഹോനില-
ദ്യോമഹൽപ്രകൃതിസപ്തകാവൃതീഃ
തത്തദാത്മകതയാ വിശൻ സുഖീ
യാതി തേ പദമനാവൃതം വിഭോ!

സാരം:—അല്ലയോ സർവ്വവ്യാപിയായ ഭഗവാനെ! ആ ബ്രഹ്മാണ്ഡത്തിന്റെ ഭൂമി, ജലം, അഗ്നി, വായു, ആകാശം, മഹത്വം, മായ എന്നിങ്ങിനെയുള്ള ഏഴ് ആവരണങ്ങളേയും ഈ യോഗി അതാതിന്റെ സ്വരൂപമായിട്ട് പ്രവേശിക്കുകയും അവിടങ്ങളിലുള്ള സുഖങ്ങളെ അനുഭവിക്കയും ചെയ്തിട്ട്, യാതൊരാവരണവുമില്ലാത്തതായ അങ്ങയുടെ പദത്തെ—ബ്രഹ്മഭാവത്തെ-പ്രാപിക്കുന്നു.

15 അർച്ചിരാദിഗതിമീദൃശീം വ്രജൻ
വിച്യുതിം ന ഭജതേ ജഗൽപതേ!
സച്ചിദാത്മക! ഭവദ്ഗുണോദയാ-
നുച്ചരന്തമനിലേശ! പാഹി മാം

സാരം:-അല്ലയോ ജഗത്പതെ! ഈ വിധമുള്ള അഗ്ന്യാദിമാർഗ്ഗഗതിയെ പ്രാപിച്ചവനായ ജീവൻപിന്നെ കീ

ഴ്പോട്ടുവരികയില്ല. അല്ലയോ സച്ചിദാനന്ദസ്വരൂപനായ ഗുരുവായൂരപ്പ! അങ്ങയുടെ ഗുണോല്ക്കർഷങ്ങളെ വർണ്ണിക്കന്നവനായ എന്നെ രക്ഷിക്കണേ.

## അഞ്ചാം ദശകം

### വിരാൾ പുരുഷോൽപത്തി

1 വ്യക്താവ്യക്തമിദം ന കിഞ്ചിദഭവൽ
പ്രാക്പ്രാകൃതപ്രക്ഷയേ
മായായാം ഗുണസാമ്യരുദ്ധവികൃതൌ
ത്വയ്യാഗതായാം ലയം
നോ മൃത്യുശ്ച തദാമൃതശ്ച സമഭൂ-
ന്നാഹ്നോ, ന രാത്രേഃ സ്ഥിതി-
സ്തത്രൈകസ്ത്വമശിഷ്യഥാഃ കില പരാ-
നന്ദപ്രകാശാത്മനാ.

സാരം— പണ്ട് മഹാപ്രളയ—ബ്രഹ്മപ്രളയ—കാലത്തിൽ ഗുണങ്ങളുടെ— സത്വരജസ്തമസ്സുകളുടെ — സാമ്യാവസ്ഥകൊണ്ട് വികാരമില്ലാതായിത്തീൎന്ന മായ, അങ്ങയിൽ ലയിച്ചപ്പോൾ, സംസാരമോ, മോക്ഷമോ, പകലോ, രാത്രിയോ യാതൊന്നുമില്ലാതായിരുന്നു. അപ്പോൾ സച്ചിദാനന്ദസ്വരൂപനായിട്ട് അങ്ങുമാത്രം ശേഷിച്ചിരുന്നവത്രെ.

2 കാലഃ കർമ്മ ഗുണാശ്ച ജീവനിവഹാ
വിശ്വഞ്ച കാര്യം വിഭോ!

ചില്ലീലാരതിമേയുഷി ത്വയി തദാ
നിർല്ലീനതാമായയുഃ
തേഷാം നൈവ വദന്ത്യസത്ത്വമയി ഭോ
ശക്ത്യാത്മനാ തിഷ്ഠതാം
നോ ചേൽ കിം ഗഗനപ്രസൂനസദൃശാം
ഭൂയോ ഭവേൽ സംഭവഃ

സാരം:— അല്ലയോ വിഭുവായുള്ളോനെ സത്വരജസ്സ മോഗുണങ്ങളും അവയെ ക്ഷോഭിപ്പിക്കുന്ന കാലവുംജീവാത്മാക്കളുടെ പുണ്യപാപങ്ങളും ജീവാത്മാക്കളും കാര്യരൂപമായ പ്രപഞ്ചമാസകലവും പ്രളയാരംഭത്തിൽ സ്വസ്വരൂപാനുസന്ധാനമായ ലീലയാൽ- യോഗനിദ്രയാൽ- തൽപരനായ അങ്ങയിൽ ലയിച്ചു. അല്ലയോ ഭഗവൻ! അങ്ങയുടെ ശക്തിരൂപേണ സ്ഥിതിചെയ്യുന്ന അവയുടെ ഇല്ലായ്മയെ ശ്രുതികൾ ഒരിക്കലും പറയുന്നില്ല. അവ അങ്ങയിൽ ലയിച്ചുകിടക്കുകയല്ലായിരുന്നുവെങ്കിൽ ആകാശകുസുമസദൃശമായ-അത്യന്താഭാവത്തെ പ്രാപിച്ചവയായ- അതുകൾ പ്രളയാവസാനത്തിൽ ഉത്ഭവിക്കുമൊ? ഇല്ല.

3 ഏവഞ്ച ദ്വിപരാർദ്ധകാലവിഗതാ-
വീക്ഷാം സിസൃക്ഷാത്മികാം
ബിഭ്രാണേ ത്വയി ചുക്ഷുഭേ ത്രിഭുവനീ-
ഭാവായ മായാ സ്വയം
മായാതഃ ഖലു കാലശക്തി, രഖിലാ
ദൃഷ്ടം, സ്വഭാവോfപി ച
പ്രാദുർഭൂയ ഗുണാൻ വികാസ്യ വിദധു-
സ്തസ്യാഃ സഹായക്രിയാം

സാരം:- ഇങ്ങിനെയിരിക്കെ രണ്ടു പരാർദ്ധകാലം കഴിഞ്ഞപ്പോൾ അങ്ങ് സൃഷ്ടിപ്പാനുള്ള ഇച്ഛയാകുന്ന ഈ

ക്ഷണക്രിയയേ ധരിച്ചിരിക്കുന്ന സമയത്തിൽ മായ താൻ തന്നെ ത്രൈലോക്യരൂപേണ പരിണമിപ്പാനായി ഉളുകിവശായി. ആ മായയിൽനിന്നുതന്നെ കാലമെന്നു പേരായ ഭഗവൽപ്രകൃതിയും, സകല ജീവികളുടേയും അദൃഷ്ട കർമ്മങ്ങളും വാസനയും പുറപ്പെട്ടു് സത്വാദിഗുണങ്ങളെ വേർതിരിച്ചു്, ആ മായയ്ക്കു് ത്രിഭുവനിർമ്മാണത്തിന്നു സഹായത്തെച്ചെയ്തു.

4 മായാസന്നിഹിതോഽപ്രവിഷ്ടവപുഷാ
സാക്ഷീതി ഗീതോ ഭവാൻ
ഭേദൈസ്താം പ്രതിബിംബിതോ വിവിശിവാൻ
ജീവോപി നൈവാപരഃ
കാലാദിപ്രതിബോധിതാഽഥ ഭവതാ
സഞ്ചോദിതാ ച സ്വയം
മായാ സാ ഖലു ബുദ്ധിതത്വമസൃജ-
ദ്യോസൌ മഹാനുച്യതേ.

സാരം:— മായയോടടുത്തുനില്ക്കുന്നവനും എന്നാൽ മായയിൽ പ്രവേശിക്കാത്തവനുമായ നിന്തിരുവടി സാക്ഷിയെന്നു പറയപ്പെടുന്നു ഉപാധിഭേദത്താൽത്തന്നെ പലതായി വിഭജിച്ചു് മായാകൃതങ്ങളായ ഉപാധികളിൽ പ്രതിബിംബരൂപേണ പ്രവേശിച്ചിരിക്കുന്ന അങ്ങുതന്നെയാകുന്നു ജീവാത്മാവെന്നുപറയപ്പെടുന്നതു്. മുൻപറഞ്ഞ ആ മായതന്നെ കാലകർമ്മസ്വഭാവങ്ങളാൽ ഉണർന്നു് അങ്ങയാൽ പ്രേരിതയായിട്ടു് സ്വയം ബുദ്ധിതത്വത്തെ സൃഷ്ടിച്ചു. ഈ ബുദ്ധിതത്വംതന്നെയാകുന്നു മഹത്തത്വമെന്നു പറയപ്പെടുന്നതു്.

5 തത്രാസൌ ത്രിഗുണാത്മകോപി ച മഹാൻ
സത്വപ്രധാനഃ സ്വയം

ജീവേസ്മിൻ ഖലു നിർവ്വികല്പമഹമി-
ത്യുദ്ബോധനിഷ്പാദകഃ
ചക്രേസ്മിൻ സവികല്പബോധകമഹ-
ന്തത്വം മഹാൻ ഖല്വസൌ
സംപുഷ്ടം ത്രിഗുണൈസ്തമോതിബഹുലം
വിഷ്ണോ! ഭവൽപ്രേരണാൽ.

സാരം:—മായാകാര്യങ്ങളിൽവെച്ച്, സ്വതേ സത്വ രജസ്തമോഗുണമയമാണെങ്കിലും സത്വഗുണപ്രധാനമായ മഹത്തത്വം മായയിൽ പ്രതിബിംബരൂപേണ സ്ഥിതി ചെയ്യുന്നതായ ഈ ജീവങ്കൽ അഹം—ഞാൻ—എന്നി ങ്ങനെയുള്ള ജ്ഞാനത്തെ ഉണ്ടാക്കുന്നു. അല്ലയോ വിഷ്ണുഭ ഗവാനെ! ഈ മഹത്തത്വം അങ്ങയുടെ പ്രേരണ ഹേതു വായിട്ടുതന്നെ മൂന്നുഗുണങ്ങളാൽ പോഷിപ്പിക്കപ്പെട്ടതും എങ്കിലും തമോഗുണപ്രധാനവും, ഈ ജീവങ്കൽ വികല്പ സഹിതമായ ജ്ഞാനത്തെ ഉണ്ടാക്കുന്നതുമായ അഹന്തത്വ ത്തെ സൃഷ്ടിച്ചു.

6 സോഹഞ്ച ത്രിഗുണക്രമാൽ ത്രിവിധതാ-
മാസാദ്യ വൈകാരികോ
ഭൂയസ്തൈജസതാമസാവിതി ഭവ-
ന്നാദ്യേന സത്വാത്മനാ
ദേവാനിന്ദ്രിയമാനിനോഽകൃത ദിശാ-
വാതാർക്കപാശ്യശ്വിനോ
വഹ്നീന്ദ്രാച്യുതമിത്രകാൻ വിധുവിധി-
ശ്രീരുദ്രശാരീരകാൻ.

സാരം:—ആ അഹംകാരവും, സാത്വികരാജസതാ മസമെന്നു മൂന്നായിപ്പിരിഞ്ഞു് വൈകാരികതൈജസതാ മസമെന്നുമുള്ള പേരോടുകൂടിയതായിത്തീരുന്നു. അവയിൽ

സാത്വികമുണ്ണം ജ്ഞാനേന്ദ്രിയങ്ങളുടെ അധിഷ്ഠാനദേവതകളായ ദിക്ക് വായു, സൂര്യൻ, വരുണൻ, അശ്വിനിദേവന്മാർ ഇവരേയും കർമ്മേന്ദ്രിയങ്ങളുടെ അധിഷ്ഠാനദേവതകളായ അഗ്നി, ഇന്ദ്രൻ, ഉപേന്ദ്രൻ, മിത്രൻ, പ്രജാപതി ഇവരേയും നാലന്തഃകരണങ്ങളുടെ അധിഷ്ഠാനദേവതകളായ ചന്ദ്രൻ, ബ്രഹ്മാവ്, ശ്രീരുദ്രൻ, ക്ഷേത്രജ്ഞൻ ഇവരേയും സൃഷ്ടിച്ചു.

7 ഭൂമൻ, മാനസബുദ്ധ്യഹംകൃതിമിള-
ച്ചിത്താഖ്യവൃത്ത്യന്വിതം
തച്ചാന്തഃകരണം വിഭോ തവ ബലാൽ-
സത്വാംശ ഏവാസൃജൽ,
ജാതസ്തൈജസതോ ദശേന്ദ്രിയഗണ-
സ്തത്താമസാംശാൽ പുന-
സ്തന്മാത്രം നഭസോ മരുൽപുരപതേ!
ശബ്ദോƒ ജനി ത്വദ്ബലാൽ.

സാരം:— അല്ലയോ പ്രഭുവും സർവ്വവ്യാപിയുമായ ഭഗവാനെ! അങ്ങയുടെ പ്രേരണകൊണ്ടു് സാത്വികാഹംകാരം തന്നെ മനസ്സ് ബുദ്ധി അഹങ്കാരം ഇവയോടുകൂടി ചിത്തം എന്നപേരായ വൃത്തിയോടുകൂടിയിരിക്കുന്ന ആ അന്തഃകരണത്തേയും സൃഷ്ടിച്ചു. രാജസാഹങ്കാരത്തിൽനിന്നു പത്തു് ഇന്ദ്രിയങ്ങളും ഉണ്ടായി. അല്ലയോ ഗുരുവായൂരപ്പ! അങ്ങയുടെ പ്രേരണകൊണ്ടു് അഹങ്കാരത്തിന്റെ താമസാംശത്തിൽ നിന്നു് താമസാഹങ്കാരവും ആകാശത്തിന്റെ സൂക്ഷ്മാംശമായി ശബ്ദവുമുണ്ടായി.

8 ശബ്ദാദ്വ്യോമ തതസ്സസർജ്ജിത വിഭോ
സ്പർശം തതോ മാരുത-

സ്സ്വസ്മാദ്രൂപ, മതോ മഹോഽഥ ച രസം
തോയഞ്ച ഗന്ധം മഹീം.
ഏവം മാധവ! പൂൎവ്വപൂൎവ്വകലനാ-
ദാദ്യാദ്യധൎമ്മാന്വിതം
ഭൂതഗ്രാമമിമം ത്വമേവ ഭഗവൻ!
പ്രാകാശയസ്താമസാൽ.

സാരം:—അല്ലയോ വിഭുവായ ഭഗവാനെ! അങ്ങ് ശബ്ദത്തിൽനിന്നു ആകാശത്തേയും, ആകാശത്തിൽനിന്ന് വായുവിനേയും വായുവിൽനിന്നു രൂപത്തേയും രൂപത്തിൽ നിന്ന് അഗ്നിയേയും അഗ്നിയിൽനിന്നു രസത്തേയും രസത്തിൽനിന്നു ജലത്തേയും ജലത്തിൽനിന്ന് ഗന്ധത്തേയും ഗന്ധത്തിൽനിന്നു ഭൂമിയേയും സൃഷ്ടിച്ചു. അല്ലയോ മാധവനായ ഭഗവാനെ! ഇപ്രകാരം മുമ്പുണ്ടായതിന്റെ സംബന്ധം ഹേതുവായിട്ട് പിന്നീടപിന്നീടുണ്ടായതിനെ മുമ്പുമുമ്പുണ്ടായതിന്റെ-ശബ്ദാദി-ധൎമ്മത്തോടുകൂടി ഈ ഭൂതസമൂഹത്തേയും അവയുടെ ധൎമ്മങ്ങളേയും താമസാഹങ്കാരത്തിൽ നിന്ന് അങ്ങുതന്നെ പ്രകാശിപ്പിച്ചു

9 ഏതേ ഭൂതഗണാസ്തഥേന്ദ്രിയഗണാ
ദേവാശ്ച ജാതാഃ പൃഥങ്
നോ ശേകുർഭുവനാണ്ഡനിൎമ്മിതിവിധൌ
ദേവൈരമീഭിസ്തദാ
ത്വം നാനാവിധസൂക്തിഭിർനുതഗുണ-
സ്തത്വാന്യമൂന്യാവിശം-
ശ്ചേഷ്ടാശക്തിമുദീൎയ്യ താനി ഘടയൻ
ഹൈരണ്യമണ്ഡം വ്യധാഃ

സാരം:— ഈ ഭൂതസമൂഹങ്ങളും അതുപോലെത്തന്നെ ഇന്ദ്രിയസമൂഹങ്ങളും അധിഷ്ഠാനദേവന്മാരും ജാതമായി എങ്കിലും അവർ ഒന്നിച്ചുചേരാതെ ബ്രഹ്മാണ്ഡനിർമ്മാണ വിഷയത്തിൽ ശക്തന്മാരായി ഭവിക്കാതിരുന്നപ്പോൾ അനേകവിധ സ്തോത്രങ്ങളെക്കൊണ്ടു് വർണ്ണിക്കപ്പെട്ട ഗുണങ്ങളോടുകൂടിയ അങ്ങ് മഹദാദികളായ തത്വങ്ങളിൽ പ്രവേശിച്ചു് അവയ്ക്കു ശക്തിയേകൊടുത്തു് അവയെ കൂട്ടിച്ചേർത്തു ഹിരണ്മയമായ ബ്രഹ്മാണ്ഡമെന്ന വിരാൾസ്വരൂപത്തെ സൃഷ്ടിച്ചു—മഹത്തത്വം, അഹന്തത്വം, 14 ഇന്ദ്രിയങ്ങൾ 10 ഭൂതങ്ങൾ ഇങ്ങിനെ 26 തത്വങ്ങളേയും ഇന്ദ്രിയാധിഷ്ഠാനദേവന്മാരേയും, പ്രവേശിച്ചു് അവയ്ക്കു ചേഷ്ടിപ്പാനുള്ള ശക്തിയേ നൽകി, അന്യോന്യംകൂടിച്ചേരാതെ വേറിട്ടുകിടന്നിരുന്ന മഹദാദികളെ എല്ലാം—ഏതേതിൽ ഏതേതു ഗുണങ്ങൾക്കു പ്രാധാന്യമുണ്ടോ അവയെ അവയോടു അധികമധികം അടുപ്പിച്ചുകൊണ്ടു്-കൂട്ടിച്ചേർത്തിട്ടു് അത്യന്തം പ്രകാശമുള്ളതാകയാൽ സ്വർണ്ണവർണ്ണസദൃശമായ ബ്രഹ്മാണ്ഡമെന്നു പറയപ്പെടുന്ന സ്വശരീരത്തെ നിർമ്മിച്ചു

10 അണ്ഡം തൽ ഖലു പൂർവ്വസൃഷ്ടസലിലേഽ-
തിഷ്ഠൽ സഹസ്രം സമാ
നിർഭിന്ദന്നകൃഥാശ്ചതുർദ്ദശജഗ-
ദ്രൂപം വിരാഡാഹ്വയം;
സാഹസ്രൈഃ കരപാദമൂർദ്ധനിവഹൈ-
ർന്നിശ്ശേഷജീവാത്മകോ
നിർഭാതോസി മരുൽപുരാധിപ! സ മാം
ത്രായസ്വ സർവ്വാമയാൽ.

സാരം:— ആ ബ്രഹ്മാണ്ഡം ആദ്യമേ സൃഷ്ടിച്ചതായ ആവരണജലത്തിൽ അനേകം സംവത്സരക്കാലം സ്ഥിതി

ചെയ്തതിന്റെശേഷം, അങ്ങ് അതിനെ ഭേദിച്ച് പതിനാലുലോകങ്ങളാകുന്ന സ്വരൂപത്തോടുകൂടിയതും പലവിധത്തിൽ ശോഭിക്കുന്നതുകൊണ്ട് വിരാട്ടെന്നപേരോടുകൂടിയതുമായ ശരീരത്തെ ഉണ്ടാക്കി അപ്പോഠം കണക്കില്ലാത്ത കൈ, കാൽ, ശിരസ്സ് ഇവകളോടുകൂടി എല്ലാ ജീവാത്മാക്കളുമാകുന്ന സ്വരൂപത്തോടുകൂടിയവനായിട്ട് ഹിരണ്യഗർഭനെന്നുള്ള നാമം കയ്ക്കൊണ്ട് അങ്ങ് ശോഭിച്ചു. അങ്ങിനെയുള്ള ഗുരുവായുപുരേശ! നിന്തിരുവടി എന്നെ സർവ്വരോഗങ്ങളിൽനിന്നും രക്ഷിച്ചാലും.

## ആറാം ദശകം

### വിരാട്സ്വരൂപവർണ്ണനം

1 ഏവം ചതുർദ്ദശജഗന്മയതാം ഗതസ്യ
പാതാളമീശ! തവ പാദതലം വദന്തി;
പാദോർദ്ധ്വദേശമപി ദേവ! രസാതലം തേ,
ഗുൽഫദ്വയം ഖലു മഹാതലമത്ഭുതാത്മൻ!

സാരം:- അല്ലയോ ഈശനായുള്ളോനെ! ഇപ്രകാരം പതിന്നാലു ലോകസ്വരൂപതയെ പ്രാപിച്ചിരിക്കുന്ന വിരാട്സ്വരൂപനായ-അങ്ങയുടെ ഉള്ളംകാലിനെ പാതാളമെന്നു പറയുന്നു. പുറവടികഠം രസാതലമെന്നും, നരിയാണികഠം മഹാതലമെന്നും പറയപ്പെടുന്നു.

2 ജംഘേ തലാതലമഥോ; സുതലഞ്ച ജാനു;
കിഞ്ചോരുഭാഗയുഗളം വിതലാതലേ ദ്വേ,

ക്ഷോണീതലം ജഘനമംബരമീശ! നാഭി-
ർവ്വക്ഷശ്ച ശക്രനിലയസ്തവ ചക്രപാണേ!

സാരം:—അല്ലയോ ചക്രപാണേ! കണങ്കാലുകൾ തലാതലവും കാൽമുട്ടുകൾ സുതലവും, തുടകളുടെ അടിഭാഗം വിതലവും, മേൽഭാഗം അതലവും, അരക്കെട്ട ഭൂതലവും, നാഭി ആകാശവും മാറിടം സ്വർഗ്ഗവുമാകുന്നു.

3 ഗ്രീവാ മഹസ്തവ;മുഖഞ്ച ജനഃ;സ്തപസ്തു
ഫാലം; ശിരസ്തവ സമസ്തമയസ്യ സത്യം.
ഏവം ജഗന്മയതനോ! ജഗദാശ്രിതൈര-
പ്യന്യൈർന്നിബദ്ധവപുഷേ ഭഗവൻ! നമസ്തേ!!

സാരം:—സമസ്തലോകസ്വരൂപനായ അങ്ങയുടെ കഴുത്ത് മഹർല്ലോകവും നെററി തപോലോകവും, ശിരസ്സ് സത്യലോകവുമാകുന്നു. അല്ലയോ ജഗന്മയനായഭഗവാനെ, ഇപ്രകാരം ലോകത്തിലുള്ള മേൽ പറവാൻ പോകുന്നവയാലും, ഘടിപ്പിക്കപ്പെട്ട ശരീരത്തോടുകൂടിയ അങ്ങേയ്ക്കായിക്കൊണ്ടു നമസ്കാരം.

4 തദ്ബ്രഹ്മരന്ധ്രപദമീശ്വര'വിശ്വകന്ദ!
ഛന്ദാംസികേശവ ഘനാസ്തവ കേശപാശാഃ;
ഉല്ലാസി ചില്ലിയുഗളം ദ്രുഹിണസ്യ ഗേഹം;
പക്ഷ്മാണി രാത്രിദിവസൌ; സവിതാ ച നേത്രേ

സാരം:—അല്ലയോ വിശ്വത്തിനു കാരണഭൂതനായി വിശ്വത്തിൻെറ നിയന്താവായിരിക്കുന്ന ഭഗവാനെ! അങ്ങയുടെ ദ്വാദശാന്തസ്ഥാനം വേദങ്ങളാകുന്നു. അങ്ങേടെകേശപാശങ്ങൾ മേഘങ്ങളും ശോഭയേറിയ പുരികങ്ങൾ ബ്ര

ഷമാവിൻെറ ഗൃഹവും, കൺപീലികൾ രാപ്പകലുകളും, കണ്ണുകൾ സൂര്യനമാകുന്നു. ഇതുകൂടാതെ മകരകുണ്ഡലങ്ങൾ സാംഖ്യവും യോഗവും വെൺകൊററക്കുട വൈകുണ്ഠലോകവും ആകുന്നു.

5 നിശ്ശേഷവിശ്വരചനാ ച കടാക്ഷമോക്ഷഃ;
കണ്ണൌ ദിശോശ്വിയുഗളം തവ നാസികേ ദ്വേ;
ലോഭത്രപേ ച ഭഗവന്നധരോത്തരോഷ്ഠൌ;
താരാഗണാശ്ച രദനാഃ;ശ്ശമനശ്ച ദംഷ്ട്രാ.

സാരം:—അല്ലയോ, സവ്വൈശ്വര്യ സമ്പന്നനായ .ഭഗവാനെ! അങ്ങയുടെ കടാക്ഷവീക്ഷണം പതിന്നാലു ലോകങ്ങളേയും സൃഷ്ടിക്കയാകുന്നു. കണ്ണുങ്ങൾദിക്കുകളും നാസാദ്വാരങ്ങൾ രണ്ടും അശ്വനീദേവന്മാരും—നാസത്യൻ, ദസ്രൻ—താഴെചുണ്ടു ലോഭവും മേലേചുണ്ടു ലജ്ജയും പല്ലുകൾ നക്ഷത്രസമൂഹങ്ങളും ദംഷ്ട്രംയമനമാകുന്നു.

6 മായാവിലാസഹസിതം; ശ്വസിതം സമീരോ
ജിഹ്വാ ജലം, വചനമീശ!ശകുന്തപംക്തിഃ;
സിദ്ധാദയഃ സ്വരഗണാ,മുഖരന്ധ്രമഗ്നി,-
ർദ്ദേവാ ഭുജാ,സ്സ്തനയുഗം തവ ധമ്മദേവഃ

സാരം:—അല്ലയോ സവ്വനിയന്താവായ ഭഗവാനെ! അങ്ങയുടെ മന്ദസ്മിതം മായയും, ശ്വാസോച്ഛ്വാസം വായുവും ജിഹ്വജലവും, വാക്ക് പക്ഷിസമൂഹങ്ങളും, സ്വരഗണങ്ങൾ സിദ്ധന്മാരാദിയായവരും, വായ് അഗ്നിയും, ഭുജങ്ങൾ ദേവന്മാരും, മുലകൾ ദേവതാമൂത്തിയും ധമ്മവുമാകുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

7 പൃഷ്ഠന്ത്വധൎമ്മ ഇഹ ദേവ, മനഃ സുധാംശു-
രവ്യക്തമേവ ഹൃദയാംബുജമംബുജാക്ഷ!
കുക്ഷിസ്സമുദ്രനിവഹാ, വസനന്തു സന്ധ്യ
ശേഫഃ പ്രജാപതിരസൌ വൃഷണൌ ച മിത്രഃ

സാരം:— അല്ലയോ അംബുജാക്ഷ! അങ്ങയുടെ പിൻഭാഗം അധൎമ്മവും, മനസ്സ് ചന്ദ്രനും, ഹൃദയം അവ്യക്തവും- മൂന്നുഗുണങ്ങളുടേയും സാമ്യാവസ്ഥ ആകുന്നു. വയർ സപ്തസമുദ്രങ്ങളും വസ്ത്രം സന്ധ്യകളും, ഗുഹ്യാവയവം ബ്രഹ്മാവും വൃഷണങ്ങൾ മിത്രനുമാകുന്നു.

8 ശ്രോണീസ്ഥലം മൃഗഗണാഃ പദയോൎന്നഖാസ്തു
ഹസ്ത്യുഷ്ട്രസൈന്ധവമുഖാഃ ഗമനന്തു കാലഃ
വിപ്രാദിവൎണ്ണഭവനം വദനാബ്ജബാഹു-
ചാരൂരുയുഗ്മചരണം കരുണാംബുധേ! തേ.

സാരം:— അല്ലയോ കരുണാനിധിയായ ദേവ; അങ്ങയുടെ അരക്കെട്ടിന്റെപിൻഭാഗം- ആസനം- ശ്രോണിപ്രദേശം- മൃഗസമൂഹങ്ങളും, കാൽനഖങ്ങൾ ആന, ഒട്ടകം കുതിര മുതലായവയും, അങ്ങയുടെ ഗതി കാലവുമാകുന്നു; മുഖം ബ്രാഹ്മണരുടെ സ്ഥാനവും, കൈകൾ ക്ഷത്രിയരുടെ സ്ഥാനവും, തുടകൾ വൈശ്യന്മാരുടെ സ്ഥാനവും കാലുകൾ ശൂദ്രരുടെ സ്ഥാനവുമാകുന്നു.

9 സംസാരചക്രമയി ചക്രധര! ക്രിയാസ്തേ,
വീൎയ്യം മഹാസുരഗണോഽസ്ഥികുലാനി ശൈലാഃ
നാഡ്യഃ സരിൽസമുദയസ്തരവശ്ച രോമ,
ജീയാദിദം വപുരനിൎവ്വചനീയമീശ!

സാരം:— അല്ലയോ ചക്രപാണെ! അങ്ങയുടെ പ്രവൃത്തികാം സംസാരചക്രവും, പരാക്രമം അസുരപ്രമാണികളും, അസ്ഥികാം പവ്വ്വതങ്ങളും, നാഡികാം നദികളും, രോമങ്ങാം വൃക്ഷങ്ങളും ആകുന്നു. അല്ലയോ ഭഗവാനെ! അങ്ങയുടെ ഈവിധശരീരം സവ്വ്വോല്ക്കഷേണ വത്തിക്കട്ടെ.

10 ഈദൃഗ് ജഗന്മയ വപുസ്തവ കമ്മഭാജാം
കമ്മാവസാനസമയേ സ്മരണീയമാഹുഃ;
തസ്യാന്തരാത്മവപുഷേ വിമലാത്മനേ തേ
വാതാലയാധിപ! നമോസ്തു നിരുന്ധി രോഗാൻ.

സാരം:— ഇപ്രകാരമുള്ള നിന്തിരുവടിയുടെ സവ്വ്വലോകസ്വരൂപമായ ശരീരം-വിശ്വരൂപം- കമ്മയോഗികാംക്കു പൂജാദികമ്മങ്ങളുടെ ഒടുവിൽ സ്മരിക്കപ്പെടുവാൻയോഗ്യമാണെന്നു അറിവുള്ളവർ പറയുന്നു. അല്ലയോ ഗുരുവായൂരപ്പ! വിശ്വരൂപത്തിൻെറ അന്തൎയ്യാമിസ്വരൂപനായി ശുദ്ധസത്വമയനായിരിക്കുന്ന അങ്ങയ്ക്കായിക്കൊണ്ടു നമസ്കാരം ഭവിക്കട്ടെ. എൻെറ രോഗങ്ങളെമാററിത്തരണെ!

## ഏഴാം ദശകം

### ഹിരണ്യഗർഭഭഗവദ്രൂപം

1 ഏവം ദേവ ചതുർദ്ദശാത്മകജഗ-
ദ്രൂപേണ ജാതഃ പുന-
സ്തസ്യോർദ്ധ്വം ഖലു സത്യലോകനിലയേ
ജാതോസി ധാതാ സ്വയം
യം ശംസന്തി ഹിരണ്യഗർഭമഖില-
ത്രൈലോക്യജീവാത്മകം
യോഭൂൽ സ്ഫീതരജോവികാരവികസ-
ന്നാനാസിസൃക്ഷാരസഃ

സാരം:—അല്ലയോ പ്രകാശസ്വരൂപനായ ഭഗവാനെ! ഇപ്രകാരം ചതുർദ്ദശഭുവനസ്വരൂപേണ ജാതനായിരിക്കുന്ന—വിരാട്ട്സ്വരൂപനായിട്ട് ജനിച്ച അങ്ങുതന്നെ വീണ്ടും ആ ലോകങ്ങളുടെ മേൽഭാഗത്ത്, സത്യലോകത്തിൽ ബ്രഹ്മാവായി ജാതനായി അങ്ങിനെ ജനിച്ച, എല്ലാ ലോകങ്ങൾക്കും ജീവസ്വരൂപനായിത്തീർന്നിട്ടുള്ള അതായത് അഞ്ച് പ്രാണങ്ങൾ, മനസ്സ്, ബുദ്ധി പത്തിന്ദ്രിയങ്ങൾ ഇവയുടെ സമഷ്ടിരൂപനായ അങ്ങെ ഹിരണ്യഗർഭനെന്നു പറയുന്നു. ആ ഹിരണ്യഗർഭൻ, തന്നിൽ വർദ്ധിച്ച രജോഗുണത്തിൻെറ വികാരത്താൽ, പലമാതിരി സൃഷ്ടിചെയ്യാൻ ഉത്സാഹമുള്ളവനായിത്തീർന്നു.

2 സോയം വിശ്വവിസർഗ്ഗദത്തഹൃദയ-
സ്സംപശ്യമാനഃ സ്വയം
ബോധം ഖല്വനവാപ്യ വിശ്വവിഷയം
ചിന്താകുലസ്തസ്ഥിവാൻ;

താവത്ത്വം ജഗതാംപതേ! തപ തപേ-
ത്യേവം ഹി വൈഹായസീം
വാണീമേനമശിശ്രവഃ ശ്രുതിസുഖാം
കുർവ്വംസ്തപഃപ്രേരണാം.

സാരം:—ആ ബ്രഹ്മാവ് പലവിധ ചരാചരത്തിൻെറ വിവിധസൃഷ്ടിയിങ്കൽ മനസ്സുവെച്ചു ആലോചിച്ച് ലോകത്തെ സംബന്ധിച്ച ജ്ഞാനം സിദ്ധിക്കാതിരുന്നതുകൊണ്ടു ചിന്താകുലനായി സ്ഥിതിചെയ്തു. അല്ലയോ ജഗന്നാഥ! അപ്പോഠം അങ്ങ് ബ്രഹ്മാവിനെ തപസ്സുചെയ്യാൻ പ്രേരിപ്പിക്കയും—'തപ തപ' എന്നിങ്ങിനെ ശ്രോത്രസൌഖ്യം സിദ്ധിക്കമാറ് ആകാശത്തിൽനിന്നു കേട്ട വാക്കിനെ ബ്രഹ്മാവ് തൃപ്തിയായറികയുംചെയ്തു—ഭഗവാൻ മറഞ്ഞുനിന്നു കൊണ്ടാണ് ബ്രഹ്മാവിനോടു മേൽപ്രകാരമരുളിച്ചെയ്തതു്.

3 കോസൌ മാമവദൽ പുമാനിതി ജലാ-
പൂർണ്ണേ ജഗന്മണ്ഡലേ
ദിക്ഷൂദ്വീക്ഷ്യ കിമപ്യനീക്ഷിതവതാ
വാക്യാർത്ഥമുൽപശ്യതാ
ദിവ്യം വർഷസഹസ്രമാത്തതപസാ
തേന ത്വമാരാധിത-
സ്തസ്മൈ ദർശിതവാനസി സ്വനിലയം
വൈകുണ്ഠമേകാത്ഭുതം.

സാരം:—ലോകമെല്ലാം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്ന ഈ സമയത്തു്, ആരാണ് എന്നോടു തപ തപ എന്നിങ്ങിനെ പറഞ്ഞതു എന്നിപ്രകാരം ചിന്തിച്ച് നാലുഭാഗവും നോക്കിയിട്ടും ആരേയും കാണാതെ അശരീരിവാക്കി

ൻെറ അൎത്ഥം ആലോചിച്ചറിഞ്ഞു് വളരെ ദിവ്യവത്സരങ്ങൾ തപസ്സുചെയ്ത ആ ബ്രഹ്മാവിനാൽ ആദരിക്കപ്പെട്ടവനായ അങ്ങ് അത്ഭുതവസ്തുക്കളിൽവെച്ചു് ഒന്നാമത്തേതും തൻെറ സ്ഥാനവുമായ വൈകുണ്ഠലോകത്തെ ബ്രഹ്മാവിനു കാട്ടിക്കൊടുത്തു.

4 മായാ യത്ര കദാപി നോ വികുരുതേ
ഭാതേ ജഗദ്ഭ്യോ ബഹിഃ
ശോകക്രോധവിമോഹസാധ്വസമുഖാ
ഭാവാസ്തു ദൂരം ഗതാഃ
സാന്ദ്രാനന്ദഝരീ ച യത്ര പരമ-
ജ്യോതിഃപ്രകാശാത്മകേ
തത്തേ ധാമ വിഭാവിതം വിജയതേ
വൈകുണ്ഠരൂപം വിഭോ!

സാരം:— അല്ലയോ വിഭുവായുള്ളോനെ! ലോകങ്ങൾക്കപ്പുറമേശോഭിക്കുന്നതും പരബ്രഹ്മപ്രകാശസ്വരൂപവുമായ വൈകുണ്ഠലോകത്തിൽ മായ ഒരിക്കലും വികാരത്തെ ചെയ്യുന്നില്ല. ദുഃഖം, കോപം, ദേഹാദികളിലുള്ള അഭിമാനം, ഭയം മുതലായവ യാതൊന്നിങ്കൽനിന്നു അകന്നിരിക്കുന്നുവോ, സൂൎയ്യാദിജ്യോതിസ്സുകൾക്കുപോലും പ്രകാശത്തെ നൽകുന്നതിനുള്ള ശക്തിയെകൊടുക്കുന്ന പരമജ്യോതിസ്സാകുന്ന പ്രകാശത്തോടുകൂടിയ യാതൊന്നിങ്കൽവസിക്കുന്നവൎക്കു എപ്പോഴും ബ്രഹ്മാനന്ദാനുഭവം ഉണ്ടാകുന്നുവോ അങ്ങിനെയുള്ളതും, അങ്ങു ബ്രഹ്മാവിനു കാണിച്ചുകൊടുത്തതുമായ, വൈകുണ്ഠമെന്ന അങ്ങേ വാസസ്ഥാനം എല്ലാററിനും മീതേ വിളങ്ങുന്നു.

5 യസ്മിൻ നാമ ചതുർഭുജാ ഹരിമണി-
ശ്യാമാവദാതത്വിഷോ
നാനാഭൂഷണരത്നദീപിതദിശോ
രാജദ്വിമാനാലയാഃ
ഭക്തിപ്രാപ്തതഥാവിധോന്നതപദാ
ദീവ്യന്തി ദിവ്യാ ജനാ-
സ്തത്തേ ധാമ നിരസ്തസർവ്വശമലം
വൈകുണ്ഠരൂപം ജയേൽ.

സാരം:— യാതൊരു ലോകത്തിൽ ശുദ്ധസത്വമയമൂർത്തികളും, നാലു കൈകളോടും കൂടിയവരും, ഇന്ദ്രനീലക്കല്ലുപോലെ നിർമ്മലകാന്തിയുള്ളവരും, പലമാതിരി ആഭരണങ്ങളിൽ പതിച്ചിട്ടുള്ളരത്നങ്ങളാൽ ദിക്കുകളെപ്രകാശിപ്പിക്കുന്നവരും ശോഭയേറിയ വിമാനങ്ങളിൽ വസിക്കുന്നവരും ഭക്തികൊണ്ടുതന്നെ ആ ഉന്നതസ്ഥാനത്തെ പ്രാപിച്ചവരുമായ ദിവ്യജനങ്ങൾ വിളങ്ങുന്നുവോ, സകല കന്മഷഹരമായ വൈകുണ്ഠമെന്ന പേരുള്ള അങ്ങയുടെ ആ സ്ഥാനം സർവ്വോല്കൃഷ്ടേണ പ്രകാശിക്കട്ടെ!

6 നാനാദിവ്യവധൂജനൈരഭിവൃതാ
വിദ്യുല്ലതാതുല്യയാ
വിശ്വോന്മാദനഹൃദ്യഗാത്രലതയാ,
വിദ്യോതിതാശാന്തരാ
ത്വൽപാദാംബുജസൗരഭൈകകുതുകാ
ലക്ഷ്മീഃ സ്വയം ലക്ഷ്യതേ
യസ്മിൻ വിസ്മയനീയദിവ്യവിഭവാ
തത്തേ പദം ദേഹി മേ.

സാരം:— യാതൊരു വൈകുണ്ഠലോകത്തിൽ അങ്ങയുടെ പാദാംബുജങ്ങളുടെ സൗരഭ്യത്തിലുള്ള ഒരിക്കലും അ

ഴിവില്ലാത്ത കൌതുകത്താൽ, പല പ്രകാരത്തിലുള്ള അനേകം ദിവ്യസ്ത്രീകളാൽ ചുററപ്പെട്ടവളും മിന്നൽപ്രഭയോടു തുല്യവും ലോകത്തെ മോഹിപ്പിക്കുന്നതും മനോഹരവുമായ തന്റെ പ്രശസ്തശരീരംകൊണ്ടു് പ്രകാശിക്കപ്പെട്ടിരിക്കുന്ന ദിഗന്തരാളത്തോടുകൂടിയവളുമായ ശ്രീഭഗവതി പ്രത്യക്ഷമായി കാണപ്പെട്ടുന്നുവോ, വിസ്മയാർഹമായ ദിവ്യവിഭവത്തോടുകൂടിയ അങ്ങയുടെ ആ വാസസ്ഥാനം എനിക്കു നല്കി അനുഗ്രഹിക്കേണമെ.

7 തത്രൈവം പ്രതിദർശിതേ നിജപദേ,
രത്നാസനാദ്ധ്യാസിതം
ഭാസ്വൽകോടിലസൽകിരീടകടകാ-
ദ്യാകല്പദീപ്രാകൃതി
ശ്രീവത്സാങ്കിതമാത്തകൌസ്തുഭമണി-
ച്ഛായാരുണം കാരണം
വിശ്വേഷാം തവ രൂപമൈക്ഷത വിധി-
സ്തത്ര വിഭോ ഭാതു മേ

സാരം:-ഇപ്രകാരം നിന്തിരുവടി കാണിച്ചുകൊടുത്ത തന്റെ ലോകത്തിൽ — ശ്രീവൈകുണ്ഠത്തിൽ തന്റെ സ്ഥാനത്തു് — രത്നസിംഹാസനത്തിൽ — സ്ഥിതിചെയ്യുന്നതും അനേക കോടി സൂൎയ്യബിംബങ്ങളുടെ സമൂഹംപോലെ ശോഭിക്കുന്നകിരീടം, കൈക്കെട്ടു് മുതലായ അലങ്കാരങ്ങളാൽ വിളങ്ങുന്ന ആകൃതിയോടുകൂടിയും, ശ്രീവത്സം എന്ന മറുകൊണ്ടടയാളപ്പെട്ടും, തന്നാൽ സ്വീകരിക്കപ്പെട്ട കൌസ്തുഭമണിയുടെ കാന്തികൊണ്ടു് അരുണവൎണ്ണമായിട്ടും സകല ചരാചരങ്ങൾക്കും ആദികാരണമായിട്ടും വിളങ്ങുന്ന നിന്തിരുവടിയുടെ രൂപത്തെ ബ്രഹ്മാവു കണ്ടു; അല്ലയോ വൈകുണ്ഠനാഥ! അതു് എനിക്കും പ്രത്യക്ഷമാകണെ.

8 കാളാംഭോദകളായകോമളരുചീ-
ചക്രേണ ചക്രന്ദിശാ-
മാവൃണ്വാനമുദാരമന്ദഹസിത-
സ്യന്ദപ്രസന്നാനനം
രാജൽകംബുഗദാരിപങ്കജധര-
ശ്രീമദ്ഭുജാമണ്ഡലം
സ്രഷ്ടുസ്തുഷ്ടികരം വപുസ്തവ വിഭോ!
മദ്രോഗമുദ്വാസയേത്

സാരം:—അല്ലയോ, വിഭുവായുള്ളോവേ! കാർമേഘം കാശാവിൻപൂ ഇതുകളെപ്പോലെ സുന്ദരമായ തേജോവിശേഷംകൊണ്ടു ദിങ്മണ്ഡലത്തെ മറയ്ക്കുന്നതും, അതിമനോഹരമായ പുഞ്ചിരിയുടെ നിരന്തരമായ കാഴ്ചകൊണ്ടു് പ്രസന്നമായ മുഖംത്തോടുകൂടിയതും, തേജസ്സിയങ്ങുന്ന ശംഖ്, ഗദ, ചക്രം, കളിത്താമര ഇവകളെ ധരിച്ച അനേകം, തൃക്കൈകളോടു ചേർന്നതും ബ്രഹ്മാവു കണ്ടാനന്ദിച്ചതും ആയഅങ്ങയുടെ തിരുമേനി എന്റെ രോഗത്തെ ഉച്ചാടനംചെയ്യട്ടെ—നശിപ്പിക്കട്ടെ.

9 ദൃഷ്ട്വാ സംഭൃതസംഭ്രമഃ കമലഭൂ-
സ്ത്വൽപാദപാഥോരുഹേ
ഹർഷാവേശവശംവദോ നിപതിതഃ
പ്രീത്യാ കൃതാൎത്ഥീഭവൻ
ജാനാസ്യേവമനീഷിതം മമ വിഭോ!
ജ്ഞാനംതദാപാദയ
ദ്വൈതാദ്വൈതഭവത്സ്വരൂപപരമി-
ത്യാചഷ്ട തം ത്വാം ഭജേ.

സാരം:—ബ്രഹ്മാവ് നിൻ തിരുമേനിയെകണ്ടു് സംഭ്രമസമന്വിതം അങ്ങയുടെ പാദാരവിന്ദങ്ങളിൽ വീണു വ

ണങ്ങി കൃതാർത്ഥതയോട്കൂടെ —ഹർഷാദിവശത്തിന്നധീനനായിട്ട് 'അല്ലയോ വിഭോ! എൻെറ ഉള്ളിലുള്ള ആഗ്രഹം ഇന്നതെന്ന് അങ്ങയ്ക്കറിയാവുന്നതാണല്ലോ. ദ്വൈതമായിട്ടും അദ്വൈതമായിട്ടും ഇരിക്കുന്ന അങ്ങയുടെ സ്വരൂപത്തെപ്പററിയുള്ള ജ്ഞാനം എനിക്ക് നൽകേണമെ, എന്നു പ്രാർത്ഥിച്ചു. അങ്ങിനെയുള്ള അല്ലയോ വൈകുണ്ഠേശ! അങ്ങയെ ഞാൻ ഭജിക്കുന്നു.

10 ആത്താഗ്രേ ചരണേ വിനമ്രമഥ തം
ഹസ്തേന ഹസ്തേ സ്പൃശൻ
ബോധസ്തേ ഭവിതാ;നസർഗ്ഗവിധിഭിർ-
ബന്ധോപി സഞ്ജായതേ
ഇത്യാഭാഷ്യ ഗിരം പ്രതോഷ്യ നിതരാം
തച്ചിത്തഗൂഢസ്വയം
സൃഷ്ടൌ തം സമുദൈരയഃ സഭഗവ-
ന്നല്ലാസയോല്ലാഘതാം.

സാര :—അനന്തരം ചെന്താമരപ്പൂവുപോലെ സുന്ദരതരമായ ഭഗവൽപാദങ്ങളിൽ താണുവണങ്ങിയ ആ ബ്രഹ്മാവിനെ കൈകോർത്തുപിടിച്ചിട്ട് 'അങ്ങയ്ക്കു ജ്ഞാനം ഉദിക്കും. സൃഷ്ടിചെയ്യുന്നതുകൊണ്ടു യാതൊരു ബന്ധവുമുണ്ടാകയില്ല.' എന്നിങ്ങിനെ അരുളിച്ചെയ്തു് ഏററവും സന്തോഷിപ്പിച്ചിട്ട് തനിയേ ബ്രഹ്മൻെറ ഉള്ളിൽകടന്നിരുന്ന്—സൂക്ഷ്മഭാവനയിൽ—സൃഷ്ടികർമ്മത്തിൽ പ്രേരിപ്പിച്ചു. അങ്ങിനെയുള്ള അല്ലയോ ഭഗവാനെ! എനിക്ക് ആരോഗ്യം വർദ്ധിപ്പിക്കേണമെ.

ദ്വിതീയസ്കന്ധം

സമാപ്തം.

# തൃതീയസ്കന്ധം

## എട്ടാം ദശകം

### നൈമിത്തികപ്രളയവർണ്ണനവും പുനഃസൃഷ്ടിവർണ്ണനവും

1 ഏവം താവൽ പ്രാകൃതപ്രക്ഷയാന്തേ
ബ്രാഹ്മേ കല്പേഹ്യാദിമേ ലബ്ധജന്മാ
ബ്രഹ്മാഭൂയസ്ത്വത്ത ഏവാപ്യവേദാൻ
സൃഷ്ടിം ചക്രേ പൂർവ്വകല്പോപമാനാം

സാരം:—ഇങ്ങിനെയുള്ള മഹാപ്രളയത്തിൻെറ അവസാനത്തിൽ ആദ്യത്തെബ്രഹ്മകല്പത്തിൽ ജനിച്ചിരിക്കുന്ന ബ്രഹ്മാവു്, അതിനുശേഷം അങ്ങയിൽനിന്നുതന്നെ വേദങ്ങളെ പഠിച്ചു്, പ്രളയത്തിന്നു മുമ്പുണ്ടായിരുന്നതുപോലെ തന്നെ സൃഷ്ടിയെ ചെയ്തു.

2 സോയംചതുർയ്യുഗസഹസ്രമിതാന്യഹാനി
താവന്മിതാശ്ച രജനീർബഹുശോ നിനായ
നിദ്രാത്യസൌ ത്വയി നിലീയസമംസ്വസൃഷ്ടൈ-
ർന്നൈമിത്തികപ്രളയമാഹുരതോസ്യ രാത്രിം

സാരം:—ആ ബ്രഹ്മാവ് ഒരായിരം ചതുർയ്യുഗകാലം കൊണ്ടു് കണക്കാക്കപ്പെട്ട പകലുകളേയും രാത്രികളേയും വളരെ പ്രാവശ്യം കഴിച്ചിട്ടുണ്ടു്; താൻ സൃഷ്ടിച്ചിട്ടുള്ള ചരാചരങ്ങളോടുകൂടി നിന്തിരുവടിയിൽ ലയിച്ചിട്ടാണുറങ്ങുന്നതു്. അതിനാൽ ബ്രഹ്മാവിൻെറ രാത്രിയെ നൈമിത്തികപ്രളയമെന്നു പറയുന്നു.

3 അസ്മാദൃശാം പുനരഹർമ്മുഖകൃത്യതുല്യാം
സൃഷ്ടിം കരോത്യനുദിനം സഭവൽപ്രസാദാൽ
പ്രാക്ബ്രാഹ്മകല്പജനുഷാഞ്ച പരായുഷാം തു
സുപ്തപ്രബോധനസമാസ്തി തദാപി സൃഷ്ടിഃ

സാരം:— ആ ബ്രഹ്മാവു പിന്നെ നമ്മളെപ്പോലെയുള്ളവരുടെ രാവിലത്തെ കൃത്യങ്ങളോടു തുല്യമായ ചരാചര സൃഷ്ടിയെ അങ്ങയുടെ കാരുണ്യത്താൽ പകൽതോറും ചെയ്യുന്നു പണ്ടു് ബ്രഹ്മകല്പത്തിൽ ജനിച്ചിട്ടുള്ളവരും അതിദീഘമായ ആയുസ്സോടുകൂടിയവരും ആയ മാക്കണ്ഡേയാദികളേയും അപ്പോഠം ഉറങ്ങിയവരെ ഉണത്തുന്നതുപോലെ സൃഷ്ടിച്ചു.

4 പഞ്ചാശദബ്ദമധുനാ സ്വവയോദ്ധരൂപ-
മേകം പരാദ്ധമതിവൃത്യ ഹി വത്തതേfസൌ,
തത്രാന്ത്യരാത്രിജനിതാൻ കഥയാമി ഭൂമൻ!
പശ്ചാദ്ദിനാവതരണേ ച ഭവദ്വിലാസാൻ.

സാരം:— അല്ലയോ ഭൂമൻ ഇപ്പോഠം ഈ ബ്രഹ്മാവു് തൻെറ വയസ്സിൻെറ പകുതിഭാഗമായ അമ്പതുവയസ്സാകുന്ന ഒരു പരാദ്ധത്തെ അതിക്രമിച്ചു വത്തിക്കുന്നു എന്നാണു് പ്രസിദ്ധി. ആ കല്പങ്ങളിൽവെച്ചു് ഒടുവിലത്തെ രാത്രിയിൽ സംഭവിച്ചതും പിറേറന്നുരാവിലെ സംഭവിച്ചതുമായ അങ്ങയുടെ ലീലാവിനോദങ്ങളെ ഞാൻ വണ്ണിക്കാം

5 ദിനാവസാനേfഥ സരോജയോനിഃ
സുഷുപ്തികാമസ്ത്വയി സന്നിലില്യ
ജഗന്തി ച ത്വജ്ജഠരം സമീയു-
സ്തദേദമേകാണ്ണവമാസ വിശ്വം

സാരം:— അനന്തരം ബ്രഹ്മാവ് പൂർവ്വകല്പത്തിലെ പകലിൻെറ അവസാനത്തിൽ ഉറങ്ങുവാനാഗ്രഹിച്ച് അങ്ങയിൽചേൎന്നു ലയിച്ചു. സകല ചരാചരങ്ങളും അങ്ങയുടെ ജഠരത്തിൽപെട്ടു. അപ്പോഠം ഈ ലോകമാസകലം ജലപ്രളയമായിത്തീൎന്നു.

6 തദൈവ വേഷേ ഫണിരാജി ശേഷേ
ജലൈകശേഷേ ഭുവനേ സ്മ ശേഷേ
ആനന്ദസാന്ദ്രാനുഭവസ്വരൂപ-
സ്സ്വയോഗനിദ്രാപരിമുദ്രിതാത്മാ.

സാരം:— ലോകം ജലമാത്രശേഷമായിരിക്കുന്ന അക്കാലത്ത് നിന്തിരുവടി നിന്തിരുവടിയുടെ തന്നെ മൂൎത്തിഭേദമായ ശേഷനെന്നുപേരായ സൎപ്പശ്രേഷ്ഠൻെറ പുറത്ത് നിരന്തരാനന്ദസ്വരൂപമായ തൻെറ യോഗനിദ്രയിൽ ലയിച്ചുകിടന്നു.

7 കാലാഖ്യശക്തിം പ്രളയാവസാനേ
പ്രബോധയേത്യാദിശതാ കിലാദൌ
ത്വയാ പ്രസുപ്തം പരിസുപ്തശക്തി-
വ്രജേന തത്രാഖിലജീവധാമ്നാ

സാരം:—പ്രളയാരംഭത്തിൽ തന്നിൽ ലയിച്ചിരിക്കുന്ന മൂലപ്രകൃതി മുതലായ ശക്തിസമൂഹത്തോടുകൂടി സകല ജീവാത്മാക്കഠംക്കം വിശ്രമസ്ഥാനവും പ്രളയം കഴിയുമ്പോഠം "നീ എന്നെ ഉണൎത്തുക" എന്നിങ്ങനെ കാലരൂപമായ ശക്തിയോടു കല്പിച്ചവനുമായ അങ്ങയാൽ യോഗനിദ്രയേ പ്രാപിക്കുന്നു എന്നുള്ളതുണ്ടായിയത്രെ.

8 ചതുൎയ്യുഗാണാഞ്ച സഹസ്രമേവം
ത്വയി പ്രസുപ്തേ പുനരദ്വിതീയേ

കാലാഖ്യശക്തിഃ പ്രഥമപ്രബുദ്ധാ
പ്രാബോധയത്ത്വാം കില വിശ്വനാഥ!

സാരം:—അല്ലയോ വിശ്വരക്ഷക! ഏകനായ അങ്ങ ഈവിധം ആയിരം ചതുർയ്യുഗകാലം നിദ്രചെയ്തശേഷം ആദ്യമുണന്ന കാലശക്തി അങ്ങയെ ഉണത്തി എന്നാണ് പറയുന്നത്.

9 വിബുദ്ധ്യ ച ത്വം ജലഗർഭശായിൻ
വിലോക്യ ലോകാനഖിലാൻ പ്രലീനാൻ
തേഷ്വേവ സൂക്ഷ്മാത്മതയാ നിജാന്തഃ-
സ്ഥിതേഷു വിശ്വേശ! ദദാഥ ദൃഷ്ടിം

സാരം:—അല്ലയോ കാരണജലമദ്ധ്യത്തിൽ ശയിച്ചിരുന്ന ഭഗവാനെ! അങ്ങ് ഉണന്നഉടനെ സകല ചരാചരങ്ങളും തന്നിൽ ലയിച്ചിരിക്കുന്നതായിക്കണ്ടിട്ട് സൂക്ഷ്മസ്വരൂപേണ തൻെറ ഉള്ളിൽ സ്ഥിതിചെയ്യുന്ന ആ ലോകങ്ങളെത്തന്നെ കടാക്ഷിച്ചു

10 തതസ്ത്വദീയാദയി, നാഭിരന്ധ്രാ-
ദുദഞ്ചിതം കിഞ്ചന ദിവ്യപത്മം
നിലീനനിശ്ശേഷപദാൎത്ഥമാലാ-
സംക്ഷേപരൂപം മുകുളായമാനം

സാരം:—അല്ലയോ ഭഗവാനെ അനന്തരം അങ്ങയിൽ ലയിച്ചുകിടക്കുന്ന സകല പദാൎത്ഥങ്ങളുടേയും ബീജസ്വരൂപമായി വിടൎന്നിട്ടില്ലാത്ത ദിവ്യമായ ഒരു താമര അങ്ങയുടെ പൊക്കിൾത്തടത്തിൽനിന്നുത്ഭവിച്ചു.

11 തദേതദംഭോരുഹകുഡ്മളം തേ
കളേബരാത്തോയപഥേ പ്രരൂഢം
ബഹിർന്നിരീതം പരിതഃ സ്ഫുരത്ഭിഃ
സ്വധാമഭിർധ്വാന്തമലം ന്യകൃന്തൽ.

സാരം:—ആ താമരമൊട്ട് അങ്ങയുടെ ശരീരത്തിൽ നിന്നു് മുളച്ചുപൊങ്ങി പുറത്തു പുറപ്പെട്ടതിന്നുശേഷം ചുററും പ്രകാശിച്ചുകൊണ്ടിരിക്കുന്ന തൻെറ തേജസ്സുകൊണ്ടു ഇരുളിനെ നിശ്ശേഷം നശിപ്പിച്ചു

12 സംഫുല്ലപത്രേ നിതരാം വിചിത്രേ
തസ്മിൻ ഭവദ്വീര്യധൃതേ സരോജേ
സ പത്മജന്മാ വിധിരാവിരാസീൽ
സ്വയംപ്രബുദ്ധാഖിലവേദരാശിഃ

സാരം:—വിടൎന്നിരിക്കുന്ന ദളങ്ങളോടുകൂടിയതും അത്യന്തം വിചിത്രാകൃതിയും അങ്ങയുടെ യോഗമായ ബലം കൊണ്ടു ധരിക്കപ്പെട്ടതുമായ ആ താമരപ്പൂവിൽ തന്നെ ത്താൻ ഓൎമ്മവന്നതായ സകല വേദസമൂഹത്തോടുകൂടി യവനും പത്മജൻ എന്നു പ്രസിദ്ധനുമായ ആ ബ്രഹ്മാവ് ജാതനായി—വെളിപ്പെട്ടു.

13 അസ്മിൻ പരാത്മൻ നനു പാത്മകല്പേ
ത്വമിത്ഥമുത്ഥാപിതപത്മയോനിഃ
അനന്തഭൂമാ മമ രോഗരാശിം
നിരുന്ധി വാതാലയവാസ, വിഷ്ണോ!

സാരം:-പരമാത്മസ്വരൂപിയായി ഗുരുവായുപുരക്ഷേത്രത്തിൽ സാന്നിദ്ധ്യം ചെയ്തുകൊണ്ടിരിക്കുന്ന അല്ലയോ

വിഷ്ണുഭഗവാനെ! ഈ പാത്മകല്പത്തിൽ ഈവിധം ബ്രഹ്മാവിനെ ഉണൎത്തി ഇത്രയെന്നു കണക്കാക്കുവാൻ കഴിയാത്തവിധമുള്ള മാഹാത്മ്യത്തോടുകൂടിയവനായ അങ്ങ് എൻെറ രോഗസമൂഹത്തെ നശിപ്പിക്കണമെ!

## ഒമ്പതാം ദശകം

### ബ്രഹ്മാവിൻെറ വൃത്താന്തം

1 സ്ഥിതഃ സകമലോത്ഭവസ്തവ ഹി നാഭിപങ്കേരുഹേ
കുതഃ സ്വിദിദമംബുധാവുദിതമിത്യനാലോകയൻ,
തദീക്ഷണകുതൂഹലാൽ പ്രതിദിശം വിവൃത്താനന-
ശ്ചതുൎവ്വദനതാമഗാദ്വികസദഷ്ടദൃഷ്ട്യംബുജാം

സാരം:—അങ്ങയുടെ നാഭിപത്മത്തിലിരുന്ന ആ പത്മജൻ, ഇതു് സമുദ്രത്തിൽ എവിടെനിന്നുണ്ടായിയെന്ന ആലോചിക്കയും അതു കാണ്മാനുള്ള കൌതുകംകൊണ്ടു ദിക്കുതോറും മുഖം ചുററിത്തിരിച്ചിട്ടു്, പത്മതുല്യങ്ങളും തുറന്നിരിക്കുന്നവയുമായ എട്ടുനേത്രങ്ങളോടുകൂടിയ ചതുൎമ്മുഖൻെറ ഭാവത്തെ പ്രാപിച്ചു.

2 മഹാൎണ്ണവവിഘൂൎണ്ണിതം കമലമേവ തൽ കേവലം
വിലോക്യ തദുപാശ്രയം തവ തനുന്തു നാലോകയൻ
ക ഏഷ കമലോദരേ മഹതി നിസ്സഹായോ ഹ്യഹം
കുതഃസ്വിദിദമംബുജം സമജനീതി ചിന്താമഗാൽ

സാരം:— എന്നിട്ട് ആദ്ദേഹം വൻകടലിൻെറ തിരമാലകളാൽ ഇളകുന്ന താമരപ്പൂവിനെ മാത്രമല്ലാതെ, ആ പത്മത്തിന്നാശ്രയഭൂതമായ അങ്ങയുടെ ശരീരത്തെ കാണാഞ്ഞതിനാൽ ഈ വലിയ താമരപ്പൂവിനകത്ത് ഇരിക്കുന്ന നിസ്സഹായനായ ഞാൻ ആരാണ്? ഈ താമരപ്പൂ എവിടെനിന്നുണ്ടായി? എന്നിങ്ങിനെ ആലോചിച്ചു.

3 അമുഷ്യ ഹി സരോരുഹഃ കിമപി കാരണം സംഭവേ-
ദിതി സ്മ കൃതനിശ്ചയസ്സ ഖലു നാളരന്ധ്രാദ്ധ്വനാ
സ്വയോഗബലവിദ്യയാ സമവരൂഢവാൻ പ്രൌഢധീ-
സ്ത്വദീയമതിമോഹനം ന തു കളേബരം ദൃഷ്ടവാൻ

സാരം:—ഈ താമരപ്പൂവിൽ തീർച്ചയായും ഒരു അധിഷ്ഠാനം ഉണ്ടായിരിക്കുമെന്നിങ്ങിനെ നിശ്ചയിച്ചുറച്ചിട്ട് തൻെറ തപോബലംകൊണ്ടും ആത്മജ്ഞാനംകൊണ്ടും താമരവളയത്തിന്നുള്ളിൽക്കൂടെ കീഴ്പോട്ടിറങ്ങിത്തിരഞ്ഞിട്ടും അതികോമളമായ അങ്ങയുടെ തിരുവുടലിനെ കണ്ടില്ല.

4 തതസ്സകലനാളികാവിവരമാർഗ്ഗഗോ മാർഗ്ഗയൻ
പ്രയസ്യ ശതവത്സരം കിമപി നൈവ സംദൃഷ്ടവാൻ
നിവൃത്യ കമലോദരേ സുഖനിഷണ്ണ ഏകാഗ്രധീഃ
സമാധിബലമാദധേ ഭവദനുഗ്രഹൈകാഗ്രഹീ.

സാരം:—പിന്നേയും അദ്ദേഹം ആ താമരത്തണ്ടിൻെറ എല്ലാ സുഷിരമാർഗ്ഗങ്ങളിൽക്കൂടി പോയിത്തിരഞ്ഞിട്ടും—അനേക ദിവ്യവത്സരകാലം പ്രയത്നപ്പെട്ടിട്ടും ഒന്നും കണ്ടെത്തിയില്ല. പിന്നീട് ആ താമരപ്പൂവിൻെറ നടുവിൽ സുഖാസനത്തിലിരുന്നുകൊണ്ടും അങ്ങയുടെ കാരുണ്യത്തെ കാംക്ഷിച്ചുകൊണ്ടും ഏകാഗ്രമായി സമാധിസ്ഥനായിത്തീർന്നു.

5 ശതേന പരിവത്സരൈർദൃഢസമാധിബന്ധോല്ലസൽ-
പ്രബോധവിശദീകൃതഃ സ ഖലു പത്മിനീസംഭവഃ
അദൃഷ്ടചരമത്ഭുതം തവ ഹി രൂപമന്തർദൃശാ
വ്യചഷ്ട പരിതുഷ്ടധീർഭുജഗഭോഗഭാഗാശ്രയം

സാരം:—നൂറുദിവ്യവത്സരകാലം അനുഷ്ഠിച്ച നിശ്ചലമായ സമാധിബന്ധത്താൽ ഉൽക്കർഷേണ പ്രകാശിച്ചതായ ജ്ഞാനമഹിമയാൽ നിർമ്മലനായിട്ട് ആ പത്മജൻ ഉള്ളിലെ കണ്ണുകൊണ്ടു മുമ്പു കണ്ടിട്ടില്ലാത്തതും അത്യത്ഭുതവും അനന്തൻെറ ശരീരമാകുന്ന ശയ്യയുടെ ഒരു ഭാഗത്തെ ആശ്രയിച്ചതുമായ അങ്ങയുടെ സാക്ഷാൽ രൂപത്തെ സന്തുഷ്ടമാനസനായിക്കൊണ്ടുദർശിച്ചു.

6 കിരീടമകുടോല്ലസൽകടകഹാരകേയൂരയുങ്-
മണിസ്ഫുരിതമേഖലം സുപരിവീതപീതാംബരം,
കലായകുസുമപ്രഭം ഗളതലോല്ലസൽകൌസ്തുഭം
വപുസ്തദയി,ഭാവയേ കമലജന്മനേ ദർശിതം

സാരം:—അല്ലയോ ഭഗവാനെ! ശിരസ്സിൻെറ മുൻഭാഗം കിരീടത്താലും പിൻഭാഗം മകുടത്താലും ശോഭിക്കുന്നതും, വള, മുത്തുമാല, തോൾവള ഇവയോടുകൂടിയതും, രത്നങ്ങളെക്കൊണ്ടു ശോഭിക്കുന്ന മേഖലയോടുകൂടിയും ഭംഗിയിലുടുത്ത പീതാംബരവും, കാശാവിൻപൂവിൻെറ കാന്തിയോടുകൂടിയ തേജസ്സും—പ്രഭയും—കണ്ഠത്തിൽ ശോഭിക്കുന്ന കൌസ്തുഭമണിയും ചേർന്ന; ബ്രഹ്മാവിനു കാണിച്ചുകൊടുത്ത അങ്ങയുടെ ആ ദിവ്യശരീരത്തെ ഞാൻ ധ്യാനിക്കുന്നു.

7 ശ്രുതിപ്രകരദർശിതപ്രചുരവൈഭവ,ശ്രീപതേ!
ഹരേ;ജയജയപ്രഭോ!പദമുപൈഷി ദിഷ്ട്യാ ദൃശോഃ

കുരുഷ്വ ധിയമാശു മേ ഭുവനനിർമ്മിതൌ കർമ്മഠാ-
മിതി ദ്രുഹിണവർണ്ണിതസ്വഗുണബംഹിമാ പാഹി മാം

സാരം:— ഉപനിഷദ്വാക്യസമൂഹങ്ങളാൽ വർണ്ണിക്കപ്പെട്ട അനേകം മാഹാത്മ്യത്തോടുകൂടിയവനും, ശ്രീകാന്തനും, സംസാരഹന്താവും സർവ്വാർത്ഥദാതാവുമായ ഭഗവാനെ! അങ്ങ് ജയിച്ചാലും! ജയിച്ചാലും!! നിന്തിരുവടി എന്റെ ഭാഗ്യത്താൽ കണ്ണുകൾക്കു വിഷയമായിത്തീർന്നിരിക്കുന്നു. നിന്തിരുവടി എനിക്കു സൃഷ്ടിവിഷയത്തിൽ സമർത്ഥമായ ബുദ്ധിയെ വേഗം തന്നരുളേണമെ" ഇപ്രകാരം ബ്രഹ്മാവിനാൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ഗുണമാഹാത്മ്യത്തോടുകൂടിയ അങ്ങ് എന്നെ രക്ഷിക്കണെ!

8 ലഭസ്വ ഭുവനത്രയീരചനദക്ഷതാമക്ഷതാം
ഗൃഹാണ മദനുഗ്രഹം കുരു തപശ്ച ഭൂയോ വിധേ!
ഭവത്വഖിലസാധനീ മയി ച ഭക്തിരത്യുൽക്കടേ-
ത്യുദീര്യ ഗിരമാദധാ മുദിതചേതസം വേധസം.

സാരം:— "ഹേ ബ്രഹ്മാവേ! നിനക്കു ലോകസൃഷ്ടിക്കു ഇളക്കമില്ലാത്ത സാമർത്ഥ്യമുണ്ടാകട്ടെ! എന്റെ അനുഗ്രഹത്തെ വിചാരിച്ചാലും നീ ഇനിയും തപസ്സുചെയ്യുക. സർവ്വാഭീഷ്ടങ്ങളേയും സാധിപ്പിക്കുന്ന എങ്കലുള്ള അതിയായ ഭക്തി നിനക്കുണ്ടാകട്ടെ" ഈ വിധം പറഞ്ഞു്, അങ്ങ് ബ്രഹ്മാവിനെ സന്തുഷ്ടനാക്കിച്ചെയ്തു.

9 ശതം കൃതതപാസ്തതസ്സ ഖലു ദിവ്യസംവത്സരാ-
നവാപ്യ ച തപോബലം മതിബലഞ്ച പൂർവ്വാധികം
ഉദീക്ഷ്യ കില കമ്പിതം പയസി പങ്കജം വായുനാ
ഭവദ്ബലവിജൃംഭിതഃ പവനപാഥസീ പീതവാൻ

സാരം:— അനന്തരം ആ പത്മജൻ അനേകം ദിവ്യസംവത്സരം തപസ്സുചെയ്തിട്ടു് മുമ്പുണ്ടായിരുന്നതിൽ ഏററവും തപോബലത്തേയും ബുദ്ധിശക്തിയേയും സമ്പാദിച്ചു്, ഏകാൎണ്ണവത്തിൽ തനിക്കധിഷ്ഠാനമായ പത്മത്തെ വായു ചലിപ്പിക്കുന്നതായിക്കണ്ടു്, അങ്ങയുടെബലംകൊണ്ടു വൎദ്ധിച്ചവനായിട്ടു് വായുവിനേയും ജലത്തേയും കുടിച്ചു വററിച്ചു താമരയുടെ ചലനം നിറുത്തി സ്വസ്ഥനായിരുന്നു.

10 തവൈവ കൃപയാ പുനസ്സരസിജേന തേനൈവ സ
പ്രകല്പ്യ ഭുവനത്രയീം പ്രവവൃതേ പ്രജാനിൎമ്മിതൌ;
തഥാവിധകൃപാഭരോ ഗുരുമരുൽപുരാധീശ്വര!
ത്വമാശു പരിപാഹി മാം ഗുരുദയോക്ഷിതൈരീ
ക്ഷിതൈഃ

സാരം:— അനന്തരം ആ ബ്രഹ്മാവു് അങ്ങയുടെ കൃപാപൂരത്താൽ ആ പത്മംകൊണ്ടുതന്നെ ത്രൈലോക്യനിൎമ്മിതിക്കായി സകല ചരാചരങ്ങളേയും സൃഷ്ടിച്ചു. അല്ലയോ ഗുരുവായൂരപ്പ! ഈവിധം കാരുണ്യമുള്ള അങ്ങു് കൃപാരസത്താൽ നനയ്ക്കപ്പെട്ട കടാക്ഷങ്ങളാൽ എന്നെ വേഗത്തിൽ രക്ഷിക്കുമാറാകണെ.

---

## പത്താംദശകം

### സൃഷ്ടിഭേദം

1 വൈകുണ്ഠ വൎദ്ധിതബലോഽഥ ഭവൽപ്രസാദാ-
ദംഭോജയോനിരസൃജൽ കില ജീവദേഹാൻ
സ്ഥാസ്നൂനി ഭൂരുഹമയാണി, തഥാ തിരശ്ചാം
ജാതീൎമ്മനുഷ്യനിവഹാനപി ദേവഭേദാൻ.

സാരം:— അല്ലയോ, വൈകുണ്ഠമൂർത്തേ! അങ്ങയുടെ കാരുണ്യത്താൽ ബലവാനായിത്തീൎന്ന ബ്രഹ്മാവു് വൃക്ഷങ്ങളാദിയായ സ്ഥാവരങ്ങളും പശുപക്ഷിമൃഗാദിതിൎയ്യൿജാതികഠം, മനുഷ്യസമൂഹം ദേവഭേദങ്ങഠം, എന്നിങ്ങനെയുള്ള ജീവയുക്തങ്ങളായ ദേഹങ്ങളേയും സൃഷ്ടിചെയ്തപോൽ!

2 മിഥ്യാഗ്രഹാസ്മിമതിരാഗവിരോധകോപഭീതീ-
രജ്ഞാനവൃത്തിമിതിപഞ്ചവിധാം സ സൃഷ്ട്വാ
ഉദ്ദാമതാമസപദാൎത്ഥവിധാനദൂന-
സ്തേനേ ത്വദീയചരണസ്മരണം വിശുദ്ധ്യൈ.

സാരം:— ആ ബ്രഹ്മൻ, അഹംകാരം, മിഥ്യാബോധം, സുഖസാധനങ്ങളിലുള്ള ആഗ്രഹം, ക്രോധം, ഭയം, എന്നിങ്ങിനെ അഞ്ചുവിധത്തിലുള്ള അജ്ഞാനകാൎയ്യങ്ങളെ സൃഷ്ടിച്ചിട്ടു്, തമോഗുണപ്രധാനങ്ങളായ വളരെ പദാൎത്ഥസൃഷ്ടിനിമിത്തം വ്യസനിച്ചു; തൻെറ അജ്ഞാനം നീങ്ങുന്നതിനായി നിന്തിരുവടിയുടെ പദാംബുജങ്ങളെ ധ്യാനിച്ചു.

3 താവൽ സസൎജ്ജ മനസാ സനകം സനന്ദം
ഭൂയസ്സനാതനമുനിഞ്ച സനൽകുമാരം
തേ സൃഷ്ടികൎമ്മണി തു തേന നിയുജ്യമാനാ-
സ്ത്വൽപാദഭക്തിരസികാ ജഗൃഹുൎന്നവാണീം

സാരം:— അപ്പോഠം ബ്രഹ്മാവു് മനസ്സുകൊണ്ടു സനകനേയും സനന്ദനേയും സനാതനമുനിയേയും സനൽകുമാരനേയും സൃഷ്ടിച്ചു. ഭഗവൽതത്വമറിയുന്ന അവരാകട്ടെ ബ്രഹ്മാവിനാൽ സൃഷ്ടികൎമ്മത്തിൽ പ്രേരിതന്മാരായിട്ടു് അവർ സ്വീകരിച്ചില്ല.

4 താവൽ പ്രകോപമുദിതം പ്രതിരുന്ധതോസ്യ
ഭ്രൂമദ്ധ്യതോജനി മൂഢോ ഭവദേകദേശഃ
നാമാനി മേ കുരു പദാനി ച ഹാ വിരിഞ്ചേ-
ത്യാദൌ രുരോദ കില യത്തന സ രുദ്രനാമാ

സാരം:—അപ്പോഴ് ഉത്ഭവിച്ച കോപത്തെ മനസ്സിൽ അടക്കി നിത്തിയ ബ്രഹ്മാവിന്റെ പുരികക്കൊടിമദ്ധ്യത്തിൽ നിന്നു അങ്ങയുടെ അംശാവതാരമായ രുദ്രൻ ജനിച്ചു. 'ഹേ ബ്രഹ്മാവേ! എനിക്കു നാമങ്ങളും സ്ഥാനങ്ങളും കല്പിച്ചു തരിക' എന്നിങ്ങിനെ പറഞ്ഞ് ആ മൂഢൻ നിലവിളിച്ചു പോൽ! അതുനിമിത്തം ആ മൂത്തി രുദ്രനെന്നു നാമം സ്വീകരിച്ചു.

5 ഏകാദശാഹ്വയതയാ ച വിഭിന്നരൂപം
രുദ്രം വിധായ ദയിതാ വനിതാശ്ച ദത്വാ
താവന്ത്യദത്ത ച പദാനി ഭവൽപ്രണുന്നഃ
പ്രാഹ പ്രജാവിരചനായ ച സാദരം തം.

സാരം:—അങ്ങയാൽ പ്രേരിതനായ ബ്രഹ്മാവ് ആ രുദ്രനെ പതിനൊന്നു നാമധേയംകൊണ്ടു പതിനൊന്നുവിധം സ്വരൂപത്തോടുകൂടിയവനാക്കിച്ചെയ്തിട്ട്, അഭിമതകളായ പതിനൊന്നു ഭാര്യ്യമാരേയും കൊടുത്തിട്ട് പതിനൊന്നു സ്ഥാനങ്ങളേയും നല്കി. അനന്തരം നിന്തിരുവടിയുടെ പ്രേരണയാൽതന്നെ ആ രുദ്രന്മാരോടു ആദരപൂർവ്വം പ്രജാസൃഷ്ടിയെചെയ്‌വാൻ പറഞ്ഞു.

6 രുദ്രാഭിസൃഷ്ടഭയദാകൃതിരുദ്രസംഘ-
സമ്പൂര്യ്യമാണഭുവനത്രയഭീതചേതാഃ
മാ മാ പ്രജാഃ സൃജ,തപശ്ചര മംഗലായേ-
ത്യാചഷ്ട തം കമലഭൂർഭവദീരിതാത്മാ.

സാരം:—രുദ്രനാൽ സൃഷ്ടിക്കപ്പെട്ടതും ഭയങ്കരവുമായ രുദ്രഗണത്താൽ ത്രൈലോക്യം നിറഞ്ഞുകണ്ടപ്പോൾ അങ്ങയാൽ പ്രേരിതമായ ആത്മാവോടുകൂടിയ ബ്രഹ്മാവു ഭയപ്പെട്ട്, "ഇനി നിങ്ങൾ സൃഷ്ടികർമ്മം പുലർത്തേണ്ട; ലോകത്തിനു നന്മവരുവാനായി തപസ്സുചെയ്യൂ." എന്നിങ്ങനെ ക്ലേശഭാവിതനായി രുദ്രന്മാരോടു പറഞ്ഞു.

7 തസ്യാഥ സർഗ്ഗരസികസ്യ മരീചിരത്രി-
സ്തത്രാംഗിരാഃ ക്രതുമുനിഃ പുലഹഃ പുലസ്ത്യഃ
അംഗാദജായത ഭൃഗുശ്ച വസിഷ്ഠദക്ഷൗ
ശ്രീനാരദശ്ച ഭഗവൻ ഭവദംഘ്രിദാസഃ

സാരം:—അനന്തരം സൃഷ്ടിരസത്തെക്കുറിച്ചാലോചിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാവിന്റെ ഓരോരോ അംഗങ്ങളിൽ നിന്നു മരീചി, അത്രി, അംഗിരസ്സ്, ക്രതു, പുലഹൻ പുലസ്ത്യൻ, ഭൃഗു, വസിഷ്ഠൻ, ദക്ഷൻ മുതലായവരുണ്ടായി. അല്ലയോ ഭഗവൻ! അവരിൽവെച്ച് പ്രത്യേകം ഭഗവൽഭക്തനായ ശ്രീനാരദനും ജാതനായി.

8 ധർമ്മാദികാനഭിസൃജന്നഥ കർദ്ദമഞ്ച,
വാണീം വിധായ വിധിരംഗജസംകുലോഭ്രൂൽ
ത്വദ്ബോധിതൈഃ സനകദക്ഷമുഖൈസ്തനൂജൈ-
രുദ്ബോധിതശ്ച വിരരാമ തമോവിമുഞ്ചൻ.

സാരം:—പിന്നെ ബ്രഹ്മാവിന്റെ വലത്തെ മുലയിൽ നിന്നു ധർമ്മദേവനും, ശ്രീനാരായണനും, പിൻഭാഗത്തുനിന്ന് അധർമ്മവും മൃത്യുവും, ഹൃദയത്തിൽനിന്ന് കാലനും പുരികങ്ങളിൽനിന്നു കോപവും, അധരത്തിൽനിന്നു ലോഭവും ഇങ്ങിനെ പല അംഗങ്ങളിൽനിന്നു പലതും ജനിച്ചു

ശേഷം അദ്ദേഹത്തിൻെറ നിഴലിൽനിന്നു കർദ്ദമനെന്ന പ്ര ജാപതിയും ജാതനായി; പിന്നീട് സരസ്വതിയെ സൃഷ്ടിച്ചു്, ആ ദേവിയെക്കണ്ടു് അദ്ദേഹം കാമപരവശനായിത്തീൻ. എന്നാൽ സർവ്വസാക്ഷിയായ നിന്തിരുവടിയാൽ പ്രേരിതരായ സനകൻ, ദക്ഷൻ മുതലായ തൻെറ പുത്രന്മാരുടെ ഉപദേശത്താൽ അജ്ഞാനംനീങ്ങി അനാസ്ഥമായ ആ അഭിനിവേശത്തിൽനിന്നും ഒഴിഞ്ഞു.

9 വേദാൻ പുരാണനിവഹാനപി സർവ്വവിദ്യാഃ
കുർവ്വൻ നിജാനനഗണാച്ചതുരാനനോസൌ,
പുത്രേഷു തേഷു വിനിധായ, സ സർഗ്ഗവൃദ്ധി-
മപ്രാപ്നുവംസ്തവ പദാംബുജമാശ്രിതോഭൂൽ.

സാരം:-ബ്രഹ്മാവു് തൻെറ നാലു മുഖങ്ങളിൽനിന്നും നാലു വേദങ്ങളേയും സംക്ഷേപമായ പുരാണങ്ങളേയും, ശിക്ഷാദികളായ ആറു വേദാംഗങ്ങളേയും, മീമാംസ മുതലായ നാലുപാംഗങ്ങളേയും, ആയുർവ്വേദം മുതലായ നാലുപവേദങ്ങളേയും എന്നുവേണ്ട; എല്ലാ വിദ്യകളേയും സൃഷ്ടിച്ചു് തൻെറ പുത്രന്മാരെ ഏല്പിച്ചതിനുശേഷം, പ്രജകൾ വർദ്ധിക്കാത്തതിനാൽ അങ്ങേ പാദപത്മങ്ങളെ ആശ്രയിച്ചു.

10 ജാനന്നുപായമഥ,ദേഹമജോ വിഭജ്യ!
സ്ത്രീപുംസഭാവമഭജന്മനുതദ്വധൂഭ്യാം
താഭ്യാഞ്ച മാനുഷകുലാനി വിവർദ്ധയംസ്ത്വാം
ഗോവിന്ദ! മാരുതപുരേശ! നിരുന്ധി രോഗാൻ.

സാരം:-അനന്തരം ബ്രഹ്മാവു് സൃഷ്ടിയെ വർദ്ധിപ്പിക്കാനുള്ള ഉപായത്തെ കണ്ടുകൊണ്ടു തൻെറ ദേഹത്തെ ര

ണ്ടായി വിഭാഗിച്ച് മനു, അവന്റെ ഭാര്യ ശതരൂപഇങ്ങിനെ രണ്ടായി പകുത്തു—ശരീരത്തിന്റെ വലതുഭാഗംകൊണ്ടു പുരുഷനേയും ഇടതുഭാഗംകൊണ്ടു സ്ത്രീയേയും സൃഷ്ടിച്ചു—അവരെക്കൊണ്ടു മനുഷ്യവർഗ്ഗത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്ന അങ്ങ്, അല്ലയോ ഗുരുവായൂരപ്പ! എന്റെ രോഗങ്ങളെ ശമിപ്പിക്കേണമെ.

*******

## പതിനൊന്നാം ദശകം

സനകാദികളുടെ വൈകുണ്ഠപ്രവേശനം, വൈകുണ്ഠലോകവർണ്ണനം, ജയവിജയന്മാരുടെ ശാപം, ഹിരണ്യകശിപുവിന്റേയും ഹിരണ്യാക്ഷന്റേയും ഉത്ഭവം, ഹിരണ്യാക്ഷപരാക്രമം.

1 ക്രമേണ സർഗ്ഗേ പരിവർദ്ധമാനേ,
കദാപി ദിവ്യാഃ സനകാദയസ്തേ
ഭവദ്വിലോകായ വികുണ്ഠലോകം
പ്രപേദിരേ മാരുതമന്ദിരേശ!

സാരം:—സൃഷ്ടി, ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ദിവ്യമുനീശ്വരന്മാരായ സനകാദികൾ അല്ലയോ ഗുരുവായൂരപ്പ! അങ്ങയെകാണ്മാൻവേണ്ടി വൈകുണ്ഠലോകത്തെ പ്രാപിച്ചു.

2 മനോജ്ഞനൈശ്രേയസകാനനാദ്യൈ-
രനേകവാപീമണിമന്ദിരൈശ്ച
അനോപമം തം ഭവതോ നികേതം
മുനീശ്വരാഃ പ്രാപുരതീതകക്ഷ്യാഃ

സാരം:— ആ സനകാദിമഹർഷിമാർ മനോഹരങ്ങളും ചേതോമോഹനങ്ങളും—നൈശ്രേയസമെന്നുപേരായ ഉദ്യാനതടാകാദികളും മണിമയഗൃഹങ്ങളും ഇവകളെക്കൊണ്ടും ഉപമിപ്പാൻ പാടില്ലാത്ത അങ്ങയുടെ ഗൃഹത്തെ ആറു കക്ഷ്യകളും കടന്നുചെന്നു.

3 ഭവദ്ദിദൃക്ഷൂൻ ഭവനം വിവിക്ഷൂൻ
ദ്വാഃസ്ഥൗ ജയസ്താൻ വിജയോപ്യരുന്ധാം;
തേഷാഞ്ച ചിത്തേ പദമാപ കോപഃ
സർവ്വം ഭവൽപ്രേരണയൈവ ഭൂമൻ!

സാരം:— അങ്ങയെ കാണ്മാനാഗ്രഹിച്ച് ഭവന്മന്ദിരത്തെ പ്രാപിപ്പാനാഗ്രഹിക്കുന്ന സനകാദികളെ ജയൻ വിജയൻ എന്നുപേരുള്ള ദ്വാരപാലകന്മാർ തടുത്തു. അപ്പോൾ ആ താപസന്മാരുടെ മനസ്സിൽ കോപഭാവം അങ്കുരിച്ചു. അല്ലയോ ദേവ ഇതെല്ലാം അങ്ങയുടെ പ്രേരണയാൽത്തന്നെയാണ് സംശയമില്ല.

4 വൈകുണ്ഠലോകാനുചിതപ്രചേഷ്ടൗ
കഷ്ടൗ യുവാം ദൈത്യഗതിം ഭജേതം
ഇതി പ്രശപ്തൌ ഭവദാശ്രയൗ തൗ
ഹരിസ്മൃതിർന്നോസ്ത്വിതി നേമതുസ്താൻ

സാരം— വൈകുണ്ഠലോകത്തിന്നുചിതമല്ലാത്ത സ്വഭാവത്തോടും ക്രൂരചേഷ്ടകളോടുംകൂടിയ നിങ്ങൾ അസുരന്മാരായി ജനിക്കട്ടെ എന്ന് ആ ദ്വാരപാലന്മാരായ ജയവിജയന്മാരെ ആ സനകാദികൾ ശപിച്ചു. ഭഗവിഷ്ഠപാലരായ ആ ദ്വാരപാലകന്മാർ, ഞങ്ങൾക്ക് ഭഗവൽസ്മരണ വിട്ടു പോകാതിരിക്കണേ എന്ന് അവരോടു പറഞ്ഞു അവരെ നമസ്കരിച്ചു.

5 തദേതദാജ്ഞായ ഭവാനവാപ്തഃ
സഹൈവ ലക്ഷ്മ്യാ ബഹിരംബുജാക്ഷ!
ഖഗേശപരാംസാർപ്പിതചാരുബാഹു-
രാനന്ദയംസ്താനഭിരാമമൂർത്ത്യാ

സാരം:— അല്ലയോ അംബുജാക്ഷ! ആ അവസരത്തിൽ വൃത്താന്തമറിഞ്ഞ അങ്ങ് ലക്ഷ്മീഭഗവതിയോടുകൂടിത്തന്നെ മനോഹരമായ കൈത്തലത്തെ ഗരുഡൻെറ പുറത്ത്വെച്ചുകൊണ്ടു്, ത്രൈലോക്യസുന്ദരമായ തൻെറ ശരീരകാന്തിയാൽ ആ സനകാദികളെ ആനന്ദിപ്പിക്കുവാനായി സ്വമന്ദിരത്തിൽനിന്നു് സനകാദികളുടെ സമീപത്തേക്കു വന്നു.

6 പ്രസാദ്യ ഗീർഭിഃ സ്തുവതോ മുനീന്ദ്രാ-
നനന്യനാഥാവഥ പാർഷദൌ തൌ
സംരംഭയോഗേന ഭവൈസ്ത്രിഭിർമാ-
മുപേതമിത്യാത്തകൃപം നൃഗാദീഃ

സാരം— നിന്തിരുവടി, തന്നെ സ്തുതിക്കുന്ന സനകാദികളെ മോഹനവചനങ്ങളെക്കൊണ്ടു് പ്രസാദിപ്പിച്ചിട്ടു് "നിങ്ങൾ വൈരമാകുന്ന യോഗംകൊണ്ടു്, മൂന്നുജന്മത്താൽ എന്നെ പ്രാപിക്കുവിൻ" എന്നിങ്ങിനെ മററാരു ശരണവുമില്ലാത്തവരായ ദ്വാരപാലന്മാരോടുപറഞ്ഞു- ഭക്തിയോഗം മുതലായതിനേക്കാൾ അധികം നല്ലതു് സംരംഭയോഗമാണ്. വൈരമുള്ളപ്പോൾ ഒരിക്കലും മറക്കാത്ത അനുസന്ധാനം ചെയ്തുകൊണ്ടിരിക്കും. നിങ്ങൾ ഹിരണ്യാക്ഷൻ ഹിരണ്യകശിപു എന്ന നാമധേയത്തിൽ ആദ്യത്തെ ജന്മവും, രാവണകുംഭകർണ്ണന്മാരായി രണ്ടാമത്തെ ജന്മവും, ശിശുപാലൻ ദന്തവക്ത്രൻ എന്നു് മൂന്നാമത്തെ ജന്മവും

കയ്യേൊണ്ടു് ആ ജന്മങ്ങളിൽ ശത്രുതേ്പന എന്നെ ഭജിച്ചു് എൻെറ കൈകൊണ്ടു് മരിപ്പാൻ സംഗതിയാവുകയും ഒടു വിൽ എന്നെത്തന്നെ പ്രാപിക്കകയും ചെയ്യും." എന്നു് ജ യവിജയന്മാരോടു ഭഗവാൻ അരുളിച്ചെയ്തു.

7 തപദീയഭൃത്യാവഥ കാശ്യപാത്തൌ
സുരാരിവീരാവുദിതൌ ദിതൌ ദപൗ
സന്ധ്യാസമുല്ലാദനകഷ്ടചേഷ്ടൌ
യമൌ ച ലോകസ്യ യമാവിവാന്യൗ.

സാരം:—അനന്തരം ഭവൽഭൃത്യന്മാരായ ജയവിജയ ന്മാർ കാശ്യപങ്കൽനിന്നു് ദിതിയിൽ രണ്ടു അസുരവീരന്മാ രായിട്ടു് ജാതരായി. സന്ധ്യാസമയം ഉല്ലാദിപ്പിക്കകനിമി ത്തം ക്രൂരന്മാരും ഇരട്ടപെററവരുമായ ഇവർ ലോകത്തിന്ന വേറേ രണ്ടു് അന്തകന്മാരെപ്പോലെ ശോഭിച്ചു.

8 ഹിരണ്യപൂർവ്വഃ കശിപുഃ കിലൈകഃ;
പരോ ഹിരണ്യാക്ഷ ഇതി പ്രസിദ്ധഃ
ഉഭൌ ഭവന്നാഥമശേഷലോകം
രുഷാ ന്യരുന്ധാം നിജവാസനാന്ധൌ.

സാരം:—അവരിൽ ഒരുവൻ ഹിരണ്യകശിപു എ ന്നും മറേറവൻ ഹിരണ്യാക്ഷൻഎന്നും പ്രസിദ്ധനാമത്തോടു കൂടിയവരായിരുന്നു. അവരുടെ ആസുരവാസനനിമിത്തം അന്ധന്മാരായിത്തീൎന്നിട്ടു്, അങ്ങല്ലാതെ മററൊരു ശരണവു മില്ലാത്തതായ ത്രൈലോക്യത്തെ ആസകലം പീഡിപ്പിച്ചു.

9 തയോർഹിരണ്യാക്ഷമഹാസുരേന്ദ്രോ,
രണായ ധാവന്നനവാപ്തവൈരീ,

ഭവൽപ്രിയാം ക്ഷ്മാം സലിലേ നിമജ്ജ്യ
ചചാര ഗർവ്വാദ്വിനദൻ ഗദാവാൻ.

സാരം:—അവരിൽ ഹിരണ്യാക്ഷനെന്ന അസുരശ്രേഷ്ഠൻ യോദ്ധുകാമനായി ഓടിനടന്നിട്ട് ഒരു എതിരാളിയേയും കിട്ടാതെ, അങ്ങയുടെ പ്രിയയായ ഭൂമിയെ സമുദ്രത്തിൽ മുക്കീട്ട് ഗദയോടുകൂടി അട്ടഹസിച്ചുകൊണ്ടു സഞ്ചരിച്ചു.

10 തതോ ജലേശാൽ, സദൃശം ഭവന്തം
നിശമ്യ, ബഭ്രാമ ഗവേഷയംസ്ത്വാം;
ഭക്തൈകദൃശ്യസ്സ കൃപാനിധേ ത്വം
നിരുന്ധി രോഗാൻ മരുദാലയേശ!

സാരം:—അനന്തരം ഹിരണ്യാക്ഷൻ വരുണനിൽനിന്നു, അങ്ങ്, അവനോടു യുദ്ധംചെയ്വാൻ സമർത്ഥനെന്നു കേട്ടിട്ട്, അവൻ നിന്തിരുവടിയേ അന്വേഷിച്ച് അങ്ങുമിങ്ങും നടന്നു. അല്ലയോ കാരുണ്യവാരിധിയായ ഗുരുവായൂരപ്പ! ഭക്തന്മാർക്കുമാത്രം കാണ്മാൻ കഴിയുന്ന ആ നിന്തിരുവടി എന്റെ രോഗങ്ങളെ തടുക്കണേ.

## പന്ത്രണ്ടാം അദ്ധ്യായം

(വരാഹാവതാരകഥാവർണ്ണനം, ഭൂമ്യുദ്ധരണം)

1 സ്വായംഭുവോ മനുരഥോ ജനസർഗ്ഗശീലോ
ദൃഷ്ട്വാ മഹീമസമയേ സലിലേ നിമഗ്നാം
സ്രഷ്ടാരമാപ ശരണം ഭവദംഘ്രിസേവാ-
തുഷ്ടാശയം മുനിജനൈസ്സഹ സത്യലോകേ.

സാരം:—അനന്തരം സൃഷ്ടികർമ്മത്തിൽ കതുകിയായ സ്വായംഭുവമനു ആ സമയം ഭൂമിജലത്തിൽമുങ്ങിയതായി കണ്ടിട്ട്, സത്യലോകത്തിൽചെന്നു് ഭഗവൽപാദഭജനരസംകൊണ്ടു് സന്തുഷ്ടചിത്തനായിരിക്കുന്ന ബ്രഹ്മാവിനെ മരീച്യാദി മുനിസമൂഹത്തോടുകൂടെ ശരണംപ്രാപിച്ചുപറഞ്ഞു.

2 കഷ്ടം പ്രജാഃ സൃജതി മയ്യവനിന്നിമഗ്നാ
സ്ഥാനം സരോജഭവ കല്പയ തൽ പ്രജാനാം
ഇത്യേവമേഷ കഥിതോ മനുനാ സ്വയംഭൂ-
രംഭോരുഹാക്ഷ!തവ പാദയുഗം വ്യചിന്തീൽ

സാരം:—അല്ലയോ ബ്രഹ്മദേവൻ!ഞാൻ പ്രജകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുമ്പോഠം, കഷ്ടം! ഭൂമിവെള്ളത്തിലാണ്ടുപോയി. അതുകാരണം പ്രജകഠംക്കിരിപ്പാൻ സ്ഥാനം കല്പിക്കുക. ഇവ്വിധം മനുവിനാൽ ബോധിതനായ ബ്രഹ്മാവ്, അല്ലയോ പുണ്ഡരീകാക്ഷനായ ഭഗവാനെ! അങ്ങയുടെ തൃപ്പാദങ്ങളെ സ്മരിച്ചു.

3 ഹാഹാ!വിഭോ!ജലമഹം ന്യപിബം പുരസ്താ-
ദദ്യാപി മജ്ജതി മഹീ കിമഹം കരോമി
ഇത്ഥം ത്വദംഘ്രിയുഗളം ശരണം യതോഽസ്യ
നാസാപുടാൽ സമഭവഃ ശിശുകോലരൂപീ.

സാരം:—"അല്ലയോ വിഭുവായുള്ളോവേ! കഷ്ടമായിത്തീൎന്നു. ഞാൻ ആദ്യമേ—ലോകസൃഷ്ടിക്കുമുമ്പായിത്തന്നെ—പ്രളയജലത്തെ പാനംചെയ്തു. ഭൂമി ഇപ്പോഴും മുങ്ങുന്നു. ഞാനെന്തുചെയ്യട്ടെ." ഇപ്രകാരം അങ്ങയുടെ തൃക്കാലുകളെ ശരണംപ്രാപിക്കുന്ന ബ്രഹ്മാവിൻെറ നാസാദ്വാരത്തിൽനിന്നു് —ഓക്കാതിരിക്കുമ്പോഠം— അങ്ങ് ബാലസൂകരസ്വരൂപനായിട്ട് അവതരിച്ചു.

4 അംഗുഷ്ഠമാത്രവപുരുൽപതിതഃ പുരസ്താൽ
ഭൂയോഽഥ കുംഭിസദൃശഃ സമജൃംഭഥാസ്ത്വം
അഭ്രേ തഥാവിധമുദീക്ഷ്യ ഭവന്തമുച്ചൈ-
ർവ്വിസ്മേരതാം വിധിരഗാൽ സഹ സൂനുഭിഃ സ്വൈഃ

സാരം:— അങ്ങ് ആദ്യം ഒരു പെരുവിരലോളംമാത്രം വലിപ്പമുള്ള ശരീരത്തോടുകൂടി നാസാപുടത്തിൽനിന്നു പുറപ്പെട്ടു. വീണ്ടും ഒരു ആനയുടെ വലിപ്പത്തിൽവളൻ അങ്ങിനെ ക്ഷണത്തിൽ വളൻ്, മേഘമാർഗ്ഗത്തിൽചെന്നു മുട്ടിയവനമായ അങ്ങയെ കണ്ടിട്ട് ബ്രഹ്മാവ് തൻെറ പുത്രന്മാരോടുകൂടെ മുഖമുയൎത്തിനോക്കിവിസ്മിതരായിനിന്നു

5 കോസാവചിന്ത്യമഹിമാ കിടിരുത്ഥിതോ മേ
നാസാപുടാൽ, കിമു ഭവേദജിതസ്യ മായാ
ഇത്ഥം വിചിന്തയതി ധാതരി ശൈലമാത്ര-
സ്സദ്യോ ഭവൻ കില ജഗർജ്ജിഥ,ഘോരഘോരം

സാരം:— "ചിന്തിപ്പാൻ കഴിയാത്ത മാഹാത്മ്യത്തോടുകൂടി എൻെറ മൂക്കിന്നുള്ളിൽനിന്നു പുറപ്പെട്ട ഈ സൂകരമേതാകുന്നു? വിഷ്ണുവിൻെറ—മായാവിശാരദനായ ഭഗവാൻെറ—മായയായിരിക്കുമോ?" ബ്രഹ്മാവ് ഈവിധം ചിന്തിച്ചിരിക്കുമ്പോഠം അങ്ങ് എത്രയും ക്ഷണത്തിൽ ഒരു പൎവ്വതത്തോളം വലിപ്പമുള്ളവനായിത്തീൎന്നിട്ട് അതിഭയങ്കരമാംവിധം ഗൎജ്ജിച്ചു.

6 തം തേ നിനാദമുപകൎണ്ണ്യ ജനസ്തപസ്ഥാഃ
സത്യസ്ഥിതാശ്ച മുനയോ നനുവുർഭവന്തം
തൽസ്തോത്രഹർഷുലമനാഃ പരിണദ്യ ഭൂയ-
സ്തോയാശയം വിപുലമൂർത്തിരവാതരസ്ത്വം

സാരം:— അങ്ങയുടെ ആ ഭയങ്കരശബ്ദംകേട്ട് മൂന്നു ലോകത്തിലുമുള്ള മുനിമാർ അങ്ങയെ സ്തുതിച്ചു. അവരുടെ സ്തുതിനിമിത്തം സന്തുഷ്ടനായ ആ ഹരി—വീണ്ടും അവരെ തൃപ്തിപ്പെടുത്തുവാനെന്നപോലെ വളന്ന്, പിന്നേയും പിന്നേയും ഘോരാട്ടഹാസംമുഴക്കിക്കൊണ്ടു് സമുദ്രത്തിൽ പ്രവേശിച്ചു.

7 ഊർദ്ധ്വപ്രസാരിപരിധൂമ്രവിധൂതരോമാ
പ്രോൽക്ഷിപ്തബാലധിരവാങ്മുഖഘോരഘോണഃ
തൂർണ്ണപ്രദീർണ്ണജലദഃ പരിഘൂർണ്ണദക്ഷ്ണാ
സ്തോതൄൻ മുനീൻ ശിശിരയന്നവതേരിഥ ത്വം.

സാരം:- മേല്പോട്ടെടുത്തുപിടിച്ച കറുപ്പും ചുവപ്പുംകലന്ന നിറത്തോടുകൂടിയതും ഇളകിക്കൊണ്ടിരിക്കുന്നതും ആയ രോമങ്ങളോടും മേല്പോട്ടുയത്തിപ്പിടിച്ച വാലോടും മൂക്കിനെ കീഴ്പോട്ടു താഴ്ത്തിയമുഖത്തോടും അതിവേഗത്തിൽ മേഘങ്ങളെഭേദിച്ച് ചുഴററുന്ന കണ്ണുകളെക്കൊണ്ടു് സ്തുതിക്കുന്ന മുനിജനങ്ങളെ കുളുർപ്പിച്ചുകൊണ്ടുമാണ് സമുദ്രത്തിലിറങ്ങിയതു്.

8 അന്തർജ്ജലം തദനു സംകുലനക്രചക്രം
ഭ്രാമ്യത്തിമിംഗിലകുലം കലുഷോർമ്മിമാലം
ആവിശ്യ ഭീഷണരവേണ രസാതലസ്ഥാ-
നാകമ്പയൻ വസുമതീമഗവേഷയസ്ത്വം.

സാരം— അപ്പോൾ പരിഭ്രമിച്ചിളകുന്ന മുതലക്കൂട്ടങ്ങളോടും അവിടവിടെ പാഞ്ഞോടുന്ന തിമിംഗലാദി മററു ജലജന്തുക്കളോടും ഇളകിമറിഞ്ഞ തിരമാലകളോടുംകൂടി ജലമദ്ധ്യത്തിൽ ഭയങ്കരമായ അലർച്ചകൊണ്ടു് രസാതല

വാസികളായ ദുഷ്ടന്മാരെ ഭയപ്പെടുത്തികൊണ്ടു നിന്തിരുവടി ഭൂമിദേവിയെ തിരഞ്ഞുനോക്കി.

9 ദുഷ്ടാഢ്യ ദൈത്യഹതകേന രസാതലാന്തേ
സംവേശിതാം ഝടിതി കൂടകിടിർവ്വിഭോ ത്വം
ആപാതുകാനവിഗണയ്യ സുരാരിഖേടാൻ
ദംഷ്ട്രാങ്കുരേണ വസുധാമദധാസ്സലീലം.

സാരം— അല്ലയോ സർവ്വലോകനിയന്താവായ ഭഗവാനെ! മായാവരാഹരൂപിയായ അങ്ങ്, അസുരാധമനായ ഹിരണ്യാക്ഷൻ പാതാളത്തിന്നടിയിൽ ഒളിച്ചു കൊണ്ടു വെച്ചിട്ടുള്ള ഭൂമിയെകണ്ടിട്ട്, തൻെറ നേരിട്ടുവരുന്ന ദുഷ്ടദൈത്യന്മാരെ കൂട്ടാക്കാതെ, തേററയുടെ അററംകൊണ്ടു വിനോദരൂപത്തിൽ ക്ഷണം പൊക്കിയെടുത്തു.

10 അഭ്യുദ്ധരന്നഥ ധരാം ദശനാഗ്രലഗ്ന-
മുസ്താങ്കുരാങ്കിത ഇവാധികപീവരാത്മാ
ഉദ്ധൂതഘോരസലിലാജ്ജലധേരുദഞ്ചൻ
ക്രീഡാവരാഹവപുരീശ്വര പാഹി രോഗാൽ.

സാരം: അല്ലയോ ജഗദീശ്വര അനന്തരം തേററയുടെ തലയ്ക്കൽപററിയ മുത്തങ്ങാമുളകൊണ്ടടയാളപ്പെട്ടവനെന്നപോലെ—മുത്തങ്ങയും സൂകരവും തമ്മിലുള്ള അന്തരം പോലെ ഭൂമിയും സൂകരമൂർത്തിയും തമ്മിൽ അന്തരമുണ്ടാകും—ഭൂമിയേ പൊക്കിയെടുത്തവനും, അത്യന്തം തടിച്ച ശരീരത്തോടുകൂടിയവനും ഇളക്കപ്പെട്ടതും ഭയങ്കരവുമായ ജലത്തോടുകൂടിയ സമുദ്രത്തിൽനിന്നു പൊങ്ങിവരുന്നവനും ലീലാസൂകരമൂർത്തിയുമായ നിന്തിരുവടി എന്നെ രോഗസങ്കടത്തിൽനിന്നു രക്ഷിക്കണെ!

## പതിമൂന്നാം ദശകം

### ഹിരണ്യാക്ഷവധം

★

1 ഹിരണ്യാക്ഷം താവദ്വരദ ഭവദന്വേഷണപരം
ചരന്തം സാംവർത്തേ പയസി നിജജംഘാപരിമിതേ
ഭവദ്ഭക്തോ ഗത്വാ കപടപടുധീർന്നാരദമുനിഃ
ശനൈരൂചേ നന്ദൻ ദനുജമപി നിന്ദംസ്തവ ബലം.

സാരം:—അല്ലയോ വരദനായ ഭഗവാനേ! അപ്പോഴം തന്നെ തന്റെ മുഴങ്കാലിനോളമുള്ള പ്രളയജലത്തിൽ അങ്ങയെ തിരഞ്ഞുനടക്കുന്ന ഹിരണ്യാക്ഷനോട്, അങ്ങയുടെ പരമഭക്തനും കാപട്യത്തിൽ സാമർത്ഥ്യശീലനുമായ നാരദമുനി അടുത്തുചെന്നിട്ട് ഹിരണ്യാക്ഷനെ പ്രശംസിച്ചുകൊണ്ടും അങ്ങയുടെ ബലത്തെ നിന്ദിച്ചുകൊണ്ടും സാവധാനം പറഞ്ഞു.

2 സ മായാവീ വിഷ്ണുർഹരതി ഭവദീയാം വസുമതീം
പ്രഭോ കഷ്ടം കഷ്ടം! കിമിദമിതി തേനാഭിഗദിതഃ
നദൻ ക്വാസൗ ക്വാസാവിതി സ മുനിനാ ദർശിത
പഥോ
ഭവന്തം സംപ്രാപദ്ധരണിധരമുദ്യന്തമുദകാൽ.

സാരം:—"മായാവിയായ ആ വിഷ്ണു അങ്ങു സൂക്ഷിച്ചിരുന്ന ആ ഭൂമിയെ ഇതാ കട്ടുകൊണ്ടുപോകുന്നു. പ്രഭോ! ഇതു വരെ കഷ്ടംതന്നെ. പ്രഭുക്കന്മാർ തന്റെ മുതൽ സൂക്ഷിക്കുന്നതിൽ ശ്രദ്ധയില്ലാത്തവരാണ്. അവരുടെ മുതൽ നിസ്സാരന്മാർപോലും കയ്യിലാക്കും. അങ്ങ് എന്താണ് അലസനായിരിക്കുന്നത്?" എന്നിങ്ങനെ നാരദൻ പറഞ്ഞതു കേട്ട് ആ അസുരശ്രേഷ്ഠൻ "അവൻ എവിടെ? അവൻ എവിടെ?" എന്ന് അട്ടഹസിച്ചുകൊണ്ട് മുനി കാണിച്ചു

കൊടുത്ത വഴിയെ ഭൂമിയെ തേററകൊണ്ടെടുത്തവനും വെള്ളത്തിൽനിന്നു പൊങ്ങിവരുന്നവനുമായ അങ്ങയേ സമീപിച്ചു."

3 അഹോ! ആരണ്യോയം മൃഗ ഇതി ഹസന്തം ബഹുതരൈർ
ദുരുക്തൈർവ്വിദ്ധ്യന്തം ദിതിസുതമവജ്ഞായ ഭഗവൻ!
മഹീം ദൃഷ്ട്വാ ദംഷ്ട്രാശിരസി ചകിതാം സ്വേന മഹസാ
പയോധാവാധായ പ്രസഭമുദയുങ്ക്ഥാ മൃധവിധൌ.

സാരം:—അയ്യോ കഷ്ടം! ഇവൻ ഒരു കാട്ടുമൃഗമാണല്ലൊ' എന്നിങ്ങിനെ പരിഹസിക്കുന്നവനും അനേകവിധദുർവ്വചനങ്ങളെക്കൊണ്ടു മർമ്മം പിളക്കുന്നവനുമായ ആ ഹിരണ്യാക്ഷനെ ധിക്കരിച്ചിട്ട് അല്ലയോ ഭഗവാനെ! അങ്ങ് തേററയുടെ അററത്തിരിക്കുന്ന ഭൂമിയെ ഭയപ്പെട്ടവളായി കണ്ടിട്ട് തന്റെ യോഗബലംകൊണ്ടു് വെള്ളത്തിന്റെ മുകളിൽ ഉറപ്പിച്ചു് നിർത്തീട്ട് ബലാല്ക്കാരേണ യുദ്ധത്തിനൊരുങ്ങി.

4 ഗദാപാണൌ ദൈത്യേ ത്വമപി ഹി ഗൃഹീതോന്നതഗദോ
നിയുദ്ധേന ക്രീഡൻ ഘടഘടരവോൽഘുഷ്ടവിയതാ
രണാലോകൌൽസുക്യാന്മിളതി സുരസംഘേ ദ്രുതമമും
നിരുന്ധ്യാഃ സന്ധ്യാതഃ പ്രഥമമിതിധാത്രാ ജഗദിഷേ.

സാരം:—ദൈത്യൻ ഗദാപാണിയായി യുദ്ധത്തിന്നൊരുങ്ങിനില്ക്കുന്നതുകണ്ടു് അങ്ങു വലിയൊരു ഗദ-കൌമോദകിയുമെടുത്തു് ഘടഘടശബ്ദംകൊണ്ടു് ബ്രഹ്മാണ്ഡകടാഹത്തെ വിറപ്പിക്കത്തക്ക ദ്വന്ദ്വയുദ്ധംകൊണ്ടു കളിമട്ടായി കലഹിച്ചുകൊണ്ടു നില്ക്കുമ്പോഴ്—ആകാശസീമയിൽ മാറൊലികൊള്ളുമാറു് യുദ്ധംചെയ്തു രസിക്കുമ്പോഴ് യുദ്ധം

കാണ്മാനുള്ള അനുഗ്രഹത്താൽ ദേവകൾ ആകാശത്തിൽ വന്നു നില്ക്കയും സന്ധ്യയ്ക്കുമുമ്പായിത്തന്നെ—സന്ധ്യയായാൽ അസുരന്മാൎക്ക കൂടുതൽബലംവൎദ്ധിയ്ക്കും എന്ന കാരണത്താൽ-ഇവനെ നിഗ്രഹിക്കുവാൻ ബ്രഹ്മാവ് അപേക്ഷിക്കയും ചെയ്തു.

5 ഗദോന്മത്തേ തസ്മിംസ്തവ ഖലു ഗദായാം ദിതിഭുവോ
ഗദാഘാതാൽ ഭൂമൌ ഝടിതി പതിതായാമഹഹ! ലോഃ
മൃദുസ്മേരാസ്യസ്ത്വം ദനുജകുലനിൎമ്മൂലനചണം
മഹാചക്രം സ്മൃത്വാ കരഭുവിദധാനോ രുരുചിഷേ

സാരം: — ആ ഗദായുദ്ധത്തിൽ അങ്ങയുടെ ഗദ ദൈത്യന്റെ ഗദാപ്രഹരംകൊണ്ടു പെട്ടെന്നു താഴെവീണുപോയപ്പോഠം അല്ലയോ ഭഗവാനെ! അങ്ങുമന്ദസ്മിതംകൊണ്ടു വികസിതമുഖാംബുജനായിട്ടു അസുരവംശോന്മൂലനത്തിൽ പ്രസിദ്ധമായ സുദൎശനചക്രത്തെ സ്മരിച്ച് സ്മരണമാത്രംകൊണ്ടുതൃക്കയ്യിൽ എത്തിച്ചേൎന്ന ചക്രത്തെ ധരിച്ചുകൊണ്ടു ശോഭിച്ചു കത്തിജ്വലിക്കുന്ന സുദൎശനതേജസ്സുകൊണ്ടും വൈഷ്ണവതേജസ്സുകൊണ്ടും പ്രകാശമാനമായ അങ്ങയുടെ ദിവ്യരൂപം കാണികളുടെ നയനേന്ദ്രിയത്തിന്നു് അത്യാനന്ദത്തെയരുളി. സംരംഭയോഗം കൊണ്ടാണെങ്കിലുംഇടവിടാതെ എന്നെത്തന്നെ ഓൎത്തുകൊണ്ടിരിക്കുന്നവനും എന്റെ ദാസനുമായ ഇവന്നു ബഹുമതിയരുളണം എന്നു വെച്ച് തനിക്കപജയം വരുത്തിയ അവനോടുള്ള അങ്ങയുടെ ഭക്തവാത്സല്യത്തിൽ ആണ്ട് പുളകാങ്കിതനായി.

6 തതഃ ശൂലം കാലപ്രതിമരുഷി ദൈത്യേ വിസൃജതി
ത്വയി ഛിന്ദത്യേതൽ കരകലിതചക്രപ്രഹരണാൽ

സമാരുഢേഷ്ടോ മുഷ്ട്യാ സ ഖലു വിതുദംസ്ത്വാം സമതനോദ്
ഗളന്മായേ മായാസ്ത്വയി കില ജഗന്മോഹനകരീഃ

സാരം:—അനന്തരം കാലാഗ്നിരുദ്രസദൃശക്രോധാക്ഷനായഹിരണ്യാക്ഷൻ ശൂലംപ്രയോഗിച്ചപ്പോഠം നിന്തിരുവടി സുദർശനചക്രംകൊണ്ടു ശൂലത്തെ മുറിച്ചസമയം, ആ ദൈത്യൻ കുപിതനായിട്ട് അങ്ങയെ മുഷ്ടിപ്രഹരണംചെയ്തിട്ട്, മായയേ അകററുന്നവനായ അങ്ങയിൽ—അങ്ങു ജഗന്മയനാകയാൽ അവൻെറ മായാപ്രയോഗം നിഷ്ഫലമാക്കിച്ചെയ്തു.

7 ഭവച്ചക്രജ്യോതിഷ്കണലവനിപാതേന വിധുതേ
തതോ മായാചക്രേ വിതതഘനരോഷാന്ധമനസം
ഗരിഷ്ഠാഭിർമ്മുഷ്ടിപ്രഹൃതിഭിരഭിഘ്നന്തമസുരം
കരാഗ്രേണ സ്വേന ശ്രവണപദമൂലേ നിരവധീഃ

സാരം:— ദൈത്യമായാസമൂഹം, ചക്രത്തിൽനിന്നു പുറപ്പെട്ടതീപ്പൊരിയുടെ ലേശംതട്ടിയപ്പോഠം ഒഴിഞ്ഞസമയം, തീൎത്തുപറവാൻ സാധിക്കാത്ത കോപാരുണപ്രഭാവനായ ദൈത്യനു തിരിച്ചറിവില്ലാതെവന്നു അതിക്രൂരങ്ങളായ മുഷ്ടിപാതങ്ങളെ ഏല്പിച്ചുരോഷാക്ഷനായിനില്ക്കുന്ന ആ ദൈത്യാധമനെ തൻെറ കാൽ പെരുവിരൽകൊണ്ടു ചെവിക്കററിയിൽ താഡിച്ചു—ആദിത്യൻെറ പ്രകാശലേശംകൊണ്ട് രാത്രിയിലെക്രൂരിരുട്ടെന്നപോലെ മായ ആസകലം പെട്ടെന്നു നഷ്ടമായപ്പോഠം തൻെറസംരംഭം പാഴായിപ്പോയതുനിമിത്തം കോപാന്ധനായഅവൻ—സുദർശനചക്രത്തിൻെറ അനന്യസാധാരണമായ പ്രഭാവത്തേയും, ഭഗവാനും താനുമായുള്ള സേവ്യസേവകഭാവത്തേ

യും, ശാപപ്രഭാവം ഹേതുവായിട്ട് തീരെ മറന്നുപോയ അവനെവാസ്തവസ്ഥിതി ഗ്രഹിക്കുവാൻ പററിയവിധം താഡിച്ചു.

8 മഹാകായഃ സോയം തവ ചരണപാതപ്രമഥിതോ
ഗളദ്രക്തോ വക്ത്രാദപതദൃഷിഭിഃ ശ്ലാഘിതഹതിഃ
തദാ ത്വാമുദ്ദാമപ്രമദഭരവിദ്യോതിഹൃദയാ
മുനീന്ദ്രാഃ സാന്ദ്രാഭിഃ സ്തുതിഭിരനുവന്നധ്വരതനും

സാരം:— ഭീമാകാരനായ ആ ഹിരണ്യാക്ഷൻ അങ്ങയുടെ ചവിട്ടുകൊണ്ടു് ചതഞ്ഞു് രക്തംഛർദ്ദിച്ചു് ഋഷികളാൽ പുകഴ്ത്തപ്പെട്ട വധത്തോടുകൂടിയവനായിട്ടു് നിലത്തുവീണു. ആ സമയം അത്യാനന്ദതുന്ദിലരായ മരീച്യാദി മുനിമാർ അർത്ഥപുഷ്ടിയുള്ള സ്തോത്രങ്ങളെക്കൊണ്ടു് യജ്ഞവരാഹമൂർത്തിയായ അങ്ങയെ സ്തുതിച്ചു—ഭഗവാനാൽ ചെവിക്കുററിയിൽ കാൽകൊണ്ടു താഡിക്കപ്പെടുകയും ഭഗവാന്റെ തിരുമുഖം കണ്ടുകൊണ്ടു മരിക്കുകയും ചെയ്വാൻ സംഗതി വന്ന ഇവനേക്കാൾ ഭാഗ്യവാനായിട്ടു് ആരുണ്ടു്!

9 ത്വചി ഛന്ദാംസി, രോമസ്വപി കുശഗണശ്ചക്ഷുഷി ഘൃതം,
ചതുർഹോതാരോംഘ്രൌ, സ്രുഗപി വദനേ, ചോദര ഇഡാ
ഗ്രഹാ ജിഹ്വായാന്തേ, പരപുരുഷ കർണ്ണേ ച ചമസാ
വിഭോ സോമോ വീര്യം, വരദ! ഗളദേശേപ്യുപസദഃ

സാരം:— അല്ലയോ വരദനായി വിഭുവായിരിക്കുന്ന പരബ്രഹ്മമൂർത്തേ! അങ്ങയുടെ ത്വക്കിങ്കൽ ഗായത്ര്യാദിഛന്ദസ്സുകളും, രോമങ്ങളിൽ കുശസമൂഹങ്ങളും . നേത്രങ്ങളിൽ ഘൃതവും, പാദങ്ങളിൽ ഉൽഗാതാവുതുടങ്ങിയ ചാതുർഹോത്രവും—അദ്ധ്വര്യു, ബ്രഹ്മാവ്, ഹോതാവ് ഉദ്ഗാതാവ്

എന്നുള്ള നാലു ഋത്വിക്കുകളും മുഖത്തിൽ ജുഹുവും വയററിൽ പുരോഡാശം വെയ്ക്കുന്ന ഇഡ എന്ന പാത്രവിശേഷവും, വാക്കിൽ സോമരസം എടുക്കുന്ന ഗ്രഹങ്ങൾ—ഐന്ദ്രവാദി എന്ന പാത്രങ്ങളും, ചെവികളിൽ സോമ—ഭക്ഷണദ്രവ്യങ്ങൾ വെയ്ക്കുന്ന ചമസങ്ങൾ എന്ന—പാത്രങ്ങളും സോമലതാരസം രേതസ്സായിട്ടും, ഗളപ്രദേശത്തിൽ ഉപസദമെന്നു പേരായ മൂന്ന് ഇഷ്ടികളും— ഉപസത്തുക്കൾ എന്നു പറയുന്ന യാഗവിശേഷങ്ങളും ഭവിക്കുന്നു—ഹേ വരദാ—അങ്ങു വരദനാകയാൽ തന്റെ ഭക്തന്മാർ ഏതെല്ലാംപ്രകാരത്തിൽ എന്തെല്ലാം അഭീഷ്ടങ്ങളെ ഉദ്ദേശിച്ചു ഭജിക്കുന്നുവോ, അതേപ്രകാരത്തിൽ പ്രത്യക്ഷമായി അതാതുവരങ്ങളെ കൊടുക്കുമെന്നും, ഹേ വിഭോ, അങ്ങ് സർവ്വത്രവ്യാപിച്ചുകൊണ്ടിരിക്കുന്നവനാകയാൽ ഭക്തന്മാരുടെ ഭജനസ്വഭാവത്തേയും അഭീഷ്ടങ്ങളേയും അറിവാനാകട്ടെ, അതാതുപ്രകാരത്തിൽ അപ്പഴപ്പോൾ പ്രത്യക്ഷീഭൂതനാവാനാകട്ടെ, അങ്ങയ്ക്കു വിഷമമില്ലെന്നും ഹേ പരപുരുഷ! ഇതെല്ലാം പരബ്രഹ്മമൂർത്തിയായ അങ്ങയ്ക്കല്ലാതെ മററാർക്കും ഒരിക്കലും സാദ്ധ്യമല്ലെന്നും സംബോധനകളെക്കൊണ്ടു സൂചിപ്പിച്ചിട്ട്, വരാഹമൂർത്തിയെ യജ്ഞാംഗനായികല്പിച്ച് മരീച്യാദിമുനിമാർ സ്തുതിച്ചതിനെവിവരിച്ചു.

10 മുനീന്ദ്രൈരിത്യാദിസ്തവനമുഖരൈർമ്മോദിതമനാ
മഹീയസ്യാ മൂർത്ത്യാ വിമലതരകീർത്ത്യാ ച വിലസൻ
സ്വധിഷ്ണ്യം സംപ്രാപ്തസ്സുഖരസവിഹാരീ മധുരിപോ!
നിരുന്ധ്യാ രോഗം മേ സകലമപി വാതാലയപതേ!

സാരം:- അല്ലയോ മധുരിപുവായ ഗുരുവായൂരപ്പ! ഇങ്ങിനെ തുടങ്ങിയുള്ള സ്തോത്രങ്ങളെക്കൊണ്ട് സ്തുതിക്കുന്നവ

രായ മുനിശ്രേഷ്ഠന്മാരാൽ സന്തോഷിക്കപ്പെട്ട മനസ്സോടുകൂടി യവനും പൂജിതതമയായ മൂർത്തികൊണ്ടും ജഗൽപവിത്രയായ കീർത്തികൊണ്ടും ശോഭായമാനനും വൈകുണ്ഠലോകത്തെ പ്രാപിച്ചിട്ട് സുഖരസത്തോടെ ക്രീഡിക്കുന്നവനുമായ അങ്ങ് എന്റെ സകലരോഗങ്ങളേയും തടുക്കണെ.

*******

## പതിനാലാം ദശകം

### (കപിലോപാഖ്യാനം)

1 സമനുസ്മൃതതാവകാംഘ്രിയുഗ്മഃ
സ മനുഃ പങ്കജസംഭവാംഗജന്മാ
നിജമന്തരമന്തരായഹീനം
ചരിതം തേ കഥയൻ സുഖം നിനായ.

സാരം:—അങ്ങയുടെ പാദാരവിന്ദങ്ങളെ വഴിപോലെ സ്മരിച്ചുകൊണ്ട് ബ്രഹ്മാവിന്റെ പുത്രനായ ആ സ്വായംഭുവ മനു അങ്ങയുടെ പുണ്യകഥകളെ കീർത്തനംചെയ്തുകൊണ്ട് തന്റെ മന്വന്തരകാലത്തെ പ്രജാപാലനാദിസ്വകൃത്യങ്ങൾ യാതൊരുവിഘ്നവുംകൂടാതെ സുഖമായികഴിച്ചുകൂട്ടി.

2 സമയേ ഖലു തത്ര കർദ്ദമാഖ്യോ
ദ്രുഹിണച്ഛായഭവസ്തദീയവാചാ
ധൃതസർഗ്ഗരസോ നിസർഗ്ഗരമ്യം
ഭഗവംസ്ത്വാമയുതം സമാസ്സിഷേവേ.

സാരം:—ആ കാലത്തു ബ്രഹ്മാവിന്റെ നിഴലിൽനിന്നു മുമ്പെതന്നെ ജനിച്ചിട്ടുള്ള കർദ്ദമപ്രജാപതി ബ്രഹ്മാവിന്റെ കല്പനപ്രകാരം പ്രജാസൃഷ്ടിയിൽ താല്പര്യത്തോടുകൂടി

ധ്യാനചിത്തരുടെ മനസ്സിനെ സന്തോഷിപ്പിക്കത്തക്ക നിര തിശയസൌന്ദര്യമുള്ള നിന്തിരുവടിയെ പതിനായിരം വത്സ രക്കാലം സേവിച്ചു.

3 ഗരുഡോപരി,കാളമേഘകമ്രം
വിലസൽകേളിസരോജപാണിപത്മം
ഹസിതോല്ലസിതാനനം, വിഭോ ത്വം
വപുരാവിഷ്കുരുഷേ സ്മ കർദ്ദമായ

സാരം:—അല്ലയോ വിഭോ! അങ്ങ് കാർമേഘകാന്തി യെവെല്ലുന്ന ശരീരാഭയോടുകൂടി ഗരുഡാരൂഢനായി കളി ത്താമരപ്പൂകൊണ്ട് ശോഭിച്ച ഭംഗിയുള്ള തൃക്കരാംബുജങ്ങളോ ടുകൂടി മന്ദസ്മിതാർദ്രനായി കർദ്ദമപ്രജാപതിയുടെ മുമ്പിൽ പ്രത്യക്ഷനായി—മേൽവിവരിച്ച രൂപത്തിലാണ കർദ്ദമപ്ര ജാപതി ഭഗവാനെ ധ്യാനിച്ചിരുന്നതു്. ഭക്തന്മാർ ഭഗ വാനെ ഏതു രൂപത്തിലാണ് ധ്യാനിക്കുന്നതെങ്കിൽ ഭഗവാൻ ആ രൂപത്തിലാണ് ഭക്തനു പ്രത്യക്ഷമാകുന്നതു്.

4 സ്തുവതേ പുളകാവൃതായ തസ്മൈ,
മനുപുത്രീം ദയിതാം നവാപി പുത്രീഃ
കപിലഞ്ച സുതം സ്വമേവ പശ്ചാൽ
സ്വഗതിഞ്ചാപ്യനുഗൃഹ്യ നിർഗ്ഗതോഭൂഃ

സാരം:—അനന്തരം സാഷ്ടാംഗപ്രണാമം ചെയ്തെഴു ന്നേററു തൊഴുതു സ്തോത്രങ്ങളെക്കൊണ്ടു സ്തുതിക്കുന്നവനും സന്തോഷത്താൽ — രോമാഞ്ചത്താൽ— പുളകാങ്കിതനായവ നും ആയ കർദ്ദമപ്രജാപതിക്കു അനുഗ്രഹത്തിൻെറ അന്തർഗ്ഗ തം അറിഞ്ഞു് മനുപുത്രിയായദേവഹൂതിയേ ഭാര്യയായിട്ടു നല്കി. അവളിൽ ഒമ്പതു സ്ത്രീസന്താനത്തേയും തൻെറ

KOTTAYAM PUBLIC LIBRARY KOTTAYAM

അംശാവതാരമായ കപിലനെന്ന പുരുഷസന്താനത്തേയും ഒടുവിൽ മോക്ഷത്തേയും അനുഗ്രഹമായി നല്കി, നിന്തിരുവടി ഗരുഡാരൂഢനായിട്ടു തന്നെ മറഞ്ഞു

5 സമനുഃ ശതരൂപയാ മഹിഷ്യാ
ഗുണവത്യാ സുതയാ ച ദേവഹൂത്യാ
ഭവദീരിതനാരദോപദിഷ്ടഃ
സമഗാൽ കർദ്ദമമാഗതിപ്രതീക്ഷം.

സാരം:—അങ്ങ് കർദ്ദമപ്രജാപതിയുടെമുമ്പിൽ നിന്നു മറഞ്ഞതിനുശേഷം നടന്ന സംഭവങ്ങളെ നാരദൻമുഖേന അറിഞ്ഞ മനു നാരദന്റെ ഉപദേശത്തെക്കൈക്കൊണ്ടു് തന്റെ ധർമ്മപത്നിയായ ശതരൂപയോടും സൌന്ദര്യ സൌശീല്യാദികളാൽ പ്രശോഭിക്കുന്ന മകളാം ദേവഹൂതിയോടും കൂടെ കർദ്ദമന്റെ സമീപത്തിൽ ചെന്നു

6 മനുനോപഹൃതാഞ്ച ദേവഹൂതിം
തരുണീരത്നമവാപ്യ കർദ്ദമോസൗ
ഭവദർച്ചനനിർവൃതോപി തസ്യാം
ദൃഢശുശ്രൂഷണയാ ദധൗ പ്രസാദം

സാരം: ഭഗവൽപ്രസാദത്തിനു പാത്രമായിത്തീർന്ന ഈ കർദ്ദമനാകട്ടെ, മനുവിനാൽ രത്നാദി സ്ത്രീധനത്തോടു കൂടെ സല്ക്കാരപൂർവ്വം ദാനം ചെയ്യപ്പെട്ടവളും സ്ത്രീകളുടെ കൂട്ടത്തിൽ ഒരു രത്നംപോലെ ശോഭിക്കുന്നവളുമായ ദേവഹൂതിയെ ഭാര്യയായി ലഭിച്ചിട്ടു്; സ്വതേ താൻ നിഷ്കാമനായി മോക്ഷേഛുവായിട്ടു് ഭഗവൽഭജനംചെയ്തുകൊണ്ടിരിക്കുന്നവനാണെങ്കിലും യാതൊരു കപടവും കൂടാതെ എ

പ്പോഴും ഒരേനിലയിൽ ഉറച്ചുകൊണ്ടുള്ള ശുശ്രൂഷനിമിത്തം ദേവഹൂതിയുംകൂടെ നേരെ പ്രസന്നനായിത്തീൻ

7 സ പുനസ്ത്വദുപാസനപ്രഭാവാ-
ദ്ദയിതാകാമകൃതേ കൃതേ വിമാനേ;
വനിതാകുലസംകുലോ നവാത്മാ
വ്യഹരദ്ദേവപഥേഷു ദേവഹൂത്യാ

സാരം:— കർദ്ദമനാകട്ടെ, ക്രീഡിപ്പാനാഗ്രഹപ്പെട്ടുകൊണ്ടും ദേവഹൂതി ആവശ്യപ്പെട്ടപ്രകാരം അവളുടെ അഭീഷ്ടം സാധിപ്പിക്കുവാൻ വേണ്ടിയും ഭഗവൽഭജനമാഹാത്മ്യം നിമിത്തം ഇഷ്ടപ്രകാരം തന്നാൽനിമ്മിക്കപ്പെട്ട വിമാനത്തിൽ അത്യന്ത രൂപലാവണ്യത്തോടുകൂടിയ ഒരു പുതിയ ശരീരത്തെ ധരിച്ചിട്ട്, അല്ലെങ്കിൽ ഒമ്പതുകന്യകമാരെ ജനിപ്പിക്കുവാൻവേണ്ടി തൻെറ ആത്മാവിനെ ഒമ്പതായിഭാഗിച്ചിട്ട് തൻെറ ഭാര്യയുടെ സഖിസ്ഥാനത്തു വന്നുചേൎന്ന അനേകംദിവ്യസ്ത്രീകളോടും ദേവഹൂതിയോടുംകൂടെനന്ദനം ചൈത്രരഥം മുതലായി ദേവന്മാർക്രീഡിക്കുന്ന ഓരോദിവ്യസ്ഥാനങ്ങളിൽചെന്നു ഇഷ്ടാനുരൂപംക്രീഡിച്ചു.

8 ശതവൎഷമഥ വ്യതീത്യ സോയം
നവകന്യാസ്സമവാപ്യ ധന്യരൂപാഃ
വനയാനസമുദ്യതോപി കാന്താ-
ഹിതകൃത്ത്വജ്ജനനോത്സുകോ ന്യവാത്സീൽ

സാരം:— ഇങ്ങിനെ നൂറുസംവത്സരകാലം മുഴുവൻദേവഹൂതിയോടുകൂടെ ക്രീഡാരതനായി കഴിച്ചശേഷം, ഭഗവത്ഭക്തനായ കർദ്ദമന് സുന്ദരികളായ ഒമ്പതുപുത്രിമാരെ ലഭിച്ചു. ഇങ്ങിനെ ഇന്ദ്രിയാൎത്ഥങ്ങളിൽകിടന്നുവലയാതെ

വേഗം തപസ്സിന്നായി വനത്തിലേയ്ക്കുപോകതന്നെ എന്നു വെച്ച് പുറപ്പെട്ടവാൻ ഭാവിക്കുമ്പോഠ 'അല്ലയോ ഭത്താവേ! അങ്ങിപ്പോഠ എന്നെ വിട്ടുപോകുന്നതു് ഉചിതമല്ല പുത്രൻ കൂടെയുണ്ടെങ്കിൽ സമാധാനമുണ്ടായിരുന്നു, എന്നിങ്ങിനെ ദേവഹൂതി പറഞ്ഞപ്പോഠ അവളുടെ ഇഷ്ടത്തിനായി, പണ്ടു ഭഗവാൻ അരുളിച്ചെയ്തിട്ടുള്ളതിനെ സ്മരിച്ചും, കപിലവാസുദേവൻെറ ജനനത്തിൽതന്നെ ശ്രദ്ധയുള്ളവനായിട്ടു കുറേക്കാലവുംകൂടി താമസിച്ചു.

9 നിജഭർത്തൃഗിരാ ഭവന്നിഷേവാ-
നിരതായാമഥ ദേവ ദേവഹൂത്യാം
കപിലസ്ത്വമജായഥാ ജനാനാം
പ്രഥയിഷ്യൻ പരമാത്മതത്വവിദ്യാം

സാരം:— അല്ലയോ ദേവ അനന്തരം തൻെറ ഭർത്തൃഗിരംശ്രവിച്ച് ഭഗവൽഭജനത്തിൽ പൂർവ്വാധികം ശ്രദ്ധയുള്ളവളായിരിക്കുന്ന ദേവഹൂതിയാൽ, ജനങ്ങഠക്കു ആത്മവിഷയകമായ തത്വത്തെ വെളിവാക്കിക്കൊടുപ്പാൻ വേണ്ടി അങ്ങു കപിലമൂർത്തിയായവതരിച്ചു.

10 വനമേയുഷി കർദ്ദമേ പ്രസന്നേ
മതസർവ്വസ്വമുപാദിശൻ ജനന്യൈ
കപിലാത്മക, വായുമന്ദിരേശ!
ത്വരിതം ത്വം പരിപാഹി മാം ഗദൗഘാൽ

സാരം:—കർദ്ദമൻ കൃതകൃത്യനായിട്ട്—ഭഗവാൻ തൻെറ പുത്രഭാവത്തിലവതരിച്ചപ്പോഠ കൃതാർത്ഥനായിട്ട്—തൻെറ പുത്രിമാരെ അനുരൂപന്മാരായ ഭർത്താക്കളെ ഏല്പിച്ചു—ഭർത്താക്കന്മാക്കു വിവാഹം ചെയ്തുകൊടുത്തു. ഇങ്ങിനെ

സന്തുഷ്ടനായിത്തീൎന്ന കൎദ്ദമൻ തപോവനത്തെ പ്രാപിച്ച ശേഷം അങ്ങ് — ആ കപിലമൂൎത്തി — തൻെറ മതസിദ്ധാന്തത്തെ മുഴുവനും പരമഭക്തയായ ജനനിക്കുപദേശിച്ചു അല്ലയോ കപിലമൂൎത്തിയായ ഗുരുവായൂരപ്പ! ഇത്രയും കരുണാശാലിയായ നിന്തിരുവടി ഇനിയെങ്കിലും താമസിക്കാതെ എന്നെ ഈ രോഗസങ്കടത്തിൽനിന്നു രക്ഷിക്കണേ!

## പതിനഞ്ചാം ദശകം

### കപിലോപദേശം

1 മതിരിഹ ഗുണസക്താ ബന്ധകൃത്തേഷ്വസക്താ
ത്വമൃതകൃദുപരുന്ധേ ഭക്തിയോഗസ്തു സക്തിം
മഹദനുഗമലഭ്യാ ഭക്തിരേവാത്ര സാദ്ധ്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:— ത്രൈലോക്യത്തിൽ വിഷയാസക്തയായിരിക്കുന്ന ബുദ്ധി, സംസാരബന്ധത്തെച്ചെയ്യുന്നതാകുന്നു. ആവക വിഷയങ്ങളിൽ ആസക്തിയില്ലാത്ത ബുദ്ധി മോക്ഷത്തെ സാധിപ്പിക്കുന്നതാണ്. ഭക്തിയോഗമാകട്ടെ, വിഷയാസക്തിയെ തടുക്കുന്നു. ഇതുകാരണം ലോകത്തിൽ സജ്ജനശുശ്രൂഷനിമിത്തം സിദ്ധിക്കാവുന്നതായ ഭക്തിതന്നെയാണ് സാധിക്കപ്പെടേണ്ടതു് എന്നിങ്ങിനെ കപിലമൂൎത്തിയായ നിന്തിരുവടി ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

2 പ്രകൃതിമഹദഹങ്കാരാശ്ച, മാത്രാശ്ച, ഭൂതാ-
ന്യപി, ഹൃദപി, ദശാക്ഷീ പൂരുഷഃ പഞ്ചവിംശഃ
ഇതി വിദിതവിഭാഗോ മുച്യതേസൗ പ്രകൃത്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:— മായ, മഹത്തത്വം, അഹങ്കാരം ഇവയും പഞ്ചതന്മാത്രകളും പഞ്ചമഹാഭൂതങ്ങളും മനസ്സും ദശേന്ദ്രിയങ്ങളും ഇങ്ങിനെയാണ് ഇരുപത്തിനാലുതത്വങ്ങൾ. ജീവാത്മാവാകട്ടെ, ഇരുപത്തഞ്ചാമത്തെ തത്വമാകുന്നു. ഈ വിധമുള്ളവിഭാഗത്തെ തിരിച്ചറിയുന്ന ജീവാത്മാ, മായയാൽ മോചിക്കപ്പെടുന്നു. എന്നിങ്ങനെ കപിലമൂർത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

3 പ്രകൃതിഗതഗുണൈരയൈലിന്നാജ്യതേ പൂരുഷോയം
യദി തു സജതി തസ്യാം തൽഗുണാസ്തം ഭജേരൻ
മദനഭജനതത്വാലോചനൈഃ സാപ്യപേയാൽ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:— ഈ ജീവൻ മായാസംബന്ധികളായ ഗുണസമൂഹങ്ങളാൽ സ്പർശിക്കപ്പെടുന്നില്ല. എന്നാൽ പ്രകൃതിധർമ്മങ്ങളായ ശരീരാദിയിൽ സക്തനായിഭവിക്കുന്നുവെങ്കിൽ പ്രകൃതിഗുണങ്ങൾ പുരുഷനെ സംസാരദുഃഖത്തെ അനുഭവിപ്പിക്കും. ആ പ്രകൃതിയാകട്ടെ, ഈശ്വരഭജനം പരമാത്ഥജ്ഞാനം ഇവകൊണ്ടു് പുരുഷനെ വിട്ടുപിരിയും എന്നിങ്ങിനെ കപിലമൂർത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

4 വിമലമതിരുപാത്തൈരാസനാദ്യൈമ്മദംഗം
ഗരുഡസമധിരൂഢം ദിവ്യഭൂഷായുധാങ്കം
രുചിതുലിതതമാലം ശീലയേതാനുവേലം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:— യമനിയമാദികളെക്കൊണ്ടു പരിശുദ്ധാന്തഃകരണനായഭക്തൻ ഗരുഡാരൂഢനായി ദിവ്യങ്ങളായ ഭൂ

ഷണങ്ങളെക്കൊണ്ടു മനോഹരമായി പച്ചിലമരത്തിൻെറ കാന്തിയോടുകൂടിയുള്ള ഈശ്വരനായ എൻെറ അംഗത്തെ ഇടവിടാതെ ധ്യാനിച്ചുശീലിക്കണം, എന്നിങ്ങിനെ കപിലമൂത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

5 മമ ഗുണഗണലീലാകണ്ണനൈഃ കീത്തനാദ്യൈ-
ർമ്മയി സുരസരിദോഘപ്രഖ്യചിത്താനുവൃത്തിഃ
ഭവതി പരമഭക്തിഃ സാ ഹി മൃത്യോർവിജേത്രീ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:—എൻെറ ഗുണഗണങ്ങളേയും ലീലാവിശേഷങ്ങളേയും കേൾക്കുക, നാമങ്ങളെ കീത്തിക്കുക മുതലായതുകൊണ്ട് ഗംഗാപ്രവാഹമെന്നപോലെ പോയിക്കൊണ്ടിരിക്കുന്ന മനോവൃത്തിയോടുകൂടി പരമഭക്തനായിത്തീരുന്നു. അതുതന്നെയാണ് സംസാരദുഃഖത്തെ നിവൃത്തിപ്പിക്കുന്നതു് എന്നിങ്ങിനെ കപിലമൂത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

6 അഹഹ ബഹുലഹിംസാസഞ്ചിതാത്ഥൈഃ കുടുംബം
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ,
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:—കഷ്ടമേകഷ്ടം! അനേകവിധ ഹിംസചെയ്തു സമ്പാദിച്ചിരിക്കുന്ന ദ്രവ്യംകൊണ്ട് പ്രതിദിനം കുടുംബം പുലത്തുന്നവനും സ്ത്രീകൾക്കധീനനും കുട്ടികളെഓമനിച്ചു കാലംകഴിക്കുന്നവനും ഗൃഹത്തിൽ അത്യാസക്തനും ഭഗവൽഭക്തിയില്ലാത്തവനുമായവൻ തീച്ചയായും നരകത്തെ

പ്രാപിക്കും എന്ന് കപിലമൂർത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

7 യുവതിജഠരഖിന്നോ ജാതബോധോപ്യകാണ്ഡേ
പ്രസവഗളിതബോധഃ പീഡയോല്ലംഘ്യ ബാല്യം
പുനരപി ബത! മുഹ്യത്യേവ താരുണ്യകാലേ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:—മാതൃഗർഭത്തിലിരുന്നു ക്ലേശിക്കുമ്പോഴും അസംഗതമായി പരമാത്മജ്ഞാനമുണ്ടാകുന്നു. എങ്കിലും പെററുവീഴുമ്പോഴും അതെല്ലാം മറന്നിട്ട് അനേകവിധ പീഡകളോടുകൂടി ബാല്യകാലംകഴിച്ചുകൂട്ടി യൌവനാവസ്ഥയിൽ പിന്നെയും മോഹിക്കുന്നു. കഷ്ടം! ഇപ്രകാരം കപിലമൂർത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

8 പിതൃസുരഗണയാജീ ധാർമ്മികോ യോ ഗൃഹസ്ഥഃ
സ ച നിപതതി കാലേ ദക്ഷിണാധ്വോപഗാമീ
മയി നിഹിതമകാമം കർമ്മ തൂദക്പദാർത്ഥം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

സാരം:—പിതൃക്കളേയും ദേവഗണങ്ങളേയും പൂജിക്കുന്നവനും സ്വധർമ്മാചരണ തല്പരനുമായ ഗൃഹസ്ഥൻ ഏതോ, അവനും ധൂമാദിമാർഗ്ഗത്തിൽക്കൂടെ ഗമിച്ചിട്ട് പുണ്യക്ഷയകാലത്തിൽ വീണ്ടും ഭൂമിയിൽ ജനിക്കുന്നു. ഭഗവത്സമർപ്പണമായി ഫലേച്ഛകൂടാതെ ചെയ്യപ്പെടുന്ന കർമ്മംതന്നെയാണ്. അർച്ചിരാദിമാർഗ്ഗഗമനത്തിന്നായിക്കൊണ്ടുള്ളത് എന്നിങ്ങിനെ കപിലമൂർത്തിയായ അങ്ങ് ദേവഹൂതിക്കായിക്കൊണ്ടുപദേശിച്ചു.

9 ഇതി സുവിദിതവേദ്യം ദേവ ഹേ ദേവഹൂതിം
കൃതനുതിമനുഗൃഹ്യ ത്വം ഗതോ യോഗിസംഘൈഃ
വിമലമതിരഥാസൌ ഭക്തിയോഗേന മുക്താ
ത്വമപി ജനഹിതാൎത്ഥം വൎത്തസേ പ്രാഗുദീച്യാം

സാരം:—അല്ലയോ ദേവ! അറിയപ്പെടേണ്ടതിനെ വേണ്ടവിധം അറിഞ്ഞവളും ഭഗവാനെ സ്തുതിച്ചവളുമായ ദേവഹൂതിയെ ഇപ്രകാരം അനുഗ്രഹിച്ചിട്ട് അങ്ങ് യോഗീശ്വരന്മാരോടുകൂടിപ്പോയി. അനന്തരം പരിശുദ്ധമനസ്സായിരിക്കുന്ന ഇവൾ ഭക്തിയോഗംകൊണ്ടു മുക്തയായി ഭവിച്ചു. കപിലമൂൎത്തിയായ അങ്ങാകട്ടെ ത്രൈലോക്യരക്ഷയ്ക്കായിക്കൊണ്ട് വടക്കുകിഴക്കേദിക്കിൽ ഇപ്പോഴുംസ്ഥിതിചെയ്യുന്നു.

10 പരമ കിമു ബഹൂക്ത്യാ ത്വൽപദാംഭോജഭക്തിം
സകലഭയവിനേത്രീം സൎവ്വകാമോപനേത്രീം
വദസി ഖലു ദൃഢം ത്വം തദ്വിധൂയാമയാൻ മേ
ഗുരുപവനപുരേശ! ത്വയ്യുപാധത്സ്വ ഭക്തിം

സാരം:—അല്ലയോ പരമപുരുഷ! വളരെ പറഞ്ഞിട്ടെന്തു പ്രയോജനം? അങ്ങയുടെ പാദാരവിന്ദങ്ങളെ ലക്ഷീകരിച്ചിട്ടുള്ള ഭക്തി സകല ഭയങ്ങളേയും ഒഴിക്കുന്നതും സൎവ്വാഭീഷ്ടങ്ങളേയും തരുന്നതും ആണെന്നു അങ്ങ് ഉറപ്പായിപ്പറയുന്നുവല്ലൊ. അതിനാൽ അല്ലയോ ഗുരുവായൂരപ്പ എന്റെ രോഗങ്ങളെ ആട്ടിഓടിച്ച് അങ്ങയിൽ ഭക്തിവൎദ്ധമാനമാക്കിത്തരേണമെ.

# ചതുർത്ഥസ്കന്ധം

## പതിനാറാം ദശകം

(നരനാരായണാവതാരവും ദക്ഷയാഗവും)

1 ദക്ഷോ വിരിഞ്ചതനയോഥ മനോസ്തനൂജാം
ലബ്ധ്വാ പ്രസൂതിമിഹ ഷോഡശ ചാപ കന്യാഃ
ധർമ്മേ ത്രയോദശ ദദൌ പിതൃഷു സ്വധാഞ്ച
സ്വാഹാം ഹവിർഭുജി സതീം ഗിരിശേ ത്വദംശേ.

സാരം:—ബ്രഹ്മപുത്രനായ ദക്ഷപ്രജാപതിക്ക് മനുവിൻെറ പുത്രിയായ പ്രസൂതിഎന്നവളെലഭിച്ചിട്ടു പതിനാറു പുത്രിമാരെ ജാതമാക്കി. അതിൽ ധർമ്മദേവന്നു പതിമൂന്നിനേയും പിതൃക്കൾക്കു സ്വധയേയും അഗ്നിക്കു സ്വാഹയേയും അങ്ങയുടെ അംശമായ പരമേശ്വരന്നു് സതിയേയും ദാനംചെയ്തു.

2 മൂർത്തിർഹി ധർമ്മഗൃഹിണീ സുഷുവേ ഭവന്തം
നാരായണം നരസഖം മഹിതാനുഭാവം
യജ്ജന്മനി പ്രമുദിതാഃ കൃതതൂര്യ്യഘോഷാഃ
പുഷ്പോൽകരാൻ പ്രവവൃഷുർന്നുവുഃ സുരൌഘാഃ

സാരം: —പ്രസിദ്ധയായി ധർമ്മദേവൻെറപത്നിയായ മൂർത്തിദേവി, പൂജ്യപ്രഭാവനായി നരനോടുകൂടിയവനായിരിക്കുന്ന നാരായണനായ അങ്ങയെ പ്രസവിച്ചു. നാരായണാ

വതാരത്തിങ്കൽ സന്തോഷഭരിതന്മാരായിരിക്കുന്ന ദേവസമൂഹം പെരുമ്പറയടിച്ച് പുഷ്പവൎഷംചെയ്തു സ്തുതിഗീതങ്ങൾ പാടി.

3 ദൈത്യം സഹസ്രകവചം കവചൈഃ പരീതം
സാഹസ്രവത്സരതപസ്സമരാഭിലവ്യൈഃ
പര്യായനിൎമ്മിതതപസ്സമരൌ ഭവന്തൌ
ശിഷ്ടൈകകങ്കടമമും ന്യഹതാം സലീലം.

സാരം:—ആയിരം സംവത്സരത്തെ തപസ്സുകൊണ്ടും യുദ്ധംകൊണ്ടും മുറിപ്പാൻ കഴിയുന്ന ആയിരം കവചങ്ങളെക്കൊണ്ട് ചുററപ്പെട്ടവനായ സഹസ്രകവചനെന്ന പേരായ ദൈത്യനെ ഊഴപ്രകാരം തപസ്സും യുദ്ധവും ചെയ്തുകൊണ്ടിരിക്കുന്ന നിങ്ങൾ രണ്ടുപേരുംകൂടെ ഒരു കവചം മാത്രം ശേഷിപ്പുള്ളവനാക്കീട്ട് ഇവനെ കളിയായി നിഗ്രഹിച്ചു.

(പണ്ടു സഹസ്രകവചനെന്നുപേരായി ഒരു അസുരൻ ഉണ്ടായി. അവന് ആയിരം കവചങ്ങളുണ്ട്. ആ കവചമെല്ലാം മുറിച്ചല്ലാതെ അവനെ കൊല്ലുവാൻ സാദ്ധ്യമല്ല. ആയിരം സംവത്സരം തപസ്സുചെയ്കയും അത്രകാലം യുദ്ധംചെയ്കയും ചെയ്താൽ മാത്രം അവൻെറ ഒരു കവചം മുറിപ്പാൻ കഴിയും. നരനാരായണന്മാരായ നിങ്ങൾ രണ്ടുപേരിൽ ഒരാൾ തപസ്സുചെയ്കയും മറേറ ആൾ യുദ്ധംചെയ്കയും ചെയ്തുതുടങ്ങി. രണ്ടും ഒരാൾതന്നെയാകയാൽ ഒരാളുടെ തപഃഫലം മറേറ ആളിൽ സംക്രമിപ്പിക്കുന്നതിനു വിരോധമുണ്ടാകയില്ല. ഇങ്ങിനെ ആയിരം സംവത്സരംകൊണ്ട് ആ ദൈത്യൻെറ ഒരു കവചം മുറിച്ചു. അതിൽ പിന്നെ ആദ്യം തപസ്സുചെയ്തവൻ യുദ്ധവും ആദ്യം യുദ്ധം

ചെയ്തുവൻ തപസ്സും ആരംഭിച്ചു. ഇങ്ങിനെ നിങ്ങൾ രണ്ടു പേരുംകൂടെ ഊഴപ്രകാരം തപസ്സും യുദ്ധവും ചെയ്തുകൊണ്ടു് സഹസ്രകവചന്റെ 999കവചവും (ചട്ടയും) മുറിച്ചു ബാക്കി ഒരു കവചംമാത്രം ശേഷിപ്പുള്ള ഇവനെ വിനോദമട്ടിൽ യാതൊരു വിഷമവുംകൂടാതെ നിഗ്രഹിച്ചു.)

4 അന്വാചരന്നുപദിശന്നപി മോക്ഷധൎമ്മം
ത്വം ഭ്രാതൃമാൻ ബദരികാശ്രമമധ്യവാത്സീഃ
ശക്രോഥ തേ ശമതപോബലനിസ്സഹാത്മാ
ദിവ്യാംഗനാപരിവൃതം പ്രജിഘായ മാരം.

സാരം: — അങ്ങു് അനുജനായ നരനോടുകൂടെ മോക്ഷധൎമ്മത്തെ ആചരിക്കുകയും അന്യൎക്കുപദേശിക്കുകയും ചെയ്തുകൊണ്ടു് ബദൎയ്യാശ്രമത്തിൽ വസിച്ചു. അപ്പോൾ ദേവേന്ദ്രൻ അങ്ങയുടെ ശമത്തേയും തപോബലത്തേയും കണ്ടു് അപ്സരസ്ത്രീകളോടുകൂടെ കാമദേവനെ അയച്ചു.

(ദേവേന്ദ്രൻ അങ്ങയുടെ ഇന്ദ്രിയനിഗ്രഹ തപോബലാദികൾ കണ്ടു് അസൂയാകലുഷിതനായി, ഇദ്ദേഹം ഒരു സമയം തപശ്ശക്തികൊണ്ടു് സ്വൎഗ്ഗത്തെ കയ്യിലാക്കുമോ എന്നു ശങ്കിച്ചു് അസൂയാഭയാദികളാൽ സഹിപ്പാൻവഹിയാതെ അങ്ങയുടെ തപസ്സിളക്കുവാൻവേണ്ടി അപ്സരസ്ത്രീകളെക്കൂട്ടി കാമദേവനെ അയച്ചു.)

5 കാമോ വസന്തമലയാനിലബന്ധുശാലീ
കാന്താകടാക്ഷവിശിഖൈൎവ്വികസദ്വിലാസൈഃ
വിധ്യന്മുഹുൎമ്മുഹുരകമ്പമുദീക്ഷ്യ ച ത്വാം
ഭീതസ്ത്വയാഥ ജഗദേ മൃദുഹാസഭാജാ

സാരം: — വസന്തം, മലയമാരുതൻ ഇങ്ങിനെയുള്ള ബന്ധുക്കളോട്ടുകൂടിയകാമദേവൻ പ്രകാശിച്ചുകൊണ്ടിരിക്കുന്ന വിലാസങ്ങളോടെ ദിവ്യസ്ത്രീകളുടെ കടാക്ഷമാകുന്ന ശരങ്ങളെക്കൊണ്ടു് അങ്ങയെ തുടരെത്തുടരെ എയ്തിട്ടും അങ്ങയ്ക്കു യാതൊരിളക്കവുമില്ലെന്നുകണ്ടു് ഭയപ്പെടുകയും, അങ്ങാവട്ടെ പുഞ്ചിരിക്കുകയും ചെയ്തു.

(ദേവനാഥൻെറ ആജ്ഞയനുസരിച്ചു് അങ്ങയുടെ തപസ്സിളക്കുവാൻ പുറപ്പെട്ട കാമദേവൻ; വസന്തൻ മലയമാരുതൻ തുടങ്ങിയ ബന്ധുക്കളോട്ടുകൂടെ ബദര്യാശ്രമത്തിൽചെന്നു്, പുരികക്കൊടികളിളക്കുക, കടക്കണ്ണെർപ്പിക്കുക മുതലായ പലതരം വിലാസങ്ങളോട്ടുകൂടിയ ദിവ്യസ്ത്രീകളുടെ കടാക്ഷമാകുന്ന ശരനിരയെക്കൊണ്ടു അങ്ങയെ വീണ്ടും വീണ്ടും പ്രഹരിച്ചു; യാതൊന്നിനാലും യാതൊരു ചാഞ്ചല്യവുമില്ലെന്നു് കണ്ടു്, മഹദതിക്രമം നിമിത്തം വന്നേക്കാവുന്ന ആപത്തുകളെ ഓർത്തു് ഭയപരവശരായിത്തീൎന്ന അനന്തരം അങ്ങു് പുഞ്ചിരിക്കൊള്ളുകയാണ് ചെയ്തതു്.)

6 ഭീത്യാലമംഗജ!വസന്ത!സുരാംഗനാ!വോ
മന്മാനസന്തപിഹജുഷ്ടമിതി ബ്രുവാണഃ
ത്വം വിസ്മയേന പരിതഃ സ്തുവതാമഥൈഷാം
പ്രാദർശയഃ സ്വപരിചാരകകാതരാക്ഷീഃ

സാരം: — അല്ലയോ കാമ! അല്ലയോ വസന്തമെ! അല്ലയോ ദേവസ്ത്രീകളെ നിങ്ങൾ ഭയപ്പെടേണ്ട. ഇവിടെ അ..ത്തുവന്നിട്ടു് എൻെറ മനസ്സങ്കല്പത്തെ അനുവൎത്തിക്കുവിൻ! എന്നിങ്ങിനെ അരുളിച്ചെയ്യുന്നതുകേട്ടു് അത്യാശ്ചൎയ്യത്തോടെ ചുററും നിന്നു് സ്തുതിക്കുന്ന കാമാദികൾക്കു തൻെറ പരിചാരികമാരായ ചില സുന്ദരിമാരെ കാണിച്ചുകൊടുത്തു.

(കാമൻ മുതലായവരെ ഭയപ്പെടുത്തണമെന്നോ ഉപദ്രവിക്കണമെന്നോ അങ്ങെക്കുവിചാരമുണ്ടായിരുന്നില്ല എങ്കിലും അവർചെയ്ത അപരാധത്തെ ഓൎത്ത് ഭയാകുലരായ കാമാദികളോടു അങ്ങു ഈവിധമരുളിച്ചെയ്തു:-"ഹേ കാമ! ഹേ വസന്തമേ! ഹേ ദേവസ്ത്രീകളെ നിങ്ങഠം ഭയപ്പെടേണ്ട; എന്റെ അടുത്തുവന്നിട്ട് എന്റെ അഭിപ്രായത്തെ അനുവൎത്തിക്കുവിൻ! അല്ലെങ്കിൽ ഞാൻ മനസ്സുകൊണ്ടു സങ്കല്പിച്ചിരിക്കുന്നസല്ക്കാരത്തെ നിൎഭയരായിട്ട് സ്വീകരിക്കുവിൻ! അഥവാ എന്നാൽ മനസ്സുകൊണ്ടു സൃഷ്ടിച്ചതും നിങ്ങളുടെ സ്വൎഗ്ഗത്തിൽപോലും കണ്ടുകിട്ടാത്തതുമായ സ്ത്രീരത്നങ്ങളെ ഞാൻ തരുന്നതു സ്വീകരിക്കുവിൻ—എന്നാൽ ചെയ്യപ്പെടുന്ന സമ്മാനപൂജാദികളെ കയ്ക്കൊള്ളുവിൻ" ഇപ്രകാരം അരുളിച്ചെയ്ത സമയത്തിൽ 'അഹോ! എന്തൊരാശ്ചൎയ്യം!' എന്നിങ്ങിനെ വിസ്മയത്തോടെ നിൎഭയരായി അങ്ങെയുടെ ഒട്ടടുത്തുചുററം നിന്നുസ്തുതിക്കുന്ന കാമാദികഠംക്കു തന്റെപരിചാരികകളും അതിസുന്ദരിമാരുമായ ചില ദിവ്യസ്ത്രീകളെസ്വയോഗമായാവൈഭവംകൊണ്ടു പ്രത്യക്ഷത്തിൽകാണിച്ചുകൊടുത്തു. സ്വൎഗ്ഗസ്ത്രീകളുടെകടാക്ഷവിക്ഷേപാദികളെക്കൊണ്ടു് കാമൻ ഏതൊരാളെ ശമതപോബലത്തിൽനിന്നു ഭ്രംശിപ്പിച്ചുകളയാമെന്നു വിചാരിച്ചുവോ, അദ്ദേഹത്തിന്റെ വെറും പരിചാരികമാരായ സ്ത്രീകളുടെ സൌന്ദൎയ്യാതിശയം ആ സ്വൎഗ്ഗസ്ത്രീകളേയും കാമനേയും ആശ്ചൎയ്യലജ്ജാപരതന്ത്രരാക്കിത്തീൎത്തു)

7 സമ്മോഹനായ മിളിതാ മദനാദയസ്തേ
ത്വദ്ദാസികാപരിമളൈഃ കില മോഹമാപൻ
ദത്താം ത്വയാ ച ജഗൃഹുസ്ത്രപയൈവ സൎവ്വ-
സ്വൎവ്വാസിഗൎവ്വശമനീം പുനരുൎവ്വശീം താം

സാരം:—അങ്ങയെ മോഹിപ്പിക്കുവാൻവേണ്ടി യോഗംചേൎന്നുചെന്ന ആ കാമാദികഠം, അങ്ങയുടെ ദാസിമാരുടെ അംഗസൌന്ദൎയ്യംകൊണ്ടു് മോഹിച്ചുപോയി എന്നുപ്രസിദ്ധമാണ്. പിന്നെ അവർ അങ്ങയാൽ ദാനംചെയ്യപ്പെട്ടവളും സ്വൎഗ്ഗവാസികളായ സകലരുടേയും ഗൎവ്വിനേ കളയുന്നവളും പ്രസിദ്ധയുമായ ഉൎവ്വശിയെ ലജ്ജയോടുകൂടിത്തന്നെ സ്വീകരിക്കയും ചെയ്തു.

ഇന്ദ്രാദികഠക്കുകൂടി അങ്ങയുടെ യോഗമായാവൈഭവത്തെ അറിയിക്കേണമെന്ന വിചാരത്തോടെ നിന്തിരുവടിയാൽ ദാനംചെയ്യപ്പെട്ടവളും സ്വരൂപലാവണ്യാതിശയംകൊണ്ടു സ്വൎഗ്ഗവാസികളായ സകല സ്ത്രീപുമാന്മാരുടേയും ഗൎവ്വത്തെ അമൎത്തുന്നവളും ലോകപ്രസിദ്ധയും തന്റെ ദാസിമാരിൽ സാധാരണയുമായ ഉൎവ്വശി എന്ന ദിവ്യ സ്ത്രീരത്നത്തെ കാമാദികഠം ലജ്ജയോടുകൂടെത്തന്നെ സ്വീകരിക്കുകയും ചെയ്തു)

8 ദൃഷ്ട്വോൎവ്വശീം തവ കഥാം ച നിശമ്യ ശക്രഃ
പൎയ്യാകുലോഽജനി ഭവന്മഹിമാവമൎശാൽ
ഏവം പ്രശാന്തരമണീയതരാവതാരാ-
ത്ത്വത്തോഽധികോ വരദ! കൃഷ്ണതനുസ്ത്വമേവ.

സാരം:—ഉൎവ്വശിയേ കാണുകയും അങ്ങയുടെ മാഹാത്മ്യാതിശയത്തെ കേഠക്കുകയുംചെയ്തു ഇന്ദ്രൻ പരവശനായിത്തീൎന്നു. അല്ലയോ വരദനായ ഭഗവാനെ! ഇപ്രകാരം പ്രശാന്തനായി അത്യന്തരമണീയമായിരിക്കുന്ന അവതാരത്തോടുകൂടി'യനാരായണമൂൎത്തിയായ അങ്ങയേക്കാഠം കവിഞ്ഞ രൂപത്തിൽ കൃഷ്ണമൂൎത്തിയായ അങ്ങു മാത്രമേയുള്ളൂ.

(ഇന്ദ്രൻ ഉൎവ്വശിയെകണ്ടു. കാമാദികൾ പറഞ്ഞു് അ ങ്ങയുടെ ശമതപോബലവൈഭവത്തേയും യോഗമായാനുഭ വത്തേയും കേട്ടറിഞ്ഞു. പിന്നെ ഭഗവാൻെറ ഓരോരോ മാ ഹാത്മ്യാതിശയത്തെ വീണ്ടും വീണ്ടും ഓൎത്തോൎത്തു് താൻ ചെയ്ത അപരാധം നിമിത്തം ലജ്ജാപരവശനായിത്തീൎന്നു. ഹേ വരദ അങ്ങയോടു മത്സരിപ്പാൻവേണ്ടി വന്നവൎക്കു കൂടി അഭീഷ്ടത്തെ ദാനംചെയ്യുന്ന കരുണാനിധിയായ ഭഗ വാനെ! ഭഗവാൻെറ അനേകം അവതാരങ്ങളിൽവെച്ചു പ്ര ശാന്തവും അത്യന്തരമണീയവുമായതാണു് നാരായണാവ താരം. എന്നാൽ അനന്തമായ തേജോവിശേഷങ്ങളോടു കൂടി നാരായണമൂൎത്തിയേക്കാൾ പ്രഭാവമേറിയ മററുവല്ല അവതാരങ്ങളുമുണ്ടോ എന്നു നോക്കുന്നതായാൽ കൃഷ്ണമൂൎത്തി യായ അങ്ങു് (കൃഷ്ണാവതാരം) മാത്രം ഉണ്ടെന്നു പറയാവു ന്നതാണു്. മററുള്ള അവതാരങ്ങളെല്ലാം അംശാവതാരവും കൃഷ്ണാവതാരം പൂൎണ്ണാവതാരവുമാകയാൽ കൃഷ്ണാവതാരത്തോ ളം മാഹാത്മ്യം മറെറാന്നിന്നും കല്പിപ്പാൻ യാതൊരു നിൎവ്വാ ഹവുമില്ലതന്നെ.)

9 ദക്ഷസ്യ ധാതുരതിലാളനയാ രജാന്ധോ
നാത്യാദൃതസ്ത്വയി ച കഷ്ടമശാന്തിരാസീൽ
യേന വ്യരുന്ധ സഭവത്തനുമേവ ശൎവ്വം
യജ്ഞേ ച വൈരപിശുനേ സ്വസുതാം വ്യമാനീൽ

സാരം:—ദക്ഷനാകട്ടെ, ബ്രഹ്മാവിൻെറ അതിലാളന ഹേതുവാൽ രജോഗുണാധിക്യംകൊണ്ടു വിവേകശൂന്യനായി, ശമഗുണരഹിതനായിത്തീൎന്നു കഷ്ടം ശാന്തിയെന്ന മാഹാത്മ്യമേറിയ ഗുണം ഇല്ലാതെ, ദക്ഷൻ, അങ്ങയുടെ രൂപാന്തരമായിട്ടുള്ള പരമേശ്വരനെ ധിക്കരിച്ചു. വൈര

സൂചനയായി ദക്ഷയാഗത്തിൽ തൻെറ പുത്രിയായ സതീദേവിയെ അപമാനിക്കയും ചെയ്തു.

ബ്രഹ്മാവു ദക്ഷനെ പ്രജാപതിമാരുടെ സർവ്വാധിപതൃത്തിങ്കൽ അഭിഷേകം ചെയ്കയാലും മററും സാമാന്യത്തിലധികം ലാളിച്ചുപോകയാൽ ദക്ഷൻ രജോഗുണപ്രധാനനായിത്തീരുകയും കാമക്രോധാസൂയാദി ദുർഗ്ഗുണങ്ങളെക്കൊണ്ടു വിവേകശൂന്യനും അങ്ങയിൽപോലും ഗണനയില്ലാത്തവനും ക്ഷമാരഹിതനുമായി ഭവിച്ചു. ബ്രഹ്മാവിനാൽപോലും വെറുക്കപ്പെട്ടവനായെന്നുകൂടിപ്പറയുന്നുണ്ട്. രജോന്ധത്വം, അശാന്തത്വം മഹദതിക്രമം മുതലായവയുകറം വർദ്ധിക്കുക നിമിത്തം അവൻ വിശ്വസൃക്കുകളുടെ യാഗശാലയിൽവെച്ചു തൻെറ ജാമാതാവും ലോകഗുരുവും, അങ്ങയുടെ സ്വരൂപാന്തരവും, അങ്ങയിൽനിന്ന് അഭിന്നനും ആയ പരമേശ്വരനെത്തന്നെ ധിക്കരിച്ചു. എന്നുമാത്രമല്ല, പരമേശ്വരനുമായുള്ള വൈരത്തെ സൂചിപ്പിക്കുന്നതും, പരമേശ്വരനുവിഹിതമായ ഭാഗത്തെ കൊടുക്കാതെ ഒരു പുതിയമട്ടിൽ ആരംഭിക്കപ്പെട്ടതുമായ യാഗത്തിൽ—ദക്ഷയാഗത്തിൽ-തൻെറ പ്രിയപുത്രിയും ചാർച്ചനോക്കി യാഗത്തിൽ സ്വയമേവ വന്നുചേർന്നവളും ലോകനമസ്കൃതയുമായ സതീദേവിയെ പരമേശ്വരപത്നിയാണെന്നുള്ള ഒററ സംഗതിക്കു കലശലായി അപമാനിക്കയും ചെയ്തു.

10 ക്രോധാൽ സമർദ്ദിതമഖഃ സ തു കൃത്തശീർഷോ
ദേവപ്രസാദിതഹരാദഥ ലബ്ധജീവഃ
ത്വൽപൂരിതക്രതുവരഃ പുനരാപ ശാന്തിം
സ ത്വം പ്രശാന്തികര പാഹി മരുൽപുരേശ!

സാരം:—ക്രുദ്ധനായ ഈശനാൽ നശിപ്പിക്കപ്പെട്ട യാഗത്തോടുകൂടിയവനും, ശിരച്ഛേദത്തെ പ്രാപിച്ചവനും

ദേവന്മാരാൽപ്രസാദിക്കപ്പെട്ട ഹരങ്കൽനിന്നു് ജീവനെ ലഭിച്ചവനും, അങ്ങയാൽ പൂൎണ്ണമായിച്ചെയ്യപ്പെട്ട ശ്രേഷ്ഠ യാഗത്തോടുകൂടിയവനുമായിട്ടു് ദക്ഷൻ ശമത്തെപ്രാപിച്ചു. അല്ലയോ പ്രശാന്തികരനായ ഗുരുവായൂരപ്പ! ആ നി ന്തിരുവടി എന്നെ രക്ഷിക്കണേ!

(ദക്ഷനാകട്ടെ തന്നാൽ അപമാനിക്കപ്പെട്ടതുനിമി ത്തം സതീദേവി യാഗാഗ്നിയിൽ ദഹിച്ചഉടനെ ആ വി വരമറിഞ്ഞു് അത്യന്തംകോപാകുലനായ പരമേശ്വരനാൽ സൃഷ്ടിക്കപ്പെട്ട വീരഭദ്രനാലും ഭൂതഗണങ്ങളാലും യാഗമാ സകലം നശിപ്പിക്കുകയും തന്റെ ശിരച്ഛേദനം ചെയ്യപ്പെ ടുകയും ചെയ്തതിന്റെശേഷം ദേവന്മാരാൽ പ്രസാദിതനാ യ പരമേശ്വരനാൽ അജശിരസ്സുചേൎത്തു് ജീവിക്കപ്പെ ടുകയും അങ്ങയാൽ യാഗം പരിപൂൎണ്ണമാക്കപ്പെടുകയും ചെ യ്തപ്പോൾ ക്രോധമത്സരാദികൾവിട്ടു് ഉപശാന്തനായിത്തീൎന്നു. ഹേ ഉദ്ധതന്മാരുടെ ഗൎവ്വത്തെ നശിപ്പിച്ചു പ്രശാന്തിയെ ചെയ്യുന്ന ഗുരുവായൂരപ്പ! ദക്ഷന്നു് ഈവിധം നന്മവരു ത്തിക്കൊടുത്തവനായ നിന്തിരുവടി രോഗശാന്തിയേ ചെയ്തു് എന്നെ രക്ഷിക്കണേ)

## പതിനേഴാം ദശകം

### (ധ്രുവചരിതം.)

1 ഉത്താനപാദനൃപതേൎമ്മനുനന്ദനസ്യ
ജായാ ബഭൂവ സുരുചിൎന്നിതരാമഭീഷ്ടാ
അന്യാ സുനീതിരിതി ഭൎത്തുരനാദൃതാ സാ
ത്വാമേവ നിത്യമഗതിഃ ശരണം ഗതാഭൂൽ

സാരം:— മനുപുത്രനായ ഉത്താനപാദനു സുരുചിയെ ന്നും സുനീതിയെന്നും പേരുള്ള രണ്ടുഭാൎയ്യമാരുള്ളതിൽ സുരുചി അത്യന്തം അഭിമതയായിത്തീൎന്നു. ഭൎത്താവിനാൽ അത്രതന്നെ ആദരിക്കപ്പെടാത്തവളായ സുനീതി, അനന്യശരണയെന്നോണം നിത്യവും അങ്ങയെ ശരണംപ്രാപിച്ചു—തന്റെ ദുഃഖാവസ്ഥയെ അങ്ങയുടെ പാദാന്തികത്തിൽ സമൎപ്പിച്ചുകൊണ്ടു ഭജിച്ചു.

2 അങ്കേ പിതുഃ സുരുചിപുത്രകമുത്തമം തം
ദൃഷ്ട്വാ ധ്രുവഃ കില സുനീതിസുതോഽധിരോക്ഷ്യൻ
ആചിക്ഷിപേ കില ശിശുഃ സുതരാം സുരുച്യാ;
ദുസ്സന്ത്യജാ ഖലു ഭവദ്വിമുഖൈരസൂയാ

സാരം:— സുരുചിയുടെ പുത്രനായ ഉത്തമൻ രാജാവിന്റെ—അവരുടെ പിതാവിന്റെ മടിയിൽ ഇരിക്കുന്നതു സുനീതിയുടെ പുത്രനായ ധ്രുവൻകണ്ടിട്ട് തനിക്കും അച്ഛന്റെ മടിയിലിരിക്കണമെന്നാഗ്രഹിച്ചടുത്തുചെന്നപ്പോൾ സുരുചിയാൽ ത.ക്കപ്പെട്ടവനായിട്ട് അവൻ അവശനായി നിന്നു. ഭഗവദ്വിമുഖന്മാരായ ജനങ്ങളാൽ അസൂയ ഉപേക്ഷിക്കപ്പെടുവാൻ കഴിയാത്തതാണു്, തീൎച്ചതന്നെ.

3 ത്വന്മോഹിതേ പിതരി പശ്യതി ദാരവശ്യേ
ദൂരം ദുരുക്തിനിഹതഃ സ ഗതോ നിജാംബാം
സാഽപി സ്വകൎമ്മഗതിസന്തരണായ പുംസാം
ത്വൽപാദമേവ ശരണം ശിശവേ ശശംസ

സാരം:— ഭഗവന്മായാമോഹിതനായി ഭാൎയ്യയായ സുരുചിക്കധീനനായിരിക്കുന്ന അച്ഛൻ കാൺകെ സുരുചിയുടെ ദുഷിച്ചവചനങ്ങളാൽ അത്യന്തം ഹൃദയവ്യഥയോടുകൂടിയ

ധ്രുവൻ തന്റെ അമ്മയുടെ സമീപത്തേയ്ക്കചെന്നപ്പോഠം സുനീതിയാകട്ടെ മനുഷ്യൎക്ക തങ്ങളുടെ ദുഃഖമുണ്മഗതി നീങ്ങുവാനായി ഭഗവൽപാദമേ ശരണമുള്ളുവെന്നു് കുട്ടിക്കുപദേശിച്ചു—തന്റെ പുത്രനെ മടിയിലിരുത്തി ആശ്വസിപ്പിച്ചു് 'നീ ഈശ്വരനേ ഭജിക്കുക. സകലസങ്കടങ്ങളും തീൎത്തു ആ വിശ്വംഭരൻ സൌഖ്യത്തെയരുളും എന്നനുശാസിച്ചു

4 ആകൎണ്ണ്യ സോപി ഭവദച്ചനനിശ്ചിതാത്മാ
മാനീ നിരേത്യ നഗരാൽ കില പഞ്ചവൎഷഃ
സംദൃഷ്ടനാരദനിവേദിതമന്ത്രമാൎഗ്ഗ-
സ്ത്വാമാരരാധ തപസാ മധുകാനനാന്തേ

സാരം:— അഞ്ചുവയസ്സേ പ്രായമുള്ളുവെങ്കിലും അഭിമാനത്തോടുകൂടിയ — പരിശുദ്ധസത്വഗുണിയായ — ആ ബാലൻ — ധ്രുവൻ — അമ്മപറഞ്ഞതു കേട്ടു് നിന്തിരുവടിയെ ഉപാസിക്കുന്നതിനു — ഭജിക്കുന്നതിനു-തന്നെ നിശ്ചയിച്ചു. പട്ടണത്തിൽനിന്നു വെളിയിൽവന്നു്, വഴിമദ്ധ്യേ കണ്ട നാരദമുനിയിൽനിന്നു മൂലമന്ത്രോപദേശം ലഭിച്ചു്, മധുവനത്തിൽ ചെന്നു് അങ്ങയെ തപസ്സുചെയ്താരാധിച്ചു

5 താതേ വിഷണ്ണഹൃദയേ നഗരീം ഗതേന
ശ്രീനാരദേന പരിസാന്ത്വിതചിത്തവൃത്തൌ,
ബാലസ്ത്വദൎപ്പിതമനാഃ ക്രമവൎദ്ധിതേന,
നിന്യേ കഠോരതപസാ കില പഞ്ചമാസാൻ.

സാരം:— തന്റെ ശ്രദ്ധക്കുറവുകൊണ്ടുണ്ടായ കുററം കൊണ്ടു ബാലനായപുത്രൻ പട്ടണം വിട്ടുപോയതു ചിന്തിച്ചും, വല്ല ആപത്തുകളും സംഭവിച്ചേക്കുമോ എന്നുശങ്കിച്ചു ഭയപ്പെട്ടും ദുഃഖിതനായിത്തീൎന്ന ഉത്താനപാദനെ നാരദൻ

സമാധാനപ്പെടുത്തി. ധ്രുവനാകട്ടെ, നിന്തിരുവടിയിൽ ഏകാഗ്രഭാവനായി മനസ്സിനെ നിറുത്തി, ക്രമേണ കഠിനമായിത്തീൎന്ന തപസ്സുകൊണ്ടു് അഞ്ചുമാസം കഴിച്ചു ആദ്യത്തെമാസത്തിൽ മുമ്മൂന്നുദിവസം കൂടുമ്പോഴ് ലന്തപ്പഴവും വിളാമ്പഴവും തിന്നിരുന്നു. രണ്ടാംമാസത്തിൽ ആറാറുദിവസം കൂടുമ്പോഴ് ഉണങ്ങിയപുല്ലു് ഇല ഇവകൊണ്ടുപജീവിച്ചു. മൂന്നാംമാസത്തിൽ ഒമ്പതുദിവസം കൂടുമ്പോഴ് വെള്ളംമാത്രം ഉപജീവിച്ചുവന്നു. നാലാംമാസത്തിൽ പന്ത്രണ്ടു ദിവസം കൂടുമ്പോഴ് വായു ഭക്ഷണം ചെയ്തു. ആ ദിവസത്തിൽ മാത്രമേ രേചകപ്രണായാമം ചെയ്തു് പൂരകത്തെ ശീലിച്ചിട്ടുള്ളു. മററു സമയങ്ങളിലെല്ലാം കുംഭകമെന്നു പറയുന്നു. അഞ്ചാംമാസത്തിൽ ശ്വാസമെല്ലാമടക്കി ഒരു കാലിന്റെ പെരുവിരൽ മാത്രം നിലത്തൂന്നി ഭഗവത്സ്വരൂപത്തെ ഏകാഗ്രമായി ധ്യാനിച്ചുകൊണ്ടിരുന്നു. ഇങ്ങിനെയായിരുന്നു ധ്രുവന്റെ തപഃക്രമമെന്നു പുരാണങ്ങൾ പറയുന്നു

5 താവത്തപോബലനിരുച്ഛ്വസിതേ ദിഗന്തേ
ദേവാൎത്ഥിതസ്ത്വമുദയൽ കരുണാൎദ്രചേതാഃ
ത്വദ്രൂപചിദ്രസനിലീനമതേഃ പുരസ്താ-
ദാവിൎബ്ബഭൂവിഥ വിഭോ ഗരുഡാധിരൂഢഃ

സാരം:—ആ സമയം ദിക്കാസകലം ധ്രുവന്റെ തപഃശക്തിയാൽ ശ്വാസമടഞ്ഞു് കഷ്ടപ്പെടുകയാൽ ദേവന്മാർ നിന്തിരുവടിയെ പ്രാൎത്ഥിക്കയും അങ്ങു് ആ ബാലന്റെ നേരെ ഉൽഭൂതമായ കരുണകൊണ്ടാൎദ്രമായ മനസ്സോടെ, അങ്ങയുടെ ദിവ്യരൂപമായ ബ്രഹ്മാനന്ദരസത്തിൽ മുഴുകിയ മനഃസ്സോടുകൂടിയിരിക്കുന്ന ധ്രുവന്റെ മുമ്പിൽ ഗരുഡാരൂഢനായിട്ടു് ആവിൎഭവിച്ചു.

7 ത്വദ്ദൎശനപ്രമദഭാരതരംഗിതം തം
ദൃഗ്ഭ്യാം നിമഗ്നമിവ രൂപരസായനേ തേ
തുഷ്ടൂഷമാണമുപഗമ്യ കപോലദേശേ
സംസ്പൃഷ്ടവാനസി ദരേണ തഥാദരേണ.

സാരം:—ഭഗവദ്ദൎശനത്താലുണ്ടായ സന്തോഷാധിക്യം നിമിത്തം പരിഭ്രാന്തനും അങ്ങയുടെ രൂപാമൃതത്തിൽ കണ്ണുകളാണ്ടുപോയതുപോലെ സ്തംഭിച്ചുനിന്ന അവനു് നിന്തിരുവടിയെ സ്തുതിക്കാൻ ആഗ്രഹമുണ്ടെന്നും അവനു തൽക്ഷണം അതിനു ശക്തിയില്ലെന്നും മനസ്സിലാക്കിയ നിന്തിരുവടി ശംഖുകൊണ്ടു് അവന്റെ കവിൾത്തടങ്ങളിൽ വാത്സല്യത്തോടെ തലോടി.

8 താവദ്വിബോധവിമലം പ്രണുവന്തമേന-
മാഭാഷഥാസ്ത്വമവഗമ്യ തദീയഭാവം;
രാജ്യം ചിരം സമനുഭൂയ, ഭജസ്വ ഭൂയ-
സ്സൎവ്വോത്തരം ധ്രുവ പദം വിനിവൃത്തിഹീനം.

സാരം:—ജ്ഞാനോദയം നിമിത്തം അജ്ഞാനരഹിതമാകുംവണ്ണം സ്തുതിക്കുന്ന ധ്രുവനോടു് അങ്ങു് അവന്റെ അഭിപ്രായമറിഞ്ഞിട്ടു് അരുളിച്ചെയ്തു. 'ഹേ ബാലക നീ വളരെക്കാലം രാജ്യഭോഗമനുസരിച്ചു് പിന്നീടു എല്ലാററിനും മേലനില്ക്കുന്നതും പുനരാവൎത്തിരഹിതവുമായ സ്ഥാനത്തെ പ്രാപിക്കുക' എന്നരുളിച്ചെയ്തു.

9 ഇത്യുചിഷി ത്വയി ഗതേ നൃപനന്ദനോസാ-
വാനന്ദിതാഖിലജനോ നഗരീമുപേതഃ
രേമേ ചിരം ഭവദനുഗ്രഹപൂൎണ്ണകാമ-
സ്താതേ ഗതേ ച വനമാദൃതരാജ്യഭാരഃ

സാരം:—അങ്ങു് ഇപ്രകാരം അരുളിച്ചെയ്തു മറഞ്ഞതിന്റെ ശേഷം ധ്രുവൻ സകലജനത്തേയും സന്തോഷിപ്പി

ച്ചുകൊണ്ടു സ്വരാജധാനിയെ പ്രാപിച്ച് ഈശ്വരാനുഗ്രഹത്താൽ പരിപൂർണ്ണമനോരഥനായിട്ട് അച്ഛൻ തപസ്വിന്നായി വനത്തിലേയ്ക്കു പോയതിൽപിന്നെ രാജ്യഭാരവും വഹിച്ചുകൊണ്ട് വളരെക്കാലം സുഖിച്ചിരുന്നു.

10 യക്ഷേണ ദേവനിഹതേ പുനരുത്തമേസ്മിൻ
യക്ഷൈഃ സയുദ്ധനിരതോ വിരതോ മനൂക്ത്യാ
ശാന്ത്യാ പ്രസന്നഹൃദയാദ്ധനദാദുപേതാ-
ത്ത്വത്ഭക്തിമേവ സുദൃഢാമവൃണോന്മഹാത്മാ.

സാരം:—അല്ലയോ ദേവ! അനന്തരം ധ്രുവന്റെ ഭ്രാതാവായ ഉത്തമൻ ഒരു യക്ഷനാൽ ഹനിക്കപ്പെട്ടസമയം ധ്രുവൻ യക്ഷന്മാരോടുനേരിട്ടു യുദ്ധം തുടങ്ങുകയും മനുവിന്റെ വാക്കുനിമിത്തം യുദ്ധത്തിൽനിന്നു പിൻമടങ്ങുകയും ചെയ്തു. മഹാനുഭാവനായ ധ്രുവനാകട്ടെ, ശമഗുണംകണ്ടു സന്തോഷിച്ചു തന്റെ സമീപത്തിലെത്തിയ വൈശ്രവണങ്കൽനിന്ന് ഒന്നുകൊണ്ടും ഇളകിപ്പോകാത്ത ഭഗവൽ ഭക്തിയെ തന്നെ വരിച്ചു.

11 അന്തേ ഭവൽപുരുഷനീതവിമാനയാതോ
മാത്രാ സമം ധ്രുവപദേ മുദിതോയമാസ്തേ
ഏവം സ്വഭൃത്യജനപാലനലോലധീസ്ത്വം
വാതാലയാധിപ നിരുന്ധി മമാമയൌഘാൻ.

സാരം:— ഈ ധ്രുവനാകട്ടെ, ഒടുവിൽ അമ്മയോടുകൂടെ ഭഗവൽപാർഷദന്മാർ കൊണ്ടുവന്ന വിമാനത്തിൽ കയറിപ്പോയിട്ട് സന്തുഷ്ടഹൃദയനായി ഇപ്പോഴും ധ്രുവമണ്ഡലത്തിലിരിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! ഇപ്രകാരം സ്വഭക്തന്മാരെ രക്ഷിക്കുന്നതിൽ സശ്രദ്ധനായ നിന്തിരുവടി എന്റെ രോഗസമൂഹങ്ങളെ തടുക്കേണമെ.

## പതിനെട്ടാം ദശകം

### പൃഥുചരിതം

1 ജാതസ്യ ധ്രുവകുല ഏവ തുംഗകീർത്തേ-
രംഗസ്യ, വ്യജനി സുതസ്സുവേനനാമാ
തദ്ദോഷവ്യഥിതമതിഃ സ രാജവര്യ-
സ്ത്വൽപാദേ നിഹിതമനാ വനം ഗതോഭൂൽ.

സാരം:— ധ്രുവൻെറ വംശത്തിൽതന്നെ പിറന്നവനും ഏററവും കീർത്തിക്കത്തക്കവനുമായ അംഗൻ എന്ന രാജാവിനു വേനൻ എന്നു പേരായ ഒരു ദുഷ്ടപുത്രൻ ജനിച്ചു. അംഗൻ ആ ദുഷ്പുത്രൻെറ ദോഷം ഹേതുവാൽ ദുഃഖിതനായിട്ട് അങ്ങയുടെ പാദാരവിന്ദങ്ങളിൽ തന്നെ മനസ്സുനിത്തികൊണ്ടു് വനത്തെ പ്രാപിച്ചു.

(ധ്രുവൻെറ പുത്രൻ വത്സരൻ, വത്സരപുത്രൻ പുഷ്പാൎണ്ണൻ, അവൻെറ പുത്രൻ പൃഷ്ടൻ, തൽസുതൻ സൎവ്വതേജസ്സ് സൎവ്വതേജസ്സിൻെറ പുത്രൻ ആകുന്നു ചാക്ഷുഷമനുമനുവിൻെറ പുത്രനായ ഉന്മുകനു് പുഷ്കരണി എന്നുപേരായ പത്നിയിൽ ജാതരായ ആറുപുത്രന്മാരിൽ പ്രായംകൊണ്ടും കീർത്തികൊണ്ടും ശ്രേഷ്ഠനാകുന്നു അംഗൻ. ഇങ്ങിനെ ധ്രുവൻെറവംശത്തിൽതന്നെപിറന്നവനും പ്രജാപരിപാലനം മുതലായ സൽഗ്ഗുണങ്ങളെക്കൊണ്ടു വളരെ കീർത്തിനേടിയവനുമായ അംഗമഹാരാജാവിൻെറ പത്നിയായ സുനീതിപെററുണ്ടായ മകനാകുന്നു വേനൻ. വേനൻ പരമദുഷ്ടനായിത്തീൎന്നു. അംഗൻ തൻെറ പുത്രൻെറ ദുശ്ശീലാദികളെക്കണ്ടു് മനോവ്യഥ മുഴുത്തു് രാജ്യമുപേക്ഷിച്ചു് ഭഗവൽപാദങ്ങളിൽ തന്നെ മനസ്സുറപ്പിച്ചു് തപോവനത്തിലേയ്ക്കു പോയി.)

2 പാപോപി ക്ഷിതിതലപാലനായ വേനഃ
പൌരാദ്യൈരുപനിഹിതഃ കഠോരവീര്യഃ
സർവ്വേഭ്യോ നിജബലമേവ സംപ്രശംസൻ
ഭൂചക്രേ തവ ഭജനാന്യയം ന്യരൌത്സീൽ.

സാരം:— പരാക്രമജലധിയായ വേനൻ സ്വതേ പാപാത്മാവാണെങ്കിലും രാജ്യരക്ഷക്കായിക്കൊണ്ടു് പൌരാവലികളാൽ അഭിഷിക്തനായതിൻെറ ശേഷം ഈ വേനൻ എല്ലാവരോടും തൻെറ ബലത്തെ പുകഴ്ത്തിപ്പറഞ്ഞുകൊണ്ടു് നാടാസകലം ഭഗവൽപ്രീതികരങ്ങളായ യജ്ഞാദികളെ നിഷേധിച്ചു.

3 സംപ്രാപ്തേ ഹിതകഥനായ താപസൌഘേ
മത്തോന്യോ ഭുവനപതിന്ന കശ്ചനേതി
ത്വന്നിന്ദാവചനപരോ മുനീശ്വരൈസ്സൈഃ
ശാപാഗ്നൌ ശലഭദശാമനായി വേനഃ

സാരം:— മഹർഷിമാർ യോഗം ചേൎന്നു് ഹിതം പറവാൻവേണ്ടി വന്നപ്പോൾ ഞാനൊഴിച്ചു വേറൊരു ലോകനാഥൻ ഇല്ലാ എന്നിങ്ങിനെ അങ്ങയെ ദൂഷിച്ചുതാഴ്ത്തിപ്പറകയാൽ വേനൻ ആ മുനീശ്വരന്മാരാൽ ശാപാഗ്നിയിൽ ശലഭാവസ്ഥയെ പ്രാപിച്ചു

4 തന്നാശാൽ ഖലജനഭീരുകൈർമ്മുനീന്ദ്രൈ-
സ്തന്മാത്രാചിരപരിരക്ഷിതേ തദംഗേ
ത്യക്താഘേ പരിമഥിതാദഥോരുദണ്ഡാ-
ദ്ദോർദ്ദണ്ഡേ പരിമഥിതേ ത്വമാവിരാസീഃ

സാരം:— വേനൻെറ നാശം നിമിത്തം വേനൻെറ സഖാക്കളായിരുന്ന ദുഷ്ടജനങ്ങളിൽനിന്നു ഭയപ്പെട്ടിരി

കുന്നു ഭൃഗ്വാദിമുനീന്ദ്രന്മാരാൽ വേനന്റെ മാതാവായ സുനീതിയാൽ വളരെക്കാലം കേടുവരാതെ സൂക്ഷിച്ചുരക്ഷിച്ചിരുന്ന വേനശരീരം, ഊരുദണ്ഡം — തുട — പരിമഥിതമാകഹേതുവായിട്ടു് പാപംതീരെ വിട്ടുപോകയാൽ ദണ്ഡാകാരമായ കൈകടഞ്ഞപ്പോഠം അങ്ങ് പൃഥുരൂപനായിട്ടവതരിച്ചു.

(വേനൻ മുനിശാപത്താൽ നശിച്ചപ്പോഠം-ദുഷ്ടനെങ്കിൽ ദുഷ്ടൻ- ഒരു രാജാവുള്ളതും പോയപ്പോഠം കവൎച്ചക്കാരാദിയായ ദുഷ്ടവൎഗ്ഗങ്ങഠം വൎദ്ധിച്ചു് ലോകോപദ്രവംചെയ്യതുടങ്ങി. അതുകൊണ്ടു് ഭൃഗുമുതലായമഹൎഷിമാർ അത്യന്തം ഭയപ്പെട്ടു. മുനിശാപംകൊണ്ടു വേനൻ മരിച്ചുപോയെങ്കിലും അവന്റെ ശരീരത്തെ അവന്റെ അമ്മയായസുനീതി തന്റെ യോഗവിദ്യാബലത്താൽ കേടുപററാതെ സൂക്ഷിച്ചു രക്ഷിച്ചിരുന്നു. മഹൎഷിമാർ വേനന്റെ തുടകടഞ്ഞു. അപ്പോഠം അദ്ദേഹത്തിന്റെ പാപമെല്ലാം കൂടി മൂൎത്തിമത്തായി പുറപ്പെട്ടു അവനാണു് നിഷാദൻ. അവന്റെ വംശത്തിൽ പിറന്ന നിഷാദജാതിക്കാർ ഇപ്പോഴും പൎവ്വതങ്ങളിലും മററും പാൎത്തുവരുന്നു. ഇങ്ങിനെ പാപം നീങ്ങി പരിശുദ്ധമായിത്തീൎന്ന വേനശരീരം, അതായതു വേനന്റെ കൈ മഹൎഷിമാരാൽ മഥനംചെയ്യപ്പെട്ടു. അപ്പോഠം ആ കയ്യിൽനിന്നു് നിന്തിരുവടി, ലക്ഷ്മീദേവിയുടെഅംശാവതാരമായ അൎച്ചിഎന്ന സപത്നിയോടുകൂടെ പ്രത്യക്ഷമായവതരിച്ചു — പൃഥുചക്രവൎത്തി ക്ഷത്രിയന്റെ മുഖ്യാവയവം കൈ ആകയാലാണു് അതു് രണ്ടാമതും കടഞ്ഞതു്)

5 വിഖ്യാതഃ പൃഥുരിതി താപസോപദിഷ്ടൈഃ
സൂതാദ്യൈഃ പരിണുതഭാവിഭൂരിവീൎയ്യഃ

വേനാത്ത്യാ കബളിതസംപദം ധരിത്രീ-
മാക്രാന്താം നിജധനുഷാ സമാമകാഷീഃ

സാരം:—പൃഥു എന്ന പ്രസിദ്ധനായ അങ്ങ് മഹഷി മാരാൽ ഉപദേശിക്കപ്പെട്ട സൂതമാഗധവന്ദികളാൽ സ്തുതി ക്കപ്പെട്ടും അനേകം വീയ്യപരാക്രമങ്ങളോടുകൂടിയും വേന ൻെറ സകല സമ്പത്തിനേയും മറച്ചുവെച്ചിരിക്കുന്ന ഭൂമി യെ, ആദ്യം തൻെറ ശാസനയ്ക്കു കീഴടങ്ങാതിരുന്നപ്പോഠം അല്പം ഭയപ്പെടുത്തി, തൻെറ, ചാപകൊടികൊണ്ടു സമ നിരപ്പാക്കി.

(ഇങ്ങിനെ പൃഥുചക്രവത്തി —അങ്ങ്— അവതരിച്ച പ്പോഠം, ഈ അവതാരത്തിൽ ചെയ്യാൻപോകുന്ന അനേക അത്യത്ഭുതപരാക്രമങ്ങളെ മഹർഷിമാർ ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു്, സൂതമാഗധാദിവന്ദികഠംക്കുപദേശിച്ചു. അവർ ആ വക ഗുണഗണങ്ങളെ ആസ്പദമാക്കി അങ്ങയെ പല പ്രകാരം സ്തുതിച്ചു. വേനൻ അതികഠിനമായി ലോകോപ ദ്രവം ചെയ്തകാലത്തു് ഭൂമിദേവി സകലസമ്പത്തുക്കളേയും തന്നിൽ മറച്ചുവെച്ചിരുന്നു. അതിനാൽ ഇക്കാലത്തു് ദാ രിദ്ര്യപീഡിതരായ ജനങ്ങളെക്കണ്ടു് പൃഥു, ഭൂമി മറച്ചുവെ ച്ചിട്ടുള്ള സമ്പത്തുക്കളെ ജനങ്ങഠംക്കനുഭവയോഗ്യമാക്കി ത്തീക്കുവാൻ ആവശ്യപ്പെട്ടിട്ടും അപ്രകാരം ചെയ്യായ്കയാൽ ഭൂമിയെ നിഗ്രഹിപ്പാനാഗ്രഹിക്കയും, അപ്പോഠം ഭൂമി കീഴ ടങ്ങുകയും ചെയ്തതുകണ്ടു് നിമ്നോന്നതമായിക്കിടന്നിരുന്ന ഭൂപ്രദേശത്തെ തൻെറ ധനുഷ്ക്കൊടികൊണ്ടു സമനിര പ്പാക്കിത്തീക്കുകയും ചെയ്തു.)

6 ഭൂയസ്ത്വാം നിജകുലമുഖ്യവത്സയുക്തൈ-
ർദ്ദേവാദ്യൈസ്സമുചിതചാരുഭാജനേഷു
അന്നാദീന്യഭിലഷിതാനി യാനി താനി-
സ്വച്ഛന്ദം സുരഭിതനൂമദൂദുഹസ്ത്വം.

സാരം:—അനന്തരം നിന്തിരുവടി അവരവരുടെ കുലമുഖ്യന്മാരെ വത്സന്മാരാക്കി ദേവന്മാർ, ദൈത്യന്മാർ മുതലായവരെക്കൊണ്ടു് അതാതിന്നു യോജിപ്പുള്ള നല്ലനല്ല പാത്രങ്ങളിൽ യാവചില അന്നാദികളാണോ തങ്ങൾക്കഭിമതമായിട്ടുള്ളതു് അവയെ പശുസ്വരൂപം ഏന്തിയ ആ ഭൂമിയെ തന്നിഷ്ടപ്രകാരം ദോഹനംചെയ്യിച്ചു.

(പൃഥു ഭൂമിയോടു കയൎത്തപ്പോൾ ഭൂമി ഗോരൂപം ധരിച്ചു് ഓടിക്കളഞ്ഞു. അങ്ങു് അതിനെ പിന്തുടൎന്നപ്പോൾ ഭൂമീദേവി കീഴടങ്ങി. താൻ അടക്കിവെച്ചിട്ടുള്ള സമ്പത്തുകളെ പുറത്തുവിടുവാൻ തനിക്കു കെല്പില്ലെന്നും അങ്ങു് സ്വയോഗബലംകൊണ്ടു് അവയെ കറന്നെടുത്തുകൊള്ളണമെന്നും അറിയിച്ചു. നിന്തിരുവടി, ഏവൎക്കും ആവശ്യമായ വസ്തുക്കളെ ഗോരൂപധാരിയായ ഭൂമിയിൽനിന്നു് കറന്നെടുത്തുകൊള്ളുവാൻ എല്ലാവരോടും കല്പിച്ചു. ഓരോരുത്തരും തങ്ങൾക്കു മുഖ്യന്മാരായവരെ വത്സങ്ങളാക്കി അതാതിന്നുചിതങ്ങളായ പാത്രങ്ങളിൽ ആവശ്യവസ്തുക്കൾ കറന്നെടുത്തു് തൃപ്തരായിത്തീൎന്നു)

7 ആത്മാനം യജതി മഖൈസ്ത്വയി ത്രിധാമ-
ന്നാരബ്ധേ ശതതമവാജിമേധയാഗേ
സ്പൎദ്ധാലുഃ ശതമഖ ഏത്യ നീചവേഷോ
ഹൃത്വാശ്വം തവ തനയാൽ പരാജിതോഭൂൽ.

സാരം:—അല്ലയോ ത്രിധാമാവായ ഭഗവാനെ' പൃഥുമൂൎത്തിയായ അങ്ങ് മഖങ്ങളാൽ വിഷ്ണുമൂൎത്തിയായ അങ്ങയെത്തന്നെ യജിച്ചുകൊണ്ടിരിക്കുന്നകാലത്തു് ഒരുനൂറാമത്തെ അശ്വമേധയാഗം ആരംഭിച്ചസമയം സ്വൽപശീലനായ ഇന്ദ്രൻ പാഷണ്ഡവേഷത്തെ കൈക്കൊണ്ടുവന്നിട്ട് യജ്ഞത്തിനു നിൎത്തിയ കുതിരയെ അപഹരിച്ചു, അതു അങ്ങയുടെ പുത്രൻ വീണ്ടെടുത്തു — ദേവാദികളും തോററുപോയി.

ഹേ ത്രിധാമൻ:—സത്വരജസ്തമോഗുണങ്ങളെ അവലംബിച്ച് വിഷ്ണു ബ്രഹ്മാ രുദ്രഭേദന മൂൎത്തിത്രയത്തെ സ്വീകരിച്ച്, സൃഷ്ടിസ്ഥിതിസംഹാരങ്ങളെച്ചെയ്തു് മൂന്നുലോകത്തേയും കൊണ്ടുനടത്തുന്ന ഭഗവാനെ! പൃഥുചക്രവൎത്തി സ്വരൂപനായ നിന്തിരുവടി സൎവ്വദേവമയനായി വിഷ്ണുമൂൎത്തിയായിരിക്കുന്ന തന്നെത്തന്നെ ലോകരക്ഷക്കായി യജിക്കുവാൻ തുടങ്ങി. 99 അശ്വമേധയാഗംകഴിഞ്ഞു് നൂറാമത്തെ യാഗത്തിനുതുനിഞ്ഞപ്പോൾ, തനിക്കല്ലാതെ ശതമഖൻ എന്നപേർ പാടില്ലെന്നുവെച്ച് നീചവേഷം ധരിച്ച് ദേവേന്ദ്രൻ യജ്ഞാശ്വത്തെ അപഹരിച്ച് കൊണ്ടുപോകുമ്പോൾ അത്രിമഹൎഷി കാട്ടിക്കൊടുത്തതറിഞ്ഞ അങ്ങയുടെ പുത്രൻ പിമ്പേചെന്നെതൃത്തുതോല്പിച്ച് കുതിരയെ വിട്ടുകൊണ്ടുപോന്നു. ഇതുനിമിത്തം പൃഥുപുത്രനു വിജിതാശ്വൻ എന്ന പേർ സിദ്ധിച്ചു.

8 ദേവേന്ദ്രം മുഹുരിതി വാജിനം ഹരന്തം
വഹ്നൌ തം മുനിവരമണ്ഡലേ ജുഹൂഷൌ
രുന്ധാനേ കമലഭവേ ക്രതോഃ സമാപ്തൌ
സാക്ഷാത്ത്വം മധുരിപുമൈക്ഷഥാഃ സ്വയം സ്വം

സാരം:— മുനിശ്രേഷ്ഠന്മാർ, ഇങ്ങിനെ വീണ്ടുംവീണ്ടും കുതിരയെ മോഷ്ടിക്കുന്ന ആ ഇന്ദ്രനെ ആഭിചാരകമ്മം കൊണ്ടു് അഗ്നിയിൽ ഹോമിക്കുവാൻ തുടങ്ങിയപ്പോൾ ബ്രഹ്മാവു് വന്നു തടുക്കുകയും, യാഗം, സമർപ്പിച്ചസമയം അങ്ങു് നേരിട്ടു് താൻതന്നെയായ സാക്ഷാൽ വിഷ്ണുഭഗവാനെ കാണുകയും ചെയ്തു.

9 തദ്ദത്തം വരമുപലഭ്യ ഭക്തിമേകാം
ഗംഗാന്തേ വിഹിതപദഃ കദാപി ദേവ
സത്രസ്ഥം മുനിനിവഹം ഹിതാനി ശംസ-
ന്നൈക്ഷിഷ്ഠാസ്സനകമുഖാൻ മുനീൻ പുരസ്താൽ

സാരം:— അല്ലയോ ദേവ! അദ്ദേഹം നല്കിയ നിശ്ചലഭക്തിയാകുന്ന വരത്തെ ലഭിച്ചിട്ടു്, ഗംഗായമുനകളുടെ മദ്ധ്യത്തിൽ സ്ഥാനമുറപ്പിച്ചു് അവിടെ യാഗത്തിന്നായി വന്ന മുനിസംഘത്തിനു പ്രവൃത്തിധമ്മങ്ങളേയും നിവൃത്തിമാഗ്ഗങ്ങളേയും, ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി തന്റെ മുമ്പിൽ സനകാദിമഹഷിമാരെ പ്രത്യക്ഷമായിക്കണ്ടു.

10 വിജ്ഞാനം സനകമുഖോദിതം ദധാനഃ
സ്വാത്മാനം സ്വയമഗമോ വനാന്തസേവീ
തത്താദൃക്പൃഥുവപുരീശ സത്വരം മേ
രോഗൌഘം പ്രശമയ വാതഗേഹവാസിൻ!

സാരം:—സനകാദികളുപദേശിച്ച ആത്മജ്ഞാനത്തെ ധരിച്ച അങ്ങു് കാട്ടിലുറപ്പുക തപസ്സുചെയ്തു് താൻത

ണെ സ്വസ്വരൂപത്തെ കയ്യേറ്റുണ്ടു. അല്ലയോ ഗുരുവായൂരപ്പ! മററൊന്നിനോടു തുല്യപ്പെടുത്തുവാൻ കഴിയാത്ത വിധം അത്യത്ഭുതമായ പൃഥുശരീരത്തെ അവലംബിച്ച അങ്ങ് എൻെറ രോഗസമൂഹങ്ങളെ വേഗത്തിൽ ആട്ടിയകറേറണമേ.

## പത്തൊമ്പതാം ദശകം

### പ്രചേതസ്സുകളുടെ ചരിത്രം

1 പൃഥോസ്തു നപ്താ പൃഥുധർമ്മകർമ്മഠഃ
പ്രാചീനബർഹിർയുവതൌ ശതദ്രുതൌ
പ്രചേതസോ നാമ സുചേതസഃ സുതാ-
നജീജനത്ത്വൽകരുണാങ്കുരാനിവ.

സാരം:— പൃഥുവിൻെറ പുത്രൻെറ പുത്രനായി പൃഥുവിനെപ്പോലെതന്നെ ധർമ്മധുരനും തേജസ്വിയുമായ പ്രാചീനബർഹിസ്സിന്നു സ്വപത്നിയായ ശതദ്രുതിയിൽ അങ്ങയുടെ കൃപാകടാക്ഷം കിളുത്തുനില്ക്കുന്നതോ എന്നു തോന്നുമാറുള്ളവരും ശോഭനപ്രകൃതരും ആയി പ്രചേതസ്സുകളെന്ന പുത്രന്മാർ ജാതരായി.

2 പിതുഃ സിസൃക്ഷാനിരതസ്യ ശാസനാൽ
ഭവത്തപസ്യാഭിരതാ ദശാപി തേ,
പയോനിധിം പശ്ചിമമേത്യ തത്തടേ
സരോവരം സന്ദദൃശുർമ്മനോഹരം.

39289

സാരം:- പ്രജാസൃഷ്ടിയിൽ താല്പൎയ്യമുള്ള പിതാവിന്റെ ആജ്ഞയനുസരിച്ച് അങ്ങയേ തപസ്സുചെയ്‌വാൻ അവർ പത്തുപേരും പടിഞ്ഞാറേ സമുദ്രത്തിന്റെ കരയിൽചെന്നുനോക്കിയപ്പോൾ അവിടെ ഭംഗിയുള്ള ഒരു താമരപ്പൊയ്കയെക്കണ്ടു.

3 തദാ ഭവത്തീൎത്ഥമിദം സമാഗതോ
ഭവോ ഭവത്സേവകദൎശനാദൃതഃ
പ്രകാശമാസാദ്യ പുരഃ പ്രചേതസാ-
മുപാദിശത്ഭക്തതമസ്തവസ്തവം.

സാരം:—അപ്പോൾ ഈ ഭഗവത്തീൎത്ഥത്തെ പ്രാപിച്ചിരിക്കുന്ന ഭഗവാനായ ശ്രീപരമേശ്വരൻ ഭക്തദൎശനോത്സുകനായിട്ട് പ്രചേതസ്സുകൾക്കു പ്രത്യക്ഷീഭവിച്ചു. എന്നിട്ട് അങ്ങയുടെ സ്തോത്രത്തെ ഉപദേശിച്ചു.

4 സ്തവം ജപന്തസ്തമമീ ജലാന്തരേ
ഭവന്തമാസേവിഷതായുതം സമാഃ
ഭവൽസുഖാസ്വാദരസാദമീഷ്വിയാൻ
ബഭൂവ കാലോ;ധ്രുവവന്നശീഘ്രതാ.

സാരം:—ഈ പ്രചേതസ്സുകൾ രുദ്രൻ ഉപദേശിച്ച സ്തോത്രം ജപിച്ചുകൊണ്ട് രുദ്രതീൎത്ഥത്തിൽ മുങ്ങിക്കിടന്ന് പതിനായിരം സംവത്സരം അങ്ങയേ സേവിച്ചു, ഭഗവൽഭജനത്താൽ സിദ്ധിച്ച ആനന്ദത്താൽ ഈ പ്രചേതസ്സുകൾക്കു തപസ്സിദ്ധിക്കു വളരെത്താമസമുണ്ടായി. അവർ തപഃഫലം സിദ്ധിച്ചാൽ ഭജനാനന്ദരസം പൊയ്പ്പോകുമെന്നുശങ്കിച്ച് തപസ്സിന്റെ സമാപ്തി കാലത്തെ നീട്ടിക്കൊണ്ടുപോകയാലാണ് സിദ്ധിക്കു താമസംവന്നത്.

39289

5 തപോഭിരേഷാമതിമാത്രവർദ്ധിഭിഃ
സയജ്ഞഹിംസാനിരതോപി പാവിതഃ
പിതാപി തേഷാം ഗൃഹയാതനാരദ-
പ്രദർശിതാത്മാ ഭവതാത്മതാം യയൌ.

സാരം:—ഇവരുടെ വർദ്ധിച്ച തപസ്സുകൊണ്ട്, പാപിഷ്ഠനായി നരകത്തിൽ കിടക്കുന്ന വേനൻപോലും പരിശുദ്ധനായിത്തീൻ. അവരുടെ പിതാവായ പ്രാചീനബർഹിസ്സാകട്ടെ, യദൃച്ഛയാ സ്വഗൃഹത്തിലെത്തിച്ചേൎന്ന നാരദനാൽ ഉപദേശിക്കപ്പെട്ട ആത്മജ്ഞാനോപദേശത്താൽ ജീവന്മുക്തനായി-സായൂജ്യപദം സിദ്ധിച്ചവനായിത്തീൻ.

9 കൃപാബലേനൈവ പുരഃ പ്രചേതസാം
പ്രകാശമാഗാഃ പതഗേന്ദ്രവാഹനഃ
വിരാജിചക്രാദി വരായുധാംശുഭി-
ർഭുജാഭിരഷ്ടാഭിരുദഞ്ചിതദ്യുതിഃ

സാരം:—അനന്തരം അങ്ങ് കൃപാകടാക്ഷം പൊഴിച്ചുകൊണ്ട് ഗരുഡാരൂഢനായി, പ്രകാശമേറിയ ചക്രം മുതലായ ആയുധാദികളോടുകൂടിയ എട്ടു തൃക്കൈകളെക്കൊണ്ടു വർദ്ധിച്ച ശോഭയോടെ പ്രചേതസ്സുകൾക്കു പ്രത്യക്ഷീഭവിച്ചു.

7 പ്രചേതസാം താവദയാചതാമപി
ത്വമേവ കാരുണ്യഭരാദ്വരാനദാഃ
ഭവദ്വിചിന്താപി ശിവായ ദേഹിനാം
ഭവത്വസൌ രുദ്രനുതിശ്ച കാമദാ.

സാരം:— അപ്പോൾ വരത്തെ യാചിക്കാത്തവരാണെങ്കിലും, പ്രചേതസ്സുകൾക്ക് അങ്ങുതന്നെ കൃപയോടുകൂടി വരദാനംചെയ്തു. ഭഗവൽസ്മരണതന്നെ' ശരീരികൾക്കു മംഗളത്തിന്നായിക്കൊണ്ടു് ഭവിക്കുന്നു. വിശേഷിച്ചു് നിങ്ങളെ സ്മരിച്ചാലും ശരീരികൾക്കു നന്മയുണ്ടാകട്ടെ; രുദ്രൻ ഉപദേശിച്ചുതന്ന ഈ സ്തുതിയും ഇഷ്ടലാഭത്തിന്നു കാരണമായിത്തീരട്ടെ''

8 അവാപ്യ കാന്താം തനയാം മഹീരുഹാം
തയാ രമദ്ധ്വം ദശലക്ഷവത്സരീം
സുതോസ്തുദക്ഷോ നനു തൽക്ഷണാച്ച മാം
പ്രയാസ്യഥേതി ന്യഗദോമുദൈവ താൻ.

സാരം:— "വൃക്ഷങ്ങളുടെ പുത്രിയെ ഭാൎയ്യയായി ലഭിച്ചിട്ടു് അവളോടുകൂടെ പത്തുലക്ഷം സംവത്സരം നിങ്ങൾ ഒത്തുചേൎന്നു് സുഖിക്കുവിൻ! ദക്ഷനെന്നുപേരായ ഒരുപുത്രനും നിങ്ങൾക്കു സിദ്ധമാകട്ടെ. അതിന്നുശേഷം എന്നെ പ്രാപിക്കുവിൻ'' എന്നിങ്ങിനെ സന്തോഷപൂൎവ്വം അവരോടു് അരുളിച്ചെയ്തു.

(പണ്ടു കണ്ഡു എന്ന മഹൎഷീശ്വരന്റെ തപോവിഘ്നത്തെച്ചെയ്യുവാൻവേണ്ടി ശതമഖൻ പ്രമ്ലോച എന്ന ഒരു ദേവസ്ത്രീയെ അയച്ചു. അവളിൽ ആ താപസനുണ്ടായ ഒരു കന്യകയെവൃക്ഷക്കൂട്ടത്തിലിട്ടു് പ്രമ്ലോചദേവലോകം ഗമിച്ചു. ആ കന്യകയെ വൃക്ഷങ്ങൾ വളൎത്തി. ആ കന്യക വിശപ്പു സഹിക്കാൻവയ്യാതെ കരഞ്ഞപ്പോൾ വൃക്ഷപതിയായ സോമൻ തന്റെ ചൂണ്ടാണിവിരൽ അവളുടെ വായിൽകൊടുത്തു് ആ വഴിയായി അമൃതു് പാനം ചെയ്യിച്ചു. ഇങ്ങിനെയുള്ള ആ കന്യകയെ ഭാൎയ്യയായി സ്വീകരിച്ചിട്ടു് നിങ്ങൾ പത്തുപേരും പത്തുലക്ഷസംവത്സരകാലം ഒത്തൊരുമിച്ചു സുഖമായിരിക്കുക. അതിൽ ദക്ഷനെന്നു പ്ര

സിദ്ധനായ ഒരു പുത്രനുമുണ്ടാവും. അതിനുശേഷം നിങ്ങൾ എന്നെ പ്രാപിക്കുവിൻ! ഇപ്രകാരം പ്രചേതസ്സുകളുടെ അപേക്ഷകൂടാതെതന്നെ അങ്ങ് അവരിൽ കൃപാമൃതം പൊഴിച്ച് കേവലം സന്തോഷമാത്രംകൊണ്ട് അനുഗ്രഹിച്ചു മറഞ്ഞു.)

9 തതശ്ച തേ ഭൂതലരോധിനസ്തരൂൻ
ക്രുധാ ദഹന്തോ ദ്രുഹിണേന വാരിതാഃ
ദ്രുമൈശ്ച ദത്താം തനയാമവാപ്യ താം
ത്വദുക്തകാലം സുഖിനോഽഭിരേമിരേ.

സാരം:— അനന്തരം പ്രചേതസ്സുകൾ ഭൂമിയെ മറച്ച് വിസ്താരതയിൽ പടർന്നുപിടിച്ചുനില്ക്കുന്ന ആ വൃക്ഷങ്ങളെ കോപത്താൽ ദഹിപ്പിക്കുവാൻ തുടങ്ങിയപ്പോൾ, നാന്മുഖൻ തടുത്ത്, അദ്ദേഹത്തിൻെറ ഉപദേശപ്രകാരം വൃക്ഷങ്ങൾ നൽകിയ കന്യകയേയും ഗ്രഹിച്ചു വിവാഹിതരായി നിന്തിരുവടി അരുൾചെയ്തതുപോലെ പത്തുലക്ഷം വത്സരക്കാലം അവളോടുകൂടി സുഖിച്ചുവാണു

10 അവാപ്യ ദക്ഷഞ്ച സുതം കൃതാധ്വരാഃ
പ്രചേതസോ നാരദലബ്ധയാ ധിയാ
അവാപുരാനന്ദപദം തഥാവിധ-
സ്ത്വമീശ വാതാലയനാഥ! പാഹി മാം.

സാരം:— പ്രചേതസ്സുകൾ ദക്ഷനെന്ന ഉത്തമപുത്രലാഭത്തിൽ തൃപ്തരായി, ബ്രഹ്മസത്രംകൊണ്ടു ഭഗവാനെ ഭജിച്ച്, നാരദനിൽനിന്നു സിദ്ധമായ അദ്ധ്യാത്മബുദ്ധ്യാ പരമാനന്ദത്തെ പ്രാപിച്ചു. അല്ലയോ ഗുരുവായൂരപ്പ! അപ്രകാരമെല്ലാമിരിക്കുന്ന അങ്ങ് എന്നെ രക്ഷിക്കേണമേ!

19-ാം ദശകം ചതുർത്ഥസ്കന്ധം സമാപ്തം.

*******

# പഞ്ചമസ്കന്ധം

## ഇരുപതാം ദശകം

### (ഋഷഭചരിതം)

1 പ്രിയവ്രതസ്യ പ്രിയപുത്രഭൂതാ-
ദഗ്നീധ്രരാജാദുദിതോ ഹി നാഭിഃ
ത്വാം ദൃഷ്ടവാനിഷ്ടദമിഷ്ടിമദ്ധ്യേ
തവൈവ തുഷ്ട്യൈ കൃതയജ്ഞകർമ്മാ.

സാരം:—പ്രിയവ്രതന്റെ ഇഷ്ടപുത്രനായ അഗ്നീധ്രനെന്ന രാജാവിന്റെ പുത്രനും പ്രസിദ്ധനുമായ നാഭിഎന്ന രാജാവ് അങ്ങയുടെ സന്തോഷത്തിന്നുവേണ്ടി യാഗം ചെയ്യുമ്പോൾ ആ യജ്ഞമദ്ധ്യത്തിൽവെച്ച് അഭീഷ്ടപ്രദനായ അങ്ങയെ കണ്ടു.

2 അഭിഷ്ടുതസ്തത്ര മുനീശ്വരൈസ്ത്വം
രാജ്ഞഃ സ്വതുല്യം സുതമർത്ഥ്യമാനഃ
സ്വയം ജനിഷ്യേഹമിതി ബ്രുവാണ-
സ്തിരോദധാ ബർഹിഷി വിശ്വമൂർത്തേ!

സാരം:—അല്ലയോ വിശ്വാത്മകനായ ഭഗവാനെ! ആ യാഗമദ്ധ്യത്തിൽവെച്ച് മുനീശ്വരന്മാരാൽ സ്തുതിക്കപ്പെട്ടവനായ രാജാവിന്നു ഭഗവത്സദൃശനായ ഒരു പുത്രനെ അപേക്ഷിക്കയും "ഞാൻതന്നെ ജനിച്ചേക്കാം" എന്നരുളിച്ചെയ്തു് അങ്ങ് ഹോമാഗ്നിയിൽ മറകയും ചെയ്തു.

3 നാഭിപ്രിയായാമഥ മേരുദേവ്യാം
ത്വമംശതോഽഭൂരൃഷഭാഭിധാനഃ
അലോകസാമാന്യഗുണപ്രഭാവ-
പ്രഭാവിതാശേഷജനപ്രമോദഃ

സാരം:—അനന്തരം നാഭിയുടെ ഭാര്യയായ മേരുദേവിയിൽ അങ്ങ് "ഋഷഭ"നെന്ന പേരോടുകൂടി ലോകവിലക്ഷണങ്ങളായ ഗുണങ്ങളോടും പ്രഭാവത്തോടും തേജോവിശേഷത്തോടുംകൂടി അംശാവതാരത്തെചെയ്തു.

4 ത്വയി ത്രിലോകീഭൃതി രാജ്യഭാരം
നിധായ നാഭിഃ സഹ മേരുദേവ്യാ
തപോവനം പ്രാപ്യ ഭവന്നിഷേവീ
ഗതഃ കിലാനന്ദപദം പദം തേ.

സാരം:—നാഭിരാജാവ് ത്രൈലോക്യരക്ഷകനായ അങ്ങയിൽ രാജ്യഭാരമേല്പിച്ച് ഭാര്യയോടുകൂടി തപോവനത്തിൽ ചെന്ന് നിന്തിരുവടിയെ സേവിച്ചുകൊണ്ട് പരമാനന്ദസ്ഥാനമായ അങ്ങയുടെ വൈകുണ്ഠലോകത്തെ പ്രാപിച്ചു.

5 ഇന്ദ്രസ്ത്വദുൽകർഷകൃതാദമർഷാ-
ദവർഷ ദസ്മിന്നജനാഭവർഷേ
യദാ തദാ ത്വം നിജയോഗശക്ത്യാ
സ്വവർഷമേനദ്വ്യദധാഃ സുവർഷം.

സാരം:—ദേവപ്പെരുമാൾ അക്കാലത്ത് അങ്ങയുടെ ഐശ്വര്യം കണ്ടുണ്ടായ അസൂയയാൽ അങ്ങ് വാണിരുന്ന അജനാഭവർഷത്തിൽ മഴ പെയ്യിച്ചില്ല. അപ്പോൾ അങ്ങ് അങ്ങയുടെ യോഗത്താൽ നല്ലപോലെ മഴ പെയ്യിച്ച് രാജ്യം സുഭിക്ഷമാക്കി.

6 ജിതേന്ദ്രദത്താം കമനീം ജയന്തീ-
മഥോദ്വഹന്നാത്മരതാശയോപി
അജീജനസ്സുത്രശതം തനുജാ-
നേഷാം ക്ഷിതീശോ ഭരതോഗ്രജന്മാ.

സാരം:—പിന്നീട്ട് അങ്ങ്, പരമാത്മാവിങ്കൽ മനസ്സിനെ രമിപ്പിക്കുന്നവനാണെങ്കിലും തന്നാൽ ജയിക്കപ്പെട്ട ഇന്ദ്രനാൽ ദാനംചെയ്യപ്പെട്ട, ജയന്തി എന്നുപേരായ സുന്ദരിയെ വിവാഹംചെയ്തിട്ട് അവളിൽ നൂറുപുത്രന്മാരെ ജാതരാക്കി, അവരിൽ ജ്യേഷ്ഠപുത്രനായ ഭരതനെ രാജാവാക്കിവാഴിച്ചു.

7 നവാഭവൻ യോഗിവരാ;നവാന്യേ-
ത്വപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാത്വശീതിസ്തവശേഷപുത്രാ-
സ്തപോബലാൽ ഭൂസുരഭൂയമീയുഃ

സാരം:—അവരിൽ ഒമ്പതുപേർ യോഗീശ്വരന്മാരായിത്തീർന്നു. ഒമ്പതുപേർ ഭാരതഖണ്ഡത്തിലുള്ള ഓരോ ഭൂഖണ്ഡങ്ങളെ പാലിച്ചു. ഋഷഭദേവന്റെ ബാക്കി എണ്പത്തൊന്നുപുത്രന്മാർ തപഃപ്രഭാവം ഹേതുവായിട്ട് ബ്രാഹ്മണ്യത്തെ പ്രാപിച്ചു.

8 ഉക്ത്വാ സുതേഭ്യോഥ മുനീന്ദ്രമദ്ധ്യേ
വിരക്തിഭക്ത്യന്വിതമുക്തിമാർഗ്ഗം
സ്വയം ഗതഃ പാരമഹംസ്യവൃത്തി-
മധാജഡോന്മത്തപിശാചചര്യാം.

സാരം:—അനന്തരം നിന്തിരുവടി ബ്രഹ്മർഷിസഭയിൽവെച്ച് സ്വപുത്രന്മാൎക്ക വിരക്തിയേയും ഭക്തിയേയും

തത്സഹിതമായ മോക്ഷമാർഗ്ഗത്തേയും ഉപദേശിച്ചു. താൻ പരമഹംസന്മാരുടെ വൃത്തിയെ സ്വീകരിച്ചിട്ട് ജഡോന്മത്ത പിശാചചര്യയെചെയ്തു.

9 പരാത്മഭൂതോപി പരോപദേശം
കുർവ്വൻ ഭവാൻ സർവ്വനിരസ്യമാനഃ
വികാരഹീനോപി ചചാര കൃൽസ്നാം
മഹീമഹീനാത്മരസാഭിലീനഃ

സാരം:—സ്വതവേ പരബ്രഹ്മനാ സ്ഥിതനാണെങ്കിലും അന്യന്മാർക്കുപദേശിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടി എല്ലാവരാലും നിരസിക്കപ്പെട്ടവനായിട്ട് യാതൊരു വികാരവുംകൂടാതെ പരിപൂർണ്ണമായും ബ്രഹ്മാനന്ദരസത്തിൽ മുഴുകിക്കൊണ്ടു് ഭൂമണ്ഡലമാകെ സഞ്ചരിച്ചു.

10 ശയുവ്രതം ഗോമൃഗകാകചര്യ്യാം
ചിരം ചരന്നാപ്യ പരം സ്വരൂപം
ഭവാഹൃതാംഗഃ കുടകാചലേ ത്വം
താപാന്മമാപാകുരു വാതനാഥ!

സാരം:— അജഗരവ്രതം ശരീരനിർവ്വഹണത്തിനുവേണ്ടിയുള്ള ആഹാരാദികളിൽപോലും യാതൊരുദ്യമവുംകൂടാതെ ഒരേസ്ഥാനത്തുതന്നെ അധികദിവസം ഒന്നായിപ്പാർക്കുകയും, അവിടെ ദൈവോപനീതമായി വല്ലതുംകിട്ടിയാൽ അതുകൊണ്ടുപജീവിക്കുകയും,—ഗോമൃഗകാകചര്യാ — പശുക്കൾ നഗരത്തിൽ സഞ്ചരിക്കുന്നു; മൃഗങ്ങൾ വനങ്ങളിൽ സഞ്ചരിക്കുന്നു; കാകന്മാർ നാട്ടിലും കാട്ടിലും സഞ്ചരിക്കുന്നു എന്നതു്—ചിലപ്പോൾ നാട്ടുപുറങ്ങളിലും ചിലപ്പോൾ

കാട്ടുപ്രദേശങ്ങളിലും നിയതമായി സഞ്ചരിക്കുകയും ചില കാലങ്ങളിൽ ആ വ്യവസ്ഥവിട്ട് കാട്ടിലും നാട്ടിലും ഇടകലൻ ജീവിക്കുകയും ചെയ്തുകൊണ്ട്—പരമാത്മഭാവത്തെ പ്രാപിച്ചിട്ട് കുടകപർവ്വതത്തിൽ കാട്ടുതീയ്യിൽ ശരീരമുപേക്ഷിച്ചു. അല്ലയോ ഗുരുവായൂരപ്പ! എൻെറ താപങ്ങളെ അകററണേ!

## ഇരുപത്തൊന്നാം ദശകം

(ജംബുദ്വീപാദികളിലെ ഭഗവദുപാസനാക്രമം)

1 മദ്ധ്യോത്ഭവേ ഭുവ ഇളാവൃതനാമ്നി വർഷേ
ഗൌരീപ്രധാനവനിതാജനമാത്രഭാജി
ശർവ്വേണ മന്ത്രനുതിഭിഃ സമുപാസ്യമാനം
സങ്കർഷണാത്മകമധീശ്വര സംശ്രയേ ത്വാം

സാരം:— അല്ലയോ അധീശ്വരനായ ഭഗവാനെ! ശ്രീപാർവ്വതി മുമ്പായ സ്ത്രീജനങ്ങൾ മാത്രമുള്ളതും ഭൂമിയുടെ നടുവിലുള്ളതുമായ ഇളാവൃതഖണ്ഡത്തിൽ ശ്രീപരമേശ്വരനാൽ മന്ത്രസ്തോത്രങ്ങളെക്കൊണ്ട് യഥാവിധി ഉപാസിക്കപ്പെടുന്നവനും സങ്കർഷണമൂർത്തിയുമായ അങ്ങയെ ഞാൻ ആശ്രയിക്കുന്നു.

2 ഭദ്രാശ്വനാമകഇളാവൃതപൂർവ്വവർഷേ
ഭദ്രശ്രവോഭിരൃഷിഭിഃ പരിണൂയമാനം
കല്പാന്തഗൂഢനിഗമോദ്ധരണപ്രവീണം
ധ്യായാമി ദേവഹയശീർഷതനും ഭവന്തം.

സാരം:— അല്ലയോ ദേവ! ഭദ്രാശ്വമെന്നു പേരായ ഇളാവൃതത്തിൻെറ കിഴക്കേ ഭൂഖണ്ഡത്തിൽ ഭദ്രശ്രവസ്സുകളെ

നഘോരായ ഋഷികളാൽ സ്തുതിക്കപ്പെട്ടുന്നവനും പ്രളയകാലത്തിൽ കാണാതായ വേദത്തെ ഉദ്ധരിക്കുന്നതിൽ സമൎത്ഥനും ഹയഗ്രീവസ്വരൂപിയുമായ നിന്തിരുവടിയെ ഞാൻ ധ്യാനിക്കുന്നു.

3 ധ്യായാമി ദക്ഷിണഗതേ ഹരിവൎഷവൎഷേ
പ്രഹ്ലാദമുഖ്യപുരുഷൈഃ പരിഷേവ്യമാണം
ഉത്തുംഗശാന്തധവളാകൃതിമേകശുദ്ധ-
ജ്ഞാനപ്രദം നരഹരിം ഭഗവൻ ഭവന്തം.

സാരം:— അല്ലയോ ഭഗവൻ! ഇളാവൃതത്തിന്റെ തെക്കുഭാഗത്തു് ഹരിവർഷമെന്നുപേരായ ഭൂഖണ്ഡത്തിൽ പ്രഹ്ലാദൻ മുതലായ വൎഷപതികളാൽ സേവിക്കപ്പെട്ടുന്നവനും ഏററവും പ്രശാന്തവും ധവളവുമായ ആകൃതിയോടുകൂടിയവനും ശുദ്ധാദ്വൈതജ്ഞാനത്തെ ദാനംചെയ്യുന്നവനും നരസിംഹമൂൎത്തിയുമായ അങ്ങയെ ഞാൻ ധ്യാനിക്കുന്നു.

4 വൎഷേ പ്രതീചി ലളിതാത്മനി കേതുമാലേ
ലീലാവിശേഷലളിതസ്മിതശോഭനാംഗം
ലക്ഷ്മ്യാ പ്രജാപതിസുതൈശ്ച നിഷേവ്യമാണം
തസ്യാഃ പ്രിയായ ധൃതകാമതനും ഭജേ ത്വാം.

സാരം:— ഇളാവൃതത്തിൽനിന്നും പടിഞ്ഞാറുള്ള അത്യന്തമനോഹര സ്വഭാവമായ കേതുമാലമെന്നെ വർഷത്തിൽ ലീലാവിശേഷസഹിതമായ മന്ദസ്മിതം കൊണ്ടു് ശോഭിച്ചിരിക്കുന്ന മുഖത്തോടുകൂടിയവനും, ലക്ഷ്മീദേവിയാലും പ്രജാപതിസുതന്മാരാലും സേവിക്കപ്പെട്ടുന്നവനും അവളുടെ സന്തോഷത്തിന്നുവേണ്ടി കാമദേവസ്വരൂപത്തെ ധരിച്ചവനുമായ അങ്ങയെ ഞാൻ ഭജിക്കുന്നു.

5 രമ്യേ ഹൃദീപി ഖലു രമ്യകനാമ്നി വർഷേ
തദ്വർഷനാഥമനുവര്യസപര്യമാണം
ഭക്തൈകവത്സലമമത്സരഹൃത്സു ഭാന്തം
മത്സ്യാകൃതിം ഭുവനനാഥ ഭജേ ഭവന്തം

സാരം:—അല്ലയോ ത്രൈലോക്യനാഥ; അതിമനോഹരമെന്നു പ്രസിദ്ധിയാൎന്ന ഇളാവൃതത്തിൽനിന്നു വടക്കുഭാഗത്തു് രമ്യകമെന്ന വൎഷത്തിൽ ആ വർഷത്തിന്നധിപതിയായ വൈവസ്വതമനുവിനാൽ പൂജിക്കപ്പെടുന്നവനും ഭക്തന്മാരിൽഅത്യന്തം വാത്സല്യമുള്ളവനുംനിൎമ്മത്സരന്മാരുടെ ഹൃദയപുണ്ഡരീകത്തിൽ ശോഭിക്കുന്നവനും മത്സ്യരൂപിയുമായ അങ്ങയെ ഞാൻ ഭജിക്കുന്നു.

6 വർഷം ഹിരണ്മയസമാഹ്വയമൌത്തരാഹ-
മാസീനമദ്രിധൃതികൎമ്മഠകാമഠാംഗം
സംസേവതേ പിതൃഗണപ്രവരോൎയ്യമാണം
തം ത്വാം ഭജാമി ഭഗവൻ പരചിന്മയാത്മൻ!

സാരം:—അല്ലയോ വിശുദ്ധജ്ഞാനസ്വരൂപനായ ഭഗവാനെ! ഹിരണ്മയമെന്നു പേരുള്ളതും ഉത്തരദേശത്തിലുള്ളതുമായ ഭൂഖണ്ഡത്തെ അധിഷ്ഠാനം ചെയ്യുന്നവനും മന്ദരപൎവ്വതത്തെ പൊക്കിയെടുപ്പാൻ സമൎത്ഥമായ കമഠസ്വരൂപത്തെ-ആമയുടെരൂപം—ധരിച്ചവനും ആയ അങ്ങയെ പിതൃക്കളുടെ അധിപനായ ആൎയ്യമാവു് വഴിപോലെ സേവിക്കുന്നു. ആ നിന്തിരുവടിയെ ഉള്ളഴിഞ്ഞു ഞാൻ ഭജിക്കുന്നു.

7 കിംചോത്തരേഷു കുരുഷു പ്രിയയാ ധരണ്യാ
സംസേവിതോ മഹിതമന്ത്രനുതിപ്രഭേദൈഃ

ദംഷ്ട്രാഗ്രഘൃഷ്ടഘലനപൃഷ്ഠഗരിഷ്ഠവർഷ്മാ
ത്വം പാഹി വിജ്ഞനുതയജ്ഞവരാഹമൂർത്തേ!

സാരം:— അല്ലയോ ജ്ഞാനികളാൽ സ്തുതിക്കപ്പെട്ട യജ്ഞവരാഹമൂർത്തിയായ ഭഗവാനെ ഉത്തരകുരുക്കളിൽ ഭഗവൽ പ്രിയതമയായ ഭൂമിയാൽ ഉത്തമങ്ങളായ മന്ത്രസ്തോത്രങ്ങളെക്കൊണ്ടു് സേവിക്കപ്പെട്ടവനും മേഘങ്ങളോടു തേററയുടെ അററംകൊണ്ടുരയ്ക്കപ്പെട്ടവനും ഗുരുതര ശരീരത്തോടുകൂടിയവനുമായ അങ്ങ് എന്നെ രക്ഷിക്കണേ!

8 യാമ്യാം ദിശം ഭജതി കിംപുരുഷാഖ്യവർഷേ
സംസേവിതോ ഹനുമതാ ദൃഢഭക്തിഭാജാ
സീതാഭിരാമപരമാത്ഭുതരൂപശാലീ
രാമാത്മകഃ പരിലസൻ പരിപാഹി വിഷ്ണോ!

സാരം:— അല്ലയോ വിഷ്ണുഭഗവാനെ! തെക്കെദിക്കിലുള്ളതായ കിമ്പുരുഷമെന്ന ഭൂഖണ്ഡത്തിൽ ഉറച്ച ഭക്തിയോടുകൂടിയ ഹനുമാനാൽ വഴിപോലെ സേവിക്കപ്പെടുന്നവനും, സീതാദേവിയുടെ മനസ്സിനെ രമിപ്പിക്കുന്ന പരമാത്ഭുത രൂപത്തോടും സൌന്ദൎയ്യവിശേഷത്തോടുംകൂടിയ സാക്ഷാൽ ശ്രീരാമമൂർത്തിയായ അങ്ങ് എൻെറ ഹൃദയത്തിൽ ശോഭിച്ചുകൊണ്ടു് എന്നെ രക്ഷിക്കണേ.

9 ശ്രീനാരദേന സഹ ഭാരതഖണ്ഡമുഖ്യൈ-
സ്ത്വം സാംഖ്യയോഗനുതിഭിഃ സമുപാസ്യമാനഃ
ആകല്പകാലമിഹ സാധുജനാഭിരക്ഷീ
നാരായണോ നരസഖഃ പരിപാഹി ഭൂമൻ.

സാരം:—അല്ലയോ ഭ്രമൻ! ഈ ഭാരതഖണ്ഡത്തിൽ, ശ്രീനാരദമുനി മുഖ്യന്മാരായ ഭക്തന്മാരാൽ സാംഖ്യം യോഗം സ്തോത്രങ്ങൾ ഇവകൊണ്ടു സേവിക്കപ്പെടുന്നവനും സജ്ജന പാലനശീലനും നരനോടുകൂടിയവനും നാരായണമൂർത്തിയുമായ അങ്ങ് കല്പപ്രളയകാലംവരെ ലോകരെ രക്ഷിക്കണേ!

10 പ്ലാക്ഷേക്ക്രൂപമയി ശാത്മലഇന്ദുരൂപം
ദ്വീപേ ഭജന്തി കുശനാമനി വഹ്നിരൂപം
ക്രൌഞ്ചേംബുരൂപമഥ വായുമയഞ്ച ശാകേ
ത്വാം ബ്രഹ്മരൂപമയിപുഷ്കരനാമ്നി ലോകാഃ

സാരം:—അല്ലയോ ഭഗവൻ! പ്ലക്ഷദ്വീപിൽ ആദിത്യരൂപനായും ശാല്മലദ്വീപിൽ ചന്ദ്രരൂപനായും കുശദ്വീപിൽ വഹ്നി സ്വരൂപനായും ക്രൌഞ്ചദ്വീപിൽ ജലസ്വരൂപനായും, ശാകദ്വീപിൽ വായുരൂപനായും ഹേ സ്വാമിൻ! പുഷ്കരദ്വീപിൽ ബ്രഹ്മരൂപനായുമിരിക്കുന്ന അങ്ങയെ ലോകങ്ങൾ ഭജിക്കുന്നു.

11 സർവ്വൈർദ്ധ്രുവാദിഭിരിഡുപ്രകരൈഗ്രഹൈശ്ച
പുച്ഛാദികേഷ്വവയവേഷ്വഭികല്പ്യമാനൈഃ
ത്വം ശിംശുമാരവപുഷാ മഹതാമുപാസ്യഃ
സന്ധ്യാസു രുന്ധി നരകം മമ സിന്ധുശായിൻ!

സാരം:—അല്ലയോ പാലാഴിയിൽ പള്ളികൊള്ളുന്ന ഭഗവാനെ! വാൽ തുടങ്ങിയ അവയവങ്ങളിൽ സങ്കല്പിക്കപ്പെട്ടിരിക്കുന്ന ധ്രുവൻ തുടങ്ങിയുള്ള സകല നക്ഷത്രസമൂഹങ്ങളോടും സൂര്യാദിഗ്രഹങ്ങളോടും ഉപലക്ഷിതനായി—കീഴ്പ്പോട്ടുതലയും വളച്ചുവെച്ച ശരീരവുമുള്ള ശിംശുമാര

മെന്ന ഒരു തരം ജലജന്തുവിൻെറ ആകൃതിയിൽ—ശിംശു മാരസ്വരൂപേണ മൂന്നു സന്ധ്യക്കും മഹാന്മാർ സേവിക്ക പ്പെടത്തക്കവനായ—അങ്ങ് എൻെറ നരകത്തെ തടു ക്കണേ!

12 പാതാളമൂലഭുവി ശേഷതനും ഭവന്തം
ലോലൈകകുണ്ഡലവിരാജി സഹസ്രശീർഷം
നീലാംബരം ധൃതഹലം ഭുജഗാംഗനാഭിർ—
ജ്ജുഷ്ടം ഭജേ ഹര ഗദാൻ ഗുരുഗേഹനാഥ.

സാരം:—പാതാളത്തിന്നടിയിൽ ഇളകിക്കൊണ്ടിരി ക്കുന്ന ഒററക്കുണ്ഡലംകൊണ്ടു് ശോഭമാനങ്ങളായ ആയിരം ശിരസ്സോടുകൂടിയവനും നീലവസ്ത്രത്തെ ഉടുത്തവനും ഹല മെന്ന ആയുധത്തെ ധരിച്ചവനും സർപ്പസ്ത്രീകളാൽ ചുററ പ്പെട്ടവനും ആദിശേഷസ്വരൂപിയുമായ അങ്ങയെ ഞാൻ ഭജിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ; എൻെറ രോഗങ്ങളെ ഹരിക്കണേ'

പഞ്ചമസ്കന്ധം

സമാപ്തം.

# ഷഷ്ഠസ്കന്ധം

## ഇരുപത്തിരണ്ടാം ദശകം

### അജാമിളോപാഖ്യാനം.

1 അജാമിളോനാമ മഹീസുരഃ പുരാ
ചരൻ വിഭോ ധർമ്മപഥാൻ ഗൃഹാശ്രമീ
ഗുരോർഗ്ഗിരാ കാനനമേത്യ, ദൃഷ്ടവാൻ
സുധൃഷ്ടശീലാം കുലടാം മദാകുലാം.

സാരം:— അല്ലയോ വിഭുവായ ഭഗവാനെ! പണ്ടൊരിക്കൽ ഗൃഹസ്ഥാശ്രമത്തെ സ്വീകരിച്ച്, ഗൃഹസ്ഥധർമ്മങ്ങളെ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അജാമിളനെന്നുപേരായ ഒരു ബ്രാഹ്മണൻ അച്ഛൻെറകല്പനപ്രകാരം കാട്ടിൽ ചെന്നിട്ട്, അന്യന്മാരെ വഞ്ചിക്കുവാൻശീലമുള്ളവളും മദം കൊണ്ടു മതിമറന്നവളും ആയ ഒരു പുംശ്ചലിയെ കണ്ടുവശായി—അജ്ഞാനം നിമിത്തം ജ്ഞാനമാകുന്ന കണ്ണിനു മറവുസിദ്ധിച്ചവൻ എന്നും, ഒരു തറവാടിയല്ലാത്ത സ്ത്രീയേ സ്വീകരിക്കുന്നവനെന്നും അജാമിളനെന്ന ശബ്ദത്തിനു അർത്ഥം കല്പിക്കാം.

2 സ്വതഃ പ്രശാന്തോപി തദാഹൃതാശയഃ
സ്വധർമ്മമുൽസൃജ്യ തയാ സമാരമൻ
അധർമ്മകാരീദശമീ ഭവൻ പുനർ-
ദധൌ ഭവന്നാമയുതേ സുതേ രതിം

സാരം:— അജാമിളൻ സ്വതവേ ശാന്തനാണെങ്കിലും ആ പുംശ്ചലിയുടെ കടാക്ഷത്തിൽ മയങ്ങിപ്പോയതുകൊണ്ടുമനശ്ശുക്തിയും ത്യാഗശീലവും കുറവാകയാൽ തന്റെ ധർമ്മാദികളെ നിശ്ശേഷം തന്നെത്തന്നേയുംമറന്നു് ഉപേക്ഷിച്ചു് അവളോടുകൂടിയുള്ള രതിമഹോത്സവത്തിൽ കുതുകിയായി അധർമ്മവൃത്തികളെ ആശ്രയിച്ചുജീവിച്ചു. അയാറം വാർദ്ധക്യഗ്രസ്തനായപ്പോഴേക്കും നിന്തിരുവടിയുടെ നാമധാരിയായി ഒരു പുത്രൻ വാത്സല്യനിധിയായി വളൎന്നുവരുന്നതുമുണ്ടായിരുന്നു.

3 സ മൃത്യുകാലേ യമരാജകിങ്കരാൻ
ഭയങ്കരാംസ്ത്രീനഭിലക്ഷയൻ ഭിയാ
പുരാ മനാക് ത്വൽസ്മൃതിവാസനാബലാ-
ജ്ജുഹാവ നാരായണനാമകം സുതം.

സാരം:— അവൻ— അജാമിളൻ—മരണസമയത്തിൽ ഭയങ്കരാകാരത്തോടുകൂടിയ യമകിങ്കരന്മാരെകണ്ടു് ഭയപ്പെട്ടു്, പണ്ടു ഏതോ വിധത്തിൽ വളരെ കുറവായിട്ടെങ്കിലും നിന്തിരുവടിയെ ഉപാസിച്ചിരുന്നതുകൊണ്ടു ആ വാസനനിമിത്തം നാരായണനെന്നുള്ള പുത്രനെവിളിച്ചു.

4 ദുരാശയസ്യാപി, തദാത്വനിർഗ്ഗത-
ത്വദീയനാമാക്ഷരമാത്രവൈഭവാൽ
പുരോഭിപേതുർഭവദീയപാർഷദാ-
ശ്ചതുർഭുജാഃ പീതപടാ, മനോരമാഃ

സാരം:— അവൻ— അജാമിളൻ- ദുർബ്ബുദ്ധിയും ദുഷിച്ചവനുമാണെങ്കിലും, മരണസമയത്തുച്ചരിച്ച നിന്തിരുവടിയുടെ തിരുനാമാക്ഷരങ്ങളുടെ മാത്രമുള്ള മഹിമയാൽ,

ചതുർബ്ബാഹുക്കളോടും മഞ്ഞത്തുകിലോടും മനോഹാര ന്മാരായ നിന്തിരുവടിയുടെ പാർഷദന്മാർമുമ്പിൽ പ്രത്യക്ഷപ്പെട്ടു.

5 . അമുഞ്ച സംപശ്യ വികർഷതോ ഭടാൻ
വിമുഞ്ചതേത്യാരുരുധുർബ്ബലാദമീ;
നിവാരിതാസ്തേ ച ഭവജ്ജനൈസ്തദാ,
തദീയപാപം നിഖിലന്ന്യവേദയൻ.

സാരം:—"ഇവനെ- അജാമിളനെ- പാശത്താൽ കെട്ടിവരിഞ്ഞു കൊണ്ടുപോകുന്ന കാലദൂതന്മാരെ 'വിടുവിൻ' എന്നുപറഞ്ഞു് നിന്തിരുവടിയുടെ ദൂതന്മാർ ബലമായി തടുത്തു ആ വിധം തടുക്കപ്പെട്ട ആ യമകിങ്കരർ അവൻ്റെ അജാമിളൻ്റെ—പാപകർമ്മങ്ങളെ വിഷ്ണുദൂതന്മാരെ അറിയിച്ചു.

6 ഭവന്തു പാപാനി, കഥന്തു നിഷ്കൃതേ
കൃതേപി ഭോ ദണ്ഡനമസ്തി പണ്ഡിതാഃ
നനിഷ്കൃതിഃ കിം വിദിതാ ഭവാദൃശാ-
മിതിപ്രഭോ ത്വൽപുരുഷാ ബഭാഷിരേ.

സാരം:—'അല്ലയോ പണ്ഡിതന്മാരെ! പാപങ്ങളേറെച്ചെയ്തിട്ടുണ്ടായിരിക്കട്ടെ; പ്രായശ്ചിത്തം ചെയ്തതിനശേഷവുംദണ്ഡനമുണ്ടോ! നിങ്ങളുടെ കൂട്ടർക്കുപ്രായശ്ചിത്തം എന്നതു് എന്തെന്നറിയുകയില്ലയോ?' അല്ലയോ പ്രഭുവായ ഭഗവാനെ! അങ്ങയുടെ ഭൃത്യന്മാർ ഇപ്രകാരം പറഞ്ഞു

7 ശ്രുതിസ്മൃതിഭ്യാം വിഹിതാ വ്രതാദയഃ
പുനന്തി പാപം, ന ലുനന്തി വാസനാം;

അനന്തസേവാ തു നികൃന്തതി ദ്വയീ-
മിതി പ്രഭോ ത്വൽപുരുഷാ ബഭാഷിരേ.

സാരം:—ശ്രുതിസ്മൃതികളാൽ വിധിക്കപ്പെട്ടിരിക്കുന്നവ്രതാദികൾ പാപത്തെ ശുദ്ധീകരിക്കുന്നു; വാസനയെ ഛേദിക്കുന്നില്ല. ഭഗവത്സേവയാകട്ടെ പാപവാസനകൾ രണ്ടിനേയും നശിപ്പിച്ചുകളയുന്നു.' അല്ലയോ ഭഗവാനെ ഭഗവദ്ദൂതന്മാർ ഇപ്രകാരം പറഞ്ഞു.

8 അനേന ഭോ ജന്മസഹസ്രകോടിഭിഃ
കൃതേഷു പാപേഷ്വപി നിഷ്കൃതിഃ കൃതാ
യദഗ്രഹീന്നാമഭയാകുലോ ഹരേ-
രിതി പ്രഭോ ത്വൽപുരുഷാ ബഭാഷിരേ.

സാരം:—'ഇവൻ ഭയപരവശനായിട്ട് ഹരിയുടെ തിരുനാമത്തെ ഗ്രഹിച്ചു—ഉച്ചരിച്ചു എന്നതു് യാതൊന്നു് ഹേതുവായിട്ട് ഇവനാൽ അനേകകോടി ജന്മങ്ങളെക്കൊണ്ടു് ചെയ്യപ്പെട്ടപാപങ്ങൾക്കുകൂടെ പ്രായശ്ചിത്തം ചെയ്യപ്പെട്ടു.' അല്ലയോ പ്രഭുവായ ഭഗവാനെ! വിഷ്ണുദൂതന്മാർ ഇപ്രകാരം പറഞ്ഞു.

9 നൃണാമബുദ്ധ്യാപി മുകുന്ദകീർത്തനം
ദഹത്യഘൌഘാൻ,മഹിമാസ്യ താദൃശഃ
യഥാഗ്നിരേധാംസി,യഥൌഷധം ഗദാ-
നിതി പ്രഭോ ത്വൽപുരുഷാ ബഭാഷിരേ.

സാരം:— 'ബുദ്ധിപൂർവ്വകമല്ലാതെ ചെയ്യപ്പെട്ടതാണെങ്കിലും ഭഗവന്നാമകീർത്തനംമനുഷ്യരുടെ പാപസമൂഹത്തെ ഭസ്മമാക്കിക്കളയുന്നു, ഈ നാമകീർത്തനത്തിൻെറ മാ

ഹാത്മ്യം അപ്രകാരമുള്ളതാകുന്നു. അഗ്നി വിറകിനെ ഏതുപ്രകാരം, ഔഷധം വ്യാധിയെ ഏതുപ്രകാരം അതുപോലെ'' എന്നിപ്രകാരം അല്ലയോ പ്രഭുവായ ഭഗവാനെ! അങ്ങയുടെ ദൂതന്മാർ പറഞ്ഞു.

10 ഇതീരിതൈര്യാമ്യഭടൈരപാസൃതേ
ഭവൽഭടാനാഞ്ച ഗണേ തിരോഹിതേ,
ഭവൽസ്മൃതിം കഞ്ചന കാലമാചരൻ
ഭവൽപദം പ്രാപി ഭവൽഭടൈരസൌ

സാരം:— ഇപ്രകാരം കേട്ട യമകിങ്കരന്മാർ മടങ്ങിപ്പോവുകയും, നിന്തിരുവടിയുടെ ദൂതന്മാർ മറകയും ചെയ്തതിൻെറശേഷം, ഈ അജാമിളൻ പിന്നെയും ഏറെക്കാലം നിന്തിരുവടിയിൽ സ്മരണയോടെ ജീവിച്ചിട്ട് ഒടുവിൽ നിന്തിരുവടിയുടെ പാർഷദന്മാർ വൈകുണ്ഠത്തിലേക്ക കൊണ്ടുപോയി.

11 സ്വകിംകരാവേദനശങ്കിതോ യമ-
സ്ത്വൽപാദഭക്തേഷു ന ഗമ്യതാമിതി
സ്വകീയഭൃത്യാനശിശിക്ഷദുച്ചകൈഃ;
സ ദേവ വാതാലയനാഥ പാഹി മാം

സാരം:—തൻെറ കിങ്കരന്മാർ പറഞ്ഞതുകേട്ട് വാർത്തയറിഞ്ഞ ധർമ്മരാജാ ഭയപ്പെട്ട് അവരോട് മേലാൽ വിഷ്ണുഭക്തന്മാരുടെ അടുക്കൽ നിങ്ങൾ പൊയ്പ്പോകരുത്', എന്ന് ശാസനയാ പറഞ്ഞേല്പിച്ചു. അങ്ങിനെയെല്ലാം ഇരിക്കുന്നു ഗുരുവായൂരപ്പ! നിന്തിരുവടി എന്നെ രക്ഷിക്കണേ

★

## ഇരുപത്തിമൂന്നാം ദശകം

### ചിത്രകേതൂപാഖ്യാനവും മരുദ്ൽപത്തിവൎണ്ണനവും

1 പ്രാചേതസസ്തു ഭഗവന്നപരോപി ദക്ഷ-
സ്ത്വൽസേവനം വ്യധിത സൎഗ്ഗവിവൃദ്ധികാമഃ,
ആവിൎബ്ബഭൂവിഥ തദാ ലസദഷ്ടബാഹു-
സ്തസ്മൈ വരം ദദിഥ, താഞ്ച വധൂമസിക്നീം.

സാരം:—പ്രചേതസ്സുകളുടെ പുത്രനും കീൎത്തിമാനുമായ (മറെറാരു) ദക്ഷൻ സൃഷ്ടികൎമ്മം സാധിപ്പിക്കുവാനായി അങ്ങയെ സേവിച്ചു. അന്നേരം നിന്തിരുവടി, ശോഭായമാനമായ എട്ടുകൈകളോടുകൂടെ പ്രത്യക്ഷനായി, അവനുവേണ്ടുന്ന വരവും ഭാൎയ്യയായിട്ട് പഞ്ചജനപുത്രിയായ അസിക്നിയേയും കൊടുത്തു് അനുഗ്രഹിച്ചു മറഞ്ഞു.

2 തസ്യാത്മജാസ്ത്വയുതമീശ!പുനഃസഹസ്രം,
ശ്രീനാരദസ്യ വചസാ തവ മാൎഗ്ഗമാപുഃ
നൈകത്ര വാസമൃഷയേ സ മുമോച ശാപം;
ഭക്തോത്തമസ്ത്വൃഷിരനുഗ്രഹമേവ മേനേ.

സാരം:—അല്ലയോ ഈശനായുള്ളോവെ! ദക്ഷന്റെ പുത്രന്മാരിൽ ആദ്യം പതിനായിരവും പിന്നെ ഒരായിരവും പേരെ നാരദൻ ജ്ഞാനോപദേശംചെയ്തു് ഭഗവന്മാൎഗ്ഗത്തെ പ്രാപിപ്പിച്ചു. അപ്പോൾ ദക്ഷൻ നാരദനെ കോപാവേശത്തോടെ ശപിച്ചു. "അങ്ങയ്ക്കു് ഒരിടത്തു സ്ഥിരവാസംചെയ്വാൻ മേലാതെ പോകട്ടെ" എന്നു്, ഭഗവൽഭക്തനായ നാരദനാകട്ടെ സന്തോഷത്തോടെ ആ ശാപത്തെ അനുഗ്രഹമായിട്ട കരുതിയുള്ളു.

3 ഷഷ്ട്യാ തതോ ദുഹിതൃഭിഃ സൃജതഃ കുലൌഘാൻ
ദൌഹിത്രസൂനുരഥ തസ്യ സ വിശ്വരൂപഃ
തൽസ്തോത്രവർമ്മിതമജാപയദിന്ദ്രമാജൌ
ദേവ ത്വദീയമഹിമാ ഖലു സർവ്വജൈത്രഃ

സാരം:— അനന്തരം 60 പെൺമക്കളെക്കൊണ്ടു ലോകത്തിൽ സ്ഥാവരജംഗമാത്മകങ്ങളായ പല വംശപരമ്പരകളെ സൃഷ്ടിച്ച് ലോകം നിറച്ചു ഇങ്ങിനെ സൃഷ്ടി വീഴ്ചകൂടാതെ നടന്നുകൊണ്ടിരിക്കുമ്പോഠം ദക്ഷൻെറ പുത്രനായ ദിതിജനായ ത്വഷ്ടാവിൻെറ മകനും ലോകത്തിൽ പ്രസിദ്ധനുമായ വിശ്വരൂപൻ ദേവന്മാരുടെ ആചാര്യനായിത്തീരുകയും നാരായണകവചംകൊണ്ട് ഇന്ദ്രനു രക്ഷ ചെയ്കയും, ദേവാസുരയുദ്ധത്തിൽ ഇന്ദ്രനെ ജയിപ്പിക്കുകയുംചെയ്തു. അല്ലയോ ദേവ! അങ്ങയുടെ മഹത്വം സർവ്വത്ര വിജയത്തിലാണ്. തീർച്ചതന്നെ.

4 പ്രാക് ശൂരസേനവിഷയേ കില ചിത്രകേതുഃ
പുത്രാഗ്രഹീ നൃപതിരംഗിരസഃ പ്രഭാവാൽ.
ലബ്ധ്വൈകപുത്രമഥ തത്ര ഹതേ സപത്നീ-
സംഘൈരമുഹ്യദവശസ്തവ മായയാസൌ.

സാരം:— പണ്ട് ശൂരസേനരാജ്യത്തിൽ ചിത്രകേതു എന്ന രാജാവ് പുത്രസന്താനത്തെ ആഗ്രഹിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അംഗിരസ്സുമഹർഷി ആ രാജാവിൽപ്രസാദിച്ചു ഒരു പുത്രനെ കൊടുത്തു; അദ്ദേഹം-ചിത്രകേതു-ആ പുത്രമുഖാബ്ജം നോക്കിനോക്കി സന്തോഷിച്ചുകഴിഞ്ഞു. എങ്കിലും തൻെറ ആത്മജൻെറ മാതാവും രാജാവിൻെറജ്യേഷ്ഠപത്നിയുമായ കൃതദ്യുതിയുടെ സപത്നിമാരായ രാജാവിൻെറ മററു ഭാര്യമാർ, ജ്യേഷ്ഠപത്നിക്കുമാത്രമാ

യി പുത്രലാഭമുണ്ടായതുനിമിത്തം അസൂയപ്പെട്ടു് ഈ ബാലനെ വിഷംകൊടുത്തുകൊന്നു. അതുനിമിത്തം രാജാവു വിഷണ്ണനായിത്തീരുകയും ഭഗവന്മായാവൈഭവത്താൽ മോഹിക്കയും ചെയ്തു.

5 തം നാരദസ്തു സമമംഗിരസാ ദയാലുഃ
സമ്പ്രാപ്യ താവദുപദശ്യ സുതസ്യ ജീവം
കസ്യാസ്മി പുത്ര ഇതി തസ്യ ഗിരാ വിമോഹം
ത്യക്താ ത്വദച്ചനവിധൌ നൃപതിം ന്യയുങ്ക്ത

സാരം:— ആ സമയം ദയാവാരിധിയായ നാരദമഹർഷി അംഗിരസ്സുമഹർഷിയോടുകൂടെ വിഷാദവിവശനായ രാജാവിൻെറ സമീപത്തുവന്നിട്ടു് മരിച്ചിരിക്കുന്ന പുത്രൻെറ ജീവാത്മാവിനെ യോഗവിദ്യാബലംകൊണ്ടു് വരുത്തിക്കാണിച്ചുകൊടുത്തു് 'അച്ഛനമ്മമാരെ വ്യസനിപ്പിക്കാതെ ഈ ശരീരത്തിൽതന്നെ വീണ്ടും പ്രവേശിച്ചു് സുഖിക്കുക" എന്നു് ആ ജീവനോടുപദേശിച്ചു ഹേ മഹർഷേ! അങ്ങു പറയുന്നതു് ഏതു അച്ഛനമ്മമാരേ കുറിച്ചാണു്; ഏതുശരീരത്തെക്കുറിച്ചാണു്. ഞാൻ അനേകമനേകം ശരീരത്തിൽ പ്രവേശിക്കുകയും ആ വക ശരീരങ്ങളെ വിട്ടുപിരികയും ചെയ്തിട്ടുണ്ടു്. അവിടെയെല്ലാം എനിക്കച്ഛനമ്മമാരും മററുബന്ധുക്കളുമുണ്ടായിട്ടുണ്ടു്. എൻെറ വിരഹം നിമിത്തം അവരിൽ പലരും പരിതപിക്കുന്നുമുണ്ടായിരിക്കാം. പക്ഷേ അതു് എൻെറ കുററമല്ല, അവരുടെ അജ്ഞാനമാണു് അതിനു കാരണം. ആ വക ശരീരങ്ങളിലെല്ലാം വീണ്ടുംപ്രവേശിച്ചു് അവരെ ഒട്ടാകെസമാധാനിപ്പിക്കുക എന്നതു് എന്നാൽ ഒരിക്കലും സാദ്ധ്യമല്ല." ഇതുകേട്ടു് രാജാവു് ശോകമോഹങ്ങളെ ഉപേക്ഷിക്കുകയും മഹർഷിമാർ രാജാവിനെ ഭഗവത്സവാമാർഗ്ഗത്തിലേയ്ക്കു നിയോഗിക്കുകയും ചെയ്തു.

6 സ്തോത്രഞ്ച മന്ത്രമപി നാരദതോഥ ലബ്ധ്വാ
തോഷായ ശേഷവപുഷോ നനു തേ തപസ്യൻ
വിദ്യാധരാധിപതിതാം സ ഹി സപ്തരാത്രേ
ലബ്ധ്വാപ്യകുണ്ഠമതിരന്വഭജത്ഭവന്തം.

സാരം:—ആ ചിത്രകേതു നാരദനിൽനിന്നു് സ്തോത്രമന്ത്രാദികളെ വരിച്ചു് സങ്കർഷണമൂർത്തിയായ അങ്ങയുടെ പ്രസാദത്തിന്നു മാത്രമായി തപസ്സുതുടങ്ങി, ഏഴുദിവസം കൊണ്ടു് വിദ്യാധരചക്രവർത്തിസ്ഥാനം ലഭിച്ചിട്ടുകൂടി ബുദ്ധി മടുക്കാതെ വീണ്ടും അങ്ങിനെതന്നെ ഭജിച്ചു.

7 തസ്മൈ മൃണാളധവളേന സഹസ്രശീർഷ്ണാ
രൂപേണ ബദ്ധനുതിസിദ്ധഗണാവൃതേന
പ്രാദുർഭവന്നചിരതോ നുതിഭിഃ പ്രസന്നോ
ദത്വാത്മതത്വമനുഗൃഹ്യ തിരോദധാഥ.

സാരം:—നിന്തിരുവടി താമരവളയംപോലെ വെളുത്തതും ആയിരം ഫണങ്ങളുള്ളതും—ശിരസ്സുകളുള്ളതും—സ്തോത്രംചെയ്യുന്ന സിദ്ധസമൂഹങ്ങളാൽ ചുററപ്പെട്ടതുമായ ദിവ്യരൂപത്തോടുകൂടെ ഉടനെപ്രത്യക്ഷനായിട്ടു്, സ്തോത്രങ്ങളെക്കൊണ്ടു സന്തുഷ്ടിയെപ്രാപിച്ചു്, ആ ചിത്രകേതുവിനെ ആത്മതത്വത്തെ ഉപദേശിച്ചു് അനുഗ്രഹിച്ചന്തർദ്ധാനംചെയ്തു.

8 ത്വത്ഭക്തമൌലിരഥ സോപി ച ലക്ഷലക്ഷം
വർഷാണി ഹർഷുലമനാ ഭുവനേഷു കാമം
സംഗാപയൻ ഗുണഗണം തവ സുന്ദരീഭിഃ
സംഗാതിരേകരഹിതോ ലളിതം ചചാര

സാരം:—പിന്നീട്ട ഭക്തകുലാവതംസമായ ആ രാജാവ്—ചിത്രകേതു—അങ്ങയുടെ ഗുണവിശേഷങ്ങളെ സുന്ദരീരത്നങ്ങളെക്കൊണ്ട് ഹിതരീത്യാ ഗാനം ചെയ്യിച്ചുകൊണ്ട് വിഷയാദികളിലത്യന്താസക്തിയെന്യേ കൃതകൃത്യഭാവിതനായി അനേകകാലം നാനാലോകങ്ങളിലും ദൃപ്തനായി സഞ്ചരിച്ചു.

9 അത്യന്തസംഗവിലയായ ഭവൽപ്രണുന്നോ
നൂനം സ രൌപ്യഗിരിമാപ്യ മഹൽസമാജേ
നിശ്ശങ്കമങ്കകൃതവല്ലഭമംഗജാരിം
തം ശങ്കരം പരിഹസന്നുമയാഭിശേപേ

സാരം:—വിഷയാസക്തിയുടെ അത്യന്തനിവൃത്തിക്കായി തീർച്ചയായും അങ്ങയാൽ പ്രേരിതനായ ആ രാജാവ് കൈലാസത്തിൽചെന്നു് സംശയംകൂടാതെ ഭാൎയ്യയെ മടിയിൽവെച്ചുകൊണ്ടിരിക്കുന്നവനും കാമാരിയുമായ ആ പരമേശ്വരനെ പരിഹസിച്ചപ്പോൾ പാൎവ്വതീദേവി കോപിച്ചിട്ട് 'നീ അസുരനായിപ്പോക, എന്നു് ചിത്രകേതുവിനെശപിച്ചു. മഹാജനങ്ങൾ കാൺകെ ഇത്രയുംലജ്ജകൂടാതെ വല്ലഭയെ മടിയിൽകയററിയിരുത്തുന്നതു് ശരിയല്ലെന്നു തോന്നുകയാലാണ് ചിത്രകേതു പരിഹസിച്ചതു്.

10 നിസ്സംഭ്രമസ്ത്വയമയാചത ശാപമോക്ഷം
വൃത്രാസുരത്വമുപഗമ്യ സുരേന്ദ്രയോധീ
ഭക്ത്യാത്മതത്വകഥനൈസ്സമരേ വിചിത്രം
ശത്രോരപി ഭ്രമമപാസ്യ ഗതഃ പദം തേ.

സാരം:—ചിത്രകേതു യാതൊരു പരിഭ്രമവുംകൂടാതെ ശാപമോക്ഷത്തിന്നപേക്ഷിക്കാതെതന്നെപോയി. പിന്നീട്ട വൃത്രാസുരനായിജ്ജനിച്ച് ഇന്ദ്രനോടുകൂടി യുദ്ധംചെയ്യുമ്പോൾ ഭഗവൽഭക്തികൊണ്ടും തത്ത്വോപദേശം കൊ

ണ്ടും യുദ്ധത്തിന്നിടയിൽ തൻെറ ശത്രുവായ ഇന്ദ്രൻെറ അജ്ഞാനത്തെക്കൂടെ കളഞ്ഞിട്ട് വൈകുണ്ഠത്തെ പ്രാപിച്ചു. ആശ്ചര്യ്യംതന്നെ.

11 ത്വത്സേവനേന ദിതിരിന്ദ്രവധോദ്യതാപി
താൻ പ്രത്യുതേന്ദ്രസുഹൃദോമരുതോഭിലേഭേ
ദുഷ്ടാശയേപി ശുഭദൈവഭവന്നിഷേവാ
തത്താദൃശസ്ത്വമവ മാം പവനാലയേശ!

സാരം:—ദിതി ഇന്ദ്രനെക്കൊല്ലുവാനുത്സാഹിച്ചവളാണെങ്കിലും ഭഗവത്സേവാമാഹാത്മ്യംനിമിത്തം, ഇന്ദ്രൻെറ ബന്ധുക്കളും പ്രസിദ്ധരുമായ മരുത്തുക്കളെലഭിച്ചു ഭഗവത്സേവ, ദുഷ്ടബുദ്ധിവിഷയം ഫലപ്പാറം ശുഭത്തെ കൊടുക്കുന്നതുതന്നെയാവാം, ദിതി വ്രതത്തെ കയ്ക്കൊണ്ടിരിക്കുന്നകാലത്തു്, ക്ഷീണിതയായി അസമയത്തു് നിദ്രചെയ്യുകയും അതിന്നാൽ ശുദ്ധിഹീനയായ അവളുടെ ഭൃത്യനായി തരംനോക്കിപ്പാർത്തുവരുന്ന വജ്രപാണി ആയുധത്തോടുകൂടി അവളുടെ ഗർഭത്തിൽ പ്രവേശിച്ചു് ഗർഭപിണ്ഡത്തെ ഏഴായും അവ ഓരോന്നിനേയും ഏഴേഴായും ഖണ്ഡിച്ചു. ദിതി, തൻെറ ഗർഭത്തിൽകിടന്നുള്ള നിലവിളികേട്ട് പെട്ടെന്നുണർന്നു് വാസ്തവമറികയും വിവേകമില്ലായ്മയാൽ സംഭവിച്ച തെററാണെന്നു സമാധാനിച്ചു് ഇന്ദ്രനു അഭയം കൊടുക്കുകയും ആ ഗർഭത്തിലുണ്ടായിരുന്ന കുട്ടികൾ ഇന്ദ്രൻെറ ബന്ധുക്കളായ നാല്പത്തൊമ്പതു് മരുത്തുക്കളായും തീൎന്നു. ദിതിയുടെ ആവശ്യപ്രകാരം അവരെ ദേവേന്ദ്രൻ ദേവലോകത്തിനു കൊണ്ടുപോകയുംചെയ്തു.

ഇരുപത്തിമൂന്നാംദശകം ഷഷ്ഠസ്കന്ധം

സമാപ്തം

# സപ്തമസ്കന്ധം

## ഇരുപത്തിനാലാം ദശകം

### (പ്രഹ്ലാദചരിത്രം)

1 ഹിരണ്യാക്ഷേ പോത്രിപ്രവരവപുഷാ ദേവ!ഭവതാ
ഹതേ ശോകക്രോധഗ്ലപിതധൃതിരേതസ്യ സഹജഃ
ഹിരണ്യപ്രാരംഭഃ കശിപുരമരാരാതിസദസി
പ്രതിജ്ഞാമാതേനേ. തവ കില വധാൎത്ഥം
മധുരിപോ!

സാരം:-ഹേ മധുരിപോ! വരാഹമൂൎത്തിയായ അങ്ങയാൽ ഹിരണ്യാക്ഷൻ ഹതനായ കാലത്തിൽ ഹിരണ്യാക്ഷസോദരനായ ഹിരണ്യകശിപു ദുഃഖകോപങ്ങളാൽ മനസ്സിനെ ഒതുക്കിനിൎത്തുവാൻകഴിയാതെ അങ്ങയെ കൊല്ലുവാൻവേണ്ടി അസുരസഭാമദ്ധ്യത്തിൽവെച്ച് സത്യംചെയ്തുവത്രെ.

2 വിധാതാരം ഘോരം സ ഖലു തപസിത്വാ ന ചിരതഃ
പുരഃ സാക്ഷാൽകുൎവ്വൻ സുരനരമൃഗാദ്യൈരനിധനം
വരം ലബ്ധ്വാ ദൃപ്തോ,ജഗദിഹ ഭവന്നായകമിദം
പരിക്ഷുന്ദ,ന്നിന്ദ്രാദഹരത ദിവം ത്വാമഗണയൻ.

സാരം:-ഹിരണ്യകശിപു ഘോരമായി തപസ്സുചെയ്തു ബ്രഹ്മാവിനെ പ്രത്യക്ഷമാക്കി, ദേവമനുഷ്യാദികളാൽ ഹനിക്കുകയില്ലെന്ന വരവും കയ്ക്കലാക്കി, അഹംഭാവത്തോടെ ഈ ഭൂലോകത്തിൽ—അങ്ങാകുന്ന നാഥനോടുകൂടിയ ഈ ജഗത്തിനെ—ഉപദ്രവിച്ച് അങ്ങയെ വകവെയ്ക്കാതെ ഇന്ദ്രനിൽനിന്ന് സ്വൎഗ്ഗത്തെ അടക്കി.

3 നിഹന്തും ത്വാം ഭൂയസ്തവ പദമവാപ്തസ്യ ച രിപോർ-
ബഹിർദൃഷ്ടേരന്തർദധിഥ ഹൃദയേ സൂക്ഷ്മവപുഷാ;
നദന്നുച്ചൈസ്തത്രാപ്യഖിലഭുവനാന്തേ ച മൃഗയൻ,
ഭിയാ യാതം മത്വാ, സ ഖലു ജിതകാശീ നിവവൃതേ.

സാരം:—പിന്നെ അങ്ങയെ കൊല്ലുവാൻവേണ്ടി വൈകുണ്ഠത്തിൽ വരികയും ജ്ഞാനഹീനനാകയാൽ മാംസചക്ഷുസ്സിനാലും, ഹിരണ്യകശിപുവിൻെറ ഉള്ളിൽ സൂക്ഷ്മശരീരനായി മറഞ്ഞിരുന്നതിനാലും-അങ്ങയെ കാണ്മാൻ അവനു കഴിഞ്ഞില്ല. അവൻ ഉറക്കെ അലറിക്കൊണ്ട് എല്ലാ ലോകങ്ങളിലും അങ്ങയെ തിരഞ്ഞുനടന്ന് എങ്ങും കാണാതായപ്പോൾ, അങ്ങ് അവനെപ്പേടിച്ച് ഒളിച്ചിരിക്കുകയാണെന്നഭിമാനിച്ചു തുടങ്ങി.

4 തതോഽസ്യ പ്രഹ്ലാദഃ സമജനി സുതോ ഗർഭവസതൗ
മുനേർവ്വീണാപാണേരധിഗതഭവത്ഭക്തിമഹിമാ
സ വൈ ജാത്യാ ദൈത്യഃ ശിശുരപി സമേത്യ ത്വയി രതിം
ഗതസ്ത്വത്ഭക്താനാം വരദ! പരമോദാഹരണതാം

സാരം:— ഗർഭത്തിലിരിക്കുമ്പോൾ നാരദമഹർഷിയിൽനിന്ന് ഭഗവന്മാഹാത്മ്യത്തെ അറിഞ്ഞവനായ പ്രഹ്ളാദനെന്നൊരു പുത്രൻ ഇവനുണ്ടായി. പ്രഹ്ളാദൻ ജാത്യാ അസുരനാണെങ്കിലും, ഭഗവത്ഭക്തിയെ പ്രാപിച്ചിട്ട്, അല്ലയോ വരദനായ ഭഗവാനെ! ഭഗവത്ഭക്തന്മാർക്ക് മാതൃകയെ കയ്ക്കൊണ്ടു.

5 സുരാരീണാം ഹാസ്യം തവ ചരണദാസ്യം നിജ സുതേ
സ ദൃഷ്ട്വാ ദുഷ്ടാത്മാ ഗുരുഭിരശിശിക്ഷച്ചിരമമും
ഗുരുപ്രോക്തഞ്ചാസാവിദമിദമഭദ്രായ ദൃഢമി-
ത്യപാകുർവ്വൻ സർവ്വം തവ ചരണഭക്ത്യൈവ വവൃധേ.

സാരം: — ദുഷ്ടനായ ഹിരണ്യകശിപു, അസുരന്മാക്ക് പരിഹാസ്യമായ ഭഗവൽപാദദാസ്യഭാവത്തെ തന്റെ പുത്രനായ പ്രഹ്ളാദനിൽ കണ്ടിട്ട് ഗുരുപുത്രന്മാരെക്കൊണ്ടു വളരെക്കാലം അവനെ ശിക്ഷിപ്പിച്ചുപഠിപ്പിച്ചു. എന്നാൽ പ്രഹ്ളാദൻ ഗുരുനാഥന്മാർ പറഞ്ഞുകൊടുക്കുന്നതെല്ലാം അമംഗളത്തിനുള്ളതാണെന്നുവെച്ച് അതൊന്നും സ്വീകരിക്കാതെ ഭഗവൽപാദഭക്തിയോടുകൂടിത്തന്നെ വളൎന്നു.

6 അധീതേഷു ശ്രേഷ്ഠം കിമിതി പരിപൃഷ്ടേഽഥ തനയേ
ഭവത്ഭക്തിം വൎയ്യാമഭിഗദതി പൎയ്യാകുലധൃതിഃ
ഗുരുഭ്യോ രോഷിത്വാ സഹജമതിരസ്യേത്യഭിവിദൻ
വധോപായാനസ്മിൻ വ്യതനുത ഭവൽപാദശരണേ.

സാരം: — അനന്തരം "നീ പഠിച്ചിട്ടുള്ളതിൽ ശ്രേഷ്ഠമായതു് എന്താണെ"ന്നു ഹിരണ്യകശിപു പുത്രനോടു ചോദിച്ചപ്പോൾ, "ഭഗവത്ഭക്തിയാണു് ശ്രേഷ്ഠമായിട്ടുള്ളതെ"ന്നു പറകയാൽ, ക്ഷമയില്ലാതെ കോപാന്ധനായിത്തീൎന്ന ആ അസുരശ്രേഷ്ഠൻ ഗുരുനാഥന്മാരെ ശാസിച്ചു ഇതിവിന്റെ സ്വാഭാവികബുദ്ധിയാണെന്നു ധരിച്ചപ്പോൾ, അങ്ങയുടെ തൃക്കാലടികളെത്തന്നെ ശരണമെന്നുറച്ചു സേവിക്കുന്നവനിൽ വധോപായങ്ങളെ ചിന്തിച്ചു ഭഗവൽപാദാരവിന്ദങ്ങളെ സൎവ്വാത്മനാ ശരണംപ്രാപിച്ചിരിക്കുന്ന ഈ പ്രഹ്ളാദനെ നിഗ്രഹിപ്പാൻ ആൎക്കും സാദ്ധ്യമാകയില്ല. ദുഃഖം ആ മഹിമ അറിയാതെയാണ് ഹിരണ്യകശിപു പുത്രവധോദ്യുക്തനാകുന്നതു്.

7 സ ശൂലൈരാവിദ്ധഃ സുബഹു മഥിതോ ദിഗ്ഗജഗണൈ-
ൎമ്മഹാസൎപ്പൈൎദ്ദഷ്ടോഽപ്യനശനഗരാഹാരവിധുതഃ
ഗിരീന്ദ്രാവക്ഷിപ്തോഽപ്യഹഹ പരമാത്മന്നയി വിഭോ
ത്വയി ന്യസ്താത്മത്വാൽ കിമപി ന നിപീഡാമഭജത

സാരം:—അല്ലയോ പരമാത്മാവായിരിക്കുന്ന ഭഗവാനെ! ആ പ്രഹ്ലാദനെ വളരെ പ്രാവശ്യം ശൂലാദ്യായുധങ്ങളാലും ദിഗ്ഗജങ്ങളാലും വധിപ്പാൻ ശ്രമിക്കുകയും അതുകൊണ്ടൊന്നും സാദ്ധ്യമാകാതെ വന്നപ്പോൾ, സർപ്പദംശനം, പട്ടിണി, വിഷഭോജനം ഇത്യാദികളാൽ പീഡിപ്പിക്കപ്പെടുകയും, പർവ്വതശിഖരത്തിൽനിന്നു കീഴ്പ്പോട്ടു തള്ളുകയും മററും ചെയ്തിട്ട് പ്രഹ്ലാദനു യാതൊരു ക്ലേശവും സംഭവിച്ചില്ല. അങ്ങയിൽ നിശ്ചഞ്ചലഭക്തി അവനുണ്ടായിരുന്നതുകൊണ്ട് യാതൊരുപദ്രവവും സങ്കടവും അവനിൽ പ്രവേശിച്ചില്ല.

8 തതഃ ശങ്കാവിഷ്ടഃ സ പുനരതിദുഷ്ടോഽസ്യ ജനകോ
ഗുരൂക്ത്യാ തൽഗേഹേ കില വരുണപാശൈസ്തമരുണൽ
ഗുരോശ്ചാസാന്നിദ്ധ്യേ സ പുനരനുഗാൻദൈത്യതനയാൻ
ഭവത്ഭക്തേസ്തത്ത്വം പരമമപി വിജ്ഞാനമശിഷൽ

സാരം:—പിന്നെ പരമദുഷ്ടനായ ഇവൻെറ അച്ഛൻ ഹിരണ്യകശിപു ശങ്കാകുലനായി ഗുരുവിൻെറ അഭിപ്രായമനുസരിച്ച് ഗുരുഗൃഹത്തിൽ വരുണപാശംകൊണ്ട് ബന്ധിച്ചിട്ടുപോൽ. പ്രഹ്ലാദൻ ഗുരു അവിടെ ഇല്ലാത്ത അവസരത്തിൽ സഹപാഠികളായ അസുരകുമാരന്മാരെ ഭക്തിമാർഗ്ഗങ്ങളേയും ഉൽകൃഷ്ടമായ ബ്രഹ്മതത്ത്വത്തേയും പറഞ്ഞു പഠിപ്പിച്ചു.

9 പിതാ ശൃണ്വൻ ബാലപ്രകരമഖിലം ത്വൽസ്തുതിപരം
രുഷാന്ധഃ പ്രാഹൈനം കുലഹതക! കസ്തേ ബലമിതി
ബലം മേ വൈകുണ്ഠസ്തവ ച ജഗതാം ചാപി സ ബലം
സ ഏവ ത്രൈലോക്യം സകലമിതി ധീരോഽയമഗദീൽ

സാരം:—ഹിരണ്യകശിപു, കുട്ടികളൊക്കെ ഭഗവൽ

സ്തുതിയിലും, ഭക്തിയിലും ശ്രദ്ധാന്വിതരാണെന്ന കേട്ടിട്ട് കോപത്താൽ വിവേകശൂന്യനായി, 'അല്ലയോ വംശനാശക! നിനക്കാരാണ് ബലം' എന്നിങ്ങനെ പ്രഹ്ളാദനോട് ചോദിച്ചു. 'എനിയ്ക്കു വൈകുണ്ഠേശനാണബലം. നിങ്ങൾക്കും, ആക്കംതന്നെ, ഈ ലോകത്തിന്നാസകലവും അവൻ തന്നെബലം' എന്നിപ്രകാരം പ്രഹ്ളാദൻ ധീരനായികൊണ്ടു മറുപടിപറഞ്ഞു.

10 അരേ ക്വാസൌ ക്വാസൌ സകലജഗദാത്മാ
ഹരീരിതി
പ്രഭിന്തേ സ്മ സ്തംഭം ചലിതകരവാളോ ദിതിസുതഃ
അതഃ പശ്ചാദ്വിഷ്ണോ ന ഹി വദിതുമീശോസ്മി സഹസാ
കൃപാത്മൻ വിശ്വാത്മൻ പവനപുരവാസിൻ മൃഡയ മാം

സാരം:— ഉടനെ ഹിരണ്യകശിപു വാളിളക്കിക്കൊണ്ടു എടാ, സകലജഗന്മയനായ ഹരി എവിടെ? ഹരി എവിടെ? എന്നിങ്ങനെ പറഞ്ഞു് ആ സഭയിലുണ്ടായിരുന്ന ഒരു സ്തംഭത്തെ അടിച്ചുടച്ചു. (ഹരി സർവ്വത്ര വ്യാപിച്ചുകൊണ്ടിരിക്കുന്നവനാണ് എന്നാണല്ലോ നീ വിശ്വസിക്കുന്നതു്, എങ്കിൽ ഈ സ്തംഭത്തിലും ഹരി ഉണ്ടായിരിക്കുമല്ലൊ.' സ്തംഭം ഇടതൂർന്നതാകയാൽ അതിന്നുള്ളിൽ ഒരുജീവിക്കുപോലും ഇരിക്കുവാൻ സ്ഥലമുണ്ടാകയില്ലെന്നുള്ള വിശ്വാസത്താലാണ് ഹിരണ്യകശിപു സ്തംഭത്തിന്നുള്ളിൽ ഹരിഉണ്ടോ എന്നുചോദിച്ചതും അതിലില്ലെന്നു പ്രഹ്ളാദനെ ബോദ്ധ്യപ്പെടുത്തുവാനായി സ്തംഭത്തെ പിളന്നതും) അല്ലയോ വിഷ്ണുഭഗവാനെ! ഇതിനുശേഷം കഥ വേഗത്തിൽ പറയാൻ ഞാൻ ശക്തനല്ല. അല്ലയോ ദയാവാരിധേ! ഗുരുവായൂരപ്പ' എന്നെ സുഖിപ്പിക്കണെ—രക്ഷിക്കണെ!

## ഇരുപത്തഞ്ചാം ദശകം

### നരസിംഹാവതാരം

1 സ്തംഭേ ഘട്ടയതോ ഹിരണ്യകശിപോഃ
കർണ്ണൌ സമാചൂർണ്ണയ-
ന്നാഘൂർണ്ണജ്ജഗദണ്ഡകുണ്ഡകുഹരോ
ഘോരസ്തവാഭൂദ്രവഃ;
ശ്രുത്വാ യം കില ദൈത്യരാജഹൃദയേ
പൂർവ്വം കദാപ്യശ്രുതം
കമ്പഃ കശ്ചന സമ്പപാത; ചലിതോ-
പ്യംഭോജഭൂർവ്വിഷ്ടരാൽ.

സാരം—തൂണിന്മേൽ വെട്ടി തച്ചുടച്ച മാത്രയിൽ ഹിരണ്യകശിപുവിന്റെ ചെവികളെ പൊടിപ്പെടുത്തുന്നതും ബ്രഹ്മാണ്ഡകടാഹത്തിന്നുള്ളിലുള്ള സകലത്തേയും ഇളക്കി മറിക്കുന്നതും ഭയങ്കരവും ആയ അങ്ങയുടെ അലർച്ചകൾ കേൾക്കമാറായി. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തതായ ഈ ഭയങ്കരശബ്ദത്തെ കേട്ടിട്ടു് ആ ദൈത്യേശ്വരന്റെ ഉള്ളിൽ പറഞ്ഞറിയിപ്പാൻ സാധിക്കാത്തവിധത്തിലുള്ള ഒരു നടുക്കമുണ്ടായി. ബ്രഹ്മാവുകൂടി തന്റെ ഇരിപ്പിടത്തിൽനിന്നിളകിപ്പോയിയത്രെ.

2 ദൈത്യേ ദിക്ഷു വിസൃഷ്ടചക്ഷുഷി മഹാ-
സംരംഭിണി സ്തംഭതഃ
സംഭൂതം ന മൃഗാത്മകം ന മനുജാ-
കാരം വപുസ്തേ വിഭോ!

കിം കിം ഭീഷണമേതദത്ഭുതമിതി
വ്യുദ്ഭ്രാന്തചിത്തേഽസുരേ
വിസ്ഫൂർജ്ജദ്ധവളോഗ്രരോമവികസ-
ദ്വർഷ്മാ സമാജൃംഭഥാഃ

സാരം:—ഈ ഭയങ്കരശബ്ദംകേട്ട്, കാരണമറിയാതെ അത്യന്തം കോപത്തോടുകൂടിയ ഹിരണ്യകശിപു ചുററുപാടും നോക്കിനില്ക്കുമ്പോൾ, അല്ലയോ വിഭോ! മൃഗവും മനുഷ്യനുമല്ലാത്ത—പകുതി മനുഷ്യാകൃതിയും പകുതി സിംഹാകൃതിയും ആയ— അങ്ങയുടെ ദിവ്യശരീരം തൂണിൽനിന്നു വെളിപ്പെട്ടു. ഭയങ്കരവും ആശ്ചര്യാതീതവുമായ ഇതെന്തെന്നുവിചാരിച്ച് ആ മഹാദൈത്യൻ പരിഭ്രാന്തനായി നില്ക്കുമ്പോൾ, ഭയാനകങ്ങളും രസാവഹങ്ങളുമായ— ഉഗ്രങ്ങളായ— കുഞ്ചിരോമങ്ങളേയും ധൂർജ്ജടയേയും വികസിപ്പിച്ചതിനാലുള്ള പ്രകാശമാനമായ ശരീരത്തോടുകൂടി അങ്ങ വലുതായി.

3 തപ്തസ്വർണ്ണസവർണ്ണഘൂർണ്ണദതിരൂ-
ക്ഷാക്ഷം സടാകേസര-
പ്രോൽകംപപ്രനികുംബിതാംബരമഹോ
ജീയാത്തവേദം വപുഃ
വ്യാത്തവ്യാപ്തമഹാദരീസഖമുഖം
ഖഡ്ഗോഗ്രവൽഗന്മഹാ-
ജിഹ്വാനിർഗ്ഗമദൃശ്യമാനസുമഹാ-
ദംഷ്ട്രായുഗോഡ്ഡാമരം.

സാരം:—തീയിലിട്ടു ചുട്ടുപഴുപ്പിച്ച സ്വർണ്ണസദൃശങ്ങളും ഉരുട്ടിമിഴിക്കുന്നതും അതിഭയങ്കരങ്ങളുമായ കണ്ണുകളോടും കുഞ്ചിരോമങ്ങളുടെ ചലനംകൊണ്ടു് ആകാശംപോ

ലും മറയ്ക്കപ്പെട്ടും, വിടന്നും വിസ്തൃതവുമായ ഗുഹയോടു പമിക്കാവുന്ന വക്ത്രത്തോടും ഖഡ്ഗസദൃശം വളഞ്ഞു് — കട്ടിത്തിങ്കാറംപോലെ—പ്രകാശിക്കുന്ന ദംഷ്ട്രകളോടും, നീണ്ടു വളഞ്ഞു ചലിച്ചുകൊണ്ടു് പുറത്തേക്കു നീട്ടിക്കൊണ്ടിരിക്കുന്ന ജിഹ്വാഗ്രത്തോടും കൂടിയ അങ്ങയുടെ ഉഗ്രരൂപം ലോകത്തെ കിടുകിടെ വിറപ്പിക്കുവാൻ പര്യാപ്തമായിരുന്നു. അങ്ങയുടെ ഈ ദിവ്യശരീരം സർവ്വോത്തമമായി വർത്തിക്കട്ടെ!

4 ഉത്സർപ്പദ്വലിഭംഗഭീഷണഹനു-
ഹ്രസ്വസ്ഥവീയസ്തര-
ഗ്രീവം പീവരദോശ്ശതോദ്ഗതനഖ-
ക്രൂരാംശുദൂരോൽബണം
വ്യോമോല്ലംഘിഘനാഘനോപമഘന-
പ്രദ്ധ്വാനനിർദ്ധാവിത-
സ്പർദ്ധാലുപ്രകരം, നമാമി ഭവത-
സ്തന്നാരസിംഹം വപുഃ

സാരം:—മേല്പോട്ടു മേല്പോട്ടു കയറുന്ന ഞൊറികളെക്കൊണ്ടു ഭയങ്കരങ്ങളായ താടി എല്ലിൻെറ രണ്ടുവശങ്ങളോടും, നീളംകുറഞ്ഞ തടിച്ച കണ്ഠത്തോടും, തടിച്ച കൈകളിൽ നിന്നു പുറപ്പെട്ട നഖങ്ങളുടെ ക്രൂരങ്ങളായ ഭയങ്കരവിലാസങ്ങളോടും, പ്രഭാപൂരത്തോടും ആകാശത്തെ അതിക്രമിക്കുന്നതും, പ്രളയമേഘഗർജ്ജനംപോലെ ഭീഷണങ്ങളുമായ അട്ടഹാസങ്ങളെക്കൊണ്ടു് ശത്രുസമൂഹങ്ങളെ ദൂരത്താക്കുന്നതുമായ നിന്തിരുവടിയുടെ നരസിംഹാകൃതിയിലുള്ള ആ തിരുവുടലിനെ ഞാൻ നമസ്കരിക്കുന്നു.

5 നൂനം വിഷ്ണുരയം, നിഹന്മ്യമമിതി-
ഭ്രാമ്യൽഗദാഭീഷണം
ദൈത്യേന്ദ്രം സമുപാദ്രവന്തമധൃഥാ
ദോർഭ്യാം പൃഥുഭ്യാമമും;
വീരോ നിർഗ്ഗളിതോഽഥ ഖഡ്ഗഫലകൌ
ഗൃഹ്ണൻ വിചിത്രശ്രമാൻ
വ്യാവൃണ്വൻ പുനരാപപാത ഭുവന-
ഗ്രാസോദ്യതന്ത്വാമഹോ!

സാരം:—കപടവേഷധാരിയായ വിഷ്ണുതന്നെയാണ് ഇവൻ, സംശയമില്ല. തീൎച്ചയായും ഇപ്പോഠം ഇവനെ ഞാൻ കൊല്ലും' എന്നു വിചാരിച്ച് ഗദയും ചുഴററി അടുക്കുന്ന ഹിരണ്യകശിപുവിനെ നീണ്ടുതടിച്ച കൈകളാൽ അങ്ങു പിടിച്ചു. ആ വീരൻ പിടിയിൽനിന്നു തെററി വാളും പരിചയുമെടുത്ത് പലമാതിരി വിദ്യകളാൽ അനേകവിധ പയററുകളെ കാണിച്ചുകൊണ്ട് ബ്രഹ്മാണ്ഡത്തെ വിഴുങ്ങുന്നതിനു ശക്തനായ നിന്തിരുവടിയോടെതൃത്തു. അത്യാശ്ചൎയ്യംതന്നെ.

6 ഭ്രാമ്യന്തം ദിതിജാധമം പുനരപി
പ്രോദ്ഗൃഹ്യ ദോർഭ്യാം ജവാൽ
ദ്വാരേഽഥോരുയുഗേ നിപാത്യ നഖരാൻ
വ്യുൽഖായ വക്ഷോഭുവി,
നിർഭിന്ദന്നധിഗർഭനിർഭരഗല-
ദ്രക്താംബുബദ്ധോത്സവം
പായം പായമുദൈരയോ ബഹുജഗത്-
സംഹാരി സിംഹാരവാൻ.

സാരം:— യുദ്ധമുറകളും പയററുകളും കാണിച്ചുകൊണ്ടു് ചുററിസ്സഞ്ചരിക്കുന്ന ആ അസുരാധമനെ, വേഗം മുറുക്കെപ്പിടിച്ചു് നിന്തിരുവടി ഉമ്മറപ്പടിയിൽ തന്റെ തുടമേൽകിടത്തി, വക്ഷോദേശത്തെ ഉഗ്രമായ നഖങ്ങളാൽ പിളന്നു് ഉള്ളിൽനിന്നു ഇടവിടാതെ ഒഴുകുന്ന രക്തധാരയെ ഉത്സാഹത്തോടുകൂടെ കുടിച്ചുകൊണ്ടു് ബ്രഹ്മാണ്ഡകടാഹം ഭേദിക്കത്തക്ക അനേകം ഘോരാട്ടഹാസങ്ങൾ മുഴക്കി.

7 ത്യക്ത്വാ തം ഹതമാശു രക്തലഹരീ-
സിക്തോന്നമദ്വർഷ്മണി
പ്രത്യുൽപത്യ സമസ്തദൈത്യപടലീം
ചാഖാദ്യമാനേ ത്വയി
ഭ്രാമ്യദ്ഭൂമി വികമ്പിതാംബുധികുലം
വ്യാലോലശൈലോൽക്കരം
പ്രോത്സർപ്പൽഖചരം ചരാചരമഹോ!
ദുഃസ്ഥാമവസ്ഥാം ദധൗ.

സാരം:— രക്തപ്രവാഹത്തിൽ കുളിച്ച ഉന്നതശരീരത്തോടുകൂടിയ അങ്ങു് അവനെ കൊന്നതിന്നുശേഷം ഭയങ്കരാട്ടഹാസത്തോടെ ചാടി ദൈത്യസമൂഹങ്ങളെ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, ചരാചരാത്മകമായ ജഗത്താസകലം നടുങ്ങിവിറയ്ക്കുകയും സമുദ്രമാസകലം കലങ്ങി മറിയുകയും പർവ്വതസമൂഹങ്ങൾ കുലുങ്ങുകയും നക്ഷത്രസമൂഹങ്ങൾ സ്ഥാനത്തുനിന്നിളകി വീഴുകയും ത്രൈലോക്യമാസകലം നിജമില്ലാത്ത അവസ്ഥയെ പ്രാപിക്കയുംചെയ്തു അത്ഭുതംതന്നെ.

8 താവന്മാംസവപാകരാളവപുഷം
ഘോരാന്ത്രമാലാധരം

ത്വാം മദ്ധ്യേസഭമിദ്ധകോപമുഷിതം
ദുർവ്വാരമുർവ്വാരവം
അഭ്യേതും ന ശശാക കോപി ഭുവനേ
ദൂരേ സ്ഥിതാ ഭീരവഃ
സർവ്വേ ശർവ്വവിരിഞ്ചവാസവമുഖാഃ
പ്രത്യേകമസ്തോഷത.

സാരം:— ആ അവസരത്തിൽ മാംസവും കൊഴുപ്പും പററിയ ഭയങ്കരമായ ശരീരത്തോടെ സഭാമദ്ധ്യത്തിലിരിക്കുന്ന— കണ്ടാൽ ഭയം വർദ്ധിക്കുന്ന കുടൽമാലകളും ഘോരാട്ടഹാസങ്ങളുംകൊണ്ടു്— നിന്തിരുവടിയുടെ നേരെവരുന്നതിന്നു് ആക്കും ധൈയ്യമുണ്ടായില്ല. ഏവരും ഭയവിഹ്വലരായിരുന്നതേയുള്ളു. രുദ്രൻ, ബ്രഹ്മൻ മുതലായ ദേവന്മാർ ദൂരത്തുനിന്നു ഭഗവാനെ പ്രത്യേകം സ്തുതിച്ചു.

9 ഭൂയോപ്യക്ഷതരോഷധാമ്നി ഭവതി
ബ്രഹ്മാജ്ഞയാ ബാലകേ
പ്രഹ്ലാദേ പദയോന്നമത്യപഭയേ
കാരുണ്യഭാരാകുലഃ
ശാന്തസ്ത്വം കരമസ്യ മൂർദ്ധ്നി സമധാഃ
സ്തോത്രൈരഥോദ്ഗായത-
സ്തസ്യാകാമധിയോപി തേനിഥ വരം
ലോകായ ചാനുഗ്രഹം

സാരം:— നിന്തിരുവടി പിന്നെയും കോപശാന്തിവരാതെ ഇരിക്കുന്നതുകണ്ടിട്ടു് ബ്രഹ്മാവാദിയായവർ ചിന്താവശരായിനില്ക്കുമ്പോൾ ഭയരഹിതനായി ഭക്തിസുധയിൽ ആറാടിക്കൊണ്ടുനില്ക്കുന്ന പ്രഹ്ലാദൻ നിശ്ശങ്കം ആ കാരുണ്യമൂർത്തിയുടെ— ആ നരസിംഹമൂർത്തിയുടെ— തൃപ്പാദപ

ങ്കേരുഹങ്ങളിൽ വീണു നമസ്കരിച്ച സമയം, കാരുണ്യപരവശനായി ശാന്തനായ അങ്ങ് പ്രഹ്ലാദൻെറ ശിരസ്സിൽ കരപല്ലവങ്ങളേചേർത്തു അനേകം സ്തോത്രങ്ങളാൽ സ്തുതിക്കുന്ന അവൻ നിഷ്കാമനായിട്ടാണെങ്കിലും അവനു വേണ്ടും വരങ്ങളും ലോകാനുഗ്രഹങ്ങളും നൽകി.

10 ഏവം നാടിതരൌദ്രചേഷ്ടിത! വിഭോ!
ശ്രീതാപനീയാഭിധ-
ശ്രുത്യന്തസ്ഫുടഗീതസർവ്വമഹിമ-
ന്നത്യന്തശുദ്ധാകൃതേ
തത്ത്വാത്മൻ നിഖിലോത്തരം പുനരഹോ
കസ്ത്വാം പരോ ലംഘയേൽ
പ്രഹ്ലാദപ്രിയ ഹേ മരുൽപുരപതേ!
സർവ്വാമയാൽ പാഹി മാം

സാരം:— ഈവിധം രൌദ്രചേഷ്ടിതത്തെ നടിച്ചവനും സർവ്വവ്യാപിയും സർവ്വാതീതനും സർവ്വ ചരാചരാന്തകനും സർവ്വ ദുഃഖനാശകനും സകലവിധ മാഹാത്മ്യങ്ങളോടു കൂടിയവനും ആയ ഭഗവാനെ! നിരുപമനും എല്ലാററിലുംവെച്ച് ശ്രേഷ്ഠനും ആയ അങ്ങയെ എതുക്കവാൻ ഏതൊരാൾക്കാണ് സാധിക്കുക. അല്ലയോ പ്രഹ്ലാദപ്രിയനായ ഗുരുവായൂരപ്പ എന്നെ സകലവിധ രോഗസങ്കടങ്ങളിൽനിന്നും രക്ഷിക്കണേ!

സപ്തമസ്കന്ധം ഇരുപത്തഞ്ചാം ദശകം

സമാപ്തം

******

# അഷ്ടമസ്കന്ധം

## ഇരുപത്തിമൂന്നാം ദശകം

### ഗജേന്ദ്രമോക്ഷം

1 ഇന്ദ്രദ്യുമ്നഃ പാണ്ഡ്യഖണ്ഡാധിരാജ-
സ്ത്വൽഭക്താത്മാ ചന്ദനാദ്രൌ കദാചിൽ
ത്വൽസേവായാം മഗ്നധീരാലുലോകേ!
നൈവാഗസ്ത്യം പ്രാപ്തമാതിഥ്യകാമം.

സാരം:—ഭക്താഗ്രഗണ്യനും പാണ്ഡ്യരാജാവുമായ ഇന്ദ്രദ്യുമ്നൻ എന്ന രാജാവ് ഒരിക്കൽ മലയപർവ്വതത്തിൽവെച്ച് ഭഗവത്സേവയിൽ ഉൽസുകനായിരിക്കുമ്പോഠം, ആതിഥ്യത്തിന്നു കാംക്ഷിച്ചുവന്ന അഗസ്ത്യമുനിയെ ആ രാജപുംഗവൻ കണ്ടില്ല.

2 കുംഭോൽഭൂതഃ സംഭൃതക്രോധഭാരഃ
സ്തബ്ധാത്മാ ത്വം ഹസ്തിഭൂയം ഭജേതി
ശപ്ത്വാഥൈനം പ്രത്യഗാൽ സോപി ലേഭേ
ഹസ്തീന്ദ്രത്വം ത്വൽസ്മൃതിവ്യക്തിധന്യം

സാരം:—അഗസ്ത്യമഹർഷി കോപഭാരപരിതപ്തനായി, ജഡവൃത്തിയെ കയ്യേറ്റുകൊണ്ട നീ ഗജഭാവത്തെ പ്രാപിക്കുക' എന്നിങ്ങിനെ ഇന്ദ്രദ്യുമ്നനെ ശപിച്ചിട്ട് മടങ്ങിപ്പോയി. രാജാവാകട്ടെ ഭഗവൽസ്മരണയുടെ ആധിക്യംനിമിത്തം ധന്യമായിരിക്കുന്ന ഗജരാജഭാവത്തെ വരിച്ചു.

3 ദുഗ്ദ്ധാംഭോധേർമ്മദ്ധ്യഭാജി ത്രികൂടേ
ക്രീഡന്നൈരശൈലേ യൂഥപോയം വശാഭിഃ
സർവ്വാൻ ജന്തൂനത്യവർത്തിഷ്ട ശക്ത്യാ
ത്വൽഭക്താനാം കുത്ര നോൽകർഷലാഭഃ

സാരം:— ഈ ആനത്തലവൻ പിടിയാനകളോടുകൂടെ പാലാഴിമദ്ധ്യത്തിലുള്ള ത്രികൂടപർവ്വതത്തിൽ കളിച്ചു വിഹരിക്കുന്നകാലത്തു് സ്വബലംകൊണ്ടു എല്ലാ ജീവികൾക്കും തലവനായിത്തീൎന്നു. ഭക്തന്മാൎക്കു എവിടെ ഉൽക്കർഷസ്ഥാനമില്ല?

4 സ്വേന സ്ഥേമ്നാ ദിവ്യദേശത്വശക്ത്യാ
സോയം ഖേദാനപ്രജാനൻ കദാചിൽ
ശൈലപ്രാന്തേ ഘർമ്മതാന്തഃ സരസ്യാം
യൂഥൈസ്സാർദ്ധം ത്വൽപ്രണുന്നോഽഭിരേമേ

സാരം:— ആ ഗജശ്രേഷ്ഠൻ തന്റെ ബലംകൊണ്ടും സ്ഥാനമാഹാത്മ്യംകൊണ്ടും യാതൊരു ക്ലേശവുംകൂടാതെ അധിവസിക്കുമ്പോൾ ഒരുദിവസം സൂൎയ്യതാപത്താൽ തളൎന്നു് ത്രികൂടപൎവ്വതച്ചെരുവിലുള്ള ഒരു താമരപ്പൊയ്കയിൽ അങ്ങയുടെ പ്രേരണനിമിത്തം തന്റെ ചങ്ങാതിമാരോടുകൂടി ഇറങ്ങിക്കളിച്ചു.

5 ഹൂഹൂസ്താവദ്ദേവലസ്യാപി ശാപാൽ
ഗ്രാഹീഭൂതസ്തജ്ജലേ വർത്തമാനഃ
ജഗ്രാഹൈനം ഹസ്തിനം പാദദേശേ
ശാന്ത്യർത്ഥം ഹി ശ്രാന്തിദോസി സ്വകാനാം.

സാരം:- അക്കാലത്തു് ദേവലമുനിയുടെ ശാപംനിമിത്തം ഒരു മുതലയായിട്ടു് ആ വെള്ളത്തിൽ കിടക്കുന്ന ഹൂഹൂ എന്ന ഗന്ധർവ്വൻ ഈ ഗജേന്ദ്രന്റെ കാലിന്മേൽ പിടിച്ചു. ഭക്തന്മാൎക്കു ശാന്തി ലഭിക്കുവാൻവേണ്ടി ഏതേതു ദുരിതങ്ങളാണു് അപ്പപ്പോഴായി ഭഗവാൻ കൊടുത്തുവരുന്നതു്!

6 ത്വത്സേവായാ വൈഭവാദ്ദുർന്നിരോധം
യുദ്ധ്യന്തം തം വത്സരാണാം സഹസ്രം
പ്രാപ്തേ കാലേ ത്വൽപദൈകാഗ്ര്യസിദ്ധ്യൈ
നക്രാക്രാന്തം ഹസ്തിവര്യം വ്യധാസ്ത്വം

സാരം:— ഭഗവൽഭക്തിയുടെ മാഹാത്മ്യത്താൽ അനേകസംവത്സരം യാതൊരു ക്ലേശവും കൂടാതെ മുതലയോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ആ ഗജേന്ദ്രനെ ഭഗവൽപാദത്തിൽ ഏകാഗ്രഭാവന സിദ്ധിപ്പാനുള്ളകാലം വന്നപ്പോൾ അങ്ങു് നക്രത്തിനെക്കൊണ്ടു പീഡിപ്പിച്ചു.

7 ആൎത്തിവ്യക്തപ്രാക്തനജ്ഞാനഭക്തിഃ
ശുണ്ഡോൽക്ഷിപ്തൈഃ പുണ്ഡരീകൈഃ സമർച്ചൻ
പൂർവ്വാഭ്യസ്തം നിർവ്വിശേഷാത്മനിഷ്ഠം
സ്തോത്രശ്രേഷ്ഠം സോന്വഗാദീൽ പരാത്മൻ.

സാരം:— അല്ലയോ പരമാത്മസ്വരൂപ! ദുഃഖംകൊണ്ടു തപിച്ചു് അജ്ഞാനം നീങ്ങിയ മനസ്സിൽ പുരാസമ്പാദിച്ചിട്ടുള്ള ജ്ഞാനവും ഭക്തിയും ഉദിച്ച ആ ഗജേന്ദ്രൻ, പൊയ്കയിൽനിന്നു് തുമ്പിക്കൈകൊണ്ടു് താമരപ്പൂക്കൾ പറിച്ചു് നിന്തിരുവടിയെ അർച്ചിക്കയും, പണ്ടു് അഭ്യസിച്ചിരുന്നതും നിർഗ്ഗുണബ്രഹ്മത്തെ സംബന്ധിച്ചുള്ളതുമായ സ്തോത്രരത്നത്തെ ആവൎത്തിച്ചുരച്ചു സ്തുതിക്കയുംചെയ്തു

8 ശ്രുത്വാ സ്തോത്രം നിർഗ്ഗുണസ്ഥം സമസ്തം
ബ്രഹ്മേശാദ്യൈർന്നാഹമിത്യപ്രയാതേ
സർവ്വാത്മാ ത്വം ഭൂരികാരുണ്യവേഗാ-
ത്താർക്ഷ്യാരൂഢഃ പ്രേക്ഷിതോഭൂഃ പുരസ്താൽ.

സാരം:—നിർഗ്ഗുണസ്വരൂപത്തെ വർണ്ണിച്ചുകൊണ്ടുള്ള സ്തോത്രം മുഴുവൻ കേട്ട് ബ്രഹ്മാവ് ശിവൻ മുമ്പായവരെല്ലാം "ഇവൻ എന്നെയല്ലാ സ്തുതിക്കുന്നതു്, എന്നെയല്ലാ" എന്നു വിചാരിച്ചുപോകാതെ അടങ്ങിയിരുന്നപ്പോഠം സർവ്വാത്മാവായ നിന്തിരുവടി അതീവകാരുണ്യം നിറഞ്ഞ് ഗരുഡാരൂഢനായിട്ട് ആ ഗജേന്ദ്രൻെറമുമ്പിൽ പ്രത്യക്ഷനായി.

9 ഹസ്തീന്ദ്രം തം ഹസ്തപത്മേന ധൃത്വാ
ചക്രേണ ത്വം നക്രവര്യം വ്യദാരീഃ;
ഗന്ധർവ്വേസ്മിൻ മുക്തശാപേ സ ഹസ്തീ
ത്വൽസാരൂപ്യം പ്രാപ്യ ദേദീപ്യതേ സ്മ

സാരം:—നിന്തിരുവടി ആ ഗജേന്ദ്രനെ തൃക്കൈകൊണ്ടു തലോട്ടുകയും ചക്രംകൊണ്ടു മുതലയെ പിളക്കുകയുംചെയ്തു. ഹൂഹൂ 'ശാപമുക്തനാവുകയും, ഗജശ്രേഷ്ഠൻ സാരൂപ്യത്തെ പ്രാപിച്ചു പരംശോഭിക്കയും ചെയ്തു.

10 ഏതദ്വൃത്തം ത്വാഞ്ച മാഞ്ച പ്രഗേ യോ
ഗായേൽ സോയം ഭൂയസേ ശ്രേയസേ സ്യാൽ;
ഇത്യുക്ത്വൈനം തേന സാർദ്ധം ഗതസ്ത്വം
ധിഷ്ണ്യം വിഷ്ണോ! പാഹി വാതാലയേശ!

സാരം:—"ഈ കഥയെയും എന്നേയും നിന്നേയും ത്രിസന്ധ്യകളിൽ കീർത്തിക്കുന്നവന്നു വലിയ ശ്രേയസ്സു ലഭി

ക്കം" എന്നരുളിച്ചെയ്തിട്ട് ആ ഭക്തനോടുകൂടി വൈകുണ്ഠലോകം ഗമിച്ചു. അല്ലയോ ഗുരുവായൂരപ്പ! നിന്തിരുവടി എന്നെ രക്ഷിക്കണേ!

## ഇരുപത്തേഴാം ദശകം

### പാലാഴി മഥനം, കൂർമ്മാവതാരം

1 ദുർവ്വാസാ സുരവനിതാപ്തദിവ്യമാല്യം
ശക്രായ സ്വയമുപദായ, തത്ര ഭൂയഃ
നാഗേന്ദ്രപ്രതിമൃദിതേ ശശാപ ശക്രം
കാ ക്ഷാന്തിസ്ത്വദിതരദേവതാംശജാനാം?

സാരം:—ഒരിക്കൽ ദേവസ്ത്രീകളിൽനിന്ന തനിക്കുകിട്ടിയ ഒരു വിശേഷപ്പെട്ട പുഷ്പമാല്യം ദുർവ്വാസസ്സ് എന്ന മുനിപ്രപ്രസാദിയായ മഹർഷിപുംഗവൻ ദേവേന്ദ്രനു സമ്മാനിച്ചു. ആ മാല്യത്തെ പിന്നീടു ഐരാവതം ചവുട്ടിത്തേച്ചു നശിപ്പിച്ചുകളകയാൽ നീ "അശ്രീമാനായിത്തീരട്ടെ" ഇപ്രകാരം ഇന്ദ്രനെ ശപിച്ചു. ദുർവ്വാസസ്സ് ശിവാംശജനാകുന്നു. നിന്തിരുവടിയെ ഒഴിച്ചു മററു ദേവതകളുടെ അംശങ്ങളിൽ ജനിച്ചവർക്കുണ്ടോ ക്ഷമാബലമുണ്ടാകുന്നു!

2 ശാപേന പ്രഥിതജരേഽഥ നിർജ്ജരേന്ദ്രേ,
ദേവേഷ്വപ്യസുരജിതേഷു നിഷ്പ്രഭേഷു
ശർവ്വാദ്യാഃ കമലജമേത്യ സർവ്വദേവാഃ
നിർവ്വാണപ്രഭവ സമം ഭവന്തമാപുഃ

സാരം:—അനന്തരം ദേവേന്ദ്രൻ ദുർവ്വാസാവിൻെറ ശാപം നിമിത്തം ജരാബാധിതനാകയും, ദേവന്മാർ അസുരന്മാരോട്ട് തോററു് നഷ്പ്രഭന്മാരായിത്തീരുകയും ചെയ്തപ്പോൾ രുദ്രൻ മുതലായ സകല ദേവന്മാരുംകൂടി ബ്രഹ്മാവിൻെറ അടുക്കൽ ചെന്നു് അനുഗ്രഹത്തെയുംകൂട്ടി അല്ലയോ മോക്ഷദായക! അങ്ങയെ ശരണമായി നണ്ണി.

3 ബ്രഹ്മാദ്യൈസ്തുതമഹിമാ ചിരം തദാനീം
പ്രാദുഷ്ഷൻ വരദ പുരഃ പരേണ ധാമ്നാ
ഹേ ദേവാ,ദിതിജകുലൈർവിധായ സന്ധിം
പീയൂഷം പരിമഥതേതി പര്യശാസ്ത്വം

സാരം:—ബ്രഹ്മാവു മുതലായ ദേവന്മാർ ചിരം സ്തുതിച്ചമാഹാത്മ്യത്തോടുകൂടിയ നിന്തിരുവടി അപ്പോൾ ഉൽകൃഷ്ടമായ തേജസ്സോടെ ദേവന്മാൎക്ക പ്രത്യക്ഷനായിട്ടു് 'ഹേ ദേവന്മാരെ; നിങ്ങൾ അസുരന്മാരോട്ടുകൂടെ സന്ധിചെയ്തു് അമൃതു് കടഞ്ഞെടുക്കുവിൻ' എന്നിങ്ങിനെ അരുളിച്ചെയ്തു.

4 സന്ധാനം കൃതവതി ദാനവൈഃ സുരൌഘേ
മന്ഥാനം നയതി മദേന മന്ദരാദ്രിം,
ഭ്രഷ്ടേസ്മിൻ ബദരമിവോദ്വഹൻ ഖഗേന്ദ്രേ
സദ്യസ്ത്വം വിനിഹിതവാൻ പയഃപയോധൌ

സാരം:—ദേവന്മാർ അസുരന്മാരോട്ടുകൂടെ സന്ധിചെയ്തു്, മന്ദരപർവ്വതത്തെ കടകോലായി എടുത്തുകൊണ്ടുപോകുമ്പോൾ അതിഭാരത്താൽവഴിക്കുവെച്ചു വീണുപോയ ആ പർവ്വതത്തെ നിന്തിരുവടിഗരുഡൻെറ പുറത്തുകയററി ഒരു ലന്തക്കുരു എന്നപോലെ ക്ഷണനേരം പാലാഴിയിൽ വെച്ചു!

5 ആധായ ദ്രുതമഥ വാസുകിം വരത്രാം
പാഥോധൌ വിനിഹിതസർവ്വബീജജാലേ
പ്രാരബ്ധേ മഥനവിധൌ സുരാസുരൈസ്തൈർ-
വ്യാജാത്ത്വം ഭുജഗമുഖേഽകരോത്സുരാരീൻ

സാരം—പിന്നീട്ട് വാസുകിയെ മഥനപാശ-കടകയറാക്കി-സമുദ്രത്തിൽ സകല ബീജങ്ങളേയും ഇട്ട് ദേവാസുരന്മാരിൽ കടച്ചിൽ—മഥനം—ആരംഭിച്ചപ്പോൾ, നിന്തിരുവടി മായയത്തെ കരുതി സൂത്രത്തിൽ അസുരന്മാരെ വാസുകിയുടെ തലയ്ക്കലാക്കി—വിഷ്ണുമായയാൽ മയങ്ങിയ അസുരന്മാർ വാസുകിയുടെ വാലിൽ പിടിക്കുന്നതിന്ന തങ്ങളുടെ ആഭിജാത്യത്തിന്ന കുറവാണെന്നും അസുരന്മാർ ശങ്കിക്കാതിരുന്നില്ല. ആ നിലയിലാണ് അസുരന്മാരെ വാസുകിയുടെ തലക്കൽ നിർത്താൻ എളുപ്പത്തിൽ സാധിച്ചത്.

6 ക്ഷുബ്ധാദ്രൌ ക്ഷുഭിതജലോദരേ തദാനീം
ദുഗ്ദ്ധാബ്ധൌ ഗുരുതരഭാരതോ നിമഗ്നേ
ദേവേഷു വ്യഥിതതമേഷു തൽപ്രിയൈഷീ
പ്രാണൈഷീഃ കമഠതനും കഠോരപൃഷ്ഠാം

സാരം:—സമുദ്രത്തിലെ ഉൾഭാഗം മുഴുവനും വെള്ളം കലക്കിമറിച്ചുകൊണ്ടു ചുററിത്തിരിഞ്ഞുകൊണ്ടു് മത്തായ മന്ദരം ഭാരാധിക്യത്താൽപാല്ക്കടലിൽ താണുപോയപ്പോൾ അത്യന്തം ഖിന്നരായ ദേവന്മാൎക്കു സഹായം ചെയ്യാൻ നിന്തിരുവടി കഠിനമായ പൃഷ്ഠഭാഗത്തോടുകൂടിയ കൂർമ്മശരീരത്തെ കൈക്കൊണ്ടു!

7 വജ്രാതിസ്ഥിരതരകർപ്പരേണ വിഷ്ണോ
വിസ്താരാൽ പരിഗതലക്ഷയോജനേന
അംഭോധേഃ കുഹരഗതേന വർഷ്മണാ,ത്വം
നിർമ്മഗ്നം ക്ഷിതിധരനാഥമുന്നിനേഥ.

സാരം:— അല്ലയോ വിഷ്ണുഭഗവാനെ! നിന്തിരുവടിയുടെ വജ്രത്തേക്കാൾ അധികം ഉറപ്പുള്ള പൃഷ്ഠാസ്ഥി, ലക്ഷം യോജന സ്ഥലത്തു വ്യാപിച്ചതും സമുദ്രത്തിനുള്ളിൽതാണു കിടക്കുന്നതുമായ മന്ദരപർവ്വതത്തെ പൊക്കിയെടുത്തു

8 ഉന്മഗ്നേ ഝടിതി തദാ ധരാധരേന്ദ്രേ,
നിർമ്മേഥുർദൃഢമിഹ സമ്മദേന സർവ്വേ,
ആവിശ്യ ദ്വിതയഗണേപി സർപ്പരാജേ
വൈവശ്യം പരിശമയന്നവീവൃധസ്താൻ

സാരം— മന്ദരപർവ്വതം പൊങ്ങിയസമയം ദേവാസുരപക്ഷത്തിലുള്ളവരെല്ലാം സന്തോഷത്തോടുകൂടെ ഉറക്കിൽ മഥനംചെയ്തുതുടങ്ങി. ആ സമയം നിന്തിരുവടി ദേവപക്ഷത്തിലും അസുരപക്ഷത്തിലും വാസുകിയിലും ആവേശിച്ചിട്ട് അവരുടെ ആലസ്യത്തെ ശമിപ്പിച്ചു.

9 ഉദ്ദാമഭ്രമണജവോന്നമദ് ഗിരീന്ദ്ര-
ന്യസ്തൈകസ്ഥിരതരഹസ്തപങ്കജം ത്വാം
അഭ്രാന്തേ വിധിഗിരിശാദയഃ പ്രമോദാ-
ദുദ്ഭ്രാന്താ നുനുവുരുപാത്തപുഷ്പവർഷാഃ

സാരം:— അധികം വേഗം ചുററിത്തിരിയുന്ന മന്ദരപർവ്വതം മേല്പോട്ടു തുള്ളിപ്പൊങ്ങിയപ്പോൾ സാധാരണമിളകാത്ത നിലയിൽ ഒരു കൈവെച്ചുകൊണ്ടിരിക്കുന്ന അങ്ങയിൽ സന്തോഷം നിറഞ്ഞ ആകാശചാരികൾ പുഷ്പവൃഷ്ടിയെചെയ്തു സ്തുതിച്ചു.

10 ദൈത്യൗഘേ ഭുജഗമുഖാനിലേന തപ്തേ
തേനൈവ ത്രിദശകുലേപി കിഞ്ചിദാർത്തേ
കാരുണ്യാത്തവ കില ദേവവാരിവാഹാഃ
പ്രാവർഷന്നമരഗണാൻ ന ദൈത്യസംഘാൻ

സാരം:— അല്ലയോ പ്രശാന്തസ്വരൂപനായ ഭഗവാനെ! അസുരന്മാർ സർപ്പത്തിൻെറ മുഖത്തുനിന്നു പുറപ്പെടുന്ന വിഷക്കാററുകൊണ്ടു് അത്യന്തം സങ്കടപ്പെടുകയും ദേവന്മാർ കുറച്ചുമാത്രം അനുഭവിക്കയുംചെയ്യപ്പോൾ അങ്ങു കാരുണ്യത്താൽ മേഘങ്ങളെ ദേവന്മാരിൽമാത്രം വൎഷിച്ചു. അസുരന്മാരിൽ വൎഷിച്ചില്ലപോൽ.

11 ഉദ്ഭ്രാമ്യദ്ബഹുതിമിനക്രചക്രവാളേ
തത്രാബ്ധൌ ചിരമഥിതേപി നിർവ്വികാരേ
ഏകസ്ത്വം കരയുഗകൃഷ്ടസർപ്പരാജഃ
സംരാജൻ പവനപുരേശ, പാഹി രോഗാൽ

സാരം:— പരിഭ്രാന്തകളായ അനേകം മത്സ്യങ്ങൾ തിമിംഗലങ്ങൾ- മഹാമത്സ്യങ്ങൾ- മുതലക്കൂട്ടങ്ങൾ മുതലായവയുടെ സമൂഹത്തോടുകൂടിയ ആ സമുദ്രം ചിരകാലം മഥനംചെയ്തിട്ടും യാതൊരു ഭാവഭേദവും കാണാഞ്ഞതിനാൽ, ഒററയ്ക്കു് രണ്ടുതൃക്കൈകൾകൊണ്ടു് വാസുകിയെ വലിച്ചു് മഥനത്തെ തുടൎന്നുകൊണ്ടു ശോഭിച്ച ഗുരുവായൂരപ്പ! നിന്തിരുവടി എന്നെ രോഗത്തിൽനിന്നു രക്ഷിക്കേണമെ.

## ഇരുപത്തെട്ടാം ദശകം

### ചതുർദ്ദശരത്നോല്പത്തി വൎണ്ണനം

1 ഗരളം തരളാനലം പുരസ്താ-
ജ്ജലധേരുദ്വിജഗാള കാളകൂടഃ,
അമരസ്തുതിവാദമോദനിഘ്നോ
ഗിരിശസ്തന്നിപപൌ ഭവൽപ്രിയാർത്ഥം

സാരം:—കത്തിജ്ജ്വലിക്കുന്ന കാളകൂടവിഷം സമുദ്രത്തിൽനിന്നു ദേവാദികളുടെ മുമ്പിൽ പൊങ്ങിവന്നു. ദേവന്മാരുടെ സ്തുതിഘോഷങ്ങളിൽ പ്രീതനായ ശിവൻ അങ്ങയെ പ്രീതിപ്പെടുത്തുവാനായി അതിനെ പാനംചെയ്തു.

2 വിമഥൽസു സുരാസുരേഷു ജാതാ
സുരഭിസ്താമൃഷിഷു ന്യധാസ്ത്രിധാമൻ!
ഹയരത്നമഭൂദഥേഭരത്നം
ദ്യുതരുശ്ചാപ്സരസഃ, സുരേഷു താനി.

സാരം:—അല്ലയോ ത്രിധാമാവായ ഭഗവാനെ! പിന്നെയും ദേവാസുരന്മാരൊരുമിച്ചു മഥനംതുടങ്ങിയപ്പോറം കാമധേനു ഉത്ഭവിച്ചു. നിന്തിരുവടി അതിനെ ഋഷികറംക്കു ദാനംചെയ്തു. പിന്നീടുണ്ടായ ഉച്ചൈശ്ശ്രവസ്സെന്ന അശ്വരത്നത്തേയും ഐരാവതം എന്ന ദിവ്യഗജശ്രേഷ്ഠനേയും പാരിജാതംമുതലായ ദിവ്യവൃക്ഷങ്ങറം, അപ്സരസ്സുകറം ആദിയായവകളേയും ദേവന്മാൎക്കുനല്കി.

3 ജഗദീശ! ഭവൽപരാ തദാരുീം
കമനീയാ കമലാ ബഭൂവ ദേവീ;
അമലാമവലോക്യ യാം, വിലോലഃ
സകലോപി സ്പൃഹയാംബഭൂവ ലോകഃ

സാരം:—ഹേ ജഗന്നിവാസ! അനന്തരം അതിസുന്ദരിയും അങ്ങയിൽ അനുരക്തയും ആയ ലക്ഷ്മീദേവി ജാതയായി. അത്യന്തനിൎമ്മലയായ അവളെക്കണ്ടിട്ട് എല്ലാലോകവും ലക്ഷ്മിയെ കാംക്ഷിച്ചു.

4 ത്വയി ദത്തഹൃദേ,തദൈവ ദേവ്യൈ
ത്രിദശേന്ദ്രോ മണിപീഠികാം വ്യതാരീൽ,
സകലോപഹൃതാഭിഷേചനീയൈ-
ര്യഷയസ്താം ശ്രുതിഗീർഭിരഭ്യഷിഞ്ചൻ

സാരം:—അങ്ങയിൽതന്നെ മനസ്സുവെച്ചിരിക്കുന്ന ലക്ഷ്മീദേവിയെക്കണ്ടിട്ട് ദേവേന്ദ്രൻ അപ്പോഠംതന്നെ ദിവ്യരത്നമയമായ ഒരു സിംഹാസനത്തെ സമ്മാനിച്ചു. മഹർഷിമാർ അഭിഷേകസംഭാരങ്ങളൊരുക്കി അവളെ വേദവാക്യങ്ങളുച്ചരിച്ച് അഭിഷേകംചെയ്തു.

5 അഭിഷേകജലാനുപാതിമുഗ്ദ്ധ-
ത്വദപാംഗൈരവഭൂഷിതാംഗവല്ലീം
മണികുണ്ഡലപീതചേലഹാര-
പ്രമുഖൈസ്താമമരാദയോ{നുഭൂഷൻ

സാരം:—അഭിഷേകംകഴിഞ്ഞ ഉടനെ ആദ്യം ചെന്നുചേന്ന അങ്ങയുടെ കടാക്ഷങ്ങളാൽ മുമ്പുതന്നെ അലങ്കരിച്ചുകഴിഞ്ഞിരിക്കുന്ന സുന്ദരശരീരത്തോടുകൂടിയ ആ ദേവിയെ ദേവാദികഠം ദിവ്യരത്നങ്ങളാലും ദിവ്യാംബരങ്ങളാലും വഴിപോലെ അലങ്കരിപ്പിച്ചു.

6 വരണസ്രജമാത്തഭൃംഗനാദാം
ദധതീ സാ കുചകുംഭമന്ദയാനാ
പദശിഞ്ജിതമഞ്ജുനൂപുരാ ത്വാം
കലിതവ്രീളവിലാസമാസസാദ.

സാരം:—സ്തനഭാരത്തിൻെറ ഗൗരവംനിമിത്തം മന്ദമന്ദം ഗമിക്കുന്ന അവഠം സൌരഭ്യംനിമിത്തം പിന്നാലേ

ചെല്ലുന്ന വണ്ടുകളുടെ ഝങ്കാരനിനാദത്തോടുകൂടിയ വരണമാല്യത്തെ ധരിച്ചുകൊണ്ടു്, മനോഹരങ്ങളായ കാൽചിലമ്പുകളോടും ലജ്ജാവിലാസത്തോടുംകൂടി അങ്ങയുടെ അടുക്കൽ വന്നു.

7 ഗിരിശദ്രുഹിണാദിസവ്വദേവാൻ
ഗുണഭാജോപ്യവിമുക്തദോഷലേശാൻ
അവമൃശ്യ സദൈവ സവ്വരമ്യേ
നിഹിതാ ത്വയ്യനയാപി ദിവ്യമാലാ

സാരം:—ഈ ലക്ഷ്മീദേവി, ശിവൻ, ബ്രഹ്മാവു് മററു ദേവന്മാർ ഇവരെല്ലാം ഗുണവാരാശികളാണെങ്കിലും സ്വല്പദോഷമില്ലാത്തവരല്ലെന്നു ആലോചിച്ചുറച്ചുകൊണ്ടു്, ദോഷലേശരഹിതനാകയാൽ എപ്പോഴും മനോഹരനായിത്തന്നെയിരിക്കുന്ന അങ്ങയിൽ ദിവ്യമായ വരണമാല സമപ്പിച്ചു.

8 ഉരസാ തരസാ മമാനിഥൈനാം
ഭുവനാനാം ജനനീമനന്യഭാവാം,
ത്വദുരോവിലസത്തദീക്ഷണശ്രീ-
പരിവൃഷ്ട്യാ പരിപുഷ്ടമാസ വിശ്വം

സാരം:—നിന്തിരുവടി ത്രൈലോക്യമാതാവായി തന്നിൽത്തന്നെ അനുരക്തയായ ഈ ലക്ഷ്മീഭഗവതിയെ എത്രയും ക്ഷണം തൻെറ മാറിൽ വാസസ്ഥാനം ഹാർദ്ദമായി കൊടുത്തു. അങ്ങയുടെ മാറിടത്തിൽ വിളങ്ങുന്ന അവളുടെ ശ്രീവിലസുന്ന കടാക്ഷത്താൽ ത്രൈലോക്യം മുഴുവനും പുഷ്ടിയെ പ്രാപിച്ചു.

9 അതിമോഹനവിഭ്രമാ തദാനീം
മദയന്തീ ഖലു വാരുണീ നിരാഗാൽ
തമസഃ പദവീമദാസ്ത്വമേനാ-
മതിസമ്മാനനയാ മഹാസുരേഭ്യഃ

സാരം:—അപ്പോഠം അത്യന്തം മോഹനമായ വിലാസത്തോടുക്രൂടി, കാണുന്നവക്കെല്ലാം മദമരുളിക്കൊണ്ടു് വാരുണീദേവി സമുദ്രത്തിൽനിന്നുത്ഭവിച്ചു. നിന്തിരുവടി അജ്ഞാനത്തിനു കാരണമായ അവളെ അത്യന്തം സമ്മാനിച്ചു് അസുരശ്രേഷ്ഠന്മാക്കരുളി.

10 തരുണാംബുദസുന്ദരസ്തദാ ത്വം
നനു ധന്വന്തരിരുത്ഥിതോംബുരാശേഃ
അമൃതം കലശേ വഹൻ കരാഭ്യാ-
മഖിലാത്തിം ഹര മാരുതാലയേശ!

സാരം:—അല്ലയോ ഗുരുവായൂരപ്പ! പുതിയ കാർമേഘംപോലെ സുന്ദരസ്വരൂപനായി ഇരുകൈകളിൽ അമൃതകലശവും ധരിച്ചു്—വഹിച്ചുകൊണ്ടു് സമുദ്രത്തിൽനിന്നു പ്രത്യക്ഷമായി പൊങ്ങിവന്ന ധന്വന്തരിമൂത്തിയായ അങ്ങു് എന്റെ സകല ദുഃഖങ്ങളേയും ഹരിക്കേണമെ!

★

## ഇരുപത്തൊമ്പതാം ദശകം

### അമൃതാഹരണവും മോഹിനീരൂപധാരണവും

1 ഉദ്ഗച്ഛതസ്തവ കരാദമൃതം ഹരത്സു
ദൈത്യേഷു താനശരണാനനുനീയ ദേവാൻ
സദ്യസ്തിരോദധിഥ ദേവ ഭവൽപ്രഭാവാ-
ദുദ്യൽസയൂഥ്യകലഹാ ദിതിജാ ബഭൂവുഃ

സാരം:—അസുരന്മാർ സമുദ്രത്തിൽനിന്നു പൊന്തിവരുന്ന അങ്ങയുടെ കയ്യിൽനിന്നു അമൃതത്തെ അപഹരിക്കുമ്പോൾ അങ്ങ്, ദേവന്മാരെ സമാധാനിപ്പിച്ചിട്ട് വേഗത്തിൽ മറഞ്ഞുകളഞ്ഞു. അല്ലയോ ദേവ! നിന്തിരുവടിയുടെ മായകൊണ്ടു് അസുരന്മാരുടെ കൂട്ടത്തിൽതന്നെ കലഹത്തെ ജനിപ്പിച്ചു.

2 ശ്യാമാം രുചാപി വയസാപി തനും തദാനീം
പ്രാപ്തോസി തുംഗകുചമണ്ഡലഭംഗുരാം ത്വം
പീയൂഷകുംഭകലഹം പരിമുച്യ സർവ്വേ
തൃഷ്ണാകുലാഃ പ്രതിയയുസ്ത്വദുരോജകുംഭേ.

സാരം:— അപ്പോൾ നിന്തിരുവടി കാന്തികൊണ്ടും- ശ്യാമളവർണ്ണംകൊണ്ടും- വയസ്സുകൊണ്ടും- യൌവനമദ്ധ്യസ്ഥയായും- ഉന്നതങ്ങളും മണ്ഡലാകാരേണ ശോഭിക്കുന്നവയുമായ കുചങ്ങൾനിമിത്തം അല്പം അകത്തോട്ടുവളഞ്ഞതുമായ മോഹിനീവേഷത്തെ പ്രാപിച്ചു. അസുരന്മാരെല്ലാവരും അമൃതകുംഭത്തെസംബന്ധിച്ചുള്ള കലഹത്തെ തീരെ ഉപേക്ഷിച്ചിട്ടു് അങ്ങയുടെ— ആ മോഹിനിയുടെ —സ്തനകുംഭങ്ങളെകണ്ടു് അത്യാഗ്രഹത്തോടെ അവളുടെ പിന്നാലെ ചെന്നു.

3 കാ ത്വം മൃഗാക്ഷി! വിഭജസ്വ സുധാമിമാമി-
ത്യാരൂഢരാഗവിവശാനഭിയാചതോമൂൻ
വിശ്വസ്യതേ മയി കഥം കുലടാസ്മി ദൈത്യാ
ഇത്യാലപന്നപി സുവിശ്വസിതാനതാനീഃ

സാരം:— 'ഹേ സുന്ദരി! നീയാരാണ്? ഈ അമൃതു ഞങ്ങൾക്ക ഭാഗിച്ചുതരിക'' എന്നിങ്ങിനെ യാദൃച്ഛികമായി കണ്ടുമുട്ടിയപ്പോൾ പെട്ടെന്നുണ്ടായ കാമവികാരത്തള്ളിച്ചയാൽ പരവശതയും ആവേശവും കൂടി, യാചിക്കുന്ന അസുരന്മാരോട്, "അല്ലയോ ധീരാഗ്രണികളായ ദൈത്യന്മാരെ! വാസ്തവത്തിൽ ഞാനൊരു കുലട—വേശ്യ-യാണ് നിങ്ങൾ എന്നെ എങ്ങിനെ വിശ്വസിക്കും'' എന്നിപ്രകാരം പറഞ്ഞെങ്കിലും അവക്ക് വളരെ വിശ്വാസത്തെ ജനിപ്പിച്ചു.

4 മോദാൽ സുധാകലശമേഷു ദദൽസു സാ ത്വം
ദുശ്ചേഷ്ടിതം മമ സഹദ്ധ്വമിതി ബ്രുവാണാ
പംക്തിപ്രഭേദവിനിവേശിതദേവദൈത്യാ
ലീലാവിലാസഗതിഭിഃ സമദാസ്സുധാന്താം.

സാരം:— അസുരന്മാർ സന്തോഷിച്ച് അമൃതകലശം തന്നപ്പോൾ മോഹിനിയായ അങ്ങ് "നിങ്ങൾ എൻെറ ഒരു തെററായ പ്രവൃത്തി സ ിക്കണെ''മെന്നു പറഞ്ഞു ദേവാസുരന്മാരെ, അന്യോന്യം കാണാതെ പന്തി തിരിച്ചിരുത്തിയിട്ട് ലീലാവിലാസശൃംഗാരയുക്തങ്ങളായ ഗമനവിശേഷങ്ങളെക്കൊണ്ട് ആ അമൃതത്തെ വേണ്ട വിധം ദാനംചെയ്തു.

5 അസ്മാസ്വപീയം പ്രണയിന്യതീസുരേഷു തേഷു
ജോഷം സ്ഥിതേഷ്വഥ സമാപ്യ സുധാം സുരേഷു
ത്വം ഭക്തലോകവശഗോ നിജ രൂപമേത്യ
സ്വർഭാനുമർദ്ധപരിപീതസുധം വ്യലാവീഃ

സാരം:—"ഇവൾ നമ്മളിൽ പ്രണയമുള്ളവളാണ് നമ്മെ വഞ്ചിക്കയില്ല തീർച്ചയാണു" എന്നിങ്ങനെപറഞ്ഞു ആ അസുരന്മാർ മിണ്ടാതിരുന്നപ്പോൾ—ഭക്തജനങ്ങൾക്കധീനനായ നിന്തിരുവടി അമൃത് ദേവന്മാൎക്ക് വിളമ്പുന്നതു കണ്ടിട്ടും അസുരന്മാർ മിണ്ടാതിരുന്നപ്പോൾ—അമൃതത്തെ സുരന്മാരിൽതന്നെ നിക്ഷേപിച്ചിട്ടു തന്റെ സ്വന്തരൂപംധരിച്ചു. ദേവന്മാരുടെ കൂടെ വേഷം മാറി കടന്നിരുന്ന് സുധാപാനം ചെയ്യുന്നവനും തൊണ്ടവരെ അമൃത് ഇറങ്ങീട്ടുള്ളവനും ആയ രാഹുവിനെ സുദർശനചക്രംകൊണ്ടു് ശിരസ്സ് ഛേദിച്ചു. രാഹു ഇങ്ങിനെ വേഷപ്രച്ഛന്നനായി വന്നിരുന്ന് അമൃത് പാനം ചെയ്യുന്നതിനെ ആദിത്യചന്ദ്രന്മാർ ചൂണ്ടികാണിച്ചുകൊടുത്തിട്ടാണ് വിഷ്ണു അറിഞ്ഞതും അവന്റെ ശിരച്ഛേദം ചെയ്തതും. രാഹുവിന്റെ ഉടലും തലയും വേറിട്ടു എങ്കിലും അമൃത സമ്പർക്കം നിമിത്തം അവ രണ്ടിന്മേൽ നിന്നും ജീവൻവിട്ടു പിരിഞ്ഞില്ല അതിൽ ഒന്നു രാഹുവും മറ്റൊന്നു കേതുവുമാകുന്നു.

6 ത്വത്തഃ സുധാഹരണയോഗ്യഫലം പരേഷു
ദത്വാ ഗതേ ത്വയി സുരൈഃ ഖലു തേ വ്യഗൃഹ്ണൻ
ഘോരേഽഥ മൂർച്ഛതി രണേ ബലിദൈത്യമായാ-
വ്യാമോഹിതേ സുരഗണേ ത്വമിഹാവിരാസീഃ

സാരം:—അങ്ങയിൽനിന്നു് മുൻപ് അമൃത അപഹരിച്ചതിനു പറ്റിയവിധം ഫലം ദൈത്യന്മാൎക്ക് കൊടുത്തി

ട്ടുഅങ്ങ മറഞ്ഞസമയത്തിൽ അസുരന്മാർ ദേവന്മാരോടു യുദ്ധംതുടങ്ങി—ഘോരയുദ്ധം നടന്നു. അപ്പോൾ ദേവകൾ ബലിയുടെ മായാപ്രയോഗംകൊണ്ടു് മോഹിച്ചപ്പോൾ നിന്തിരുവടിയുദ്ധഭൂമിയിൽ പ്രത്യക്ഷനായി.

7 ത്വം കാലനേമിമഥ മാലിമുഖാൻ ജഘന്ഥ
ശക്രോ ജഘാന ബലിജംഭവലാൻ സപാകാൻ
ശുഷ്കാർദ്രദുഷ്കരവധേ നമുചൌ ച ലൂനേ
ഫേനേന നാരദഗിരാ ന്യരുണോ രണം ത്വം

സാരം:—അനന്തരം നിന്തിരുവടി കാലനേമിയേയും മാലി മുതലായവരേയും ഹനിച്ചു. ദേവേന്ദ്രൻ, പാകൻ ബലി, ജംഭൻ. വലൻ ഇവരെ ഹനിച്ചു. ഉണങ്ങിയതുകൊണ്ടും പച്ചകൊണ്ടും കൊല്ലുവാൻ കഴിയാത്തവനായ നമുചിയെ നുരകൊണ്ടു ഛേദിച്ചപ്പോൾ നാരദൻെറ വാക്കു നിമിത്തം അങ്ങു് യുദ്ധം നിറുത്തി.

8 യോഷാവപുർദനുജമോഹനമാഹിതം തേ
ശ്രുത്വാ വിലോകനകുതൂഹലവാൻ മഹേശഃ
ഭൂതൈസ്സമം ഗിരിജയാ ച ഗതഃ പദന്തേ
സ്തുത്വാബ്രവീദഭിമതം ത്വമഥോ തിരോധാഃ

സാരം:—അസുരന്മാരെ മോഹിപ്പിക്കുവാൻവേണ്ടി ധരിച്ച അങ്ങയുടെസ്ത്രീരൂപത്തെ കേട്ടിട്ട് ശിവൻ അതൊന്നു കാണ്മാൻ ആഗ്രഹിച്ചു് ഭൂതഗണങ്ങളോടും പാർവ്വതിയോടും കൂടെ വൈകുണ്ഠത്തെ പ്രാപിക്കയും അങ്ങയെ സ്തുതിക്കയും തൻെറഅഭിലാഷത്തെ അറിയിക്കയുംചെയ്തു. അപ്പോൾ നിന്തിരുവടി അവിടെനിന്നും അന്തർദ്ധാനം ചെയ്തു.

9 ആരാമസീമനി ച കന്ദുകഘാതലീലാ-
ലോലായമാനനയനാം കമനീം മനോജ്ഞാം
ത്വാമേഷ വീക്ഷ്യ വിഗളദ്വസനാം മനോഭൂ-
വേഗാദനംഗരിപുരംഗ സമാലിലിംഗ.

സാരം:—ഉടനെതന്നെ പൂങ്കാവിൽ, പന്തടിയിൽ ഇളകിക്കൊണ്ടിരിക്കുന്നനേത്രങ്ങളോടും അതിസുന്ദരിയുമായ ഒരു ദിവ്യ സ്ത്രീരൂപധാരിണിയായ അങ്ങയെ വസ്ത്രമഴിഞ്ഞവളായിക്കണ്ടിട്ടു, കാമാരിയായ ശങ്കരൻ കാമപാരവശ്യത്താൽ അല്ലയോ ഭഗവൻ! അങ്ങയെ വഴിപോലെ ആലിംഗനം ചെയ്തു.

10 ഭൂയോപി വിദ്രുതവതീമുപധാവ്യ ദേവോ
വീര്യപ്രമോക്ഷവികസൽപരമാത്ഥബോധഃ
ത്വന്മാനിതസ്തവ മഹത്വമുവാച ദേവ്യൈ
തത്താദൃശസ്ത്വമവ വാതനികേതനാഥ!

സാരം:—മഹാദേവൻ പിന്നെയും പിടിയിൽ പെടാതെ ഓടിയ വിഷ്ണുമായയെ പിൻതുടൎന്നോടീട്ട് രേതസ്സ് പുറത്തുപോയതിന്നുശേഷം പ്രകാശിച്ചതായ പരമാത്ഥജ്ഞാനത്തോടുകൂടിയവനും അങ്ങയാൽമാനിക്കപ്പെട്ടവനുമായി, ഭഗവന്മാഹാത്മ്യത്തെ ശ്രീ പാൎവ്വതീദേവിക്കായിക്കൊണ്ടു പറഞ്ഞുകൊടുത്തു. അല്ലയോ ഗുരുവായൂരപ്പ! അപ്രകാരമെല്ലാമിരിക്കുന്ന അങ്ങ് എന്നെ രക്ഷിക്കണെ!

## മുപ്പതാം ദശകം

### വാമനാവതാരവൎണ്ണനം

1 ശക്രേണ സംയതി ഹതോപി ബലിൎമ്മഹാത്മാ
ശുക്രേണ ജീവിതതനുഃ ക്രതുവൎദ്ധിതോഷ്മാ
വിക്രാന്തിമാൻ ഭയനിലീനസുരാം ത്രിലോകീം
ചക്രേ വശേ സ തവ ചക്രമുഖാദഭീതഃ

സാരം:—ഇന്ദ്രനാൽവധിക്കപ്പെട്ട മഹാബലിയെ മൃതസഞ്ജീവനി മന്ത്രത്താൽ ശുക്രൻ ജീവിപ്പിക്കയും, അനേകവിധ യജ്ഞകൎമ്മങ്ങളെ ചെയ്യിപ്പിച്ച് അവനു ബലവീൎയ്യപരാക്രമങ്ങാം വൎദ്ധിപ്പിക്കയും ചെയ്തു. ബലി പ്രഹ്ലാദവംശജനായതുകൊണ്ടു്, അവന്റെ വംശപാരമ്പൎയ്യത്തിലുള്ള ആരേയും ഭഗവാൻ നിഗ്രഹിക്കയില്ല എന്നുള്ളതുകൊണ്ടു് അങ്ങയുടെ സുദൎശന ചക്രം മുതലായ ആയുധങ്ങളിൽനിന്നുകൂടി ബലിക്ക ഭയമുണ്ടായിരുന്നില്ല. അതിനാൽ പേടിച്ചൊളിച്ച ദേവന്മാരോടുകൂടിയ ത്രൈലോക്യത്തെ അവൻ കീഴടക്കി.

2 പുത്രാൎത്തിദൎശനവശാദദിതിൎവിഷണ്ണാ
തം കാശ്യപം നിജപതിം ശരണം പ്രപന്നാ
ത്വൽപൂജനം തദുദിതം ഹി പയോവ്രതാഖ്യം
സാ ദ്വാദശാഹമചരത്ത്വയി ഭക്തിപൂൎണ്ണാ

സാരം:—ദേവമാതാവായ അദിതിയാകട്ടെ സ്വപുത്രന്മാരുടെ ദുഃഖത്തെകണ്ടു് വ്യസനിക്കയും ഭൎത്താവായകാശ്യപനോടു ആവലാതി ബോധിപ്പിക്കയും ചെയ്തപ്പോാം

ഭർത്താവായ കാശ്യപൻ ഉപദേശിച്ചപയോവ്രതത്തെ പന്ത്രണ്ടുദിവസംകൊണ്ടു് വിധിയാംവണ്ണം അവറം നിന്തിരുവടിയിൽ പരിപൂണ്ണഭക്തയായിക്കൊണ്ടു് അനുഷ്ഠിച്ചു. ഈ വ്രതം ബ്രഹ്മാവ് കാശ്യപനുപദേശിച്ചതും അദ്ദേഹം അദിതിക്കുപദേശിച്ചതുമാണു്. ഇതിൻെറ മാഹാത്മ്യത്താൽ അങ്ങ് വാമനരൂപിയായി അദിതിയിൽ അവതരിച്ചു.

3 തസ്യാവധൌ ത്വയി നിലീനമതേരമുഷ്യാ
ശ്യാമശ്ചതുർഭുജവപുസ്സ്വയമാവിരാസീഃ
നമ്രാഞ്ച താമിഹ ഭവത്തനയോ ഭവേയം
ഗോപ്യം മദീക്ഷണമിതി പ്രലപന്നയാസീഃ

സാരം:—ആ ശ്രേഷ്ഠമായ പയോവ്രതത്തിൻെറ അവസാനത്തിൽ നിന്തിരുവടിയിങ്കൽതന്നെ മനസ്സുനിൎത്തി ലയിച്ചിരുന്ന അദിതിയുടെമുമ്പിൽ ശ്യാമള നിറത്തോടും നാലു തൃക്കൈകളോടും കൂടി അങ്ങ് പ്രത്യക്ഷനായി ആ സമയം അവറം ഭക്തിപരവശയായി ഭഗവൽ പാദസരോജത്തിൽ നമസ്കരിച്ചു. അപ്പോറം നാലു വേദങ്ങറംക്കും പൊരുളായ ആ നാരായണമൂൎത്തിയായ ഭഗവാൻ "ഞാൻ ഭവതിയുടെ പുത്രനായി അവതരിക്കും" എന്നു് അവളെ അനുഗ്രഹിച്ചു മറഞ്ഞു.

4 ത്വം കാശ്യപേ തപസി സന്നിദധത്തദാനീം
പ്രാപ്തോസി ഗർഭമദിതേഃ പ്രണുതോ വിധാത്രാ
പ്രാസൂത ച പ്രകടവൈഷ്ണവദിവ്യരൂപം
സാ ദ്വാദശീശ്രവണപുണ്യദിനേ ഭവന്തം

സാരം:- അങ്ങ് കാശ്യപൻെറ തപസ്സുകൊണ്ടു് സംഭരിച്ചിരിക്കുന്ന വീൎയ്യത്തിൽ സാന്നിദ്ധ്യത്തെ പ്രാപിച്ചു്

അദിതിയുടെ ഗർഭത്തിൽപ്രവേശിച്ചു. അപ്പോഠം ബ്രഹ്മാവ് ഭക്തിപരവശനായി അങ്ങയെസ്തുതിച്ചു ശ്രവണദ്വാദശി എന്ന പുണ്യദിനത്തിൽ പുണ്യവതിയായ അദിതീദേവിയിൽ വാമനനായി അവതരിച്ചു. അച്ഛനമ്മമാരായ അദിതിയും കാശ്യപനും, ദേവാദികഠംക്കം ഈ ജനിച്ചിരിക്കുന്നതു് അങ്ങുതന്നെയാണ, എന്നപ്രത്യക്ഷത്തിലറിവാൻ വേണ്ടി ശംഖചക്രാദികളായ വൈഷ്ണവ ചിഹ്നങ്ങളോടെയാണവതരിച്ചതു്. വിജയാ എന്നുകൂടി പേരുള്ള ശ്രവണദ്വാദശി മദ്ധ്യാഹ്നത്തിലാണ് വാമനാവതാരമുണ്ടായതു്.

5 പുണ്യാശ്രമം തമഭിവർഷതി പുഷ്പവർഷൈ-
ർഹർഷാകുലേ സുരഗണേ കൃതതൂർയ്യഘോഷേ
ബദ്ധ്വാഞ്ജലിം ജയ ജയേതി നുതഃ പിതൃഭ്യാം
ത്വം തൽക്ഷണേ പടുതമം വടുരൂപമാധാഃ

സാരം:— ദേവന്മാർ, ഭഗവാൻെറ പുണ്യജന്മഭൂമിയായിത്തീന്ന ആ കശ്യപൻെറ ആശ്രമോപരിഭാഗത്തിൽ നിന്നു പെരുമ്പറയടിക്കുകയും പുഷ്പവൃഷ്ടിചെയ്കയും ചെയ്യുന്ന സമയത്തിൽ ജയ! ജയ! എന്നിങ്ങിനെമാതാപിതാക്കന്മാർ നിശ്ചലഭക്ത്യാ തൊഴുതു സ്തുതിച്ചുകൊണ്ടു നില്ക്കുമ്പോഠം ഇനിമേലിൽ ചെയ്യേണ്ടുന്ന കർമ്മങ്ങഠംക്കനുരൂപമായ വിധത്തിൽ ഒരു വടുരൂപത്തെ സ്വീകരിച്ചു—ഒരു ഉണ്ണിയുടെ-ബ്രഹ്മചാരിയുടെ വേഷത്തിൽനിന്നു.

6 താവൽ പ്രജാപതിമുഖൈരുപനീയ മൌഞ്ജീ-
ദണ്ഡാജിനാക്ഷവലയാദിഭിരച്ച്യമാനഃ
ദേദീപ്യമാനവപുരീശ കൃതാഗ്നികാര്യ്യ-
സ്ത്വം പ്രാസ്ഥിഥാ ബലിഗൃഹം പ്രകൃതാശ്വമേധം

സാരം:— എല്ലാററിന്നും കഴിവുള്ളവനായ ഭഗവാനെ അങ്ങ് കാശ്യപാദിമഹർഷിമാരാൽ ജാതകർമ്മം മുതൽ ഉപനയനംവരെയുള്ള കർമ്മങ്ങളെ യഥാവിധി ചെയ്തിട്ട് മേഖല, പലാശദണ്ഡം, കൃഷ്ണാജിനം, ജപമാല മുതലായി ഉപനീതനായ ഒരു വടുവിന്നുവേണ്ടതായ സാധനങ്ങളെക്കൊണ്ടു പൂജിക്കപ്പെട്ടവനായി അത്യന്തം ശോഭയോടുകൂടിയിരിക്കുന്ന നിന്തിരുവടി ബ്രഹ്മചാരിയുടെ കർത്തവ്യമായ അഗ്നികാര്യത്തെ വേണ്ടപോലെചെയ്ത് അശ്വമേധയാഗം നടന്നുകൊണ്ടിരിക്കുന്ന ബലിഗൃഹത്തിലേയ്ക്കു ഗമിച്ചു.

7 ഗാത്രേണ ഭാവിമഹിമോചിതഗൌരവം പ്രാ-
ഗ്വ്യാവൃണ്വതേവ ധരണീം ചലയന്നയാസീഃ
ഛത്രം പരോഷ്മതിരണാർത്ഥമിവാദധാനോ
ദണ്ഡഞ്ച ദാനവജനേഷ്വിവ സന്നിധാതും

സാരം:— അടുത്തുനടക്കുവാൻ പോകുന്ന മഹിമാവിശേഷത്തിന്നനുരൂപമായ ഗൌരവത്തെ മുമ്പുതന്നെ വ്യക്തമാക്കിക്കൊണ്ടെന്നപോലെ പ്രശോഭിക്കുന്നസ്വശരീരം കൊണ്ടു ഭൂമണ്ഡലത്തെ ഇളക്കിക്കൊണ്ടാണ് അങ്ങ് ബലിഗൃഹത്തിലേയ്ക്കുപോയത്; പോകുന്ന സമയം ആ നടത്തത്തിൻെറ ശക്തിനിമിത്തം ഭൂമിയുംകൂടി കിടന്നിളകിയിരുന്നു. അതുകണ്ടാൽ ഈ ശരീരം ലോകത്തെമുഴുവനും ഇളക്കത്തക്കവിധം, ഇനിവർദ്ധിക്കുമെന്നുമുൻകൂട്ടി സൂചിപ്പിക്കുകയാണോ എന്നു തോന്നും. അങ്ങ് കുടയെടുത്തതു് ശത്രുവിൻെറ ഊഷ്മാവിനെ മറയ്ക്കുവാൻ വേണ്ടിയാണോ എന്നു തോന്നും. ശത്രു അതിബലവാനാണെങ്കിലും അവൻെറ ബലമൊന്നും അങ്ങയോടു പററുകയില്ല. കേവലം കുടകൊണ്ടുതടുപ്പാൻമാത്രമേയുള്ളു. അങ്ങയോടുകൂടിമുട്ടുമ്പോഠ

അത്രമാത്രം നിസ്സാരമായിത്തീരും. പ്ലാശിൻ ചമതകൊണ്ടുള്ള വടി ധരിച്ചിരിക്കുന്നതുകണ്ടുൽ ഇതു് ദൈത്യന്മാരുടെ നേരെ പ്രയോഗിപ്പാനുള്ളതാണോ എന്നു തോന്നിയേക്കാം അസുരന്മാർ എത്രയോ വീരപരാക്രമികളായാലും ഈ ചെറിയ ചുള്ളൽക്കാൽ കൊണ്ടടിച്ചു പായിക്കാവുന്നതാണു് എന്നു തോന്നും—അത്ര നിസ്സാരമായിട്ടാണു് അങ്ങു് അവരെ കരുതീട്ടുള്ളതു്.

8 താം നമ്മദോത്തരതടേ ഹയമേധശാലാ-
മാസേദുഷി ത്വയി രുചാ തവ രുദ്ധനേത്രൈഃ
ഭാസ്വാൻ കിമേഷ ദഹനോ നു സനൽകുമാരോ
യോഗീ നു കോയമിതി ശുക്രമുഖൈശ്ശശങ്കേ.

സാരം:— നമ്മദയുടെ വടക്കേതീരത്തിലുള്ള ആ അശ്വമേധശാലയെ വാമനമൂത്തിയായ അങ്ങു് അടുത്തുചെല്ലുന്ന സമയം ഭഗവത്തേജസ്സിനാൽ കണ്ണടക്കപ്പെട്ടവരായ ശുക്രൻ തുടങ്ങിയവരാൽ ഇവൻ സൂര്യനോ, അഗ്നിയോ, അതോ സനൽക്കുമാരനോ എന്നിങ്ങിനെ ശങ്കിച്ചു.

9 ആനീതമാശു ഭൃഗുഭിർമ്മഹസാഭിഭൂതൈ-
സ്ത്വാം രമ്യരൂപമസുരഃ പുളകാവൃതാംഗഃ
ഭക്ത്യാ സമേത്യ സുകൃതീ പരിഷിച്യ പാദൌ
തത്തോയമന്വധൃത മൂദ്ധ്നി തീർത്ഥതീർത്ഥം

സാരം:— അങ്ങയുടെ തേജസ്സുകണ്ടു് അത്ഭുതാകാരരായിത്തീന്ന ശുക്രൻ തുടങ്ങിയ ആചാര്യപ്രഭൃതികൾ അങ്ങയെ ആദരവോടെ എതിരേററു് യജമാനനായ ബലിയുടെ സമീപത്തേക്കുകൊണ്ടുചെന്നു് മനോഹരസ്വരൂപനായ അങ്ങയെ പുണ്യവാനായബലി ഭക്തിയാൽരോമാഞ്ചക

ഞ്ചുകിതനായി കാൽകഴുകിച്ച് സർവ്വ തീർത്ഥങ്ങളേയും ശുദ്ധീകരിക്കുന്നതായ പാദോദകത്തെ ശിരസ്സിൽ ധരിച്ചു.

17 പ്രഹ്ളാദവംശജതയാ ക്രതുഭിർദ്വിജേഷു
വിശ്വാസതോ ന തദിദം ദിതിജോപി ലേഭേ
യത്തേ പദാംബു ഗിരിശസ്യ ശിരോഭിലാള്യം
സ ത്വം വിഭോ ഗുരുപുരാലയ പാലയേഥാഃ

സാരം—പ്രഹ്ളാദവംശത്തിൽ ജനിക്കയാലും യാഗാദികർമ്മങ്ങൾ ചെയ്കയാലും ബ്രാഹ്മണാദി വിശിഷ്ടന്മാരിലുള്ള ഭക്തിവിശ്വാസങ്ങളോടുകൂടിയവനാകയാലും മഹാബലി അസുരവംശജനാണെങ്കിലും ബലിക്ക ഈ പാദതീർത്ഥം ലഭിച്ചു. എന്തുകാരണത്താൽ ആണ് ആ തീർത്ഥം ശ്രീ പരമേശ്വരന്റെ ശിരസ്സിൽവെച്ച് ലാളിച്ചുകൊണ്ടിരിക്കുന്നതു്? അതു് അത്രയും ലോകോത്തരമായ മാഹാത്മ്യത്തോടുകൂടിയതായതുകൊണ്ടുതന്നെ. അല്ലയോ വിഭുവായ ഗുരുവായൂരപ്പ! നിന്തിരുവടി എന്നെ രക്ഷിക്കേണമെ!

## മുപ്പത്തൊന്നാം ദശകം

(ബലിവിദ്ധ്വംസനം)

1 പ്രീത്യാ ദൈത്യസ്തവ തനുമഹഃ പ്രേക്ഷണാൽ സർവ്വഥാപി
ത്വാമാരാധ്യന്നജിത രചയന്നഞ്ജലിം സഞ്ജഗാദ
മത്തഃ കിം തേ സമഭിലഷിതം വിപ്രസൂനോ വദത്വം
വ്യക്തം ഭക്തം ഭവനമവനീം വാപി സർവ്വം പ്രദാസ്യേ.

സാരം:—അല്ലയോ അജാതപ്രഭാവനെ അസുരേന്ദ്ര നായ മഹാബലി അങ്ങയുടെ ശരീരകാന്തി—തേജോവി ശേഷംകണ്ടുണ്ടായ പ്രീതിയാൽ "എന്തുകൊടുത്തും ഏതു വിധവും ഇദ്ദേഹത്തെ പൂജിക്കണം; എങ്കിൽ ജന്മസാഫ ല്യം നിശ്ചയം" എന്നു തീച്ച്പ്പെടുത്തി നമസ്കാരപൂർവ്വം അഞ്ജലിയേ ചെയ്തുകൊണ്ടു് പറഞ്ഞു:—"ഹേ! ബ്രഹ്മതേജ സ്സീയങ്ങുന്ന കുമാര! അങ്ങയ്ക്കു എന്നെക്കൊണ്ടു് എന്തു സാധിക്കണം! വ്യക്തമായിപ്പറയുക. മൃഷ്ടാന്നമോ ഗൃഹ മോ അതോ കുറെ ഭൂമിയോ ഏതായാലും ഞാൻ വേണ്ടതു തരുന്നുണ്ടു്..'

2 താമക്ഷീണാം ബലിഗിരമുപാകണ്ണ്യ കാരുണ്യപൂർണ്ണോ-
പ്യസ്യോത്സേകം ശമയിതുമനാ ദൈത്യവംശം പ്രശംസൻ
ഭൂമിം പാദത്രയപരിമിതാം പ്രാത്ഥയാമാസിഥ ത്വം
സർവ്വം ദേഹീതി തു നിഗദിതേ കസ്യ ഹാസ്യം ന വാ
സ്യാൽ

സാരം:—ദാക്ഷിണ്യശീലത്തോടുകൂടിയ ആ ബലിവ ചനത്തെ കേട്ടു് വാസ്തവത്തിൽ അങ്ങു് കാരുണ്യചേതനാ വാനായി ഭാവിക്കുകയാണ ചെയ്തതു്. എങ്കിലും ഇവൻെറ അഹങ്കാരം തെല്ലു ശമിപ്പിക്കണമെന്നുറച്ചു്—യാതൊരു കളങ്കവുംകൂടാതെ ഭക്തിയോടുകൂടി എന്താവശ്യപ്പെട്ടാലും കൊടുക്കണമെന്നുള്ള സൽബുദ്ധിയോടെ ബലി പറഞ്ഞ തു്, അങ്ങു് വിഷ്ണുവാണെന്നറിംത്തിട്ടല്ല—അസുരവംശ ത്തെ പരം സ്തുതിച്ചുകൊണ്ടു് തൻെറ മൂന്നടികൊണ്ടളന്നു കൃത്യപ്പെടുത്താവുന്ന ഭൂമിയെ യാചിച്ചു. എല്ലാം തരികഎ ന്നുപറഞ്ഞാൽ ആക്കാണ് പരിഹാസമില്ലാതിരിക്കുക.

3 വിശേഷം മാം ത്രിപദമിഹ കിം യാചസേ ബാലിശസ്ത്വം
സർവ്വാം ഭൂമിം വൃണു കിമമുനേത്യാലപന്തം സദർപ്പം
യസ്മാദ്ദർപ്പാത് ത്രിപദപരിപൂർത്ത്യക്ഷമഃ ക്ഷേപവാദാൻ
ബന്ധഞ്ചാസാവഗമദതദർഹോപി ഗാഢോപശാന്ത്യൈ.

സാരം:—അല്ലയോ വാമന! നീയൊരു ബുദ്ധിയുള്ള കുട്ടിയാണെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. ത്രൈലോക്യത്തിന്നീശനായ എന്നോട് ഈ ഭൂമിയിൽനിന്ന് മൂന്നുകാലടി സ്ഥലത്തെ യാചിക്കുന്നത് എന്തുകൊണ്ട്? ഇതുകൊണ്ടെന്താവശ്യം നടക്കും? ഭൂമി മുഴുവൻ കിട്ടേണമെന്നപേക്ഷിക്കുക. എന്നിങ്ങിനെ ബലി അഹംകൃതനായിട്ട് അങ്ങയോടു അലക്ഷ്യഭാവനായി പറഞ്ഞു. അഹമ്മതി നിമിത്തം മഹാബലി വാസ്തവത്തിൽ ശിക്ഷാർഹനല്ലാ എങ്കിലും അനേകം അധിക്ഷേപങ്ങളാലും ഒടുവിൽ ബന്ധനത്തെതന്നെയും വരിക്കേണ്ടിവരികയും വേണ്ടിവന്നു. ഭഗവാനെ ഭക്തിപുരസ്സരം പൂജിക്ക, സർവ്വവും ഭഗവാനിൽ സമർപ്പിക്ക ഇങ്ങിനെയെല്ലാം ചെയ്യുന്ന ഒരുവനെ ഈവിധം കഷ്ടപ്പെടുത്തുന്നത് ഉചിതമായില്ല എങ്കിൽ സർവ്വത്തിലുംനിന്ന് വിരക്തനായി ഉപശമം സിദ്ധിക്കണമിവനെന്നുവെച്ചാണ് അങ്ങ് ബലിയെ ഈവിധം ശിക്ഷിപ്പാൻ പോകുന്നത്.

4 പാദത്രയ്യാ യദി ന മുദിതോ വിഷ്ടപൈർന്നാപി തുഷ്യേ-
ദിത്യുക്തേഽസ്മിൻ വരദ ഭവതേ ദാതുകാമേഥ തോയം
ദൈത്യാചാര്യ്യസ്തവ ഖലു പരീക്ഷാർത്ഥിനഃ പ്രേരണാത്തം
മാ മാ ദേയം ഹരിരയമിതി വ്യക്തമേവാബഭാഷേ.

സാരം:—'മൂന്നു കാലടികൊണ്ടു തുഷ്ടനായില്ലെങ്കിൽ ലോകം മുഴുവൻകിട്ടിയാലും സന്തോഷിയ്ക്കുകയില്ല'' അല്ലയോ

വരദാനതല്പരനേ! ഈവിധം അങ്ങ പറഞ്ഞപ്പോഠം ആ മഹാബലി അങ്ങയ്ക്കു ദാനജലത്തെ ദാനംചെയ്യാൻ തുടങ്ങുമ്പോഠം, ബലിയെ ഒന്നു പരീക്ഷിക്കണമെന്നു്—അങ്ങയുടെ പ്രേരണയാൽതന്നെ—അസുരാചാൎയ്യനായ ശുക്രൻ വിചാരിച്ചു. 'കൊടുക്കരുതേ! ജലദാനംചെയ്യരുതെ, ഇവൻ വിഷ്ണുവാണ്' എന്നിങ്ങനെ ബലിയോടു ശുക്രൻ നിർബ്ബന്ധപൂൎവ്വം പറഞ്ഞു.

5 യാചത്യേവം യദി സ ഭഗവാൻ പൂൎണ്ണകാമോസ്മി സോഹം
ദാസ്യാമ്യേവ സ്ഥിരമിതി വദൻ കാവ്യശപ്തോപി ദൈത്യഃ
വിന്ധ്യാവല്യാ നിജദയിതയാ ദത്തപാദ്യായ തുഭ്യം
ചിത്രം ചിത്രം സകലമപി സ പ്രാൎപ്പയത്തോയപൂൎവ്വം

സാരം:—'ആ ഭഗവാൻ ഇൗവിധം എന്നോടു യാചിക്കുന്നുവെങ്കിൽ ഞാൻ പരിശുദ്ധനായി, പൂൎണ്ണമനോരഥനുമായിത്തീരും; തീൎച്ചയായും ഞാൻ കൊടുക്കും.' ഈവിധം കൃതാൎത്ഥതയോടെ തീൎത്തുപറയുന്ന ബലിയെ ശുക്രാചാൎയ്യർ ശപിച്ചുഎങ്കിലും, തൻെറ ധൎമ്മപത്നിയായ വിന്ധ്യാവലി പകൎന്നുകൊടുത്ത ജലം മേടിച്ച് അങ്ങയ്ക്കു ദാനജലപൂൎവ്വകമായി ത്രൈലോക്യംമുഴുവനും സമർപ്പിച്ചു. അത്ഭുതംതന്നെ.

6 നിസ്സന്ദേഹം ദിതികുലപതൌ ത്വയ്യശേഷാൎപ്പണം ത-
ദ്വ്യാതന്വാനേ മുമുചുരൃഷയഃ സാമരാഃ പുഷ്പവൎഷം
ദിവ്യം രൂപം തവ ച തദിദം പശ്യതാം വിശ്വഭാജാ-
മുച്ചൈരുച്ചൈരവൃധദവധീകൃത്യ വിശ്വാണ്ഡഭാണ്ഡം.

സാരം:—മഹാബലി, യാതൊരു സംശയവും കൂടാതെ-കൃതകൃത്യനായിട്ട്—അങ്ങയ്ക്കു ആ മഹാസമർപ്പണം ചെയ്തസമയത്തിൽ ദേവന്മാരാദിയായവർ പുഷ്പവൎഷത്തെ

ച്ചെയ്തു. ലോകവാസികാം കാൺകെ അങ്ങയുടെമാഹാത്മ്യാതിശയം കവിഞ്ഞൊഴുകുന്ന ആ ദിവ്യസ്വരൂപം ബ്രഹ്മാണ്ഡം മുഴുവനും നിറഞ്ഞുനില്ക്കുന്നതായിക്കണ്ടു-അതുവരെ ഒരു ഉണ്ണിയുടെരൂപമായിക്കണ്ടിരുന്ന ആ രൂപം ഇപ്പോൾ പ്രകൃതമാററത്താൽ, അത്യാശ്ചര്യമാംവിധം ബ്രഹ്മാണ്ഡകടാഹത്തെ ലക്ഷ്യപ്പെടുത്തി—ബ്രഹ്മാണ്ഡമാകുന്ന പാത്രം മുഴുവനും നിറയെ-വളൎന്നു.

7 തൽപാദാഗ്രം നിജപദഗതം
പുണ്ഡരീകോത്ഭവോഽസൌ
കുണ്ഡീതോയൈരസിചദപുനാദ്യജ്ജലം
വിശ്വലോകാൻ
ഹൎഷോൽകൎഷാൽ സുബഹു നനൃതേ
ഖേചരൈരുത്സവേഽസ്മിൻ-
ഭേരീം നിഘ്നൻ ഭുവനമചര-
ജ്ജാംബവാൻ ഭക്തിശാലീ.

സാരം:— ബ്രഹ്മാവ് സത്യലോകത്തിലെത്തിക്കണ്ട ഭഗവൽപാദാഗ്രത്തെ കമണ്ഡലുവിലുള്ള ജലത്താൽ കഴുകി-യാതൊരു പാദതീൎത്ഥം ലോകംമുഴുവനും ശുദ്ധമാക്കുന്നു! ദേവന്മാർ പുഷ്പവൎഷം, സന്തോഷഭാരത്താൽ കീൎത്തിച്ചുകൊണ്ടു ചെയ്തു. അധികനേരം സംഗീതനൃത്തതാളമേളങ്ങളോടെ ആനന്ദിച്ചു. ഭക്തനായ ജാംബവാൻ ഈ ഉത്സവംപ്രമാണിച്ച് പെരുമ്പറമുഴക്കിക്കൊണ്ടു് ലോകമെങ്ങും സഞ്ചരിച്ചു.

8 താവദ്ദൈത്യാസ്ത്വനുമതിമൃതേ ഭർത്തുരാരബ്ധയുദ്ധാ
ദേവോപേതൈർഭവദനുചരൈസ്സംഗതാ ഭംഗമാപൻ
കാലാത്മാ യം വസതിപുരതോയദ്വശാൽ പ്രാഗ്ജിതാഃസ്മഃ
കിം വോ യുദ്ധൈരിതി ബലിഗിരാ തേഥ പാതാളമാപുഃ.

സാരം:— അല്ലയോ ദേവ! അപ്പോഴേക്കും അസുരഭടന്മാരും പ്രജകളും തങ്ങളുടെ നാഥനായ ബലിയുടെ ഹിതമറിയാതെ—ചിന്തിക്കാതെ—അങ്ങയോടു യുദ്ധത്തിന്നൊരുങ്ങുകയും ഭഗവൽപാർഷദരോടു ഏറ്റുമുട്ടി തോററു മടങ്ങിപോകുകയുംചെയ്തു. കാലസ്വരൂപിയായ ഭഗവാൻ ഇതാ നമ്മുടെമുമ്പിൽ പ്രത്യക്ഷനായി നില്ക്കുന്നു. നാം ഇതിനു മുമ്പ് ഏതൊരുദേവന്റെ കാരുണ്യാതിശയംകൊണ്ടാണ് ജയിച്ചിട്ടുള്ളത്. നമുക്ക യുദ്ധമെന്തിനാണ്? ഈവിധം ഭക്തിപരവശനായ ബലി പറയുകനിമിത്തം അവർ പാതാളം പ്രതിഗമിച്ചു.

9 പാശൈർബ്ബദ്ധം പതഗപതിനാ ദൈത്യമുച്ചൈരവാദീ-
സ്താർത്തീയീകം ദിശ മമ പദം കിം ന വിശ്വേശ്വരോസി
പാദം മൂർദ്ധ്നി പ്രണയ ഭഗവന്നിത്യകമ്പം വദന്തം
പ്രഹ്ലാദസ്തം സ്വയമുപഗതോ മാനയന്നസ്തവീത്ത്വാം.

സാരം:- ഗരുഡനാൽ വരുണ പാശത്താൽബന്ധിച്ചിട്ടുള്ള ബലിയോടു് അങ്ങ് ഉറക്കെപ്പറഞ്ഞു. "എനിക്കു മൂന്നാമത്തെ അടിക്കുള്ള സ്ഥലം തരിക, നീ വിശ്വേശ്വരനാണല്ലൊ'' അല്ലയോ ഭഗവൻ! എന്റെ ശിരസ്സിൽ കാൽവെയ്ക്കുക" എന്നിങ്ങിനെ ക്ലേശംകൂടാതെ — ചാഞ്ചല്യമെന്യേ—ഭക്ത്യാദരവോടെ ധീരമനസ്സനായി പറയുന്ന ബലിയെ ബഹുമാനിച്ചു് തന്നെത്താൻ അവിടെ വന്നുചേർന്ന പ്രഹ്ലാദനാൽ അങ്ങു സ്തുതിക്കപ്പെട്ടു.

10 ദർപ്പോച്ഛിത്ത്യൈ വിഹിതമഖിലം
ദൈത്യ സിദ്ധോസി പുണ്യൈ-
ർല്ലോകസ്തേസ്തു ത്രിദിവവിജയീ
വാസവത്വഞ്ച പശ്ചാൽ
മത്സായൂജ്യം ഭജ ച പുനരിത്യ-
ന്വഗൃഹ്ണാ ബലിം തം
വിപ്രൈഃ സന്താനിതമഖവരഃ
പാഹി വാതാലയേശ.

സാരം: —“ഞാൻ പറഞ്ഞതും ചെയ്തതുമെല്ലാം നിന്റെ അഹങ്കാരമെല്ലാം കളവാനാകുന്നു. ഹേ അസുരശ്രേഷ്ഠ! നീ അനേകസുകൃതങ്ങളാൽ സിദ്ധനായിത്തീർന്നു. നിനക്കു സ്വർഗ്ഗത്തെക്കൂടെ ജയിക്കുന്ന ലോകം സിദ്ധിക്കട്ടെ; പിന്നെ ഇന്ദ്രപദവിയും ലഭിക്കും. അതിന്നുശേഷം നീ എന്നോടുചേരുകയുംചെയ്യും” ഇപ്രകാരം അങ്ങു് ആ ബലിയെ അനുഗ്രഹിച്ചു. അല്ലയോ ഗുരുവായൂരപ്പ! ബ്രാഹ്മണസത്തമരെക്കൊണ്ടു് മഹാബലി ചെയ്തുവെച്ച മഹായജ്ഞം നിവൃത്തിക്കപ്പെട്ടതോടുകൂടിയ അങ്ങു് എന്നെ രക്ഷിക്കണേ!

******

## മുപ്പത്തിരണ്ടാം ദശകം

(മത്സ്യാവതാരവർണ്ണനം)

1 പുരാ ഹയഗ്രീവമഹാസുരേണ
ഷഷ്ഠാന്തരാന്തോദ്യദകാണ്ഡകല്പേ
നിദ്രോന്മുഖബ്രഹ്മമുഖാദ്ധൃതേഷു
വേദേഷ്വധിത്സഃ കില മത്സ്യരൂപം.

സാരം:—പണ്ടു് ആറാമത്തെ മന്വന്തരത്തിന്റെ ഒടുവിലുണ്ടായ നൈമിത്തികപ്രളയത്തിൽ ഹയഗ്രീവനെന്ന മഹാസുരൻ നിദ്രാധീനനാകുവാൻ പോകുന്ന ബ്രഹ്മാവിന്റെ മുഖത്തുനിന്നു് വേദങ്ങളെ അപഹരിച്ച സമയം അങ്ങ് മത്സ്യരൂപം ധരിപ്പാൻ തീർച്ചയാക്കി.

2 സത്യവ്രതസ്യ ദ്രമിളാധിഭർത്തു-
ർന്നദീജലേ തർപ്പയതസ്തദാനീം
കരാഞ്ജലൌ സംജ്വലിതാകൃതിസ്ത്വ-
മദൃശ്യഥാഃ കശ്ചന ബാലമീനഃ

സാരം:—അക്കാലത്തു കൃതമാലാനദീജലത്തിൽ തർപ്പണംചെയ്തുകൊണ്ടിരുന്ന ദ്രമിഡദേശാധിപതിയായ സത്യവ്രതന്റെ കയ്യിൽ തേജസ്സേറിയതായ ഒരു മത്സ്യക്കുട്ടിയുടെ രൂപത്തിൽ അങ്ങയേ കണ്ടു.

3 ക്ഷിപ്തം ജലേ ത്വാം ചകിതം വിലോക്യ
നിന്യേംബുപാത്രേണ മുനിഃ സ്വഗേഹം
സ്വല്പൈരഹോഭിഃ കലശീം ച കൂപം
വാപീം സരശ്ചാനശിഷേ വിഭോ'ത്വം

സാരം:—വെള്ളത്തിൽ നിക്ഷേപിക്കപ്പെട്ട അങ്ങയെ—ആ മീൻകുട്ടിയെ—ഭീതനെന്നുകണ്ടു് ആ രാജർഷി ജലപാത്രത്തിലാക്കി ആശ്രമത്തിലേയ്ക്കു കൊണ്ടുപോയി അല്ലയോ വിഭുവായുള്ളോവേ! അങ്ങ്—ആ മീൻകുഞ്ഞു്—ചില ദിവസങ്ങൾകൊണ്ടു് ജലപാത്രം, കിണർ, വാപി, ഏരി ഇവയെല്ലാം വ്യാപിച്ച് വലുതായിത്തീർന്നു.

4 യോഗപ്രഭാവാത്ഭവദാജ്ഞയൈവ
നീതസ്തതസ്ത്വം മുനിനാ പയോധിം
പൃഷ്ടോഽമുനാ കല്പദിദൃക്ഷുമേനം
സപ്താഹമാസ്സ്വേതി വദന്നയാസീഃ

സാരം:— അതിന്റശേഷം അങ്ങ്, നിന്തിരുവടിയുടെ കല്പനപ്രകാരം യോഗവിദ്യകൊണ്ട് സത്യവ്രതനെന്ന ആ രാജർഷി മത്സ്യത്തെ സമുദ്രത്തിൽ കൊണ്ടാക്കി. പ്രളയം കണ്ടാൽ കൊള്ളാമെന്നാഗ്രഹിച്ച ആ രാജർഷിയോടു 'ഏഴുദിവസം കാത്തിരിക്കുക' എന്നു പറഞ്ഞുകൊണ്ട് മറഞ്ഞു.

5 പ്രാപ്തേ ത്വദുക്തേഽഹനി വാരിധാരാ-
പരിപ്ലുതേ ഭൂമിതലേ മുനീന്ദ്രഃ
സപ്തർഷിഭിഃ സാർദ്ധമപാരവാരി-
ണ്യുൽഘൂർണ്ണമാനഃ ശരണം യയൌ ത്വാം

സാരം:— അങ്ങു പറഞ്ഞദിവസം അടുത്തപ്പോൾ ലോകം മുഴുവനും, ധാരമുറിയാതെ പെയ്യുന്ന മഴവെള്ളത്തിൽ മുങ്ങിപ്പോയപ്പോൾ ആ രാജർഷി സപ്തർഷികളോടുചേർന്ന് കരകാണാത്ത വെള്ളത്തിൽ മുങ്ങിപ്പൊങ്ങി സംഭ്രമത്തോടെ അങ്ങയെ ശരണമായി പ്രാർത്ഥിച്ചു.

6 ധരാം ത്വദാദേശകരീമവാപ്താം
നൌരൂപിണീമാരുരുഹുസ്തദാ തേ
തൽകമ്പകമ്പ്രേഷു ച തേഷു ഭൂയ-
സ്ത്വമംബുധേരാവിരഭൂർമ്മഹീയാൻ

സാരം:— അപ്പോൾ അവർ, അങ്ങയുടെ കല്പനാധീനരായി, തോണിയുടെ രൂപത്തെകയ്യേൊണ്ടു വന്ന ഭൂമീദേ

വിയെ അവലംബമാക്കി തോണിയിൽകയറി. അവർ തോണിയുടെ ഇളക്കംനിമിത്തം ഭയചകിതരായപ്പോാം പിന്നേയും അങ്ങ്—ആ മത്സ്യരൂപി—സമുദ്രമദ്ധ്യേ പ്രത്യക്ഷനായി.

7 തദ്ധ്ഷാകൃതിം യോജനലക്ഷദീർഘാം
ദധാനമുച്ചൈസ്തരതേജസം ത്വാം
നിരീക്ഷ്യ തുഷ്ടാ മുനയസ്ത്വദുക്ത്യാ
ത്വത്തുംഗശൃംഗേ തരണീം ബബന്ധുഃ

സാരം:—ലക്ഷം യോജന വലിപ്പമുള്ള അതിയായ തേജസ്സോടുകൂടിയ മത്സ്യരൂപിയായ അങ്ങയെക്കണ്ടിട്ട് സന്തുഷ്ടന്മാരായ മുനിമാർ അങ്ങ പറഞ്ഞവിധം മത്സ്യമൂർത്തിയുടെ നീണ്ട കൊമ്പിൽ വാസുകിയെന്ന സർപ്പത്തെക്കൊണ്ടു തോണിയെ കെട്ടി

8 ആകൃഷ്ടനൌകോ മുനിമണ്ഡലായ
പ്രദർശയൻ വിശ്വജഗദ്വിഭാഗാൻ
സംസ്തൂയമാനോ നൃവരേണ തേന
ജ്ഞാനം പരം ചോപദിശന്നചാരീഃ

സാരം:—അങ്ങ് ആ തോണിയേ മഹർഷിമാർക്കായി ക്കൊണ്ടു് ലോകത്തിൻെറ നാനാഭാഗങ്ങളും സന്ദർശിപ്പിച്ചു്—പ്രളയകാലത്തിൽ ലയിച്ചുപോകാതുള്ള സകലലോകവിഭാഗങ്ങളേയും കാട്ടിക്കൊടുക്കയും, സത്യവ്രതനെന്ന ആ രാജർഷി ഭക്തിപരങ്ങളായ സ്തോത്രങ്ങളാൽ മത്സ്യരൂപിയായ ഭഗവാനെ ഭക്ത്യാദരവോടെ സ്തുതിക്കുകയും, ആ രാജർഷിക്കു് അങ്ങ ജ്ഞാനമാർഗ്ഗത്തെതെളിയിച്ചുകൊടുത്തുകൊണ്ടും സഞ്ചരിച്ചു.

9 കല്പാവധൌ സപ്തമുനീൻ പുരോവൽ
പ്രസ്ഥാപ്യ സത്യവ്രതഭൂമിപം തം
വൈവസ്വതാഖ്യം മനുമാദധാനഃ
ക്രോധാദ്ധയഗ്രീവമഭിദ്രുതോഽഭൂഃ

സാരം:— അങ്ങു് പ്രളയാവസരത്തിൽ സപ്തർഷികളെ മുമ്പുണ്ടായിരുന്ന കല്പങ്ങളിലെപ്പോലെതന്നെ സ്വകൃത്യങ്ങളെച്ചെയ്യാൻ പറഞ്ഞയച്ചു. സത്യവ്രതനെ വൈവസ്വതനെന്നപേരായ മനുവായി നിശ്ചയിച്ചു. അതിനുശേഷം കോപത്താൽ വിജൃംഭിതമാനസനായിട്ടു് ഹയഗ്രീവാസുരനെ പിൻതുടൎന്നു.

10 സ്വതുംഗശൃംഗക്ഷതവക്ഷസം തം
നിപാത്യ ദൈത്യം നിഗമാൻ ഗൃഹീത്വാ
വിരിഞ്ചയേ പ്രീതഹൃദേ ദദാനഃ
പ്രഭഞ്ജനാഗാരപതേ! പ്രപായാഃ

സാരം:— അല്ലയോ ഗുരുവായൂരപ്പ! ആ മഹാസുരനെ അങ്ങയുടെ ഉഗ്രമായ നീണ്ടകൊമ്പുകളെക്കൊണ്ടു മാറിനെ ഭേദിച്ചു കൊന്നതിനുശേഷം വേദങ്ങളെ വീണ്ടെടുത്തു ബ്രഹ്മാവിനു കൊടുത്തു് അതീവസന്തുഷ്ടനാക്കിയ നിന്തിരുവടി എന്നെ രക്ഷിക്കണേ!

# ഒമ്പതാം സ്കന്ധം

## മുപ്പത്തിമൂന്നാം ദശകം

### അംബരീഷചരിതം

1 വൈവസ്വതാഖ്യമനുപുത്രനഭാഗജാത-
നാഭാഗനാമകനൃപാലസുതോഽംബരീഷഃ
സപ്താർണ്ണവാവൃതമഹീദയിതോപി രേമേ
ത്വത്സംഗിഷു ത്വയി ച മഗ്നമനാഃ സദൈവ

സാരം:— വൈവസ്വത മനുവിൻെറ പുത്രൻ നഭാഗനിൽനിന്നു നാഭാഗൻ എന്ന പുത്രൻജനിച്ചു. നാഭാഗൻെറ പുത്രൻ അംബരീഷൻ സപ്തസമുദ്രങ്ങളാൽ ചുററപ്പെട്ട ഭൂമിയുടെ നാഥനായിരുന്നെങ്കിലും അങ്ങയുടെ ഭക്തന്മാരിലും അങ്ങയിലും എപ്പോഴും പ്രേമത്തെ വഷിച്ചുകൊണ്ടിരുന്നു.

2 ത്വൽപ്രീതയേ സകലമേവ വിതന്വതോഽസ്യ
ഭക്ത്യൈവ ദേവ ന ചിരാദഭൃഥാഃ പ്രസാദം
യേനാസ്യ യാചനമൃതേപ്യഭിരക്ഷണാർത്ഥം
ചക്രം ഭവാൻ പ്രവിതതാര സഹസ്രധാരം

സാരം:— അങ്ങയുടെ പ്രീതിക്കവേണ്ടി സകല കർമ്മങ്ങളും അനുഷ്ഠിച്ചുകൊണ്ടിരുന്ന ആ രാജാവിൻെറ ഭക്തി

യാൽതന്നെ അങ്ങു താമസമെന്യേ തൃപ്തനായി. രാജാവിൻെറ പ്രാൎത്ഥന കൂടാതെ അങ്ങയുടെ സുദൎശനചക്രത്തെ ആ രാജാവിൻെറരക്ഷക്കായി തൃപ്തികയ്യോണ്ടു കൊടുത്തു.

3 സ ദ്വാദശീവ്രതമഥോ ഭവദൎച്ചനാൎത്ഥം
വൎഷന്ദധൌ മധുവനേ യമുനോപകണ്ഠേ
പത്ന്യാ സമം സുമനസാ മഹതീം വിതന്വൻ
പൂജാം ദ്വിജേഷു വിസൃജൻ പശുഷഷ്ടികോടിം

സാരം:—ആ രാജാവ് നിന്തിരുവടിക്ക് ആരാധനക്കായി യമുനാനദിക്കടുത്തു് മധുവനത്തിൽവെച്ചു് ശുദ്ധമനസ്സോടുകൂടി നിൎമ്മലചിത്തയായ പത്നിയോടു ചേൎന്ന് മഹനീയങ്ങളായ പൂജാദികൾ നടത്തി, ബ്രാഹ്മണൎക്ക് അറുപതുകോടി പശുക്കളെ ദാനംചെയ്തു് ഒരു വത്സരക്കാലം ദ്വാദശീ വ്രതം അനുഷ്ഠിച്ചു.

4 തത്രാഥ പാരണദിനേ ഭവദൎച്ചനാന്തേ
ദുൎവ്വാസസാസ്യ മുനിനാ ഭവനം പ്രപേദേ;
ഭോക്തും വൃതശ്ച സ നൃപേണ പരാൎത്തിശീലോ
മന്ദം ജഗാമ യമുനാം നിയമാൻ വിധാസ്യൻ

സാരം:—അതിനുശേഷം ആ വ്രതാവസാനദിവസം പാരണചെയ്യുന്നതിനു അങ്ങയ്ക്കായുള്ള പൂജകഴിഞ്ഞപ്പോൾ ദുൎവ്വാസാവെന്ന മുനിപുംഗവൻ വന്നുചേരുകയും, അപ്പോൾ ആ മുനിയോടു ആഹാരംകഴിക്കുവാൻ രാജാവു ക്ഷണിക്കുകയും, അന്യനു ദുഃഖത്തെ നൽകുവാനുത്സുകനായ ആ മുനി നിത്യകൎമ്മങ്ങൾ നടത്തുവാൻ സാവധാനം യമുനയിലേക്കു പോകുകയുംചെയ്തു.

5 രാജ്ഞാഥ പാരണമുഹൂർത്തസമാപ്തിഖേദാ-
ദ്വാരൈവ പാരണമകാരി ഭവൽപരേണ
പ്രാപ്തോ മുനിസ്തദഥ ദിവ്യദൃശാ വിജാനൻ
ക്ഷിപ്യൻ ക്രുധോദ്ധൃതജടോ വിതതാന കൃത്യാം.

സാരം:—അങ്ങയിൽ പരംഭക്തനായ ആ രാജാവ്, നിത്യകർമ്മത്തിന്ന യമുനയിൽ പോയ ദുർവ്വാസസ്സ് മഹർഷിയെ വന്നു കാണാഞ്ഞതിനാലും ദ്വാദശി കഴിയുന്നതിനുമുമ്പുതന്നെ പാരണ കഴിക്കേണ്ടതു് വ്രതനിയമമാകയാലും ബുദ്ധിമുട്ടി ഒടുക്കം ജലംമാത്രം പാരണകഴിച്ചു. അതിനുശേഷം വന്നുചേൎന്ന ആ മഹർഷിപുംഗവൻ ദിവ്യദൃഷ്ടികൊണ്ടു രാജാവിൻെറ പാരണ കഴിഞ്ഞിരിക്കുന്നുവെന്നറിഞ്ഞു് കോപാന്ധനായി ഒട്ടറെ ദുർവ്വാക്കുകളാൽ ഭത്സിച്ചുകൊണ്ടു് തൻെറ ജടയെ പറിച്ചെറിഞ്ഞു് ഒരു പിശാചിനെ അതേ ഒരു കൃത്യയെ സൃഷ്ടിച്ചു

6 കൃത്യാം ച താമസിധരാം ഭുവനം ദഹന്തീ-
മഗ്രേഽഭിവീക്ഷ്യ നൃപതിർന്നപദാച്ചകമ്പേ
ത്വൽഭക്തബാധമഭിവീക്ഷ്യ സുദർശനം തേ
കൃത്യാനലം ശലഭയൻ മുനിമന്വധാവത്.

സാരം:—ഭയങ്കരിയായി ഖഡ്ഗപാണിയായി ത്രൈലോക്യത്തെ അഞ്ചിനെതന്നെ ദഹിപ്പിക്കുവാൻപ്രാപ്തയായ കൃത്യയെ തൻമുന്നിൽ കണ്ടിട്ടും രാജാവു് യാതൊരു ഭാവഭേദവുംപ്രകടിപ്പിക്കാതെ നിന്നനില്പിൽതന്നെഒരടിപോലുംഇളകാതെ നിന്നതേയുള്ളു. എന്നാൽ അങ്ങയുടെ ദിവ്യമായ സുദർശനചക്രം ഭയങ്കരിയായും അഗ്നിമയിയായും ഉള്ള ആ കൃത്യയെ ശലഭമെന്നപോലെ ദഹിപ്പിച്ചിട്ടു് ഭയ

ത്താൽ ഓടിപ്പോകുന്ന ദുർവ്വാസസ്സുതാപസനെ ദഹിപ്പിക്കു വാനായി പിമ്പേ ഗമിച്ചു.

7 ധാവന്നശേഷഭുവനേഷു ഭിയാ സ പശ്യൻ
വിശ്വത്രചക്രമപി തേ, ഗതവാൻ വിരിഞ്ചം,
കഃ കാലചക്രമതി ലംഘയതീത്യപാസ്ത-
സ്തൂർവ്വം യയൗ സ ച ഭവന്തമവന്ദതൈവ.

സാരം:— ആ താപസൻ ഭയപ്പെട്ട് എല്ലാ ലോകങ്ങളിലും ഓടിനടന്നു. എവിടേയും ചക്രം പിന്തുടരുകയുംചെയ്തുകൊണ്ടിരുന്നു. വേപഥുഗാത്രനായ മുനി ഭയാകുലതയാ ബ്രഹ്മലോകത്തിൽചെന്നു സങ്കടവാർത്തയറിയിച്ചു "സുദർശനമെന്ന ആ കാലചക്രത്തെ ആരും തടുക്കുവാൻ സാദ്ധ്യമല്ലെ"ന്നു പറഞ്ഞു് മഹർഷിയെ മടക്കിയയച്ചു. ഉടനെ ആ താപസൻ ശിവസന്നിധിയിൽ ചെന്നു. അദ്ദേഹവും അങ്ങയെ വണങ്ങി തിരിച്ചയച്ചു.

8 ഭൂയോ ഭവന്നിലയമേത്യ മുനിം നമന്തം
പ്രോചേ ഭവാനഹമൃഷേ! നനു ഭക്തദാസഃ
ജ്ഞാനം തപശ്ച വിനയാന്വിതമേവ മാന്യം
യാഹ്യംബരീഷപദമേവ ഭജേതി ഭൂമൻ!

സാരം:- അല്ലയോ പ്രഭുവായോനെ! വൈകുണ്ഠത്തിൽ ചെന്ന് നമസ്കാരപൂർവ്വം അപേക്ഷിക്കുന്ന ആ താപസനോട് അങ്ങ് ഈ വിധം അരുളിച്ചെയ്തു. "അല്ലയോ മഹർഷേ! ഞാൻ ഭക്തദാസനാണ്; അതു അങ്ങും അറിയുമല്ലൊ. ഏതുവിധ യോഗ്യതയും ഒരുവനുണ്ടായാലും വിനയമെന്നതില്ല എങ്കിൽ അവൻ അപമാനിതനായിത്തീരുന്നതാം. വിനയം അങ്ങയ്ക്കില്ല. അതുകൊണ്ടാണ് ഈ

ആപത്തു് വന്നുചേൻന്നതു്. ഏതായാലും ഇനി ആ ഭക്ത നായ അംബരീഷനെത്തന്നെ അഭയംപ്രാപിക്കുക" അ ല്ലാതെ യാതൊരു നിവൃത്തിയുമില്ല.

9 താവത്സമേത്യ മുനിനാ സഗൃഹീതപാദോ
രാജാപസൃത്യ ഭവദസ്ത്രമസാവതൌഷീൽ
ചക്രേ ഗതേ മുനിരദാദഖിലാശിഷോസ്മൈ
ത്വൽഭക്തിമാഗസി കൃതേപി കൃപാഞ്ച ശംസൻ.

സാരം:— ആ മുനിവയ്യൻ വേഗം വൈകുണ്ഠത്തിൽ നിന്നു് ഓടിവന്നു് അംബരീഷന്റെ പാദത്തിൽ വീണു രക്ഷിക്കുവാനപേക്ഷിച്ചു. രാജാവു പെട്ടെന്നു മാറിനിന്നു അങ്ങയുടെ സുദൎശനചക്രത്തെ കീത്തിച്ചു സ്തുതിയാൽ ച ക്രം അടങ്ങിയപ്പോഠം, ആ അംബരീഷനു നിന്തിരുവടിയി ലുള്ള ഭക്തിയും അപരാധിയായ തന്നോടുചെയ്ത കൃപയേ യും കുറിച്ചു് ആ മഹർഷി പ്രശംസിച്ചു. ഭക്താഗ്രണിയാ യ രാജാവിനു സർവ്വാനുഗ്രഹങ്ങളേയും കൊടുത്തു് ആ മുനി തൃപ്തനായി.

10 രാജാ പ്രതീക്ഷ്യ മുനിമേകസമാമനാശ്വാൻ
സംഭോജ്യ സാധു തമൃഷിം വിസൃജൻ പ്രപന്നം
ഭക്ത്വാ സ്വയം ത്വയി തതോപി ദൃഢം രതോഭൂത്
സായൂജ്യമാപ ച, സ മാം പവനേശ, പായാഃ

സാരം:— ആ രാജാവ് ഒരു വത്സരം മഹർഷിയെ കാത്തു് ആഹാരം കഴിക്കാതെയിരുന്നതിനാൽ, മുനിയെ വേ ണ്ടവിധം സല്ക്കരിച്ചു് തൃപ്തിപ്പെടുത്തിയതിനുശേഷം താ നും ഭുജിച്ചു് മുമ്പിലത്തേക്കാഠം പരംഭക്തനായി ജീവിച്ചു

ഒടുവിൽ അങ്ങയുടെ പാദപത്മത്തിൽ ലയിച്ചു. അല്ലയോ ഗുരുവായുപുരേശ! അങ്ങു എന്നെ രക്ഷിക്കണെ!

KOTTAYAM PUBLIC LIBRARY KOTTAYAM.

## മുപ്പത്തിനാലാം ദശകം

### ശ്രീരാമാവതാരം

1 ഗീർവ്വാണൈരത്ഥ്യമാനോ ദശമുഖനിധനം
കോസലേഷ്വൃശ്യശൃംഗേ
പുത്രീയാമിഷ്ടിമിഷ്ട്വാ ദദുഷി ദശരഥ-
ക്ഷ്മാഭൃതേ പായസാഗ്ര്യം
തത്ഭുക്ത്യാ തൽപുരന്ധ്രീഷ്വപി തിസൃഷു സമം
ജാതഗർഭാസു ജാതോ
രാമസ്ത്വം ലക്ഷ്മണേന സ്വയമഥ ഭരതേ-
നാപി ശത്രുഘ്നനാമ്നാ

സാരം:—പണ്ടു് ദശരഥമഹാരാജാവിനു പുത്രസന്താനമുണ്ടാകാതിരുന്നതിനാൽ ഋശ്യശൃംഗനെക്കൊണ്ടു് പുത്രകാമേഷ്ടിയെ ചെയ്യിക്കയും, അഗ്നികുണ്ഡത്തിൽനിന്നു് പ്രത്യക്ഷമായ പ്രജാപത്യപുരുഷൻ നൽകിയ പായസം തൻെറ മൂന്നു പത്നിമാൎക്കും കൊടുക്കുകയും അവർ ഗർഭം ധരിച്ചിരിക്കെ മുമ്പുതന്നെ രാവണനിഗ്രഹത്തിനായി ദേവന്മാരാൽ പ്രാൎത്ഥിക്കപ്പെട്ടിരുന്ന അങ്ങുതന്നെ ശ്രീരാമനായി കൌസല്യയിൽ പിറക്കയും അങ്ങേയുടെ ആയുധങ്ങളായ ശംഖചക്രങ്ങൾ ഭരത ശത്രുഘ്നന്മാരായും അനന്തൻ ലക്ഷ്മണനായും മററു രണ്ടുരാജ്ഞിമാരിൽ ജാതരാകുകയുംചെയ്തു.

2 കോദണ്ഡീ കൌശികസ്യ ക്രതുവരമവിതും
ലക്ഷ്മണേനാനു യാതോ
യാതോഭൂസ്താതവാചാ മുനികഥിതമനു-
ദ്വന്ദ്വശാന്താധ്വഖേദഃ
നൃണാം ത്രാണായ ബാണൈർമ്മുനിവചനബലാ-
ത്താടകാം പാടയിത്വാ
ലബ്ധ്വാസ്മാദസ്ത്രജാലം മുനിവനമഗമോ-
ദേവ! സിദ്ധാശ്രമാഖ്യം.

സാരം:—അല്ലയോ ദേവ വിശ്വാമിത്രന്റെ ശ്രേഷ്ഠ യാഗം രക്ഷിക്കുവാൻ അങ്ങ് പിതാവിന്റെ ആജ്ഞയാൽ ലക്ഷ്മണനോടുകൂടെ ചാപശരാന്വിതരായിപ്പുറപ്പെട്ടു.

വിശ്വാമിത്രൻ ഉപദേശിച്ച രണ്ടു ദിവ്യമന്ത്രങ്ങളെ ക്കൊണ്ടു യാത്രാക്ലേശമെന്യെ അങ്ങ് ലോകരക്ഷയ്ക്കായി മ ഹർഷിയുടെ അഭിപ്രായത്തെ സ്വീകരിച്ച്, താടകയെന്ന ഘോരരാക്ഷസിയെ വധിച്ച്, വിശ്വാമിത്രനിൽനിന്നു അ നേകം ദിവ്യാസ്ത്രങ്ങളേയും കയ്ക്കൊണ്ടു് സിദ്ധാശ്രമത്തിൽ പൂകി.

3 മാരീചന്ദ്രാവയിത്വാ മഖശിരസി ശരൈ-
രന്യരക്ഷാംസി നിഘ്നൻ
കല്യാംകുർവ്വന്നഹല്യാം പഥി പദരജസാ
പ്രാപ്യ വൈദേഹഗേഹം
ഭിന്ദാനശ്ചാന്ദ്രചൂഡം ധനുരവനിസുതാ-
മിന്ദിരാമേവ ലബ്ധ്വാ
രാജ്യം പ്രാതിഷ്ഠഥാസ്ത്വം ത്രിഭിരപി ച സമം
ഭ്രാതൃവീരൈസ്സദാരൈഃ

സാരം:—കൌശികൻ യാഗമാരംഭിച്ചപ്പോഠം അതു മുടക്കുവാൻ വന്നരാക്ഷസരിൽമാരീചനെ ബാണഗണങ്ങഠം തൊടുത്തു് അകററുകയും മററുള്ള രാക്ഷസന്മാരെ കൊന്നൊടുക്കുകയും ചെയ്തശേഷം വഴിമദ്ധ്യേ കല്ലായി കിടന്ന ഗൌതമപത്നിയായ അഹല്യക്ക് തൃച്ചേവടിസ്പർശനത്താൽശാപമോക്ഷംകൊടുത്തു് വിദേഹരാജ്യത്തിലേക്കുവിശ്വാമിത്രൻെറ ഉപദേശപ്രകാരം യാത്രതിരിച്ചു് അവിടെ ചെന്നു് ജനകമഹാരാജാവിനാൽ പൂജനീയനായിസീതാകല്യാണത്തിനുവേണ്ടി ശൈവചാപംമുറിച്ചു് വിവാഹവും കഴിച്ചു് സാക്ഷാൽ ലക്ഷ്മീദേവിയായ സീതയോടുകൂടിയും തന്നോടുകൂടിതന്നെ മിഥിലാരാജകന്യകകളെ വിവാഹം കഴിച്ചഅനുജന്മാരോടുംകൂടിഅയോദ്ധ്യയിലേയ്ക്കു പുറപ്പെട്ടു

4 ആരുന്ധാനേ ഋഷ്യാന്ധേ ഭൃഗുകുലതിലകേ
സംക്രമയ്യ സ്വതേജോ
യാതേ യാതോസ്യയോദ്ധ്യാം സുഖമിഹ
നിവസൻ
കാന്തയാ കാന്തമൂർത്തേ!
ശത്രുഘ്നേനൈകദാഥോ ഗതവതി ഭരതേ
മാതുലസ്യാധിവാസം
താതാരബ്ധോഭിഷേകസ്തവ കില വിഹതം
കേകയാധീശപുത്ര്യാ

സാരം:—അല്ലയോ സൌന്ദര്യധാമൻ! ശൈവചാപം പൊട്ടിച്ചതിൽ കോപാന്ധനായിക്കൊണ്ടു വഴിമദ്ധ്യേ എത്തുന്ന പരശുരാമൻ അങ്ങയെ വിഷ്ണുവാണെന്നറിഞ്ഞു് സ്വതേജസ്സിനെ അങ്ങയിലാക്കിയാത്രചെയ്തു് അയോദ്ധ്യയിലെത്തി ഭാര്യാസഹിതം സുഖാനന്ദിതനായി വസിച്ചു. പിന്നെ കുറേ ചെന്നപ്പോഠം ഭരതശത്രുഘ്നന്മാർ മാതുലനാ

യ യുധാജിത്തിൻെറ രാജധാനിക്കു പോകയും അക്കാലം അങ്ങയുടെ അച്ഛൻ, ചെയ്യാൻ നിശ്ചയിച്ച രാജ്യാഭിഷേകം കൈകേയി മുടക്കുകയും ചെയ്തു.

5 താതോക്ത്യാ യാതുകാമോ വനമനുജവധൂ-
സംയുതശ്ചാപധാരഃ
പൌരാനാരുദ്ധ്യ മാർഗ്ഗേ ഗുഹനിലയഗത-
സ്ത്വം ജടാചീരധാരീ
നാവാ സന്തീർയ്യ ഗംഗാമധിപദവി പുന-
സ്തം ഭരദ്വാജമാരാ-
ന്നത്വാ തദ്വാക്യഹേതോരതിസുഖമവസ-
ശ്ചിത്രകൂടേ ഗിരീന്ദ്രേ,

സാരം:—നിന്തിരുവടി താതാജ്ഞയാ സീതയോടും ലക്ഷ്മണനോടും കൂടി ധനുർദ്ധരനായി വനവാസത്തിന്നായി പുറപ്പെടുകയും ഒരുമിച്ചു പുറപ്പെട്ട പൌരന്മാരെ ഒരു വിധം മടക്കി അയക്കുകയും ഭക്താഗ്രണിയായ ഗുഹനെക്കണ്ടു ജടയും വല്ക്കലവും ധരിച്ചു് ഗംഗയും കടന്നു് മാർഗ്ഗമദ്ധ്യേ ഭരദ്വാജനേയും കണ്ടുനമസ്കരിച്ചു അനുജ്ഞയോടുകൂടി അവിടെനിന്നും പുറപ്പെട്ടു് ചിത്രകൂടപർവ്വതത്തിൽ ചെന്നു് സുഖമായിപ്പാർത്തു.

6 ശ്രുത്വാ പുത്രാർത്തിഖിന്നം ഖലു ഭരതമുഖാത്
സ്വർഗ്ഗയാതം സ്വതാതം,
തപ്ത്വാ ദത്വാംബു തസ്മൈ നിദധിഥ ഭരതേ
പാദുകാം മേദിനീം ച
അത്രിം നത്വാഥ,ഗത്വാ വനമതിവിപുലം
ദണ്ഡകം,ചണ്ഡകായം
ഹത്വാ ദൈത്യം വിരാധം,സുഗതിമകലയ-
ശ്ചാരു ഭോഃ ശാരഭംഗീം

സാരം:— അവിടെ നിന്തിരുവടി സുഖമായി പാൎക്കു മ്പോഴാം തന്നേ കാണ്മാൻ വന്ന ഭരതനിൽനിന്നു് താത വൃത്താന്തമറിഞ്ഞു് ദുഃഖിച്ചു്, താൻ അയോദ്ധ്യയിലേക്കു് തിരിച്ചുചെല്ലണമെന്ന ഭരതൻെറനിർബ്ബന്ധത്തെ തൻെറ പാദുകം കൊടുത്തുതീൎക്കുകയും ഭരതനെ നാട്ടിലേക്കയച്ചു്, അത്ര്യാശ്രമത്തിൽചെന്നു് ആ മുനിശ്രേഷ്ഠനെ വന്ദിച്ചു നുഗ്രഹവും വാങ്ങി അതിവിസ്തൃതമായ ദണ്ഡകാര ണ്യത്തിൽ ചെന്നു് ഭയങ്കരനായ വിരാധനെ കൊന്നു് ശരഭംഗാശ്രമത്തിൽ പോയി ആ മുനിയുടെ ശരീരത്യാഗ ത്തെ കണ്ടു.

7 നത്വാഗസ്ത്യം, സമസ്താശരനികരസപ-
ത്രാകൃതിം താപസേഭ്യഃ
പ്രത്യശ്രൗഷീഃ പ്രിയൈഷീഃ തദനു ച മുനിനാ
വൈഷ്ണവേ ദിവ്യചാപേ
ബ്രഹ്മാസ്ത്രേ ചാപി ദത്തേ, പഥി പിതൃസുഹൃദം
വീക്ഷ്യ ഭൂയോ ജടായും
മോദാൽ ഗോദാതടാന്തേ പരിരമസി പുരാ
പഞ്ചവട്യാം വധൂട്യാ

സാരം:— നിന്തിരുവടി പിന്നെ അഗസ്ത്യൻെറ ആ ശ്രമത്തിൽചെന്നു് അദ്ദേഹത്തിനെ വന്ദിച്ചു് മാമുനി മാൎക്കു ഹിതത്തെ ചെയ്യാനുത്സുകനായി എല്ലാ നിശാചര പ്പരിഷകളേയും നശിപ്പിക്കുന്നുണ്ടെന്ന സത്യവും ചെയ്തു് അഗസ്ത്യൻ നൽകിയ ദിവ്യാസ്ത്രങ്ങളും സ്വീകരിച്ചു്, വ ഴിക്കു പിതൃമിത്രമായ ജടായുവിനെക്കണ്ടു് കൃതാൎത്ഥതയോ ടുകൂടി സീതയും ലക്ഷ്മണനുമൊരുമിച്ചു് ഗോദാവരീതീരം പ്രവേശിച്ചു് പഞ്ചവടിയിൽ സസുഖം വാണരുളി.

8 പ്രാപ്തായാഃ ശൂർപ്പണാഖ്യാ മദനചലധൃതേ-
രത്ഥനൈർന്നിസ്സഹാത്മാ
താം സൌമിത്രൌ വിസൃജ്യ, പ്രബലതമരുഷാ
തേന നിർല്ലൂനനാസാം
ദൃഷ്ട്വൈനാം രുഷ്ടചിത്തം ഖരമഭിപതിതം
ദൂഷണം ച ത്രിമൂർദ്ധം
വ്യാഹിംസീരാശരാനപ്യയുതസമധികാം-
സ്തൽക്ഷണാദക്ഷതോഷ്മാ!

സാരം:— അങ്ങ് പഞ്ചവടിയിൽ സീതയോടും ലക്ഷ്മണനോടുംകൂടി ആനന്ദമഗ്നനായി താമസിക്കുമ്പോൾ കാമാത്തയായ ശൂർപ്പണഖയുടെ കാമയാചനകൾകേട്ടു വെറുക്കുകയും അവളെ ലക്ഷ്മണന്റെ അടുക്കൽ അയച്ച് കോപാന്ധനായ ലക്ഷ്മണൻ അവളുടെ മൂക്കും മുലയുംഛേദിക്കയുംചെയ്തു. വിരൂപയാക്കപ്പെട്ട അവളെക്കണ്ടിട്ട് പ്രതികാരംചെയ്വാനായി വന്നെത്തിയ ഒരിടത്തും തോൽവിയില്ലാത്ത ഖരദൂഷണത്രിശിരാക്കളായ പതിനായിരത്തിൽക്കൂടുതൽ രാക്ഷസന്മാരെ നിന്തിരുവടി നശിപ്പിച്ചു.

9 സോദ്യോ പ്രോക്തവാർത്താവിവശദശമുഖാ-
ദിഷ്ടമാരീചമായാ-
സാരംഗം സാരസാക്ഷ്യാ സ്പൃഹിതമനുഗതഃ
പ്രാവധീർബാണഘാതം,
തന്മായാക്രന്ദനിര്യാപിതഭവദനുജാം
രാവണസ്താമഹാർഷീൽ,
തേനാർത്തോപി ത്വമന്തഃ കിമപി മുദമധാ-
സ്തദ്വധോപായലാഭാത്,

സാരം:—പഞ്ചവടിയിൽ രാമലക്ഷ്മണന്മാരെന്ന വി ക്രമന്മാരായ രണ്ടു സഹോദരന്മാർ ഒരു ത്രൈലോക്യസുന്ദ രിയോടുകൂടി താമസിക്കുന്നുണ്ടെന്നും ആ സ്ത്രീയെ രാവണ നായ തന്റെ സഹോദരനു സമ്മാനിപ്പാനായി പിടിക്കു വാൻ ചെന്നപ്പോൾ തന്നെ വിരൂപിയാക്കിയെന്നും, അ തിന്നു പ്രതികാരം ചെയ്വാൻ ചെന്ന ജനസ്ഥാനവാസിക ളായ ഖരദൂഷണത്രിശിരാക്കളേയും സകല സൈന്യങ്ങളേ യും രാമൻ ഒററയ്ക്കു് ക്ഷണമാത്രനേരംകൊണ്ടു് കൊന്നുക ളഞ്ഞു എന്നും ഉഴറിശ്ശൂർപ്പണഖ എന്ന രാവണ സഹോദരി രാവണന്റെ അടുക്കൽ ചെന്നുപറഞ്ഞു. ആ അവസര ത്തിൽ കാമക്രോധാദികൾ വന്നാശ്ലേഷംചെയ്ത ആ ലങ്കാ ധിപൻ മാരീചൻ ഒരു പൊന്മാനായി സീതയേ മോഹി പ്പിച്ചാൽ സീതയുടെ സമീപത്തുനിന്നു നിന്തിരുവടിയേ യും അനുജനേയും അകററാമെന്നും അപ്പോൾ സീതയേ അ പഹരിക്കാമെന്നും തീർച്ചപ്പെടുത്തി അപ്രകാരംചെയ്തു. മാരീ ചൻ പൊന്മാനായി സീതയുടെ ദൃഷ്ടിക്കു തൃപ്തിയേ അരുളി ക്കൊണ്ടു വിഹരിച്ചപ്പോൾ അങ്ങയോടു സീത, ആ പൊ ന്മാനെ തനിക്കു കളിപ്പിക്കുവാനായി പിടിച്ചുകൊടുപ്പാനപേക്ഷിക്കയും നിന്തിരുവടി ചില തടസ്ഥങ്ങൾ സീത യോടു പറഞ്ഞുനോക്കിയെങ്കിലും സീതയുടെ നിർബ്ബന്ധം കൊണ്ടു് അങ്ങ് മാനിനെപ്പിടിപ്പാൻപോകയും മാൻതുള്ളി ച്ചാടിദൂരംഗമിച്ചപ്പോൾ കിട്ടാൻ പ്രയാസമെന്നു കരുതി നിന്തിരുവടി ഒരുബാണം അയക്കുകയും മാരീചൻ ലക്ഷ്മണ നെവിളിച്ചു അങ്ങയുടെമാതിരി നിലവിളിച്ചു മരിക്കയും, സീത നിന്തിരുവടിയുടെ ശബ്ദംപോലെയുള്ള മാരീചന്റെ നിലവിളികേട്ടു് ലക്ഷ്മണനോടു നിന്തിരുവടിയുടെ സമീപം ചെല്ലാൻ പറകയും മായാവികളായ രാക്ഷസന്മാരുടെ ചതി പ്രയോഗമാണിതെന്നു ലക്ഷ്മണൻ പറകയും സീത അ

ത്തു ധിക്കരിച്ച് ലക്ഷ്മണനോട്ടു ചില പരുഷവാക്യങ്ങളോ പറകയും ലക്ഷ്മണൻ ഉടനെ നിന്തിരുവടിയുടെ നികടം പ്രാപിക്കയും ആ തക്കംനോക്കി രാവണൻവന്നു് സീതയെ അപഹരിച്ചുകൊണ്ടുപോകയും നിന്തിരുവടി ആശ്രമത്തിൽ വന്നു് സീതയെക്കാണാതെ ആരോ അപഹരിച്ചതാണെന്നറിഞ്ഞു് ദുഃഖപരവശഭാവിതനാകയും രാവണനെക്കൊല്ലുവാനുള്ള മാൎഗ്ഗം സിദ്ധിച്ചെന്നു് വിചാരിച്ചു് ഉള്ളുകൊണ്ടു സന്തോഷിക്കയും ചെയ്തു.

10 ഭൂയസ്തന്വീം വിചിന്വന്നഹൃതദശമുഖ-
സ്ത്വദ്വധൂം മദ്വധേനേ-
ത്യുക്ത്വാ യാതേ ജടായൌ ദിവമഥ സുഹൃദഃ
പ്രാതനോഃ പ്രേതകാൎയ്യം,
ഗൃഹ്ണാനം തം കബന്ധം ജഘനിഥ; ശബരീം
പ്രേക്ഷ്യ പമ്പാതടേ ത്വം
സമ്പ്രാപ്തോ വാതസൂനും ഭൃശമുദിതമനാഃ
പാഹി വാതാലയേശ!

സാരം:—നിന്തിരുവടി അനുജനോടുകൂടി പിന്നെ സീതയെ തിരഞ്ഞുനടക്കുമ്പോൾ ജടായു എന്ന പക്ഷീന്ദ്രൻ 'രാവണൻ എന്നെക്കൊന്നു സീതയെകൊണ്ടുപോയി' എന്നു പറഞ്ഞു പുണ്യലോകംഗമിച്ചു. പിന്നെ നിന്തിരുവടി ഭക്തനായ പക്ഷീന്ദ്രന്റെ ഉദകദാനസംസ്കാരാദികളെല്ലാം കഴിച്ചു സഞ്ചരിക്കുമ്പോൾ നേരിട്ട കബന്ധനെകൊന്നു ശാപമോക്ഷംകൊടുത്തു. അനന്തരം ശബരി എന്ന സിദ്ധതാപസിയുടെ ആശ്രമത്തിൽചെന്നു് അവളെക്കണ്ടിട്ടു് പമ്പാതീരത്തിൽ ഹനുമാനുമായികണ്ടു വളരെ സന്തോഷിച്ചു അല്ലയോ ഗുരുവായുപുരേശ! എന്നെ രക്ഷിക്കണെ.

## മുപ്പത്തഞ്ചാം ദശകം

### രാമാവതാരം തുടൎച്ച

1 നീതഃ സുഗ്രീവമൈത്രീം തദനു ഹനുമതാ,
ദുന്ദുഭേഃ കായമുച്ചൈഃ
ക്ഷിപ്ത്വാംഗുഷ്ഠേന ഭൂയോ ലുലുവിഥ യുഗപത്
പത്രിണാ സപ്തസാലാൻ
ഹത്വാ സുഗ്രീവഘാതോദ്യതമതുലബലം
ബാലിനം വ്യാജവൃത്ത്യാ
വൎഷാവേലാമനൈഷീൎവ്വിരഹതരളിത-
സ്ത്വം മതംഗാശ്രമാന്തേ.

സാരം:—സുഗ്രീവനുമായി പിന്നെ ഹനുമാൻസഖ്യം ചെയ്യിച്ചു. തനിക്കു ബാലിയെ കൊല്ലുവാൻ കഴിയുമെന്നു് സുഗ്രീവനു ബോദ്ധ്യം വരുവാനായി ദുന്ദുഭിഎന്ന അസുരേന്ദ്രന്റെ അസ്ഥിശേഷമായ ശരീരത്തെ കാൽവിരൽകൊണ്ടു് നിന്തിരുവടി വളരെ പൊക്കത്തിൽ അതിദൂരത്തിൽ എറിയുകയും ഒരു ശരംകൊണ്ടു് ഏഴുസാലങ്ങളെ ഒന്നിച്ചു പിളക്കുകയുംചെയ്തു. പിന്നീടു് സുഗ്രീവനെ വധിപ്പാനൊരുങ്ങിയ അതിബലവാനും ധീരനുമായ ബാലിയേ കള്ളവൃത്തി കയ്ക്കൊണ്ടു് അതായതു് നേരിട്ടുയുദ്ധംചെയ്യാതെ വൃക്ഷഛായയിൽ മറഞ്ഞുനിന്നു് ഒളിയമ്പു് പ്രയോഗിച്ചുകൊന്നിട്ടു് സീതാവിരഹത്താൽ പരിതപ്തമാനസനായി മതംഗാശ്രമത്തിനു സമീപമുള്ള ഗുഹയിൽ വൎഷക്കാലം കഴിച്ചുകൂട്ടി.

2 സുഗ്രീവേണാനുജോക്ത്യാ സഭയമഭിയതാ
വ്യൂഹിതാം വാഹിനീം താ-
മൃക്ഷാണാം വീക്ഷ്യ ദിക്ഷു ദ്രുതമഥ ദയിതാ-
മാർഗ്ഗണായാവനമ്രാം
സന്ദേശം ചാങ്ഗുലീയം പവനസുതകരേ
പ്രാദിശോംമോദശാലീ;
മാർഗ്ഗേ മാർഗ്ഗേ മമാർഗ്ഗേ കപിഭിരപി തദാ
ത്വൽപ്രിയാ സപ്രയാസൈഃ

സാരം:—അനന്തരം കോപാന്ധനായ സൌമിത്രിയുടെ വാക്കുകളാൽഭയപ്പെട്ടു തിരുമുമ്പിൽവന്ന സുഗ്രീവൻെറ ആജ്ഞയനുസരിച്ചു് അണിയായി നിരന്നുനിന്നു സീതാന്വേഷണത്തിനു പോകാൻ തയാറായിരിക്കുന്ന യൂഥപന്മാരുടെ സൈന്യനിരയെക്കണ്ടു് നിന്തിരുവടിസന്തോഷമഗ്നനായി ഹനുമാൻെറ കയ്യിൽ അംഗുലീയവും സന്ദേശവുംഏല്പിച്ചു. പിന്നീടു് വാനരനായകന്മാർ വളരെ ബുദ്ധിമുട്ടി നാനാദിക്കുകളിലേക്കും സീതയെതിരഞ്ഞു പുറപ്പെട്ടു.

3 ത്വദ്വാർത്താകർണ്ണനോദ്യദ്ഗരുദുരുജവസ-
മ്പാതി സമ്പാതിവാക്യ-
പ്രോത്തീർണ്ണാർണ്ണോധിരന്തർന്നഗരി ജനകജാം
വീക്ഷ്യ ദത്വാംഗുലീയം
പ്രക്ഷുദ്യോദ്യാനമക്ഷക്ഷപണചണരണഃ
സോഢബന്ധോ ദശാസ്യം
ദൃഷ്ട്വാ പ്ലുഷ്ട്വാ ച ലങ്കാം സപദി സ ഹനുമാൻ
മൌലിരത്നം ദദൌ തേ.

സാരം:—ആ വായുനന്ദനൻ, അങ്ങയുടെ ചരിത്രം കേട്ടു് പക്ഷംകരിഞ്ഞുകിടന്നിരുന്ന സമ്പാതിയുടെപക്ഷം പു

ത്തനായിത്തീരുകയാൽ അവനോട്ട സീതാവൃത്താന്തം ചോദിച്ചറിഞ്ഞു് സീത ലങ്കയിലുണ്ടെന്നറിഞ്ഞു് സമുദ്രംചാടിക്കടന്നു ലങ്കയിൽ പ്രവേശിച്ചു സീതയെക്കണ്ടു് അംഗുലീയവും കൊടുത്തു, ഉദ്യാനത്തെത്തകത്തു്, അപ്പോഴുണ്ടായ യുദ്ധത്തിൽ അക്ഷകുമാരനെക്കൊന്നു് സ്വന്തമനസ്സോടെ ഇന്ദ്രജിത്തിൻെറ ബ്രഹ്മാസ്ത്രബദ്ധനായി രാവണനെക്കണ്ടു ലങ്കാദഹനംകഴിച്ച് സമുദ്രം വീണ്ടും ചാടിക്കടന്നു നിന്തിരുവടിക്കു സീത കൊടുത്തയച്ച ചൂഡാരത്നം കാഴ്ചവെച്ചു

4 ത്വം സുഗ്രീവാംഗദാദിപ്രബലകപിചമൂ-
ചക്രവിക്രാന്തഭൂമീ-
ചക്രോഭിക്രമ്യ പാരേ ജലധി നിശിചരേ-
ന്ദ്രാനുജാശ്രീയമാണഃ
തൽപ്രോക്താം ശത്രുവാർത്താം രഹസി നിശമയൻ
പ്രാർത്ഥനാപാർത്ഥ്യ രോഷ-
പ്രാസ്താഗ്നേയാസ്ത്രതേജസ്ത്രസദുദധിഗിരാ
ലബ്ധവാൻ മദ്ധ്യമാർഗ്ഗം

സാരം:— അങ്ങു് സുഗ്രീവാംഗദന്മാർ മുമ്പായ ബലവീര്യശാലികളായ അധികസേനകളെക്കൊണ്ടു ഭൂവലയം മറച്ചുകൊണ്ടു് യാത്രചെയ്തു് സമുദ്രതീരത്തെ പ്രാപിച്ചു അവിടെവെച്ചു രാവണൻെറ ഇളയസഹോദരനായ വിഭീഷണൻ വന്നു നിന്തിരുവടിയേശരണംപ്രാപിക്കയും നിന്തിരുവടി അവനുഅഭയസ്ഥാനമേകയും അവനിൽനിന്നു രാവണൻെറ ഗൃഢോദന്തങ്ങളറികയും നിന്തിരുവടിയുടെ മാർഗ്ഗദാനത്തിനുള്ള പ്രാർത്ഥനയെ തള്ളിക്കളഞ്ഞതിനാൽ നിന്തിരുവടി കോപത്തോടെ പ്രയോഗിച്ചരുളിയ ആഗ്നേ

യാസ്ത്രംകണ്ടു് ഭയപ്പെട്ട സമുദ്രത്തിൻെറവാക്കപോലെ നി ന്തിരുവടിക്കു സമുദ്രത്തിൻെറ നടുവിൽക്കൂടി മാൎഗ്ഗം ലഭി ക്കയും ചെയ്തു.

5 കീശൈരാശാന്തരോപാഹൃതഗിരിനികരൈഃ
സേതുമാധാപ്യ യാതോ
യാതൂന്യാമൎദ്ദ്യ ദംഷ്ട്രാനഖശിഖരിശിലാ-
സാലശസ്ത്രൈഃ സ്വസൈന്യൈഃ
വ്യാകുൎവ്വൻ സാനുജസ്ത്വം സമരഭുവിപരം
വിക്രമം, ശക്രജേത്രാ
വേഗാന്നാഗാസ്ത്രബദ്ധഃ പതഗപതിഗരു-
ന്മാരുതൈൎമ്മോചിതോഽഭൂഃ

സാരം:— നിന്തിരുവടി പല ദൂരദിക്കുകളിൽനിന്നും പൎവ്വതപാഷാണവൃക്ഷാദികൾ വരുത്തി അവകൊണ്ടു സമു ദ്രത്തിൽ ചിറകെട്ടിച്ചു അക്കരെ കടന്നു, പിന്നെ ദംഷ്ട്ര കൾ, നഖങ്ങൾ, പൎവ്വതങ്ങൾ, കല്ലുകൾ, വൃക്ഷങ്ങളാദി ആ യുധങ്ങളോടുകൂടിയ തൻെറ വാനരസൈന്യങ്ങളെക്കൊണ്ടു രാക്ഷസന്മാരെ നശിപ്പിക്കയും, യുദ്ധത്തിൽ അനുജനോടു കൂടി അതിപരാക്രമംകാണിച്ച നിന്തിരുവടിയെ ഇന്ദ്രജി ത്തു് നാഗാസ്ത്രബദ്ധനാക്കയും, അപ്പോൾ അവിടെ വന്നു ചേൎന്ന നിന്തിരുവടിയുടെ വാഹനമായ ഗരുഡൻെറ ചിറ കുകളുടെ കാററു് തട്ടി നിന്തിരുവടി ബന്ധമുക്തനായി ത്തീരുകയും ചെയ്തു.

6 സൌമിത്രിസ്തത്ര ശക്തിപ്രഹൃതിഗളദസു-
ൎവ്വാതജാനീതശൈല-
ഘ്രാണാത് പ്രാണാനുപേതോ വ്യകൃണുത കുസൃതി-
ശ്ലാഘിനം മേഘനാദം;

മായാക്ഷോഭേഷു വൈഭീഷണവചനഹൃത-
സ്തംഭനഃ, കുംഭകർണ്ണം
സംപ്രാപ്തം കമ്പിതോർവ്വീതലമഖിലചമൂ-
ഭക്ഷിണം വ്യക്ഷിണോസ്ത്വം

സാരം:—ഈ മഹാരണത്തിൽ വേൽകൊണ്ടുള്ള പ്രയോഗത്താൽ ലക്ഷ്മണൻ പ്രാണാപായത്തിൽ അകപ്പെട്ടുവെങ്കിലും ഹനുമാനാൽ കൊണ്ടുവരപ്പെട്ട ഔഷധശൈലത്തിൽനിന്നടിച്ച ഗന്ധമേററു വീണ്ടും ജീവിച്ച് മായായുദ്ധത്തിന്നു സമർത്ഥനായ ഇന്ദ്രജിത്തിനെ നിസ്സന്ദേഹം ഹനിച്ചു. രക്ഷോവരന്മാർ കാണിക്കുന്ന മായികവൃത്തികളെ വിഭീഷണൻ വിവരപ്പെടുത്തിക്കൊടുത്തു. നിന്തിരുവടിയുടെ പരിഭ്രമം നശിച്ചു. ഭൂമി വിറപ്പിച്ചുകൊണ്ടു യുദ്ധക്കളത്തിൽവന്നു വാനരസൈന്യങ്ങളെയെല്ലാം ഭക്ഷിക്കുന്ന കുംഭകർണ്ണനെ നിന്തിരുവടിതന്നെ കൊന്നു.

7 ഗൃഹ്ണൻ ജംഭാരിസംപ്രേഷിതരഥകവചൌ
രാവണേനാഭിയുദ്ധ്യൻ
ബ്രഹ്മാസ്ത്രേണാസ്യ ഭിന്ദൻ ഗളതതിമബലാ-
മഗ്നിശുദ്ധാം പ്രഗൃഹ്ണൻ
ദേവശ്രേണീവരോജ്ജീവിതസമരമൃതൈ-
രക്ഷതൈരൃക്ഷസംഘൈർ-
ല്ലങ്കാഭർത്രാ ച സാകം നിജനഗരമഗാഃ
സപ്രിയഃ പുഷ്പകേണ

സാരം:—നിന്തിരുവടി പിന്നെ ദേവേന്ദ്രൻ അയച്ച രഥകവചാദികളെ സ്വീകരിച്ച് ദശമുഖനോടു യുദ്ധം തുടന്നു; ബ്രഹ്മാസ്ത്രം തൊടുത്ത് അവൻെറ കഴുത്തു അനേകമ

നേകമായി മുറിച്ചുകളഞ്ഞു-അവനെ കൊല്ലുകതന്നെ ചെയ്തു. പിന്നീട് നിന്തിരുവടി, അഗ്നിയിൽ സ്നാനമുക്തയായ സീതാദേവിയെ കയ്യേറ്റുകൊണ്ടു, ദേവാദികളുടെ അനുഗ്രഹത്താൽ യുദ്ധത്തിൽ മരിച്ച എല്ലാവരും ജീവിക്കയും, അവരോടും ലങ്കാധിപനായിത്തീന്ന വിഭീഷണാദ്യരോടുംകൂടി സീതാസമേതം പുഷ്പകവിമാനത്തിൽ കയറി അയോദ്ധ്യക്കഗമിക്കയും ചെയ്തു.

8 പ്രീതോ ദിവ്യാഭിഷേകൈരയുതസമധികാൻ
 വത്സരാൻ പര്യരംസീ-
 ർമ്മൈഥില്യാം പാപവാചാ ശിവ ശിവ!കില താം
 ഗർഭിണീമഭ്യഹാസീഃ
 ശത്രുഘ്നേനാർദ്ദയിത്വാ ലവണനിശിചരം
 പ്രാർദ്ദയഃ ശൂദ്രപാശം;
 താവദ്വാത്മീകിഗേഹേ കൃതവസതിരുപാ-
 സൂത സീതാ സുതൌ തേ

സാരം:—അങ്ങ് അയോദ്ധ്യാപുരിയിൽചെന്നു് ഉൽകൃഷ്ടവിഭവാദ്യങ്ങളോടുകൂടി രാജ്യാഭിഷേകവും കഴിഞ്ഞു് എത്രയോ സംവത്സരം സീതയോടുകൂടി സസുഖം വസിച്ചു അങ്ങിനെയിരിക്കെ സീതയെക്കൊണ്ടു് ചില ആളുകൾ അപരാധം പറയുന്നതു് ശ്രദ്ധമായി നിന്തിരുവടി അറികയും ഗർഭിണിയായ ആ ദേവിയെ വനത്തിൽക്കൊണ്ടാക്കി ഉപേക്ഷിക്കയും ചെയ്തു കഷ്ടം! പിന്നെ നിന്തിരുവടി ലവണാസുരനെ അനുജനായ ശത്രുഘ്നനെക്കൊണ്ടു വധിപ്പിക്കുകയും ധമ്മവിരുദ്ധമായി തപസ്സുചെയ്തിരുന്ന ജംബുകനെന്ന ശൂദ്രനെ അങ്ങുതന്നെ കൊല്ലുകയും ചെയ്തു. ആ അവസരത്തിൽ, ശത്രുഘ്നൻ ലവണനെക്കൊല്ലുവാൻ പോകുന്നവ

ഴി, വാത്മീക്യാശ്രമത്തിൽ എത്തിയദിവസം അവിടെ വാണിരുന്ന സീതാദേവി നിന്തിരുവടിയുടെ രണ്ടു നന്ദനന്മാരെ പ്രസവിച്ചു.

9 വാത്മീകേസ്സ്വൽസുതോൽഗാപിതമധുരകൃതേ-
രാജ്ഞയാ യജ്ഞവാടേ
സീതാം ത്വയ്യാപ്തുകാമേ ക്ഷിതിമവിശദസൌ
ത്വം ച കാലാൎത്ഥിതോഭൂഃ
ഹേതോഃ സൌമിത്രിഘാതീ സ്വയമഥ സരയൂ-
മഗ്നനിശ്ശേഷഭൃത്യൈ-
സ്സാകം നാകം പ്രയാതോ നിജപദമഗമോ
ദേവ! വൈകുണ്ഠമാദ്യം

സാരം:–– അശ്വമേധം ചെയ്തുകൊണ്ടിരിയ്ക്കുമ്പോഠം വാത്മീകി, താനുണ്ടാക്കിയ രാമായണമെന്ന കാവ്യത്തെ അങ്ങയുടെ പുത്രന്മാരായ കുശലവന്മാരെക്കൊണ്ടു പാടിച്ചു. ഇതുകേട്ട് നിന്തിരുവടി അവരുടെ വാസ്തവസ്ഥിതി അന്വേഷിച്ചറികയും ആ മഹഷിസത്തമന്റെ ആജ്ഞയാൽ സീതാദേവിയെ യാഗശാലയിൽ വെച്ച് കൈക്കൊള്ളുവാൻ നിശ്ചയിക്കയുംചെയ്തു. ആയവസരത്തിൽ സീതയുടെ പ്രാൎത്ഥനാഫലമായി ഭൂദേവി കാണിച്ചുകൊടുത്ത വിടവിൽക്കൂടി തിരോധാനംചെയ്കയും അങ്ങയുടെ അഭിനിവേശം സാധിക്കാതെ പോകയുംചെയ്തു. അക്കാലത്ത് ധമ്മരാജാവ് നിന്തിരുവടിയെ കാൎയ്യകാരണങ്ങളോടെ അവതാരകാൎയ്യങ്ങളെ അറിയിക്കയും വീണ്ടും പൂൎവ്വസ്ഥാനത്തെ പ്രാപിക്കേണ്ടുന്ന അവസ്ഥാവിഭാഗങ്ങളെ അറിയിക്കയും, ആ സമയം ഏതോ കാരണത്താൽ ലക്ഷ്മണനെ ബഹിഷ്കരിക്കേണ്ടിവരികയും അതോടുകൂടി നിന്തിരുവടി സരയൂനദി

യിൽ മുങ്ങി സകല ഭക്തജനങ്ങളോടുംകൂടി സ്വഗ്ഗപ്രാപ്തനാകയും, അവിടെനിന്നു തന്റെ പൂർവ്വസ്ഥാനത്തിൽ—സൃഷ്ടിസ്ഥിതിസംഹാരംചെയ്തു് യോഗമായാദേവിയോടുകൂടി എഴുന്നരുളുന്ന വൈകുണ്ഠത്തിൽ—ആത്മചൈതന്യ പ്രകാശവാനായി വാണരുളുകയുംചെയ്തു.

10 സോയം മത്ത്യാവതാരസ്തവ ഖലു നിയതം
മത്ത്യശിക്ഷാത്ഥമേവം
വിശ്ലേഷാത്തിന്നിരാഗസ്ത്യജനമപി ഭവേത്
കാമധമ്മാതിസക്ത്യാ
നോ ചേത് സ്വാത്മാനുഭൂതേഃ ക്വനു തവ മനസോ
വിക്രിയാ ചക്രപാണേ
സത്വം സത്വൈകമൂത്തേ! പവനപുരപതേ!
വ്യാധുനു വ്യാധിതാപാൻ.

സാരം:- അങ്ങയുടെ ഈ മാനുഷാവതാരം കാമത്തിൽ കവിഞ്ഞ ആയം വദ്ധിച്ചാൽ വിരഹമനുഭവിക്കയും ധമ്മത്തിൽ അതിപ്രീതി വദ്ധിച്ചാൽ അപരാധികളല്ലാത്തവരെക്കൂടി തിരസ്കരിക്കയും ചെയ്യുമെന്നു് മനുഷ്യലോകത്തെ പഠിപ്പിക്കുവാൻ വേണ്ടിത്തന്നെയാണു് രാജാവായാലും പ്രജകളായാലും ഒന്നുപോലെ ധമ്മമാഗ്ഗത്തിൽകൂടെ ജീവിതംനയിച്ചു് ഉത്തമപുരുഷാത്ഥം സിദ്ധിപ്പാൻ മാർഗ്ഗദർശിയായിക്കൊണ്ടാണു് അങ്ങ ഈ അവതാരത്തെക്കൈക്കൊണ്ടതു്.—സത്യധമ്മാദികൾക്കു് ചിരപ്രതിഷ്ഠ നല്കുകയാണുചെയ്തതു്. അല്ലെങ്കിൽ ആത്മാനന്ദമയനായ അങ്ങു് ദുഃഖാദിവികാരങ്ങളെ കൈക്കൊള്ളുമോ? അല്ലയോ ശുദ്ധസത്വമയനായ ഗുരുവായൂരപ്പ! എന്റെ രോഗബാധകളെ തീർക്കേണമേ!

## മുപ്പത്തിആറാം ദശകം

### പരശുരാമാവതാരം

1 അത്രേഃ പുത്രതയാ പുരാ ത്വമനസൂ-
യായാം ഹി ദത്താഭിധോ
ജാതശ്ശിഷ്യനിബദ്ധതന്ദ്രിതമനാ
സ്സ്വസ്ഥശ്ചരൻ കാന്തയാ
ദൃഷ്ടോ ഭക്തതമേന ഹേഹയമഹീ-
പാലേന തസ്മൈ വരാ-
നഷ്ടൈശ്വര്യമുഖാൻപ്രദായ ദദിഥ
സ്വേനൈവ ചാന്തേ വധം

സാരം:— ദത്താഖ്യനായി അങ്ങ് അത്രിയുടേയും അനസൂയയുടേയും പുത്രനായി മുമ്പൊരിക്കൽ അവതരിച്ചു. ശിഷ്യസമ്പത്തോടെ അധിവസിച്ചിരുന്ന അങ്ങ് അവരുടെ പ്രേരണയാൽ മനസ്സ് ഉദാസീനതയിൽപെട്ട് ഭാര്യാസമേതം വെറുതെ സഞ്ചാരംചെയ്തുകൊണ്ടിരിക്കുമ്പോഠം പരമാത്മഭക്തനും ഹേഹയരാജവംശോൽഭൂതനുമായ കാർത്തവീര്യാർജ്ജുനൻ അങ്ങയേ കാണുകയും അവന്ന് അഷ്ടൈശ്വര്യംമുതലായ വരങ്ങഠം കൊടുത്തിട്ട് ഒടുവിൽ അങ്ങ് 'എന്നാൽതന്നെ നിനക്കു മരണവും, എന്നരുളിച്ചെയ്കയുമുണ്ടായി.

2 സത്യം കർത്തുമഥാർജ്ജുനസ്യ ച വധം
തച്ഛക്തിമാത്രാനതം
ബ്രഹ്മദ്വേഷി തദാഖിലം നൃപകുലം
ഹന്തും ച ഭൂമേർഭരം

സംജാതോ ജമദഗ്നിതോ ഭൃഗുകുലേ
ത്വം രേണുകായാം ഹരേ
രാമോ നാമ തദാത്മജേഷ്വവരജഃ
പിത്രോരധാഃ സമ്മദം.

സാരം— അനന്തരം കാർത്തവീര്യാർജ്ജുനനെ താൻതന്നെ വധിക്കും എന്ന വാക്കിനെ സത്യമാക്കുന്നതിനും, ബ്രാഹ്മണവിദ്വേഷികളും അർജ്ജുനന്റെ ഭുജവീര്യത്താൽ മാത്രം തെല്ലു് ഒതുങ്ങിയിരിക്കുന്നവരും ധരാഭാരംവർദ്ധിക്കുവാൻവേണ്ടി മാത്രം ജീവിക്കുന്നവരും ആയ രാജപ്രവീരന്മാരുടെ വംശനാശംവരുത്തുവാനുമായി നിന്തിരുവടി ഭാർഗ്ഗവവംശത്തിൽ ജമദഗ്നിക്കും രേണുകയ്ക്കും രാമനെന്നനാമത്താൽ പ്രസിദ്ധനായ പുത്രനായിജ്ജനിച്ചു. പുത്രരിൽ ഇളയവനാകയാൽ മാതാപിതാക്കൾ കൂടുതൽ വാത്സല്യത്തോടെ വളർത്തുകയും, മാതാപിതാക്കൾക്കു് തുഷ്ടിയേ അരുളുകയും ചെയ്തിരുന്നു.

3 ലബ്ധാമ്നായഗണശ്ചതുർദ്ദശവയാ
ഗന്ധർവ്വരാജേ മനാ-
ഗാസക്താം കില മാതരം പ്രതി പിതുഃ
ക്രോധാകുലസ്യാജ്ഞയാ
താതാജ്ഞാതിഗസോദരൈഃ സമമിമാം
ഛിത്വാഥ ശാന്താൽ പിതു-
സ്തേഷാം ജീവനയോഗമാപിഥ വരം,
മാതാ ച തേഽദാദ്വരാൻ.

സാരം:— അന്നു് നിന്തിരുവടി പതിന്നാലു വയസ്സായപ്പോൾതന്നെ വേദാദികളെല്ലാം പഠിച്ചുതീർന്നു. ഗന്ധ

ൎവ്വരാജാവായ ചിത്രരഥനിൽ തെല്ലാഗ്രഹം തോന്നിയ അമ്മയെക്കുറിച്ച് കോപാന്ധനായിത്തീൎന്ന അച്ഛൻെറ ആജ്ഞയനുസരിച്ച് നിന്തിരുവടി, പിതൃരാജ്ഞയെ ലംഘിച്ച സഹോദരന്മാരേയും മാതാവിനേയും ഹനിക്കയും, അനന്തരം ശാന്തമാനസനായിത്തീൎന്ന അച്ഛനിൽനിന്നു കിട്ടിയ വരംകൊണ്ടു് എല്ലാവരേയും ജീവിപ്പിക്കയും, ആ സമയം സന്തോഷവാരിധിയിൽ നീന്തിക്കളിച്ച മാതാവും അങ്ങയ്ക്കു വേണ്ട വരങ്ങൾ തന്നരുളുകയും ചെയ്തു.

4 പിത്രാ മാതൃമുദേ സ്തവാഹൃതവിയ-
ദ്ധേനോൎന്നിജാദാശ്രമാത്
പ്രസ്ഥായാഥ ഭൃഗോൎഗ്ഗിരാ ഹിമഗിരാ-
വാരാദ്ധ്യ ഗൌരീപതിം
ലബ്ധ്വാ തൽപരശും തദുക്തദനുജ-
ച്ഛേദീമഹാസ്ത്രാദികം
പ്രാപ്തോ മിത്രമഥാകൃതവ്രണമുനിം
പ്രാപ്യാഗമസ്സ്വാശ്രമം.

സാരം:—അനന്തരം മാതൃപ്രീയത്തിനായി അച്ഛൻെറ പ്രാൎത്ഥനകൊണ്ടു് കാമധേനുവിനെ വരുത്തി തന്നാശ്രമത്തിൽനിന്നു അങ്ങയുടെ വംശസ്ഥാപകനായ ഭൃഗുവിൻെറ കല്പനയനുസരിച്ചു് ഹിമാലയപ്രാന്തത്തിൽചെന്നു ശങ്കരനെ തപസ്സുചെയ്താരാധിക്കയും അദ്ദേഹം വെണ്മഴു എന്ന ഒരു ദിവ്യായുധം കൊടുക്കയും, ആ ഭഗവാൻ അരുളിച്ചെയ്ത ഒരു മഹാസുരനെ നിഗ്രഹിക്കയും, പ്രസന്നനായ ശങ്കരനിൽനിന്നു് അനേക ദിവ്യാസ്ത്രങ്ങളും വരവും വാങ്ങി, അകൃതവ്രണനെന്ന ഒരു താപസനെ ബന്ധുവായി വരിച്ചു് തന്നാശ്രമത്തിൽ തിരിച്ചെത്തുകയും ചെയ്തു.

5 ആഖേടോപഗതോൎജ്ജുനഃ സുരഗവീ-
സംപ്രാപ്തസമ്പൽഗണൈ-
സ്ത്വൽപിത്രാ പരിപൂജിതഃ പുരഗതോ
ദുൎമ്മന്ത്രിവാചാ പുനഃ
ഗാം ക്രേതും സചിവം ന്യയുംക്ത; കുധിയാ
തേനാപി രുന്ധന്മുനി-
പ്രാണക്ഷേപസരോഷഗോഹതചമൂ-
ചക്രേണ വത്സോ ഹൃതഃ

സാരം:—അക്കാലത്തു മൃഗയാൎത്ഥം കാട്ടിൽപോയി തിരികെ പോരുമ്പോൾ കാൎത്തവീൎയ്യാൎജ്ജുനൻ അങ്ങയുടെ പൎണ്ണശാലയിൽ വരികയും അങ്ങയുടെ താതൻ ജമദഗ്നി മഹൎഷി കാമസുരഭിയിൽനിന്നു സിദ്ധിച്ച വസ്തുവിഭവങ്ങളെക്കൊണ്ടു അൎജ്ജുനനെ രാജോചിതം സല്ക്കരിക്കയും സന്തുഷ്ടനായ രാജാവ് രാജധാനിയിലെത്തി; ദുഷ്ടനായ സചിവോപദേശത്താൽ ആ കാമധേനുവിനെ വിലയ്ക്കു വാങ്ങുവാൻമന്ത്രിയെ നിയോഗിക്കയും ചെയ്തു. ദുഷ്ടചിത്തനായ സചിവോത്തമൻ കാമധേനുവിനെ ബലാൽക്കാരം കയ്ക്കലാക്കുവാൻ ശ്രമിക്കുന്നതു് ജമദഗ്നിയറിഞ്ഞു് തടയുകയും ആ സചിവപുംഗവൻ ജമദഗ്നിയെ വധിച്ച് കാമധേനുവിനെ കൊണ്ടുപോകുവാൻ ശ്രമിക്കുന്നതു കണ്ടറിഞ്ഞ ആ ദിവ്യപശു തന്റെ മാഹാത്മ്യാതിശയത്താൽ അനവധി വീൎയ്യശാലികളായ യോദ്ധാക്കളെ സൃഷ്ടിച്ച് മന്ത്രിയുടെ സേനാഗണങ്ങളെ നിശ്ശേഷം ഒടുക്കിച്ചു ഒടുവിൽ ആ ദുഷ്ടൻ കാമധേനുവിന്റെ വത്സനെ പിടിച്ചുകൊണ്ടുപോയിപോൽ!

6 ശുക്രോജ്ജീവിതതാതവാക്യചലിത-
ക്രോധോഥ സഖ്യാ സമം
ബിഭ്രദ്ധ്യാതമഹോദരോപനിഹിതം
ചാപം കുഠാരം ശരാൻ

ആരൂഢസ്സഹ വാഹയന്ത്രകരഥം
മാഹിഷ്മതീമാവിശൻ
വാഗ്ഭിർവ്വൃതസമദാശ്ശുഷ്ഷി ക്ഷിതിപതൌ
സന്ത്രാസ്സഥാഃ സംഗരം

സാരം:—അനന്തരം ശുക്രമഹർഷി അങ്ങയുടെ അച്ഛനെ ജീവിപ്പിച്ചു. അച്ഛൻെറ വാക്കുകളാൽ കോപാന്ധനായിത്തീൎന്ന നിന്തിരുവടി ചിന്താമാത്രയിൽ മഹോദരൻ എന്ന ശിവഭൃത്യം കൊടുത്ത വില്ലും മഴുവും ശരങ്ങളും കയ്യോണ്ടു് സഖിയായ അകൃതവ്രണനോടുകൂടെ തേരിൽ കയറി അർജ്ജുനരാജധാനിയായ മാഹിഷ്മതിയിൽചെന്നു രാജാവിനോടു പശുക്കുട്ടിയെ ആവശ്യപ്പെട്ടപ്പോഠം കൊടുക്കായ്കയാൽ നിന്തിരുവടി യുദ്ധമാരംഭിച്ചു.

7 പുത്രാണാമയുതേന, സപ്തദശഭി-
ശ്ചാക്ഷൌഹിണീഭിർ, മഹാ-
സേനാനീഭിരനേകമിത്രനിവഹൈ-
ർവ്യാജൃംഭിതായോധനഃ
സദ്യസ്ത്വൽകകുഠാരബാണവിദള-
ന്നിശ്ശേഷസൈന്യോൽക്കരോ
ഭീതിപ്രദ്രുതനഷ്ടശിഷ്ടതനയ-
സ്ത്വാമാപതദ്ധൈഹയഃ

സാരം:—അർജ്ജുനൻ പതിനായിരത്തോളം പുത്രന്മാരോടും പതിനേഴോളം അക്ഷൌഹിണികളോടും വലിയ സേനാനായകന്മാരോടും ബന്ധുസമൂഹങ്ങളോടും ചേൎന്നു് അതിഭയങ്കരമായ യുദ്ധംനടത്തി. എന്നാൽ, നിന്തിരുവടിയുടെ ആയുധങ്ങളാൽ സൈന്യങ്ങളൊക്കെ നശിച്ച് ശേഷിച്ച പുത്രന്മാർ ഭയപ്പെട്ടു് യുദ്ധഭൂമിവിട്ടു് ഒളിച്ചുപോകയുംചെയ്തപ്പോഠം അർജ്ജുനൻ തന്നിഭയനിന്നു അങ്ങയോടെതൃത്തു.

8 ലീലാവാരിതനൎമ്മദാജലവല-
ല്ലങ്കേശഗൎവ്വാപഹ-
ശ്രീമദ്ബാഹുസഹസ്രമുക്തബഹുശ-
സ്ത്രാസ്ത്രം നിരുന്ധന്നമും
ചക്രേ ത്വയ്യഥ വൈഷ്ണവേഽപി വിഫലേ
ബുദ്ധ്വാ ഹരിം ത്വാം മുദാ
ധ്യായന്തം ഛരിതസൎവ്വദോഷമവധീഃ
സോഽഗാൽ പരം തേ പദം

സാരം:—ആയിരം കൈകളാൽ നൎമ്മദാനദീപ്രവാഹത്തെ തടുത്തുനിൎത്തി രാവണനെ നൎമ്മദയിൽമുക്കിയ—പരാക്രമശാലികളായ ആ ആയിരം കൈകളെക്കൊണ്ടും ഒട്ടേറെ ശസ്ത്രങ്ങളെപ്പൊഴിച്ച് യുദ്ധംചെയ്യുന്ന കാൎത്തവീൎയ്യനെ നിന്തിരുവടി തടുത്ത് തനിക്ക സ്വാധീനമുള്ള വിഷ്ണുചക്രവും നിന്തിരുവടിയിലേല്ക്കയില്ലെന്നറിഞ്ഞതോടുകൂടി ആ അൎജ്ജുനൻ അങ്ങ വിഷ്ണുഭഗവാനെന്ന മനസ്സിലാക്കുകയും, അങ്ങയെ ഭക്തിശ്രദ്ധാപുരസ്സരം ഹൃദയത്തിൽ ധ്യാനിക്കുകയും, സമസ്തദോഷങ്ങളും നശിച്ചു, അവനെ പണ്ടു അവന നൽകിയിരുന്ന വരമനുസരിച്ച് അങ്ങ കൊല്ലുകയും അവൻ അങ്ങയുടെ സൎവ്വോൽകൃഷ്ടപദത്തിലണയുകയുംചെയ്തു.

9 ഭൂയോ മൎഷിതഹൈഹയാത്മജഗണൈ-
സ്താതേ ഹതേ രേണുകാ-
മാഘ്നാനാം ഹൃദയം നിരീക്ഷ്യ ബഹുശോ
ഘോരാം പ്രതിജ്ഞാം വഹൻ

ധ്യാനാനീതരഥായുധസ്ത്വമകൃഥാ
വിപ്രദ്രുഹഃ ക്ഷത്രിയാൻ
ദിക്ചക്രേഷു കുഠാരയൻ വിശിഖയൻ
നിഃക്ഷത്രിയാം മേദിനീം

സാരം:—വീണ്ടും, നിരാശരും ക്ഷുഭിതരുമായ അർജ്ജുനപുത്രന്മാർ നിന്തിരുവടി ഇല്ലാത്ത സമയംനോക്കി ആശ്രമത്തിൽചെന്നു് അങ്ങയുടെ അച്ഛനെ നിഹനിച്ചു. അതിനാൽ ദുഃഖാർത്തയായി മുറവിളിക്കുന്ന രേണുകയെക്കണ്ടു് നിന്തിരുവടി പലതായി ഭയങ്കരപ്രതിജ്ഞകളെച്ചെയ്തു—ക്ഷത്രിയവംശം നിശ്ശേഷം നശിപ്പിച്ചു് ക്ഷത്രിയരക്തധാരയിൽ പിതൃകർമ്മംചെയ്യുമെന്നു് സത്യംചെയ്തു. പിന്നീടു് ധ്യാനമാത്രയാൽ രഥാദിയുദ്ധോപകരണങ്ങൾ വരുത്തി എങ്ങും സഞ്ചരിച്ചു് ബ്രാഹ്മണദ്രോഹികളായ ക്ഷത്രിയരാജാക്കളെ ഭൂമിയിലില്ലെന്നാക്കിത്തീർത്തു.

10 താതോജ്ജീവനകൃന്നൃപാലകകുലം
ത്രിസ്സപ്തകൃത്വോ ജയൻ
സന്തർപ്യാഥ സമന്തപഞ്ചകമഹാ-
രക്തഹ്രദൗഘേ പിതൄൻ
യജ്ഞേ ക്ഷ്മാമപി കാശ്യപാദിഷു ദിശൻ
സാല്വേന യുദ്ധ്യൻ പുനഃ
കൃഷ്ണോഽമും നിഹനിഷ്യതീതി ശമിതോ
യുദ്ധാൽ കുഠാരൈർഭവാൻ.

സാരം:—പിന്നീടു് നിന്തിരുവടി അച്ഛനെജ്ജീവിപ്പിച്ചു് ഇരുപത്തൊന്നുതവണ ക്ഷത്രിയവംശത്തെ ഒടുക്കുകയുംചെയ്തിട്ടു് സമന്തപഞ്ചകമെന്നപേരായ രക്തമയമായ

കയത്തിലിറങ്ങി പിതൃക്കൾക്കുവേണ്ടി തർപ്പണംചെയ്തു് ഏറിയയാഗവുംകഴിച്ചു് ഭൂതലംമുഴുവനും കാശ്യപാദി ഉത്തമബ്രഹ്മസുരക്ഷ്ദാനവുംചെയ്തു. പിന്നേയും സാല്വൻ അമ്മയോടു യുദ്ധംചെയ്തെങ്കിലും, അവൻെറ വധം കൃഷ്ണനാലാകട്ടെയെന്നു് സനകാദികൾ പറകയാൽ നിന്തിരുവടി വിരമിച്ചു.

11 ന്യസ്യാസ്ത്രാണി മഹേന്ദ്രഭൂഭൃതി തപ-
സ്തന്വൻ പുനർമ്മജ്ജിതാം
ഗോകർണ്ണാവധി സാഗരേണ ധരണീം
ദൃഷ്ട്വാർത്ഥിതസ്താപസൈഃ
ധ്യാതേഷ്വാസധൃതാനലാസ്ത്രചകിതം
സിന്ധും സ്രുവക്ഷേപണാ-
ദുത്സാര്യ്യോദ്ധൃതകേരളോ ഭൃഗുപതേ
വാതേശ സംരക്ഷ മാം

സാരം:—നിന്തിരുവടി പിന്നീടു് സകലതും ഉപേക്ഷിച്ചു് മഹേന്ദ്രപർവ്വതത്തിൽ തപോവൃത്തിയിലിരിക്കുമ്പോൾ, തെക്കേഅററംമുതൽ വടക്കോട്ടു് ഗോകർണ്ണംവരെയുള്ള ഭൂതലം സമുദ്രം അക്രമിച്ചതായിക്കണ്ടു് താപസവര്യ്യന്മാർ അപേക്ഷിച്ചതനുസരിച്ചു് നിന്തിരുവടി ധ്യാനമാത്രയിൽ കയ്യിൽവന്നുചേർന്ന വില്ലിൽതൊടുത്ത ആഗ്നേയാസ്ത്രംകണ്ടു് ഭയപ്പെട്ട സമുദ്രത്തെ വെൺമഴു എറിഞ്ഞു് അതു വീണസ്ഥലംവരെ—കന്യാകുമാരിമുതൽ ഗോകർണ്ണംവരെ—മാററിയിട്ടു് കേരളത്തെ സൃഷ്ടിച്ചു. അല്ലയോ ഗുരുവായുപുരേശ! എന്നെ രക്ഷിക്കണെ!

മുപ്പത്താറാം ദശകവും നവമസ്കന്ധവും കഴിഞ്ഞു.

★

# പത്താം സ്കന്ധം

## മുപ്പത്തേഴാം ദശകം

### കൃഷ്ണാവതാരകാരണം

1 സാന്ദ്രാനന്ദതനോ! ഹരേ! നനു പുരാ
ദൈവാസുരേ സംഗരേ
ത്വൽകൃത്താ അപി കർമ്മശേഷവശതോ
യേ തേ ന യാതാ ഗതിം
തേഷാം ഭൂതലജന്മനാം ദിതിഭുവാം
ഭാരേണ ദൂരാർദ്ദിതാ
ഭൂമിഃ പ്രാപ വിരിഞ്ചമാശ്രിതപദം
ദേവൈഃ പുരൈവാഗതൈഃ

സാരം:—അല്ലയോ നിരതിശയാനന്ദമൂർത്തേ! പണ്ടു ദേവന്മാരും അസുരന്മാരും കൂടിയുണ്ടായ യുദ്ധത്തിൽ അങ്ങാൽ വധിക്കപ്പെട്ട് പാപകർമ്മങ്ങൾ അവശേഷിച്ചിരുന്ന ദുഷ്ടന്മാരായ അസുരക്കൂട്ടങ്ങൾ വീണ്ടും ജനിച്ച് അധർമ്മവൃത്തികളാൽ ഭാരം വർദ്ധിച്ച് സന്തപിക്കുന്ന ഭൂമിദേവി ബ്രഹ്മാവിൻെറ അടുക്കൽ സങ്കടമുണർത്തിപ്പാനായിപ്പോയി അന്നേരം ഈ വിഷയത്തിന്നായിട്ടുതന്നെ ദേവാദികളും അവിടെ വന്നുചേർന്നിട്ടുണ്ടായിരുന്നു.

2 ഹാ ഹാ, ദുർജ്ജനഭൂരിഭാരമഥിതാം
പാഥോനിധൗ പാതുകാ-
മേതാം പാലയ; ഹന്ത മേ വിവശതാം
സംപൃച്ഛ ദേവാനിമാൻ.
ഇത്യാദി പ്രചുരപ്രലാപവിവശാ-
മാലോക്യ ധാതാ മഹീം
ദേവാനാം വദനാനി വീക്ഷ്യ പരിതോ
ദധ്യൗ ഭവന്തം ഹരേ

സാരം:—'കഷ്ടമേ കഷ്ടം! ദുർജ്ജനങ്ങളുടെഭാരം താങ്ങുവാൻ ശക്തിയില്ലാതെ ഈ ഞാൻ സമുദ്രത്തിൽ താണുപോകുവാൻ ഭാവിക്കുന്നു. അതിൻെറ ഭാവസ്ഥിതി ഈ ദേവന്മാക്കും അറിയാവുന്നതാണ്' എന്നിങ്ങനെയുള്ള ഭൂമിദേവിയുടെ സങ്കടവാത്തയേ കേട്ട് ബ്രഹ്മാവ് ചുററും നില്ക്കുന്ന ദേവന്മാരെ നോക്കിക്കൊണ്ടു് അല്ലയോ ഭഗവാനെ അങ്ങയെ നിശ്ചലമായി ധ്യാനിച്ചു.

3 ഊചേ ചാംബുജഭൂരമൂനയി സുരാ
സത്യം ധരിത്ര്യാ വചോ
നന്വാസ്യാ ഭവതാം ച രക്ഷണവിധൗ
ദക്ഷോ ഹി ലക്ഷ്മീപതിഃ
സർവ്വേ ശർവ്വപുരസ്സരാവയമിതോ
ഗത്വാ പയോവാരിധിം
നത്വാ തം സ്തുമഹേ ജവാദിതി യയുഃ
സാകം തവാകേതനം

സാരം:—ഭൂമിദേവിയുടെ സങ്കടംകേട്ട് പത്മജൻ പറഞ്ഞു:-അല്ലയോ ദേവന്മാരെ! ഭൂദേവി പറയുന്നതു വാസ്ത

വംതന്നെ. എന്നാൽ ലക്ഷ്മീപതിയായ ആ ദേവനമാത്രമേ നിങ്ങളേയും ഭൂദേവിയേയും രക്ഷിക്കുവാൻ ശക്തിയുള്ളു. അതുകൊണ്ടു് നമുക്കു് ശങ്കരനേയുംകൊണ്ടു് പാലാഴിയിൽ പോയി ആ ദേവനെ സ്തുതിക്കാം" എന്നിപ്രകാരം പറഞ്ഞു് എല്ലാവരുംകൂടി പാല്ക്കടൽത്തീരത്തിൽ ചെന്നു.

4 തേ മൃഗ്ധാനിലശാലി ദുഗ്ധജലധേ-
സ്തീരം ഗതാഃ സംഗതാ
യാവത്ത്വൽപദചിന്തനൈകമനസ-
സ്താവത്സ പാഥോജഭൂഃ
ത്വദ്വാചം ഹൃദയേ നിശമ്യ സകലാ-
നാനന്ദയന്നൂചിവാ-
നാഖ്യാതഃ പരമാത്മനാ സ്വയമഹം
വാക്യം തദാകർണ്ണ്യതാം.

സാരം:—മനോഹരമായ ഇളംകാററോട്ടുകൂടിയ പാലാഴിത്തീരത്തിൽ എല്ലാവരുംചേൻ്റു് ആ ചതുർമ്മുഖൻ ചെല്ലുകയും അങ്ങയുടെ പാദാരവിന്ദങ്ങളെ ശ്രദ്ധാഭക്തിസമന്വിതം ധ്യാനിച്ചുകൊണ്ടു് നില്ക്കുകയും ചെയ്തപ്പോൾ നിന്തിരുവടി അരുൾചെയ്തതായികേട്ട പരമാൎത്ഥത്തെ ബ്രഹ്മാവു് മററുള്ളവരോടു പറഞ്ഞു.

5 ജാനേ ദീനദശാമഹം ദിവിഷദാം
ഭൂമേശ്ച ഭീമൈർന്നൃപൈ-
സ്തൽക്ഷേപായ ഭവാമി യാദവകുലേ
സോഹം സമഗ്രാത്മനാ
ദേവാ വൃഷ്ണികുലേ ഭവന്തു കലയാ;
ദേവാംഗനാശ്ചാവനൌ
മത്സേവാൎത്ഥമിതി ത്വദീയവചനം
പാഥോജഭൂരൂചിവാൻ.

സാരം:— "ഭയങ്കരന്മാരായ ദുഷ്ടരാജാക്കന്മാർ നിമിത്തം ഭൂമീദേവിയും ദേവാദികളും അനുഭവിക്കുന്ന കഷ്ടസ്ഥിതി ഞാനറിയുന്നു. ആ ദുഷ്ടന്മാരെ നശിപ്പിക്കുന്നതിനായി ഞാൻ എന്റെ സകലകലകളോടുംകൂടി യാദവവംശത്തിൽ അവതരിക്കും. ദേവന്മാരും സ്ത്രീകളും എന്നോടു സഹകരിച്ച് ശുശ്രൂഷിപ്പാൻവേണ്ടി അവരുടെ അംശങ്ങൾ യദുവംശത്തിൽ ജനിക്കട്ടെ" ഇപ്രകാരം നിന്തിരുവടിയുടെ അരുളപ്പാടിനെ ബ്രഹ്മാവ് ദേവന്മാരോടായി ഭൂദേവി കേൾക്കുംവിധം പറഞ്ഞു.

6 ശ്രുത്വാ കർണ്ണരസായനം തവ വചഃ
സർവ്വേഷു നിർവ്വാപിത-
സ്വാന്തേഷ്വീശ ഗതേഷു താവകകൃപാ-
പീയൂഷതൃപ്താത്മസു
വിഖ്യാതേ മഥുരാപുരേ കില ഭവ-
ത്സാന്നിദ്ധ്യപുണ്യോത്തരേ
ധന്യാം ദേവകനന്ദനാമുദവഹ-
ദ്രാജാ സ ശൂരാത്മജഃ

സാരം:— കർണ്ണാനന്ദകരമായ നിന്തിരുവടിയുടെ ആ വാക്കുകളെക്കേട്ട് എവരും അങ്ങയുടെ കാരുണ്യാതിശയത്തെ ഓർത്ത് പുളകാങ്കിതരായി സംതൃപ്തരായി തത്തൽസ്ഥാനങ്ങളെ പ്രാപിച്ചു! അതിനുശേഷം നിന്തിരുവടിയുടെ കൃപാപൂരം ത്രപവല്ലരിക്കാനായി പരമപാവനമായ മഥുരാപുരത്തിൽ ശൂരസേനരാജാവിന്റെ പുത്രന്മാരിലത്യുത്തമനും ഭാഗവതോത്തമനും പുണ്യശ്രീ തിരളുന്നവനുമായ വസുദേവൻ എന്ന രാജാവ്, സൌഭാഗ്യവതിയും അതിഭാഗ്യശാലിയും പുണ്യത്തിടമ്പും ആയ ദേവകിയെ വിവാഹം ചെയ്തു.

7 ഉദ്വാഹാവസിതൌ തദീയസഹജഃ
കംസോഥ സമ്മാനയ-
ന്നേതൌ സൂതതയാ ഗതഃ പഥി രഥേ
വ്യോമോത്ഥയാ ത്വൽഗിരാ
അസ്യാസ്ത്വാമതിദുഷ്ടമഷ്ടമസുതോ
ഹന്തേതി ഹന്തേരിതഃ
സന്ത്രാസാൽ സ തു ഹന്തുമന്തികഗതാം
തന്വീം കൃപാണീമധാത്.

സാരം:—വിവാഹശേഷം ദേവകീസഹോദരനായ കംസൻ ദമ്പതികളെ ആദരിപ്പാനും ബഹുമാനിപ്പാനുമായി അവൎക്കു തേർ തെളിക്കുകയെന്ന സൂതകൎമ്മം സന്തോഷത്തോടെ ചെയ്തു. അപ്പോൾ വഴിമദ്ധ്യേവെച്ച് 'ഇവളുടെ എട്ടാമത്തെ പുത്രൻ ദുഷ്ടനായ നിന്നെക്കൊല്ലും' എന്ന് ഒരു ആകാശവാണിയുണ്ടായി. അതു നിന്തിരുവടിയുടെ തന്നെയായിരുന്നു. കംസൻ ഈ അശരീരികേട്ട് ഭയപ്പെടുകയും കോപാന്ധനായിക്കൊണ്ടു് സമീപമിരിക്കുന്ന ആ സുന്ദരിയെക്കൊല്ലുവാൻവേണ്ടി ഖഡ്ഗത്തെ ധരിക്കുകയും ചെയ്തു.

8 ഗൃഹ്ണാനശ്ചികുരേഷു താം ഖലമതിഃ
ശൌരേശ്ചിരം സാന്ത്വനൈ-
ൎന്നോ മുഞ്ചൻ പുനരാത്മജാൎപ്പണഗിരാ
പ്രീതോഥ യാതോ ഗൃഹാൻ;
ആദ്യം ത്വത്സഹജം തഥാൎപ്പിതമപി
സ്നേഹേന നാഹന്നസൌ;
ദുഷ്ടാനാമപി ദേവ പുഷ്ടകരുണാ
ദൃഷ്ടാ ഹി ധീരേകദാ.

സാരം:—ദുഷ്ടബുദ്ധിശാലിയായ ആ കംസൻ ദേവകിയുടെ തലമുടിപിടിച്ചപ്പോൾ വസുദേവൻ പലവിധ സാമവാക്യങ്ങൾ പറഞ്ഞുനോക്കിയെങ്കിലും കംസൻ അതൊന്നും സമ്മതിച്ചില്ല, ഒടുക്കം ദേവകി പ്രസവിക്കുന്ന എല്ലാ പുത്രന്മാരേയും കംസനെ ഏല്പിക്കാമെന്നു വസുദേവൻ സത്യംചെയ്കയും ചെയ്തപ്പോൾ കംസൻ തൃപ്തിപ്പെട്ടു, സന്തോഷത്തോടുകൂടെ ഗൃഹത്തിലേയ്ക്കുപോയി. നിന്തിരുവടിയുടെ ആദ്യസഹോദരനെ വസുദേവരുടെ വാഗ്ദത്തപ്രകാരം അവനെ ഏല്പിച്ചു എങ്കിലും അവൻ സ്നേഹംനിറഞ്ഞ മനസ്സോടെ കൊല്ലാതെ മടക്കിക്കൊടുത്തു. ദുഷ്ടന്മാരിൽ ചിലർ ചിലപ്പോൾ കാരുണ്യമുള്ളവരായുംകാണാറുണ്ട് എന്നു വസുദേവൻ ചിന്തിക്കാതിരുന്നില്ല.

9 താവത്ത്വന്മനസൈവ നാരദമുനിഃ പ്രോചേ
സ ഭോജേശ്വരം
യൂയം നന്വസുരാഃ സുരാശ്ച യദവോ,
ജാനാസി കിം ന പ്രഭോ!
മായാവീ സ ഹരിർഭവദ്വധകൃതേ
ഭാവീ സുരപ്രാർത്ഥനാ-
ദിത്യാകർണ്യ യദൂനധൂധുനദസൌ
ശൌരേശ്ച സൂനൂനഹൻ.

സാരം:—അങ്ങിനെയിരിക്കെ, അങ്ങയുടെ അഭിപ്രായംതന്നെ; പ്രസിദ്ധനായ നാരദമഹർഷി കംസഗൃഹത്തിൽ ചെന്ന് അവനോടു പറഞ്ഞു:-"നിങ്ങളെല്ലാവരും കാലനേമി മുമ്പായ അസുരന്മാരാണ്. യദുക്കൾ ദേവന്മാരുമത്രെ. പ്രഭോ! അതൊന്നും അങ്ങറിയുകയില്ലേ? നിന്നെ കൊല്ലുന്നതിനായി മായാവിശാരദനായ വിഷ്ണു ദേവകിയു

ടെ എട്ടാമത്തെ പുത്രനായി ജനിക്കും. ഈ വാർത്ത ദേവകളോട് വിഷ്ണു പറയുന്നതു് ഞാൻ കേട്ടിട്ടുള്ളതാണ്. സൂക്ഷിക്കുക" കംസൻ ഇതുകേട്ട് കോപാതുരനായി യാദവന്മാർക്കുണ്ടായിരുന്ന പല അവകാശാധികാരങ്ങളേയും നശിപ്പിച്ചു പലർക്കും പല രൂപത്തിൽ സ്ഥാനഭ്രംശങ്ങളേയും, പല വിധ ഉപദ്രവങ്ങളേയും ചെയ്തു; വസുദേവപുത്രന്മാരെയെല്ലാം അന്നന്നായി കൊന്നൊടുക്കുകയും ചെയ്തു.

10 പ്രാപ്തേ സപ്തമഗർഭതാമഹിപതൌ
    ത്വൽപ്രേരണാന്മായയാ
നീതേ മാധവ! രോഹിണീം ത്വമപി ഭോഃ
    സച്ചിൽസുഖൈകാത്മകഃ
ദേവക്യാ ജഠരം വിവേശിഥ വിഭോ!
    സംസ്തൂയമാനഃ സുരൈ-
സ്സത്വം കൃഷ്ണ! വിധൂയ രോഗപടലീം
    ഭക്തിം പരാം ദേഹി മേ.

സാരം:—ദേവകിയുടെ ഏഴാമതു് ഗർഭസ്ഥനായ അനന്തനെ അങ്ങയുടെ നിയോഗത്താൽ വസുദേവരുടെ മറെറാരു ഭാര്യയായ രോഹിണീഗർഭത്തിലേക്ക്, ആ യോഗമായാദേവി ആകർഷിച്ചാക്കി. ദേവകിയുടെ ഏഴാമതു്ഗർഭം അലസിപ്പോയെന്നു് ഒരുശ്രുതിയുംപരന്നു. സച്ചിദാനന്ദരൂപനായ നിന്തിരുവടി ദേവാദികളാൽ പുകഴ്ത്തിക്കൊണ്ടു് ദേവകിയുടെ എട്ടാമതു് ഗർഭസ്ഥനായിത്തീൎന്നു. ഹേ വിഷ്ണോ! ഈ വിധമുള്ള നിന്തിരുവടി എന്നെ സകല രോഗങ്ങളിൽനിന്നും മുക്തനാക്കി ഉത്തമഭക്തനും മുക്തനുമാക്കി അനുഗ്രഹിക്കേണമെ.

## മുപ്പത്തെട്ടാം ദശകം

### കൃഷ്ണാവതാരം

1 ആനന്ദരൂപ! ഭഗവന്നയി തേ ƒവതാരേ
പ്രാപ്തേ പ്രദീപ്തഭവദംഗനിരീയമാണൈഃ
കാന്തിവ്രജൈരിവ ഘനാഘനമണ്ഡലൈർദ്യാ-
മാവൃണ്വതീ വിരുരുചേ കില വർഷവേലാ.

സാരം:-ആനന്ദസ്വരൂപനായ അല്ലയോ ഭഗവാനേ! നിന്തിരുവടി അവതരിക്കുവാൻ തുടങ്ങുമ്പോൾ ജാജ്വല്യമാനങ്ങളായ തേജോവിശേഷം അങ്ങയുടെ ശരീരാവയവങ്ങളിൽനിന്നും പുറപ്പെടുന്നതോ എന്നു തോന്നുംവിധമുള്ള മേഘസമൂഹങ്ങളെക്കൊണ്ടു് ആകാശത്തെ വലയംചെയ്യുന്ന വർഷക്കാലം അതീവ ശോഭിച്ചു.

2 ആശാസു ശീതളതരാസു പയോദതോയൈ-
രാശാസിതാപ്തിവിവശേഷു ച സജ്ജനേഷു
നൈശാകരോദയവിധൌ നിശി മദ്ധ്യമായാം
ക്ലേശാപഹസ്ത്രിജഗതാം ത്വമിഹാവിരാസീഃ

സാരം:-മേഘങ്ങൾ മന്ദമന്ദം തൂകിക്കൊണ്ടിരിക്കുന്ന വർഷബിന്ദുക്കളാൽ ലോകങ്ങൾ കുളർമയെ അവലംബിക്കുകയും സത്തുക്കൾ ആശിച്ചതു സിദ്ധമായതിനാലുള്ള ആനന്ദത്തെക്കയ്ക്കൊള്ളുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ അർദ്ധരാത്രിസമാഗതമായി അഷ്ടമിച്ചന്ദ്രനുദിച്ചുവരുമ്പോൾ ദുഃഖനാശനകരനായ അങ്ങു് ഇവിടെ മധുരാപുരിയിൽ കംസ

കാരാഗൃഹത്തിൽകിടക്കുന്ന ദേവകിയിൽനിന്നു പ്രത്യക്ഷീകരിച്ചു.

3 ബാല്യസ്പൃശാപി വപുഷാ ദധുഷാ വിഭൂതീ-
രുദ്യൽകിരീടകടകാംഗദഹാരഭാസാ
ശംഖാരിവാരിജഗദാപരിഭാസിതേന
മേഘാസിതേന പരിലേസിഥ സൂതിഗേഹേ.

സാരം:— ബാലഭാവനയോടുകൂടിയാണെങ്കിലും ആ അവസരം നിന്തിരുവടി ഐശ്വര്യധാരണം ചെയ്തിട്ടുള്ള കിരീടം, കൈവള, തോൾവള, മുത്തുമാല ഇതുകളുടെ പ്രശോഭ പ്രസരിക്കുന്നതും, പാഞ്ചജന്യം സുദർശനം കൌമോദകി പത്മം ഇതുകളാൽ വിളങ്ങുന്നതും കാർമേഘത്തെ അതിലംഘിക്കുന്നതുമായ തിരുവുടലോടുകൂടി ഈററില്ലത്തിൽ വിളങ്ങി.

4 വക്ഷഃസ്ഥലീസുഖനിലീനനിവാസലക്ഷ്മീ-
മന്ദാക്ഷലക്ഷിതകടാക്ഷവിമോക്ഷഭേദൈഃ
തന്മന്ദിരസ്യ ഖലകംസകൃതാമലക്ഷ്മീ-
മുന്മാർജ്ജയന്നിവ വിരേജിഥ സൂതിഗേഹേ.

സാരം:— അങ്ങയുടെ വക്ഷോദേശത്തു് ഒളിച്ചു സുഖമായി വസിക്കുന്ന ലക്ഷ്മീദേവിയുടെ ലജ്ജാപ്രഭാവത്തോടുകൂടിയ പലമാതിരി കടാക്ഷധോരണികളെക്കൊണ്ടു് ദുഷ്ടനായ കംസൻ വരുത്തീട്ടുള്ള അലക്ഷ്മിയെ അകററുവാനാണോ എന്നു തോന്നത്തക്കവണ്ണം ആ സൂതികാഗൃഹത്തിൽ വിളങ്ങി.

5 ശൌരിസ്തു ധീരമുനിമണ്ഡലചേതസോപി
ദൂരസ്ഥിതം വപുരുദീക്ഷ്യ നിജേക്ഷണാഭ്യാം
ആനന്ദബാഷ്പപുളകോൽഗമഗൽഗദാർദ്ര-
സ്തുഷ്ടാവ ദൃഷ്ടിമകരന്ദരസം ഭവന്തം.

സാരം:— അതിബുദ്ധിശാലികളും ജ്ഞാനികളും ആയ വളരെ ഋഷീശ്വരന്മാർ രാപ്പകലന്യേ ശ്രമിച്ചിട്ടും അവരുടെ മനസ്സിന്നു തത്വപ്രകാരമുള്ള ഒരു സൂക്ഷ്മരൂപംസ്ഥിരീകരിക്കുവാൻ കഴിയാത്ത അങ്ങയുടെ ആ തിരുവുടൽ വസുദേവർ കണ്ടു് ആനന്ദത്താൽ പുളകംകൊള്ളുകയും സന്തോഷാശ്രുവർഷിക്കുകയും ചെയ്തുകൊണ്ടു് ഗൽഗദത്തോടെ കണ്ണുകൾക്കു പുഷ്പരസമായ അങ്ങയെ ഭക്തിയാൽ പുളകം നിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ചു.

6 ദേവ പ്രസീദ പരപൂരുഷ താപവല്ലീ-
നിർല്ലൂനദാത്ര! സമനേത്രകലാവിലാസിൻ!
ഖേദാനപാകുരു കൃപാഗുരുഭിഃ കടാക്ഷൈ-
രിത്യാദി തേന മുദിതേന ചിരം നുതോƒഭൂഃ

സാരം:— സന്താപമാകുന്ന ലതയെ വെട്ടിമുറിക്കുന്ന മഴുവായി പ്രശോഭിക്കുന്ന പരമാത്മസ്വരൂപനായഭഗവാനെ! കരുണനിറഞ്ഞ വീക്ഷണപ്രഭാവത്താൽ എന്റെ ദുഃഖങ്ങളെ നശിപ്പിക്കേണമേ! എന്നിങ്ങിനെ പലതായി ആ വസുദേവൻ സന്തോഷഭാരത്തോടെ ഒട്ടേറെ അങ്ങയെ സ്തുതിച്ചു.

7 മാത്രാ ച നേത്രസലിലാസ്തൃതഗാത്രവല്ല്യാ
സ്തോത്രൈരഭിഷ്ടുതഗുണഃ കരുണാലയസ്ത്വം
പ്രാചീനജന്മയുഗളം പ്രതിബോധ്യ താഭ്യാം
മാതുർഗ്ഗിരാ ദധിഥ മാനുഷബാലവേഷം.

സാരം:— ആനന്ദത്താലുളവാകുന്ന കണ്ണുനീർകൊണ്ടു് ദേഹമാസകലം നനഞ്ഞ മാതാവായ ദേവകിയും അങ്ങയുടെ മാഹാത്മ്യാതിശയങ്ങളെ അളവില്ലാതെ വാഴ്ത്തി. അപ്പോഠം കരുണാപയോധിയായ നിന്തിരുവടി പൂർവ്വത്തിലെ രണ്ടു് ജന്മവൃത്താന്തത്തെ പറഞ്ഞു: ആദ്യം പൃശ്നിയുടേയും സുതപസ്സിൻറയും പ്രാർത്ഥനാഫലമായി അവരുടെ പുത്രനായി പൃശ്നിഗർഭൻ എന്ന നാമത്തിൽ താൻ ജനിച്ചുവെന്നും, അതിനുശേഷം അവരുടെ രണ്ടാമത്തെ ജന്മമായ കാശ്യപാദികഠക്ക വാമനനെന്നാഖ്യയാ പുത്രനായിജ്ജനിച്ചുവെന്നുംമൂന്നാമത് ജന്മമാണ് ഇന്നു നിങ്ങഠ കയ്യേറ്റുണ്ടിട്ടുള്ളതെന്നും അവരെ അറിയിച്ചിട്ട് മാതാവിൻറ അപേക്ഷാനുസരണം വെറും ബാലഭാവത്തെ അവലംബിച്ചു.

8 താൽപ്രേരിതസ്സദനു നന്ദതനൂജയാ തേ
വ്യത്യാസമാരചയിതും സ ഹി ശൂരസൂനുഃ
ത്വാം ഹസ്തയോരധിത ചിത്തവിധാര്യ്യമാര്യ്യൈ-
രംഭോരുഹസ്ഥകളഹംസകിശോരരമ്യം.

സാരം:— അനന്തരം അങ്ങയാൽ പ്രേരിതനായ വസുദേവൻ നന്ദഗോപപുത്രിയേയും നിന്തിരുവടിയേയും അന്യോന്യം മാററംചെയ്യുവാൻ സജ്ജനൈനൌഘം ഹൃദയത്തിലെടുത്തു വാത്സല്യപൂർവ്വം താലോലിക്കുന്ന അങ്ങയെ കൈകളിൽ എടുത്തു നിന്തിരുവടി വസുദേവൻെറ കൈകം

ളിൽ താമരപ്പൂവിൽ ഹംസകിശോരമെന്നപോലെ ശോഭിച്ചു.

9 ജാതാ തദാ പശുപസത്മനി യോഗനിദ്രാ
നിദ്രാവിമുദ്രിതമഥാകൃതപൌരലോകം:
ത്വൽപ്രേരണാൽ കിമിവ ചിത്രമചേതനൈർദ്വാ-
രൈഃ സ്വയം വ്യഘടി സംഘടിതൈഃ സുഗാഢം

സാരം:— ആ സമയം നന്ദഗോപഗൃഹത്തിൽ യോഗമായാദേവിയെ നന്ദഗൃഹിണിയായ യശോദ പ്രസവിച്ച് സൂതികാക്ലേശത്താൽ സുഖനിദ്രയെപ്രാപിക്കയും മാത്രമല്ല ആ ദേവി, അവിടത്തെ പുരവാസികളെയെല്ലാം നിദ്രാവശഗരാക്കിയുമിരുന്നു. നല്ലപോലെ അടച്ച വാതിലുകളും ചേതനങ്ങളല്ലെങ്കിലും തനിയേ തുറന്നുകിടക്കുന്നു. അതെല്ലാം നിന്തിരുവടിയുടെ പ്രേരണതന്നെയാണ്, സംശയമില്ല.

10 ശേഷേണ ഭൂരിഫണവാരിതവാരിണാഥ
സ്വൈരം പ്രദർശിതപഥോ മണിദീപിതേന
ത്വാം ധാരയൻ സ ഖലു ധന്യതമഃ പ്രതസ്ഥേ
സോയം ത്വമീശ മമ നാശയ രോഗവേഗാൻ.

സാരം:— ആ അവസരത്തിൽ തന്റെ ഫണങ്ങളാം നിവർത്തിപ്പിടിച്ച് മഴ നനയാതെ കുടയെന്നപോലെ പിടിക്കുകയും തന്റെ ഫണങ്ങളിലെ രത്നങ്ങളുടെ തേജസ്സിനാൽ വെളിച്ചമേകുകയും ചെയ്തുകൊണ്ട് ആദിശേഷൻ കാട്ടിയ മാർഗ്ഗത്തിൽക്കൂടി പുണ്യപ്രശോഭിതനായ ആ വസുദേവൻ അങ്ങയെ എടുത്തു പുറപ്പെട്ടു. ആ വിധമുള്ള നിന്തിരുവടി അല്ലയോ ഭഗവാനെ! എന്റെ രോഗവേഗങ്ങളെ നശിപ്പിക്കേണമേ!

## മുപ്പത്തിഒമ്പതാം ദശകം

### [വസുദേവൻ നന്ദഗേഹത്തിൽനിന്നു് യോഗമായാ ദേവിയെ കൊണ്ടുവന്നതു്]

1 ഭവന്തമയമുദ്വഹൻ യദുകുലോദ്വഹോ നിസ്സരൻ
ദദർശ ഗഗനോച്ചലജ്ജലഭരാം കലിന്ദാത്മജാം;
അഹോ! സലിലസഞ്ചയഃ സ പുനരൈന്ദ്രജാലോദിതോ
ജലൌഘ ഇവ തൽക്ഷണാൽ പ്രപദമേയതാമായയൌ

സാരം:- നന്ദഗോപൻ അങ്ങയെ കൊണ്ടുപോകുംവഴിയ്ക്കു് എത്രയും ഉയരത്തിൽ അടിച്ചുപൊങ്ങുന്ന തിരമാലകളോടുകൂടി വെള്ളം നിറഞ്ഞൊഴുകുന്ന യമുനാനദി, എന്നാൽ ആശ്ചര്യം തന്നെ! ആ ജലപ്രവാഹമെല്ലാം ഇന്ദ്രജാലവിദ്യപോലെ പെട്ടെന്നു് താണു് പാദങ്ങൾ നനയാൻ മാത്രം ജലമുള്ളതായിത്തീൎന്നു.

2 പ്രസുപ്തപശുപാലികാം നിഭൃതമാരുദൽ ബാലികാ-
മപാവൃതകവാടികാം പശുപവാടികാമാവിശൻ
ഭവന്തമയമർപ്പയൻ പ്രസവതല്പകേ, തൽപദാ-
ദ്വഹൻ കപടകന്യകാം സ്വപുരമാഗതോ വേഗതഃ

സാരം:- വസുദേവൻ ഗോപവാടിയിൽ ഇളകാതെ പ്രവേശിച്ചുകൊണ്ടു് വലിയ ശബ്ദംകൂടാതെ കരയുന്ന യോഗമായാദേവിയായ ആ പെൺകുഞ്ഞിനെ തുറന്നുകിടക്കുന്ന വാതിലുകളും സൎവ്വരും ഗാഢനിദ്രാവശഗകളും ആയിരിക്കെ, അകത്തുകടന്നു് തന്റെ കുഞ്ഞിനെ ആ കിടക്കയിൽ കിടത്തി; ആ പെൺപൈതലെ കൈത്താരിലാക്കി യാതൊരു പ്രയാസവുംകൂടാതെ പോന്നു് തന്റെ വസതിയിൽ വന്നു ദേവകിയുടെ പ്രസവശയ്യയിൽ കിടത്തി.

3 തതസ്ത്വദനുജാരവക്ഷചിതനിദ്രവേഗദ്രവൽ-
ഭടോൽക്കരനിവേദിതപ്രസവവാർത്തയൈവാർത്തിമാൻ
വിമുക്തചികുരോൽക്കരസ്ത്വരിതമാപതൻ ഭോജരാ-
ഡതുഷ്ട ഇവ ദൃഷ്ടവാൻ ഭഗിനികാകരേ കന്യകാം.

സാരം:- അങ്ങയുടെ സഹോദരിയുടെ കരച്ചിൽകേട്ട് കാവൽഭടന്മാർ ഉണർന്ന് ദേവകിയുടെ പ്രസവവൃത്താന്തം കംസനെ അറിയിക്കയും, കോപവും പരിഭ്രമവും വ്യസനവും ഭയവുംനിറഞ്ഞ ആ കംസൻ കെട്ടഴിഞ്ഞ തലമുടിയെ കെട്ടുവാൻപോലും സമയമെടുക്കാതെ ബദ്ധപ്പെട്ട് ഓടി സൂതികാഗൃഹത്തിലെത്തി. എന്നാൽ അവിടെ കംസൻ കൂടുതൽ ചിന്താഭാരത്തിനു വശഗനാകയാണു ചെയ്തത് 'ദേവകിയുടെ കയ്യിൽ ഒരു പെൺപൈതലാണു് അവളുടെ എട്ടാമത്തെ പുത്രൻ തന്നെക്കൊല്ലുമെന്ന് ആകാശവാണിയുമുണ്ടായിരുന്നു. പിന്നെ ഇതെങ്ങിനെ പെണ്ണായി! ഇതിൽ വല്ല മായവുമുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെ തൽക്ഷണമറിയും'' എന്നിങ്ങിനെയുള്ള ചിന്താഗതിയിൽ മഗ്നനായിനിന്നു.

4 ധ്രുവം കപടശാലിനോ മധുഹരസ്യ മായാ ഭവേ-
ദസാവിതി കിശോരികാം ഭഗിനികാകരാലിംഗിതാം
ദ്വിപോ നളിനികാന്തരാദിവമൃണാളികാമാക്ഷിപ-
ന്നയം ത്വദനുജാമജാമുപലപട്ടകേ പിഷ്ടവാൻ.

സാരം:— കംസൻ കുറഞ്ഞൊന്നാലോചിച്ചതിന്റെ ശേഷം, "ഇതു് മായാമയനായ വിഷ്ണുവിന്റെ മായയാണു് സംശയമില്ല'' എന്നുനിശ്ചയിച്ച് സംശയംകൂടാതെ ദേവകി കൈകൊണ്ടു് കെട്ടിപ്പിടിച്ചിരുന്ന ആ പെൺപൈതലിനെ താമരപ്പൊയ്കയിലെ താമരവളയത്തെ ആന എ

പ്രകാരം ശങ്കാരഹിതം വലിച്ചെട്ടക്കുന്നഃവാ അക്കണെക്കിൽ കംസൻ വലിച്ചെടുത്തു് കാൽ രണ്ടും കൂട്ടിപ്പിടിച്ചു പാറയിൽ തല്ലുവാൻ ബദ്ധശ്രദ്ധനായി ഓങ്ങി.

5 തതോ ഭവദുപാസകോ ഝടിതി മൃത്യുപാശാദിവ
പ്രമുച്യ തരസൈവ സാ സമധിരൂഢരൂപാന്തരാ
അധസ്തലമജഗ്മുഷീ വികസദഷ്ടബാഹുസ്ഫുര-
ന്മഹായുധമഹോ ഗതാ കില വിഹായസാദിദൃതേ.

സാരം:— ഉടനെ അവിടത്തെ അങ്ങയെ ഭജിക്കുന്നവൻ മരണത്തിൽനിന്നു് മോചിക്കുന്നതുപോലെ കംസന്റെ കയ്യിൽനിന്നു വഴുതി സാക്ഷാൽ അഷ്ടഭുജാംഗിയായ ദുർഗ്ഗയുടെ രൂപത്തിൽ ആകാശത്തിൽ വിളങ്ങി.

6 'നൃശംസതര! കംസ' തേ കിമു മയാ വിനിഷ്പിഷ്ടയാ?
ബഭൂവ ഭവദന്തകഃ ക്വചന; ചിന്ത്യതാം! തേ ഹിതം'
ഇതി ത്വദനുജാ വിഭോ ഖലമുദീര്യ്യ തം ജഗ്മുഷീ
മരുദ്ഗണപണായിതാ ഭുവി ച മന്ദിരാണ്യേയുഷീ.

സാരം:— അതിനീചനായ കംസ! എന്നെ കൊന്നതുകൊണ്ടു് നിനക്കെന്താണു് പ്രയോജനം? ഒരുകാര്യ്യവുമില്ല. നിന്റെ കാലൻ ജനിച്ചിട്ടുണ്ടു് ആലോചിച്ചു വേണ്ടതു ചെയ്യു.' ഈവിധം അരുളീട്ടു ആ ദേവി ദേവാദികളുടെ സ്തുതിഗീതാദികളാൽ തൃപ്തയായി മറഞ്ഞു; മാത്രമല്ല ഭൂലോകത്തിൽ പലക്ഷേത്രങ്ങളിലായി ആ ദേവി അധിവസിക്കയും ചെയ്തു.

7 പ്രഗേ പുനരഗാത്മജാ വചനമീരിതാ ഭൂഭുജാ
പ്രലംബബകപൂതനാപ്രമുഖദാനവാ മാനിനഃ
ഭവന്നിധനകാമ്യയാ ജഗതി ബഭ്രമുന്നിർഭയാഃ
കുമാരകവിമാരകാഃ കിമിവ ദുഷ്കരം നിഷ്കൃപൈഃ

സാരം:— പിററന്ന പ്രഭാതത്തിൽ കംസൻ ദേവിടെ ആ വാക്ക് മന്ത്രിമാരായപ്രലംബൻ ബകൻ പൂതനാ മുതലായവരെ അറിയിച്ചു. അഹങ്കാരികളും തമോഗുണരൂപികളുമായ അവർ നിന്തിരുവടിയെ ഏതുവിധവും കണ്ടുപിടിച്ചു കൊല്ലണമെന്ന് ആത്മാത്ഥമായി തീച്ചപ്പെടുത്തി. യാതൊരുഭയവും ശങ്കയും കൃപയുംക്രൂടാതെ ഇന്നലെ പെററ കുട്ടികളെയൊക്കെ കൊന്നുകൊണ്ടു് എങ്ങുംനടന്നു

8 തതഃ പശുപമന്ദിരേ ത്വയി മുകുന്ദ നന്ദപ്രിയാ-
പ്രസൂതിശയനേ ശയേ രുദതി കിഞ്ചിദഞ്ചൽപദേ,
വിബുദ്ധ്യ വനിതാജനൈസ്തനയസംഭവേ ഘോഷിതേ
മുദാ കിമു വദാമ്യഹോ! സകലമാകുലം ഗോകുലം.

സാരം:— പുണ്യാത്മാവായ നന്ദഗോപൻ ബാലികയേയും കൊണ്ടുപോയതിനുശേഷം യശോദയുടെ ശയ്യാതലത്തിൽകിടന്നു് നിന്തിരുവടി കാൽകുടഞ്ഞു മെല്ലെമെല്ലെ കരഞ്ഞു. കുട്ടിയുടെ കരച്ചിൽ കേട്ടു് ഗോപാലന്മാരും ഗോപികളുമാസകലം ഓടിയെത്തി. നന്ദനു് ഒരാൺകുട്ടി ജനിച്ചെന്നറിഞ്ഞു് സർവ്വ ഗോപികാഗോപാലരും ആനന്ദബ്ധിയിലാറാടി.

9 അഹോ ഖലു യശോദയാ നവകളായചേതോഹരം
ഭവന്തമലമന്തികേ പ്രഥമമാപിബന്ത്യാ ദൃശാ
തതഃ സ്തനഭരം നിജം സപദി പായയന്ത്യാ മുദാ
മനോഹരതനുസ്പൃശാ ജഗതി പുണ്യവന്തോ ജിതാഃ

സാരം:— പുതിയ കായാമ്പൂ നിരപോലെ ശ്യാമളനും സുന്ദരരൂപനും ആയ നിന്തിരുവടിയെ യശോദ ആദ്യമായിക്കണ്ടു് വളരെനേരം നോക്കിനിന്നുകൊണ്ടു് കണ്ണിമയ്ക്കാ

തെയിരുന്നു. അതിന്നുശേഷം മുലകൊടുത്തു് ഭംഗിയേറിയ ആ തിരുമേനിയെ മുഴവൻ നല്ലപോലെ ഒരു വലിയ ആശാബലയായികൊണ്ടെന്നപോലെ തഴുകി. ആ യശോദയാണു് മററെല്ലാവരേക്കാൾ പരമ ഭാഗ്യവതി.

10 ഭവൽകുശലകാമ്യയാ സ ഖലു നന്ദഗോപസ്തദാ
പ്രമോദഭരസംകുലോ ദ്വിജകുലായ കിം നാദദാത്
തഥൈവ പശുപാലകാഃ കിമു ന മംഗലം തേനിരേ?
ജഗത്ത്രിതയമംഗല ത്വമിഹ പാഹി മാമാമയാത്

സാരം:—ആ നന്ദഗോപൻ അങ്ങയുടെ ശോഭനഭാവിയേയും സൌഖ്യത്തേയും മോഹിച്ച ബ്രാഹ്മണാദികൾക്കും മററുമായി ദാനംചെയ്യതിന്നു കണക്കുണ്ടായിരുന്നില്ല. അപ്രകാരം മററു ഗോപാലന്മാരും ഗോപിമാരും ആവശ്യപോലെ അങ്ങയുടെ ശ്രേയസ്സിന്നുവേണ്ടി ദാനധർമ്മങ്ങളും മററു സൽക്കർമ്മങ്ങളും ചെയ്തു. അപ്രകാരമുള്ള നിൻതിരുവടി എന്നെ സർവ്വരോഗങ്ങളിൽനിന്നും രക്ഷിക്കണെ!

## നാല്പതാം ദശകം

### (പൂതനാമോക്ഷം)

1 തദനു നന്ദമമന്ദശുഭാസ്പദം
നൃപപുരീം കരദാനകൃതേ ഗതം
സമവലോക്യ ജഗാദ ഭവൽപിതാ
വിദിതകംസസഹായജനോദ്യമഃ

സാരം:—കംസന്റെ വാൎഷികകരം കൊടുപ്പാനായി ഉന്നതമനസ്സനും ഭഗവൽഭക്തനുമായ നന്ദഗോപൻ മഥുരാപുരിയിലേക്കു പോയപ്പോഠം നന്ദഗോപൻ അവിടെ വന്നിട്ടുള്ള വിവരംഅറിഞ്ഞു് കംസന്റെ ബന്ധുക്കളായ പൂതന തൃണാവൎത്തൻ മുതലായ അസുരക്കൂട്ടങ്ങഠം ചെറുപൈതങ്ങളെ കൊല്ലാൻ തരംനോക്കിനടക്കുന്നുവെന്നുള്ള സ്വകാൎയ്യവാൎത്തയറിഞ്ഞിരുന്ന അങ്ങയുടെ പിതാവായ വസുദേവൻ ആരുമറിയാതെ നന്ദഗോപനെ ചെന്നുകണ്ടു.

2 അയി സഖേ തവ ബാലകജന്മ മാം
സുഖയതേദ്യ നിജാത്മജജന്മവൽ,
ഇതി ഭവൽ പിതൃതാം വ്രജനായകേ
സമധിരോപ്യ ശശംസ തമാദരാൽ.

സാരം:—'ഹേ പ്രിയ മനസ്സ! അങ്ങയുടെ പുത്രജനനം എന്റെ സ്വന്തം പുത്രന്റെതുപോലെ എനിക്കതിയായ ആനന്ദത്തെത്തരുന്നു' എന്നിങ്ങിനെ അങ്ങയുടെ പിതാവ് നന്ദഗോപരാണെന്നു സ്ഥിരപ്പെടുത്തിയശേഷം പിന്നേയും സ്നേഹപൂൎവ്വം പറഞ്ഞു.

3 ഇഹ ച സന്ത്യനിമിത്തശതാനി തേ;
കടകസീമ്നി തതോ ലഘു ഗമ്യതാം;
ഇതി ച തദ്വചസാ വ്രജനായകോ
ഭവദപായഭിയാ ദ്രുതമായയൌ.

സാരം:—'ഹേ വ്രജനായക! അങ്ങയ്ക്കു വളരെ ദുൎന്നിമിത്തങ്ങഠം കാണുന്നുണ്ടു്; വേഗം അമ്പാടിക്കു തിരിച്ചു പോകുക.' വസുദേവൻ പറഞ്ഞ വൎത്തമാനംകേട്ടു് സന്തപ്തമാനസനായി അങ്ങയ്ക്കു വല്ല ദുരാപത്തും സംഭവിച്ചേക്കു

മോ എന്നുള്ള ഭയത്താൽ നന്ദഗോപൻ വേഗം അമ്പാടി യിലേയ്ക്കു മടങ്ങി.

4 അവസരേ ഖലു തത്ര ച കാചന
വ്രജപദേ മധുരാകൃതിരംഗനാ
തരളഷട്പദലാളിതകുന്തളാ
കപടപോതക! തേ നികടം ഗതാ.

സാരം:—അപ്പോൾ വണ്ടുകൾ തേടിത്തിരഞ്ഞു നടക്കുന്ന പുഷ്പത്തിന്റെ മണത്തോടുകൂടിയ കചഭാരത്താലലംകൃതയായും അതിമനോഹരിയുമായ ഒരു നാരീരത്നം വ്രജത്തിൽചെന്നു്, അല്ലയോ മായാമനോഹര! അങ്ങയുടെ നികടം പ്രാപിച്ചു.

5 സപദി സാ ഹൃതബാലകചേതനാ
നിശിചരാന്വയജാ കില പൂതനാ
വ്രജവധൂഷ്വിഹ കേയമിതി ക്ഷണം
വിമൃശതീഷു ഭവന്തമുപാദദേ.

സാരം:—'ഈ സ്ത്രീരത്നം ഏതാണു്? ഇപ്രകാരം ഗോപാംഗനമാർ ചിന്തിച്ചു സംശയിച്ചുനില്ക്കുമ്പോൾ, ബാലന്മാരെ ഹനിക്കാൻ സാമർത്ഥ്യവും ശീലവുമുള്ള പൂതനയെന്ന ആ രാക്ഷസി പെട്ടെന്നു സംശയംകൂടാതെ കൈത്താരിലാക്കി.

6 ലളിതഭാവവിലാസഹൃതാത്മഭിർ-
യുവതിഭിഃ പ്രതിരോദ്ധുമപാരിതാ
സ്തനമസൌ ഭവനാന്തനിഷേദുഷീ
പ്രദദുഷീ ഭവതേ കപടാത്മനേ.

സാരം:—മനോഹാരിതങ്ങളായ വിലാസചേഷ്ടകഠം കണ്ടു മതിമറന്നിരുന്ന ഗോപസ്ത്രീജനങ്ങഠം തടുക്കവാൻ മേലാത്തവളായിട്ട് ആ പൂതന എന്ന രാക്ഷസി മുറിയിൽ തന്നെയിരുന്ന് കപടരൂപിയായുള്ള നിന്തിരുവടിക്കു മുല തന്നു.

7 സമധിരുഹ്യ തദങ്കമശങ്കിത-
സ്ത്വമഥ ബാലകലോപനരോഷിതഃ
മഹദിവാമ്രഫലം കുചമണ്ഡലം
പ്രതിചുചൂഷിഥ ദുർവ്വിഷദൂഷിതം

സാരം:—നിന്തിരുവടി ഭയരഹിതനായി അവളുടെ മടിയിൽ കയറി,ബാലകന്മാരെക്കൊല്ലുന്ന അവളുടെനീചവൃത്തിയെക്കുറിച്ച് കോപത്തോടെനോക്കിക്കൊണ്ട്, വിഷം പുരട്ടിയിരുന്ന മുലക്കുടത്തെ, വലിയ ഒരുമാമ്പഴംകണക്കേ കരത്തിൽ ഗ്രഹിച്ച് വീണ്ടും വീണ്ടും വലിച്ചുകുടിച്ചു.

8 അസുഭിരേവസമം ധയതി ത്വയി
സ്തനമസൌ സ്തനിതോപമനിസ്വനാ
നിരപതൽ ഭയദായി നിജം വപുഃ
പ്രതിഗതാ പ്രവിസാര്യ്യ ഭുജാവുഭൌ.

സാരം:—നിന്തിരുവടി അവളുടെപ്രാണനോടുകൂടിത്തന്നെ അവളുടെ വിഷംതേച്ച ആ മുല കുടിച്ചപ്പോഠംമേഘഗർജ്ജിതംപോലെ ആ അസുരസ്ത്രീഅലറിക്കൊണ്ട് തന്റെ സാക്ഷാൽ രൂപമായ രാക്ഷസീരൂപത്തോടെ കൈമലർത്തി മലർന്നുവീണു.

9 ഭയദഘോഷണഭീഷണവിഗ്രഹ-
ശ്രവണദർശനമോഹിതവല്ലവേ
വ്രജപദേ തദുരഃസ്ഥലഖേലനം
നനു ഭവന്തമഗൃണ്ണത ഗോപികാഃ

സാരം:— ആ രാക്ഷസിയുടെ ഭയാനകമായ അലച്ച്യേ കേട്ടും, ഭയത്തേ ആവത്തിപ്പിക്കുന്ന രൂപത്തെ കണ്ടും അമ്പാടിയിലുള്ള ഗോപസംഘം പരിഭ്രമിച്ചുനില്ക്കുമ്പോഠം അവളുടെ മാറിൽ കളിച്ചുകിടക്കുന്ന നിന്തിരുവടിയേ ഗോപികഠം ഓടിച്ചെന്നെടുത്തു.

10 ഭുവനമംഗലനാമഭിരേവ തേ
യുവതിഭിർബഹുധാ കൃതരക്ഷണഃ
ത്വമയി, വാതനികേതനനാഥ മാ-
മഗദയൻ കുരു താവകസേവകം

സാരം:— സർവ്വലോകങ്ങഠംക്കും സവ്വൈശ്വര്യങ്ങളേയും കൊടുത്തരുളുന്ന നിന്തിരുവടിയുടെ നാമംകൊണ്ടുതന്നെ ഗോപസ്ത്രീകളാൽ ദേവൻ രക്ഷചെയ്യപ്പെട്ടു—ഭൂതപ്രേതപിശാചാദി പീഡയോ മറേറാ ഉണ്ടെങ്കിൽ അതുകഠം ഒഴിയുന്നതിനും ഗോപികളാൽ തിരുനാമമുച്ചരിച്ചു രക്ഷിക്കപ്പെട്ട നിന്തിരുവടി, അല്ലയോ ഗുരുവായൂരപ്പ! എന്റെ രോഗങ്ങളെ ശമിപ്പിച്ച് എന്നെ അങ്ങയുടെ തൃപ്പാദസേവകനാക്കിച്ചെയ്യണെ!

★

# നാല്പത്തിഒന്നാം ദശകം

## (പൂതനാസ്കന്ധം)

1 വ്രജേശ്വരഃ ശൌരിവചോ നിശമ്യ
സമാവ്രജന്നദ്ധ്വനി ഭീതചേതാഃ
നിഷ്പിഷ്ടനിശ്ശേഷതരും നിരീക്ഷ്യ
കഞ്ചിൽ പദാർത്ഥം ശരണം ഗതസ്ത്വാം.

സാരം:— നന്ദഗോപൻ, വസുദേവൻപറഞ്ഞ വാർത്ത കൾകേട്ടു് ഭീതനായി വഴിപോന്നതറിയാതെ പരിഭ്രാന്തനായി നടന്നു വ്രജത്തിനു സമീപമെത്തിയപ്പോൾ ചുററും വളരെ ദൂരത്തിലുള്ള വൃക്ഷഗൃഹാദികളെ തകർത്തിട്ടുംകൊണ്ടു് ഏതോ ഒരു ഭയങ്കരവസ്തു ഉയർന്നുമലർന്നു് കിടക്കുന്നതു കണ്ടപ്പോൾ "അയ്യോ! എന്റെകുട്ടിക്കു് എന്തുസംഭവിച്ചു?" എന്നുള്ള ആർത്തനാദത്തോടുകൂടിയുള്ള ദുഃഖഭാവനയാൽ അങ്ങയെത്തന്നെ പ്രാർത്ഥിച്ചു; സങ്കടം തീർത്തു രക്ഷിപ്പാൻ അങ്ങയെ വിളിച്ചു് വീണ്ടുംവീണ്ടും പ്രാർത്ഥിച്ചു.

2 നിശമ്യ ഗോപീവചനാദുദന്തം
സർവ്വേപി ഗോപാ ഭയവിസ്മയാന്ധാഃ
ത്വൽപാതിതം ഘോരപിശാചദേഹം
ദേഹുർവ്വിദൂരേഥ കുഠാരകൃത്തം

സാരം:— ഈ അത്ഭുതസംഭവം കണ്ടുംകേട്ടും വന്നുകൂടിയ ഗോപിമാരിൽനിന്നും സംഗതിയുടെ രൂപം മനസ്സിലാക്കീട്ടു് നന്ദഗോപൻ, പൂതനയുടെ ഭയങ്കരശരീരംകണ്ടു പേടിച്ചും നിന്തിരുവടി ആ ഭയങ്കരിയെ കൊന്നതിൽ അത്യത്ഭുതപ്പെട്ടുംനിന്ന ഗോപന്മാരോടു ചേർന്നു് നിന്തിരു

വടിയാൽ വീഴ്ത്തപ്പെട്ട ആ രക്ഷോനാരിയുടെ ശരീരത്തെ കഠാരത്താൽവെട്ടിയുണ്ടാക്കി എടുത്തു് ദൂരത്തൊരുദിക്കിൽ കൊണ്ടുപോയിട്ടു് ദഹിപ്പിച്ചു.

3 തൽപീതപൂതനസ്തനതച്ഛരീരാൽ
സമുച്ചലന്നുച്ചതരോ ഹി ധൂമഃ
ശങ്കാമധാദാഗരവഃ കിമേഷ,
കിം ചാന്ദനോ ഗൌൽഗുലവോഥവേതി.

സാരം:— അങ്ങു് അവളുടെമുലകുടിക്കുകയും പിടിക്കുകയുംകൊണ്ടു് രാജസവും താമസവും ഇടകലന്നു് അവളിലുണ്ടായിരുന്ന ഗുണങ്ങൾ തീരെനശിച്ചു. ശുദ്ധസത്വമയമായിത്തീന്ന മുലകളോടുകൂടിയിരിക്കകൊണ്ടും, നിന്തിരുവടി മടിയിലും മാറത്തുംകയറിവിളയാടുകകൊണ്ടും. പരിശുദ്ധമായിത്തീന്ന പൂതനയുടെ ശരീരത്തിൽനിന്നും പുറപ്പെടുന്ന ധൂമപടലങ്ങൾക്കു്, അകിലിന്റേയോ ചന്ദനത്തിന്റേയോ, ഗുൽഗുലുവിന്റേയോ മണംഉണ്ടായിരുന്നു. അത്രയുംസുഗന്ധപൂരിതമായിരുന്നു ആ പുക.

4 മദംഗസംഗസ്യ ഫലം ന ദൂരേ
ക്ഷണേന താവൽ ഭവതാമപി സ്യാൽ
ഇത്യുല്ലപൻ വല്ലവതല്ലജേഭ്യ-
സ്ത്വം പൂതനാമാതനുഥാഃ സുഗന്ധിം

സാരം:—"പരബ്രഹ്മസ്വരൂപനായ എന്റെഭാവനാശരീരത്തെ സ്പശിക്കയും ദശിക്കയുംചെയ്യുകൊണ്ടും എന്നെ എടുക്കുകയും മടിയിൽവെച്ചു ലാളിക്കയും മററും ചെയ്തുകൊണ്ടും നിങ്ങൾക്കു ജന്മാന്തരത്തിൽ മാത്രമല്ല, ഇജ്ജന്മംകൊണ്ടുതന്നെ — താമസം കൂടാതെ — തക്കഫലം

അനുഭവപ്പെട്ടും'' എന്ന് ഭാഗ്യശാലികളായഗോപന്മാരെ ധരിപ്പിക്കുവാനായിട്ടാണ് നിന്തിരുവടി പൂതനയെ സുഗന്ധിയാക്കിയതു് എന്നുള്ളതിനു സംശയലേശമില്ല.

5 ചിത്രം പിശാച്യാ ന ഹതഃ കുമാര-
ശ്ചിത്രം പുരൈവാകഥി ശൗരിണേദം,
ഇതി പ്രശംസൻ കില ഗോപലോകോ
ഭവന്മുഖാലോകരസേ ന്യമാംക്ഷീൽ

സാരം:—''ഹാ! ഹാ! ആ രാക്ഷസി നമ്മുടെകുഞ്ഞിനെ നശിപ്പിക്കുവാനിടയാകാഞ്ഞതു് പരമഭാഗ്യവും, അത്യാശ്ചര്യവുംതന്നെ. ഇങ്ങിനെയുള്ള വല്ല ആപത്തുകളും ഉണ്ടായേക്കാമെന്നു വസുദേവൻ പറയുകയും ചെയ്തിരുന്നു' എന്നിങ്ങിനെ വസുദേവനെ പ്രശംസിച്ചുകൊണ്ടു് ഗോപന്മാർ അങ്ങയുടെ മുഖകമലം നോക്കിപ്പറഞ്ഞു രസിച്ചു.

6 ദിനേ ദിനേഥ പ്രതിവൃദ്ധലക്ഷ്മീ-
രക്ഷീണമംഗല്യശതോ വ്രജോയം
ഭവന്നിവാസാദയി വാസുദേവ!
പ്രമോദസാന്ദ്രഃ പരിതോ വിരേജേ.

സാരം:—അല്ലയോ വാസുദേവ! നിന്തിരുവടിയുടെ അധിവാസത്താൽ നിത്യേന ഐശ്വര്യം വർദ്ധിച്ചു് പലവിധ നന്മകൾക്കു വിളനിലമായിഭവിച്ച അമ്പാടിയിലുള്ള സർവ്വവും പരമാനന്ദരസത്തിൽ മുഴുകിവിളങ്ങി.

7 ഗൃഹേഷു തേ കോമളരൂപഹാസ-
മിഥഃ കഥാസംകുലിതാഃ കമന്യഃ
വൃത്തേഷു കൃത്യേഷു ഭവന്നിരീക്ഷാ-
സമാഗതാഃ പ്രത്യഹമത്യനന്ദൻ.

സാരം:—ഗോപസ്ത്രീകഠം അവരവരുടെ വീട്ടുകളിൽ വേലകഠം ചെയ്തുകൊണ്ടിരിക്കുമ്പോഠം എപ്പോഴും നിന്തിരുവടിയുടെ മോഹനരൂപത്തെയും പുഞ്ചിരി വിളയാട്ടങ്ങളെയും—ലീലാവിലാസങ്ങളെയും— കുറിച്ചുള്ള സംഭാഷണങ്ങളായിരിക്കും. പ്രവൃത്തികഠം തീന്നാലുടനെവന്ന് നിന്തിരുവടിയെ കണ്ടു സന്തോഷിക്കയും, രസിപ്പിക്കയും താലോലിക്കയും ചെയ്യുക പതിവായിരുന്നു.

8 അഹോ കുമാരോ മയി ദത്തദൃഷ്ടിഃ
സ്മിതം കൃതം മാം പ്രതി വത്സകേന
ഏഹ്യേഹി മാമിത്യുപസാര്യ പാണീ
ത്വയീശ! കിം കിം ന കൃതം വധൂഭിഃ

സാരം:—'ഹാ, ഈ ഓമനക്കുട്ടൻ എന്നെത്തന്നെ നോക്കുന്നു! കുമാരൻ എന്നെ നോക്കി ചിരിക്കുന്നു. വരൂ, വരൂ' എന്നിങ്ങിനെ കൈകഠംനീട്ടി ആനന്ദരസം തുളുമ്പുന്ന ഭാവരസത്തോടെ ഗോപസ്ത്രീകഠം നിന്തിരുവടിയെ ഏതെല്ലാ വിധത്തിൽ ആശ്ലേഷിക്കയും ചുംബിക്കയും കളിപ്പിക്കയും ചെയ്തുവന്നു. എങ്ങിനെ പറഞ്ഞറിയിക്കും? ഹാ! ആ ഗോപസ്ത്രീകളുടെ ഭാഗ്യത്തിന്നതിരുണ്ടോ!

9 ഭവദ്വപുസ്സ്പർശനകൌതുകേന
കരാൽ കരം ഗോപവധൂജനേന
നീതസ്ത്വമാതാമ്രസരോജമാലാ-
വ്യാലംബിലോലംബതുലാമയാസീഃ

സാരം—നിന്തിരുമേനിയെ സ്പർശിച്ച് ആനന്ദമനുഭവിപ്പാനുള്ള കൌതുകത്താലും ആഗ്രഹത്താലും ഗോപസ്ത്രീകൾ, കയ്യോടു കൈമാറി എടുക്കുമ്പോൾ നിന്തിരുവടി ചെന്താമരദളങ്ങളിൽ ഒന്നിൽനിന്നൊന്നിലായപോലെ, പറന്നുനടക്കുന്ന വണ്ടുകളെന്നമട്ടിൽ ശോഭിച്ചുകൊണ്ടിരുന്നു.

10 നിപായയന്തീ സ്തനമങ്കഗം ത്വാം
വിലോകയന്തീ വദനം ഹസന്തീ
ദശാം യശോദാ കതമാം ന ഭേജേ
സ താദൃശഃ പാഹി ഹരേ ഗദാന്മാം

സാരം:—നിന്തിരുവടിയെ അങ്കത്തിൽകിടത്തി മുലകുടിപ്പിച്ചുകൊണ്ടു് പൂമുഖം നോക്കിച്ചിരിക്കുന്ന യശോദ ആനന്ദാംബുധിയിൽ ആറാടികൊണ്ടിരുന്നു. ഏതൊരുവിധ ആശ്ചര്യവും പ്രത്യാശയുമാണവൾക്കുണ്ടായിരുന്നതെന്നു് ആർക്കും പറവാൻ സാധിക്കയില്ല. അല്ലയോ ഭഗവാനെ! അങ്ങിനെയുള്ള നിന്തിരുവടി എന്നെ രോഗങ്ങളിൽനിന്നു രക്ഷിക്കേണമേ!

## നാല്പത്തിരണ്ടാം ദശകം

### ശകടാസുരവധം

1 കദാപി ജന്മർക്ഷദിനേ തവ പ്രഭോ
നിമന്ത്രിതജ്ഞാതിവധൂമഹീസുരാ
മഹാനസസ്ത്വാം സവിധേ നിധായസാ
മഹാനസാദൌ വവൃതേ വ്രജേശ്വരീ

സാരം:— ഒരു ദിവസം —അങ്ങയുടെഒരു പക്കപ്പിറന്നാൾദിനം— യശോദ ബന്ധുക്കളേയും ബ്രാഹ്മണരേയും ക്ഷണിച്ചിരുന്നു. അങ്ങയെ ഒരു വണ്ടിയുടെ സമീപേ കിടത്തി അവർ വീട്ടുപണിക്കായി പോയി പ്രവൎത്തിച്ചുകൊണ്ടിരുന്നു.

2 തതോ ഭവത്ത്രാണനിയുക്തബാലക-
പ്രഭീതിസംക്രന്ദനസംകുലാരവൈഃ
വിമിശ്രമശ്രാവി ഭവത്സമീപതഃ
പരിസ്ഫുടദ്ദാരുചടച്ചടാരവഃ

സാരം:— നിന്തിരുവടിയെ സൂക്ഷിച്ചുകൊള്ളുന്നതിനായി യശോദ ഏല്പിച്ചിരുന്ന ഗോപാലബാലന്മാർ ഭയപ്പെട്ടു ക്രുട്ടനിലവിളിയോടു കലൎന്ന് അങ്ങയുടെ അടുക്കൽനിന്നും വണ്ടിയുടെ മരത്തടികൾ പൊട്ടി ഞെരിഞ്ഞുതകൎന്നു വീഴുന്ന ഝങ്കാരമായ ശബ്ദം എങ്ങും കേൾക്കുമാറായി.

3 തതസ്തദാകൎണ്ണനസംഭ്രമശ്രമ-
പ്രകമ്പിവക്ഷോജഭരാ വ്രജാംഗനാഃ
ഭവന്തമന്തൎദ്ദദൃശുഃ സമന്തതോ
വിനിഷ്പതദ്ദാരുണദാരുമദ്ധ്യഗം

സാരം:— ചടപട എന്നുള്ള ആ ദുശ്ശബ്ദം കേട്ടപ്പോൾ യശോദ മുമ്പായ എല്ലാവരും മുമ്പു പൂതന ചെയ്തതുപോലെ അപായകരങ്ങളായ വല്ല സംഗതികളും സംഭവിച്ചിരിക്കുമോ എന്ന ഭയത്താൽ, മുലക്കുടങ്ങൾ കുലുക്കിക്കൊണ്ടു് ഓടി തളൎന്നുവന്ന ഗോപസ്ത്രീകൾ, നന്ദഗൃഹത്തിനുചുററും മരത്തടികൾ—വണ്ടിയുടെ വിഭാഗങ്ങളാകുന്ന മരത്തടികൾ— ഇളകിപ്പൊട്ടി വന്നു വീഴുന്നതിന്റെ നടുവിൽ യാ

യാതൊരുപദ്രവവുമില്ലാതെ നിർബ്ബാധമായിക്കിടക്കുന്ന നിന്തിരുവടിയെ കണ്ടു.

4 ശിശോരഹോ കിം കിമഭൂദിതി ദ്രുതം
പ്രധാവ്യ നന്ദഃ പശുപാശ്ച ഭൂസുരാഃ
ഭവന്തമാലോക്യ യശോദയാ ധൃതം
സമാശ്വസന്നശ്രുജലാർദ്രലോചനാഃ

സാരം:— "അയ്യോ! എൻെറ കുട്ടിക്ക് എന്തുപററി എന്തു സംഭവിച്ചു?" എന്നുപറഞ്ഞു് സംഭ്രമത്തോടെ ഓടി വന്ന നന്ദഗോപരും ഗോപാലന്മാരു ബ്രാഹ്മണരും ബന്ധുക്കളുമെല്ലാം യശോദയുടെ കയ്യിൽ പുഞ്ചിരിതൂകിക്കൊണ്ടു യാതൊരു കേടും കൂടാതിരിക്കുന്ന നിന്തിരുവടിയെ കണ്ടു് സമാധാനപൂർവ്വം സന്തോഷാശ്രുക്കൾ വർഷിച്ചു.

5 കസ്കോ നു കൌതസ്കുത ഏഷ വിസ്മയോ
വിശങ്കടം യച്ഛകടം വിപാടിതം
ന കാരണം കിഞ്ചിദിഹേതി തേ സ്ഥിതാഃ
സ്വനാസികാദത്തകരാസ്ത്വദീക്ഷകാഃ

സാരം:— "അയ്യോ!" ഇതെന്തൊരാപത്തു്? വെറുതേയിരുന്ന ഈ വലിയ വണ്ടി എങ്ങനെ പൊട്ടിത്തകർന്നുവീണു? പ്രത്യേകിച്ചു് യാതൊരു കാരണവും കാണുന്നില്ലല്ലോ!" എന്നിങ്ങിനെ ഓരോന്നുപറഞ്ഞു് അവരങ്ങയെ നോക്കി കഷ്ടം എന്ന ഭാവനയിൽ മൂക്കിൽ വിരൽവെച്ചുകൊണ്ടുനിന്നു.

6 കുമാരകസ്യാസ്യ പദയാധരാത്ഥിനഃ
പ്രരോദനേ ലോലപദാംബുജാഹതം
മയാ മയാ ദൃഷ്ടമനോവിപര്യ്യഗാ-
ദിതീശ,തേ പാലകബാലകാ ജഗുഃ

സാരം:—"മുലകുടിപ്പാൻകരഞ്ഞ ഈ കുട്ടി കാലിട്ടടിച്ച ചവിട്ടേറ്റിട്ടാണ് ഈ വണ്ടിതകൎന്നതു്, 'അതേ, ഞാനുംകണ്ടു; ഞാനുംകണ്ടു.'' എന്നിങ്ങിനെ അങ്ങയെ സൂക്ഷിപ്പാനായി നിൎത്തിയിരുന്ന ഗോപബാലന്മാർ പറഞ്ഞു.

7 ഭിയാ തദാ കിഞ്ചിദജാനതാമിദം
കുമാരകാണാമിതി ദുൎഘടം വചഃ
ഭവൽപ്രഭാവാവിദുരൈരിതീരിതം
മനാഗിവാശങ്ക്യത ദൃഷ്ടപൂതനൈഃ

സാരം:—'ഭയംകൊണ്ടു് ആ സമയം ഒന്നും വേൎതിരിച്ചറിവാൻ വഹിയാതെവന്നതുകൊണ്ടു് ഈ ബാലകന്മാർ പറയുന്ന അസംബന്ധങ്ങൾ വിശ്വാസയോഗ്യമല്ല. എന്നു് അങ്ങയുടെ മഹിമയെ അറിയാൻ കഴിയാത്ത ചിലർ പറഞ്ഞെങ്കിലും, പൂതനാചേഷ്ടകളെ കണ്ടറിഞ്ഞ നന്ദാദികൾക്കു് ഈ അഭിപ്രായത്തിൽ തെല്ലൊരുവിശ്വാസം തോന്നാതെയുമിരുന്നില്ല.

8 പ്രവാളതാമ്രം കിമിദം പദം ക്ഷതം
സരോജരമ്യൌ നു കരൌ വിരോജിതൌ
ഇതിപ്രസൎപ്പൽകരുണാതരംഗിതാ-
സ്ത്വദംഗമാപസ്പൃശുരംഗനാജനാഃ

സാരം:—ഇളംതളിർ എന്നപോലെ മാൎദ്ദവമേറിയതും ചുവന്നതുമായ ഈ ഉള്ളംകാൽമുറിഞ്ഞുപോയോ? ചെന്താമരപ്പുഷ്പസദൃശം ചുവപ്പാന്ന ഈ ഉള്ളംകൈപ്പടങ്ങാംക്ക ക്ഷതം പററിയോ? ചോരപൊടിഞ്ഞിരിക്കുന്നതുപോലെ തോന്നുന്നു.' എന്നിങ്ങിനെ വാത്സല്യാതിരേകത്താലുണ്ടാകുന്ന സ്നേഹപാരവശ്യത്താൽ ഒഴുകുന്നകണ്ണുനീരോടെ ഗോപസ്ത്രീകാം നിന്തിരുവടിയുടെ ആ അംഗങ്ങളിൽ തൊട്ടു മെല്ലെ മെല്ലെ തലോടിക്കൊണ്ടു പറഞ്ഞു;

9 അയേ സുതം ദേഹി ജഗൽപതേ കൃപാ-
തരംഗപാതാൽ പരിപാതമദ്യ മേ
ഇതി സ്മ സംഗൃഹ്യ പിതാ ത്വദംഗകം
മുഹുർമ്മുഹുഃ ശ്ലിഷ്യതി ജാതകണ്ടകഃ

സാരം:—"ത്രൈലോക്യനാഥനും രക്ഷകനും ആയ ആ വിഷ്ണുഭഗവാൻെറ കാരുണ്യാവലോകനത്താൽ ഇപ്പോ്ാം രക്ഷയേപ്രാപിച്ച എൻെറ ഓമനപ്പുത്രനെ ഇങ്ങോട്ടുതരിക" ഇപ്രകാരംപറഞ്ഞു് നന്ദഗോപൻ നിന്തിരുവടിയെ കൈക്കാരിലാക്കി സന്തോഷത്താൽ രോമാംമയിക്കൊണ്ട ശരീരത്തോടെ പിന്നേയും പിന്നേയും ആശ്ലേഷിച്ചു നിവ്വൃതനായി.

10 അന്യോന്നിലീനഃ കിമു ഹന്തുമാഗതഃ
സുരാരിരേവം ഭവതാ വിഹിംസിതഃ
രജോപി നോ ദൃഷ്ടമമുഷ്യ തൽ കഥം?
സ ശുദ്ധസത്വേ ത്വയി ലീനവാൻ ധ്രുവം

സാരം:—വണ്ടിയിൽ മറഞ്ഞിരുന്നു് നിന്തിരുവടിയെ കൊല്ലാൻവന്ന അസുരനെ നിന്തിരുവടി ഈവിധം നശി

പ്പിച്ചുവെന്നു് പറയുന്നു. എന്നാൽ അവൻെറ രജസ്സ്—പൊടി—പോലും കാണപ്പെട്ടില്ല. എന്തുകൊണ്ടു കാണപ്പെട്ടില്ല എന്നാണെങ്കിൽ അവൻ ശുദ്ധ സത്വസ്വരൂപനായ നിന്തിരുവടിയിൽ ലയിച്ചു; അതുതന്നെ കാരണം; തീർച്ചതന്നെ.

11 പ്രപൂജിതൈസ്തത്ര തതോ ദ്വിജാതിഭി-
ർവ്വിശേഷതോ ലംഭിതമംഗലാശിഷഃ
വ്രജം നിജൈർബ്ബാല്യരസൈർവ്വിമോഹയ-
ന്മരുൽപുരാധീശ രുജാം ജഹീഹി മേ.

സാരം:—പിന്നെ. യഥാവിധി ഭക്ത്യാദരവോടെ പൂജിക്കപ്പെട്ട ബ്രാഹ്മണോത്തമന്മാരാൽ ഭാവിയിൽ ഇപ്രകാരമുള്ള ആപത്തുകാം സംഭവിക്കാതിരിക്കുവാൻ ആശീർവ്വദിക്കപ്പെട്ടിട്ടു് അങ്ങയുടെ ബാലലീലാവിനോദങ്ങളെക്കൊണ്ടു് അമ്പാടിയിൽ മേളിച്ചുവസിക്കുന്ന ഗോപികമാരെ രസിപ്പിക്കുന്ന നിന്തിരുവടി അല്ലയോ ഗുരുവായുപുരേശ! എൻെറ രോഗങ്ങളെ ശമിപ്പിക്കേണമെ!

## നാല്പത്തിമൂന്നാം ദശകം

### തൃണാവർത്തവധം

1 ത്വാമേകദാ ഗുരുമരുൽപുരനാഥ വോഢും
ഗാഢാധിരൂഢഗരിമാണമപാരയന്തീ
മാതാ നിധായ ശയനേ കിമിദം ബതേതി
ധ്യായന്ത്യചേഷ്ടത ഗൃഹേഷു നിവിഷ്ടശംകാ

സാരം:-ഒരുദിവസം യശോദ നിന്തിരുവടിയെ മടി യിൽവെച്ചുകൊണ്ടിരിക്കുമ്പോൾ സാധാരണയിൽ കവിഞ്ഞ ഒരു ഘനം വർദ്ധിക്കുകയാൽ ഘനംതാങ്ങുവാൻ ശക്തയല്ലാ തെ മെത്തയിൽ കിടത്തീട്ട് 'ഇങ്ങിനെ ഭാരം വർദ്ധിക്കുവാൻ എന്തായിരിക്കും കാരണം? ആശ്ചൎയ്യമായിരിക്കുന്നുവല്ലോ' എന്നു നിനച്ചുകൊണ്ട് ഗൃഹകാൎയ്യങ്ങളിലേൎപ്പെട്ടുകൊണ്ടി രുന്നു.

2 താവദ്വിദൂരമുപകൎണ്ണിതഘോരഘോഷ-
വ്യാജൃംഭിപാംസുപടലീപരിപൂരിതാശഃ
വാത്യാവപുഃ സ കില ദൈത്യവരസ്തൃണാവ-
ൎത്താഖ്യോ ജഹാര ജനമാനസഹാരിണം ത്വാം.

സാരം:—ആ സമയം അകലേവെച്ചുതന്നെ കേൾക്ക പ്പെട്ട ഭയാനകമായ ശബ്ദഘോഷത്തോടെ പാറിപ്പറപ്പി ക്കുന്ന ധൂളിപടലങ്ങളാൽ ആകാശമുഖങ്ങളെല്ലാം മൂടിക്കൊ ണ്ടു, കൊടുങ്കാററിൻെറ—ചുഴലിവാതത്തിൻെറ—ആകൃതി കയ്ക്കൊണ്ടു പുറപ്പെട്ട തൃണാവൎത്തൻ എന്ന മഹാസുരൻ സുന്ദരകളേബരനായ അങ്ങയെ എടുത്തു് ആകാശത്തിലേ യ്ക്കുയൎന്നു.

3 ഉദ്ദാമപാംസുതിമിരാഹതദൃഷ്ടിപാതേ
ദ്രഷ്ടും കിമപ്യകുശലേ പശുപാലലോകേ
ഹാ ബാലകസ്യ കിമിതി ത്വദുപാന്തമാപ്താ
മാതാ ഭവന്തമവിലോക്യ ഭൃശം രുരോദ

സാരം:—അതിഭയങ്കരമായി പൊടിവന്നു് മൂടി ഇരുട്ടാ യതുകൊണ്ടു് ഒന്നും തിരിച്ചുകാണ്മാൻ കഴിവില്ലാതെ ഗോ പന്മാർ ചുററിത്തിരിയുമ്പോൾ 'അയ്യോ കുട്ടിയ്ക്കെന്തുപററി

എന്നുപറഞ്ഞു് പരിഭ്രമത്തോടെ യശോദ ഓടിവന്നു നോക്കുമ്പോൾ നിന്തിരുവടിയേ കാണാതെ വ്യസനിച്ചു് ഉറക്കെ അതി ദീനതയോടെ നിലവിളിച്ചു.

4 താവൽ സ ദാനവവരോപി ച ദീനമൂർത്തി-
ഭാവൽകഭാരപരിധാരണലൂനവേഗഃ
സങ്കോചമാപ; തദനുക്ഷതപാംസുഘോഷേ
ഘോഷേ വ്യതായത ഭവജ്ജനനീനിനാദഃ

സാരം:— ആ അസുരൻ ദേഹം തളൎന്നു് അങ്ങയുടെ ഘനം സഹിക്കാനാവാതെ, ശക്തിയെല്ലാം നശിച്ചു് കാറെറല്ലാം അടങ്ങി. കാററിൻെറ ഗാംഭീൎയ്യം ശമിച്ചു് ശാന്തമായിത്തീൎന്നപ്പോൾ അമ്പാടിയിൽ അങ്ങയുടെ അമ്മയായ യശോദയുടെ മുറവിളിമാത്രം മുഴങ്ങിക്കൊണ്ടിരുന്നു.

5 രോദോപകൎണ്ണനവശാദുപഗമ്യ ഗേഹം
ക്രന്ദൽസു നന്ദമുഖഗോപകുലേഷു ദീനഃ
ത്വാം ദാനവസ്ത്വഖിലമുക്തികരം മുമുക്ഷു-
സ്ത്വയ്യപ്രമുഞ്ചതി പപാത വിയൽപ്രദേശാൽ

സാരം:— യശോദയുടെ മുറവിളികേട്ടു് ഓടിയെത്തിയ നന്ദഗോപൻ മുതലായ ഗോപന്മാർ വാൎത്തയറിഞ്ഞു് ഉറക്കെ ആൎത്തനാദം പുറപ്പെടുവിച്ചു കരഞ്ഞു. ആ സമയം ആ ദുഷ്ടനായ തൃണാവൎത്തൻ നിന്തിരുവടി കണ്ഠത്തിൽ പിടിച്ചു് ഞെക്കിയതുനിമിത്തവും അങ്ങയുടെ ഭാരം താങ്ങുവാൻ ശക്തിയില്ലാതായിത്തീൎന്നതുകൊണ്ടും തളൎന്നു് ബലഹീനതയാ അങ്ങയേ വിട്ടുവിച്ചുംവെച്ചു് പോകുവാൻ തുടങ്ങി. എന്നാൽ നിന്തിരുവടി ആ മഹാസുരനെ വിട്ടില്ല അതുകൊണ്ടു് ബലഹീനനായി അവൻ താഴെവീണു.

6 രോദാകുലാസ്തദനു ഗോപഗണാ ബഹിഷ്ഠ-
പാഷാണപൃഷ്ഠഭുവി ദേഹമതിസ്ഥവിഷ്ഠം
പ്രൈക്ഷന്ത ഹന്ത നിപതന്ത മമുഷ്യ വക്ഷ-
സ്യക്ഷീണമേവ ച ഭവന്തമലം ഹസന്തം.

സാരം:—കരഞ്ഞുകരഞ്ഞു് ജീവിതാശപോലും കുറവായിത്തീൎന്ന ഗോപന്മാർ, വിസ്താരമേറിയ പാറപ്പുറത്തു് അതികായനായ ഒരു ദൈത്യാധമൻ മലൻവന്നു വീണതും അവൻെറ മാറിൽ നിന്തിരുവടി ഒരു ഭീതിയും ക്ലേശവും കൂടാതെ ഉല്ലാസമായി ചിരിച്ചിരിക്കുന്നതും കണ്ടു.

7 ഗ്രാവപ്രപാതപരിപിഷ്ടഗരിഷ്ഠദേഹ-
ഭ്രഷ്ടാസു ദുഷ്ടദനുജോപരി ധൃഷ്ടഹാസം
ആഘ്നാനമംബുജകരേണ ഭവന്തമേത്യ
ഗോപാ ദധുർഗിരിവരാദിവ നീലരത്നം.

സാരം:- പാറപ്പുറത്തു് ഏറ്റവും ഉയരത്തിൽനിന്നു് ശക്തിയായി വന്നു വീഴുകയാൽ ഭയങ്കരമായ ശരീരം പൊട്ടിച്ചതഞ്ഞു് ഛിന്നമായിത്തീൎന്നു. മരിച്ചു ചിന്നിച്ചിതറിക്കിടക്കുന്ന ആ ദുഷ്ടശരീരത്തിൽ-മാറിൽ-പുഞ്ചിരിതൂകിക്കൊണ്ടിരിക്കുക മാത്രമല്ല, ഇടയ്ക്കിടെ കണ്ണുരുട്ടി പത്മം തോറ്റോളിക്കുന്ന കരതലം മുഷ്ടിചുരുട്ടിക്കൊണ്ടു് താഡിക്കുകകൂടിചെയ്തിരുന്നു. ഗോപന്മാർ ഇതുകണ്ടു് സന്തോഷാശ്രുക്കൾ പുതുമഴപോലെ ചൊരിഞ്ഞു് ഓടിച്ചെന്നു് ഗിരിമുകളിൽനിന്നു് നീലരത്നം എടുക്കുന്നതുപോലെ ആ നന്ദകിശോരനെയെടുത്തു.

8 ഏതൈകൈകമാശു പരിഗൃഹ്യ നികാമനന്ദ-
നന്ദാദിഗോപപരിരബ്ധവിചുംബിതാംഗം
ആദാതുകാമപരിശങ്കിതഗോപനാരീ-
ഹസ്താംബുജപ്രപതിതം പ്രണമാേ ഭവന്തം.

സാരം:—അളവററ സന്തുഷ്ടിയേ പ്രാപിച്ച നന്ദാദി ഗോപന്മാർ ഓരോ അംഗങ്ങറം തൊട്ടു തലോടുകയും ചുംബിക്കുകയും ചെയ്തുകൊണ്ടു് തന്നെ എടുക്കാൻ ആഗ്രഹിക്കുന്ന ഏവരുടേയും കയ്യിലേക്കു ചാടിവീഴുകയും അവരെ അത്യധികം സന്തോഷിപ്പിക്കയും ചെയ്തുകൊണ്ടു ശോഭിക്കുന്ന നിന്തിരുവടിയേ ഞാൻ സ്തുതിക്കുന്നു.

9 ഭൂയോപി കിം നു കൃണമഃ പ്രണതാത്തിഹാരീ
ഗോവിന്ദ ഏവ പരിപാലയതാൽ സുതം നഃ;
ഇത്യാദി മാതരപിതൃപ്രമുഖൈസ്തദാനീം
സമ്പ്രാത്ഥിതസ്ത്വദവനായ വിഭോ ത്വമേവ

സാരം —"ഇനിയും ഈവിധ ദുഃഖങ്ങറക്കു സംഗതിയായാൽ ഞങ്ങളെന്തുചെയ്യും? ഭക്തന്മാരുടെ സങ്കടത്തെ തീക്കുന്ന ഭഗവാൻ വിഷ്ണുതന്നെ ഞങ്ങളുടെ പുത്രനെ രക്ഷിക്കട്ടെ" ഈവിധം പറഞ്ഞു് ആ മാതാപിതാക്കന്മാർ മുമ്പായവർ അങ്ങയുടെ രക്ഷയ്ക്കായി നിന്തിരുവടിയെത്തന്നെ പ്രാത്ഥിച്ചു.

10 വാതാത്മകം ദനുജമേവ മയി പ്രവൃദ്ധ്വാൻ
വാതോത്ഭവാൻ മമ ഗദാൻ കിമു നോ ധുനോഷി?
കിം വാ കരോമി?പുനരപ്യനിലാലയേശ!
നിശ്ശേഷരോഗശമനം മുഹുരത്ഥയേ ത്വാം.

സാരം:—ഹേ ഗുരുവായൂരപ്പ! വാതസ്വരൂപിയായി വന്ന അസുരനെ വധിച്ചവനായിട്ടും വാതാലയത്തിലെ നാഥനായിരുന്നിട്ടും അങ്ങ് എൻെറവാതഗതങ്ങളായരോഗങ്ങളെ ശമിപ്പിക്കാത്തതെന്തു്? എൻെറ പൂൎവ്വജന്മകൎമ്മഫലവാസനയാണെങ്കിൽ എന്താണുഞാൻ ചെയ്യേണ്ടതു്? കൎമ്മവാസനാഫലം മുഴുവനും അനുഭവിച്ചുതീരുമ്പോൾപുറത്തും അകത്തുമുള്ള വാതാദിരോഗങ്ങളേയും ആന്തരമായ രാഗദ്വേഷാദിരോഗങ്ങളേയും ശമിപ്പിക്കേണമേ എന്നു വീണ്ടും ഞാൻ അപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു.

## നാല്പത്തിനാലാം ദശകം

### ജാതകൎമ്മവും നാമകരണവും

1 ഗൂഢം വസുദേവഗിരാ,
കൎത്തും തേ നിഷ്ക്രിയസ്യ സംസ്കാരാൻ
ഹൃൽഗതഹോരാതത്ത്വോ
ഗൎഗ്ഗമുനിസ്ത്വൽഗൃഹാൻ വിഭോ! ഗതവാൻ.

സാരം:—വാസ്തവത്തിൽ നിന്തിരുവടി ഒരുപ്രകാരത്തിലും ഒരു വികാരവുമില്ലാതെ പരമാത്മസ്വരൂപനെങ്കിലും മനുഷ്യശരീരാവലംബനായിത്തീൎന്നതുകൊണ്ടു് ആവശ്യമെന്നുവന്ന നാമകരണംമുതലായ കൎമ്മങ്ങൾചെയ്യുവാനായി, ഗൂഢമായി വസുദേവൻെറ ഉപദേശപ്രകാരം ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധനായ ഗൎഗ്ഗമുനി അമ്പാടിയിൽ വന്നു

2 നന്ദോഥ നന്ദിതാത്മാ
വൃന്ദിഷ്ടം മാനയന്നമും യമിനാം
മന്ദസ്മിതാർദ്രമൂചേ
ത്വൽസംസ്കാരാൻ വിധാതുമുൽസുകധീഃ

സാരം:—നന്ദഗോപൻ തൃപ്തിയോടുകൂടി താപസമുഖ്യനായ ഗർഗ്ഗനെ യഥായോഗ്യം പൂജിച്ച് ചിരിച്ചുകൊണ്ടു നിന്തിരുവടിക്കു നാമകരണം മുതലായവ ചെയ്യുവാൻ ആഗ്രഹിക്കുന്നതായിപ്പറഞ്ഞു.

3 'യദുവംശാചാര്യത്വാൽ
സുനിഭൃതമിദമാര്യകാര്യ'മിതി കഥയൻ
ഗർഗ്ഗോ നിർഗ്ഗതപുളക-
ശ്ചക്രേ തവ ചാഗ്രജസ്യ നാമാനി.

സാരം:—'ധന്യാശയനായ അല്ലയോ നന്ദഗോപ! ഞാൻ യദുകുലാചാര്യനാകയാൽ നിന്റെ പുത്രന്മാക്കു നാമകരണസംസ്കാരാദികൾ നടത്തിയതു് ഞാനാണെന്നു കംസനറിഞ്ഞാൽ ഈ കുട്ടികൾ യദുവംശജരാണെന്നു ശങ്കിച്ചേക്കും. അതുകൊണ്ടു് ഈ സംസ്കാരകർമ്മങ്ങൾ സ്വകാര്യമായി വച്ചിരിക്കേണ്ടതാണ്.' എന്നുപറഞ്ഞു് അങ്ങയുടെ ദിവ്യശരീരം തഴുകിയതുകൊണ്ടുണ്ടായ കൃതാത്ഥതയും അതോടുകൂടിത്തന്നെ രോമാഞ്ചവും ആനന്ദവുമുണ്ടായ ഗർഗ്ഗമുനി നിന്തിരുവടിക്കും ജ്യേഷ്ഠനും നാമകരണമുച്ചരിച്ചു.

4 കഥമസ്യ നാമ കുവ്വേ
സഹസ്രനാമ്നോ ഹ്യനന്തനാമ്നോ വാ?'
ഇതി നൂനം ഗർഗ്ഗമുനി-
ശ്ചക്രേ തവ നാമ നാമ രഹസി വിഭോഃ

സാരം:—എണ്ണമററ പേരുകളുള്ള ഇവന്ന് ഞാൻപേ രിടുന്നതു് എങ്ങിനെ?' എന്നു വിചാരിച്ചാണു് ഗർഗ്ഗമുനി അ ങ്ങയ്ക്കു സ്വകാര്യമായി പേരിട്ടതെന്നു് ഞാൻ വിചാരിക്കുന്നു

5 'കൃഷി'ധാതു ണകാരാഭ്യാം
സത്താനന്ദാത്മതാം കിലാഭിലപൻ
ജഗദഘകർഷിത്വം വാ
കഥയദൃഷിഃ കൃഷ്ണനാമ തേ വ്യതനോൽ

സാരം:—ആ മഹർഷിപുംഗവൻ അങ്ങയ്ക്കു കൃഷ് എ ന്ന ധാതുവോടും ആനന്ദവാചകമായ ണകാരത്തോടുംകൂടിയ പദംകൊണ്ടും സച്ചിദാനന്ദസ്വരൂപത്തെ വെളിവാക്കികൊ ണ്ടും ലോകത്തിൻെറ പാപത്തെ നശിപ്പിക്കുന്നവൻ എന്ന ൎത്ഥമുള്ള കൃഷ്ണനാമത്തെ വിധിച്ചു.

6 അന്യാംശ്ച നാമഭേദാൻ
വ്യാകുർവ്വന്നഗ്രജേ ച രാമാദീൻ
അതിമാനുഷാനുഭാവം
ന്യഗദൽ ത്വാമപ്രകാശയൻ പിത്രേ.

സാരം:—മുമ്പൊരു ജന്മത്തിൽ വസുദേവരുടെ പു[illegible] ഭാവം കൈക്കൊണ്ടിട്ടുള്ളതിനാൽ വാസുദേവനെന്നുള്ള ഒ[illegible] നാമവുംകൂടി കൂട്ടതലായി കല്പിക്കാമെന്നു നന്ദനെ ധരിപ്പ[illegible] ക്കയും അതോടുകൂടി മററുപല നാമങ്ങളേയും അങ്ങയ്ക്കുകല്പി[illegible] ക്കയുംചെയ്തു. അതിനുശേഷം രാമൻ എന്നു തുടങ്ങി പല പേരുകളും ബലഭദ്രനു വിധിച്ചു. നിന്തിരുവടി വിഷ്ണുവാ ണെന്നു പ്രകാശിപ്പിക്കാതെ ഗർഗ്ഗമുനി, ജാതകപ്രകാരം അ തിമാനുഷത്വമുണ്ടെന്നു നന്ദനെ ബോധിപ്പിച്ചു.

7 "സ്നീഹ്യതി യസ്തവ പുത്രേ
മുഹ്യതി സ ന മായികൈഃ പുനഃശോകൈഃ
ദ്രുഹ്യതി യഃ സ തു നശ്യേ"-
ദിത്യവദൽ തേ മഹത്വമൃഷിവര്യഃ

സാരം:— ഹേ നന്ദഗോപ! ആരൊരുത്തൻ നിന്റെ പുത്രനെ സ്നേഹിക്കുന്നുവോ, അവനു പിന്നെ സംസാരബന്ധമുണ്ടാകയില്ല; അവനെ ആരൊരുത്തൻ ദ്വേഷിക്കുന്നുവോ, അവൻ സർവ്വപ്രകാരേണ നശിക്കതന്നെചെയ്യും" ഇപ്രകാരം അങ്ങയുടെ മാഹാത്മ്യത്തെ ആ മുനിശ്രേഷ്ഠൻ പറഞ്ഞു.

8 ജേഷ്യതി ബഹുതരദൈത്യാൻ
നേഷ്യതി നിജബന്ധുലോകമമലപദം,
ശ്രോഷ്യതി സുവിമലകീർത്തി-
രസ്യേതിഭവദ്വിഭൂതിമൃഷിരൂചേ

സാരം:— "നിന്റെ പുത്രൻ അനേകം ശക്തന്മാരായ അസുരന്മാരെ വധിക്കും; ബന്ധുക്കളെ —സ്നേഹിക്കുന്നവരെ നിഷ്കളബ്രഹ്മത്തിൽ ചേർക്കും. മേൽക്കാലം ഇവന്റെ പരിശുദ്ധമായ കീർത്തി ലോകമെല്ലാം പരക്കുകയും ചെയ്യും എന്നീവിധം അങ്ങയുടെ മഹിമാവിശേഷത്തെ ഗർഗ്ഗൻ നന്ദനെ ഗ്രഹിപ്പിച്ചു

9 "അമുനൈവ സർവ്വദുർഗ്ഗം
തരിതാസ്ഥ കൃതാസ്ഥമത്ര തിഷ്ഠധ്വം"
ഹരിരേവേത്യഭിലപ-
ന്നിത്യാദി ത്വാമവർണ്ണയൽ സ മുനിഃ

സാരം:— ഇവൻ കാരണം ഏതുവിധ സങ്കടങ്ങളേയും തരണംചെയ്യുവാൻ നിങ്ങൾക്ക സാധിക്കും. സൎവ്വാത്മബുദ്ധിയോടെ നിങ്ങൾ ഇവനെ വിശ്വസിച്ചുകൊള്ളുവിൻ എന്നിപ്രകാരം വിഷ്ണുവാണെന്നു പ്രകാശിപ്പിക്കാതെതന്നെ അങ്ങയുടെ പ്രഭാവങ്ങളെ ആ താപസൻ വൎണ്ണിച്ചു.

10 ഗർഗ്ഗേഥ നിർഗ്ഗതേഽസ്മിൻ
നന്ദിതനന്ദാദിനന്ദ്യമാനസ്ത്വം
മൽഗദമുൽഗദകരുണോ
നിൎഗ്ഗമയ ശ്രീമരുൽപുരാധീശ!

സാരം:— ഇവ്വിധമെല്ലാം അറിയിച്ച് ഗൎഗ്ഗമുനി പോയശേഷം സന്തുഷ്ടരാ● നന്ദാദിഗോപാലന്മാർ ലാളിച്ചുപോന്ന നിന്തിരുവടി അല്ലയോ ഗുരുവായൂരപ്പ! കൃപയുണ്ടായി എൻെറ രോഗങ്ങളെ ശമിപ്പിക്കേണമെ!

***

## നാല്പത്തി അഞ്ചാം ദശകം

### ബാല ലീല

1 അയി സബല മുരാരേ! പാണിജാനുപ്രചാരൈഃ
കിമപി ഭവനഭാഗാൻ ഭൂഷയന്തൌ ഭവന്തൌ
ചലിതചരണകഞ്ജൌ മഞ്ജുമഞ്ജീരശിഞ്ജാ
ശ്രവണകുതുകഭാജൌ ചേരതുശ്ചാരുവേഗാൽ

സാരം:— ഹേ ബലഭദ്രനോടുകൂടിയ കൃഷ്ണഭഗവാനെ! നാലുകാലിൽ മുട്ടുകുത്തി ഇഴഞ്ഞുവലിഞ്ഞു് ഭവനത്തിൻെറ അകത്തുംപുറത്തും സ്വല്പാല്പകാലം കേളിചെയ്തുകൊണ്ടു

നിങ്ങൾരണ്ടുപേരും, കാലുകളിളകുമ്പോൾ കാലിൽകിടക്കുന്ന മനോഹരമായ ചിലമ്പിൻെറ കിലുക്കംപുറപ്പെടുന്നതു കേട്ട് പിന്നേയും പിന്നേയും ആ ശബ്ദം കേൾക്കുവാനുള്ള ആഗ്രഹത്തോടെ ഭംഗിയാംവിധം വളരെ വേഗത്തിൽ സഞ്ചരിച്ചു.

2 മൃദുമൃദു വിഹസന്താവുന്മിഷദ്ദന്തവന്തൌ
വദനപതിതകേശൌ ദൃശ്യപാദബ്ജദേശൌ
ഭുജഗളിതകരാന്തവ്യാലഗൽകങ്കണാംകൌ
മതിമഹരതമുച്ചൈഃ പശ്യതാം വിശ്വനൃണാം

സാരം:—അങ്ങിങ്ങായി ഓരോ വിനോദങ്ങൾ കാട്ടി പൂനിലാവുററുവീഴുന്ന വിധത്തിലുള്ള മന്ദഹാസംതൂകി, അങ്ങിനെ ആ പുഞ്ചിരി വിതറുമ്പോൾ പ്രശോഭിക്കുന്ന ദന്താംകുരങ്ങളോടുകൂടി കുറുനിരകളാൽ മുഖത്തിൻെറ ചുററുഭാഗം മറഞ്ഞു്, മുട്ടുകുത്തി നടക്കുമ്പോൾവജ്രം ധ്വജം മുതലായ അടയാളങ്ങളുള്ള മാഹാത്മ്യത്തെ പ്രദർശിപ്പിക്കുന്ന കാലടികളോടുംകൈത്തണ്ടകളിൽനിന്നും ഊന്നിറങ്ങി മണിബന്ധത്തിൽ തടഞ്ഞുതങ്ങിയ കരവളകളാൽ ശോഭിച്ചുകൊണ്ടു നിങ്ങൾ രണ്ടാളും കാണുന്നവരുടെ കണ്ണിനേയും കരളിനേയും ഒരുപോലെ ആകർഷിച്ചുകൊണ്ടിരുന്നു.

3 അനുസരതി ജനൌഘേ കൌതുകവ്യാകുലാക്ഷേ
കിമപി കൃതനിനാദം വ്യാഹസന്തൌ ദ്രവന്തൌ
വലിതവദനപത്മം പൃഷ്ഠതോ ദത്തദൃഷ്ടീ
കിമിവ ന വിദധാഥേ കൌതുകം വാസുദേവ!

സാരം:—അല്ലയോ വാസുദേവ നിങ്ങളെക്കണ്ടുണ്ടാകുന്ന സന്തോഷംകൊണ്ടു് അശ്രുക്കൾ വർഷിക്കുന്ന ഗോപ

ന്മാരും ഗോപികളും എടുപ്പാൻ പുറകേവരുമ്പോഠം അവ രേതോല്പിച്ച പിടിക്കവാനിടയാക്കാതെ ഒരുജാതിസുകൃതം നിറഞ്ഞ ശബ്ദധോരണികളോടുകൂടെ ത്വരിതം മുമ്പോട്ടു ഗമിക്കകയും, ദൂരെചെന്നനിന്നു് പിൻഭാഗത്തേയ്ക്കു തിരി ഞ്ഞു് അവരെ ശ്രദ്ധയാ വീക്ഷിക്കയുംചെയ്തുകൊണ്ടു നി. ങ്ങഠം രണ്ടാളും മററുള്ളവക്കു് ആനന്ദാമൃതത്തെ അരുളി ക്കൊണ്ടു ലീലാലോലരായി വത്തിച്ചു.

4 ദ്രുതഗതിഷു പതന്താവുത്ഥിതൌ ലിപ്തപങ്കൌ
ദിവി മുനിഭിരപങ്കൈഃ സസ്മിതം വന്ദ്യമാനൌ
ദ്രുതമഥ ജനനീഭ്യാം സാനുകമ്പം ഗൃഹീതൌ
മുഹുരപി പരിരബ്ധൌ ദ്രാഗ് യുവാം ചുംബിതൌച

സാരം:—നിങ്ങഠം രണ്ടാളും അതിവേഗമോടുമ്പോഠം ചിലപ്പോഠം മറിഞ്ഞുവീഴുകയും ശരീരത്തിൽചേർപുരണ്ടു എഴുന്നേല്ക്കുകയും, ആ ബാലലീലകഠം കാണ്മാനായി ആ കാശസീമയിൽനിരന്നുനില്ക്കുന്ന പാപരഹിതരായ താപ സന്മാർ അതുകണ്ടു് "ആശ്ചര്യം! താഴോട്ടുവീഴുവാൻ ഇട യാകാതിരിപ്പാൻജനങ്ങഠം ഏതുദേവന്മാരേഭജിക്കുന്നുവോ ആദേവന്മാർ ഇതാ തങ്ങഠം വീഴുമെന്നു ഭയപ്പെടുന്നു ഈ ശ്വരൻെറ ഭക്തവാത്സല്യം അത്ഭുതംതന്നെ" എന്നു വി ചാരിച്ചു് മന്ദസ്മിതത്തോടെ നിങ്ങളെവന്ദിച്ചും, നിങ്ങഠം വീണതുകണ്ടഅമ്മമാർ അനുകമ്പാപൂർവ്വംഓടിയെത്തി നി ങ്ങളെ എടുക്കുകയും, വീണ്ടും ആലിംഗനംചെയ്തു് ചുംബി ക്കയും ചെയ്യുന്നു.

5 സ്നുതകുചഭരമങ്കേ ധാരയന്തീ ഭവന്തം
തരളമതി യശോദാ സ്തന്യദാ ധന്യധന്യാ
കപടപശുപ!മദ്ധ്യേ മുഗ്ദ്ധഹാസാങ്കുരം തേ
ദശനമുകുളഹൃദ്യം വീക്ഷ്യ വക്ത്രം ജഹർഷ

സാരം:— ചുരന്നൊഴുകുന്ന മുലകളോടുകൂടി നിന്തിരുവടിയെ മടിത്തട്ടിൽവെച്ച് ഹൃദയമലിഞ്ഞു മുലതരുന്ന പുണ്യവതിയായ യശോദ, അല്ലയോ കപടഗോപാല! ഇടയ്ക്കിടെ മനോഹരമായ മന്ദഹാസം തൂകുമ്പോഠം പ്രകാശിക്കുന്ന ദന്തമുകുളങ്ങളോടുകൂടിയ ആ കോമളമുഖം പുണ്യചെയ്ത നേത്രങ്ങളാൽ നോക്കിനോക്കി ആനന്ദിക്കുകയല്ലേ ചെയ്യുന്നതു്!

6 തദനു ചരണചാരീ ദാരകൈഃ സാകമാരാ-
ന്നിലയതതിഷു ഖേലൻ ബാലചാപല്യശാലീ
ഭവനശുകവിലാളാൻ വത്സകാംശ്ചാനുധാവൻ
കഥമപി കൃതഹാസൈർഗോപകൈർവ്വാരിതോഭൂഃ

സാരം:— അനന്തരം കാലിൽ നിവന്നു് സ്വാതന്ത്ര്യമായി നടക്കാൻ തുടങ്ങിയ നിന്തിരുവടി ചെറുബാലന്മാരോടുചേന്നു് അടുത്തുള്ള ഗൃഹങ്ങളിൽ പോയി വിനോദിക്കുകയും, ചെറുപ്രായത്തിലുള്ള വികൃതിത്തരങ്ങഠംക്കധീനനായി, തത്ത, പൂച്ച, പശുക്കുട്ടി ഇവകളെക്കണ്ടു് അത്യാകഷ്ണമെന്ന മട്ടിലോടിക്കുകയും ആ സമയം സമീപത്തു കണ്ടുനില്ക്കുന്ന ഗോപബാലന്മാർ ചിരിച്ചുകൊണ്ടു് നിന്തിരുവടിയെ തടുക്കുകയും എടുക്കുകയും ചെയ്യുന്നു.

7 ഹലധരസഹിതസ്ത്വം യത്ര യത്രോപയാതോ
വിവശപതിതനേത്രാസ്തത്ര തത്രൈവ ഗോപ്യഃ
വിഗളിതഗൃഹകൃത്യാ വിസ്മൃതാപത്യഭൃത്യാ
മുരഹര! മുഹുരത്യന്താകുലാ നിത്യമാസൻ

സാരം:— ഹേ ഭഗവൻ! നിന്തിരുവടി ബലഭദ്രനോടു കൂടി എവിടെയൊക്കെ കേളിചെയ്തു നടക്കുന്നുവോ അവിടെയെല്ലാം ഗോപികൾ, അവരുടെ ഗൃഹകാര്യങ്ങളാകെ മറന്നു് സ്നേഹപരവശകളായി നോക്കിക്കൊണ്ടു നില്ക്കുന്നതു പതിവായിത്തീൎന്നു.

8 പ്രതിനവനവനീതം ഗോപികാദത്തമിച്ഛൻ
കളപദമുപഗായൻ കോമളം ക്വാപി നൃത്യൻ
സദയയുവതിലോകൈരർപ്പിതം സർപ്പിരശ്നൻ
ക്വചന നവവിപക്വം ദുഗ്ധമപ്യാപിബസ്ത്വം

സാരം:—ചിലപ്പോൾ, ചിലദിക്കിൽ ഗോപസ്ത്രീകൾ തരുന്ന വെണ്ണ മോഹിച്ചു് നിന്തിരുവടി സംഗീതമധുരിമയോടെപാടുകയും, ചിലേടത്തു് മോഹനമാകുംവിധം നൃത്തം ചെയ്യുകയും ചെയ്യും. ചിലേടത്തു് തൃപ്തിയോടും സന്തോഷത്തോടും ഗോപയുവതികൾ തരുന്ന നെയ്യ് ഭുജിക്കയും, ചിലദിക്കിൽനിന്നു് ചൂടുള്ള നറുംപാൽ കുടിക്കയും ചെയ്യും

9 "മമ ഖലു ബലിഗേഹേ യാചനം ജാതമാസ്താ-
മിഹ പുനരബലാനാമഗ്രതോ നൈവ കുർവ്വേ";
ഇതി വിഹിതമതിഃ കിം ദേവ!സന്ത്യജ്യ യാച്ഞാം
ദധിഘൃതമഹരസ്ത്വം ചാരുണാ ചോരണേന!

സാരം:—'പണ്ടു് ഞാൻ മഹാബലിയോടു യാചിച്ചിട്ടുണ്ടു്; അവൻ ഒരു ചക്രവൎത്തിയായതുകൊണ്ടു് അതിന്നു് എനിക്കു് മാനക്കേടു തോന്നുന്നില്ല. എന്നുമാത്രവുമല്ല അന്യന്നുവേണ്ടിയുമാണു്. എന്നാൽ ഈ സ്ത്രീകളുടെമുമ്പിൽ ഞാനതു ചെയ്കയില്ല.' ഇപ്രകാരം വിചാരിച്ചിട്ടാണോ അല്ലയോ ഭഗവാനെ! നിന്തിരുവടി യാചനയേ ഉപേക്ഷിച്ചു് വിചിത്രതരമായ രീതിയിൽ തൈരുംമോരും മോഷ്ടിക്കാൻ തുടങ്ങിയതു്!.

10 തവ ദധിഘൃതമോഷേ ഘോഷയോഷാജനാനാ-
മഭജത ഹൃദിരോഷോ നാവകാശം ന ശോകഃ,
ഹൃദയമപി മുഷിത്വാ ഹൎഷസിന്ധൌ ന്യധാസ്ത്വം;
സ മമ ശമയ രോഗാൻ വാതഗേഹാധിനാഥ!

സാരം:—അങ്ങു് തൈരും നെയ്യും കട്ടുതിന്നുന്നതിൽ അമ്പാടിയിലുള്ള ഗോപസ്ത്രീകൾക്കൊക്കെത്തന്നെ കോപത്തിന്നോ ക്ലേശത്തിന്നോ ഇടമില്ലായിരുന്നു. കാരണം ഈ മോഷണവൃത്തി തുടങ്ങുന്നതിന്നുമുമ്പുതന്നെ നിന്തിരുവടി ആ ഗോപസ്ത്രീകളുടെ ഹൃദയത്തെ മോഷ്ടിച്ചു സന്തോഷക്കടലിൽ ആഴ്ത്തിക്കളഞ്ഞു. സന്തോഷവാരാശിയുടെ അടിയിൽ ദുഃഖത്തിന്നും കോപത്തിന്നും സ്ഥലംപിടിപ്പാൻ സാധിക്കുകയില്ല തന്നെ. അങ്ങിനെയുള്ള നിന്തിരുവടി, അല്ലയോ ഗുരുവായൂരപ്പ! എന്റെ രോഗങ്ങളെ ശമിപ്പിക്കേണമെ.

## നാല്പത്തിആറാം ദശകം

### വിശ്വരൂപദർശനം

★

1 അയി ദേവ!പുരാ കില ത്വയി
സ്വയമുത്താനശയേ സ്തനന്ധയേ
പരിജൃംഭണതോ വ്യപാവൃതേ
വദനേ വിശ്വമചഷ്ട വല്ലവീ.

സാരം:—അല്ലയോ ലീലാകളേബരനായ ഭഗവാനെ! പണ്ട് അങ്ങ് സ്വയമേവ മലൻകിടന്ന് മുലകുടിക്കുമ്പോൾ കോട്ടുവായിടുവാൻ വാ തുറന്നസമയം അതിൽ യശോദ എല്ലാലോകങ്ങളും കണ്ടുവത്രെ.

2 പുനരപ്യഥ ബാലകൈഃ സമം
ത്വയി ലീലാനിരതേ ജഗൽപതേ!
ഫലസഞ്ചയവഞ്ചനക്രുധാ
തവ മൃദ്ഭോജനമൂചുരർഭകാഃ

സാരം:—ഹേ ലോകൈകനാഥ! മററാരിക്കൽ അങ്ങ പിള്ളരുമായികളിച്ചിരിക്കുമ്പോൾ പഴങ്ങൾ വഞ്ചിച്ചെടുത്തു എന്ന കാരണത്താൽ അങ്ങ് മണ്ണുണ്ടുവെന്ന് ആ കുട്ടികൾ യശോദയോടു പറഞ്ഞു.

3 അയി!തേ പ്രളയാവധൌ വിഭോ!
ക്ഷിതിതോയാദി സമസ്തഭക്ഷിണഃ
മൃദുപാശനതോ രുജാ ഭവേ-
ദിതി ഭീതാ ജനനീ ചുകോപ സാ

സാരം:— പ്രഭോ! പ്രളയാവസാനത്തിൽ ഭൂമി വെള്ളം മുതലായവയെല്ലാം ഭക്ഷിക്കുന്ന അങ്ങയ്ക്കു അല്പം മണ്ണുതിന്നതുകൊണ്ടു് രോഗംപിടിപെടുമെന്നു പേടിച്ചു മാതാവു കോപിച്ചു.

4 "അയി ദുർവ്വിനയാത്മക ത്വയാ
കിമു മൃത്സാ!ബത!വത്സ!ഭക്ഷിതാ?"
ഇതി മാതൃഗിരം ചിരം വിഭോ!
വിതഥാം ത്വം പ്രതിജജ്ഞിഷേ ഹസൻ

സാരം:—എടാ താന്തോന്നിയായ കുട്ടി! കഷ്ടം! നീ മണ്ണുതിന്നുവോ?" എന്ന അമ്മയുടെവാക്കുകേട്ടു് അല്ലയോ ഭഗവൻ അങ്ങു പുഞ്ചിരി പൊഴിഞ്ഞുകൊണ്ടു് അതു നുണയാണെന്നു ഏറെനേരം സത്യംചെയ്തു പറഞ്ഞു.

5 "അയി തേ സകലൈർവ്വിനിശ്ചിതേ
വിമതിശ്ചേദ്വദനം വിദാര്യതാം"
ഇതി മാതൃവിഭത്സിതോ മുഖം
വികസൽപത്മനിഭം വ്യദാരയഃ

സാരം—"അല്ലയോ കുട്ടി! ഇതു് എല്ലാവരും തീരുമാനമായി പറയുമ്പോഴും വിശേഷിച്ചു ബലരാമനുംകൂടി പ്പറയുമ്പോഴും നീയതിനെ വിസമ്മതിക്കുകയാണെങ്കിൽ വായപിളൎന്നുകാണണം." എന്നിങ്ങിനെ അമ്മ ശാസിച്ചപ്പോഴും നിന്തിരുവടി. വിടൎന്ന താമരപോലെയുള്ള വായ് തുറന്നുകാട്ടി.

6 അപി മൃല്ലവദൽനോത്സുകാം
ജനനീം താം ബഹുതൃപ്പ്യയന്നിവ
പൃഥിവീം നിഖിലാം ന കേവലം
ഭുവനാന്യപ്യഖിലാന്യദീദൃശഃ

സാരം: — മണ്ണു് അല്പമെങ്കിലും കാണുവാനുള്ള ആഗ്രഹത്തോടെ നില്ക്കുന്ന ആ അമ്മയെ ഏററവും തൃപ്തയാക്കുവാനോ എന്നു തോന്നുമാറു് അങ്ങു് ഭൂമി മുഴുവനും മാത്രമല്ല. എല്ലാലോകങ്ങളേയും കാണിച്ചുകൊടുത്തു.

7 കുഹചിദ്വനമംബുധിഃ ക്വചിൽ,
ക്വചിദഭ്രം, കുഹചിദ്രസാതലം,
മനുജാ ദനുജാഃ ക്വചിൽ സുരാ
ദദൃശേ കിം ന തദാ ത്വദാനനേ?

സാരം — അപ്പോഠം അതിൽ ചിലേടത്തു വനങ്ങഠം, ചില ദിക്കിൽ കടലുകഠം, മററു ചിലേടത്തു് ആകാശം, വേറൊരിടത്തു് പാതാളം, ഇനിയുമൊരിടത്തു് മനുഷ്യർ അസുരന്മാർ, ദേവന്മാർ ഇങ്ങിനെ നിന്തിരുവടിയുടെ വായിൽ കാണാത്തതൊന്നുമില്ല.

8 കലശാംബുധിശായിനം പുനഃ
പരവൈകുണ്ഠപദാധിവാസിനം
സ്വപുരശ്ച നിജാർഭകാത്മകം
കതിധാ ത്വാം ന ദദർശ സാ മുഖേ

സാരം: — അതിനുള്ളിൽ അങ്ങയെ പാലാഴിയിൽ പള്ളികൊള്ളുന്നവനായും, മഹത്തായ വൈകുണ്ഠത്തിൽ

അധിവസിക്കുന്നവനായും തൻെറ മുമ്പിൽ പുത്രഭാവേനാ സ്ഥിതിചെയ്യുന്നവനായും മററും പലപ്രകാരത്തിൽ ആ യശോദ കണ്ടു.

9 വികസൽഭവനേ മുഖോദരേ
നനു ഭൂയോƒപി തഥാവിധാനനഃ
അനയാ സ്ഫുടമീക്ഷിതോ ഭവാ-
നനവസ്ഥാം ജഗതാം ബതാതനോൽ.

സാരം:— ലോകങ്ങളാകെക്കാണിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ വായ്ക്കകത്ത് അതുപോലെതന്നെ ലോകങ്ങളെകാണിക്കുന്ന വായോടുകൂടിയ കൃഷ്ണനേയും ആ കൃഷ്ണൻെറ വായ്ക്കുള്ളിൽ മറെറാരു കൃഷ്ണനേയും അങ്ങിനെ അന്യോന്യാഭിമുഖദർപ്പണന്യായേന അന്തമില്ലാതെ അകത്തകത്തായിട്ട് അനവധി കൃഷ്ണന്മാരേയും യശോദമാരേയും, യശോദയ്ക്കു കാണിച്ചിട്ട് ലോകത്തിൻെറ അവസാനമില്ലായ്മയെ പ്രത്യക്ഷമാക്കി.

10 ധൃതതത്ത്വധിയം തദാ ക്ഷണം
ജനനീം താം പ്രണയേന മോഹയൻ
സ്തനമംബ!ദിശേത്യുപാസജൻ
ഭഗവന്നത്ഭുതബാല! പാഹി മാം.

സാരം:—ഈവിധം പുത്രൻെറ വായ്ക്കകത്ത് അന്തമില്ലാത്ത ആ ബ്രഹ്മാണ്ഡസമൂഹങ്ങളെക്കണ്ടിട്ട് സച്ചിദാനന്ദമയമായ പരബ്രഹ്മംതന്നെ തൻെറ പുത്രനായി ജനിച്ചിരിക്കുന്നു എന്നുള്ള പരമാത്ഥബോധം ക്ഷണനേരത്തേയ്ക്കുണ്ടായ യശോദയെ പുത്രസ്നേഹംകൊണ്ടു മോഹിപ്പിച്ചിട്ട് 'അ

മ്മേ അമ്മിഞ്ഞ് എന്നുപറഞ്ഞു് അടുത്തുപോയി മടിയിൽ കയറിയ അത്ഭുതപ്രഭാവത്തോടുകൂടിയബാല! നിന്തിരുവടി എന്നെ രക്ഷിക്കേണമെ!

## നാല്പത്തിഏഴാം ദശകം

### ഉലൂഖലബന്ധനം.

1 ഏകദാ ദധിവിമാഥകാരിണീം
മാതരം സമുപസേദിവാൻ ഭവാൻ
സ്തന്യലോലുപതയാ നിവാരയ-
ന്നങ്കമേത്യ പപിവാൻ പയോധരൌ

സാരം:—ഒരിക്കൽ തൈർ കടഞ്ഞുകൊണ്ടിരുന്ന അമ്മയുടെ മടിയിലിരുന്നു് മുലകുടിക്കുവാനാഗ്രഹിച്ചിട്ടു് നിന്തിരുവടി തൈർ കലക്കിനെ തടഞ്ഞു് മടിയിലിരുന്നു മുലകുടിക്കുവാൻ തുടങ്ങി.

2 അർദ്ധപീതകുചകുഡ്മളേ ത്വയി
സ്നിഗ്ദ്ധഹാസമധുരാനനാംബുജേ
ദുഗ്ദ്ധമീശ! ദഹനേ പരിസ്രുതം
ധർത്തുമാശു ജനനീ ജഗാമ തേ.

സാരം:—അല്ലയോ ഈശ! ആനന്ദമായി ചെറുപുഞ്ചിരിതൂകിക്കൊണ്ടു് മുലപ്പാലുണ്ണുന്ന നിന്തിരുവടി കുടിച്ചു

മതിവരുന്നതിനുമുമ്പ്, അടുത്തുവെച്ചിരുന്ന പാൽ തിളച്ചു പോകുന്നതു് അറിഞ്ഞ യശോദ ബദ്ധപ്പെട്ടു മുലവിടുവിച്ച് അടുക്കളയിലേയ്ക്കു് ഓടിപ്പോയി.

3 സാമിപീതരസഭംഗസംഗത-
ക്രോധഭാരപരിഭൂതചേതസാ
മന്ഥദണ്ഡമുപഗൃഹ്യ പാടിതം
ഹന്ത ദേവ! ദധിഭാജനം ത്വയാ.

സാരം— പാലുണ്ടു തൃപ്തിയാകുന്നതിനുമുമ്പ് അമ്മ എഴുന്നേററുപോകയാൽ അതൃപ്തനായി കോപിച്ച് നിന്തിരുവടി, കടകോൽകൊണ്ടു് നിർദ്ദയമായി തൈർക്കലത്തെ അടിച്ചുടച്ചു.

4 ഉച്ചലദ്ധ്വനിതമുച്ചകൈസ്തദാ
സന്നിശമ്യ ജനനീ സമാദ്രുതാ
ത്വദ്യശോവിസരവദ്ദദർശ സാ
സദ്യ ഏവ ദധി വിസ്തൃതം ക്ഷിതൌ

സാരം:— നിറഞ്ഞ തൈർക്കലം അടിച്ചുടക്കുകകൊണ്ടു വലിയശബ്ദം കേട്ട യശോദ എന്തെന്നറിയാതെ ത്വരിതം വന്നുനോക്കിയപ്പോഠം നിന്തിരുവടിയുടെ കീർത്തിധാവള്യം പരന്നുകിടക്കുന്നതു പോലെ വെളുത്തുവെളുത്തു് വെറും നിലത്തു് പരന്നൊഴുകുന്ന തൈർ മാത്രം കണ്ടു, നിന്തിരുവടിയെ കണ്ടതുമില്ല

5 വേദമാർഗ്ഗപരിമാർഗ്ഗിതം രുഷാ
ത്വാമവീക്ഷ്യ പരിമാർഗ്ഗയന്ത്യസൌ
സന്ദദർശ സുകൃതിന്യുലൂഖലേ
ദീയമാനനവനീതമോതവേ.

സാരം:— തത്വജ്ഞാനികളായ ഋഷീശ്വരന്മാർ വേദമാർഗ്ഗങ്ങളിൽക്കൂടി തിരഞ്ഞുനടന്നിട്ടും കണ്ടുകിട്ടാത്ത നിന്തിരുവടിയെ കാണാതെ കോപിച്ചു, പല സ്ഥലത്തും തിരഞ്ഞു നടക്കുന്നതിന്നിടയിൽ യശോദ, വെണ്ണസൂക്ഷിച്ചിട്ടുള്ള പാത്രത്തിന്റെ താഴെ കിടക്കുന്ന ഉരലിന്മേലിരുന്നു് വെണ്ണ പൂച്ചയ്ക്കു് നുള്ളിയിട്ടുകൊടുത്തുകൊണ്ടിരിക്കുന്ന നിന്തിരുവടിയേ കണ്ടു.

6 ത്വാം പ്രഗൃഹ്യ ബത! ഭീതിഭാവനാ-
ഭാസുരാനനസരോജമാശു സാ,
രോഷരൂഷിതമുഖീ സഖീപുരോ,
ബന്ധനായ രശനാമുപാദദേ.

സാരം:— ഭയം നടിക്കകൊണ്ടു്, വിശിഷ്യ മനോഹരമായ മുഖത്തോടുകൂടിയ നിന്തിരുവടിയെ യശോദ ബലം പ്രയോഗിച്ചു പിടിച്ചു്, കോപരസംസ്ഫുരിക്കുന്ന മുഖത്തോടുകൂടി, ഗോപിമാരുടെ മുമ്പിൽവെച്ചു് ഉരലോടു ചേർത്തു കെട്ടുവാൻ കയറെടുത്തു.

7 ബന്ധുമിച്ഛതി യമേവ സജ്ജന-
സ്തം ഭവന്തമയി! ബന്ധുമിച്ഛതീ
സാ നിയുജ്യ രശനാഗുണാൻ ബഹൂൻ
ദ്വ്യംഗുലോനമഖിലം കിലൈക്ഷത.

സാരം:— അല്ലയോ ഭഗവാനേ! മോക്ഷത്തെകാംക്ഷിക്കുന്ന മഹത്തുക്കൾ ഏതൊരുവനെയാണോ ബന്ധുവായി ശരണംപ്രാപിക്കുന്നതു്, ആ നിന്തിരുവടിയെ കെട്ടിയിടുവാൻ ആഗ്രഹിച്ചു് യശോദ വളരെ കയറുകൾ ഇഴപ്പിച്ചു

പിന്നേയും പിന്നേയും കെട്ടീട്ടും കയറിന്നു രണ്ടംഗുലം നീളംപോരാതെ വന്നപ്പോൽ.

8 വിസ്മിതോൽസ്മിതസഖീജനേക്ഷിതാം
സ്വിന്നസന്നവപുഷം നിരീക്ഷ്യ താം
നിത്യമുക്തവപുരപ്യഹോ! ഹരേ
ബന്ധമേവ കൃപയാ f ന്വമന്യഥാഃ

സാരം:—അല്ലയോ വിഷ്ണുഭഗവാനെ, എത്ര കയറുകൾ കൂട്ടികെട്ടീട്ടും രണ്ടുവിരൽ നീളം പോരാതെ വരുന്നതുകണ്ടു് അത്ഭുതത്തോടെചിരിച്ചുകൊണ്ടുനിൽക്കുന്ന ഗോപികൾ നോക്കിക്കൊണ്ടും തന്റെ ശ്രമം സാദ്ധ്യമാകാത്തതുകൊണ്ടും ഉള്ള അപമാനത്താൽ വിയൎത്തു് തളൎന്നുനില്ക്കുന്ന അമ്മയെക്കണ്ടു് കൃപയാൻ്, ഒരു ബന്ധവുമേല്ക്കാതെ തന്നെ കെട്ടുവാൻ മനസാ അനുവദിച്ചുനിന്നു.

9 സ്ഥീയതാം ചിരമുലൂഖലേ ഖലേ—
ത്യാഗതാ ഭുവനമേവ സാ യദാ
പ്രാഗുലൂഖലബിലാന്തരേ തദാ
സൎപ്പിരൎപ്പിതമദന്നവാസ്ഥിഥാഃ

സാരം:—അമ്മയായ യശോദ നിന്തിരുവടിയെ ഉരലിൽ കെട്ടീട്ടു് "എടാ തെമ്മാടി നീ ഉരലിൽ ഞാൻ വരുന്നതുവരെ കിടക്കുക" എന്നു് ദേഷ്യത്തോടെപറഞ്ഞുകൊണ്ടു് വീട്ടിന്നുള്ളിലേക്കു പോയപ്പോൾ, നേരത്തെ ഉരൽക്കുഴിയിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള വെണ്ണയെടുത്തു് ഭക്ഷിച്ചുകൊണ്ടു് നിന്തിരുവടി മിണ്ടാതെ നിന്നു.

10 യദ്യപാശസുഗമോ വിഭോ! ഭവാൻ
സംയതഃ കിമു സപാശയാനയാ
ഏവമാദി ദിവിജൈരഭിഷ്ടുതോ
വാതനാഥ!പരിപാഹി മാം ഗദാൽ

സാരം:—"അല്ലയോ സർവ്വശക്തനായ ഭഗവാനെ! നിന്തിരുവടി ബന്ധമുക്തിസിദ്ധിച്ചവർക്കുമാത്രം പ്രയാസം കൂടാതെ പ്രാപിക്കത്തക്കവനാണെങ്കിൽ പാശത്തോടുകൂടിയ ഈ യശോദ ബന്ധിച്ചതെങ്ങിനെ" എന്ന് ഓരോ വിധത്തിൽ വ്യോമമാർഗ്ഗത്തിൽ നിന്നുകൊണ്ടു് ദേവന്മാരാൽ സ്തുതിചെയ്യപ്പെട്ട അല്ലയോ ഗുരുവായൂരപ്പ! എന്നെ രോഗബാധകളിൽ നിന്നുകററണെ!

★

## നാല്പത്തെട്ടാം ദശകം

### യമളാർജ്ജുനഭഞ്ജനം

1 മുദാ സുരൌഘൈസ്ത്വമുദാരസമ്മദൈ-
രുദീര്യ ദാമോദര ഇത്യഭിഷ്ടുതഃ
മൃദൂദരഃ സൈ്വരമുലൂഖലേ ലഗ-
ന്നദൂരതോ ദ്വൌ കകുഭാവുദൈക്ഷഥാഃ

സാരം:—കയറിനാൽ ഉദരത്തിൽ ഉരലോടു ചേർത്തു കെട്ടുകയാൽ ഏററവും സംതൃപ്തരായ ദേവന്മാർ "ദാമോദരൻ" എന്ന് ആകാശസീമയിൽനിന്നു് ഉച്ചൈസ്തരം

വിളിച്ചു—ദാമോദരൻ എന്ന നാമം സ്ഥിരപ്പെടുത്തി ബഹുവിധ സ്തോത്രങ്ങളാൽ സ്തുതിച്ചു. മൃദുവായ ഉദരത്തോടുകൂടി ഉരലിനെ കയറുകൊണ്ടു കെട്ടിയിട്ടതിൽ ക്ലേശമെന്യേ സുഖമായി നില്ക്കുമ്പോഴാം, അധികദൂരത്തല്ലാതെ വലുതായ രണ്ടു മരുതുമരങ്ങളെക്കണ്ടു.

2 കുബേരസൂനൂ നളകൂബരാഭിധഃ
പരോ മണിഗ്രീവ ഇതി പ്രഥാം ഗതഃ
മഹേശസേവാധിഗതശ്രിയോന്മദൗ
ചിരം കില ത്വദ്വിമുഖാവഖേലതാം

സാരം:— നളകൂബരൻ എന്നും മണിഗ്രീവനെന്നും പേരുള്ള വൈശ്രവണപുത്രന്മാരായ രണ്ടു യക്ഷന്മാർ പരമേശ്വരഭജനത്താൽ സിദ്ധിച്ച വരപ്രഭാവത്താൽ അഹങ്കരിച്ചു മദോന്മത്തരായി വളരെക്കാലം നിന്തിരുവടിയെ സ്മരിക്കാതെ ജീവിച്ചു.

3 സുരാപഗായാം കില തൗ മദോൽക്കടൗ
സുരാപഗായദ്ബഹുയൗവതാവൃതൗ
വിവാസസൗ കേളിപരൗ സ നാരദോ
ഭവൽപദൈകപ്രവണോ നിരൈക്ഷത

സാരം:— മദോന്മത്തരായ അവർ ഒരിക്കൽ മദ്യപാനത്താൽ അഹങ്കരിച്ച് മദിച്ച് അനേകം സ്ത്രീകളോടുകൂടി നഗ്നരായി ഗംഗയിലിറങ്ങി ക്രീഡചെയ്തു രസിക്കുമ്പോഴാം അങ്ങയുടെ പാദഭജനംചെയ്തു് സഞ്ചരിക്കുന്ന നാരദമുനിയേക്കണ്ടുവത്രെ.

4 ഭിയാ പ്രിയാലോകമുപാത്തവാസസം
പുരോ നിരീക്ഷ്യാപി മദാന്ധചേതസൌ
ഇമൌ ഭവൽഭക്ത്യുപശാന്തിസിദ്ധയേ
മുനിർജ്ജഗൌ ശാന്തിമൃതേ കുതഃ സുഖം

സാരം:— മഹർഷിയെക്കണ്ടു ഭയപ്പെട്ട് സ്ത്രീകളെല്ലാം വസ്ത്രമെടുത്തുടുക്കുന്നതു കണ്ടിട്ടും അഹങ്കാരികളായ ആ യക്ഷന്മാർ രണ്ടുപേരും ലക്ഷ്യംകൂടാതെ നില്ക്കുന്നതുകണ്ടു് നാരദമഹർഷി അവൎക്ക് വിഷ്ണുഭക്തിയും ശാന്തിയും കൈവരുവാൻവേണ്ടി ശപിക്കതന്നെചെയ്തു മനശ്ശാന്തിയില്ലാഞ്ഞാൽ സുഖമെവിടെ?

5 യുവാമവാപ്തൌ കകുഭാത്മതാം ചിരം
ഹരിം നിരീക്ഷ്യാഥ പദം സ്വമാപ്നുതം
ഇതീരിതൌ തൌ ഭവദീക്ഷണസ്പൃഹാം
ഗതൌ വ്രജാന്തേ കകുഭൌ ബഭൂവതുഃ

സാരം:— "നിങ്ങൾ രണ്ടാളും നീർമരുതുമരങ്ങളായിത്തീൎന്ന് ഏറെക്കാലംകഴിയുമ്പോൾ ഹരിദർശനത്താൽ ശാപമോക്ഷംസിദ്ധിച്ചു നിങ്ങളുടെ പൂൎവ്വസ്ഥാനംപ്രാപിക്കുവിൻ' എന്നു് ആ ദിവ്യൎഷിയുടെ ശാപമനുസരിച്ചു് അവർ അമ്പാടിയിൽ നീർമരുതുമരങ്ങളായിത്തീൎന്നു് നിന്തിരുവടിയെ കണ്ടുകൊള്ളുവാനാഗ്രഹിച്ചു നിന്നിരുന്നു.

6 അതന്ദ്രമിന്ദ്രദ്രുയുഗം തഥാവിധം
സമേയുഷാ മന്ഥരഗാമിനാ ത്വയാ
തിരായിതോലൂഖലരോധനിർദ്ധുതൌ
ചിരായ ജീൎണ്ണൌ പരിപാതിതൌ തരൂ

സാരം:—ആ വിധം നില്ക്കുന്ന ആ മരുത്തുമരങ്ങളുടെ സമീപത്തേക്കു നിന്തിരുവടി ഉരലും വലിച്ചു് മന്ദം നടന്നു് അവ രണ്ടിന്റേയും മദ്ധ്യത്തിൽക്കൂടി കടന്നു; അപ്പോൾ അങ്ങയുടെ ഉദരത്തിൽക്കൂടി ബന്ധിച്ചിരുന്ന ഉരൽ വിലങ്ങനെ തടഞ്ഞു് രണ്ടുമരങ്ങളും പഴക്കംചെന്നിരുന്നതിനാൽ വേഗം പൊട്ടി ഞെരിഞ്ഞു മറിഞ്ഞുവീണു.

7 അഭാജിശാഖിദ്വിതയം യദാ ത്വയാ
തദൈവ തൽഗർഭതലാന്നിരേയുഷാ
മഹാത്വിഷാ യക്ഷയുഗേന തൽക്ഷണാ-
ദഭാജി ഗോവിന്ദ ഭവാനപി സ്തവൈഃ

സാരം:—ആ വൃക്ഷങ്ങൾ എപ്പോൾ ഉരൽ തടഞ്ഞു മറിഞ്ഞു വീണുവോ അപ്പോൾ അവയുടെ അന്തർഭാഗത്തു നിന്നും രണ്ടു തേജസ്വികളായ യക്ഷന്മാർ നിന്തിരുവടിയെ സേവിച്ചു വാഴ്ത്തി സ്തുതിച്ചു.

8 ഇഹാന്യഭക്തോƒപി സമേഷ്യതി ക്രമാൽ
ഭവന്തമേതൌ ഖലു രുദ്രസേവകൌ
മുനിപ്രസാദാൽ ഭവദംഘ്രിമാഗതൌ
ഗതൌ വൃണാനൌ ഖലു ഭക്തിമുത്തമാം

സാരം:—ഈ ലോകത്തിൽ മററു ഭക്തന്മാരും ക്രമേണ അങ്ങയെ പ്രാപിയ്ക്കും ശിവസേവചെയ്തിരുന്ന ഇവർ രണ്ടാളും നാരദന്റെ അനുഗ്രഹംകൊണ്ടു് നിന്തിരുവടിയുടെ പാദങ്ങളെ പ്രാപിക്കുകയും അങ്ങയിൽനിന്നു് ശ്രേഷ്ഠഭക്തിയേ വരിച്ചുകൊണ്ടു പോകയും ചെയ്തു.

9 അതസ്തരുദ്ദാരണദാരുണാരവ-
പ്രകമ്പസമ്പാതിനി ഗോപമണ്ഡലേ
വിലജ്ജിതത്വജ്ജനനീമുഖേക്ഷിണാ
വ്യമോക്ഷി നന്ദേന ഭവാൻ വിമോക്ഷദഃ

സാരം:—പിന്നീടു ഗോപാലന്മാരെല്ലാം ആ വൃക്ഷങ്ങൾ ഞെരിഞ്ഞുവീണ ഭയങ്കരശബ്ദംകേട്ടു ഭയപ്പെട്ടു് ചെന്നുനോക്കിയപ്പോൾ, ലജ്ജിച്ചുനില്ക്കുന്ന അങ്ങയുടെ മാതൃമുഖത്തേയ്ക്കു നോക്കുന്ന നന്ദനാൽ മോക്ഷമരുളുന്ന പരാല്പരനായ അങ്ങു് മോചിക്കപ്പെട്ടു.

10 മഹീരുഹോർമ്മദ്ധ്യഗതോ ബതാർഭകോ
ഹരേഃ പ്രഭാവാദപരിക്ഷതോഽധുനാ
ഇതിബ്രുവാണൈർഗ്ഗമിതോ ഗൃഹം ഭവാൻ
മരുൽപുരാധീശ്വര! പാഹി മാം ഗദാൽ

സാരം:—വൃക്ഷങ്ങളുടെ നടുവിൽപെട്ട കുട്ടിക്കു് ഇപ്പോൾ മഹാവിഷ്ണുവിൻെറ മാഹാത്മ്യത്താൽ ഒന്നും പററീട്ടില്ല. ആശ്ചര്യംതന്നെ. എന്നുപറയുന്ന നന്ദാദികളാൽ അങ്ങു ഗൃഹത്തെ നയിക്കപ്പെട്ടു. അല്ലയോ ഗുരുവായൂരപ്പ! ആ അങ്ങു് എന്നെ രോഗത്തിൽനിന്നു രക്ഷിക്കണേ!

# നാല്പത്തിഒമ്പതാം ദശകം

## വൃന്ദാവനഗമനം

1 ഭവൽപ്രഭാവാവിദുരാ ഹി ഗോപാ-
സ്തരുപ്രപാതാദികമത്ര ഗോഷ്ഠേ
അഹേതുമുൽപാതഗണം വിശങ്ക്യ
പ്രയാതുമന്യത്ര മനോ വിതേനുഃ

സാരം:—അങ്ങയുടെ പ്രഭാവത്തെ ഒട്ടും അറിഞ്ഞിട്ടി ല്ലാത്തവരായ ഗോപന്മാർ അമ്പാടിയിൽ ഈവിധം അ കാരണമായി വൃക്ഷങ്ങൾ ഞെരിഞ്ഞുവീഴുകമുതലായ ദുർനി മിത്തങ്ങൾക്കു കാരണം സ്ഥലത്തിന്റെ കുററമെന്നു തോ ന്നുകയാൽ വേറൊരു സ്ഥലത്തേക്കു മാറിപ്പാർക്കുന്നതു് നന്നാ യിരിക്കുമെന്നു അവർ അഭിപ്രായപ്പെട്ടു.

2 തത്രോപനന്ദാഭിധഗോപവര്യോ
ജഗൗ ഭവൽപ്രേരണയൈവ നൂനം
"ഇതഃ പ്രതീച്യാം വിപിനം മനോജ്ഞം
വൃന്ദാവനം നാമ വിരാജതീ"തി

സാരം:—ഇങ്ങനെ ആലോചന നടന്നപ്പോൾ ഒരു ഗോപനാഥനായ 'ഉപനന്ദൻ' 'ഇവിടെനിന്നും പടി ഞ്ഞാറായി, വൃന്ദാവനം എന്നു പേരുള്ള ഒരു വനഭൂമി പ്രശോഭിക്കുന്നുണ്ടു്. അതു്, എങ്ങിനേയും നമുക്കു പാർക്കു വാൻ സുഖമുള്ള സ്ഥലമാണ്." എന്നു പറഞ്ഞു. അങ്ങി നെ പറഞ്ഞതു് നിന്തിരുവടിയുടെ പ്രേരണയാലായിരി ക്കണം. നിശ്ചയംതന്നെ.

3 ബൃഹദ്വനം തൽ ഖലു നന്ദമുഖ്യാ
വിധായ ഗൌഷ്ഠീനമഥ ക്ഷണേന,
ത്വദന്വിതത്വജ്ജനനീ നിവിഷ്ട-
ഗരിഷ്ഠയാനാനുഗതാ വിചേലുഃ

സാരം:—നിന്തിരുവടി അതുവരെ ജനിച്ചുകളിച്ചുവ ളൎന്നതായ ബൃഹദ്വനത്തെ—അമ്പാടിയെ —ഭൂതകാലത്തെ ഗോസ്ഥാനമാക്കീട്ട് അമ്പാടിയെ വെടിഞ്ഞിട്ട്—നന്ദാ ദികളായ ഗോപന്മാർ, നിന്തിരുവടിയും ജ്യേഷ്ഠനും അമ്മ മാരോടുകൂടി വണ്ടിയിൽകയറി യാത്രതുടരുകയും, അതി ന്റെ പുറകെ പശുക്കൂട്ടങ്ങളെയും തെളിച്ചു പുറപ്പെടുക യുംചെയ്തു.

4 അനോമനോജ്ഞധ്വനിധേനുപാളീ-
ഖുരപ്രണാദാന്തരതോ വധൂഭിഃ
ഭവദ്വിനോദാലപിതാക്ഷരാണി
പ്രപീയ നാജ്ഞായത മാർഗ്ഗദൈൎഘ്യം.

സാരം:—വണ്ടിയുടെ കൌതുകമേറിയ ശബ്ദവും ഗോ ക്കളുടെ കുളമ്പടിധ്വനിയും പുറപ്പെടുന്നതിന്നിടയ്ക്ക് അങ്ങ ശ്രുതിമനോഹരമാംവണ്ണം നേരമ്പോക്കായിപ്പറയുന്ന പ്ര സ്ഫുരത്തായ അക്ഷരങ്ങളെ കേട്ടുണ്ടായസന്തോഷത്താൽ സ്ത്രീജനങ്ങൾ വഴിപോയതു് അറിയാതെ ത്വരിതംഗമിച്ചു

5 നിരീക്ഷ്യ വൃന്ദാവനമീശ! നന്ദൽ-
പ്രസൂനകന്ദപ്രമുഖദ്രുമൌഘം
അമോദഥാഃ ശാദ്വലസാന്ദ്രലക്ഷ്മ്യാ
ഹരിന്മണീകുട്ടിമപുഷ്ടശോഭം

സാരം:— അല്ലയോ നാഥ, വളരെ നിബിഡമായി പുഷ്പങ്ങൾ നിറഞ്ഞ കുരുക്കത്തിമുല്ല മുതലായവൃക്ഷങ്ങളോടു കൂടിയതും, ഇന്ദ്രനീലക്കല്ലുകളാൽ പടുത്തുയർത്തിയതുപോലെയുള്ള, ഇടതൂൎന്നു വളൎന്നുനില്ക്കുന്ന പച്ചപ്പുൽത്തകിടികളാൽ ശോഭിക്കുന്നതുമായ വൃന്ദാവനത്തെ നിന്തിരുവടി തൃപ്തനായിക്കണ്ടു.

6 നവാകനിർവ്യൂഢനിവാസഭേദേ-
ഷ്വശേഷഗോപേഷു സുഖാസിതേഷു
വനശ്രിയം ഗോപകിശോരപാളീ-
വിമിശ്രിതഃ പൎയ്യവലോകഥാസ്ത്വം

സാരം: — ഗോപന്മാരെല്ലാം വൃന്ദാവനത്തിൽചെന്നു അവരവൎക്കു സുഖവാസത്തിന്നുപററിയ ഓരോ ഗൃഹങ്ങൾ ഇഷ്ടാനുസരണംകെട്ടിയുണ്ടാക്കി സുഖമായി അതിനുള്ളിൽ താമസമുറപ്പിക്കയും നിന്തിരുവടി ഗോപബാലന്മാരുമായി വൃന്ദാവനത്തിൻെറ മഹിമകളെക്കണ്ടു് ചുററിനടന്നാനന്ദിക്കയും ചെയ്തു.

7 അരാളമാൎഗ്ഗാഗതനിൎമ്മലാപാം
മരാളകൂജാകൃതനൎമ്മലാപാം
നിരന്തരസ്മേരസരോജവക്ത്രാം
കളിന്ദകന്യാം സമലോകയസ്ത്വം.

സാരം:— വളഞ്ഞവഴിയെ ചുററിത്തിരിഞ്ഞു ഒഴുകികൊണ്ടിരിക്കുന്നതും അരയന്നസമൂഹങ്ങളുടെ കൂജനങ്ങളാൽ നേരമ്പോക്കുപറയുന്നുവോ എന്നു തോന്നിക്കുന്നതും ഇടവിടാതെ പുഞ്ചിരിച്ചുനില്ക്കുന്നുവോ എന്നു തോന്നിക്കു

ന്ന വികസിച്ച താമരകളാലും, താമരകളാകുന്ന മുഖത്തോടുകൂടിയതുമായ കാളിന്ദീനദിയെക്കണ്ടു് നിന്തിരുവടി സന്തോഷിച്ചു.

8 മയൂരകേകാശതലോഭനീയം
മയൂഖമാലാശബളം മണീനാം
വിരിഞ്ചലോകസ്പൃശമുച്ചശൃംഗൈ-
ർഗ്ഗിരിഞ്ച ഗോവർദ്ധനമൈക്ഷഥാസ്ത്വം

സാരം:— അനേകം മയിലുകളുടെ ശബ്ദംകൊണ്ടു മനോഹരവും നാനാവിധ രത്നങ്ങളുടെ ശോഭകൊണ്ടു പലവിധ നിറങ്ങളാം പ്രകാശിക്കുന്നതും, അധികവും ആകാശപര്യന്തം ഉയൻനില്ക്കുന്ന ഉന്നതങ്ങളായ ശിഖരങ്ങളാലും വളൻനില്ക്കുന്ന ഗോവർദ്ധനപർവ്വതത്തേയും നിന്തിരുവടി കണ്ടു് സന്തോഷിച്ചു.

9 സമന്തതോ ഗോപകുമാരകൈസ്ത്വം
സമന്തതോ യത്ര വനാന്തമാഗാഃ
തതസ്തതസ്താം കുടിലാമപശ്യഃ
കളിന്ദജാം രാഗവതീമിവൈകാം

സാരം:— നിന്തിരുവടി ഗോപാലബാലന്മാരുമായിവൃന്ദാവനത്തിലെവിടേയും ചുററിസ്സഞ്ചരിച്ചു. എവിടെ നോക്കിയാലും അവിടവിടെ ചുററിവളഞ്ഞൊഴുകുന്ന കാളിന്ദീനദിയെക്കാണാം. ഗൂഢമാർഗ്ഗങ്ങളിൽക്കൂടി അവിടവിടെ വന്നു കണ്ടുമുട്ടുന്ന രാഗപ്രവീണയായ ഒരു സ്ത്രീയെ എന്നപോലെയാണു് കാളിന്ദീനദിയെ അവർ കണ്ടതു്

10 തഥാവിധേഽസ്മിൻ വിപിനേ പശവ്യേ
സമുൽസുകോ വത്സഗണപ്രചാരേ
ചരൻ സരാമോഽഥകുമാരകൈസ്ത്വം
സമീരഗേഹാധിപ! പാഹി രോഗാൽ

സാരം:— അങ്ങിനെയുള്ള കാളിന്ദീനദിയും ഗോവർദ്ധനപർവ്വതവും, പൂമരക്കൂട്ടങ്ങളും മററും മനോഹരമായിപ്പരിലസിക്കുന്നതും, മനോഹാരിതങ്ങളായ ഇളംപുൽത്തകിടികൾ പശുക്കൾക്ക യഥേഷ്ടം മേയുവാനുപയുക്തമായിട്ടുള്ളതും ആയ ആ വൃന്ദാവനത്തിൽ പശുക്കളെ തീററുന്നതിനും മേയ്ക്കുന്നതിനും ആഗ്രഹമുള്ളവനായി, ബലഭദ്രനോടും മററു പശുപാല ബാലന്മാരോടുംകൂടി സഞ്ചരിച്ചു നിന്തിരുവടി അല്ലയോ, ഗുരുവായുപുരേശ! എന്നെ രോഗങ്ങളുടെ ഉപദ്രവത്തിൽനിന്നു രക്ഷിക്കണമെ!

## അമ്പതാം ദശകം

### വത്സാസുരവധവും ബകാസുരവധവും

1 തരളമധുകൃദ്വൃന്ദേ വൃന്ദാവനേഽഥ മനോഹരേ
പശുപശിശുഭിസ്സാകം വത്സാനുപാലനലോലുപഃ
ഹലധരസഖോ ദേവ! ശ്രീമൻ വിചേരിഥ ധാരയൻ
ഗവലമുരളീവേത്രം നേത്രാഭിരാമതനുദ്യുതിഃ

സാരം:— ഹേ! ശ്രീരതനായ ഭഗവാനെ! സൌന്ദര്യസാരസർവ്വസ്വമായ അങ്ങ് ജ്യേഷ്ഠസഹോദരനായ രാമനോ

ട്ടുകൂടി വണ്ടുകൾതുപ്പ്ലിയാന്റ ഝംകാരത്തോടെ അവിടവിടെ കൂട്ടംചേൎന്നു് നടക്കുന്ന മോഹനവൃന്ദാവനത്തിൽ കൊമ്പ് മുരളി ചൂരൽക്കോൽ മുതലായവകളും ധരിച്ചു് കന്നുകുട്ടികളെ മേയ്ക്കുവാൻ ഔൽസുക്യമുള്ളവനായി ഗോപബാലന്മാരോടുകൂടി സഞ്ചരിച്ചു.

2 വിഹിതജഗതീരക്ഷം ലക്ഷ്മീകരാംബുജലാളിതം
ദദതി ചരണദ്വന്ദ്വം വൃന്ദാവനേ ത്വയി പാവനേ
കിമിവ ന ബഭൌ സമ്പത്സംപൂരിതം തരുവല്ലരീ-
സലിലധരണീഗോത്രക്ഷേത്രാദികം? കമലാപതേ'

സാരം — ഹേ ലക്ഷ്മീകാന്ത! ത്രൈലോക്യത്തിന്നു രക്ഷയരുളുന്നതും ലക്ഷ്മീദേവിയുടെ കയ്ത്താരുകളാൽ തലോടുന്നതുമായ നിന്തിരുവടിയുടെ തൃച്ചേവടി എന്നു് ഈ വൃന്ദാവനത്തിൽവെച്ചോ അന്നുമുതൽ വൃക്ഷങ്ങൾ, വള്ളികൾ, ജലം, ഭൂമി, പൎവ്വതം, വയൽ മുതലായവ പരിശുദ്ധിയേറിയ ഈ വൃന്ദാവനത്തിൽ ഏതാണഭിവൃദ്ധിയെ പ്രാപിക്കാതിരുന്നതു്?—ഐശ്വൎയ്യസമ്പൂൎണ്ണമാകാതിരുന്നതു്?

3 വിലസദുലപേ കാന്താരാന്തേ, സമീരണശീതളേ
വിപുലയമുനാതീരേ, ഗോവൎദ്ധനാചലമൂൎദ്ധസു;
ലളിതമുരളീനാദഃ സഞ്ചാരയൻ ഖലു വാത്സകം
ക്വചന ദിവസേ ദൈത്യം വത്സാകൃതിം ത്വമുദൈക്ഷഥാഃ

സാരം:— ഗോവൎദ്ധനഗിരിയുടെ മുകൾഭാഗങ്ങളിലും വിസ്തൃതയമുനാതടതീരത്തിലും, യമുനയിൽനിന്നുവരുന്ന കുളൎമ്മയേറിയ കാററുതട്ടി വള്ളിപ്പടൎപ്പുകളെക്കൊണ്ടു ശോഭിക്കുന്ന വനാന്തരങ്ങളിലും നിന്തിരുവടി മോഹനമായ മു

രളിയേ വിളിച്ചുകൊണ്ട് ഗോവത്സങ്ങളെ മേച്ചുകൊണ്ടിരിക്കുമ്പോാം ഒരു ദിവസം പശുക്കുട്ടിയുടെ വേഷംധരിച്ച ഒരസുരനെ കണ്ടു.

4 രഭസവിചലൽപുച്ഛം വിച്ഛായതോസ്യ വിലോകയൻ
കിമപി വലിതസ്കന്ധം രന്ധ്രപ്രതീക്ഷമുദീക്ഷിതം
തമഥ ചരണേ ബിഭ്രദ്വിഭ്രാമയൻ മുഹുരുച്ചകൈഃ
കുഹചന മഹാവൃക്ഷേ ചിക്ഷേപിഥ ക്ഷതജീവിതം.

സാരം:—ആ അസുരനായ പശുക്കുട്ടിയെ-നിന്തിരുവടിയേക്കൊല്ലാൻ തരംനോക്കിക്കൊണ്ട്, അല്പം കഴുത്തു തിരിച്ച് വാലിളക്കി സമയം പ്രതീക്ഷിച്ച് സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അവനെ—നിന്തിരുവടിതിരിച്ചറിഞ്ഞു അവൻെറ നാലുകാലുംപിടിച്ച് തലക്കുമീതെ ചുഴററി മേല്പോട്ടെറികയും, അവൻെറ ചത്തശരീരം വൃക്ഷങ്ങളിൽത്തട്ടി താഴെ വീഴുകയും ചെയ്തു.

5 നിപതതി മഹാദൈത്യേ ജാത്യാ ദുരാത്മനി തൽക്ഷണം
നിപതനജവക്ഷുണ്ണക്ഷോണീരുഹക്ഷതകാനനേ
ദിവി പരിമളദ്രൃന്ദാ വൃന്ദാരകാഃ കുസുമോൽക്കരൈഃ
ശിരസി ഭവതോ ഹർഷാദ്വർഷന്തി നാമ തദാ ഹരേ!

സാരം—സ്വതവേ ദുഷ്ടനായ ആ അസുരൻ ചത്തു വീണപ്പോാം അതിൻെറ ശക്തികൊണ്ടു വളരെ മരങ്ങാം കാട്ടിൽ മറിഞ്ഞുവീണു നാശത്തെച്ചെയ്യുകയുണ്ടായി. ആ സമയം ദേവന്മാർ ആകാശത്തുനിന്ന് അനേകം പുഷ്പങ്ങളെ ഉതിർത്തു.

6 സുരഭിലതമാ മൂർദ്ധ്ന്യൂർദ്ധ്വം കുതഃ കുസുമാവലീ
നിപതതി തവേത്യുക്തോ ബാലൈസ്സഹേലമുദൈരയഃ
'ഝടിതി ദനുജക്ഷേപേണോർദ്ധ്വം ഗതസ്തരു മണ്ഡലാൽ
കുസുമനികരസ്സോയം നൂനം സമേതി ശനൈ'രിതി

സാരം:—അത്യന്തം സൌന്ദര്യമുള്ള പുഷ്പങ്ങൾ മുകളിൽനിന്നു് നിന്റെ തലയിൽ വീഴുന്നതെന്താണു്' എന്നു് കൂട്ടുകാരായ ബാലന്മാർ നിന്തിരുവടിയോടു ചോദിച്ചപ്പോൾ: നിസ്സാരഭാവത്തിൽ 'ഓ! അതു് അസുരനെ എറിഞ്ഞപ്പോൾ വൃക്ഷങ്ങളിൽനിന്നുമേല്പോട്ടു തെറിച്ചുപോയ പുഷ്പങ്ങൾ സാവധാനം വീഴുന്നതായിരിക്കും' എന്നു് നിന്തിരുവടി അരുളിച്ചെയ്തു.

7 കദാപി ദിവസേ ഭൂയോ ഭൂയസ്തരേ പരുഷാതപേ
തപനതനയാപാഥഃ പാതും ഗതാ ഭവദാദയഃ
ചലിതഗരുതം പ്രേക്ഷാമാസുർബകം ഖലു വിസ്മൃതം
ക്ഷിതിധരഗരുച്ഛേദേ കൈലാസശൈലമിവാപരം.

സാരം:—പൊരിഞ്ഞ വെയിലുള്ള ഒരു ദിവസം കാളിന്ദിയിൽനിന്നു ജലപാനംചെയ്യുവാൻപോയ നിന്തിരുവടിയും, ബാലന്മാരും, പണ്ടു പർവ്വതങ്ങളുടെ ചിറകുകൾ ഇന്ദ്രൻ വെട്ടിയപ്പോൾ വീണുകിടക്കുന്ന ഒരു കൈലാസപർവ്വതംപോലെ ചിറകുവിരുത്തി നില്ക്കുന്ന ബകനെക്കണ്ടു.

8 പിബതി സലിലം ഗോപവ്രാതേ ഭവന്തമഭിദ്രുതഃ
സ കില നിഗിലന്നഗ്നിപ്രഖ്യം പുനർദ്രുതമുദ്വമൻ
ദലയിതുമഗാത് ത്രോട്യാഃ കോട്യാ തദാശു ഭവാൻ വിഭോ
ഖലജനഭിദാ ചഞ്ചുശ്ചഞ്ചൂ പ്രഗൃഹ്യ ദദാര തം.

സാരം: — ഗോപന്മാർ വെള്ളം കുടിച്ചു നില്ക്കുമ്പോൾ ആ കൊക്ക് അങ്ങയുടെ നേരേ പാഞ്ഞുവന്ന് തിന്തിരുവടിയേ വിഴുങ്ങി. അപ്പോൾ തീ വിഴുങ്ങിയതുപോലെ കൊക്കിന്റെ ചുട്ടുനീറിപ്പൊള്ളുകയാൽ ഉടനെ പുറത്തേയ്ക്കു വലിച്ചു. അപ്പോൾ ആ കൊക്ക് ചുണ്ടിന്റെ അററംകൊണ്ട് തിന്തിരുവടിയെ കൊത്തിപ്പിളക്കുവാനായടുത്തു. ദുഷ്ടനാശം വരുത്തുന്നതിന്ന ജാഗരൂകനും താല്പര്യമുള്ളവനുമായ അങ്ങ് അവന്റെ ചുണ്ടുരണ്ടും പിളന്ന രണ്ടാക്കിക്കളഞ്ഞു.

9 സപദി സഹജാം സന്ദ്രഷ്ടും വാ മൃതാം ഖലു പൂതനാ-
മനുജമഘമപ്യഗ്രേ ഗത്വാ പ്രതീക്ഷിതുമേവ വാ
ശമനനിലയം യാതേ തസ്മിൻ ബകേ സുമനോഗണേ
കിരതി സുമനോവൃന്ദം വൃന്ദാവനാദ് ഗൃഹമൈയഥാഃ

സാരം: — മരിച്ചുപോയ സഹോദരിയായ പൂതനയേ പോയി കാണ്മാനോ, അല്ല, അനുജനായ അഘാസുരനെ മുൻകൂട്ടിച്ചെന്ന കാത്തുനില്ക്കുവാനോ എന്നറിഞ്ഞില്ല, ബകാസുരൻ കാലപുരം പ്രാപിച്ചപ്പോൾ ദേവഗണം പുഷ്പവർഷം ചെയ്കയുംചെയ്തു. പിന്നെ അങ്ങ് കൂട്ടുകാരോടുകൂടി ഗോകുലം പ്രാപിച്ചു.

10 ലളിതമുരളീനാദം ദൂരാന്നിശമ്യ വധൂജനൈ-
സ്ത്വരിതമുപഗമ്യാരാദാരൂഢമോദമുദീക്ഷിതഃ
ജനിതജനനീനന്ദാനന്ദസ്സമീരണമന്ദിര-
പ്രഥിതവസതേ ശൗരേ ദൂരീകുരുഷ്വ മമാമയാൻ.

സാരം: — ഗുരുവായുപുരത്തിൽ ഭക്തജനപാലനായി പ്രസിദ്ധവാസത്തോടുകൂടിയ ശൗരേ! ദൂരത്തുനിന്നും മോഹനമായ വേണുനാദംകേട്ട് ഗോപസ്ത്രീകളാൽ വേഗംചെന്ന

ദശിക്കപ്പെട്ടവനും അച്ഛനമ്മമാക്ക് ആനന്ദത്തെ അരുളുന്നവ നമായ നിന്തിരുവടി എൻെറ രോഗങ്ങളെ ദൂരീകരിക്കേണമേ

★

## അമ്പത്തിഒന്നാം ദശകം

### അഘാസുരവധം

1 കദാചന വ്രജശിശുഭിസ്സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈർന്നിരഗമദീശ!ജേമനൈഃ

സാരം:—അല്ലയോ ഈശ! ഒരു ദിവസം അങ്ങ് വനഭോജന കൌതുകത്തോടെ ചോറും കറികളും എടുത്ത് ചങ്ങാതിമാരോടും പശുക്കുട്ടികളോടും ചേൎന്ന് ഒരു പ്രഭാതത്തിൽ ഗോകുലത്തിൽനിന്നു പുറപ്പെട്ടു

2 വിനിർയ്യതസ്തവ ചരണാംബുജദ്വയാ-
ദുദഞ്ചിതം ത്രിഭുവനപാവനം രജഃ
മഹർഷയഃ പുളകധരൈഃ കളേബരൈ-
രുദൂഹിരേ ധൃതഭവദീക്ഷണോത്സവാഃ

സാരം:—അങ്ങയുടെ തൃപ്പാദങ്ങളിൽനിന്നുതിരുന്ന പാദപാംസുക്കളെ, മഹർഷിമാർ ഭഗവദ്ദൎശനോത്സവസുഖത്തെ അനുഭവിക്കുന്നതിനായി ഗോകുലത്തിൽനിന്നും വൃന്ദാവനത്തിലേയ്ക്കെഴുന്നെള്ളുന്ന അങ്ങയെക്കണ്ടുകണ്ടാനന്ദിച്ച് രോമാഞ്ചകഞ്ചുകിതരായി ശിരസ്സിൽ ധരിച്ചു.

3 പ്രചാരയത്യവിരളശാദ്വലേ തലേ
പശൂൻ വിഭോ ഭവതി സമം കുമാരകൈഃ
അഘാസുരോ ന്യരുണദഘായ വർത്തിനീം
ഭയാനകസ്സപദി ശയാനകാകൃതിഃ

സാരം:—ഹേ വിഭോ, അങ്ങ് ഗോപകുമാരന്മാരോട്ടുകൂടി പശുക്കളേയും വത്സങ്ങളേയും നല്ല പുല്പ്പാടങ്ങളിൽ മേച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു പെരുമ്പാമ്പിന്റെ ആകൃതിയിൽ ഭയങ്കരസ്വരൂപനായ അഘാസുരൻ അങ്ങയെ ഉപദ്രവിപ്പാനായി വഴിയിൽ കിടന്നു.

4 മഹാചലപ്രതിമതനോർഗ്ഗുഹാനിഭ-
പ്രസാരിതപ്രഥിതമുഖസ്യ കാനനേ
മുഖോദരം വിഹരണകൌതുകാദ് ഗതാഃ
കുമാരകാഃ കിമപി വിദൂരഗേ ത്വയി

സാരം:—അങ്ങ് കുറച്ചുകലം പോയപ്പോൾ ഗോപാലന്മാർ കാട്ടിൽ വലിയ പർവ്വതാകാരനായ ഒരു പെരുമ്പാമ്പ് ഗുഹപോലെ വിടൎന്നിരിക്കുന്ന വിസ്താരമുള്ള വായും പിളൎന്നുനില്ക്കുന്നതു് അറിയാതെ; കളിക്കാനുള്ള കൌതുകത്താൽ വായാകുന്ന ഗുഹയിലേക്ക് കടന്നു.

5 പ്രമാദതഃ പ്രവിശതി പന്നഗോദരം
ക്വഥത്തനൌ പശുപകുലേ സവാത്സകേ
വിദന്നിദം ത്വമപി വിവേശിഥ പ്രഭോ!
സുഹൃജ്ജനം വിശരണമാശു രക്ഷിതും

സാരം:—പെരുമ്പാമ്പിന്റെ വായ്ക്കകത്തു്, സൂക്ഷിക്കായ്കയാൽ ഗോപബാലന്മാരും പശുക്കുട്ടികളും പ്രവേശി

ച്ച് ശരീരം വെന്തു കഷ്ടപ്പെട്ടുമ്പോഠം, വാൎത്തയറിഞ്ഞു വേറൊരാശ്രയവുമില്ലാത്ത ബന്ധുജനങ്ങളെ നിന്തിരുവടി ഉടൻ രക്ഷിക്കുവാനായി പെരുമ്പാമ്പിൻെറ ഉള്ളിൽ പ്രവേശിച്ചു.

6 ഗളോദരേ വിപുലിതവൎഷ്മണാ ത്വയാ
മഹോരഗേ ലുഠതി നിരുദ്ധമാരുതേ
ദ്രുതം ഭവാൻ വിദലിതകണ്ഠമണ്ഡലോ
വിമോചയൻ പശുപപശൂൻ വിനിൎയ്യയൌ

സാരം:—ആ പെരുമ്പാമ്പ്, നിന്തിരുവടികണ്ഠനാളത്തിൽചെന്നു് ശരീരം വലുതാക്കിയതിനാൽ ശ്വാസം മുട്ടിക്കിടന്നു പിടയ്ക്കുമ്പോഠം അവൻെറ കണ്ഠമൂലം ഭേദിച്ചു ഗോപാലന്മാരേയും പശുക്കളേയും പുറത്താക്കി താനും വെളിക്കുപോന്നു.

7 ക്ഷണം ദിവി ത്വദുപഗമാൎത്ഥമാസ്ഥിതം
മഹാസുരപ്രഭവമഹോ മഹോ മഹൽ
വിനിൎഗ്ഗതേ ത്വയി തു നിലീനമഞ്ജസാ
നഭസ്ഥലേ നനൃതുരഥോ ജഗുസ്സുരാഃ

സാരം:—ക്ഷണമാത്രം ആകാശത്തിൽ സ്ഥിതിചെയ്തതും മഹാസുരനിൽനിന്നു പുറപ്പെട്ടതുമായ അതിമഹത്തായ തേജസ്സ് അങ്ങയേ പ്രാപിപ്പാനായി അസുരഗളത്തിൽനിന്നു വെളിക്കു പുറപ്പെട്ട് നിന്തിരുവടിയിൽ ലയിച്ചു. ആ സമയം അംബരചാരികഠം നൃത്തംവെച്ചു പാടിപ്പുകഴ്ത്തുകയും പുഷ്പവൎഷം ചെയ്കയും ചെയ്തു.

8 സവിസ്മയൈഃ കമലഭവാദിഭിഃ സുരൈ–
രനുദ്രുതസ്തദനുഗതഃ കുമാരകൈഃ

ദിനേ പുനസ്തരുണദശാമുപേയുഷി
സഖൈർഭവാനതനുത ഭോജനോത്സവം

സാരം:—അത്ഭുതാവഹരായി നില്ക്കുന്ന ബ്രഹ്മാദി ദേവന്മാർ പിന്തുടരുന്ന അങ്ങ് പിന്നെ ഗോപന്മാരോടുകൂടെ നടന്നു. മദ്ധ്യാഹ്നമായപ്പോൾ ബന്ധുക്കളോടുകൂടി സന്തോഷസല്ലാപങ്ങളാൽ രസിച്ച് ഉത്സാഹമായി സുഖമായി ഊണുകഴിച്ചു.

9 വിഷാണികാമപി മുരളീം നിതംബകേ
നിവേശയൻ കബളധരഃ കരാംബുജേ
പ്രഹാസയൻ കളവചനൈഃ കുമാരകാൻ
ബുഭോജിഥ ത്രിദശഗണൈർമ്മുദാനതഃ

സാരം:—കൊമ്പും ഓടക്കുഴലും അരയിൽ തിരുകിയ നിന്തിരുവടി ഉരുളയെടുത്ത് അതിരസങ്ങളായ വിനോദവചനങ്ങളാൽ ഗോപകുമാരന്മാരെ ചിരിപ്പിച്ചുകൊണ്ടു് ഭോജനം കഴിച്ചു. ആ അവസരത്തിൽ ദേവന്മാർ സന്തോഷത്തോടുകൂടി അങ്ങയെ സ്തുതിച്ചു.

10 സുഖാശനന്ത്വിഹ തവ ഗോപമണ്ഡലേ
മഖാശനാൽ പ്രിയമിവ ദേവമണ്ഡലേ'
ഇതി സ്തുതസ്ത്രിദശവരൈർജ്ജഗല്പതേ
മരുൽപുരീനിലയ ഗദാത് പ്രപാഹി മാം.

സാരം:—"ദേവന്മാരുടെ കൂടെയിരുന്ന് യജ്ഞാംശം ഭുജിക്കുന്നതിനേക്കാൾ പ്രിയം നിന്തിരുവടിക്ക് ഗോപന്മാരുടെ കൂടെയിരുന്ന് സുഖമായി ഊണുകഴിക്കുന്നതാണ് എന്നു തോന്നുന്നു" എന്നിങ്ങിനെ ദേവകദംബം സ്തുതിച്ച നിന്തിരുവടി അല്ലയോ ഗുരുവായൂരപ്പ! എന്നെ രോഗങ്ങളിൽനിന്നു രക്ഷിക്കേണമേ!

## അമ്പത്തിരണ്ടാം ദശകം

### വത്സസ്തേയം

1 അന്യാവതാരനികരേഷ്വനിരീക്ഷിതം തേ
ഭൂമാതിരേകമഭിവീക്ഷ്യ തദാഘമോക്ഷേ
ബ്രഹ്മാ പരീക്ഷിതുമനാഃ സ പരോക്ഷഭാവം
നിന്യേഥ വത്സകഗണാൻ പ്രവിതത്യ മായാം

സാരം:—നിന്തിരുവടിക്ക് മററവതാരങ്ങളിലെങ്ങും കണ്ടിട്ടില്ലാത്ത പ്രഭാവാതിശയം അഘാസുരവധത്തിൽ പ്രകാശിച്ചതു കണ്ടിട്ട് നാന്മുഖൻ അങ്ങയെ ഒന്നു പരീക്ഷിപ്പാനായി മായയാൽ പശുക്കുട്ടികളെയെല്ലാം മറച്ചുകളഞ്ഞു

2 വത്സാനവീക്ഷ്യ വിവശേ പശുപോത്കരേ താ-
നാനേതുകാമ ഇവ ധാതൃമതാനുവർത്തീ
ത്വം സാമിഭുക്തകബളോ ഗതവാംസ്തദാനീം
ഭുക്താംസ്തിരോധിത സരോജഭവഃ കുമാരാൻ.

സാരം:—ഗോപാലന്മാർ പശുക്കിടാങ്ങളെക്കാണാതെ സങ്കടപ്പെട്ടപ്പോഠം, ബ്രഹ്മാവിൻെറ ഇഷ്ടത്തിനു അനുകൂലിച്ചുകൊണ്ട്, നിന്തിരുവടി ഉണ്ടുകൊണ്ടിരുന്ന ഉരുള മുഴുവനുമുണ്ണാതെ പശുക്കുട്ടികളെക്കൊണ്ടുവരാനെന്ന ഭാവത്തിൽ അവിടെനിന്നു പോയി. ആ സമയം ഊണു കഴിച്ചിരുന്ന ഗോപാലന്മാരേ ബ്രഹ്മാവും മറച്ചു.

3 വത്സായിതസ്തദനു ഗോപഗണായിതസ്ത്വം
ശിക്യാദി ഭാണ്ഡമുരളീഗവലാദിരൂപഃ
പ്രാഗ്വദ്വിഹൃത്യ വിപിനേഷു ചിരായ സായം
ത്വം മായയാഥ ബഹുധാ വ്രജമായയാഥ.

സാരം:— അനന്തരം മായകൊണ്ട് നിന്തിരുവടിതന്നെ, ഗോവത്സങ്ങളായിട്ടും ഗോപബാലന്മാരായിട്ടും ഉറി പാത്രങ്ങൾ, ഓടക്കുഴൽ, കൊമ്പ് മുതലായ സാധനങ്ങളായിട്ടും, പലവിധ രൂപങ്ങളും പൂണ്ട് മുമ്പിലത്തേപോലെ വൈകുന്നേരമാകുംവരെ വനത്തിൽ കളിച്ച് ഗോകുലത്തിലേയ്ക്കു മടങ്ങി.

4 ത്വാമേവ ശിക്യഗവലാദിമയം ദധാനോ
ഭൂയസ്ത്വമേവ പശുവത്സകബാലരൂപഃ
ഗോരൂപിണീഭിരപി ഗോപവധൂമയീഭി-
രാസാദിതോസി ജനനീഭിരതിപ്രഹർഷാൽ.

സാരം:— വീണ്ടും പശുക്കുട്ടികളും ബാലന്മാരുമായി ത്തീൎന്ന അങ്ങുതന്നെ ഉറി, കൊമ്പ് മുതലായവയുടെ ആകൃതിയേ വഹിച്ച് ഗോകുലത്തിൽവന്നു. അങ്ങയെത്തന്നെ ഗോപസ്ത്രീകളും പശുക്കളുമായ അമ്മമാർ സന്തോഷത്തോടെ പതിവിൻപടി സ്വീകരിച്ചു. തങ്ങളുടെ കുട്ടികൾക്കു ചെയ്യുന്ന ലാളനാദികൾ പതിവുപോലെ അവർ നിന്തിരുവടിക്കു ചെയ്തു.

5 ജീവം ഹി കിഞ്ചിദഭിമാനവശാത് സ്വകീയം
മത്വാ തനൂജ ഇതി രാഗഭരം വഹന്ത്യഃ
ആത്മാനമേവ തു ഭവന്തമവാപ്യ സൂനും
പ്രീതിം യയുൎന്ന കിയതീം വനിതാശ്ച ഗാവഃ

സാരം:— അഭിമാനത്താൽ സ്വന്തം ജീവനെത്തന്നെ സ്വപുത്രനാണെന്ന വിചാരിച്ച് സ്നേഹാതിശയം കവിഞ്ഞൊഴുകുന്ന ആ സ്ത്രീകളും പശുക്കളും സ്വന്തം ആത്മാക്കളാകുന്ന അങ്ങാകുന്ന പുത്രനെ ലഭിച്ച് എത്രമാത്രം സന്തോഷത്തെ പ്രാപിച്ചില്ല.

6 ഏവം പ്രതിക്ഷണവിജൃംഭിതഹർഷഭാര-
നിശ്ശേഷഗോപഗണലാളിതഭൂരിമൂർത്തിം
ത്വാമഗ്രജോപി ബുബുധേ കില വത്സരാന്തേ
ബ്രഹ്മാത്മനോരപി മഹാൻ യുവയോർവ്വിശേഷഃ

സാരം:— ഈവിധം പൊട്ടുന്നനവേ സിദ്ധിക്കുന്ന വർദ്ധിച്ച സന്തോഷാധിക്യത്തോടുകൂടിയ എല്ലാ ഗോപസമൂഹങ്ങളാലും താലോലിക്കപ്പെട്ട അനേകരൂപത്തോടുകൂടിയ അങ്ങയെ ജ്യേഷ്ഠനായ ബലഭദ്രൻപോലും വർഷാവസാനത്തിലേ തിരിച്ചറിഞ്ഞുള്ളുപോൽ! ബ്രഹ്മസ്വരൂപികളായ നിങ്ങൾക്കുതമ്മിൽ വലിയ വ്യത്യാസമുണ്ട്.

7 വർഷാവധൌ നവപുരാതനവത്സപാലാൻ
ദൃഷ്ട്വാ വിവേകമസൃണേ ദ്രുഹിണേ വിമൂഢേ
പ്രാദീദൃശഃ പ്രതിനവാൻ മകുടാംഗദാദി
ഭൂഷാംശ്ചതുർഭുജയുജസ്സജലാംബുദാഭാൻ.

സാരം:— വർഷാവസാനത്തിൽ പുതിയതും പഴയതുമായ പശുക്കുട്ടികളേയും ബാലന്മാരേയും കണ്ട് തിരിച്ചറിയുവാൻ കഴിയാതെ മൂഢനായി നില്ക്കുന്ന ബ്രഹ്മാവ് അവശനായെന്നറിഞ്ഞ നിന്തിരുവടി, പുതിയവയെ കിരീടം തോൾവള മുതലായ അലങ്കാരങ്ങളുള്ളവയും നാലു കൈകളോടും മേഘകാന്തിയോടുംകൂടിയവരുമായി പ്രദർശിപ്പിച്ചു

8 പ്രത്യേകമേവ കമലാപരിലാളിതാംഗാൻ
ഭോഗീന്ദ്രഭോഗശയനാൻ നയനാഭിരാമാൻ
ലീലാനിമീലിതദൃശഃ സനകാദിയോഗി-
വ്യാസേവിതാൻ കമലഭൂർഭവതോ ദദർശ

സാരം:—ആലിംഗനചുംബനാദികൾ ചെയ്തും ലക്ഷ്മീദേവിയാൽ ഓമനിക്കന്ന അവയവവിശേഷങ്ങളോടുകൂടിയവരും ഭോഗിതല്പസ്ഥിതന്മാരും നേത്രത്തിന കുളുമ്മയെ നല്കുന്നവരും ലീലയാ നേത്രോന്മീലനം ചെയ്തിട്ടുള്ളവരും സനകാദിയോഗീന്ദ്രന്മാരാൽ സേവിക്കപ്പെട്ടവരുമായ നന്തിരുവടിമാരെ ബ്രഹ്മാവു കണ്ടു.

9 നാരായണാകൃതിമസംഖ്യതമാം നിരീക്ഷ്യ
സർവ്വത്ര സേവകമപി സ്വയമേവ ധാതാ
മായാനിമഗ്നഹൃദയോ വിമുമോഹ യാവ-
ദേകോ ബഭൂവിഥ തദാ കബളാർദ്ധപാണിഃ

സാരം:—എണ്ണിയാൽ അവസാനിക്കാത്ത വിഷ്ണുരൂപത്തേയും അവരെ സേവിച്ചുകൊണ്ടു നില്ക്കുന്ന തന്നേയും അപ്രകാരം തന്നെകണ്ടു്, ബ്രഹ്മാവ് അങ്ങയുടെ മായയിൽ മുങ്ങിക്കുഴങ്ങിയപ്പോൾ, നിന്തിരുവടി—ഭക്താർത്തിഭഞ്ജനനായ നിന്തിരുവടി—പകുതി ഉരുളകയ്യിലുള്ള ഒരാൾമാത്രമായിട്ടുതീൎന്നു.

10 നശ്യന്മദേ തദനു വിശ്വപതിം മുഹുസ്ത്വാം
നത്വാ ച നൂതവതി ധാതരി ധാമ യാതേ
പോതൈഃ സമം പ്രമുദിതൈഃ പ്രവിശൻ നികേതം
വാതാലയാധിപ! വിഭോ പരിപാഹി രോഗാൽ

സാരം:—ബ്രഹ്മാവ് അഹങ്കാരം നശിച്ച് ത്രിഭുവനത്തിനും നാഥനായ നിന്തിരുവടിയെ പിന്നേയും പിന്നേയും നമസ്കരിക്കുക, സ്തുതിക്കുക മററുമായ ഭക്തിഭാവനകളെ ചെയ്തുകൊണ്ട്, തൻെറ സ്ഥാനത്തിലേക്കു പോയപ്പോൾ പശുക്കുട്ടികളോടും ഗോപകുട്ടികളോടുംകൂടി ഗോകുലത്തിൽ പോയ നിന്തിരുവടി, അല്ലയോ ഗുരുവായുപുരേശ! എന്നെ രോഗത്തിൽനിന്നു രക്ഷിക്കണേ!

## അമ്പത്തിമൂന്നാം ദശകം

### (ധേനുകാസുരവധം)

1 അതീത്യ ബാല്യം ജഗതാം പതേ ത്വ-
മുപേത്യ പൌഗണ്ഡവയോ മനോജ്ഞം
ഉപേക്ഷ്യ വത്സാവനമുത്സവേന
പ്രാവർത്ഥഥാ ഗോഗണപാലനായ

സാരം:—അല്ലയോ ലോകേശ! അങ്ങ് ബാല്യം കഴിഞ്ഞ് പൌഗണ്ഡവയസ്സിൽ (അഞ്ചുമുതൽ പതിനാറുവരെയുള്ള വയസ്സ്) എത്തിയപ്പോൾ പശുക്കുട്ടികളെ മേയ്ക്കുന്ന പ്രവൃത്തിയിൽനിന്ന് കയറി പശുക്കളെ മേയ്ക്കുന്നതിന് തയാറായി മേച്ചുതുടങ്ങി.

2 ഉപക്രമസ്യാനുഗുണൈവ സേയം
മരുൽപുരാധീശ! തവ പ്രവൃത്തിഃ
ഗോത്രാപരിത്രാണകൃതേƒവതീർണ്ണ-
സ്തദേവ ദേവാരഭഥാസ്തദാ യത്.

സാരം:—ഹേ! ഗുരുവായൂരപ്പ! അങ്ങയുടെ ആരംഭം അങ്ങ തുടങ്ങിയ കാൎയ്യത്തിന്നുയോജിച്ചതാണു്. അങ്ങ് ഭൂമിയെ രക്ഷിക്കാനായിട്ടാണ്— — ഗോത്രാപരിത്രാണനത്തിന്നായിട്ടാണ്—അവതരിച്ചത്. അതിനാൽ ആ ഗോത്രാപരിത്രാണനംതന്നെ ചെയ്യാൻ തുടങ്ങിയത് വളരെനന്നായി. ഗോത്രാപരിത്രാണനം കുട്ടിക്കാലംമുതല്ക്കുതുടങ്ങി. ഭാവിയിൽമറെറാരുവിധത്തിൽ നടത്താൻപോകുന്ന സൂചന തന്നെയാണോ്ു

3 കദാപി രാമേണ സമം വനാന്തേ
വനശ്രിയം വീക്ഷ്യ ചരൻ സുഖേന
ശ്രീദാമനാമ്നഃ സ്വസഖസ്യ വാചാ
മോദാദഗാദ്ധേനുകകാനനം ത്വം.

സാരം:—ഒരിക്കൽരാമനോട്ടുക്കൂടി കാട്ടിൽ വനലക്ഷ്മിയെകണ്ടു കണ്ടാനന്ദത്തോടെ സഞ്ചരിക്കുന്ന അങ്ങ് ശ്രീദാമാവെന്ന പേരുള്ള തന്റെ ചങ്ങാതിയുടെ ഉപദേശപ്രകാരം ധേനുകവനത്തിലേക്ക സന്തോഷപൂൎവ്വം പുറപ്പെട്ടു

4 ഉത്താളതാളീനിവഹേ ത്വദുക്ത്യാ
ബലേന ധൂതേഥ ബലേന ദോർഭ്യാം
മൃദുഃ ഖരശ്ചാഭ്യപതൽ പുരസ്താൽ
ഫലോൽക്കരോ ധേനുകദാനവോപി.

സാരം:—ബലഭദ്രൻ അങ്ങയുടെ വാക്കനുസരിച്ച് ഉയൎന്നുനില്ക്കുന്ന കരിമ്പനക്കൂട്ടങ്ങളെ കൈകളെക്കൊണ്ടു ഊക്കോടെ കുലുക്കിയപ്പോറം മാൎദ്ദവമേറിയതും ഉറപ്പുള്ളതുമായ കരിമ്പനപ്പഴങ്ങളും അതുപോലെതന്നെ കട്ടുപ്പമേറിയ ധേനുകാസുരനും മുമ്പിൽ ചാടിവീണു.

5 സമുദ്യതോ ധൈനുകപാലനേഹം
കഥം വധം ധൈനുകമദ്യ കുർവ്വേ
ഇതീവ മത്വാ ധ്രുവമഗ്രജേന
സുരൌഘയോദ്ധാരമജീഘനസ്ത്വം

സാരം:—ധൈനുകത്തെ— പശുക്കളെ— രക്ഷിക്കുവാനൊരുങ്ങിയ ഞാനെങ്ങിനെയാണ് ധൈനുകവധം ചെയ്യുക; എന്നു വിചാരിച്ചിട്ടാണോ എന്നു തോന്നുംവിധം ജ്യേഷ്ഠനെക്കൊണ്ട് ദേവദ്രോഹിയായ അവനെക്കൊല്ലിച്ചു

6 തദീയഭൃത്യാനപി ജംബുകത്വേ-
നോപാഗതാനഗ്രജസംയുതസ്ത്വം
ജംബൂഫലാനീവ തദാ നിരാസ്ഥ-
സ്താലേഷു ഖേലൻ ഭഗവൻ നിരാസ്ഥഃ

സാരം:— അല്ലയോ ഭഗവാനെ! അപ്പോഴം കുറുക്കന്മാരുടെരൂപത്തിൽ എതൃത്തുവന്ന ധേനുകൻെറ ഭൃത്യന്മാരേയും അങ്ങ് ജ്യേഷ്ഠനോടുകൂടി നിഷ്പ്രയാസം ഞാവലിൻപഴമെന്നപോലെ കരിമ്പനകളിൽ വലിച്ചെറിഞ്ഞുകൊന്നു

7 വിനിഘ്നതി ത്വയ്യഥ ജംബുകൌഘം
സനാമകത്വാദ്വരുണസ്തദാനീം
ഭയാകുലോ ജംബുകനാമധേയം
ശ്രുതിപ്രസിദ്ധം വ്യധിതേതി മന്യേ.

സാരം:—അങ്ങ് ജംബുകസമൂഹത്തെ കൊന്നുതുടങ്ങിയപ്പോഴം ആ പേരുള്ളവരുണൻഭയപ്പെട്ട് തനിക്കുജംബുകൻ എന്നുള്ള പേരിനെ ശ്രുതികളിൽമാത്രം പ്രസിദ്ധമാക്കിത്തീർത്തു എന്നു ഞാൻ വിചാരിക്കുന്നു.

8 തവാവതാരസ്യ ഫലം മുരാരേ!
സഞ്ജാതമദ്യേ''തി സുരൈരന്തസ്തം
സത്യം ഫലം ജാതമിഹേതിഹാസീ
ബാലൈസ്സമം താലഫലാന്യഭുങ്ക്താഃ

സാരം:—അല്ലയോ മുരരിപോ, ഇന്നു് അങ്ങയുടെ അവതാരത്തിന്റെ ഫലം ഉത്ഭവിച്ചു എന്നു് ദേവന്മാരാൽ സ്തുതിക്കപ്പെട്ടു, "അതു സത്യമാണു്; ഇവിടെ ഫലംജാതമായി;" എന്നു് അത്ഥവത്തായി ചിരിച്ചുംകൊണ്ടു പറഞ്ഞു് അങ്ങു് കുട്ടികളുമൊരുമിച്ചു് കരിമ്പനയുടെ ഫലങ്ങളെ ഭക്ഷിച്ചു.

9 മധുദ്രവസ്രുന്തി ബൃഹന്തി താനി
ഫലാനി മേദാഭരഭൃന്തി ഭുക്ത്വാ
തൃപ്തൈശ്ച ദൃപ്തൈർഭവനം ഫലൌഘം
വഹത്ഭിരാഗാഃ ഖലു ബാലകൈസ്ത്വം.

സാരം:—തേൻപോലെ ചാറൊലിക്കുന്നതും ധാരാളം മേദസ്സുള്ളതുമായ ആ പനമ്പഴങ്ങൾ ധാരാളം തിന്നുമതിയായി അഹങ്കരിച്ചു മദിച്ചുകൊണ്ടു് വേണ്ടേടത്തോളം എടുത്തു ചുമടാക്കി ചുമന്നുകൊണ്ടുപോകുന്ന ഗോപന്മാരോടു കൂടി നിന്തിരുവടി ഗോകുലത്തിലേയ്ക്കു തിരിച്ചുപോന്നു.

10 "ഹതോ ഹതോ ധേനുക" ഇത്യുപേത്യ
ഫലാന്യദത്ഭിർമ്മധുരാണി ലോകൈഃ
ജയേതി ജീവേതി നുതോ വിഭോ ത്വം
മരുത്പുരാധീശ്വര! പാഹി രോഗാൽ.

സാരം—"ധേനുകനെക്കൊന്നു, ധേനുകനെക്കൊന്നു" എന്നു പറഞ്ഞുകൊണ്ടു് സന്തോഷത്തോടുകൂടിവന്നു് മധുരങ്ങളായ പനമ്പഴങ്ങളെ തിന്നുകൊണ്ടിരുന്ന ആളുകളാൽ "ജയജയ,കൃഷ്ണ! വളരെക്കാലം ജയിച്ചാലും"എന്നിങ്ങിനെ സ്തുതിക്കപ്പെട്ട നിന്തിരുവടി, അല്ലയോ ഗുരുവായുപുരേശ എന്നെ രോഗത്തിൽനിന്നു രക്ഷിക്കണേ!

## അമ്പത്തിനാലാം ദശകം

### കാളിയമർദ്ദനം

1 ത്വത്സേവോൽക്കഃ സൗഭരിർന്നാമ പൂർവ്വം
കാളിന്ദ്യന്തർദ്വാദശാബ്ദം തപസ്യൻ
മീനവ്രാതേ സ്നേഹവാൻ ഭോഗലോലേ
താർക്ഷ്യം സാക്ഷാദൈക്ഷതാഗ്രേ കദാചിത്

സാരം:—പണ്ടൊരിക്കൽ അങ്ങയെ സേവിക്കുന്നതിൽ ഉത്സാഹമുള്ളവനായി സൗഭരി എന്ന ഒരു മഹർഷി കാളിന്ദീനദിയുടെ ഉള്ളിൽ പന്ത്രണ്ടുവർഷക്കാലം അങ്ങയെ തപസ്സുചെയ്യുവാണിരുന്നു. അന്നു്, തന്റെ ചുററുപാടും ഇണചേർന്നു ക്രീഡിച്ചുവളരുന്ന മത്സ്യങ്ങളിൽ ആ മഹർഷിക്കു അതിയായസ്നേഹം ഭവിച്ചിരുന്നു. അക്കാലത്തു് ഒരുദിവസം അവിടെ ഗരുഡൻ ആഗതനായി.

2 ത്വദ്വാഹം തം സക്ഷുധം തൃക്ഷസൂനും
മീനം കഞ്ചിജ്ജക്ഷതം ലക്ഷയൻസഃ

തപ്തശ്ചിത്തേ ശപ്തവാ,'നത്ര ചേത്താം
ജന്തൂൻ ഭോക്താ ജീവിതം ചാപി മോക്താ'

സാരം:—ക്ഷുധാർത്തിയാൽ ഒരു മത്സ്യത്തെ വിഴുങ്ങുന്ന അങ്ങയുടെ വാഹനമായ ആ ഗരുഡനെക്കണ്ടിട്ട് സൌഭരി 'നീ ഇനി ഇവിടെവന്ന് ജന്തുക്കളെ ഭക്ഷിക്കയാണെങ്കിൽ നിനക്കു പ്രാണാപായം വരും' എന്നു ശപിക്കയുണ്ടായി.

3 തസ്മിൻ കാലേ കാളിയഃ ക്ഷ്വേളദപ്പാൽ
സർപ്പാരാതേഃ കല്പിതം ഭാഗമശ്നൻ
തേന ക്രോധാത് ത്വല്പദാംഭോജഭാജാ
പക്ഷക്ഷിപ്തസ്തദ്ദുരാപം പയോഗാത്.

സാരം:—ആ കാലത്തു് ഗരുഡനു നിശ്ചയിച്ച ഭക്ഷണഭാഗത്തെ കാളിയൻ‌വിഷംകൊണ്ടുള്ള ഗർവ്വിനാൽ ഭക്ഷിക്കകനിമിത്തം അങ്ങയുടെ പാദഭക്തനായ ഗരുഡൻ കോപാവേശത്തോടെ ചിറകുകളാലടിച്ചു് ആ സർപ്പശ്രേഷ്ഠൻ ഓടിപ്പോയി. ശാപംകൊണ്ടു ഗരുഡനു പ്രവേശനമില്ലാത്ത കാളിന്ദിയേ പ്രാപിച്ചു.

4 ഘോരേ തസ്മിൻ സൂരജാനീരവാസേ
തീരേ വൃക്ഷാ വിക്ഷതാഃ ക്ഷ്വേളവേഗാത്;
പക്ഷിവ്രാതാഃ പേതുരഭ്രേ പതന്തഃ
കാരുണ്യാർദ്രം ത്വന്മനസ്തേന ജാതം

സാരം:—ഭയങ്കരനായ ആ കാളിയൻ കാളിന്ദീജലത്തിൽ പാർത്തുകൊണ്ടിരുന്നപ്പോൾ അവൻെറ വിഷജ്വാലയാൽ തീരപ്രദേശത്തിലുള്ള വൃക്ഷങ്ങൾ കരിഞ്ഞുപോകയും, ആകാശചാരികളായ പക്ഷിസമൂഹങ്ങൾ കരിഞ്ഞു

39289

താഴെ വീഴുകയും ചെയ്തിരുന്നു. ആ പ്രദേശം മുഴുവനും ശൂന്യമായി ഭവിച്ചു. അതുകൊണ്ടു് അങ്ങയുടെ തിരുവുള്ളം കാരുണ്യാതീതമായിച്ചമഞ്ഞു.

5 കാലേ തസ്മിന്നേകദാ സീരപാണിം
മുക്ത്വാ യാതേ യാമുനം കാനനാന്തം
ത്വയ്യുദ്ദാമഗ്രീഷ്മഭീഷ്മോഷ്മതപ്താ
ഗോഗോപാലാ വ്യാപിബൻ ക്ഷ്വേളതോയം.

സാരം:—അക്കാലത്തു് ഒരുദിനം നിന്തിരുവടി ബലരാമനെക്കൂടാതെ യമുനാതീരത്തിലെ വനപ്രദേശത്തുപോയി. ഭയങ്കരമായ വെയിലിൻെറ ചൂടുകൊണ്ടു് വാടിത്തളന്ന ഗോക്കളും ഗോപാലന്മാരും യമുനയിലെ വിഷജലം പാനംചെയ്തു.

6 നശ്യജ്ജീവാൻ വിച്യുതാൻ ക്ഷ്മാതലേ താൻ
വിശ്വാൻ പശ്യന്നച്യുത! ത്വം ദയാർദ്രഃ
പ്രാപ്യോപാന്തം ജീവയാമാസിഥ ദ്രാക്
പീയൂഷാംഭോവർഷിഭിഃ ശ്രീകടാക്ഷൈഃ

സാരം:—അല്ലയോ നാശരഹിത! മരിച്ചു് താഴെ വീണുകിടക്കുന്ന തൻെറ ബന്ധുക്കളെക്കണ്ടു് നിന്തിരുവടി കൃപാർദ്രചിത്തനായി അവരുടെ സമീപത്തുചെന്നു് സുധാരസം പൊഴിക്കുന്ന തൃക്കടാക്ഷങ്ങളാൽ അവരെ ജീവിപ്പിച്ചു.

7 'കിം കിം ജാതോ ഹർഷവർഷാതിരേകഃ
സർവ്വാംഗേഷ്വി' ത്യുത്ഥിതാ ഗോപസംഘാഃ
ദൃഷ്ട്വാഗ്രേ ത്വാം ത്വൽകൃതം തദ്വിദന്ത-
സ്ത്വാമാലിംഗൻ ദൃഷ്ടനാനാപ്രഭാവാഃ

സാരം:— ഗോപസംഘം, 'എന്തു്' എന്തു് സകല അംഗങ്ങളിലും സന്തോഷത്തോടുകൂടിയ ഹഷാധിക്യം എങ്ങിനെ' എന്നു പറഞ്ഞെഴുന്നേല്ക്കുമ്പോഠം അങ്ങയെ മുമ്പിൽകണ്ടു. അങ്ങയുടെ നാനാവിധ മാഹാത്മ്യങ്ങളും അവക്കു മുമ്പ് അറിവുള്ളതുകൊണ്ടു് അതു് അങ്ങുതന്നെ ചെയ്തതാണെന്നു് അറിഞ്ഞുകൊണ്ടു് അങ്ങയെ ഗാഢാലിംഗനംചെയ്തു് സന്തോഷാശ്രുക്കഠം പൊഴിച്ചു.

8 ഗാവശ്ചൈവം ലബ്ധജീവാഃ ക്ഷണേന
സ്ഫീതാനന്ദാസ്ത്വാം ച ദൃഷ്ട്വാ പുരസ്താൽ
ദ്രാഗാവവ്രുഃ സവ്വതോ ഹഷബാഷ്പം
വ്യാമുഞ്ചന്ത്യോ മന്ദമുദ്യന്നിനാദാഃ

സാരം:— ഇപ്രകാരം തന്നെ ജീവിച്ചെഴുന്നേററ പശുക്കളും സന്തോഷഭരകളായി ആനന്ദത്തോടുകൂടി നിന്തിരുവടിയെ മുമ്പിൽകണ്ടു് ബാഷ്പാഭിഷിക്തകളായി സാവധാനം ശബ്ദിക്കയും നിന്തിരുവടിയുടെ ചുററും വന്നുകൂടുകയും ചെയ്തു.

9 രോമാഞ്ചോയം സവ്വതോ നഃ ശരീരേ
ഭൂയസ്യന്തഃ കാചിദാനന്ദമൂർഛാ
ആശ്ചര്യോയം ക്ഷ്വേളവേഗോ മുകുന്ദ"-
ത്യുക്തോ ഗോപൈനന്ദിതോ വന്ദിതോഭൂഃ

സാരം:— 'അല്ലയോ മുകുന്ദ ഞങ്ങളുടെ ദേഹത്തിലെല്ലാം ഇതാ രോമാഞ്ചമുണ്ടാകുന്നു. ഉള്ളിൽ ആനന്ദംകൊണ്ടുള്ള മൂർച്ഛയുണ്ടാകുന്നു. ഈ വിഷവേഗം അത്ഭുതം തന്നെ." എന്നുംമററും പറഞ്ഞു് അങ്ങയെ അഭിനന്ദിക്കയും വന്ദിക്കുകയും ചെയ്തു.

10 ഏവം ഭക്താൻ മുക്തജീവാനപി ത്വം
മുഗ്ദ്ധാംപാംഗൈരസ്തരോഗാംസ്തനോഷി;
താദൃഗ്ഭൂതസ്ഫീതകാരുണ്യഭൂമാ
രോഗാൽ പായാ വായുഗേഹാധിനാഥ!

സാരം:— ജീവൻ പൊയ്പ്പോയവരായിരുന്നാലും ഇപ്ര കാരം നിന്തിരുവടി ഭക്തന്മാരെ മോഹനകടാക്ഷങ്ങളാൽ സുഖപ്പെടുത്തുന്നു. ആ വിധമുള്ള അത്ഭുതകരമായ കാരുണ്യത്തോടുകൂടിയ നിന്തിരുവടി എന്നെ, അല്ലയോ ഗുരുവായുപുരേശ! രോഗത്തിൽനിന്നു രക്ഷിക്കണേ!

## അമ്പത്തഞ്ചാം ദശകം

★

(കാളിയമർദ്ദനം തുടച്ച്)

1 അഥ വാരിണി ഘോരതരം ഫണിനം
പ്രതിവാരയിതും കൃതധീർ ഭഗവൻ!
ദ്രുതമാരിഥ തീരഗനീപതരും
വിഷമാരുതശോഷിതപർണ്ണചയം

സാരം:— ഹേ ഭഗവൻ! അനന്തരം അങ്ങ് കാളിന്ദിയിലുള്ള ക്രൂരസർപ്പത്തെ അവിടെനിന്ന് ആട്ടിയകററുവാൻ തീർച്ചപ്പെടുത്തിക്കൊണ്ടു്, വിഷവായു ഏററു് ഉണങ്ങി ഇലകളുള്ള കടമ്പുവൃക്ഷത്തിന്മേൽ വേഗം കയറി.

2 അധിരുഹ്യ പദാംബുരുഹേണ ച തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണി ദൂരതരം നൃപതഃ
പരിഘൂർണ്ണിതഘോരതരംഗഗണേ.

സാരം:—നിന്തിരുവടി ഇളംതളിരുപോലെ മനോഹരകാന്തിയോടുകൂടിയ പാദപങ്കജങ്ങളെക്കൊണ്ടു് ആ കടമ്പുമരത്തിൽ ചുവിട്ടിക്കയറിനിന്നിട്ടു്, വെള്ളം ഇളകി ഭയാനകമാംവിധം തിരമാലകൾ അടിച്ചുകൊണ്ടിരിക്കുന്ന കാളിന്ദീകയത്തിൽ ചാടി.

3 ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികംപി വിജൃംഭിജലാ
പരിമജ്ജയതി സ്മ ധനുഃശതകം
തടിനീ ഝടിതി സ്ഫുടഘോഷവതീ.

സാരം:—ത്രൈലോക്യം മുഴുവനും വഹിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ ഭാരംകൊണ്ടു് നദീജലം ഇളകിമറിഞ്ഞു് വലിയ ശബ്ദത്തോടുകൂടി പെട്ടെന്നു് എത്രയുംദൂരം കരകവിഞ്ഞു.

4 അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിത-
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദകാദുദഗാദുരഗാധിപതി-
സ്ത്വദുപാന്തമശാന്തരുഷാന്ധമനാഃ

സാരം:—പിന്നെ നാലുഭാഗവും വിദിക്കുകളിലും ഇളകിമറിഞ്ഞ അന്തർഭാഗത്തോടുകൂടിയ വലിയ ശബ്ദങ്ങൾ കേട്ടു് അതിയായ കോപത്താൽ മോഹാന്ധനായിത്തീർന്ന ആ മഹാസർപ്പം വെള്ളത്തിനുള്ളിൽനിന്നുയൎന്നു നിന്തിരുവടിയുടെ സമീപമെത്തി.

5 ഫണശൃംഗസഹസ്രവിനിസ്സൃമര-
ജ്വലദഗ്നികണോഗ്രവിഷാംബുധരം
പുരതഃ ഫണിനം സമലോകയഥാ
ബഹുശൃംഗിണമഞ്ജനശൈലമിവ.

സാരം:—സഹസ്രഫണങ്ങളുടെ അററത്തുനിന്നും കത്തുന്ന വിഷാഗ്നികണങ്ങളെ വമിക്കുന്നവനും ഭയങ്കരമായ വിഷജലത്തെ ധരിച്ചിരിക്കുന്നവനുമായ ആ ക്രൂരസർപ്പത്തെ അനേകം കൊടുമുടികളോടുകൂടിയ അഞ്ജനപർവ്വതമെന്നപോലെ നിന്തിരുവടി മുമ്പിൽ കണ്ടു.

6 ജ്വലദക്ഷിപരിക്ഷരദുഗ്രവിഷ-
ശ്വസനോഷ്മഭരഃ സ മഹാഭുജഗഃ
പരിദംശ്യ ഭവന്തമനന്തബലം
സമവേഷ്ടയദസ്ഫുടചേഷ്ടമഹോ

സാരം:—ജ്വലിക്കുന്ന നേത്രങ്ങളോടുകൂടി സഹിക്കവഹിയാത്ത ചൂടോടുകൂടിയ ഭയങ്കരവിഷവായുക്കളെ പുറപ്പെടുവിക്കുന്ന ആ മഹാസർപ്പം കണക്കിലേറെ ശക്തിയോടുകൂടി അങ്ങയെ പലേടത്തും കടിച്ചിട്ട് അനങ്ങാൻ പാടില്ലാത്തവിധത്തിൽ മുറുകെപ്പിടിച്ചു.

7 അവിലോക്യ ഭവന്തമഥാകുലിതേ
തടഗാമിനി ബാലകധേനുഗണേ
വ്രജഗേഹതലേപ്യനിമിത്തശതം
സമുദീക്ഷ്യ ഗതാ യമുനാം പശുപാഃ

സാരം:—അനന്തരം അങ്ങയെ കാണാഞ്ഞിട്ട് നദീതീരത്തിലുള്ള ഗോപബാലന്മാരും പശുക്കൂട്ടവും പരവ

ശന്മാരായപ്പോൾ വ്രജഗേഹത്തിലും അഃനകം ദുശ്ശകുനങ്ങൾ കണ്ടു് പശുപാലന്മാർ യമുനാതീരത്തിലേക്ക വന്നു.

8 അഖിലേഷു വിഭോ! ഭവദീയദശാ-
മവലോക്യ ജിഹാസുഷു ജീവഭരം
ഫണിബന്ധനമാശു വിമുച്യ ജവാ-
ദുദഗമ്യത ഹാസജുഷാ ഭവതാ.

സാരം:—വിഭോ! എല്ലാവരും അങ്ങയുടെ സ്ഥിതി കണ്ടു് ജീവനെ വെടിയുവാൻ തുനിഞ്ഞപ്പോൾ അങ്ങു വേഗം സർപ്പബന്ധം വെടിഞ്ഞു് ചിരിച്ചുകൊണ്ടു് ഉയൎന്നു വന്നു.

9 അധിരുഹ്യ തതഃ ഫണിരാജഫണാ-
ന്നൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളൽ-
കരകങ്കണസംകുലസംക്വണിതം

സാരം:—ആ മഹാസർപ്പത്തിന്റെ ഫണങ്ങളിൽ കയറി മാൎദ്ദവമുള്ള കാലുകളുടെ ശോഭയോടുകൂടിയ അങ്ങ മനോഹരമായ കാൽത്തളകളുടെ ശബ്ദത്തോടും മനോഹരമാകും വിധം ഇണങ്ങിയ കൈവളകളുടെ കിലുകിലുക്കത്തോടുംകൂടി നൃത്തംവെച്ചു.

10 ജഗൃഹുഃ പശുപാസ്തനുഷുമ്മനയോ
വവൃഷുഃ കുസുമാനി സുരേന്ദ്രഗണാഃ
ത്വയി നൃത്യതി മാരുതഗേഹപതേ!
പരിപാഹി സ മാം ത്വമദാന്തഗദാൽ

സാരം:—അല്ലയോ ഗുരുവായൂരപ്പ! അങ്ങ് നൃത്തംചെയ്യുമ്പോഴം ഗോപന്മാർ സന്തോഷിച്ചു. മഹർഷിമാർ സ്തുതിച്ചു. ദേവസമൂഹം പുഷ്പവൃഷ്ടിചെയ്തു. അപ്രകാരമുള്ള അങ്ങ് എന്നെ വലിയ രോഗങ്ങളിൽനിന്നു രക്ഷിച്ചാലും.

## അമ്പത്താറാം ദശകം

### (കാളിയമർദ്ദനം തുടർച്ച)

1 രുചിരകമ്പിതകുണ്ഡലമണ്ഡലഃ
സുചിരമീശ! നനർത്തിഥ പന്നഗേ
അമരതാഡിതദുന്ദുഭിസുന്ദരം
വിയതി ഗായതി ദൈവതയൌവതേ.

സാരം:—അല്ലയോ ഈശ! അങ്ങ് ആകർഷണീയങ്ങളായ കുണ്ഡലങ്ങളും ഇളകത്തക്കവണ്ണം ഒട്ടുവളരെനേരം ആ നാഗരാജാവിൻെറ മൂർദ്ധാവിൽനിന്നു് നൃത്തംചെയ്തു. അപ്പോഴം ദേവന്മാർ വന്ദ്യസ്തുതിഗീതാദികളാൽ പുകഴ്ത്തി പെരുമ്പറയടിച്ചു, ദേവസ്ത്രീകളും പാടുകയും ചെയ്തു.

2 നമതി യദ്യദമുഷ്യ ശിരോ ഹരേ!
പരിവിഹായ തദുന്നതമുന്നതം
പരിമഥൻ പദപങ്കരുഹാ ചിരം
വ്യഹരഥാഃ കളതാളമനോഹരം

സാരം:—അല്ലയോ ഭഗവാനെ! നിന്തിരുവടി ആ സർപ്പശ്രേഷ്ഠൻെറ താഴ്ന്ന ശിരസ്സിനെ വിട്ടു പൊങ്ങ

ന്ന പൊങ്ങുന്ന ശിരസ്സിനെ പാദാബ്ജങ്ങളാൽ വധിച്ചു കൊണ്ടു് ഭംഗിയായി താളരസത്തോടെ മോഹനമാകുംവിധം വളരെ നേരം കളിച്ചു.

3 തച്ഛദവഭഗ്നവിഭുഗ്നഫണാഗണേ
ഗളിതശോണിതശോണിതപാഥസി
ഫണിപതാവവസീദതി സന്നതാ-
സ്തദബലാസ്തവ മാധവ പാദയോഃ

സാരം:—അല്ലയോ ലക്ഷ്മീകാന്ത അങ്ങയുടെ ചവിട്ടേററ് ഫണരാജികഠം തളൎന്നുവീണു്, യമുനാനദിയിലെ വെള്ളമെല്ലാം രക്തവൎണ്ണമാകത്തക്കവണ്ണം ചോരയേയും വമിച്ച് ആ പന്നഗേശൻ ക്ഷീണിതോന്മുഖനായി. അപ്പോഠം അവൻെറ ഭാൎയ്യമാർ വന്നു് നിന്തിരുവടിയെ നമസ്കരിച്ചു.

4 അയി! പുരൈവ ചിരായ പരിശ്രുത-
ത്വദനുഭാവവിലീനഹൃദോ ഹി താഃ
മുനിഭിരപ്യനവാപ്യപഥൈസ്തവൈ-
ൎന്നുനുവുരീശ, ഭവന്തമയന്ത്രിതം.

സാരം:—അല്ലയോ ഈശ: പണ്ടുതന്നെ അങ്ങയുടെ മാഹാത്മ്യങ്ങഠം കേട്ട്കേട്ട നിന്തിരുവടിയിൽ മനസ്സലയിച്ചിരുന്ന ആ നാഗസ്ത്രീകഠം മഹാത്മാപാധനന്മാൎക്കുപോലും കണ്ടുകിട്ടാത്തവിധമുള്ള സ്തോത്രങ്ങളാൽ നിന്തിരുവടിയെ ഭക്തിപൂൎവ്വം സ്തുതിച്ചു.

5 ഫണിവധൂഗണഭക്തിവിലോകന-
പ്രവികസൽകരുണാകുലചേതസാ

ഫണിപതിർഭവതാച്യുത!ജീവിത-
സ്തുയിസമർപ്പിതമൂർത്തിരവാനമൽ

സാരം:— ആ പന്നഗവധൂജനങ്ങളുടെ നിഷ്കളങ്കമായ ഭക്തിയെക്കണ്ടു് അതിർകവിഞ്ഞ കരുണയാൽ ആർദ്രമാനസനായ നിന്തിരുവടി ആ സർപ്പശ്രേഷ്ഠനെ ജീവിപ്പിക്കയും അവൻ അങ്ങയുടെ പാദപത്മങ്ങളിൽ ആത്മസമർപ്പണംചെയ്തു് നമസ്കരിക്കയും ചെയ്തു.

6 "രമണകം വ്രജ വാരിധിമധ്യഗം
ഫണിരിപുന്ന കരോതി വിരോധിതാം"
ഇതി ഭവദ്വചനാന്യതിമാനയൻ
ഫണിപതിന്നിരഗാദുരഗൈഃസമം

സാരം:—"നീ സമുദ്രമദ്ധ്യത്തിലുള്ള രമണകമെന്ന ദ്വീപിൽ പൊയ്ക്കൊള്ളണം. ഗരുഡന്റെ ഉപദ്രവം മേലിൽ നിനക്കുണ്ടാകയില്ല" എന്നുള്ള നിന്തിരുവടിയുടെ ആജ്ഞയെ മാനിച്ചു് അവൻ മററുള്ള അവന്റെ കൂട്ടത്തോടെ പുറപ്പെട്ടു.

7 ഫണിവധൂജനദത്തമണിവ്രജ-
ജ്വലിതഹാരദുകൂലവിഭൂഷിതഃ
തടഗതൈഃ പ്രമദാശ്രുവിമിശ്രിതൈഃ
സമഗഥാഃ സ്വജനൈർദ്ദിവസാവധൌ.

സാരം:—നാഗസ്ത്രീകൾ സമ്മാനിച്ച അനവധി രത്നമാല്യങ്ങളാലും ശോഭയേറിയ മുത്തുമാലകളാലും വെൺപട്ടുകളാലും അലംകൃതനായിട്ടു്, നിന്തിരുവടി പകൽ അവ

സാനിച്ചപ്പോഠ, തീരത്തിൽ ആനന്ദബാഷ്പാകുലേക്ഷണ രായി നില്ക്കുന്ന സ്വജനങ്ങളുടെ അടുക്കൽ വന്നുചേൎന്നു.

8 നിശി പുനസ്തമസാ വ്രജമന്ദിരം
വ്രജിതുമക്ഷമ ഏവ ജനോല്കരെ
സ്വപതി തത്ര ഭവച്ചരണാശ്രയേ
ദവകൃശാനുരരുന്ധ സമന്തതഃ

സാരം:— ഇരുട്ട കലശലായി ബാധിച്ചിരുന്നതിനാൽ രാത്രിയിൽ ഗോകുലത്തിലേയ്ക്കു തിരിച്ചുപോകുവാൻസാധി ക്കാതിരുന്നതുകൊണ്ടു് എല്ലാവരും അങ്ങയുടെ പാദപത്മ ങ്ങളെച്ചിന്തിച്ചു് അന്നിലത്തിൽ തന്നെ കിടന്നുറങ്ങി. അ ന്നേരം ഒരു കാട്ടുതീ വന്നു ചുററും പടൎന്നുപിടിച്ചു.

9 പ്രബുധിതാനഥ പാലയ, പാലയേ-
ത്യുദയദാൎത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥ മഹാനലം
കിമിഹ ചിത്രമയം ഖലു തേ മുഖം

സാരം:— അനന്തരം, എല്ലാവരും ഉണൎന്നു്, രക്ഷി ക്കണേ, രക്ഷിക്കണേ! എന്നു് ആൎത്തനാദം പുറപ്പെട്ടവി ക്കുന്ന ഗോപാദികളേയും മററും രക്ഷിക്കുവാനായി നിന്തിരു വടി ആ കാട്ടുതീയിനെ പാനം ചെയ്തു. ഇതിലെന്താണാ ശ്ചൎയ്യം? അഗ്നിയാണല്ലോ നിന്തിരുവടിയുടെ മുഖം-വിരാട് രൂപന്റെ മുഖം അഗ്നിയാണത്രെ.

10 ശിഖിനി വൎണ്ണത ഏവഹി പീതതാ
പരിലസത്യധുനാ ക്രിയയാപ്യസൌ

ഇതി നതഃ പശുപൈരഭിനുതവിഭോ!
ഹര ഹരേ! ദുരിതൈസ്സഹ മേ ഗദാൻ.

സാരം:— തീയിൽനിറംകൊണ്ടുതന്നെ പീതത്വം-മഞ്ഞനിറം—ശോഭിക്കുന്നുണ്ടു്. ആ പീതത്വം കുടിക്കുക എന്ന പ്രവൃത്തികൊണ്ടും ശോഭിക്കുന്നു. അല്ലയോ വിളവായ വിഷ്ണോ! സന്തോഷിച്ചു് ഗോപന്മാരാൽ ഇപ്രകാരം സ്തുതിക്കപ്പെട്ട അങ്ങു് ദുരിതങ്ങളോടുകൂടിയ എന്റെ രോഗങ്ങളെ നശിപ്പിക്കേണമേ!

★

## അമ്പത്തേഴാം ദശകം

### പ്രലംബവധം

1 രാമസഖഃ ക്വാപി ദിനേ
കാമദ ഭഗവൻ ഗതോ ഭവാൻ വിപിനം
സൂനുഭിരപി ഗോപാനാം
ധേനുഭിരഭിസംവൃതോ ലസദ്വേഷഃ

സാരം:— അനുഗ്രഹങ്ങളെല്ലാമരുളുന്ന ഹേ ഭഗവാൻ! ഒരുദിവസം അങ്ങു് ഗോപബാലന്മാരാലും പശുക്കളാലും പരിവൃതനായി ശോഭിക്കുന്ന വേഷത്തോടുകൂടി ബലഭദ്രനൊന്നിച്ചു് കാട്ടിലേയ്ക്കുപോയി.

2 സന്ദർശയൻ ബലായ
സൈപരം വൃന്ദാവനശ്രീയം വിമലാം
കാണ്ഡീരൈഃ സഹ ബാലൈർ-
ഭാണ്ഡീരകമാഗതോ വടം ക്രീഡൻ

സാരം:— കളങ്കമെന്നതറിയാത്ത വൃന്ദാവനലക്ഷ്മിയെ ഇഷ്ടംപോലെ ബലഭദ്രനെ കാണിച്ചുകൊടുത്തുകൊണ്ടു് വടിയെടുത്തു കുട്ടികളോടുകൂടി കളിക്കുന്ന അങ്ങു് ഭാണ്ഡീരകം എന്ന വടവൃക്ഷത്തിന്റെ അടുക്കലേക്കു ചെന്നു.

3 താവത്താവകനിധന-
സ്പൃഹയാലുർഗ്ഗോപമൂർത്തിരദയാലുഃ
ദൈത്യഃ പ്രലംബനാമാ
പ്രലംബബാഹുർഭവന്തമാപേദേ

സാരം:—ആ അവസരം അങ്ങയെ കൊല്ലുവാൻവേണ്ടി താല്പര്യബുദ്ധിമാനായിക്കൊണ്ടു് ദീർഘകായനും നിർദ്ദയനുമായ പ്രലംബനെന്ന മഹാസുരൻ ഒരു ഗോപന്റെ വേഷത്തിൽ നിന്തിരുവടിയുടെ സമീപമെത്തി.

4 ജാനന്നപ്യവിജാന-
ന്നിവ തേന സമം നിബദ്ധസൗഹാർദ്ദഃ
വടനികടേ പടുപശുപ-
വ്യാബദ്ധം ദ്വന്ദ്വയുദ്ധമാരബ്ധാഃ

സാരം:—നിന്തിരുവടിക്കു പരമാർത്ഥം മനസ്സിലായിരുന്നുവെങ്കിലും അറിഞ്ഞിട്ടില്ലാത്തവനെപ്പോലെ അവനോടു സ്നേഹഭാവിതനായിക്കൊണ്ടു് ഭാണ്ഡീരകവടത്തിന്റെ

സമീപത്തിൽ ഗോപകുമാരന്മാരേച്ചേർത്ത് ഒരു മല്ലയുദ്ധം ആരംഭിച്ചു.

5 ഗോപാൻ വിഭജ്യ തന്വാൻ
സംഘം ബലഭദ്രകം ഭവൽക്കമപി
ത്വദ്ബലഭീരും ദൈത്യം
ത്വദ്ബലഗതമന്വമന്യഥാ ഭഗവൻ

സാരം:—അങ്ങ് ഗോപന്മാരെ രണ്ടു സംഘമാക്കി, ഒന്നിൽ താനും മറേറതിൽ ബലഭദ്രരും, നിന്നു. തോററവർ ജയിച്ചവരെ ചുമലിലേററി നടക്കണമെന്നായിരുന്നു നിശ്ചയം. അപ്പോൾ നിന്തിരുവടിയുടെ ബലത്തെക്കുറിച്ചു ഭീതിയുള്ള പ്രലംബനെ തൻെറ സംഘത്തിൽതന്നെ ചേർത്തു.

6 കല്പിതവിജേതൃവഹനേ
സമരേ പരയൂഥഗം സ്വദയിതതരം
ശ്രീദാമാനമധത്ഥാഃ
പരാജിതോ ഭക്തദാസതാം പ്രഥയൻ

സാരം—തോററവർ ജയിച്ചവരെ ചുമക്കണമെന്നുള്ള നിശ്ചയത്തോട്ടുകൂടിയ ആ യുദ്ധത്തിൽ അങ്ങ്, മറുകക്ഷിയിലുള്ളവനും നിന്തിരുവടിക്ക് ഏററവും പ്രിയപ്പെട്ടവനും ആയ ശ്രീദാമാവിനോട്ട് തോററ് അവനെ ചുമന്നുകൊണ്ടു തൻെറ ഭക്തദാസത്വത്തെ വെളിപ്പെടുത്തി.

7 ഏവം ബഹുഷു വിഭ്രമൻ!
ബാലേഷു വഹത്സു വാഹ്യമാനേഷു

രാമവിജിതഃ പ്രലംബോ
ജഹാരതം ദൂരതോ ഭവൽഭീത്യാ.

സാരം:— ഹേ ഭഗവാൻ! ഈവിധം അനേകംപേർ ചുമന്നും ചുമപ്പിച്ചും നില്ക്കുമ്പോൾ ബലഭദ്രൻ പ്രലംബനെ ജയിച്ചപ്പോൾ, അവൻ അങ്ങയിൽ ഭീതനായി ബലഭദ്രനെ എടുത്തു് ദൂരപ്രദേശത്തേക്കുപോയി.

8 ത്വൽദൂരം ഗമയന്തം
തം ദൃഷ്ട്വാ ഹലിനി വിഹിതഗരിമഭരേ
ദൈത്യഃ സ്വരൂപമാഗാ-
ദ്യദ്രൂപാൽ സ ഹി ബലോപി ചകിതോഭൂൽ

സാരം:— അങ്ങയിൽനിന്നു ദൂരം കൊണ്ടുപോകുന്ന പ്രലംബനെക്കണ്ടു് ബലരാമൻ തന്റെ ശരീരത്തിനു ഭാരം വർദ്ധിപ്പിച്ചപ്പോൾ പ്രലംബൻ സ്വന്തംരൂപത്തെ കൈക്കൊണ്ടു. അതുകണ്ടു് ബലഭദ്രൻകൂടി ഭീതനായത്രേ.

9 ഉച്ചതയാ ദൈത്യതനോ-
സ്ത്വന്മുഖമാലോക്യ ദൂരതോ രാമഃ
വിഗതഭയോ ദൃഢമുഷ്ട്യാ
ഭൃശദുഷ്ടം സപദി പിഷ്ടവാനേനം

സാരം:— ബലഭദ്രൻ അസുരശരീരത്തിന്റെ വലുപ്പ കണ്ടു്, അകലെനിന്നു് അങ്ങയെനോക്കി ഭയംപോക്കി അതിദുഷ്ടനായ പ്രലംബനെ കൈചുരുട്ടി ഇടിച്ചുപൊടിച്ചു.

10 ഹത്വാ ദാനവവീരം
പ്രാപ്തം ബലമാലിലിംഗിഥ പ്രേമ്ണാ

താവന്മിളത്താര്യവയോഃ
ശിരസി കൃതാ പുഷ്പവൃഷ്ടിരമരഗണൈഃ

സാരം:— പ്രലംബനെ കൊന്നുവന്ന ബലഭദ്രനെ അങ്ങ് സസ്നേഹം ആലിംഗനം ചെയ്തു. അപ്പോൾ ഒത്തുചേന്ന നിങ്ങൾ രണ്ടുപേരുടേയും മൂദ്ധാവിൽ ദേവസമൂഹം പുഷ്പവഷംചെയ്തു.

11 ആലംബോ ഭുവനാനാം
പ്രാലംബം നിധനമേവമാരചയൻ
കാലം ബിഹായ സദ്യോ
ലോലംബരുചേ! ഹരേ! ഹര ക്ലേശാൻ.

സാരം — ഹേ വണ്ടിൻനിറംപോലെ ശ്യാമളാകാരനായ ഭഗവാനേ! ലോകങ്ങൾക്കു ആശ്രയഭൂതനോ, പ്രലംബനിഗ്രഹം നടത്തിയവനും ആയ അങ്ങ് താമസംവിനാ എന്റെ ദുഃഖങ്ങളെ തീക്കേണമേ'

★

## അമ്പത്തെട്ടാം ദശകം

### ദാവാഗ്നിമോക്ഷം.

ത്വയി വിഹരണലോലേ ബാലജാലൈഃ പ്രലംബ-
പ്രമഥനസവിളംബേ ധേനവഃ സ്വൈരചാരാഃ
തൃണകുതുകനിവിഷ്ടാ ദൂരദൂരം ചരന്ത്യഃ
കിമപി വിപിനമൈഷീകാഖ്യമീഷാംബഭൂവുഃ

സാരം:—അങ്ങ് ഗോപകുട്ടികളോടുകൂടിയുള്ള വിനോദത്തിൽമുഴുകി പ്രലംബവധംകൊണ്ടു് സമയംപോയതു് അറിയാതിരിക്കുമ്പോൾ ഗോവൃന്ദം സ്വച്ഛന്ദം മേഞ്ഞുകൊണ്ടു് പുൽകണ്ടു് കുതുകികളായി വളരെ അകലം ഗമിച്ചു് ഐഷീകം എന്നുപേരായ ഒരു വനത്തിൽ ചെന്നുചേൎന്നു.

2 അനധിഗതനിദാഘക്രൌൎയ്യവൃന്ദാവനാന്താൽ
ബഹിരിദമുപയാതാഃ കാനനം ധേനവസ്താഃ
തവ വിരഹവിഷണ്ണാ ഊഷ്മളഗ്രീഷ്മതാപ-
പ്രസരവിസരദംഭസ്യാകുലാ സ്തംഭമാപുഃ

സാരം:—ആ പശുക്കൾ വെയിലിന്റെ ചൂടു് തീരെയില്ലാത്ത വൃന്ദാവനത്തിൽനിന്നു് പുറമെയുള്ള ഈ കാട്ടിൽ എത്തി അങ്ങയെ കാണാതെ വ്യസനിച്ചു് ശക്തിയേറിയ വേനലിന്റെ ചൂടുനിമിത്തം വെള്ളംകുടിപ്പാൻ സാധിക്കാതെ അവശകളായി നിശ്ചേഷ്ടകളായി നിന്നുപോയി.

3 തദനു സഹ സഹായൈൎദ്ദൂരമന്വിഷ്യ ശൌരേ.
ഗളിതസരണിമുഞ്ജാരണ്യസഞ്ജാതഖേദം
പശുകുലമഭിവീക്ഷ്യ ക്ഷിപ്രമാനേതുമാരാ-
ത്ത്വയി ഗതവതി ഹീ ഹീ സൎവ്വതോഗ്നിൎജ്ജജൃംഭേ

സാരം:—അല്ലയോ ശൌരേ അപ്പോൾ ചങ്ങാതിമാരൊന്നിച്ചു് അധികദൂരം അന്വേഷിച്ചു് വഴി അറിയാതെ ഐഷീകവനത്തിൽ ദുഃഖിച്ചുനില്ക്കുന്ന ഗോക്കളെ കണ്ടു വേഗം തിരിച്ചുകൊണ്ടുപോരുവാൻ തുടങ്ങുമ്പോൾ, അഹോ കഷ്ടം! ചുററും കാട്ടുതീ പടൎന്നുപിടിച്ചിരുന്നു.

4 സകലഹരിതി ദീപ്തേ ഘോരഭാംകാരഭീമേ
ശിഖിനി വിഹതമാൎഗ്ഗാ അൎദ്ധദഗ്ദ്ധാ ഇവാൎത്താഃ
അഹഹ ഭുവനബന്ധോ! പാഹി പാഹീതി സൎവ്വേ
ശരണമുപഗതാസ്ത്വാം താപഹൎത്താരമേകം

സാരം:—തീയ്യ് എല്ലാടിക്കിലും ഭയങ്കരമായ ഭാംകാര ത്തോട്ടുക്രടി ജ്വലിക്കമ്പോഠം എല്ലാവരും വഴി തടഞ്ഞു പ കതിവെന്തപോലെ ദുഃഖിതന്മാരായി, അയ്യോ ലോകബന്ധോ രക്ഷിക്കണേ! രക്ഷിക്കണേ! എന്നിങ്ങനെ സന്താപഹരനാ യ അങ്ങയെ ശരണംപ്രാപിച്ചു.

5 'അലമലമതിഭീത്യാ സവ്വതോ മീലയദ്ധ്വം
ദൃശ' മിതി തവ വാചാ മീലിതാക്ഷേഷു തേഷു
ക്വനു ദവദഹനോസൌ കുത്ര മുഞ്ജാടവീ സാ
സപദി വവൃതിരേ തേ ഹന്ത!ഭാണ്ഡീരദേശേ

സാരം:—'നിങ്ങഠം ഭയപ്പെടേണ്ട, എല്ലാവരും കണ്ണ ടയ്ക്കുവിൻ!' എന്നുള്ള നിന്തിരുവടിയുടെ വാക്കുകേട്ട് അ വർ കണ്ണടക്കുകയും, കണ്ണുതുറന്നപ്പോഠം കാട്ടുതീ എവിടെ മുഞ്ജാടവി എവിടെ? അവർ എല്ലാം ഭാണ്ഡീരദേശത്തിൽ നില്ക്കുന്ന ആശ്ചര്യംതന്നെ.

6 'ജയ!ജയ!തവ മായാ കേയമീശേ'തി തേഷാം
നുതിഭിരുദിതഹാസോ ബദ്ധനാനാവിലാസഃ
പുനരപി വിപിനാന്തേ പ്രാചരഃ പാടലാദി-
പ്രസവനികരമാത്രഗ്രാഹ്യഘമ്മാനുഭാവേ

സാരം:—അല്ലയോ ഈശനായുള്ളോനെ! 'ജയിക്കുക! ജയിക്കുക!! അങ്ങയുടെ മായാവിലാസം അത്ഭുതംതന്നെ.' ഈവിധമുള്ള അവരുടെ സ്തുതികഠംകേട്ട് ചിരിച്ചുകൊണ്ടും പലവിധ വിനോദങ്ങളിലേപ്പെട്ടും, പാതിരി മുതലായവയുടെ പുഷ്പങ്ങളെക്കൊണ്ട് മാത്രം വേനൽക്കാലമാണെന്നറിയാവു ന്നതും ആയ ആ വനത്തിൽ പിന്നേയും സഞ്ചരിച്ചു.

7 ത്വയി വിമുഖമിവോച്ചൈസ്താപഭാരം വഹന്തം
തവഭജനവദന്തഃപങ്കമുച്ഛോഷയന്തം

തവ ഭുജവദുദഞ്ചദ്ഭൂരിതേജഃപ്രവാഹം
തപസമയമനൈഷീൎയ്യാമുനേഷു സ്ഥലേഷു

സാരം:—അങ്ങയിൽ പരാങ്മുഖനായവനെപ്പോലെ ഏറിയ ദുഃഖഭാരം വഹിക്കുന്നതും അങ്ങയെ ഭജിക്കുന്നതുപോലെ ഉള്ളിലുള്ള അഴുക്കിനെ ഘനം കുറപ്പിക്കുന്നതും അങ്ങയുടെ കരപങ്കേരുഹംപോലെ പുറപ്പെടുന്ന, അതിയായ തേജസ്സിനെപ്പൊഴിക്കുന്നതും ആയ വേനൽകാലം യമുനാനദീ പ്രാന്തങ്ങളിൽ കഴിച്ചുകൂട്ടി.

8 തദനു ജലദജാലൈസ്ത്വദ്വപുസ്തുല്യഭാഭി-
ൎവ്വിലസദമലവിദ്യുൽപീതവാസോവിലാസൈഃ
സകലഭുവനഭാജാം ഹൎഷദാം വൎഷവേലാം
ക്ഷിതിധരകുഹരേഷു സ്വൈരവാസീ വ്യനൈഷീഃ

സാരം:—അനന്തരം നിന്തിരുവടിയുടെ ശരീരകാന്തിക്കു സദൃശമായ തേജസ്സോടുകൂടിയതും മിന്നൽക്കൊടികളെന്നപോലെ തേജോവിശേഷത്തോടുകൂടിയതും ആയ മഞ്ഞപ്പട്ടിന്റെ ഭംഗികൊണ്ടു് ശോഭിക്കുന്ന കാർമേഘനിരകളാൽ എല്ലാ ലോകവാസികൾക്കും ആനന്ദപ്രദമായ വൎഷകാലത്തെ ഗിരിഗഹ്വരത്തിൽ ക്രീഡിച്ചുകൊണ്ടു നിന്തിരുവടി സുഖമായിക്കഴിച്ചു.

9 കുഹരതലനിവിഷ്ടം ത്വാം ഗരിഷ്ഠം ഗിരീന്ദ്രഃ
ശിഖികുലനവകേകാകാകുഭിഃ സ്തോത്രകാരീ
സ്ഫുടകുടജകദംബസ്തോമപുഷ്പാഞ്ജലിഞ്ച
പ്രവിദധദനുഭേജേ ദേവ! ഗോവൎദ്ധനോസൌ.

സാരം:—അല്ലയോ ദേവ! ഗുഹാവാസത്തിൽ തൃപ്തനായി പൂജനീയനായി അധിവസിക്കുന്ന നിന്തിരുവടിയെ ആ ഗോവൎദ്ധനഗിരിശ്രേഷ്ഠൻ മയിലുകളുടെ പുതി

യ കേകാകാകസ്വരങ്ങൾകൊണ്ടു സ്തോത്രംചെയ്തുകൊണ്ടും വിടൎന്ന കടകപ്പാലപുഷ്പങ്ങളാൽ പുഷ്പാഞ്ജലി ചെയ്തുകൊണ്ടും സേവിച്ചു.

10 അഥ ശരദമുപേതാം താം ഭവത്ഭക്തചേതോ-
വിമലസലിലപൂരം മാനയൻ കാനനേഷു
തൃണമമലവനാന്തേ ചാരു സഞ്ചാരയൻ ഗാഃ
പവനപുരപതേ! ത്വം ദേഹി മേ ദേഹസൌഖ്യം.

സാരം:—അല്ലയോ ഗുരുവായൂരപ്പ! അങ്ങയുടെ ഭക്തന്മാരുടെ ഹൃദയംപോലെ നിൎമ്മലമായ ജലപ്രവാഹമേറിയ ശരൽകാലത്തുപശുക്കളെ, ചേറെല്ലാംപോയി ഉണങ്ങി സ്വച്ഛമായിത്തീൎന്ന വനപ്രദേശങ്ങളിൽ ധാരാളംതഴച്ചുനില്ക്കുന്ന ഇളംതൃണങ്ങൾ തീററിക്കൊണ്ടു് ഉല്ലസിച്ചു നടന്ന നിന്തിരുവടി അല്ലയോ ഗുരുവായുപുരേശ! എനിക്കു ദേഹസൌഖ്യം നല്കി അനുഗ്രഹിക്കേണമേ!

## അമ്പത്തൊമ്പതാം ദശകം

### (വേണുഗാനവൎണ്ണനം)

1 ത്വദ്വപുൎന്നവകളായകോമളം
പ്രേമദോഹനമശേഷമോഹനം
ബ്രഹ്മതത്വപരചിന്മുദാത്മകം
വീക്ഷ്യ സമ്മുമുഹുരന്വഹം സ്ത്രിയഃ

സാരം:— പുതിയ വികസിച്ച കായാമ്പൂവുപോലെ മനോഹരവും, പ്രേമത്തെ വർദ്ധിപ്പിക്കുന്നതും എല്ലാററിലും വെച്ച് മോഹനവും എല്ലാം മോഹിപ്പിക്കുന്നതും ആയ അങ്ങയുടെ തിരുമേനിയാകുന്ന സച്ചിദാനന്ദമയമായ ബ്രഹ്മത്തെ നിത്യേനകണ്ട് കണ്ട് ഗോപസ്ത്രീകഠം മോഹിച്ചു

2 മന്മഥോന്മഥിതമാനസാഃ ക്രമാ-
ത്വൽപദവിലോകനരതാസ്തതസ്തതഃ
ഗോപികാസ്തവ ന സേഹിരേ ഹരേ!
കാനനോപഗതിമപ്യഹർമ്മുഖേ.

സാരം:— ഹേവിഷ്ണോ! ക്രമേണ കാമപീഡിതകളായിട്ട് അങ്ങിങ്ങായി നിന്തിരുവടിയെകാണ്മാൻ ആശിച്ചുകൊണ്ടിരുന്ന ആ ഗോപസ്ത്രീകഠംക്ക് അങ്ങ് രാവിലെകാട്ടിൽ പോകുന്നതുകൂടി സഹിക്കാൻ വഹിയാതായി.

3 നിർഗ്ഗതേ ഭവതി ദത്തദൃഷ്ടയ-
സ്ത്വൽപദഗതേന മനസാ മൃഗേക്ഷണാഃ
വേണുനാദമുപകർണ്യ ദൂരത-
സ്ത്വൽപദവിലാസകഥയാഭിരേമിരേ

സാരം:— നിന്തിരുവടി കാട്ടിലേക്കു പുറപ്പെടുമ്പോഠം ആ സുന്ദരിമാർ നിന്തിരുവടിയിൽലയിച്ച മനസ്സോടുകൂടി നോക്കിക്കൊണ്ടുനില്ക്കയും പിന്നെ നിന്തിരുവടി തിരിച്ചു വരുന്നതുവരെ ദൂരത്തുനിന്നും നിന്തിരുവടിയുടെ വേണുഗാനംകേഠംക്കയും നിന്തിരുവടിയുടെ ഓരോലീലാവിലാസങ്ങളെപ്പററി പറഞ്ഞു സുഖിക്കയും ചെയ്തുകൊണ്ടിരുന്നു.

4 കാനനാന്തമിതവാൻ ഭവാനപി
സ്നിഗ്ദ്ധപാദപതലേ മനോരമേ
വ്യത്യയാകലിതപാദമാസ്ഥിതഃ
പ്രത്യപൂരയത വേണുനാളികാം.

സാരം:— നിന്തിരുവടി കാട്ടിലെത്തി വിശേഷമായി കൊഴുത്തവൃക്ഷത്തിന്റെ ചുവട്ടിൽ കാൽ പിണച്ചുവെച്ചു നിന്നുകൊണ്ടു് ഓടക്കുഴൽ വായിച്ചു.

5 മാരബാണധുതഖേചരീകലം
നിർവ്വികാരപശുപക്ഷിമണ്ഡലം
ദ്രാവണം ച ദൃഷദാമപി പ്രഭോ!
താവകം വ്യജനി വേണുകൂജിതം

സാരം:— നിന്തിരുവടിയുടെ ആ വേണുഗാനത്താൽ ദേവസ്ത്രീകൾപോലും കാമാതുരകളായും, പക്ഷിമൃഗാദികൾ കൂടി ആനന്ദത്താൽ തന്നത്താൻ മറന്നു് ചേഷ്ടാവിഹീനകളായും നിന്നുപോകയും കല്ലുപോലും അലിയുകയും ചെയ്തിരുന്നു.

6 വേണുരന്ധ്രതരളാംഗുലീദളം
താളസഞ്ചലിതപാദപല്ലവം
തൽസ്ഥിതം തവ പരോക്ഷമപ്യഹോ!
സംവിചിന്ത്യ മുമുഹുർവ്രജാംഗനാഃ

സാരം:— ഓടക്കുഴലിന്റെ ദ്വാരങ്ങളിൽ അതിവേഗം ഇളകിക്കൊണ്ടിരിക്കുന്ന കൈവിരലുകളുടെ അഗ്രഭാഗങ്ങളോടും, താളത്തിനനുസരിച്ചു് ഇളകിക്കൊണ്ടിരിക്കുന്ന കാ

ൽതളിരുകളോടുംകൂടിയ അങ്ങയുടെ ആനില്പ് ഗോപസ്ത്രീകഠം നേരിട്ടുകണ്ടില്ലെങ്കിലും മനോദർപ്പണത്തിൽ പ്രതിഫലിക്കയാൽ മോഹിച്ചു. അവർ ഭാഗ്യശാലികഠംതന്നെ.

7 നിർവ്വിശങ്കമവലോകയന്തി യാ
ഖേചരീഃ ഖഗമൃഗാൻ പശൂനപി
ത്വൽപദപ്രണയി കാനനം ച താ
ധന്യധന്യമിതി നന്വമാനയൻ.

സാരം:— ഒരു സംശയവുംകൂടാതെ അങ്ങയുടെ തിരുവുടൽകണ്ടാനന്ദിക്കുന്ന ഗോപസ്ത്രീകളെയും പശുപക്ഷിമൃഗാദികളേയും തിരുവടിയുടെ പാദന്യാസം അനുഭവിക്കുന്ന വനത്തെക്കൂടിയും, ആ ദേവസ്ത്രീകഠം ഏററവും ധന്യങ്ങളെന്നു പറഞ്ഞു പുകഴ്ത്തി.

8 ആപിബേയമധരാമൃതം കദാ
വേണുഭുക്തരസശേഷമേകദാ?
ദൂരതോ ബത കൃതം ദുരാശയാ-
ത്യാകുലാ മുഹുരിമാഃ സമാമുഹൻ.

സാരം:-"ഭാഗ്യംചെയ്ത ആ മുരളിഅനുഭവിച്ചതിൻെറ ബാക്കിയുള്ള രസത്തോടുകൂടിയ ആ അധരാമൃതത്തെ ഒരിക്കൽ പാനംചെയ്യുന്നതിനു് എനിക്കു് എന്നു് ഭാഗ്യമുണ്ടാകും? ഓ, അതു് സാദ്ധ്യമല്ലതന്നെ. എൻെറ ആഗ്രഹം വളരെ അധികമായിപ്പോയി." ഇപ്രകാരം ചിന്തിച്ചു ചിന്തിച്ചു ഗോപാംഗനമാർ മോഹപരവശകളായിത്തീൻ.

9 പ്രത്യഹം ച മുഹുരിത്ഥമംഗനാ-
ശ്ചിത്തയോനിജനിതാദനുഗ്രഹാൽ

ബദ്ധരാഗവിവശാസ്തദയിപ്രഭോ!
നിത്യമാപുരിഹ കൃത്യമൂഢതാം

സാരം:—ഇപ്രകാരം നിഃത്യന ഗോപസ്ത്രീകഠം കാമദേവൻെറ അനുഗ്രഹത്താൽ പിന്നേയും പിന്നേയും അങ്ങയിലുള്ള അനുരാഗത്താൽ ക്ലേശപരവശകളായിട്ട് വീട്ടുകാര്യങ്ങളിൽതന്നെ പതിവായി അശ്രദ്ധകളായിത്തീൻറു.

10 രാഗസ്താവജ്ജായതേ ഹി സ്വഭാവാ-
ന്മോക്ഷോപായോ യത്നതോ സ്യാന്ന വാ സ്യാൽ;
താസാം ത്വേകം തദ്വയം ലബ്ധമാസീൽ
ഭാഗ്യം ഭാഗ്യം!! പാഹി മാം മാരുതേശ!

സാരം:—അനുരാഗമെന്നത് പ്രകൃതിയാലുണ്ടാകുന്നതാണ്. എന്നാൽ മോക്ഷമാൎഗ്ഗം പ്രയാസപ്പെട്ടാലും ചിലപ്പോഠം കിട്ടിയെന്നും കിട്ടിയില്ലെന്നും വരാം. ആ ഗോപസ്ത്രീകഠംക്കാകട്ടെ അതു രണ്ടും ഒന്നായിത്തന്നെ സിദ്ധിച്ചു അഹോഭാഗ്യം! മഹാഭാഗ്യം!! അല്ലയോ ഗുരുവായുപുരേശ! എന്നെ രക്ഷിക്കേണമേ

★

## അറുപതാം ദശകം

### ഗോപസ്ത്രീജനവസ്ത്രാപഹരണം

1 മദനാതുരചേതസോഽന്വഹം
ഭവദംഘ്രിദ്വയദാസ്യകാമ്യയാ
യമുനാതടസീമ്നി സൈകതീം
തരളാക്ഷ്യോ ഗിരിജാം സമാൎച്ചിചൻ.

സാരം:—നിത്യേന കാമപരവശകളായ ഗോപാംഗനമാർ അങ്ങയുടെ പാദപത്മങ്ങളുടെ ദാസ്യഭാവത്തിനായി കൊണ്ടു് കാളിന്ദീതീരത്തിൽ മണൽകൊണ്ടു പാർവ്വതീ വിഗ്രഹം ഉണ്ടാക്കി അർച്ചിച്ചു.

2 തവ നാമകഥാരതാഃ സമം
സുദൃശഃ പ്രാതരുപാഗതാ നദീം
ഉപഹാരശതൈരപൂജയൻ
ദയിതോ നന്ദസുതോ ഭവേദിതി

സാരം:—ആ സുന്ദരിമാർ അങ്ങയുടെ നാമകഥകളിൽ താല്പര്യത്തോടെ രാവിലെ കാളിന്ദീനദിയിൽ കുളിച്ചു് നന്ദനന്ദനൻ ഭർത്താവായി വരേണമേ എന്നു് പ്രാർത്ഥിച്ചുകൊണ്ടു് അനേകം ഉപഹാരങ്ങളാൽ ദേവിയെ പൂജിച്ചു.

3 ഇതി മാസമുപാഹിതവ്രതാ-
സ്തരളാക്ഷീരഭിവീക്ഷ്യ താ ഭവാൻ
കരുണാമൃദുലോ നദീതടം
സമയാസീത്തദനുഗ്രഹേച്ഛയാ

സാരം:—ഇങ്ങിനെ ഒരു മാസക്കാലം വ്രതമാചരിച്ച ആ സുന്ദരിമാരെക്കണ്ടു് അനുഗ്രഹം നല്കണമെന്ന ഉദ്ദേശത്തോടെ ദയാർദ്രമാനസനായി അങ്ങു് നദീതടത്തിലേയ്ക്കു ചെന്നു.

4 നിയമാവസിതൌ നിജാംബരം
തടസീമന്യവമുച്യതാസ്തദാ

യമുനാജലഖേലനാകുലാഃ
പുരതസ്ത്വാമവലോക്യ ലജ്ജിതാഃ

സാരം:-അപ്പോൾ ഗോപസ്ത്രീകൾ ദേവീവ്രതപൂജയവസാനിപ്പിച്ച്, വസ്ത്രങ്ങളെല്ലാം അഴിച്ച് കരയ്ക്കുവെച്ച് കാളിന്ദിയിലിറങ്ങി കുളിച്ചുകൊണ്ടുകിടക്കുമ്പോൾ വിചാരിച്ചിരിക്കാതെ നിന്തിരുവടിയേ മുമ്പിൽ കണ്ടു് അവർ ലജ്ജാഭാവത്തിൽ വെള്ളത്തിൽ കിടന്നു.

5 ത്രപയാ നമിതാനനാസ്വഥോ-
വനിതാസ്വംബരജാലമന്തികേ
നിഹിതം പരിഗൃഹ്യ ഭൂരുഹോ
വിടപം ത്വം തരസാധിരൂഢവാൻ

സാരം:—ഗോപസ്ത്രീകൾ ലജ്ജിച്ച് മൃദുകോമളമുഖാംബുരുഹങ്ങൾ താഴ്ത്തിയപ്പോൾ അങ്ങ് അടുത്തിരുന്ന വസ്ത്രങ്ങളെല്ലാമെടുത്തു് ഒരു വൃക്ഷത്തിന്റെ മുകളിൽ കയറിയിരുന്നു.

6 ഇഹ താവദുപേത്യ നീയതാം
വസനം വഃ സുദൃശോ യഥായഥം
ഇതി നർമ്മമൃദുസ്മിതേ ത്വയി
ബ്രുവതി വ്യാമുമുഹേ വധൂജനൈഃ

സാരം:—'അല്ലയോ, സുന്ദരിമാരെ! ഇപ്പോൾ ഇവിടെവന്നു് നിങ്ങൾ ക്രമമായി വസ്ത്രങ്ങൾ വാങ്ങിക്കൊള്ളുവിൻ' എന്നു് നർമ്മവാക്യത്തോടെ അങ്ങ് പുഞ്ചിരിപൂണ്ടുകൊണ്ടു് പറഞ്ഞപ്പോൾ അവർക്ക് കൌതുകംതോന്നി.

7 അയി!ജീവ ചിരം കിശോര!ന-
സ്തവ ദാസീരവശീകരോഷി കിം
പ്രദിശാംബരമംബുജേക്ഷണേ-
ത്യുദിതസ്ത്വം സ്മിതമേവ ദത്തവാൻ.

സാരം:— "അല്ലയോ കുമാര! നീ ചിരഞ്ജീവിയായി ത്തീരട്ടെ. നിൻെറ വാക്കിൻപടി നടക്കുന്ന ദാസിമാരായ ഞങ്ങളെ ഇങ്ങിനെ വ്യസനിപ്പിയ്ക്കുന്നതും ലജ്ജിപ്പിയ്ക്കുന്ന തുമെന്തിനു്? ഹേ! ചെന്താമരമിഴിനേത്ര! നീ ഞങ്ങളുടെ വസ്ത്രങ്ങൾ ഞങ്ങൾക്കു തന്നാലും" ഇങ്ങിനെ അവർ പറ ഞ്ഞപ്പോൾ നിന്തിരുവടി അതിനു മറുപടി ഒരു പുഞ്ചി രികൊണ്ടവസാനിപ്പിച്ചു.

8 അധിരുഹ്യ തടം കൃതാഞ്ജലീഃ
പരിശുദ്ധാഃ സ്വഗതീന്നിരീക്ഷ്യ താഃ
വസനാന്യഖിലാന്യനുഗ്രഹം
പുനരേവം ഗിരമപ്യദാത് മുദാ.

സാരം:— കരയിൽ കയറി, ബദ്ധാഞ്ജലികളും പരി ശുദ്ധകളും ആയ ആ ഗോപസ്ത്രീമാൎക്ക്, തന്നെത്തന്നെ ശ രണമായിക്കരുതിയിട്ടുള്ള അവൎക്ക് സന്തോഷസമേതം വസ്ത്ര ങ്ങളെല്ലാം കൊടുത്തു് ഈവിധമനുഗ്രഹവചനങ്ങളും പ റഞ്ഞു.

9 "വിദിതം നനു വോ മനീഷിതം
വിദിതാരസ്ത്വിഹ യോഗ്യമുത്തരം
യമുനാപുളിനേ സചന്ദ്രികാഃ
ക്ഷണദാ 'ഇത്യബലാസ്ത്വമൂചിവാൻ.

സാരം:— ഹേ ഗോപകന്യകമാരെ! നിങ്ങറം തന്നാഗ്രഹം ഇങ്ങറിഞ്ഞു. യമുനാതടിനിയുടെ മണൽത്തിട്ടിൽ നിലാവുതെളിയുന്ന രാത്രികറം നിങ്ങളുടെ ഇംഗിതത്തിന്നു് മറുപടിയരുളും, എന്നു് അവരോടു അങ്ങു പറഞ്ഞു.

10 ഉപകർണ്യ ഭവന്മുഖച്യുതം
മധുനിഷ്യന്ദി വചോ മൃഗീദൃശഃ
പ്രണയാദയി വീക്ഷ്യ വീക്ഷ്യ തേ
വദനാബ്ജം ശനകൈർഗൃഹം ഗതാഃ

സാരം:— ആ സുന്ദരിമാർ അങ്ങയുടെ മുഖാരവിന്ദത്തിൽനിന്നു നിർത്ധരിതമാകുന്ന പൂന്തേൻ മൊഴികറം ശ്രവിച്ചു് പ്രേമാകുലചേതസ്സോടെ മുഖപത്മകടാക്ഷമാധുര്യത്തെ ആസ്വാദിച്ചു് ആ ഗോപികമാർ മെല്ലെമെല്ലെ നോക്കിനോക്കി തത്തൽസ്ഥാനങ്ങളെ പ്രാപിച്ചു.

11 ഇതി നനു അനുഗൃഹ്യ വല്ലവീർ-
വിപിനാന്തേഷു പുരേവ സഞ്ചരൻ
കരുണാശിശിരോ ഹരേ! ഹര-
ത്വരയാ മേ സകലാമയാവലിം

സാരം:— അല്ലയോ ഹരേ! ഈവിധം ഗോപിമാരെ അനുഗ്രഹിച്ചു് മുൻപുപോലെ വനാന്തരങ്ങളിൽ ദയാർദ്രചിത്തനായി സഞ്ചരിക്കുന്ന അങ്ങു് എന്റെ സകല രോഗങ്ങളേയും ക്ഷണത്തിൽ നശിപ്പിക്കേണമേ!

## അറുപത്തൊന്നാം ദശകം

### വിപ്രപത്നീമോക്ഷം

1 തതശ്ച വൃന്ദാവനതോഽതിദൂരതോ
വനം ഗതസ്ത്വം ഖലു ഗോപഗോകുലൈഃ
ഹൃദന്തരേ ഭക്തതരദ്വിജാംഗനാ-
കദംബകാനുഗ്രഹണാഗ്രഹം വഹൻ

സാരം:—അങ്ങയിൽ അത്യന്തഭക്തകളായ ബ്രാഹ്മണ സ്ത്രീകളെ അനുഗ്രഹിപ്പാനുള്ള ഉദ്ദേശത്തോടെ, പശുക്കൂട്ടങ്ങളോടും പശുപാലബാലന്മാരോടുമൊന്നിച്ച് വൃന്ദാവനത്തിൽനിന്നും അകലെയുള്ള ഒരു കാട്ടിലേക്കു പോയി.

2 തതോ നിരീക്ഷ്യാശരണേ വനാന്തരേ
കിശോരലോകം ക്ഷുധിതം തൃഷാകുലം
അദൂരതോ യജ്ഞപരാൻ ദ്വിജാൻ പ്രതി
വ്യസർജ്ജയോ ദീദിവയാചനായ താൻ.

സാരം:—അനന്തരം വൃക്ഷങ്ങളും ഗൃഹങ്ങളുമൊന്നുമില്ലാത്ത ആ വനത്തിൽ സഞ്ചരിക്കയാൽ വിശപ്പും ദാഹവും വർദ്ധിച്ച ഗോപബാലന്മാരെക്കണ്ടു് അങ്ങ് അല്പം ദൂരത്തുള്ള ഒരു ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ബ്രാഹ്മണഗൃഹത്തിൽ പോയി ഭക്തിജ്ഞാനമാർഗ്ഗങ്ങളിൽ വിമുഖന്മാരും കർമ്മഠന്മാരുമായി യാഗം കഴിച്ചുകൊണ്ടിരിക്കുന്ന അവരോടു കുറെ അന്നംയാചിക്കുവാൻ ഗോപാലന്മാരെ പറഞ്ഞയച്ചു,

3 ഗതേഷ്വഥോ തേഷ്വഭിധായ തേഽഭിധാം
കുമാരകേഷ്വോദനയാചിഷു പ്രഭോ!
ശ്രുതിസ്ഥിരാം അപ്യഭിനിന്യുരശ്രുതിം;
ന കിഞ്ചിദൂചുശ്ച മഹീസുരോത്തമാഃ

സാരം—അല്ലയോ ലോകനാഥ! ആ ഗോപബാലന്മാർ പോയി അങ്ങയുടെ പേർപറഞ്ഞു് അന്നം യാചിച്ചനില്ക്കുമ്പോഴം ആ ബ്രാഹ്മണശ്രേഷ്ഠന്മാർ കേട്ടിട്ടും കേട്ടില്ലെന്ന നടിച്ചു് ഒന്നും മറുപടിപറകയുണ്ടായില്ല.

4 അനാദരാൽ ഖിന്നധിയോ ഹി ബാലകാഃ
സമായയുർയുക്തമിദം ഹി യജ്വസു;
ചിരാദഭക്താഃ ഖലു തേ മഹീസുരാഃ;
കഥം ഹി ഭക്തം ത്വയി തൈഃ സമർപ്പ്യതേ?

സാരം:—ഇൗവിധം ബ്രാഹ്മണർ അനാദരിക്കനിമിത്തം നിരുത്സാഹരും നിരാശരുമായ ഗോപബാലന്മാർ മടങ്ങിപ്പോന്നു. കർമ്മലോലുപരായ അവർ ഇൗ ധർമ്മവിരോധം ചെയ്യുതിൽ അത്ഭുതപ്പെടുവാനില്ല. അവർ വളരെക്കാലമായി നിന്തിരുവടിയിൽ ഭക്തികൂടാതെ ഇരിക്കുന്നവരാണു്. പിന്നെ അവരെങ്ങിനെയാണ് അങ്ങയ്ക്കന്നം തരുന്നതു്?

5 നിവേദയധ്വം ഗൃഹിണീജനായ മാം
ദിശേയുരന്നം കരുണാകുലാ ഇമാഃ
ഇതി സ്മിതാർദ്രം ഭവതേരിതാ ഗതാ-
സ്തു ദാരകാ ദാരജനം യയാചിരേ.

സാരം:—'ഹേ ഗോപാലന്മാരെ! നിങ്ങൾ ചെന്നു് ആ ബ്രാഹ്മണരുടെ പത്നിമാരോട്ട് എന്റെ പേരുപറഞ്ഞു അന്നം യാചിക്കുവിൻ! ദയാവതികളായ അവർ അന്നം തരും' ഇങ്ങിനെ അങ്ങ് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞ വാക്കുകളെക്കേട്ടു് ആ ബാലന്മാർപോയി ബ്രാഹ്മണപത്നി മാരോട്ട് അന്നം യാചിച്ചു.

6 ഗൃഹീതനാമ്നി ത്വയി,സംഭ്രമാകുലാ-
ശ്ചതുർവ്വിധം ഭോജ്യരസം പ്രഗൃഹ്യ താഃ
ചിരം ധൃതത്വൽപ്രവിലോകനാഗ്രഹാഃ
സ്വകൈർന്നിരുദ്ധാ അപി തൂർണ്ണമായയുഃ

സാരം:—"ശ്രീകൃഷ്ണൻ, ഞങ്ങൾമുഖേന നിങ്ങളോടു അന്നം യാചിക്കുന്നു." എന്നിപ്രകാരമുള്ള ഗോപബാല ന്മാരുടെ വാക്കിൽനിന്നു് നിന്തിരുവടിയുടെ നാമം ശ്രവി ച്ചമാത്രയിൽ, ഏറെക്കാലമായി അങ്ങയെക്കാണ്മാനാശി ച്ചിരുന്ന ആ ഭക്താഢ്യകളായ ബ്രാഹ്മണസ്ത്രീകൾ സംഭ്രാ ന്തകളായി, ഭോജനാദികൾ യഥാവിധി തയ്യാറാക്കി, തങ്ങ ളുടെ ഭർത്താക്കന്മാർ തടുത്തിട്ടുപോലും നില്ക്കാതെ വേഗത്തിൽ വന്നു.

7 വിലോലപിഞ്ഛം ചികുരേ കപോലയോഃ
സമുല്ലസൽകുണ്ഡലമാർദ്രമീക്ഷിതേ
നിധായ ബാഹും സുഹൃദംസസീമനി
സ്ഥിതം ഭവന്തം സമലോകയന്ത താഃ

സാരം:—തലമുടിക്കെട്ടിൽ ഇളകിക്കൊണ്ടിരിക്കുന്ന മയിൽപീലിയോടും കപോലങ്ങളിൽ നിഴലിക്കുന്ന കുണ്ഡ

ഭൂഷണങ്ങളോടും, ഭക്തവാത്സല്യാതിശയത്താൽ കടക്കണ്ണുക ളിൽ ഉറന്ന ആനന്ദബാഷ്പത്തോടുംകൂടി സ്നേഹിതനായ ഒരു ഗോപാലന്റെ തോളിൽ പിടിച്ചുകൊണ്ട് നില്ക്കുന്ന അങ്ങ യെ അവർ കണ്ടു—ബ്രാഹ്മണസ്ത്രീകൾ കണ്ടു.

8 തദാ ച കാചിത്ത്വദുപാഗമോദ്യതാ
ഗൃഹീതഹസ്താ ദയിതേന യജ്വനാ
തദൈവ സഞ്ചിന്ത്യ ഭവന്തമഞ്ജസാ
വിവേശ കൈവല്യമഹോ കൃതിന്യസൗ

സാരം:—അപ്പോൾ അങ്ങയെ കാണ്മാൻ പുറപ്പെട്ട ബ്രാഹ്മണസ്ത്രീകളുടെ കൂട്ടത്തിൽ ഒരുവളെ അവളുടെ ഭർത്താ വായ ദീക്ഷിതബ്രാഹ്മണൻ തടുക്കയാൽ, മനോമൌഢ്യ ത്തോടും നിരാശയോടും വ്യസനത്തോടുംകൂടി അവൾ നി ന്തിരുവടിയിൽതന്നെ മനസ്സുനിറുത്തി നിശ്ചലയായി ധ്യാ നിക്കകൊണ്ടുണ്ടായ അത്യാനന്ദത്താലും വിരഹസന്താപ ത്താലും പുണ്യപാപങ്ങളാകുന്ന സകല വാസനകളും നശി ച്ച് മോക്ഷം സിദ്ധിച്ചു. അഹോ! അവളാണു ഭാഗ്യവതി!

9 ആദായ ഭോജ്യാന്യനുഗൃഹ്യ താഃ പുന-
സ്ത്വദംഗസംഗസ്പൃഹയോജ്ഝതീർഗൃഹം
വിലോക്യ യജ്ഞായ വിസർജ്ജയന്നിമാ-
ശ്ചകർത്ഥ ഭർത്തൄനപി താസ്വഗർഹണാൻ

സാരം:—അങ്ങ് ഭക്ഷണാദികൾ സന്തോഷത്തോടെ സ്വീകരിച്ച് ആ ബ്രാഹ്മണസ്ത്രീകളെ അനുഗ്രഹിച്ചു

അവർ അങ്ങയുടെ അംഗസംഗത്തിലാഗ്രഹിച്ച് കുഡുംബാദിബന്ധങ്ങളെ ഉപേക്ഷിച്ചിരിക്കുന്നവരാണെന്നു അങ്ങ മനസ്സിലാക്കി യാഗപൂർത്തിക്കു ധർമ്മപത്നിമാരായ അവരുടെ സാന്നിദ്ധ്യംകൂടി ആവശ്യമെന്നു ധരിപ്പിച്ചു മടക്കിയയക്കയും, ഭർത്താക്കന്മാർക്കു അവരിൽ ഉണ്ടായിരുന്ന വിരോധം മാറി സസ്നേഹം കൊണ്ടാടുവാൻ തോന്നുന്നതിനു് അനുഗ്രഹിക്കയും ചെയ്തു.

10 നിരൂപ്യ ദോഷം നിജമംഗനാജനേ,
വിലോക്യ ഭക്തിഞ്ച പുനർവ്വിചാരിഭിഃ
പ്രബുദ്ധതത്വൈസ്ത്വമഭിഷ്ടുതോ ദ്വിജൈർ-
മരുൽപുരാധീശ! നിരുന്ധി മേ ഗദാൻ.

സാരം:—തങ്ങളുടെ ഭക്തിയില്ലായ്മയേയും ഭാര്യമാരുടെ ഭക്തിവിശേഷത്തേയും ചിന്തിച്ചുനോക്കി പരമാത്ഥബോധമുദിച്ച ബ്രാഹ്മണരാൽ പരംഭക്തിയാൽ സ്തുതിക്കപ്പെട്ട നിന്തിരുവടി അല്ലയോ ഗുരുവായുപുരേശ! എന്റെ രോഗങ്ങളെ ശമിപ്പിക്കേണമെ!

★

## അറുപത്തിരണ്ടാം ദശകം

### ഇന്ദ്രമഖഭംഗം

1 കദാചിൽ ഗോപാലാൻ വിഹിതമഖസംഭാരവിഭവാൻ
നിരീക്ഷ്യ ത്വം ശൌരേ! മഘവമദമുദ്ധ്വംസിതുമനാഃ
വിജാനന്നപ്യേതാൻ വിനയമൃദുനന്ദാദിപശുപാ-
നപൃച്ഛഃ "കോ വായം ജനക! ഭവതാമുദ്യമ" ഇതി.

സാരം:—അല്ലയോ ശൌരേ! അങ്ങ് ഒരിക്കൽ ഗോ

പന്മാർ ഒരു യാഗത്തിന്നുവേണ്ട സംഭാരജാലങ്ങഠംതയാറാക്കുന്നതുകണ്ട്, അങ്ങയ്ക്കു വസ്തുസ്ഥിതിയറിയുമായിരിക്കുമെങ്കിലും ദേവേന്ദ്രൻെറ ഗർവ്വത്തെ നശിപ്പിക്കണമെന്ന വിചാരത്തോടെ ഒന്നും അറിയാത്തവനെന്നമട്ടിൽ നന്ദഗോപനോട് 'അച്ഛാ! നിങ്ങളുടെ ഈ ആരംഭം എന്താണ്?' എന്ന് വിനയാന്വിതനായിച്ചോദിച്ചു.

2 ബഭാഷേ നന്ദസ്ത്വാം 'സുത!നനു വിധേയോ മഘവതോ
മഖോ വർഷേ വർഷേ സുഖയതി സ വർഷേണ പൃഥിവീം
നൃണാം വർഷായത്തം നിഖിലമുപജീവ്യം മഹിതലേ
വിശേഷാദസ്മാകം തൃണസലിലജീവ്യാ ഹി പശവഃ

സാരം:—അങ്ങയുടെ ചോദ്യത്തിന് നന്ദഗോപൻ മറുപടി പറഞ്ഞു:—"നാം ഇന്ദ്രന് കൊല്ലത്തിലൊരിക്കൽ ബലിപൂജാദികഠം നൽകേണ്ടതാണ്. ഇന്ദ്രൻ ഭൂമിയുടെ രക്ഷക്കു മഴ പെയ്യിക്കുന്നു. മനുഷ്യർക്കു ജീവിതസന്ധാരണത്തിനാവശ്യമായവയെല്ലാം മഴകൊണ്ടാണ് ഭൂമിയിലുണ്ടാകുന്നതു്. വിശേഷിച്ചും പശുക്കളുടെ രക്ഷയെ ആശ്രയിച്ചു ജീവിക്കുന്ന നമുക്കു മഴ അത്യാവശ്യവുമാണ്. നമ്മുടെ കുലധനമായ പശുക്കഠം തൃണജലാദ്യങ്ങളാലാണല്ലോ രക്ഷയെ പ്രാപിക്കുന്നതു്

3 ഇതി ശ്രുത്വാ വാചം പിതുരയി ഭവാനാഹ സരസം
"ധിഗേതന്നോ സത്യം മഘവജനിതാ വൃഷ്ടിരിതി യൽ,
അദൃഷ്ടം ജീവാനാം സൃജതി ഖലു വൃഷ്ടിം സമുചിതാം
മഹാരണ്യേ വൃക്ഷാഃ കിമിവ ബലിമിന്ദ്രായ ദദതേ

സാരം:— ഇങ്ങിനെയുള്ള പിതാവിൻെറ ഗീരുക്കാംകേട്ട്, യുക്തിക്കചേരുംവിധത്തിൽ നിന്തിരുവടി പറഞ്ഞു:- "കഷ്ടം! മഹത്തുക്കളുടെ മനസ്സിലും അന്ധവിശ്വാസം കടന്നുകൂടുന്നുവല്ലൊ! ഇന്ദ്രനാണ് മഴ പെയ്യിക്കുന്നതെന്നു പറഞ്ഞതു്, വാസ്തവമല്ല; സ്വീകാര്യമല്ല; സത്യമല്ലതന്നെ. ജീവികളുടെ കർമ്മഫലമാണ് വേണ്ടപ്പോഠം മഴപെയ്യിക്കുന്നതു്. കാട്ടിൽ വളരുന്ന വൃക്ഷങ്ങഠം അവയുടെ വളർച്ചയ്ക്കു വേണ്ട വെള്ളത്തിനുവേണ്ടി ഇന്ദ്രനു ബലിനല്കുന്നുണ്ടോ?"

4 "ഇദം താവൽ സത്യം യദിഹ പശവോ നഃ കുലധനം
തദാജീവ്യായാസൌ ബലിരചലഭർത്രേ സമുചിതഃ
സുരേഭ്യോപ്യുൽകൃഷ്ടാ നനു ധരണിദേവാഃ ക്ഷിതിതലേ
തതസ്തേപ്യാരാദ്ധ്യാ" ഇതി ജഗദിഥ ത്വം നിജജനാൻ

സാരം:— നമുക്കുള്ള കുലധനം പശുക്കളാണെന്നു പറഞ്ഞതു ശരിയാണ് എങ്കിൽ ആ പശുക്കളെ പുല്ലും വെള്ളവും മററും കൊടുത്തുരക്ഷിക്കുന്ന ഗോവർദ്ധനപർവ്വതത്തിനാണ് ഈ ബലി കൊടുക്കേണ്ടതു്. ഭൂമിയിൽ ദേവന്മാരേക്കാഠം ശ്രേഷ്ഠത്വം ബ്രാഹ്മണർക്കാണ് അതുകൊണ്ടു് അവരേയും പൂജിക്കണം" ഇങ്ങിനെ നിന്തിരുവടി ഗോപന്മാരോടു പറഞ്ഞു.

5 ഭവദ്വാചം ശ്രുത്വാ ബഹുമതിയുതാസ്തേപി പശുപാ
ദ്വിജേന്ദ്രാനർച്ചന്തോ ബലിമദദുരുച്ചൈഃ ക്ഷിതിഭൃതേ
വ്യധുഃ പ്രാദക്ഷിണ്യം സുഭൃശമനമന്നാദരയുതാ-
സ്ത്വമാദഃ ശൈലാത്മാ ബലിമഖിലമാഭീരപുരതഃ

സാരം:— ഇപ്രകാരം നിന്തിരുവടിയുടെ യുക്തിയുക്തമായ വാക്കുകളെ ഗോപന്മാർ ബഹുമാനിച്ച്, ഉടനെ ഉ

ത്തമബ്രാഹ്മണരെ വരുത്തി യഥാവിധി പൂജിക്കയും കഴി ഞ്ഞ പ്രാവശ്യത്തേക്കാൾ ക്ഷേമമായി സംഭാരജാലങ്ങളൊരു ക്കി, ഗോവൎദ്ധനത്തിന്നു ബലി അർപ്പിക്കയും ചെയ്തു. അ തിന്നുശേഷം എല്ലാവരും പർവ്വതത്തിനു വലംവെച്ച് ഭ ക്തിപൂൎവ്വം വണങ്ങി. ഇതിന്നിടയിൽ നിന്തിരുവടി ഒരു വലിയ ദേഹം കയ്ക്കൊണ്ട് "ഗോവൎദ്ധനപൎവ്വതമാണ് ഞാൻ, ഞാൻ തുഷ്ടിയെപ്രാപിച്ചു." എന്നു ഗോപാദികൾ കേൾക്കുംമട്ടിൽ പറഞ്ഞിട്ട് അവർ കാൺകെതന്നെ യാഗ സാധനമശേഷം ഭുജിച്ചു.

6 അവോചശ്ചൈവം താൻ'കിമിഹ വിതഥം മേ നിഗദിതം
ഗിരീന്ദ്രോ നന്വേഷ സ്വബലിമുപഭുംക്തേ സ്വവപുഷാ;
അയം ഗോത്രോ ഗോത്രദ്വിഷി ച കുപിതേ രക്ഷിതുമലം
സമസ്താ' നിത്യുക്താ ജഹൃഷുരഖിലം ഗോകുലജുഷഃ

സാരം:— ഞാൻ പറഞ്ഞതു കളവാണോ? പൎവ്വതം ഇതാ ദേഹം സ്വീകരിച്ച് തനിക്കു നല്കപ്പെട്ട ബലിയേ ഭക്ഷിക്കുന്നു, ഇക്കാണുന്ന ദിവ്യപ്രഭാവനായ പൎവ്വതശ്രേ ഷ്ഠൻ, ഇന്ദ്രന്റെ കോപത്തിൽനിന്നും നമ്മെയെല്ലാം ര ക്ഷിക്കാനും ശക്തനാണ്" ഇപ്രകാരം ബാലഗോപാലരൂ പനായ നിന്തിരുവടി അവരോടു പറഞ്ഞു. ഇതു കേട്ട് ഗോകുലവാസികളെല്ലാം സന്തോഷിച്ചു.

7 പരിപ്രീതാ യാതാഃ ഖലു ഭവദുപേതാ വ്രജജുഷോ
വ്രജം യാവത്താവന്നിജ മഖവിഭംഗം നിശമയൻ
ഭവന്തം ജാനന്നപ്യധികരജസാഽഽക്രാന്തഹൃദയോ
ന സേഹേ ദേവേന്ദ്രസ്ത്വദുപരചിതാത്മോന്നതിരപി

സാരം:—അനന്തരം, ഗോകുലവാസികളെല്ലാം നിന്തിരുവടിയോരുമിച്ചു് സന്തോഷസമന്വിതം ഗോകുലത്തിലേയ്ക്കു പോയി. അപ്പോഴാണ് തൻെറ യാഗംമുട്ടിച്ച കഥ ഇന്ദ്രനറിഞ്ഞതു്. നിന്തിരുവടി സാക്ഷാൽ വിഷ്ണുദേവനെന്നുള്ള പരമാത്ഥം അറിഞ്ഞിരുന്നിട്ടും; ഐന്ദ്രപദം തന്നെ നിന്തിരുവടിയാൽ നല്കപ്പെട്ടതായിരുന്നിട്ടും, ആ ഇന്ദ്രൻ രജോഗുണപ്രധാനങ്ങളായ രാഗാദികളാൽ ഏററവും ദൂഷിച്ച മനസ്സോടുകൂടിയവനായിട്ടു് യാഗം മുടക്കിയെന്നതിൽ സഹിക്കാനായില്ല.

8 "മനുഷ്യത്വം യാതോ മധുഭിദപി ദേവേഷ്വവിനയം
വിധത്തേ ചേന്നഷ്ടസ്ത്രിദശസദസാം കോഽപി മഹിമാ
തതശ്ച ധ്വംസിഷ്യേ പശുപഹതകസ്യ ശ്രിയ"മിതി
പ്രവൃത്തസ്ത്വാം ജേതും സ കില മഘവാ ദുർമ്മദനിധിഃ

സാരം:—സാക്ഷാൽ വിഷ്ണുതന്നെയെങ്കിലും കേവലം മനുഷ്യനായിജ്ജനിച്ചിരിക്കുമ്പോൾ, ദേവന്മാരോടു അഹങ്കാരം കാണിച്ചാൽ അതു ദേവസഭയ്ക്കു് അതീവ പോരായ്മയും ബലക്ഷയവുമാണു്. അതുകൊണ്ടു ഈ ഗോപാലാധമൻെറ സമ്പത്തുക്കളെ പാടെ ഞാൻ നശിപ്പിക്കുന്നുണ്ടു്" എന്നിപ്രകാരം ചിന്തിച്ചു് ദുർമ്മദാന്ധനായ ദേവേന്ദ്രൻ നിന്തിരുവടിയോടെതിൎപ്പാനുദ്യമിച്ചപ്പോൾ!

9 ത്വദാവാസം ഹന്തും പ്രളയജലദാനംബരഭുവി
പ്രഹിണ്വൻ ബിഭ്രാണഃ കുലിശമയമഭ്രേഭഗമനഃ
പ്രതസ്ഥേന്യൈരന്തർദ്ദഹനമരുദാദ്യൈർവ്വിഹസിതോ
ഭവന്മായാ നൈവ, ത്രിഭുവനപതേ, മോഹയതി കം

സാരം:—ക്രുധിതനായ ആ വാസവൻ, നിന്തിരുവടിയുടെ വാസസ്ഥാനമായ ഗോകുലത്തെ പെരുംവെള്ളത്തിൽ മുക്കിക്കളവാനായി പ്രളയമേഘങ്ങളെ നിയോഗിച്ചു. താൻ ഐരാവതഗളത്തിൽ കയറി വജ്രായുധപാണിയായി ദിക്പാലന്മാരാൽ പുഷ്ടിക്കപ്പെട്ടവനായിട്ടു പുറപ്പെട്ടു. അല്ലയോ, ത്രൈലോക്യനാഥനായ ഭഗവാനേ! അങ്ങയുടെ മായ ആരെത്തന്നെ മോഹിപ്പിക്കയില്ല.

10 സുരേന്ദ്രഃ ക്രുദ്ധശ്ചേൽ ദ്വിജകരുണയാ ശൈലകൃപയാ-
പ്യനാതങ്കോഽസ്മാകം നിയത ഇതി വിശ്വാസ്യ പശുപാൻ
അഹോ കിം നായാതോ ഗിരിഭിദിതി സഞ്ചിന്ത്യ നിവ-
സൻ; മരുൽഗേഹാധീശ! പ്രണുദ മുരവൈരിൻ, മമ ഗദാൻ.

സാരം:—ദേവേന്ദ്രൻ കോപിച്ച് വല്ലഉപദ്രവങ്ങളും ചെയ്യുകയാണെങ്കിലും ബ്രാഹ്മണരുടെ അനുഗ്രഹംകൊണ്ടും ഗോവർദ്ധനഗിരിശ്രേഷ്ഠന്റെ സഹായംകൊണ്ടും ഭയപ്പെടാനൊന്നുമില്ല" എന്ന് ഗോപന്മാരെ വിശ്വസിപ്പിച്ചിട്ട്, "അല്ല, ദേവേന്ദ്രൻ എന്തുകൊണ്ടാണ് കയർത്തിറങ്ങാത്തത്?" എന്നുവിചാരിച്ചുവസിച്ച നിന്തിരുവടി, അല്ലയോ ഗുരുവായൂരപ്പ! എന്റെ രോഗങ്ങളെ നശിപ്പിച്ചാലും!

## അറുപത്തിമൂന്നാം ദശകം

### ഗോവർദ്ധനോദ്ധാരണം

1 ദദൃശിരേ കില തൽക്ഷണമക്ഷത-
സ്തനിതജൃംഭിതകമ്പിതദിക്തടാഃ
സുഷമയാ ഭവദംഗതുലാം ഗതാ
വ്രജപദോപരി വാരിധരാസ്ത്വയാ.

സാരം:—ആ സമയം ഗോകുലത്തിന്റെ മേൽഭാഗം മൂടിയടച്ച് തടവില്ലാതെയുള്ള ഇടിവെട്ടൽകൊണ്ട് ഭൂമിയെ വിറപ്പിക്കുകയും ഉജ്ജ്വലമായ തേജസ്സുകൊണ്ട് അങ്ങയുടെ ശരീരത്തോടു തുല്യത വഹിക്കുന്നതും ആയ കാളമേഘങ്ങളെ നിന്തിരുവടി കണ്ടു.

2 വിപുലകരകമിശ്രൈസ്തോയധാരാനിപാതൈ-
ർദ്ദിശി ദിശി പശുപാനാം മണ്ഡലേ ദണ്ഡ്യമാനേ
'കുപിതഹരികൃതാന്നഃ പാഹി പാഹീ'തി തേഷാം
വചനമജിത,ശൃണ്വൻ'മാബിഭീതേ'ത്യഭാണീഃ

സാരം:—പെട്ടെന്ന് വലിയ ആലിപ്പഴങ്ങൾ ഉതിർത്തികൊണ്ടു പേമാരി തൂകുന്നതു് സഹിക്കവെഹിയാതെ അങ്ങിങ്ങായി വസിക്കുന്ന ഗോപന്മാർ ബുദ്ധിമുട്ടി ''ഹേ കൃഷ്ണാ! ക്രുധിതനായ ഇന്ദ്രന്റെ ഈ സാഹസവൃത്തിയിൽനിന്നും നീ ഈ ഞങ്ങളെ രക്ഷിക്കുക' എന്നു് ആത്തനാദത്തോടെ മുറവിളികൂട്ടി. അല്ലയോ അജിത! നിന്തിരുവടി തെല്ലും കുലുങ്ങാതെ 'ഹേ ഗോപന്മാരെ! നിങ്ങൾ ഭയപ്പെടുകയേ വേണ്ട'' എന്നരുളിച്ചെയ്തു.

3 കുല ഇഹ ഖലു ഗോത്രോ ദൈവതം ഗോത്രശത്രോ-
ർവ്വിഹിതമിഹ സ രുന്ധ്യാൽ കോ നു വഃ സംശയോസ്മിൻ
ഇതിസഹസിതവാദീ ദേവ, ഗോവർദ്ധനാദ്രിം
ത്വരിതമുദമൂമൂലോ മൂലതോ ബാലദോർഭ്യാം

സാരം:—'നമ്മുടെ വംശത്തിന്നു് ഗോവർദ്ധനപർവ്വതമാണു് കുലദൈവതം. ഇന്ദ്രൻ ചെയ്യുന്ന ഈ ഉപദ്രവത്തെ ആ പർവ്വതംതന്നെ തടുത്തുകൊള്ളും. ഇതിൽ നിങ്ങൾക്കു

സംശയമെന്തിനു്?' എന്നിങ്ങിനെ ചിരിച്ചുകൊണ്ടു് അരുളിച്ചെയ്തിട്ടു് വേഗത്തിൽ ചാടിച്ചെന്നു് നിന്തിരുവടി ഇളംകൈത്താരുകൾകൊണ്ടു് ഗോവർദ്ധനഗിരിയെ അടിയോടെ ഇളക്കിപ്പൊക്കിയെടുത്തു.

4 തദനു ഗിരിവരസ്യ പ്രോദ്ധൃതസ്യാസ്യ താവൽ
സികതിലമൃദുദേശേ ദൂരതോ വാരിതാപേ
പരികരപരിമിശ്രാൻ ധേനുഗോപാനധസ്താ-
ദുപനിദധദധത്ഥാ ഹസ്തപത്മേന ശൈലം

സാരം:—അനന്തരം, പൃഴക്കിയെടുത്ത പർവ്വതത്തിന്റെ അടിയിൽ വെള്ളം ദൂരേ നിവാരണം ചെയ്യപ്പെട്ടതായ മണൽവിരിച്ച ദിക്കിൽ കുടുംബസാമാനങ്ങളോടുകൂടിയ ഗോപന്മാരേയും പശുക്കളെയും മററും നിർത്തികൊണ്ടു അങ്ങു പാണിപത്മംകൊണ്ടു് പർവ്വതത്തെ എടുത്തു് കുടയെന്നപോലെ പിടിച്ചു.

5 ഭവതി വിധൃതശൈലേ ബാലികാഭിർവ്വയസ്യൈ-
രപി വിഹിതവിലാസം കേളിലാപാദിലോലേ
സവിധമിളിതധേനൂരേകഹസ്തേന കണ്ഡൂ-
യതി സതി പശുപാലാസ്തോഷമൈഷന്ത സർവ്വേ.

സാരം:—നിന്തിരുവടി കയ്യിൽ പർവ്വതത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ബാലികമാരോടും തുല്യപ്രായംചെന്ന കുട്ടികളോടും നേരമ്പോക്കുകൾ പറഞ്ഞു് രസിക്കുന്നതും അടുക്കൽ വന്നുനില്ക്കുന്ന പശുക്കളെ വലത്തെ കൈകൊണ്ടു ചൊറിയുന്നതും കണ്ടപ്പോൾ ഗോപന്മാർ പർവ്വതം കയ്യിൽനിന്നു വീഴുകയില്ലെന്നു് വിശ്വാസംവരികയാൽ എല്ലാവരും ഏററവും സന്തോഷിച്ചു.

6 'അതിമഹാൻ ഗിരിരേഷ തു; വാമകേ
കരസരോരുഹി തം ധരതേ ചിരം
കിമിദമത്ഭുതമദ്രിബലംനു'ഇതി-
ത്വദവലോകിഭിരാകഥി ഗോപകൈഃ

സാരം:— "ഈ പർവ്വതം വളരെ വലുതു്; ഇവൻ വളരെനേരമായി ഇടംകയ്യിൽ അതെടുത്തുനില്ക്കുകയും ചെയ്യുന്നു. ഇതെന്തൊരത്ഭുതം?" എന്നു പശുപന്മാർ അങ്ങയേ നോക്കിപ്പറഞ്ഞു.

7 "അഹഹ!ധാർഷ്ട്യമമുഷ്യ വടോർഗ്ഗിരിം
വ്യഥിതബാഹുരസാവവരോപയേൽ"
ഇതി ഹരിസ്ത്വയി ബദ്ധവിഗർഹണോ
ദിവസസപ്തകമുഗ്രമവർഷയൽ.

സാരം — ആഹാ, ഈ ചെറുബാലന്റെ സാഹസം ആശ്ചര്യം! ഇങ്ങിനെ ഈ മല എത്രനേരം ഇവൻ ഉയർത്തിപ്പിടിക്കുമെന്നറിയണം കൈ തളരുമ്പോൾ താഴെ വെയ്ക്കാതിരിക്കയില്ല എന്നുകരുതി നിന്തിരുവടിയിൽ ഏററവും അസൂയയോടുകൂടിയ ഇന്ദ്രൻ ഏഴുദിനം മുഴുവൻ ശക്തിയായി വർഷിച്ചുകൊണ്ടുനിന്നു.

8 അചലതി ത്വയി ദേവ, പദാൽപദം,
ഗളിതസർവ്വജലേ ച ഘനോൽകരേ
അപഹൃതേ മരുതാ മരുതാം പതി-
സ്ത്വദഭിശംകിതധീഃ സമുപാദ്രവൽ

സാരം:— എന്നിട്ടും നിന്നിടത്തുനിന്നും അങ്ങു് ഒരടി പോലും ഇളകാത്തതും, വെള്ളമെല്ലാമൊഴിഞ്ഞു് മേഘ

ങ്ങറം സാരമില്ലാതായ്തീന്നതിന്നാൽ കാററടിച്ച് ദൂരദൂരം അകററിക്കളയുന്നതുംകണ്ടു് ആ ശതമഖൻ നിന്തിരുവടിയുടെ പ്രഭാവത്തെക്കുറിച്ച് ഭയപ്പെട്ടു ഒഴിഞ്ഞുമാറി.

9 ശമമുപേയുഷി വർഷഭരേ തദാ
പശുപധേനുകുലേ ച വിനിഗ്ഗതേ
ഭുവിവിഭോ! സമുപാഹിതഭൂധരഃ
പ്രമുദിതൈഃ പശുപൈഃ പരിരേഭിഷേ.

സാരം:— മഴയെല്ലാമൊഴിഞ്ഞു് ഗോപാദികളും പശുക്കളുമെല്ലാം പവ്വതത്തിൻെറ അടിയിൽനിന്നും സുഖമായി വെളിക്കപോയതിനുശേഷം ഗോവദ്ധനപവ്വതത്തെ മെല്ലെ കയ്യിൽനിന്നും ഭൂമിയിൽവെച്ച നിന്തിരുവടിയെ സന്തോഷഭരിതന്മാരായ ഗോപന്മാർ സവിശേഷം ആശ്ലേഷിച്ചു.

10 "ധരണിമേവ പുരാ ധൃതവാനസി;
ക്ഷിതിധരോദ്ധരണേ തവ കഃ ശ്രമഃ?"
ഇതി നുതസ്ത്രിദശൈഃ കമലാപതേ!
ഗുരുപുരാലയ! പാലയ!മാം ഗദാൽ.

സാരം:— "അല്ലയോ ലക്ഷ്മീകാന്തനായ ഗുരുവായൂരപ്പ! പണ്ടു് അങ്ങു ഭൂമിയെത്തന്നെ വഹിച്ചു. ഒരു പവ്വതം എടുപ്പാനങ്ങയ്ക്കു എന്തു ശ്രമമാണ്!" ഇങ്ങനെ ദേവകദംബത്താൽ സ്തുതിക്കപ്പെട്ടവനായ അങ്ങ് എന്നെ രോഗത്തിൽനിന്നു രക്ഷിക്കണെ!

## അറുപത്തിനാലാം ദശകം

### ഗോവിന്ദപട്ടാഭിഷേകം, വരുണലോകത്തിൽനിന്നു നന്ദഗോപനെ കൊണ്ടുവരുന്നതു്.

★

1 ആലോക്യ ശൈലോദ്ധരണാദിരൂപം
പ്രഭാവമുച്ചൈസ്തവ ഗോപലോകാഃ
വിശ്വേശ്വരം ത്വാമഭിമത്യ വിശ്വേ
നന്ദം ഭവജ്ജാതകമന്വപൃച്ഛൻ.

സാരം:—ഗോപന്മാർ അങ്ങയുടെ ഗോവർദ്ധനോദ്ധാരണം തുടങ്ങിയ അതീതകർമ്മങ്ങൾകണ്ടു് എല്ലാവരുംകൂടി നിന്തിരുവടിയെ ലോകേശ്വരനാണെന്നു അറിഞ്ഞിട്ടു് നന്ദഗോപനോടു നിന്തിരുവടിയുടെ ജാതകം പരിശോധിക്കുവാൻ ശ്രദ്ധമായിപ്പറഞ്ഞു.

2 ഗർഗ്ഗോദിതോ നിർഗ്ഗദിതോ നിജായ
വർഗ്ഗായ താതേന തവ പ്രഭാവഃ;
പൂർവ്വാധികസ്ത്വയ്യനുരാഗ ഏഷാ-
മൈധിഷ്ട താവദ് ബഹുമാനഭാരഃ

സാരം:—പണ്ടു് അങ്ങയുടെ ജാതകംനോക്കി ശ്രദ്ധമായി ഗർഗ്ഗൻ പറഞ്ഞിട്ടുള്ള അങ്ങയുടെ മാഹാത്മ്യം നന്ദഗോപൻ സ്വകാര്യമായി ഗോപന്മാരോടുപറഞ്ഞു. അതു നിമിത്തം അങ്ങയിൽ അവർക്കു മുമ്പുള്ളതിനേക്കാൾ അധികം സ്നേഹബഹുമാനങ്ങൾ വർദ്ധിച്ചു.

3 തതോഽവമാനോദിതതത്വബോധഃ
സുരാധിരാജഃ സഹ ദിവ്യഗവ്യാ
ഉപേത്യ തുഷ്ടാവ സ നഷ്ടഗർവ്വഃ
സ്പൃഷ്ട്വാ പദാബ്ജം മണിമൌലിനാ തേ.

സാരം:—യഥാർത്ഥജ്ഞാനം ഉദിച്ച ദേവേന്ദ്രൻ അപമാനംകൊണ്ടു ഗർവ്വംശമിച്ച് കാമധേനുവൊരുമിച്ച് അടുത്തുവന്ന് രത്നകിരീടംകൊണ്ടു് അങ്ങയുടെ പാദപത്മത്തെ സ്പർശിച്ച് സ്തുതിച്ചു.

4 സ്നേഹസ്നുതൈസ്ത്വാം സുരഭിഃ പയോഭിർ-
ഗ്ഗോവിന്ദനാമാങ്കിതമഭ്യഷിഞ്ചൽ
ഐരാവതോപാഹൃതദിവ്യഗംഗാ-
പാഥോഭിരിന്ദ്രോപി ച ജാതഹർഷഃ

സാരം:—കാമധേനു സ്നേഹത്തോടെ ചുരത്തിയ പാൽകൊണ്ടു് നിന്തിരുവടിയെ "ഗോവിന്ദൻ" എന്ന പേരിൽ അഭിഷേകംചെയ്തു. ദേവേന്ദ്രനും സന്തുഷ്ടനായി, ഐരാവതം കൊണ്ടുവന്ന ആകാശഗംഗാജലംകൊണ്ടു് അഭിഷേകംചെയ്തു.

5 ജഗത്ത്രയേശേ ത്വയി ഗോകുലേശേ
തഥാഭിഷിക്തേ സതി ഗോപവാടഃ
നാകേപി വൈകുണ്ഠപദേപ്യലഭ്യാം
ശ്രിയം പ്രപേദേ ഭവതഃ പ്രഭാവാൽ.

സാരം:—ത്രൈലോക്യനാഥനായ അങ്ങയെ ഇങ്ങിനെ ഗോകുലത്തിന്റെ അധിപനായി അഭിഷേകം ചെയ്തു

പ്പോഠം ആ ഗോകുലം നിന്തിരുവടിയുടെ പ്രഭാവംകൊണ്ടു സ്വൎഗ്ഗത്തിലും വൈകുണ്ഠത്തിൽപോലും ലഭിക്കാത്ത ഐശ്വൎയ്യസമൃദ്ധിയോടുകൂടി ശോഭിച്ചു.

6 കദാചിദന്തൎയ്യമുനം പ്രഭാതേ
സ്നായൻ പിതാ വാരുണപൂരുഷേണ
നീതസ്തമാനേതുമഗാഃ പുരീം ത്വം
താം വാരുണീം കാരണമൎത്ത്യരൂപഃ

സാരം:— ഒരു പ്രഭാതത്തിൽ അങ്ങയുടെ പിതാവു് യമുനയിലിറങ്ങി കുളിക്കുമ്പോഠം അദ്ദേഹത്തെ വരുണദൂതൻ അപഹരിച്ചു കൊണ്ടുപോകയാൽ അദ്ദേഹത്തിനെ മടക്കിക്കൊണ്ടു പോരുന്നതിനായി മായാമാനുഷനായ നിന്തിരുവടി വരുണാലയത്തിലേയ്ക്കു പോയി.

7 സസംഭ്രമം തേന ജലാധിപേന
പ്രപൂജിതസ്ത്വം പ്രതിഗൃഹ്യ താതം
ഉപാഗതസ്തത്ക്ഷണമാത്മഗേഹം
പിതാവദത്തച്ചരിതം നിജേഭ്യഃ

സാരം:— നിന്തിരുവടിയേ കണ്ടപ്പോഠം, സംഭ്രമസമന്വിതം എഴുന്നേററു് ആചാരപൂൎവ്വംപൂജിച്ച വരുണനോടു പിതാവിനെവീണ്ടുകൊണ്ടു് നിന്തിരുവടി വേഗത്തിൽ സ്വഗൃഹത്തിലേയ്ക്കുപോന്നു. അനന്തരം നന്ദഗോപൻ ആ കഥയെ തൻെറ ബന്ധുജനങ്ങളോടു പറഞ്ഞു.

8 ഹരിം വിനിശ്ചിത്യ ഭവന്തമേതാൻ
ഭവൽപദാലോകനബദ്ധതൃഷ്ണാൻ
നിരീക്ഷ്യ വിഷ്ണോ!പരമം പദം തദ്
ദുരാപമന്യൈസ്ത്വമദീദൃശസ്താൻ

സാരം:— നിന്തിരുവടിയെ വിഷ്ണുവാണെന്നുതന്നെ നിശ്ചയിച്ച് ബ്രഹ്മപദത്തെ കാണുന്നതിൽ ഏററവും താല്പര്യത്തോടുകൂടിയവരും ഭക്തോത്തമന്മാരുമായ ഈഗോപന്മാരെ കണ്ടിട്ട് അല്ലയോ ഭഗവാനെ! അന്യന്മാൎക്കു പ്രാപിക്കാൻ പ്രയാസമായ ആ ഉൽകൃഷ്ടപദത്തെ അങ്ങ് അവൎക്കു കാണിച്ചുകൊടുത്തു.

9 സ്ഫുരൽപരാനന്ദരസപ്രവാഹ-
പ്രപൂൎണ്ണകൈവല്യമഹാപയോധൌ
ചിരം നിമഗ്നാഃ ഖലു ഗോപസംഘാ-
സ്ത്വയൈവ ഭൂമൻ പുനരുദ്ധൃതാസ്തേ.

സാരം:— ഇപ്രകാരം ബ്രഹ്മപദം കാണിച്ചുകൊടുത്തതുകൊണ്ടു് ഉദിച്ചുയൎന്നപരമാനന്ദസങ്കേതത്തിൽ-നിറഞ്ഞ മോക്ഷമായ സുധാസമുദ്രത്തിൽ—വളരെനേരം മുഴുകി ആനന്ദിച്ച ആ ഗോപസംഘത്തെ നിന്തിരുവടിതന്നെ പിന്നേയും അവിടേനിന്നു കരയ്ക്കുകയററി പ്രകൃതിബദ്ധരാക്കി.

10 കരബദരവദേവം, ദേവ,കുത്രാവതാരേ
നിജപദമനവാപ്യം ദൎശിതം ഭക്തിഭാജാം
തദിഹ പശുപരൂപീ ത്വം ഹി സാക്ഷാൽപരാത്മാ
പവനപുരനിവാസിൻ!പാഹി മാമാമയേഭ്യഃ

സാരം:— ഹേ ദേവ! കാണുവാൻ കഴിയാത്ത ആ ഉൽകൃഷ്ട-പരിശുദ്ധപദത്തെ ഇപ്രകാരം കയ്യിൽ ലന്തക്കുരുപോലെ അത്ര എളുപ്പമായവിധത്തിൽ കാണിച്ചുകൊടുത്തിട്ടുള്ളതു് മറേറതവതാരത്തിലാണു്? അതുകൊണ്ടുകൃഷ്ണാ

വതാരത്തിൽ ഗോപാലരൂപം ധരിച്ച അങ്ങുതന്നെ സാക്ഷാൽ പരമാത്മാവെന്നുള്ളതിനു സംശയമില്ല. അല്ലയോ ഗുരുവായുപുരേശ! നിന്തിരുവടി എന്നെ രോഗങ്ങളിൽനിന്നു രക്ഷിക്കേണമേ!

## അറുപത്തഞ്ചാം ദശകം

### (ഗോപീസമാഗമം)

1. ഗോപീജനായ കഥിതം നിയമാവസാനേ
മാരോത്സവം ത്വമഥ സാധയിതും പ്രവൃത്തഃ
സാന്ദ്രേണ ചാന്ദ്രമഹസാ ശിശിരീകൃതാശേ
പ്രാപൂരയോ മുരളികാം യമുനാവനാന്തേ.

സാരം:—അനന്തരം നിന്തിരുവടി വ്രതാവസാനത്തിൽ ഗോപിമാരോടേററുപറഞ്ഞിട്ടുള്ള മാരോത്സവത്തെ സാധിപ്പിച്ചുകൊടുപ്പാൻ തെളിഞ്ഞ നിലാവുള്ള തണുത്ത കാളിന്ദീതീരവനമദ്ധ്യത്തിൽവെച്ച് ഓടക്കുഴൽ വിളിച്ചു.

(ഗോപികമാർ ഭഗവാൻ ഏററുപറഞ്ഞ ദിവസംമുതൽ നിത്യവും രാത്രികാലങ്ങളിൽ ഈ വേണുഗാനത്തെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. പശുക്കളെ മേയ്ക്കുവാൻ വേണ്ടി പകൽസമയം വനമദ്ധ്യത്തിൽ സഞ്ചരിക്കുകയും ഓടക്കുഴൽവിളിക്കുകയും സാധാരണമാണ്. രാത്രികാലങ്ങളിൽ പതിവില്ല. അതിനാൽ ഇദംപ്രഥമമായുണ്ടായ ഈ വേണുഗാനം അവരെ പരിഭ്രമചിത്തകളാക്കി.)

2 സമ്മൂർച്ഛനാഭിരുദിതസ്വരമണ്ഡലാഭിഃ
സമ്മൂർച്ഛയന്തമഖിലം ഭുവനാന്തരാളം
ത്വദ്വേണുനാദമുപകർണ്യ വിഭോ തരുണ്യഃ
തത്താദൃശം കമപി ചിത്തവിമോഹമാപുഃ

സാരം:— സ്വരങ്ങളാകുന്ന ഷഡ്ജാതികളായ ഏഴു സ്വരപ്രയോഗങ്ങളെ സ്വരങ്ങളുടെ ആരോഹണാവരോഹണ ക്രമഭേദങ്ങളെക്കൊണ്ടു ലോകത്തെ മുഴുവൻ മോഹിപ്പിക്കുന്നതായ അങ്ങയുടെ വേണുനാദത്തെ കേട്ടിട്ട് അല്ലയോ വിഭുവായ ഭഗവാനെ! ഗോപിമാർ ഉപമിക്കുവാൻ സാധിക്കാത്ത ഒരു ചിത്തവിഭ്രാന്തിയേ പ്രാപിച്ചു.

(അവർ പ്രകൃത്യാതന്നെ അങ്ങയിൽ ഗാഢാനുരാഗത്തോടുകൂടിയവരാണ് — യമുനാപുളിനത്തിൽനിന്നു ചന്ദ്രികയുള്ള ഏതുരാത്രിയിലാണ് ഈ വേണുഗാനം കേൾക്കുക എന്നു വിചാരിച്ചാഗ്രഹിച്ച് അതിനെത്തന്നെ ഓർത്തുകൊണ്ടിരിക്കുന്നവരാണ്. ഇങ്ങിനെയുള്ള അവൎക്ക് ആ സമയമുണ്ടായ ചിത്തവിമോഹം ഇന്നപ്രകാരമെന്ന് ഊഹമാത്ര ഗോചരമാകുന്നു.)

3 താ ഗേഹകൃത്യനിരതാസ്തനയപ്രസക്താഃ
കാന്തോപസേവനപരാശ്ച സരോരുഹാക്ഷ്യഃ
സർവ്വം വിസൃജ്യ മുരളീരവമോഹിതാസ്തേ
കാന്താരദേശമയി, കാന്തതനോ! സമേതാഃ

സാരം: —അല്ലയോ സുന്ദരമൂർത്തേ! ഗൃഹകൃത്യങ്ങളിൽ ഏർപ്പെട്ടവരും കുട്ടികളെ നോക്കിക്കൊണ്ടിരിക്കുന്നവരും ഭർത്തൃശുശ്രൂഷ ചെയ്യുന്നവരുമായ ആ ഗോപികമാർ അങ്ങയുടെ വേണുഗാനംകേട്ട് മോഹിച്ച് എല്ലാം വലിച്ചെറിഞ്ഞു് വനപ്രദേശത്തു ചെന്നു

(ആ ഗോപികമാർ അന്നു് വിശേഷാൽ കരുതലൊന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. ഭഗവാൻ ഓടക്കുഴൽ വിളിച്ചസമയം ഓരോരുത്തരും ഓരോരോ സ്വകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. ആ സമയത്താണു് യമുനാ തടവനാന്തരത്തിൽനിന്നു് ഭഗവാൻെറ ഓടക്കുഴൽ വിളി കേട്ടതു്. കേട്ട മാത്രയിൽതന്നെ അങ്ങയുടെ കോമളമായ രൂപലാവണ്യം വ്യക്തമായി അവരുടെ മനസ്സിൽ ഓർമ്മവന്നു. അതോടുകൂടി അവരുടെമനസ്സ് അന്യവിഷയങ്ങളിൽനിന്നു പിൻതിരിയുകയും ഏകാഗ്രമായി ഭഗവന്നിഷ്ടമായിത്തീരുകയുംചെയ്തു. അപ്പോൾ അവർ ഓരോരുത്തരും അതുവരെ ചെയ്തുകൊണ്ടിരുന്ന സകലത്തേയും ഒന്നായി വലിച്ചെറിഞ്ഞു്, ഭഗവാൻ അപ്പോൾ വസിച്ചിരുന്ന യമുനാവനമദ്ധ്യത്തിലേയ്ക്കു ഓടിപ്പോകയും ചെയ്തു. പരമഭക്തിയുടെ സ്വഭാവം ഇതുതന്നെയാണു്.)

4 കാശ്ചിന്നിജാംഗപരിഭൂഷണമാദധാനാ
വേണുപ്രണാദമുപകർണ്ണ്യ കൃതാദ്ധ്ഭൂഷാഃ
ത്വാമാഗതാ നനു തഥൈവ വിഭൂഷിതാഭ്യ-
സ്താ എവ സംരുരുചിരേ തവ ലോചനായ.

സാരം:— അല്ലയോ ഭഗവൻ! ചില ഗോപസ്ത്രീകൾ ആഭരണങ്ങൾ അണിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഓടക്കുഴൽ വിളികേട്ടു് അതു മുഴുവനാക്കാതെ ഏതേതു നിലയിലാണോ ആ നിലയിൽതന്നെ ഭഗവാൻെറ സന്നിധി പ്രാപിച്ചു; എന്നാൽ മുഴുവനും അണിഞ്ഞു വന്നവരേക്കാൾ സൌന്ദര്യതേജോവിശേഷം അങ്ങയുടെ കണ്ണിനു് അവർക്കായിരുന്നത്രേ!

(അർദ്ധഭൂഷിതകളായി വന്നവരെയാണു് ഭഗവാൻെറ കണ്ണിനു അധികമായി രുചിച്ചതു്. ഒരു കണ്ണെഴുതുകയും

ഒരുകാതിൽ കുണ്ഡലമിടുകയും മററും ചെയ്യുന്നതു് വികൃതമായിട്ടുള്ളതാണെങ്കിലും ഭഗവാൻ ആ വിശേഷത്തെയല്ല നോക്കുന്നതു്. പ്രിയതമൻെറ സമീപത്തിലേയ്ക്കു ഇന്നിന്നപ്രകാരം ചെന്നാൽ മാത്രമേ അദ്ദേഹത്തിനു തങ്ങളുടെ പേരിൽ പ്രീതി ജനിക്കുകയുള്ളു എന്നു് ഈ ആഢ്യത്തെക്കുട്ടകൾക്കും അറിഞ്ഞുകൂടായ്കയില്ല. പക്ഷേ വേണുനാദം കേട്ട സമയം ഈ വക വിവേകങ്ങളെല്ലാം ക്ഷണത്തിൽ പൊയ്പ്പോയതു്, മനസ്സുപെട്ടെന്നു് ഭഗവദേകനിഷ്ഠമായിത്തീൎന്നു പോയതുനിമിത്തമാകുന്നു. അതുതന്നെയാണു് ഉത്തമഭക്തിലക്ഷണം—ഏകാഗ്രഭാവനയുടെ രൂപമാണിതു്.)

5 ഹാരം നിതംബഭുവി കാചന ധാരയന്തീ
കാഞ്ചീഞ്ച കണ്ഠഭുവി ദേവ! സമാഗതാ ത്വാം
ഹാരിത്വമാത്മജഘനസ്യ മുകുന്ദ തുഭ്യം
വ്യക്തം ബഭാഷ ഇവ മുഗ്ധമുഖീ വിശേഷാൽ

സാരം:—അല്ലയോ ദേവ! ഒരുവാം ഹാരത്തെ അരക്കെട്ടിലും, ഉടഞ്ഞാണിനെ കഴുത്തിലും ധരിച്ചുകൊണ്ടു് നിന്തിരുവടിയേ പ്രാപിച്ചിട്ടു്, അല്ലയോ ഭഗവാനെ! ആ സുന്ദരി, തൻെറ അരക്കെട്ടിൻെറ ഹാരിത്വത്തെ—അരയിൽ മുത്തുമാലയുള്ള അവസ്ഥയെ—അങ്ങയോടു വിശേഷിച്ചു് വ്യക്തമായി പറഞ്ഞുവോ എന്നു തോന്നും.

(സാധാരണ അരഞ്ഞാറ് അരയിലും മുത്തുമാല കഴുത്തിലുമാണല്ലോ ധരിക്കുക. എന്നാൽ ഒരുവാം വേണുനാദാപഹൃതചിത്തയായിട്ടു് ഈ വിവേകം വിട്ടു് മുത്തുമാല അരയിൽ അണിഞ്ഞു, അരഞ്ഞാറ് കഴുത്തിലുമിട്ടു. അതേനിലയിൽതന്നെ വേഗം അങ്ങയുടെ സമീപത്തേയ്ക്കു

വരികയും ചെയ്തു. ഇവരാം തൻെറ ജഘനപ്രദേശത്തിൻെറ വിശേഷാലുള്ള ഭംഗിയെ അങ്ങയ്ക്കു ദൃഷ്ടാന്തരൂപേണ പറഞ്ഞുതരികയാണോ എന്നുതോന്നും. വാസ്തവത്തിൽ മുത്തുമാല അരയിൽ കെട്ടുന്നതു് ഭംഗിക്കു കുറവാണു് എങ്കിലും പ്രേമാതിശയംനിമിത്തം വന്നുപോയ ഈ വ്യത്യാസം ഭഗവാൻെറ ദൃഷ്ടിയിൽ തൃപ്തികരമായി തോന്നുവാനിടയുള്ളതുകൊണ്ടു് അവരുടെ അരക്കെട്ടു് ഇപ്പോഴും ഭംഗിയുള്ളതുതന്നെ. ഭഗവാൻ പ്രധാനമായി ഇവരുടെ പ്രേമസ്വരൂപമായ ഭക്തിയേത്തന്നെയാണു് നോക്കുന്നതു്. അതിനാൽ ഭഗവാൻെറ ദൃഷ്ടിയിൽ ഈ ഭൂഷണവ്യത്യയം ഭംഗിയായിത്തന്നെ തോന്നുവാനേ വഴിയുള്ളു.

6 കാചിൽ കുചേ പുനരസജ്ജിതകഞ്ചുളീകാ
വ്യാമോഹതഃ പരവധൂഭിരലക്ഷ്യമാണാ
ത്വാമായയൗ നിരുപമപ്രണയാതിഭാര-
രാജ്യാഭിഷേകവിധയേ കലശീധരേവ

സാരം:— ഒരുവരാം പരിഭ്രമചിത്തതയാൽ മാറിൽ മുലക്കച്ച ഇടാതെ മറവുള്ള സ്ത്രീകരാം കാണപ്പെടാത്തവിധത്തിൽ പ്രേമാതിശയരാജ്യത്തിൽ അഭിഷേകം ചെയ്യാനായി രണ്ടു പരിപൂർണ്ണ ക്ഷീരകലശങ്ങളെ ധരിച്ചവളെപ്പോലെ അങ്ങയെ പ്രാപിച്ചു.

(ഒരുവരാം കുചങ്ങളുടെ ആച്ഛാദനമാകുന്ന മുലക്കച്ചയെ ഇടാതെയാണു് അങ്ങയുടെ സമീപത്തിലേക്കു വന്നതു്. ഇതൊരാഭാസവൃത്തിതന്നെ. പക്ഷേ അതു മനഃപൂർവ്വമല്ല. വേണുനാദം കേട്ടസമയം മിക്ക അലങ്കാരങ്ങളും പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. അധികം ഭംഗിയുള്ളമുലപ്പട്ടം ധരിപ്പാൻവേണ്ടി അതുവരെ ധരിച്ചിരുന്ന കുചാച്ഛാദനം മാറിയിടുവാൻ ഭാവിച്ചപ്പോഴാണു് ഓടക്കുഴൽ ധ്വനി കേ

ട്ടത്. അപ്പോഠം ആണു് കർത്തവ്യാകർത്തവ്യങ്ങളെല്ലാം മറന്നു് ഭഗവൽ സന്നിധിയിലേയ്ക്കു ഓടിയത്. എന്നാൽ ആ സമയത്തുതന്നെ വേറേയും ഗോപിമാർ പലവഴിയായി ഓടിവരുന്നുണ്ടായിരുന്നു. ഇവരുടെ ഈ നഗ്നാവസ്ഥയെ മററുള്ളവർ കണ്ടില്ല. ഇവരുടെ ചിത്തവൃത്തി ഭഗവാനിൽ തന്നെ ഏകാഗ്രമായിരുന്നതുകൊണ്ടു്, ഇവർ തമ്മിൽ തമ്മിൽ കാണുകയോ അന്യോന്യം ഗുണദോഷചിന്തനം ചെയ്യുകയോ ഉണ്ടായില്ല. അവരുടെ ശരീരം മാത്രമാണു് ഓടിവരുന്നതു്. മനോവൃത്തിയും—സർവ്വേന്ദ്രിയവൃത്തികളും—ഭഗവാനെമുമ്പുതന്നെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.)

7 കാശ്ചിൽ ഗൃഹാൽ കില നിരേതുമപാരയന്ത്യ-
സ്ത്വാമേവ ദേവ! ഹൃദയേ സുദൃഢം വിഭാവ്യ
ദേഹം വിധൂയ പരിചിൽസുഖരൂപമേകം
ത്വാമാവിശൻ പരമിമാ നനു ധന്യധന്യാഃ

സാരം:— ചിലർ ബന്ധുക്കളുടെ കഠിനമായ നിരോധംകൊണ്ടു് ഗൃഹത്തിൽനിന്നു പുറത്തുപോകുവാൻ സാധിക്കാത്തതുകൊണ്ടു് നിന്തിരുവടിയെത്തന്നെ ദൃഢമായിമനസ്സിൽ ധ്യാനിച്ചു് ദേഹബന്ധംവിട്ടു്—സ്ഥൂലസൂക്ഷ്മദേഹങ്ങഠം രണ്ടും വിട്ടു്—സച്ചിദാനന്ദസ്വരൂപനും മുഖ്യപുരുഷനുമായ അങ്ങയോടു് ഐക്യംപ്രാപിച്ചു. ഇവരാണു് ഭാഗ്യവതികളിൽവെച്ചു് അതിഭാഗ്യവതികഠം.

8 ജാരാത്മനാ ന പരമാത്മതയാ സ്മരന്ത്യോ
നാര്യോ ഗതാം പരമഹംസഗതിം ക്ഷണേന;
തൽ ത്വാം പ്രകാശപരമാത്മതനും കഥഞ്ചി-
ച്ചിത്തേ വഹന്നമൃതമശ്രമ മശ്നുവീയ.

സാരം:—വെറുംസ്ത്രീകൾ പരമാത്മസ്വരൂപേണ അ ങ്ങയെ ധ്യാനിക്കാതെ കേവലം ജാരസ്വരൂപേണ സ്മരിച്ച് ക്ഷണം മോക്ഷംപ്രാപിച്ചു. ഞാൻ പ്രത്യക്ഷമായി പരമാത്മസ്വരൂപിയായ അങ്ങയെ ഏതുവിധവും മനസ്സിലുറപ്പിച്ച് പ്രയാസമെന്യേ മോക്ഷത്തെ പ്രാപിച്ചുകൊള്ളാം.

9 അഭ്യാഗതാഭിരഭിതോ വ്രജസുന്ദരീഭിർ-
മുഗ്ധസ്മിതാർദ്രവദനഃ കരുണാവലോകീ
നിസ്സീമകാന്തിജലധിസ്ത്വമവേക്ഷ്യമാണോ
വിശ്വൈകഹൃദ്യ! ഹര മേ പവനേശ! രോഗാൻ.

സാരം:—അല്ലയോ ത്രൈലോക്യസുന്ദരമൂർത്തിയായ ഗുരുവായൂരപ്പ! അടുത്തുനില്ക്കുന്ന ഗോപിമാരാൽ പുഞ്ചിരിക്കൊണ്ട മുഖത്തോടുകൂടി കരുണാരസം തുളുമ്പുന്ന നേത്രങ്ങളാൽ ആ ഗോപസുന്ദരിമാരെ നോക്കി ആനന്ദിക്കുന്ന അല്ലയോ ഗുരുവായൂരപ്പ! എൻെറ രോഗങ്ങളെ ഹരിക്കേണമേ!

## അറുപത്താറാം ദശകം

### രാസക്രീഡാവർണ്ണനം

1 ഉപയാതാനാം സുദൃശാം
കുസുമായുധബാണപാതവിവശാനാം
അഭിവാഞ്ഛിതം വിധാതും
കൃതമതിരപി താ ജഗാഥ വാമമിവ.

സാരം:—കാമതാപത്താൽ പരവശകളായി സമീപമെത്തിയ ആ സുന്ദരിമാരുടെ ഇഷ്ടം സാധിപ്പിക്കണമെന്നു തിരുവുള്ളത്തിൽ വിചാരിച്ചിരുന്നു എങ്കിലും അങ്ങ് അവരോട്ട് ആദ്യം പ്രതികൂലഭാവനയിൽ പറഞ്ഞു.

2 ഗഗനഗതം മുനിനിവഹം
ശ്രാവയിതും ജഗിഥ കുലവധൂധമ്മം
ധമ്മ്യം ഖലു തേ വചനം
കമ്മ തു നോ നിമ്മലസ്യ വിശ്വാസ്യം

സാരം:—എന്നിട്ട് ആകാശസീമയിൽ വന്നുനില്ക്കുന്ന മഹർഷിമാരെ കേൾപ്പിപ്പാൻവേണ്ടി അങ്ങ് കുലവധൂജനങ്ങളുടെ ധമ്മങ്ങളെ വിസ്തരിച്ചു പറഞ്ഞു. അങ്ങയുടെ വാക്കുകൾ ധമ്മത്തിൽനിന്നു് ഒരണുവും തെററാത്തതാകുന്നു. എന്നാൽ നിമ്മലനാകകൊണ്ടു് നിന്തിരുവടിയുടെ പ്രവൃത്തി വിശ്വസിക്കാവുന്നതല്ല.

3 ആകണ്ണ്യ തേ പ്രതീപാം
വാണീമേണീദൃശഃ പരം ദീനാഃ
മാ മാ കരുണാസിന്ധോ!
പരിത്യജേത്യതിചിരം വിലപുസ്താഃ

സാരം:— നിന്തിരുവടിയുടെ പ്രതികൂലവചനത്തെ കേട്ട് ദുഃഖിതകളായിത്തീന്ന ആ സുന്ദരിമാർ, 'അല്ലയോ കാരുണ്യനിധെ അങ്ങു ഞങ്ങളെ ഉപേക്ഷിക്കരുതേ' എന്നു വളരെനേരം പറഞ്ഞു വിലപിച്ചു.

4 താസാം രുദിതൈർല്ലപിതൈഃ
കരുണാകുലമാനസോ മുരാരേ! ത്വം

താഭിസ്സമം പ്രവൃത്തോ
യമുനാപുളിനേഷു കാമമഭിരന്തും.

സാരം:— അല്ലയോ മുരാരേ! അങ്ങ് അവരുടെ കരച്ചിൽകൊണ്ടും അപേക്ഷാവചനങ്ങളെക്കൊണ്ടും കാരുണ്യാകുലചിത്തനായിട്ട് അവരോടുകൂടെ യമുനാപുളിനങ്ങളിലേ മണൽത്തിട്ടകളിൽ തൃപ്തിക്കൊത്തവിധം ക്രീഡിപ്പാനൊരുങ്ങി.

5 ചന്ദ്രകരസ്യന്ദലസൽ-
സുന്ദരയമുനാതടാന്തവീഥീഷു
ഗോപീജനോത്തരീയൈ-
രാപാദിതസംസ്തരോ ന്യഷീദസ്ത്വം.

സാരം:— നിലാവുകൊണ്ടു പ്രകാശിച്ചതും ഭംഗിയുള്ളതുമായ കാളിന്ദീതീരപ്രദേശത്തിൽ ഗോപസുന്ദരിമാരുടെ ഉത്തരീയങ്ങൾ വിരിച്ച് അങ്ങ് അതുകളിൽ ഇരുന്നു.

6 സുമധുരനർമ്മാലപനൈഃ
കരസംഗ്രഹണൈശ്ച ചുംബനോല്ലാസൈഃ
ഗാഢാലിംഗനസംഗൈ-
സ്ത്വമംഗനാലോകമാകുലീചകൃഷേ.

സാരം:— ശ്രോത്രാമൃതകരങ്ങളായ ശൃംഗാരവചനങ്ങളാലും മധുരതരങ്ങളായ കളിവാക്കുകളാലും, കയ്യോടു കൈകോർത്തുപിടിച്ചും, ലീലാവിലാസത്തോടുകൂടി ചുംബിച്ചും അംഗങ്ങൾ ചേർത്ത് ആശ്ലേഷിച്ചും നീന്തിരുവടി ആ സുന്ദരിമാരെ കാമപരവശകളാക്കി.

7 വാസോഹരണദിനേ യ-
ദ്വാസോഹരണം പ്രതിശ്രുതം താസാം
തദപി വിഭോ രസവിവശ-
സ്വാന്താനാം കാന്തസുഭ്രുവാമദധാഃ

സാരം:—അല്ലയോ ഗോപികാവല്ലഭനായ ഭഗവാനെ! പണ്ടു് ദേവീവ്രതാവസാനദിവസത്തിൽ ഗോപസ്ത്രീകളുടെ വസ്ത്രാപഹരണം ചെയ്തപ്പോൾ 'ഇനിയൊരിക്കൽ ഞാൻ നിങ്ങളുടെ വസ്ത്രാക്ഷേപം ചെയ്യുന്നുണ്ടു്.' എന്നു് പ്രതിജ്ഞചെയ്തിരുന്നതിനെ' കാമാത്തകളായ അവക്കു് ഇപ്പോൾ അങ്ങു് നിർവ്വഹിച്ചു—വസ്ത്രാക്ഷേപംചെയ്തു.

8 കന്ദളിതഘർമ്മലേശം
കുന്ദമൃദുസ്മേരവക്ത്രപാഥോജം
നന്ദസുത ത്വാം ത്രിജഗൽ-
സുന്ദരമുപഗ്രഹ്യ നന്ദിതാ ബാലാഃ

സാരം:—അല്ലയോ നന്ദാത്മജ! മുല്ലമൊട്ടുപോലെ പ്രശോഭിക്കുന്ന ദന്തപംക്തികളെ കുറഞ്ഞൊന്നുപുറമേ കാണുംവിധം മൃദുവായി പുഞ്ചിരികൊണ്ട തിരുമുഖത്തോടുകൂടിയവനും, അല്പാല്പം വിയപ്പുപൊടിഞ്ഞവനും ത്രൈലോക്യസുന്ദരനമായ അങ്ങയെ ആ സുന്ദരികൾ ആലിംഗനചുംബനാദികൾചെയ്തു് ആപ്തകാമികളായ അവർ പരമാനന്ദത്തിൽ മുഴുകി.

9 വിരഹേഷ്വംഗാരമയഃ
ശൃംഗാരമയശ്ച സംഗമേപി ത്വം
നിതരാമംഗാരമയ-
സ്തത്ര പുനസ്സംഗമേഽപി ചിത്രമിദം.

സാരം:—അങ്ങ് വിരഹാവസ്ഥയിൽ കനൽകട്ടയോടു തുല്യനാകുന്നു എന്നതു് പ്രസിദ്ധമാണ്. എന്നാൽ സംഗമത്തിൽ അതുപോലെതന്നെ ശൃംഗാരമയനമാകുന്നു-ശൃംഗാരരസം മൂർത്തിമത്തായിവന്നു് സുഖിപ്പിക്കുന്നതുപോലെ ആനന്ദപ്രദനമാകുന്നു. അതേവിധം വിരഹത്തിൽ-അംഗാരമയ-തീക്കൊള്ളിപോലെ സന്താപത്തേ അരുളുന്നവനമാകുന്നു. എന്നാൽ വൃന്ദാവനത്തിൽവെച്ചു് അല്ലയോ ഭഗവാനെ അങ്ങ് ഗോപസ്ത്രീകളോടു ചേർന്നിരുന്നപ്പോഴ് അവരെ രമിപ്പിച്ചിരുന്നു എന്നുള്ളതു് ആശ്ചര്യംതന്നെ.

10 രാധാതുംഗപയോധര-
സാധുപരീരംഭലോലുപാത്മാനം
ആരാധയേ ഭവന്തം
പവനപുരാധീശ! ശമയ സകലഗദാൻ.

സാരം:—രാധയുടെ ഉന്നതസ്തനങ്ങളെ സ്നേഹപൂർവ്വം ആലിംഗനം ചെയ്യുന്നതിൽ സശ്രദ്ധനായിരുന്ന അങ്ങയേ ഞാൻ ആരാധിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! എൻെറ സകല രോഗങ്ങളേയും ഒഴിച്ചാലും

## അറുപത്തേഴാം ദശകം

### ഭഗവത്തിരോഭാവവും, ഭഗവദന്വേഷണവും ഭഗവദാവിർഭാവവും

1 സ്ഫുരൽപരാനന്ദരസാത്മകേന
ത്വയാ സമാസാദിതഭോഗലീലാഃ
അസീമമാനന്ദഭരം പ്രപന്നാ
മഹാന്തമാപുർമ്മദമംബുജാക്ഷ്യഃ

സാരം:—പ്രകാശിച്ചിരിക്കുന്ന പരമാനന്ദമൂർത്തിയായ അങ്ങയോടുകൂടെ രതിക്രീഡയെ പ്രാപിച്ചിരിക്കുന്ന ഗോപിമാർ അളവില്ലാത്ത ആനന്ദാതിശയത്തെ പ്രാപിച്ചപ്പോഠം തെല്ല് ഗർവ്വികളായിത്തീൻ.

2 നിലീയതേഽസൌ മയി മയ്യമായം
രമാപതിർവ്വിശ്വമനോഭിരാമഃ
ഇതി സ്മ സർവ്വാഃ കലിതാഭിമാനാ
നിരീക്ഷ്യ ഗോവിന്ദ! തിരോഹിതോഽഭൂഃ

സാരം:—ത്രൈലോക്യസുന്ദരനായി ലക്ഷ്മീവല്ലഭനായിരിക്കുന്ന ഈ ശ്യാമസുന്ദരൻ ശരിയായി, എന്നിൽ ലയിക്കുന്നു; എന്നിൽതന്നെ ലയിക്കുന്നു എന്നിങ്ങിനെ ആ സുന്ദരിമാരെല്ലാം അഭിമാനമഭിനയിക്കുന്നതുകണ്ടിട്ട് അല്ലയോ ഭഗവൻ! അങ്ങ് അവരുടെ ഗർവ്വിനെ അകററി സൽബോധമരുളുവാൻവേണ്ടി മറഞ്ഞുകളഞ്ഞു.

3 രാധാഭിതാം താവദജാതഗർവ്വാ-
മതിപ്രിയാം ഗോപവധൂം മുരാരേ!
ഭവാനുപാദായ ഇതോ വിദൂരം
തയാ സഹ സ്വൈരവിഹാരകാരീ

സാരം:— അല്ലയോ മുരാരേ! അപ്പോൾ അങ്ങ് ഗർവ്വം ഭാവിക്കാത്തവളും ഏററവും പ്രിയമുള്ളവളുമായ രാധയേയും കൊണ്ടു് മറഞ്ഞുകളഞ്ഞു. അവർ മറെറാരു വനത്തിൽ പോയി സ്വൈരമായി ക്രീഡിച്ചുരസിച്ചു.

4 തിരോഹിതേഥ ത്വയി ജാതതാപാഃ
സമം സമേതാഃ കമലായതാക്ഷ്യഃ
വനേ വനേ ത്വാം പരിമാർഗ്ഗയന്ത്യോ
വിഷാദമാപുർഭഗവന്നപാരം.

സാരം:— അല്ലയോ ഭഗവാനെ! അങ്ങ മറഞ്ഞപ്പോൾ ദുഃഖാർത്തകളായ ആ സുന്ദരിമാർ എല്ലാവരും ഒത്തുചേർന്നു് കാട്ടിൽ എവിടേയും അങ്ങയെ തിരഞ്ഞു് ചുററിച്ചുററി നടന്നു— അവർ വ്യാകുലചിത്തകളായി ഭയവിഹ്വലതയാ ചുററിനടന്നു.

5 "ഹാ ചൂത! ഹാ ചമ്പക! കർണ്ണികാര!
ഹാ മല്ലികേ! മാലതി! ബാലവല്യഃ
കിം വീക്ഷിതോ നോ ഹൃദയൈകചോരഃ"
ഇത്യാദി താസ്ത്വൽപ്രവണാ വിലേപുഃ

സാരം:— ഗോപസ്ത്രീകൾ അങ്ങെക്കാണാതായപ്പോൾ ദുഃഖാധിക്യത്താൽ മതിമറന്നു് അചേതനങ്ങളെന്നോക്കാതെ അല്ലയോ ചൂതമേ, ചമ്പകമേ, കർണ്ണികാരമേ, മല്ലി

കേ, മാലതി, അല്ലയോ ചെറുവള്ളികളെ, നിങ്ങൾ ഞങ്ങളുടെ മനസ്സിനെ കവൎന്നു് ചാടിപ്പോയ ആ കള്ളനെക്കണ്ടുവോ? ഈവിധം ആ ഗോപികമാർ അങ്ങയെത്തന്നെ ചിന്തിച്ചു് ആൎത്തകളായിവന്നു നീളെ നടന്നു.

6 “നിരീക്ഷിതോയം സഖി! പങ്കജാക്ഷഃ
പുരോ മമേ” ത്യാകുലമാലപന്തീ
ത്വാം ഭാവനാചക്ഷുഷി വീക്ഷ്യ കാചിൽ
താപം സഖീനാം ദ്വിഗുണീചകാര

സാരം:— ഒരുത്തി അങ്ങയെ സങ്കല്പമാകുന്ന നേത്രത്തിൽ പ്രത്യക്ഷമായിക്കണ്ടിട്ടു് അല്ലയോ സഖി! ഇതാ ആ ശ്യാമസുന്ദരനെ ഞാൻ കാണുന്നു—എന്റെ മുമ്പിൽ നില്ക്കുന്നു—എന്നിങ്ങിനെ പരിഭ്രമത്തോടെ പറഞ്ഞിട്ടു് മററുള്ളവൎക്കു വിരഹതാപത്തെ വൎദ്ധിപ്പിച്ചു.

7 ത്വദാത്മികാസ്താ യമുനാതടാന്തേ
തവാനുചക്രുഃ കില ചേഷ്ടിതാനി
വിചിത്യ ഭൂയോപി തഥൈവമാനാ-
ത്ത്വയാ വിമുക്താം ദദൃശുശ്ച രാധാം

സാരം:— ഭഗവന്മയികളായിത്തീൎന്ന ആ ഗോപികൾ കാളിന്ദീതീരത്തിൽവെച്ചു് അങ്ങയുടെ ലീലകളെത്തന്നെ അനുകരിച്ചുപോൽ! പിന്നെയും തിരഞ്ഞുനടന്നപ്പോൾ, ഗൎവ്വംനിമിത്തം വേർപെട്ട രാധയെക്കണ്ടു

8 തതഃ സമം താ വിപിനേ സമന്താ-
ത്തമോവതാരാവധി മാൎഗ്ഗയന്ത്യഃ
പുനൎവ്വിമിശ്രാ യമുനാതടാന്തേ
ഭൃശം വിലേപുശ്ച ജഗുൎഗ്ഗുണാംസ്തേ

സാരം:—അനന്തരം ആ ഗോപാംഗനമാർ രാധയോടുകൂടെ കാട്ടിലെങ്ങും ഇരുട്ടാവുന്നതുവരെതിരഞ്ഞുനടന്നിട്ടും ആ കാറൊളിവണ്ണനെ കാണായ്കയാൽ പിന്നെ എല്ലാവരും ഒന്നിച്ച് കാളിന്ദീതീരത്തിൽ ചെന്നിരുന്ന്തൊഴിച്ചുകരയുകയും അങ്ങയുടെ ഗുണഗണങ്ങളെ വർണ്ണിച്ചുപാട്ടുകൾ പാടുകയും ചെയ്തിരുന്നു.

9 തഥാ വ്യഥാസംകുലമാനസാനാം
വ്രജാംഗനാനാം കരുണൈകസിന്ധോ!
ജഗത്ത്റയീമോഹനമോഹനാത്മാ
ത്വം പ്രാദുരാസീദയിമന്ദഹാസീ.

സാരം:—അല്ലയോ കാരുണ്യനിധിയായ ഭഗവാനെ വ്യസനംകൊണ്ടു ആകുലമനസ്വികളായ ഗോപിമാരുടെ മുമ്പിൽ, ത്രൈലോക്യമോഹനനായി കാമനെക്കൂടി ഭ്രമിപ്പിക്കുന്ന കോമളശരീരത്തോടുകൂടിയ നിന്തിരുവടി പൂനിലാവുററിററുവീഴുന്നപുഞ്ചിരിയോടുകൂടിപ്രത്യക്ഷനായി.

10 സന്ദിഗ്ദ്ധസന്ദർശനമാത്മകാന്തം
ത്വാം വീക്ഷ്യ തന്വ്യഃ സഹസാ തദാനീം
കിം കിം ന ചക്രുഃ പ്രമദാതിഭാരാൽ
സ ത്വം ഗദാൽ പാലയ മാരുതേശ!

സാരം:—തങ്ങളുടെ പ്രിയതമനായ ആ മദനാഭിരാമനെ ഇനി കാണ്മാൻ കഴിയുമോ എന്നു ശങ്കിച്ച് ദുഃഖസാഗരമഗ്നകളായി സ്ഥിതിചെയ്തിരുന്ന ആ ഗോപികാൾക്ക് അങ്ങയേക്കണ്ടതിലുണ്ടായ പ്രേമാധിക്യത്താൽ ഓഃരാരുത്ത

രും അങ്ങയുടെ സമീപമണഞ്ഞ് എന്തെന്തുചെയ്തില്ല? അല്ലയോ ഗുരുവായൂരപ്പ! ആ തിരുവടി എന്നെ രോഗത്തിൽനിന്നു രക്ഷിക്കണേ!

★

## അറുപത്തെട്ടാം ദശകം

### (ആനന്ദപാരവശ്യം, പ്രണയകോപം, ഭഗവൽകൃതസാന്ത്വനം)

1 തവ വിലോകനാൽ ഗോപികാജനാഃ
പ്രമദസംകുലാഃ പങ്കജേക്ഷണ!
അമൃതധാരയാ സംപ്ലുതാ ഇവ
സ്തിമിതതാം ദധുസ്ത്വൽപുരോഗതാഃ.

സാരം:— ഹേ പങ്കജാക്ഷ! അങ്ങയെ കണ്ടതുകൊണ്ടു സന്തോഷഭാരത്താൽ മതിമറന്നവരായ ആ ഗോപികൾ അമൃതധാരയിൽ അഭിഷേകം ചെയ്തതുപോലെ ആനന്ദത്താൽ നിശ്ചലരായി തിരുവടിയുടെ തിരുമുമ്പിൽ വന്നുനിന്നു.

2 തദനു കാചന ത്വൽകരാംബുജം
സപദി ഗൃഹ്ണതീ നിർവിശങ്കിതം
ഘനപയോധരേ സന്നിധായ സാ
പുളകസംവൃതാ തസ്ഥുഷീ ചിരം

സാരം:—അപ്പോഠം ഒരുവാഠം വേഗം തൃക്കയ്യപിടിച്ച് ശങ്കകൂടാതെ കനത്ത മുലമേൽ വെച്ചിട്ട് വളരെനേരം കോഠം മയിർക്കൊണ്ടുനിന്നു.

3 തവ വിഭോ!പരാ കോമളം ഭുജം
നിജ ഗളാന്തരേ പര്യവേഷ്ടയൽ
ഗളസമുൽഗതം പ്രാണമാരുതം
പ്രതിനിരുന്ധതീവാതിഹർഷുലാ.

സാരം:—അല്ലയോ വിഭുവായ ഭഗവാനെ മററൊരുത്തി അത്യന്തം സന്തുഷ്ടയായിട്ട് അങ്ങയുടെ കോമളകരത്തെ പിടിച്ച് കണ്ഠംവഴി പുറത്തുപോകുവാൻഭാവിക്കുന്നെ പ്രാണവായുവിനെ തടുത്തുനിത്തുവാനോയെന്നു തോന്നുമാറു് തന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു.

4 അപഗതത്രപാ കാപി കാമിനീ
തവ മുഖാംബുജാൽ പൂഗചർവ്വിതം
പ്രതിഗൃഹ്യ തദ്വക്ത്രപങ്കജേ
നിദധതീ ഗതാ പൂർണ്ണകാമതാം.

സാരം:—ഒരുത്തി ലജ്ജകൂടാതെ അങ്ങയുടെ വായിൽ നിന്നു് വെററിലത്തമ്പലത്തെ വാങ്ങി തന്റെ വായിൽ നിക്ഷേപിച്ചു് പൂർണ്ണകാമയായിത്തീന്നു.

5 "വികരുണോ വനേ സംവിഹായ മാ-
മപഗതോസി കാ ത്വാമിഹ സ്പൃശേൽ?"
ഇതി സരോഷയാ താവദേകയാ
സജലലോചനം വീക്ഷിതോ ഭവാൻ.

സാരം:—കൃപയില്ലാത്ത അങ്ങ് ഈ വൻകാട്ടിൽ എന്നെവിട്ട് ദൂരം പൊയ്ക്കളഞ്ഞുവല്ലോ, അങ്ങയെ ഈ കൂട്ടത്തിലാർതൊടും?" ഇപ്രകാരം രോഷാകുലയായ ഒരുവ നിന്തിരുവടിയെ കണ്ണീർ നിറഞ്ഞ കണ്ണുകളോടെ നോക്കിക്കൊണ്ടു പറഞ്ഞു.

6 ഇതി മൃദാകുലൈർവ്വല്ലവീജനൈഃ
സമമുപാഗതോ യാമുനേ തടേ
മൃദുകുചാംബരൈഃ കല്പിതാസനേ
ഘുസൃണഭാസുരേ പര്യശോഭഥാഃ

സാരം:—ഇപ്രകാരം സന്തോഷസംഭ്രാന്തകളായ ഗോപസ്ത്രീകളോടുകൂടെ യമുനാതീരത്തിലുള്ള മണൽത്തിട്ടിൽ കുങ്കുമത്താൽ ശോഭിക്കുന്നതും മൃദുലവുമായ അവരുടെ മുലപ്പടങ്ങൾ വിരിച്ച് അതിലിരുന്നു.

7 കതിവിധാ കൃപാ? കേപി സർവ്വതോ
ധൃതദയോദയാഃ കേചിദാശ്രിതേ
കതിചിദീദൃശാ മാദൃശേഷ്വപി'
ത്യഭിഹിതോ ഭവാൻ വല്ലവീജനൈഃ

സാരം:—ഈ ലോകത്തിൽ കൃപ ഏതെല്ലാം പ്രകാരത്തിലുണ്ട്. ചിലർ എല്ലാവരോടും എപ്പോഴും ദയയുള്ളവരായിരിക്കുന്നു; ചിലർ ആശ്രിതന്മാരിൽ മാത്രം കരുണ വർഷിച്ചുകൊണ്ടിരിക്കുന്നു; മററുചിലർ, നിന്തിരുവടി ഈ ഞങ്ങളോടെന്നപോലെ ആശ്രയിക്കുന്നവരിലും നിഷ്ഠുരന്മാരായിരിക്കുന്നു. അതിനുകാരണമെന്തെന്നു നിന്തിരുവടി പറഞ്ഞുതരണം." എന്നിങ്ങിനെ ഗോപികൾ നിന്തിരുവടിയോടു ചോദിച്ചു.

8 "അയി കുമാരികാ നൈവ ശങ്ക്യതാം
കഠിനതാ മയി പ്രേമകാതരേ
മയി തു ചേതസോവോ f നുവൃത്തയേ
കൃതമിദം മയേ"ത്യൂചിവാൻ ഭവാൻ.

സാരം:— അല്ലയോ പ്രാണനായികമാരേ! പ്രേമാധായ ഭീതരായ എന്നിൽ കാഠിന്യമുള്ളതായി ഒരിക്കലും ശങ്കിക്കരുതേ! നിങ്ങൾക്ക് എന്നോടുള്ള സ്നേഹത്തെ ഉറപ്പിക്കാൻ വേണ്ടിമാത്രമാണ് ഞാൻ ഇങ്ങിനെ അല്പനേരം മറഞ്ഞിരുന്നതു്" എന്ന് അങ്ങ് അവരോടുത്തരം പറഞ്ഞു.

9 "അയി നിശമ്യതാം ജീവവല്ലഭാഃ
പ്രിയതമോജനോ നേദൃശോ മമ
തദിഹ രമ്യതാം രമ്യയാമിനീ-
ഷ്വനുപരോധ"മിത്യാലപോ വിഭോ!

സാരം:— അല്ലയോ പ്രാണപ്രിയമാരെ! നിങ്ങളെപ്പോലെ എനിക്ക് പ്രിയപ്പെട്ടവർ മററാരുമില്ല. അതിനാൽ ഈ യമുനാതടത്തിൽ നിലാവെളിച്ചത്തോടുകൂടിയ രാത്രികളിൽ യഥേഷ്ടം രമിച്ചുകൊള്ളുവിൻ! അല്ലയോ വിഭോ ഈവിധം അങ്ങ് ആ ഗോപയുവതികളോടു പറഞ്ഞു.

10 ഇതി ഗിരാധികം മോദമേദുരൈർ
വ്രജവധൂജനൈസ്സാകമാരമൻ
കലിതകൌതുകോ രാസഖേലനേ
ഗുരുപുരീപതേ! പാഹി മാം ഗദാൽ.

സാരം:— അല്ലയോ ഗുരുവായൂരപ്പ! ഈവിധം അങ്ങ് അരുളിച്ചെയ്തതുകേട്ട് പൂർവ്വാധികം വർദ്ധിച്ച സന്തോഷ

ത്തോടുകൂടിയ ഗോപസ്ത്രീകളെ അങ്ങയോടുകൂടി മേളിച്ചു രാസക്രീഡക്കായി ആഗ്രഹിച്ച നിന്തിരുവടി അല്ലയോ ഗുരുവായുപുരേശ! എന്നെ രോഗങ്ങളിൽനിന്നു രക്ഷിക്കണേ!

## അറുപത്തൊമ്പതാം ദശകം

### രാസക്രീഡാവർണ്ണനം

1 കേശപാശധൃതപിഞ്ഛികാവിതതി
സഞ്ചലന്മകരകുണ്ഡലം
ഹാരജാലവനമാലികാലളിത-
മംഗരാഗഘനസൌരഭം
പീതചേലധൃതകാഞ്ചികാഞ്ചിതമു-
ദഞ്ചദംശുമണിനൂപുരം
രാസകേളിപരിഭൂഷിതം തവ ഹി
രൂപമീശ കലയാമഹേ.

സാരം:— അല്ലയോ ഭഗവാനേ! തലമുടി കെട്ടിവെച്ചതിന്റെ ചുററും മയിൽപീലികൾ തിരുകിയും, ഇളകികൊണ്ടിരിക്കുന്ന മകരകുണ്ഡലങ്ങൾ കണ്ണാടിപോൽ വിളങ്ങുന്ന കവിൾത്തടങ്ങളിൽ പ്രശോഭിച്ചും, മുത്തുമാല, രത്നമാല, വനമാല ഇവകളാൽ സുന്ദരവും, കുറിക്കൂട്ടിന്റെ നിസ്തുല്യസൌരഭ്യത്തോടുകൂടിയും, മഞ്ഞപ്പട്ടുടയാടയുടെമേലേ ധരിച്ചിട്ടുള്ള പൊന്നരഞ്ഞാൾകൊണ്ടുള്ള ശോഭയും നിസ്തുല്യമായി പ്രശോഭിക്കുന്ന കാൽചിലമ്പോടുംകൂടി രാസക്രീഡക്കു കോപ്പുകൂട്ടിയണിഞ്ഞുനില്ക്കുന്ന അങ്ങയുടെ ആ രൂപത്തെ ഞാൻ ധ്യാനിക്കുന്നു.

2 താവദേവകൃതമണ്ഡനേ കലിത-
കഞ്ചുളീകകുചമണ്ഡലേ
ഗണ്ഡലോലമണികുണ്ഡലേ യുവതി-
മണ്ഡലേഥ പരിമണ്ഡലേ
അന്തരാ സകലസുന്ദരീയുഗള-
മിന്ദിരാരമണ സഞ്ചരൻ
മഞ്ജുളാം തദനു രാസകേളിമയി
കഞ്ജനാഭ! സമുപാദധാഃ

സാരം:—അല്ലയോ ലക്ഷ്മീവല്ലഭനായ പത്മനാഭസ്വാമിൻ! അങ്ങ് രാസക്രീഡയ്ക്കായി വേഷം ധരിച്ചസമയം തന്നെ സ്തനങ്ങളിൽ മുലപ്പടങ്ങൾ ചേർത്ത് കവിൾത്തടങ്ങളിൽ ഇളകിക്കൊണ്ടിരിക്കുന്ന കുണ്ഡലങ്ങളുമിട്ട് വട്ടമിട്ടുനിന്ന ഗോപസുന്ദരിമാരിൽ ഈരണ്ടുപേരുടെ ഇടയ്ക്കിടയ്ക്കു സ്ഥിതിചെയ്തുകൊണ്ട് അങ്ങ് മനോഹരമായ രാസക്രീഡ ആരംഭിച്ചു.

3 വാസുദേവ തവ, ഭാസമാനമിഹ
രാസകേളിരസസൌരഭം
ദൂരതോപി ഖലു നാരദാഗദിത-
മാകലയ്യ കുതുകാകുലാ
വേഷഭൂഷണവിലാസപേശലവി-
ലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി
വേഗതോഥ സുരമണ്ഡലീ.

സാരം:—അല്ലയോ വാസുദേവമൂർത്തേ! ആ കാളിന്ദീതീരത്തിൽ ശോഭിക്കുന്ന അങ്ങയുടെ സർവ്വേന്ദ്രിയപ്രീതിയരു

ളുന്ന രാസക്രീഡയുടെ പ്രസിദ്ധിയെ നാരദൻ പറഞ്ഞറിഞ്ഞു് അതുകാണ്മാനുള്ള കൌതുകംഹേതുവാൽ പരിഭ്രമിച്ച ദേവന്മാരെല്ലാവരും വേഷഭൂഷണവിലാസങ്ങളെക്കൊണ്ടു ശോഭിച്ചിരിക്കുന്ന ദേവസ്ത്രീകളോടുകൂടെ സ്വർഗ്ഗത്തിൽനിന്നും പുറപ്പെട്ടു് വൃന്ദാവനത്തിന്റെ മുകളിൽ ആകാശമാർഗ്ഗത്തിൽ നിരന്നു.

4 വേണുനാദകൃതതാനദാനകല-
ഗാനരാഗഗതിയോജനാ-
ലോഭനീയമൃദുപാദപാതകൃത-
താളമേളനമനോഹരം
പാണിസംക്വണിതകങ്കണഞ്ച മുഹു-
രംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത
രാസകേളിരസഡംബരം.

സാരം:—വേണുനാദമാകുന്ന ശ്രുതിയോടുകൂടിയ മധുരഗാനത്തിന്റെ രാഗഗതിയോടു ചേർത്തു് ഭംഗിയായി മെല്ലെ നൃത്തംചെയ്യുകയും അതിനോടൊത്തു താളംപിടിക്കുകയും ചെയ്കയാൽ മനോഹരമായി കൈകളിൽകിടന്നു ശബ്ദിക്കുന്ന തരിവളകളോടുകൂടി ഇടയ്ക്കിടെ തമ്മിൽതമ്മിൽ കൈകളെ തോളിൽവെച്ചു് അരക്കെട്ടിൽ കിടന്നിളകുന്ന വസ്ത്രത്തോടു കൂടിയ ആ രാസക്രീഡാരസപുഷ്ടിയെ ഭജിക്കുവിൻ!

5 ശ്രദ്ധയാ വിരചിതാനുഗാനകൃത-
താരതാരമധുരസ്വരേ
നർത്തനേഥ ലളിതാംഗഹാരലുളി-
താംഗരാഗമണിഭൂഷണേ

സമ്മദേന കൃതപുഷ്പവർഷമല-
മുന്മിഷത്ത്രിവിഷ്ടദാം കുലം
ചിന്മയേ ത്വയി നിലീയമാനമിവ
സമ്മുമോഹ സവധൂകുലം.

സാരം:—ശ്രദ്ധാപുരസ്സരം ചെയ്യുന്ന അനുഗാനത്താൽ—ഏറ്റവും പാടലിൽ ഉയർന്നുപോകുന്ന മധുരസ്വരത്തോടുകൂടിയതും ഭംഗിയിൽ നൃത്തംചെയ്യുക നിമിത്തം സ്ഥാനത്തുനിന്നിളകുന്ന മുത്തുമാലകളോടും രത്നഭൂഷണങ്ങളോടുംകൂടിയ നൃത്തം നടന്നുകൊണ്ടിരിക്കുമ്പോൾ ദേവകൾ സന്തോഷാധികൃത്താൽ പുഷ്പവൃഷ്ടിചെയ്തു, അതു കാണ്മാനുള്ള കൌതുകത്താൽ ചിത്സ്വരൂപിയായ അങ്ങയിൽ ലയിച്ചുപോയോ എന്നു തോന്നുമാറു മോഹിച്ചുപോയി.

6 സ്വിന്നസന്നതനുവല്ലരീ തദനു
കാപി നാമ പശുപാംഗനാ
കാന്തമംസമവലംബതേ സ്മ തവ-
താന്തിഭാരമുകുളേക്ഷണാ
കാചിദാചലിതകുന്തളാ നവപ-
ടീരസാരഘനസൌരഭം
വഞ്ചനേന തവ സഞ്ചുചുംബ ഭുജ-
മഞ്ചിതോരുപുളകാങ്കുരാ.

സാരം:—അപ്പോൾ ഒരു ഗോപസുന്ദരി മുട്ടുശരീരം വിയർത്തും ക്ഷീണാധികൃംകൊണ്ടു കണ്ണടച്ചും അങ്ങയുടെ മനോഹരമായ ചുമലിനെ ആശ്രയിച്ചു. മററൊരുത്തി തലമുടി കെട്ടഴിഞ്ഞു് അതോടുകൂടെ, പുതിയ ചന്ദനച്ചാറി

ൻെറ പരിമളമുള്ള അങ്ങയുടെ ഭുജത്തെ, രോമാഞ്ചകഞ്ചു കിതയായി മററുള്ളവർ കാണാതെ ചുംബിച്ചു.

7 കാപി ഗണ്ഡഭുവി സന്നിധായ നിജ-
ഗണ്ഡമാകുലിതകുണ്ഡലം
പുണ്യപൂരനിധിരന്വവാപ തവ
പൂഗചർവ്വിതരസാമൃതം
ഇന്ദിരാവിഹൃതിമന്ദിരം ഭുവന-
സുന്ദരം ഹി നടനാന്തരേ
ത്വാമവാപ്യ ദധുരംഗനാഃ കിമു ന
സമ്മദോന്മദദശാന്തരം!

സാരം:—ഭാഗ്യവതിയായ ഒരുവൾ കാതിലകൾ ആട ത്തക്കവണ്ണം അവളുടെ കവിൾത്തടത്തെ അങ്ങയുടെ ഗ ണ്ഡങ്ങളിൽ ചേർത്തുവെച്ചിട്ട് അങ്ങയുടെ താംബൂലരസ മാകുന്ന അമൃതത്തെ അനുഭവിച്ചു. ലക്ഷ്മീഭഗവതിയുടെ ക്രീഡാമണ്ഡപമായി, ത്രൈലോക്യസുന്ദരനെന്ന പ്രസിദ്ധ പ്പെട്ട അങ്ങയെ നൃത്തമദ്ധ്യത്തിൽ പ്രാപിച്ച ഗോപിമാർ എന്തൊരു സന്തോഷസംഭ്രമാവസ്ഥയേ പ്രാപിച്ചില്ല?

8 ഗാനമീശ വിരതം ക്രമേണ കില
വാദ്യമേളനമുപാരതം
ബ്രഹ്മസമ്മദരസാകുലാസ്സദസി
കേവലം നനൃതുരംഗനാഃ
നാവിദന്നപി ച നീവികാം കിമപി
കുന്തളീമപി ച കഞ്ചുളീം
ജ്യോതിഷാമപി കദംബകം ദിവി വി-
ളംബിതം കിമപരം ബ്രുവേ!

സാരം:—അല്ലയോ ഈശ! ക്രമേണ പാട്ടു നിന്നുതുടങ്ങി. വാദ്യമേളങ്ങളും അവസാനിച്ചു. ഗോപികൾ ബ്രഹ്മാനന്ദാനുഭവരസത്താൽ മതിമറന്നവരായിത്തന്നെ രാസോത്സവത്തിൽ നൃത്തംവെച്ചു ഉടുത്തവസ്ത്രത്തേയോ, തലമുടിക്കെട്ടിനേയോ, മുലച്ചുട്ടയേയോ, ആഭരണാലങ്കാരങ്ങളേയോ ഒന്നുംതന്നെ അവർ അറിഞ്ഞില്ല. ആകാശഗോളങ്ങൾപോലും സ്തബ്ധകളായി നിന്നുപോയി. മറ്റെന്തുപറയേണ്ടു?

9 മോദസീമ്നി ഭുവനം വിലാപ്യ വിഹൃ-
തിം സമാപ്യ ച തതോ വിലോ
കേളിസംമൃദിതനിർമ്മലാംഗനവ-
ഘർമ്മലേശസുഭഗാത്മനാം
മന്മഥാസഹനചേതസാം പശുപ-
യോഷിതാം സുകൃതചോദിത-
സ്താവദാകലിതമൂർത്തിരാദധിഥ
മാരവീരപരമോത്സവാൻ.

സാരം:—അല്ലയോ സർവ്വശക്തനായ ഭഗവാനേ! കാണികളെ ബ്രഹ്മാനന്ദരസത്തിൽ മുഴുകിച്ചിട്ടു കളികളെല്ലാം അവസാനിപ്പിച്ചതിനുശേഷം ക്രീഡകൊണ്ടു മർദ്ദിക്കപ്പെട്ട നിർമ്മലങ്ങളായ അംഗങ്ങളോടും പൊടിഞ്ഞ വിയർപ്പുതുള്ളികളെക്കൊണ്ടു മോഹനമായ ശരീരത്തോടും കൂടിയവരും കാമാകുലചിത്തകളുമായ ഗോപിമാരുടെ സുകൃതത്താൽ പ്രേരിതനായിട്ടു അങ്ങു് എത്ര ഗോപിമാരുണ്ടോ അത്ര ശരീരങ്ങളെ കയ്ക്കൊണ്ടു മന്മഥോത്സവം ബഹുകേമമായി നടത്തി!

10 കേളിഭേദപരിലോളിതാഭിരതി-
ലാളിതാഭിരബലാളിഭിഃ
സ്വൈരമീശ! നനു സൂരജാപയസി
ചാരുനാമ വിഹൃതിം വ്യധാഃ

കാനനേപി ച വിസാരിശീതളകി-
ശോരമാരുതമനോഹരേ
സൂനസൌരഭമയേ വിലേസിഥ വി-
ലാസിനീശതവിമോഹനം.

സാരം:—അല്ലയോ ഈശ! കാമശാസ്ത്രപ്രസിദ്ധ ങ്ങളായ അനേക വിധ ക്രീഡാവിശേഷങ്ങളെക്കൊണ്ട് അത്യന്തം ലാളിക്കപ്പെട്ടവരായ സ്ത്രീജനങ്ങളോടുകൂടെ ഇഷ്ടാനുവൃത്യാ കാളിന്ദിയിലിറങ്ങി ക്രീഡിച്ചു. തണുത്ത മന്ദവായുവിനെക്കൊണ്ടു വ്യാപിച്ചിരിക്കുന്ന മനോഹരങ്ങളായ പുഷ്പങ്ങളുടെ സൌരഭ്യം പരന്ന യമുനോപവനങ്ങളിലും അനേകം സുന്ദരിമാരെ ഒരേ സമയത്തു ലാളിച്ചുകൊണ്ടു് അങ്ങ് ക്രീഡാലോലുപരീത്യാ മേളിച്ചു.

11 കാമിനീരിതി ഹി യാമിനീഷു ഖലു
കാമനീയകനിധേ ഭവാൻ
പൂർണ്ണസമ്മദരസാർണ്ണവം കമപി
യോഗിഗമ്യമനുഭാവയൻ
ബ്രഹ്മശങ്കരമുഖാനപീഹ പശു-
പാംഗനാസ്സു ബഹുമാനയൻ
ഭക്തലോകഗമനീയരൂപ കമ-
നീയ! കൃഷ്ണ! പരിപാഹി മാം.

സാരം:—അല്ലയോ സൌന്ദര്യനിധേ! ഭക്തലോകങ്ങളാൽ പ്രാപ്യമായ രൂപത്തോടുകൂടിയ ശ്യാമസുന്ദരകളേബരനായ കൃഷ്ണ! അങ്ങ് ഈവിധരാത്രികാലങ്ങളിൽ, യോ

ഗികാംക്കമാത്രം കിട്ടുവാൻ അവകാശപ്പെട്ടതായ സന്തോഷാമൃതം നിറഞ്ഞൊരാനന്ദസമുദ്രത്തിൽ ഗോപസ്ത്രീകളെ മജ്ജനംചെയ്യിപ്പിക്കയും ബ്രഹ്മാവു, രുദ്രൻ ഇവർക്കുകൂടി ഈ സന്ദർഭത്തിൽ ഗോപസ്ത്രീകളുടെ നേരേ ബഹുമാനയുക്തകളാക്കിച്ചെയ്യുകയുംചെയ്ത ആ നിന്തിരുവടി എന്നെ രക്ഷിക്കണെ!

## എഴുപതാം ദശകം

### സുദർശനശാപമോക്ഷം, ശംഖചൂഡവധം വൃഷഭാസുരവധം

1 ഇതി ത്വയി രസാകുലം രമിതവല്ലഭേ വല്ലവാഃ
കദാപി പുരമംബികാകമിതുരംബികാ കാനനേ
സമേത്യ ഭവതാ സമം നിശി നിഷേവ്യ ദിവ്യോത്സവം
സുഖം സുഷുപുരഗ്രസീദ് വ്രജപമുഗ്രനാഗസ്തദാ.

സാരം — ഈവിധം നിന്തിരുവടി രസാകുലമാകുംവിധം പ്രിയപ്പെട്ട ഗോപയുവതികളെ രമിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ദിവസം ഗോപന്മാർ നിന്തിരുവടിയോടുകൂടി അംബികാവനത്തിലുള്ള ശിവക്ഷേത്രത്തിൽ പോയി ദിവ്യോത്സവത്തെ സേവിച്ചു രാത്രി അവിടെത്തന്നെ സുഖമായി ഉറങ്ങിയ സമയം ഭയങ്കരനായ ഒരു പെരുമ്പാമ്പുവന്നു് നന്ദഗോപരെ ഗ്രസിച്ചു.

2 സമുന്മുഖമഥോന്മുകൈരഭിഹതേƒപി തസ്മിൻ ബലാ-
ദമുഞ്ചതി, ഭവൽപദേ ന്യപതി പാഹി! പാഹീതി തൈഃ
തദാ ഖലു പദാ ഭവാൻ സമുപഗമ്യ പസ്പർശ തം;
ബഭൌ സ ച നിജാം തനും സമുപസാദ്യ വൈദ്യാധരീം.

സാരം:—അനന്തരം അവർ പരിഭ്രമിച്ച് പലവിധ താഡനങ്ങളേല്പിക്കയും, തീക്കൊള്ളികൊണ്ടു ദണ്ഡിപ്പിക്കയും മററും ചെയ്തിട്ടും ആ പന്നഗം വിട്ടുമാറാതിരിക്കയും വിവരം അങ്ങയേ അറിയിക്കയും ചെയ്തപ്പോാം അങ്ങു വന്നു് സാവധാനത്തിൽ തൻെറ പാദാംബുജംകൊണ്ടു തട്ടിനീക്കുകയും, ആ സമയം അവിടെ ഒരു ദിവ്യപുരുഷൻ—ഒരു വിദ്യാധരൻ— പ്രത്യക്ഷനായി അങ്ങയെ സ്തുതിക്കയുംചെയ്തു.

3 'സുദർശനധര പ്രഭോ നനു സുദർശനാഖ്യോസ്മ്യഹം
മുനീൻ കപചിദപാഹസംതമിഹ മാം വ്യധുർവ്വാഹസം
ഭവൽപദസമർപ്പണാദമലതാം ഗതോസ്മീത്യസൌ
സ്തുവൻ നിജപദം യയൌ വ്രജപദഞ്ച ഗോപാ മുദാ.

സാരം:—'അല്ലയോ സുദർശനചക്രധാരിയായ ഭഗവാനെ! ഞാൻ സുദർശനൻ എന്ന പേരോടുകൂടിയ ഒരു വിദ്യാധരനാണ്. ഞാനൊരിക്കൽ ചില മഹർഷിമാരെ പരിഹസിച്ചു. അവർ എന്നെ ഇവിടെ ഒരു പെരുമ്പാമ്പാക്കിത്തീർത്തു. അങ്ങയുടെ തൃക്കാൽ സരോജസ്പർശനംകൊണ്ടു് ഇപ്പോാം ഇവൻ നിർമ്മലനായിത്തീൻ' എന്നിങ്ങിനെ സ്തുതിച്ചു് പ്രാർത്ഥിച്ചു് അങ്ങയുടെ അനുഗ്രഹത്തോടുകൂടി അവൻ സ്വസ്ഥാനത്തേക്കുപോയി. ഗോപന്മാർ കളുകംനിറഞ്ഞ മനസ്സോടെ ഗോകുലത്തിലേക്കും പോയി.

4 കദാപി ഖലു സീരിണാ വിഹരതി ത്വയി സ്ത്രീജനൈ-
ർജ്ജഹാര ധനദാനുഗഃ സ ഖലു ശംഖചൂഡോऽബലാഃ
അതിദ്രുതമനുദ്രുതസ്തമഥ, മുക്തനാരീജനം
രുരോജിഥ ശിരോമണിം ഹലഭൃതേ ച തസ്യാദദാഃ

സാരം:— ഒരിക്കൽ നിന്തിരുവടി ബലഭദ്രയുക്തനായിട്ട് ഗോപികളോടുകൂടി ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ ആ പ്രസിദ്ധനായ വൈശ്രവണഭൃത്യനായ ശംഖചൂഡൻ സ്ത്രീജനങ്ങളെ അപഹരിച്ചുകൊണ്ടുപോകയും, ഉടനെ അവന്റെ പിന്നാലെഓടിച്ചെന്ന്, സ്ത്രീകളെവിട്ട് പായുന്ന അവനെപ്പിടിച്ച് നിഗ്രഹിക്കയും അവന്റെ ശിരോരത്നത്തെ ബലഭദ്രനായികൊടുക്കയും ചെയ്തു.

5 ദിനേഷു ച സുഹൃജ്ജനൈഃ സഹ വനേഷു ലീലാപരം
മനോഭവമനോഹരം രസിതവേണുനാദാമൃതം
ഭവന്തമമരീദൃശാമമൃതപാരണാദായിനം
വിചിന്ത്യ കിമു നാലപൻ വിരഹതാപിതാ ഗോപികാഃ

സാരം— പകൽസമയങ്ങളിൽ ഗോപബാലന്മാരോടുകൂടെ വനമദ്ധ്യത്തിൽ കളിച്ചുകൊണ്ടിരിക്കുന്നവനും കാമസുന്ദരനും വേണുനാദാമൃതത്തെ ആസ്വദിക്കുന്നവനും ദേവസ്ത്രീകളുടെ കണ്ണിന്നു അമൃതപാരണയെ ദാനംചെയ്യുന്നവനമായ അങ്ങയെ ഓർത്തോർത്ത് വിരഹസന്തപ്തമാരായിട്ട് ഗോപിമാർ എത്രമാത്രം വിലപിച്ചില്ല?

6 ഭോജരാജഭൃതകസ്ത്വഥ കശ്ചിൽ
കഷ്ടദുഷ്ടപഥദൃഷ്ടിരരിഷ്ടഃ

നിഷ്ഠുരാകൃതിരപഷ്ഠു നിനാദ-
സ്തിഷ്ഠതേ സ്മ ഭവതേ വൃഷരൂപീ.

സാരം:— കംസഭൃത്യനായി, ദുഷ്ടനും ദുഃഖകരമായ ഉദ്ദേശത്തോടുകൂടിയവനും ക്രൂരസ്വഭാവിയുമായ അരിഷ്ടനെന്ന മഹാസുരൻ കാളയുടെ വേഷംപൂണ്ടു് ഭയങ്കരമായ മുക്കറയോടെ അങ്ങു കാണത്തക്ക നിലയിൽ ഗോകുലത്തിൽ വന്നു.

7 ശാക്വരോഥ ജഗതീധൃതിഹാരീ
മൂർത്തിമേഷ ബൃഹതീം പ്രദധാനഃ
പംക്തിമാശു പരിഘൂർണ്ണ്യ പശൂനാം
ഛന്ദസാം നിധിമവാപ ഭവന്തം.

സാരം:— അനന്തരം ഈ കാള വലിയ ശരീരത്തെ പൂണ്ടു് ചുരമാന്തി ഭൂമിയെല്ലാം കുഴിക്കയും ലോകവാസികളെ ഭയപ്പെടുത്തുകയും പശുക്കൂട്ടങ്ങളെ വേഗമോടിക്കയും ചെയ്തുകൊണ്ടു് വേദനാഥനായ അങ്ങയുടെ സമീപം സംപ്രാപിച്ചു.

8 തുംഗശൃംഗമുഖമാശ്വഭിയന്തം
സംഗൃഹയ്യ രഭസാദഭിയം തം
ഭദ്രരൂപമപി ദൈത്യമഭദ്രം
മർദ്ദയന്നമദയഃ സുരലോകം.

സാരം:— ഉയർന്ന കൊമ്പുകളുടെ അഗ്രങ്ങളോടുകൂടിയവനും വേഗത്തിൽ നേരിട്ടോടിച്ചെന്നവനും, ഭയമില്ലാത്തവനും കാളയുടെ വേഷധാരിയാണെങ്കിലും ദുഷ്ടനമാ

യിരിക്കുന്ന ആ അസുരനെ വേഗത്തിൽ പിടിച്ചു മർദ്ദിച്ചു നിന്തിരുവടി ദേവകളെ സന്തോഷിപ്പിച്ചു.

9 "ചിത്രമദ്യ ഭഗവൻ വൃഷഘാതാൽ
സുസ്ഥിരാജനി വൃഷസ്ഥിതിരുർവ്യാം
വർദ്ധതേ ച വൃഷചേതസി ഭൂയാൻ
മോദ" മിത്യഭിനുതോസി സുരൈസ്ത്വം.

സാരം:—ഇപ്പോൾ നിന്തിരുവടി ഒരു വൃഷത്തെ—കാളയെ—കൊല്ലുകനിമിത്തം ഭൂമിയിൽ ധർമ്മത്തിന്റെ നില ഉറച്ചിരിക്കുന്നു. വൃഷചേതസ്സിൽ അല്ലെങ്കിൽ ഇന്ദ്രന്റെ മനസ്സിൽ വലിയ സന്തോഷം വർദ്ധിക്കയും ചെയ്യുന്നു" അല്ലയോ ഭഗവാനെ! ഇങ്ങിനെ ദേവന്മാർ അങ്ങയെ സ്തുതിച്ചു.

10 "ഔക്ഷകാണി പരിധാവത ദൂരം
വീക്ഷ്യതാമയമിഹോക്ഷവിഭേദീ"
ഇത്ഥമാത്തഹസിതൈഃ സഹ ഗോപൈ-
ർഗ്ഗേഹഗസ്ത്വമവ വാതപുരേശ!

സാരം:—"അല്ലയോ കാളകളെ! നിങ്ങൾ ദൂരത്തെങ്ങാനും പൊയ്ക്കൊള്ളുവിൻ. കാളയേ കൊല്ലുന്നവൻ ഇതാ ഇവിടെ നില്ക്കുന്നു. നോക്കുവിൻ" എന്നിങ്ങിനെ നേരമ്പോക്കു പറയുന്ന ഗോപന്മാരോടുകൂടി ഗൃഹത്തിലേയ്ക്കു പോന്ന നിന്തിരുവടി, അല്ലയോ ഗുരുവായുപുരേശ! എന്നെ രക്ഷിക്കേണമെ!

★

## എഴുപത്തൊന്നാം ദശകം

★

### കേശിവധം, വ്യോമാസുരവധം

1 യത്നേഷു സർവ്വേഷ്വപി നാവകേശീ
കേശീ സ ഭോജേശിതുരിഷ്ടബന്ധുഃ
ത്വം സിന്ധുജാവാപ്യ ഇതീവ മത്വാ
സമ്പ്രാപ്തവാൻ സിന്ധുജവാജിരൂപഃ.

സാരം:—കാര്യസാദ്ധ്യത്തിൽ സമർത്ഥനും കംസന്റെ ഉററബന്ധുവുമായ കേശി എന്ന അസുരൻ നിന്തിരുവടി സിന്ധുജാവാപ്യനാണ് എന്ന വിചാരിച്ചിട്ടാണെന്നു തോന്നും സിന്ധുദേശത്തിലുണ്ടായ കുതിരയുടെ ആകൃതി പൂണ്ടു വന്നുചേർന്നതു്.

2 ഗന്ധർവ്വതാമേഷ ഗതോപി രൂക്ഷൈ-
ർന്നാദൈഃ സമുദ്വേജിതസർവ്വലോകഃ
ഭവദ്വിലോകാവധി ഗോപവാടീം
പ്രമർദ്ദ്യ പാപഃ പുനരാപതത്ത്വാം.

സാരം:—ഈ ദുഷ്ടൻ ഗന്ധർവ്വതയെ—കുതിരയെ—പ്രാപിച്ചിട്ടും രൂക്ഷങ്ങളായ ശബ്ദധോരണികളാൽ സകലരേയും ഭയപ്പെടുത്തിക്കൊണ്ടു് അങ്ങയെ കണ്ടെത്തുന്നതുവരെ ഗോകുലത്തെ മർദ്ദിച്ചിട്ടു് പിന്നെ അങ്ങയുടെ നേരെ ചാടി.

3 താർക്ഷ്യാർപ്പിതാംഘ്രേസ്തവതാർക്ഷ്യ ഏഷ
ചിക്ഷേപ വക്ഷോഭുവി നാമ പാദം;

ഭൃഗോഃ പദാഘാതകഥാം നിശമ്യ
സ്വേനാപി ശക്യം തദിതീവ മോഹാൽ!

സാരം:— ഈ അംശം ഭൃഗുമഹർഷിയുടെ പാദതാഡന വൃത്താന്തം-പണ്ടൊരിക്കൽ ഭൃഗുമഹർഷിക്ഷമപരീക്ഷിക്കാനായി വൈകുണ്ഠത്തിൽ ചെന്നു് ഭഗവാൻെറ തിരുമാറിടത്തിൽ കാൽകൊണ്ടു ചവിട്ടുകയുണ്ടായിട്ടുണ്ടു്- ഭൃഗുവിൻെറ ചവിട്ടടയാളമാണു് ഭഗവാൻെറ മാറിലുള്ള ശ്രീവത്സമെന്ന മറു-ഭൃഗുചെയ്തതുപോലെ തന്നാലും സാദ്ധ്യമാണെന്നുള്ള ഭ്രമ്മോഹം കൊണ്ടാണോ കേശി ഭഗവാനെ ചവുട്ടിയതെന്നു തോന്നുന്നുണ്ടു് ഗരുഡനിൽകാൽവെയ്ക്കാറുണ്ടു് ഗരുഡനു താർക്ഷ്യനെന്നും അർത്ഥമുണ്ടു്- അതിനുപകരമായിഈ താർക്ഷ്യൻ-അശ്വം അങ്ങയുടെമേൽപാദത്തെവെച്ചു—കേശി അങ്ങയുടെ മാറിൽ ചവുട്ടി-ഗരുഡനും ഭൃഗുവും ഭക്തന്മാരാകയാൽ ഒരാൾക്ക തൻെറ മേൽ ഭഗവാൻ കാൽകൊണ്ടു് ചവിട്ടുവാനും മറേറയാൾക്ക ഭഗവാനെ തൻെറ കാൽകൊണ്ടുചവിട്ടുവാനും കഴിഞ്ഞു. ദുഷ്ടനും പാപിയുമായ ഇവൻ ഭക്തന്മാർ ചെയ്തതുപോലെ ചെയ്വാൻ മോഹിച്ചതുകൊണ്ടു് ഇവനും മോക്ഷാർഹൻ തന്നെ.

4 പ്രപഞ്ചയന്നസ്യ ഖുരാഞ്ചലംദ്രാ-
ഗമും ച ചിക്ഷേപിഥ ദൂരദൂരം
സംമൂർച്ഛിതോപി ഹ്യതിമൂർച്ഛിതേന
ക്രോധോഷ്മണാ ഖാദിതുമാദൃതസ്ത്വാം.

സാരം:— നിന്തിരുവടി ഇവൻെറ കുളമ്പുകൊണ്ടുള്ള അടിയിൽനിന്നു് ഒഴിഞ്ഞു് ഇവനെ കാൽനാലുംപിടിച്ചു

അതിദൂരെവലിച്ചെറിഞ്ഞു. ഇവൻമോഹാലസ്യപ്പെട്ടു എങ്കിലും കോപാവേശത്തോടുകൂടെ അങ്ങയെ കടിപ്പാനായി നേരിട്ടോടിവന്നു.

5 ത്വം വാഹദണ്ഡേ കൃതധീശ്ച വാഹാ-
ദണ്ഡം ന്യധാസ്തസ്യ മുഖേ തദാനീം
തദ്വൃദ്ധിരുദ്ധശ്വാസനോ ഗതാസുഃ
സപ്തീഭവന്നപ്യയമൈക്യമാഗാൽ.

സാരം:— കുതിരയേ ഇനി വേഗം കൊല്ലണം എന്നു നിശ്ചയിച്ചുകൊണ്ടു കടിപ്പാൻ വന്ന സമയം അങ്ങ് അവൻെറ വായിൽ കൈകടത്തി. ഈ അസുരൻ കുതിരയുടെ വേഷം ധരിച്ചവനാണെങ്കിലും ആ കൈവളൎന്ന് ശ്വാസമടഞ്ഞു് അവൻ രിച്ചു— അങ്ങയുടെ പാദപത്മം സംപ്രാപിച്ചു.

6 ആലംഭമാത്രേണ പശോഃ സുരാണാം
പ്രസാദകേ നൂത്ന ഇവാശ്വമേധേ
കൃതേ ത്വയാ ഹർഷവശാൽ സുരേന്ദ്രാ-
സ്ത്വാം തുഷ്ടുവുഃ "കേശവ"നാമധേയം.

സാരം:— പശുവിനെ ഹിംസിക്കുക മാത്രംചെയ്തു ദേവന്മാരെ പ്രസാദിപ്പിക്കുന്നതായ പുതിയ രീതിയിലുള്ള അശ്വമേധം അങ്ങുചെയ്ത സമയം ദേവന്മാർ സന്തോഷവേഗത്തോടെ "കേശവ"നെന്നനാമം പാടി അങ്ങയെ സ്തുതിച്ചു.

7 കംസായ തേ ശൌരിസുതത്വമുക്ത്വാ
തം തദ്വധോൽകം പ്രതിരുദ്ധ്യ വാചാ
പ്രാപ്തേന കേശിക്ഷപണാവസാനേ
ശ്രീനാരദേന ത്വമഭിഷ്ടുതോഽഭൂഃ

സാരം:—"കൃഷ്ണൻ നന്ദഗോപരുടെ പുത്രനല്ല; വസുദേവന്റെ എട്ടാമത്തെപുത്രനാണു്" എന്നു് ശ്രീനാരദമഹർഷി കംസനെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. ഇതുകേട്ടു കംസൻ കോപിച്ചു വസുദേവനെ കൊല്ലുവാൻ ഭാവിച്ചെങ്കിലും മഹർഷി സാമവാക്യങ്ങളാൽ കംസനെ അടക്കി. അതിനുശേഷം കേശിവധം കഴിഞ്ഞു് ഉടനെ നാരദൻ ഗോകുലത്തിൽപോയി ഭഗവാനെക്കണ്ടു പറകയും സ്തുതിക്കയുംചെയ്തു.

8 കദാപി ഗോപൈസ്സഹ കാനനാന്തേ
നിലായനക്രീഡനലോലുപം ത്വാം
മയാത്മജഃ പ്രാപ ദുരന്തമായോ
വ്യോമാഭിധോ വ്യോമചരോപരോധീ.

സാരം:—മയന്റെ പുത്രൻ; മായാവിയും ദേവശത്രുവും ആയിട്ടുള്ള വ്യോമാസുരൻ; ഒരുനാൾ ഗോപന്മാരുടെ കൂടെ വനമദ്ധ്യത്തിൽ ഒളിച്ചുകളിക്കുന്ന അങ്ങയുടെ സമീപത്തിൽ അങ്ങയെ ദ്രോഹിപ്പാനായി വന്നുചേർന്നു.

9 സ ചോരപാലായിതവല്ലവേഷു
ചോരായിതോ ഗോപശിശൂൻ പശൂംശ്ച
ഗുഹാസു കൃത്വാ പിദധേ ശിലാഭി-
സ്ത്വയാ ച ബുദ്ധ്വാ പരിമർദ്ദിതോഽഭൂൽ.

സാരം:— ആ വ്യോമാസുരൻ, ചോരന്മാരും പാലന്മാരുമായി കളിക്കുന്ന ഗോപന്മാരുടെ കൂട്ടത്തിൽ ചോരനായി വന്നുചേൎന്നിട്ടു് ഗോപകുമാരന്മാരേയും പശുക്കളേയും ഗുഹകളിൽ ഒളിപ്പിച്ചിട്ടു് പാറകളെക്കൊണ്ടു് ഗുഹാദ്വാരം അടച്ചു. വിവരമറിഞ്ഞു് നിന്തിരുവടി അവനെ നിഗ്രഹിച്ചു.

10 ഏവംവിധൈശ്ചാത്ഭുതകേളിഭേദൈ-
രാനന്ദമൂർച്ഛാമതുലാം വ്രജസ്യ
പദേ പദേ നൂതനയന്നസീമാം
പരാത്മരൂപിൻ പവനേശ പായാഃ

സാരം:— അല്ലയോ പരബ്രഹ്മരൂപിയായ ഗുരുവായൂരപ്പ! അത്ഭുതലീലാവിശേഷങ്ങളെക്കൊണ്ട് ഗോകുലവാസികൾക്കു തുല്യതകല്പിക്കവാനോ, അഥവാ പറഞ്ഞറിയിപ്പാനോ സാദ്ധ്യമല്ലാത്ത സന്തോഷത്തേയും ഐശ്വര്യാഭിവൃദ്ധികളേയും പുതുക്കിപ്പുതുക്കി വർദ്ധിപ്പിച്ചുപോന്ന നിന്തിരുവടി എന്നെ രക്ഷിക്കണേ!

★

## എഴുപത്തിരണ്ടാം ദശകം

### അക്രൂരാഗമനം

1 കംസോഽഥ നാരദഗിരാ വ്രജവാസിനം ത്വാ-
മാകർണ്ണ്യ ദീർണ്ണഹൃദയസ്സ ഹി ഗാന്ദിനേയം
ആഹൂയ കാർമ്മുകമഖച്ഛലതോ ഭവന്ത-
മാനേതുമേനമഹിനോദഹിനാഥശായിൻ!

സാരം:— അല്ലയോ അനന്തശയനനായ ഭഗവാനെ! അനന്തരം ദുഷ്ടനായ ആ കംസൻ നാരദന്റെ വാക്കുകേട്ട് അങ്ങ് — തന്റെ കാലൻ — ഗോകുലത്തിലുണ്ടെന്നറിഞ്ഞു് കംസന്റെ ഹൃദയം പൊട്ടിത്തെറിക്കയാൽ — മരണഭയമോർത്തു് — ധനുര്യാഗമെന്ന വ്യാജേന അങ്ങയെ കൂട്ടിക്കൊണ്ടുവരുവാൻ അക്രൂരനെ നിയോഗിച്ചു.

2 അക്രൂര ഏഷ ഭവദംഘ്രിപരശ്ചിരായ
തദ്ദർശനാക്ഷമമനാഃ ക്ഷിതിപാലഭീത്യാ
തസ്യാജ്ഞയൈവ പുനരീക്ഷിതുമുദ്യതസ്താ-
മാനന്ദഭാരമതിഭൂരിതരം ബഭാര.

സാരം:—ഈ അക്രൂരൻ വളരെക്കാലമായിട്ട് ഭഗവത്ഭക്തനും കംസനെപേടിച്ച് ഭഗവദ്ദർശനം അസാദ്ധ്യമാണെന്നുറച്ചിരിക്കുന്നവനുമാണ്. ഇപ്പോൾ കംസൻെറ കല്പനപ്രകാരംതന്നെ അങ്ങയെ കാണ്മാൻ സാധിച്ചതുകൊണ്ട് അക്രൂരൻ അതിയായി സന്തോഷിച്ചു.

3 സോയം രഥേന സുകൃതീ ഭവതോ നിവാസം
ഗച്ഛൻ മനോരഥഗണാംസ്ത്വയി ധാര്യമാണാൻ
ആസ്വാദയൻ മുഹുരപായഭയേന ദൈവം
സംപ്രാർത്ഥയൻ പഥി ന കിഞ്ചിദപി വ്യജാനാൽ.

സാരം:—സുകൃതിയായ ആ അക്രൂരൻ തേരിൽകയറി ഭഗവാൻ വസിക്കുന്നതു കാരണം പാവനമായ ഗോകുലത്തിലേയ്ക്കു പോകുംവഴി ഭഗവാനെ സംബന്ധിച്ച ഓരോവിധ മനോരാജ്യങ്ങളാൽ രസിക്കുകയും ഇടയ്ക്കിടെ താൻ ശത്രുവായ കംസൻെറ ഭൃത്യൻെറ നിലയിൽ ചെല്ലുന്നതുകൊണ്ടു് ഈവക മനോരഥങ്ങളെല്ലാം നിഷ്ഫലങ്ങളാവുമോ എന്നു ഭയപ്പെട്ട് തനിക്കു യാതൊരു അപായവും കൈവരരുതേ എന്നിങ്ങിനെ ഈശ്വരനെ പ്രാർത്ഥിച്ചും നടന്നതുകൊണ്ടു് വഴിപോയതു തീരെ അറിഞ്ഞില്ല.

4 ദ്രക്ഷ്യാമി വേദശതഗീതഗതിം പുമാംസം
സ്പ്രക്ഷ്യാമി കിം സ്വിദപി നാമ പരിഷ്വജേയം

കിം വക്ഷ്യതേ സ ഖലു മാം ക്വ നു വീക്ഷിതഃ സ്യാ-
ദിത്ഥം നിനായ സ ഭവന്മയമേവ മാർഗ്ഗം.

സാരം:—ഉപനിഷത്തുക്കളിൽ ഭഗവാൻെറ സ്വരൂപത്തെകുറിച്ച് വിവരിച്ചിട്ടുള്ളതിനെ മനസ്സുകൊണ്ടു ധ്യാനിച്ചു കാണുക എന്നല്ലാതെ ഭഗവാനെ പ്രത്യക്ഷമായിക്കാണുക സാദ്ധ്യമല്ല. എന്നാൽ ആ ഭഗവാനെ എനിക്കിന്നു നേരിട്ടു കാണ്മാൻ കഴിയുമോ? ഭഗവൽപാദാരവിന്ദങ്ങളെ എനിക്കൊന്നു തൊടുവാൻ കഴിയുമോ? ഭഗവാനെ ഒന്ന് ആലിംഗനംചെയ്യാൻ തരമുണ്ടാകുമോ? ഭഗവാൻ എന്താണ് എന്നോടു ചോദിക്കുക. എവിടെവെച്ചാണ് അദ്ദേഹത്തെ കാണുക. ഈവക മനോരാജ്യങ്ങളെക്കൊണ്ട് അക്രൂരൻെറ ചിത്തവൃത്തി ഭഗവന്മയമായി പരിണമിച്ചതുനിമിത്തം അവൻ മാർഗ്ഗത്തെ ഭഗവന്മയമായിത്തന്നെ നയിച്ചു.

5 ഭൂയഃ ക്രമാദഭിവിശൻ ഭവദംഘ്രിപൂതം
വൃന്ദാവനം ഹരവിരിഞ്ചസുരാഭിവന്ദ്യം
ആനന്ദമഗ്ന ഇവ ലഗ്ന ഇവ പ്രമോഹേ
കിം കിം ദശാന്തരമവാപ ന? പങ്കജാക്ഷ!

സാരം:—അല്ലയോ പങ്കജാക്ഷ! അക്രൂരൻ പിന്നെ ക്രമേണ വൃന്ദാവനത്തിലേക്ക് അടുത്തുചെന്നു. ഭഗവൽപാദാരവിന്ദങ്ങളുടെ സംബന്ധംനിമിത്തം പരിശുദ്ധമായിത്തീൎന്നിരിക്കുന്ന ആ വൃന്ദാവനത്തെ രുദ്രൻ, ബ്രഹ്മാവു, ഇന്ദ്രാദിദേവന്മാർ മുതലായവർകൂടി വന്ദിക്കാറുണ്ട്. അപ്രകാരമുള്ള വൃന്ദാവനത്തിലേക്കുകടന്നപ്പോൾ ഈ ഭക്തൻ ആനന്ദസമുദ്രത്തിൽ മുങ്ങുകതന്നെചെയ്തു. ഇങ്ങിനെ ആനന്ദമൂർച്ഛിതനായ ആ അക്രൂരൻ ഏതേതവസ്ഥാന്തരങ്ങളിൽ വ്യാപൃതനായിരിക്കും?

6 പശ്യന്നവന്ദത ഭവദ്വിഹൃതിസ്ഥലാനി
പാംസുഷ്വവേഷ്ടത ഭവച്ചരണാങ്കിതേഷു
കിം ബ്രൂമഹേ ബഹുജനാ ഹി തദാപി ജാതാ
ഏവന്തു ഭക്തിതരളാ വിരളാഃ പരാത്മൻ!

സാരം:— അക്രൂരൻ വൃന്ദാവനത്തിൽ പ്രവേശിച്ചതിന്റെശേഷം ഭഗവാൻ ക്രീഡിക്കുന്ന സ്ഥലംകണ്ടറിഞ്ഞ് ആവക പുണ്യസ്ഥലങ്ങളെ വന്ദിക്കയും ധ്വജവജ്രാങ്കുശാംഭോജങ്ങളെക്കൊണ്ടതിരിച്ചറിയപ്പെട്ടതായ തൃക്കാലടികൾ പതിഞ്ഞ ധൂളിയെ വാരി മൌലിയിലിടുകയും, മഹത്വമേറിയ ആ ധൂളിയിൽ വീണുരുളുകയുംചെയ്തു. അപ്പോൾ പരമാത്മസ്വരൂപിയായ ഭഗവാനേ! അക്രൂരനെപ്പോലെയുള്ള ഭക്തന്മാർ ചുരുക്കംതന്നെയാണ്.

7 സായം സ ഗോപഭവനാനി ഭവച്ചരിത്ര-
ഗീതാമൃതപ്രസൃതകർണ്ണരസായനാനി,
പശ്യൻ പ്രമോദസരിതേവ കിലോഹ്യമാനോ
ഗച്ഛൻ ഭവത്ഭവനസന്നിധിമന്വയാസീൽ.

സാരം:— സന്ധ്യനേരത്ത് ഭക്തനായ ആ ഗാന്ദിനേയൻ, അങ്ങയുടെ ചരിത്രഗാനങ്ങളിൽനിന്നൊഴുകുന്ന കർണ്ണരസായനങ്ങളോടുകൂടിയ ഗോപഭവനങ്ങളെക്കണ്ടു് സന്തോഷവാരാശിയിൽ ഒഴുകുന്നമട്ടിൽ അങ്ങയുടെ ഗൃഹസീമയിലെത്തി.

8 താവദ്ദദർശ പശുദോഹവിലോകലോലം
ഭക്തോത്തമാഗതിമിവ പ്രതിപാലയന്തം
ഭൂമൻ ഭവന്തമയമഗ്രജവന്തമന്തർ-
ബ്രഹ്മാനുഭൂതിരസസിന്ധുമിവോദ്വമന്തം!

സാരം:— അല്ലയോ പരിപൂൎണ്ണനായ ഭഗവാനെ ആ സമയം അക്രൂരൻ, പശുകറക്കുന്നതു കണ്ടുകൊണ്ടു് ബലഭദ്രനോടുകൂടി, ഭക്താത്തംസന്റെ വരവിനെ കാത്തുനില്ക്കുന്നപോലെയും, അക്രൂരഹൃദയത്തിൽ ബ്രഹ്മാനന്ദരസസമൂഹങ്ങളെ വളൎത്തുന്നവനെപ്പോലെയും നിന്തിരുവടി നില്ക്കുന്നതു ദൂരത്തുനിന്നുതന്നെ കണ്ടു.

9 സായന്തനാപ്ലവവിശേഷവിവിക്തഗാത്രൌ
ദ്വൌ പീതനീലരുചിരാംബരലോഭനീയൌ
നാതിപ്രപഞ്ചധൃതഭൂഷണചാരുവേഷൌ
മന്ദസ്മിതാർദ്രവദനൌ സ യുവാം ദദർശ.

സാരം:— സായന്തസ്സ്നാനാനന്തരം പരിശുദ്ധമായ ശരീരകാന്തി സ്ഫുരിക്കുന്നമട്ടിൽ പീതനീലാഭയാന്ന ഉടയാടകളെ ധരിച്ചു് മിതമായ ആഡംബരവിശേഷത്തോടും, എന്നാൽ അത്ഭുതാവഹമായ കാന്തിധോരണിയോടും കൂടിയ രൂപത്തിൽ മന്ദസ്മിതാർദ്രമായ മുഖാരവിന്ദത്തോടെ നില്ക്കുന്ന നിങ്ങൾ രണ്ടുപേരേയും ഭക്തനായ ആ അക്രൂരൻ കണ്ടു.

10 ദൂരാദ്രഥാൽ സമവരുഹ്യ നമന്തമേന-
മുത്ഥാപ്യ ഭക്തകുലമൌലിമഥോപഗൂഹൻ
ഹർഷാന്മിതാക്ഷരഗിരാ കുശലാനുയോഗീ
പാണിം പ്രഗൃഹ്യ സബലോഥ ഗൃഹം നിനേഥ.

സാരം:— ദൂരത്തുനിന്നുതന്നെ തേരിൽനിന്നിറങ്ങിവന്നു നമസ്കരിച്ച ഭക്താഗ്രണിയായ അക്രൂരനെ എഴുന്നേല്പിച്ചു് ഗാഢാലിംഗനംചെയ്തു അങ്ങു് ബലഭദ്രനോടുകൂടെ

സന്തോഷം ഹേതുവാൽ ചുരുങ്ങിയ വാക്കുകളാൽ കുശല പ്രശ്നാനന്തരം അക്രൂരനെ ഗൃഹാന്തർഭാഗത്തിലേക്ക് കൈ പിടിച്ച് ആനന്ദമയസ്വരൂപതയാ കൊണ്ടുപോയി ഇരുത്തി.

11 നന്ദേന സാകമമിതാദരമർച്ചയിത്വാ
തം യാദവം തദുദിതാം നിശമയ്യ വാർത്താം
ഗോപേഷു ഭൂപതിനിദേശകഥാം നിവേദ്യ
നാനാകഥാഭിരഥ തേന നിശാമനൈഷീഃ

സാരം:—നന്ദഗോപരോടുംചേർന്ന് അങ്ങ് ആ അക്രൂരനായ യാദവേശനെ ആദരാതിശയത്തോടെ പൂജിച്ച്, അവൻ പറഞ്ഞ വാർത്തകളെ—കംസാജ്ഞയെ— മററു ഗോപന്മാരെ വഴിപോലെ അറിയിച്ചിട്ട് പ്രഭാതത്തിൽ മധുരാപുരത്തേക്ക് യാത്രപുറപ്പെട്ടുവാൻ വേണ്ടുന്നതു ഒരുക്കുവാൻ ആജ്ഞാപിച്ച് അവനോടുകൂടെ പല വർത്തമാനങ്ങളും വിനോദങ്ങളുമുരച്ച് രാത്രി സുഖമായിക്കഴിച്ചു.

12 ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ നു
രാധാഗൃഹേ നു ഭവനേ കിമു മൈത്രവിന്ദേ
ധൂർത്തോ വിളംബത ഇതി പ്രമദാഭിരുച്ചൈ-
രാശങ്കിതോ നിശി മരുൽപുരനാഥ പായാഃ

സാരം:—അല്ലയോ ഗുരുവായൂരപ്പ! ആ രാത്രിയിൽ അങ്ങ് യാതൊരു ഗോപയുവതിയുടേയും ഗൃഹത്തിലും ചെല്ലാതിരുന്നതിനാൽ 'ആ ധൂർത്തൻ ഇന്നു് ചന്ദ്രഭഗയുടെ ഗൃഹത്തിലോ, ചന്ദ്രയുടെ ഗൃഹത്തിലോ, അതോ രാധയുടെ ഗൃഹത്തിലോ, അല്ല മിത്രവിന്ദയുടെ ഗൃഹത്തിലോ ആയിരുന്നു? എന്നിങ്ങിനെ ഗോപിമാർ ആശങ്കിതകളായ് തീർന്നിരുന്നു. അങ്ങ് എന്നെ രക്ഷിക്കണേ!

## എഴപത്തിമൂന്നാം ദശകം

### മഥുരാപുരിയാത്ര

1 നിശമയ്യ തവാഥ യാനവാർത്താം
ഭൃശമാർത്താഃ പശുപാലബാലികാസ്താഃ
"കിമിദം കിമിദം കഥനു"'തീമാഃ
സമവേതാഃ പരിദേവിതാന്യകുർവ്വൻ

സാരം:— അനന്തരം അങ്ങയുടെ പ്രയാണവൃത്താന്തത്തെ കേട്ടു ദുഃഖിതകളായ ആ ഗോപസ്ത്രീകൾ, "എന്തു്, എന്തു്! ഇതെങ്ങിനെ" എന്നിപ്രകാരം ഗോപിമാർ ഒന്നിച്ചുചേൻറുപറഞ്ഞു വിലപിച്ചു.

2 "കരുണാനിധിരേഷ നന്ദസൂനുഃ
കഥമസ്മാൻ വിസൃജേദനന്യനാഥാഃ
ബത നഃ കിമു ദൈവമേവമാസീ"-
ദിതി താസ്ത്വദ്ഗതമാനസാ വിലേപുഃ

സാരം:— കരുണാനിധിയായ ഈ നന്ദജൻ മററൊരാശ്രയവുമില്ലാത്ത നമ്മളെ എങ്ങിനെ ഉപേക്ഷിക്കും? കഷ്ടം! നമ്മുടെ ശിരോലിഖിതം ഇങ്ങിനെയായോ? എന്നിങ്ങിനെ അവർ അങ്ങയെ ഓർത്തോർത്തു കരഞ്ഞു.

3 ചരമപ്രഹരേ പ്രതിഷ്ഠമാനഃ
സഹ പിത്രാ നിജമിത്രമണ്ഡലൈശ്ച
പരിതാപഭരം നിതംബിനീനാം
ശമയിഷ്യൻ വ്യമുചസ്സഖായമേകം.

സാരം:— നിന്തിരുവടി അഗ്രജനോടും ബന്ധുക്കളോടും കൂടെ രാത്രിയുടെ ഒടുവിലത്തെ യാമത്തിൽ പുറപ്പെട്ടസമയം ഗോപസുന്ദരികളുടെ വിരഹദുഃഖത്തെശമിപ്പിക്കുവാൻ വേണ്ടി അവരുടെ അടുക്കലേയ്ക്കു് ശ്രദ്ധമായി ഒരു സ്നേഹിതനെ അയച്ചു.

4 "അചിരാദുപയാമി സന്നിധിം വോ
ഭവിതാ സാധു മയൈവ സംഗമശ്രീഃ
അമൃതാംബുനിധൌ നിമജ്ജയിഷ്യേ
ദ്രുത"മിത്യാശ്വസിതാ വധൂരകാർഷീഃ

സാരം:— "ഉടനെ ഞാൻ വന്നുകൊള്ളാം. എന്നോടു കൂടിത്തന്നെ വേണ്ടുന്ന സൌഖ്യം നിങ്ങൾക്കു സാധിക്കും. നിങ്ങൾ കരകാണാത്ത ദുഃഖത്തിൽപെട്ടു എന്നു ഭ്രമിക്കരുതു്. നിങ്ങളെ ഞാൻ കരകാണാത്ത സുഖസമുദ്രത്തിൽ മുക്കുന്നുണ്ടു്" ഇങ്ങിനെ നിന്തിരുവടി അവരെ ആശ്വസിപ്പിച്ചു.

5 സവിഷാദഭരം സയാജ്ഞമുച്ചൈ-
രതിദൂരം വനിതാഭിരീക്ഷ്യമാണഃ
മൃദു തദ്ദിശി പാതയന്നപാംഗാൻ
സബലോ ƒക്രൂരരഥേന നിർഗ്ഗതോ ƒഭൂഃ

സാരം:— "അങ്ങു് മടങ്ങിവരുവാൻ താമസിക്കുന്നപക്ഷം ഞങ്ങളുടെ പ്രാണൻപോകും, അതിനാൽ മധുരയിൽ നിന്നു വേഗം തിരിച്ചുവരണേ" എന്നുള്ള അപേക്ഷയോടും ഭാവിയായ വിരഹദുഃഖത്തെ ഓർത്തുള്ള വ്യസനാധിക്യത്തോടുംകൂടെ ആ ഗോപികൾ അങ്ങു മറഞ്ഞുപോകുന്നതുവരെ — രഥത്തിന്മേലുള്ള കൊടിക്കൂറ കാണാതാകുന്നതു

വരെയും, രഥവേഗംകൊണ്ടു ഭൂമിയിൽനിന്നും പൊങ്ങുന്ന ധൂളീപടലങ്ങൾ കാണാതാവുന്നതുവരേയും അവർ നോക്കി നിന്നിരുന്നു. എന്നാൽ നിന്തിരുവടി വളരെ ദൂരത്താകുന്നതുവരെ തേരിലിരുന്നു് തിരിഞ്ഞുനോക്കി കടാക്ഷപ്പൂമലർ തൂകിക്കൊണ്ടു് ബലഭദ്രസഹിതനായി അങ്ങു് അക്രൂരന്റെ രഥത്തിൽ യാത്രചെയ്തു.

6 അനസാ ബഹുളേന വല്ലവാനാം
മനസാ ചാനുഗതോഽഥ വല്ലഭാനാം
വനമാത്തമൃഗം വിഷണ്ണവൃക്ഷം
സമതീതോ യമുനാതടീമയാസീഃ

സാരം:— അനന്തരം ഗോപന്മാരുടെ അനവധി വണ്ടികളാലും ഗോപികമാരുടെ മനസ്സിനാലും അനുഗമിച്ചുകൊണ്ടും, വൃന്ദാവനത്തിലെ പക്ഷിമൃഗാദികളും വൃക്ഷാദികളുംകൂടി ഭഗവൽഭക്തിനിമിത്തം വിഷണ്ണകളായി കണ്ണുനീർവാർത്തു കരഞ്ഞുകൊണ്ടിരിക്കുന്ന ആ വൃന്ദാവനത്തെ കടന്നു് അങ്ങു് കാളിന്ദീതീരത്തെ പ്രാപിച്ചു.

7 നിയമായ നിമജ്ജ്യ വാരിണി ത്വാ-
മഭിവീക്ഷ്യാഥ രഥേപി ഗാന്ദിനേയഃ
വിവശോ ജനി കിംന്വിദം വിഭോസ്തേ
നനു ചിത്രം ത്വവലോകനം സമന്താൽ.

സാരം:— അക്രൂരൻ സന്ധ്യാവന്ദനാനുഷ്ഠാനത്തിനായി യമുനയിലിറങ്ങി മുങ്ങിയപ്പോൾ ജലത്തിനുള്ളിൽ അങ്ങയെകണ്ടിട്ടു് വേഗം പൊങ്ങിനോക്കിയപ്പോൾ ബലഭദ്രനോടുകൂടി തേരിലിരിക്കുന്നതു കാണുകയാൽ സംഭ്രാന്തനാ

യിത്തീൎന്നു. അല്ലയോ ഭഗവൻ! വിഭുവായ അങ്ങയെ ഒരേ സമയത്തിൽ പലേടിക്കിൽ കാണുന്നതിൽ ആശ്ചൎയ്യപ്പെട്ടവാനേ നിവൃത്തിയുള്ളു.

8 പുനരേഷ നിമജ്ജ്യ പുണ്യശാലീ
പുരുഷം ത്വാം പരമം ഭുജംഗഭോഗേ
അരികംബുഗദാംബുജൈ സ്ഫുരന്തം
സുരസിദ്ധൌഘപരീതമാലുലോകേ.

സാരം:—സുകൃതിയായ ഈ അക്രൂരൻ പിന്നേയും മുങ്ങിയ സമയം പരമ്പുരുഷനായ അങ്ങയെ അനന്തനാകുന്ന പള്ളിമെത്തമേൽ ശംഖ ചക്രഗദാപത്മങ്ങളെക്കൊണ്ടു പരിശോഭിതനും, ദേവസിദ്ധസമൂഹങ്ങളാൽ ചുററപ്പെട്ടവനുമായി കണ്ടു.

9 സ തദാ പരമാത്മസൌഖ്യസിന്ധൌ
വിനിമഗ്നഃ പ്രണുവൻ പ്രകാരഭേദൈഃ
അവിലോക്യ പുനശ്ച ഹൎഷസിന്ധോ-
രനുവൃത്ത്യാ പുളകാവൃതോ യയൌ ത്വാം.

സാരം:—അപ്പോൾ അക്രൂരൻ ബ്രഹ്മാനന്ദ സമുദ്രത്തിൽ താണു മുങ്ങീട്ട് അനേകവിധത്തിൽ അങ്ങയെ സ്തുതിച്ചു. അങ്ങ് മറഞ്ഞതിൻെറ ശേഷവും സന്തോഷത്തിരകളുടെ തള്ളൽകൊണ്ട് രോമാഞ്ചകഞ്ചുകിതനായി ഭവിച്ച അക്രൂരൻ അങ്ങയുടെ സമീപത്തെ പ്രാപിച്ചു.

10 കിമു ശീതളിമാ മഹാൻ ജലേ യൽ
പുളകോസാവിതി ചോദിതേന തേന
അതിഹൎഷനിരുത്തരേണ സാൎദ്ധം
രഥവാസീ പവനേശ! പാഹി മാം ത്വം

സാരം:—അല്ലയോ ഗുരുവായൂരപ്പ! 'വെള്ളത്തിന്ന വലിയ തണുപ്പുണ്ടോ? എന്തുകൊണ്ടാണ് ഈ രോമാഞ്ചമുണ്ടായതു്?' എന്ന് അങ്ങ് ചോദിച്ചപ്പോഠം സന്തോഷാധികൃത്താൽ മറുപടിയുരക്കവാൻ സാധിക്കാതെ പോയ അക്രൂരനോടുകൂടി രഥത്തിൽവസിച്ച അങ്ങ് എന്നെ രക്ഷിക്കണേ!

★

## എഴുപത്തിനാലാം ദശകം

(മധുരാപുരിപ്രവേശം, രജകനിഗ്രഹം മായികമാലാകാര കുബ്ജാനുഗ്രഹധനുർഭംഗാദി)

1 സമ്പ്രാപ്തോ മധുരാം ദിനാർദ്ധവിഗമേ
തത്രാന്തരസ്മിൻ വസ-
ന്നാരാമേ വിഹിതാശനസ്സഖിജനൈ-
ര്യാതഃ പുരീമീക്ഷിതും
പ്രാപോ രാജപഥം ചിരശ്രുതിധൃത-
വ്യാലോകകൌതൂഹല-
സ്ത്രീപുംസാദ്യഗണ്യപുണ്യനിഗളൈ-
രാകൃഷ്യമാണോ നു കിം.

സാരം:—മദ്ധ്യാഹ്നത്തിൽ മധുരയിലെത്തിയ അങ്ങ് ബാഹ്യോദ്യാനത്തിൽ വിശ്രമിച്ച് ആഹാരവും കഴിച്ച് കൂട്ടുകാരോടുകൂടി പട്ടണം കാണുവാൻ പുറപ്പെട്ടു. ഏറെ നാളായി കേട്ടുകേട്ട് നിന്തിരുവടിയെ കാണുന്നതിനു കൊതിച്ചിരുന്ന ആ പട്ടണത്തിലെ അനവധി സ്ത്രീ പുരുഷ

ന്മാരുടെ അളവററ പുണ്യമാകുന്ന സുവർണ്ണശൃംഖലകളാൽ വലിക്കപ്പെട്ടിട്ടോ, എന്നു തോന്നുംവിധം രാജപാതയിൽ ചെന്നുചേൎന്നു.

2 തൽപാദദ്യുതിവത്സരാഗസുഭഗാ-
സ്ത്വന്മൂൎത്തിവദ്യോഷിത-
സ്സംപ്രാപ്താ വിലസൽപയോധരരുചോ,
ലോലാഭവദ്ദൃഷ്ടിവൽ
ഹാരിണ്യസ്ത്വദുരഃസ്ഥലീവദയി തേ!
മന്ദസ്മിതപ്രൌഢിവ-
ന്നൈൎമ്മല്യോല്ലസിതാഃ കചൌഘരുചിവ-
ദ്ഭ്രാജൽകലാപാശ്രിതാ.

സാരം:—അല്ലയോ ഭഗവാനെ, അങ്ങയുടെ പാദശോഭപോലെ സരാഗസുഭഗകളായി, അങ്ങയുടെ തിരുമേനിപോലെ വിലസൽപയോധരരുക്കകളായി അങ്ങയുടെ തൃക്കണ്ണുപോലെ ലോലകളായി അങ്ങയുടെ തിരുമാറിടംപോലെ ഹാരിണികളായി, അങ്ങയുടെ മന്ദസ്മിതപ്രൌഢിപോലെ നൈൎമ്മല്യോല്ലസിതകളായി, അങ്ങയുടെ തിരുമുടിശോഭപോലെ രാജൽകലാപാശ്രിതകളായിരിക്കുന്ന മധുരാപുരിസ്ത്രീകൾ അങ്ങയെക്കാണ്മാൻ വന്നുകൊണ്ടിരുന്നു.

3 താസാമാകലയന്നപാംഗവലനൈ-
ൎമ്മോദം പ്രഹൎഷാദ്ഭുത-
വ്യാലോലേഷു ജനേഷു തത്ര രജകം
കഞ്ചിൽ പടീം പ്രാൎത്ഥയൻ

"കസ്തേ ദാസ്യതി രാജകീയവസനം
യാഹീതി തേനോദിത-
സ്സദ്യസ്തസ്യ കരേണ ശീർഷമഹൃഥാഃ
സോപ്യാപ പുണ്യാം ഗതിം.

സാരം:— കടാക്ഷവീക്ഷണങ്ങളെക്കൊണ്ട് അങ്ങ് ആ പുരസ്ത്രീകൾക്ക സന്തോഷമരുളുകയും, ജനങ്ങൾ സന്തോഷംകൊണ്ടും അത്ഭുതംകൊണ്ടും ഇളകിവശമായിരിക്കമ്പോൾ അങ്ങ് അലക്കകാരനോട്ട ഒരു വസ്ത്രം ആവശ്യപ്പെട്ടു. "രാജാവിൻെറ മുണ്ടു നിനക്ക തരുമോ? പോടാ" എന്നു പറഞ്ഞതുകേട്ട അവനെ തൃക്കൈകൊണ്ടടിച്ചു മുക്തനാക്കി.

4 ഭൂയോ വായകമേകമായതമതിം
തോഷേണ വേഷോചിതം
ദാശ്വാസം സ്വപദം നിനഥ സുകൃതം
കോ വേദ ജീവാത്മനാം
മാലാഭിഃ സ്തബകൈസ്തവൈരപി പുന—
ർമ്മാലാകൃതാം മാനിതോ
ഭക്തിം തേന കൃതാം ദിദേശിഥ പരാം
ലക്ഷ്മീഞ്ച ലക്ഷ്മീപതേ!

സാരം:—പിന്നെ, സന്തോഷത്തോടെ അങ്ങയ്ക്കു അലങ്കരിക്കവാൻ ആവശ്യമുള്ള വസ്ത്രങ്ങൾതന്ന നെയ്ത്തുകാരന് അങ്ങ് വൈകുണ്ഠപദം നൽകി. ജീവികളുടെ സുകൃതം ആർക്കറിയാം? ഒരു മാലക്കാരൻ മാലകളും പൂച്ചെണ്ടുകളും തന്ന് അങ്ങെ വാഴ്ത്തിസ്തുതിച്ചു; അവനാവശ്യപ്പെട്ട ഉൽകൃഷ്ടഭക്തിയേയും ഐശ്വര്യത്തേയും അവനു കൊട്ടത്തനുഗ്രഹിച്ചു.

5 കുബ്ജാമബ്ജവിലോചനാം പഥി പുനർ-
ദൃഷ്ട്വാംഗരാഗേ തയാ
ദത്തേ സാധു കിലാംഗരാഗമദദാ-
സ്തസ്യാ മഹാന്തം ഹൃദി
ചിത്തസ്ഥാമൃജുതാമഥ പ്രഥയിതും
ഗാത്രേപി തസ്യാഃ സ്ഫുടം
ഗൃഹ്ണൻ മഞ്ജുകരേണ താമുദനയ-
സ്താവജ്ജഗൽസുന്ദരീം.

സാരം:— അനന്തരം, അല്ലയോ ഭഗവൻ! വഴിയിൽ വെച്ചു് അങ്ങ സുന്ദരിയായ കുബ്ജയെക്കണ്ടു. അവരം അങ്ങയ്ക്കു കുറിക്കൂട്ടുതന്നപ്പോരം, അവളുടെ ഹൃദയത്തിൽ അങ്ങു് വലുതായ രാഗത്തെജ്ജനിപ്പിച്ചു. അവരംക്കു മന സ്സിലുള്ള ആൎജ്ജവത്തെ (വളവില്ലായ്മയെ) ശരീരത്തിന്നു വരുത്തുന്നതിനായിരിക്കാം അങ്ങ അവളെ വേദനിപ്പി ക്കാതെ കൈകൊണ്ടു പിടിച്ചു്, അവളെ അത്ര ലോകൈക സുന്ദരിയായിത്തീരത്തക്കവണ്ണം നിവൎത്തിയതു്.

6 താവന്നിശ്ചിതവൈഭവാസ്തവ വിഭോ!
നാത്യന്തപാപാ ജനാ
യൽകിഞ്ചിദ്ദദതേ സ്മ ശക്ത്യനുഗുണം
താംബൂലമാല്യാദികം
ഗൃഹ്ണാനഃ കുസുമാദി കിഞ്ചന തദാ
മാൎഗ്ഗേ നിബദ്ധാഞ്ജലിർ-
ന്നാതിഷ്ഠം ബത ഹാ!യതോദ്യ വിപുലാ-
മാൎത്തിം വ്രജാമി പ്രഭോ!

സാരം:— ഹേ വിഭോ, അധികം പാപമില്ലാത്ത ജനങ്ങാം നിന്തിരുവടിയുടെ മാഹാത്മ്യം മനസ്സിലാക്കി ശക്തിക്കൊത്തവിധം താംബൂലം, മാല്യം മുതലായ എന്തെങ്കിലും ചിലതിനെ കാഴ്ചവെച്ചു. അപ്പോാം പുഷ്പമോ മററു വല്ലതുമോഎടുത്തുകൊണ്ടു് ഞാൻ വഴിയിൽ തൊഴുതുനിന്നില്ല. കഷ്ടം! അല്ലയോ ദേവ! എന്തുകാരണത്താലാണ് ഇപ്പോഴെനിക്ക ഈ മഹാസങ്കടം അനുഭവിപ്പാനിടയായതു്.

7 ഏഷ്യാമീതി വിമുക്തയാ[പി ഭഗവ-
നാലേപദാത്ര്യാ തയാ
ദൂരാൽ കാതരയാ നിരീക്ഷിതഗതി-
സ്ത്വം പ്രാവിശോ ഗോപുരം
ആഘോഷാനുമിതത്വദാഗമമഹാ-
ഹർഷോല്ലസദ്ദേവകീ-
വക്ഷോജപ്രഗളൽപയോരസമിഷാ-
ത്വൽകീർത്തിരന്തർഗ്ഗതാ.

സാരം:— അല്ലയോ ഭഗവാനെ! അങ്ങ് കുബ്ജയോടു ഞാൻ പോയിവരും, എന്നുപറഞ്ഞു് പറഞ്ഞയച്ചിട്ടു അത്യന്തം വിരഹദുഃഖയായ അവളാൽ തിരിഞ്ഞുനോക്കപ്പെട്ടുകൊണ്ടു് അങ്ങ് ഗോപുരത്തെ പ്രാപിച്ചു. ജനങ്ങളുടെ സന്തോഷാരവംകേട്ടു് അങ്ങ വന്നിട്ടുണ്ടെന്നറിഞ്ഞ ദേവകിയുടെ മുല ചുരന്നുവെന്ന വ്യാജേന അങ്ങയുടെ യശസ്സ് അരമനയുടെ—രാജധാനിയുടെ ഉള്ളിലേക്കെത്തി.

8 ആവിഷ്ടോ നഗരീം മഹോത്സവവതീം
കോദണ്ഡശാലാം വ്രജൻ
മാധുര്യ്യേണ സ തേജസാ ന പുരുഷൈർ-
ദൂരേണ ദത്താന്തരഃ

സ്രഗ്ഭിർഭൂഷിതമച്ചിതം വരധനർ-
മ്മാമേതി വാദാൽ പുരഃ
പ്രാഗ്ഗ്രഹ്ണാസ്സമരോപയഃ കില സമാ-
ക്രാങ്ക്ഷീരഭാങ്ക്ഷീരപി.

സാരം:—മഹോത്സവത്തോടുകൂടിയ മധുരാരാജധാനി യിൽ കടന്നു് ധനുര്യാഗശാലയിൽ പ്രവേശിച്ചപ്പോഠം മാധുര്യം ഹേതുവായിട്ടോ അതോ തേജസ്സനിമിത്തമോ എന്നറിഞ്ഞില്ല സൂക്ഷിപ്പുകാർ ഒഴിഞ്ഞുമാറിനിന്നു. അ പ്പോഠം പുഷ്പമാല്യങ്ങഠംകൊണ്ടലങ്കരിച്ചു പൂജിച്ചുവെച്ചി രിക്കുന്ന വില്ലിനെ, "അരുതു് അരുതു്" എന്നു പറഞ്ഞു തടുക്കുന്നതിന്നുമുമ്പായി അങ്ങു് എടുക്കുകയും കുലച്ചു വലിച്ചു മുറിക്കുകയും ചെയ്തു.

9 ശ്വഃ കംസക്ഷപണോത്സവസ്യ പുരതഃ
പ്രാരംഭതൂര്യോപമ-
ശ്ചാപദ്ധ്വംസമഹാധ്വനിസ്തവ വിഭോ!
ദേവാനരോമാഞ്ചയൽ
കംസസ്യാപി ച വേപഥുസ്തദുദിതഃ
കോദണ്ഡഖണ്ഡദ്വയീ-
ചണ്ഡാഭ്യാഹതരക്ഷിപൂരുഷൈരവൈ-
രുൽക്കൂലിതാഭൂത്ത്വയാ.

സാരം:—അല്ലയോ വിഭോ നാളത്തെ കംസവധോ ത്സവത്തിൻെറ മുമ്പു ചെയ്യപ്പെടേണ്ടതായ പ്രാരംഭതൂര്യ ത്തോടു സദൃശമായ, അങ്ങയുടെ വില്ലൊടിച്ച മുഴക്കം ദേ വന്മാരെ രോമാഞ്ചിതരാക്കിത്തീർത്തു. വിൽ മുറിഞ്ഞ

ശബ്ദംകേട്ട് കംസനുണ്ടായ വിറയൽ, വില്ലിന്റെ രണ്ടുതുണ്ടു കൊണ്ടുകൂടെ നന്നായി വീഴ്ത്തപ്പെട്ട രക്ഷാപുരുഷന്മാരുടെ ആർത്തസ്വരംകൊണ്ടു് നിന്തിരുവടിയാൽ വർദ്ധിക്കപ്പെട്ടു.

10 ശിഷ്ടൈർദുഷ്ടജനൈശ്ച ദൃഷ്ടമഹിമാ
 പ്രീത്യാ ച ഭീത്യാ തതഃ
സംപശ്യൻ പുരസമ്പദം പ്രവിചരൻ
 സായം ഗതോ വാടികാം
ശ്രീദാമ്നാ സഹ രാധികാവിരഹജം
 ഖേദം വദൻ പ്രസ്വപ-
ന്നാനന്ദന്നവതാരകാര്യഘടനാ-
 ദ്വാതേശ! സംരക്ഷ മാം.

സാരം:—അനന്തരം സജ്ജനങ്ങളാൽ സന്തോഷത്തോടുകൂടേയും ദുഷ്ടജനങ്ങളാൽ ഭയത്തോടുകൂടേയും കാണപ്പെട്ടു. മാഹാത്മ്യത്തോടുകൂടിയ അങ്ങു് രാജധാനിയുടെ ഭംഗിയെ നടന്നു നോക്കിക്കണ്ടു് സന്ധ്യയ്ക്കു പൂങ്കാവിൽ ചെന്നുചേർന്നിട്ടു് ശ്രീദാമാവിനോടുകൂടെ രാധയുടെ വിരഹംകൊണ്ടുണ്ടായ ഖേദത്തെ പറഞ്ഞുകൊണ്ടും, തന്റെ അവതാരകാര്യം സമീപിച്ചതുകൊണ്ടും സന്തോഷിച്ചു ഉറങ്ങിയ അല്ലയോ ഗുരുവായൂരപ്പ ആ നിന്തിരുവടി എന്നെ രക്ഷിക്കണേ!

## എഴുപത്തഞ്ചാം ദശകം

### കംസവധം

1 പ്രാതഃ സന്ത്രസ്തഭോജക്ഷിതിപതിവചസാ-
പ്രസ്തുതേ മല്ലതൂര്യ്യേ-
സംഘേ രാജ്ഞാഞ്ച മഞ്ചാനഭിയയുഷി ഗതേ
നന്ദഗോപേപി ഹർമ്മ്യം
കംസേ സൌധാധിരൂഢേ ത്വമപി സഹ ബല-
സ്സാനുഗശ്ചാരുവേഷോ
രംഗദ്വാരം ഗതോഭൂഃ കുപിതകുവലയാ-
പീഡനാഗാവലീഢം

സാരം:— പിറേറന്നുരാവിലെ ഭീതനായ കംസൻെറ കല്പനപ്രകാരം മല്ലന്മാരുടെ പെരുമ്പറ ആരംഭിച്ച സമയം രാജാക്കന്മാരുടെ സമൂഹം മഞ്ചാരൂഢമായപ്പോഠം നന്ദഗോപരും മഞ്ചത്തിൽകയറി ആസനോപവിഷ്ടനായി. കംസൻ ഇനി ഇന്നിന്ന പ്രകാരമെല്ലാം നടക്കേണമെന്നുള്ള ഗൂഢകല്പനകഠം കൊടുത്തു തൻെറ രാജമഞ്ചത്തിൽ ആരോഹണംചെയ്തു, ആ സമയം നിന്തിരുവടി വസ്ത്രാഭരണാദികളണിഞ്ഞു് ബലഭദ്രരോടും വയസ്യന്മാരായ ഗോപകുമാരന്മാരോടുംകൂടി മല്ലരംഗത്തിലേക്ക കടപ്പാനുള്ള ഗോപുരവാതില്ക്കൽചെന്നു. കംസൻെറ കല്പനപ്രകാരം അവിടെ ആനക്കാരുടെ പ്രേരണനിമിത്തം രാമകൃഷ്ണന്മാരെ ആ വഴിക്കകടന്നുപോകാൻ തടസ്ഥപ്പെടുത്തി പിണക്കിനിൎത്തിയ കുവലയാപീഡമെന്ന ആനയാൽ പ്രവേശം അസാദ്ധ്യമായിരുന്നു. ഈ ആനയെക്കൊണ്ടു അങ്ങയെക്കൊല്ലിക്കണമെന്ന ഉദ്ദേശമായിരുന്നു കംസനുണ്ടായിരുന്നതു്.

2 "പാപിഷ്ഠാപേഹി മാർഗ്ഗാൽ" ദ്രുതമിതി വചസാ
നിഷ്ഠുരക്രുദ്ധബുദ്ധേ-
രംബഷ്ഠസ്യ പ്രണോദാദധികജവജുഷാ
ഹസ്തിനാ ഗൃഹ്യമാണഃ
കേളീമുക്തോഥ ഗോപീകുചകലശചിര-
സ്പർദ്ധിനം കുംഭമസ്യ
വ്യാഹത്യാലീയഥാസ്ത്വം ചരണഭുവി പുന-
ന്നിർഗ്ഗതോ വൽഗുഹാസീ.

സാരം:— അല്ലയോ മഹാപാപി, വേഗം വഴിയിൽ നിന്നു മാറിനില്ക്കുക, ഇപ്രകാരമുള്ള അങ്ങയുടെ വാക്കുകേട്ടു അവൻ കോപാന്ധനായി. ആനക്കാരൻെറ പ്രേരണനിമിത്തം ആന അങ്ങയെ കടന്നുപിടിച്ചു അനന്തരം അങ്ങ് വിനോദരൂപത്തിൽ വിട്ടൊഴിഞ്ഞു്, ഗോപികമാരുടെ കുചകലശങ്ങളോടു മത്സരിക്കുന്ന ഇവൻെറ മസ്തകത്തെ അടിച്ചുപൊളിച്ചു് ഈ ആനയുടെ കാലിൻകീഴിൽ ഒളിച്ചു, അനന്തരം ഭംഗിയിൽ ചിരിച്ചു് വെളിയിൽപോന്നു.

3 ഹസ്തപ്രാപ്യോപ്യഗമ്യോ ഝടിതി മുനിജന-
സ്യേവ ധാവൻ ഗജേന്ദ്രം
ക്രീഡന്നാപാത്യ ഭൂമൌ പുനരഭിപതത-
സ്തസ്യ ദന്തം സജീവം
മൂലാദുൻമൂല്യ തൻമൂലഗമഹിതമഹാ-
മൌക്തികാന്യാത്മമിത്രേ
പ്രാദാസ്ത്വം ഹാരമേഭിർല്ലളിതവിരചിതം
രാധികായൈ ദിശേതി.

സാരം:—മുനിജനത്തിന്നെന്നപോലെ കൈകൊണ്ടെ ത്തുമെങ്കിലും പിടിപ്പാൻ കഴിയാത്തവിധം പെട്ടെന്നു കളിച്ചുകൊണ്ടു് ആനയുടെ നേരെ ഓടിച്ചെന്നു് നിലത്തു വീണപ്പോഠം കുത്തുവാനോങ്ങുന്ന അവൻെറ കൊമ്പിനെ ജീവനോടുകൂടെ പറിച്ചിട്ടു് മുരടിലുണ്ടായ മുത്തുരത്നങ്ങഠം കൊണ്ടു് ഒരു ഹാരം രാധയ്ക്കുണ്ടാക്കിക്കൊടുക്കുവാൻ ശ്രീ ദാമാവിനെ ഏല്പിച്ചു.

4 ഗൃഹ്ണാനം ദന്തമംസേ, യുതമഥ ഹലിനാ
രംഗമംഗാവിശന്തം
ത്വാം മംഗല്യാംഗഭംഗീരഭസഹൃതമനോ—
ലോചനം വീക്ഷ്യ ലോകഃ
ഹംഹോ ധന്യോ ന നന്ദോ; നഹി നഹി പശുപാ-
ലാംഗനാ'', "നോ, യശോദാ"
നോ നോ ധന്യേക്ഷണാസ്മസ്ത്രിജഗതി വയമേ-
വേ''തി സർവ്വേ ശശംസുഃ.

സാരം:— ആനക്കൊമ്പും തോളിൽവെച്ചുകൊണ്ടു് അല്ലയോ ഭഗവൻ! ബലഭദ്രരോടുകൂടി മല്ലരംഗത്തെ പ്ര വേശിക്കുന്ന അങ്ങയെ കണ്ടിട്ടു് മംഗളമായ രൂപലാവ ണ്യത്താൽ ബലാൽക്കാരേണ അപഹൃതമായ മനോലോ ചനങ്ങളോടുകൂടിയ ജനങ്ങളാസകലം "നന്ദൻതന്നെ മഹാഭാഗ്യവാൻ, "അല്ലല്ല ഗോപസ്ത്രീകളുടെ ഭാഗ്യമാ ണു് വലുത്,'' 'അങ്ങനെയല്ല, യശോദയാണു് പരമഭാ ഗ്യവതി,' 'ഒരിക്കലുമല്ല, മൂന്നുലോകത്തിലുംവെച്ചു് കൂടു തൽ ഭാഗ്യം നമ്മുടെ കണ്ണുകഠംക്കുതന്നെ' എന്നിങ്ങിനെ വാഴ്ത്തി.

5 പൂൎണ്ണം ബ്രഹ്മൈവ സാക്ഷാന്നിരവധിപരമാ-
നന്ദസാന്ദ്രപ്രകാശം
ഗോപേഷു ത്വാം വ്യലാസീന്ന ഖലു ബഹുജനൈ-
സ്താവദാവേദിതോഭൂഃ
ദൃഷ്ട്വാഥ ത്വാം തദേദം പ്രഥമമുപഗതേ
പുണ്യകാലേ ജനൌഘാ
പൂൎണ്ണാനന്ദാ വിപാപാഃ സരസമഭിജഗു-
സ്ത്വൽകൃതാനി സ്മൃതാനി.

സാരം:—അവധിയില്ലാത്തതായ പരമാനന്ദത്തോടും സാന്ദ്രമായ പ്രകാശത്തോടുംകൂടിയ സാക്ഷാൽ ബ്രഹ്മം തന്നെയായിരിക്കുന്ന നിന്തിരുവടി ഗോപന്മാരുടെ ഇടയിൽ ശോഭിച്ചു. അതുവരെ കാത്തിരുന്ന ബഹുജനങ്ങൾ ആദ്യമായ ഈ പുണ്യകാലത്തിൽ അങ്ങയേ കണ്ട ശേഷം പാപരഹിതന്മാരായി പരിപൂൎണ്ണാനന്ദവാന്മാരായിട്ട് ഓൎമ്മയിലെത്തിയ അങ്ങയുടെ അത്ഭുതകൎമ്മങ്ങളെ ഭംഗിയിൽ വൎണ്ണിച്ചു പറഞ്ഞുതുടങ്ങി.

6 ചാണൂരോ മല്ലവീരസ്തദനു നൃപഗിരാ
മുഷ്ടികോ മുഷ്ടിശാലീ
ത്വാം രാമഞ്ചാഭിപേദേ ഝടഝടിതി മിഥോ
മുഷ്ടിപാതാതിരൂക്ഷം
ഉൽപാതാപാതനാകൎഷണവിവിധരണാ-
ന്യാസതാം തത്ര ചിത്രം
മൃത്യോഃ പ്രാഗേവ മല്ലപ്രഭുരഗമദയം
ഭൂരിശോ ബന്ധമോക്ഷാൻ,

...AYAM PUBLIC LIB... KO...

സാരം:—അപ്പോൾ കംസൻ പറഞ്ഞേല്പിച്ച പ്രകാരം മല്ലവീരനായ ചാണൂരനും മുഷ്ടിയുദ്ധപ്രവീണനായ മുഷ്ടികനെന്നമല്ലനും ചടചട ശബ്ദത്തോടെ അന്യോന്യം മുഷ്ടിഘാതങ്ങളെക്കൊണ്ടു് അതിരൂക്ഷമാകുംവണ്ണം അച്യുതനേയും ബലഭദ്രരേയും എതിൎത്ത യുദ്ധംചെയ്തു. ആ യുദ്ധമദ്ധ്യത്തിൽ എഴുന്നില്ക്കുകയും വീഴ്കയും വലിക്കുകയും തുടങ്ങിയുള്ള പല വിധ യുദ്ധമുറകളിരിക്കട്ടെ ഈ ചാണൂരൻ മരിക്കുന്നതിന്നുമുമ്പുതന്നെ വളരെപ്രാവശ്യം ബന്ധവും മോക്ഷവും—പിടിയിൽ അകപ്പെടുകയും പിടി വിട്ടു പോകയും—സംസാരബന്ധത്തിൽ അകപ്പെടുകയും മോക്ഷം പ്രാപിക്കയും—പ്രാപിച്ചു അതല്ലയോ ആശ്ചൎയ്യം!

8 'ഹാ ധിക്കഷ്ടം! കുമാരൌ സുലലിതവപുഷൌ
മല്ലവീരൌ കഠോരൌ
ന ദ്രക്ഷ്യാമോ വ്രജാമസ്ത്വരിത'മിതി ജനേ
ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും
പാതയാമാസിഥോൎവ്യാം
പിഷ്ടോഽഭൂന്മുഷ്ടികോഽപി ദ്രുതമഥ ഹലിനാ
നഷ്ടശിഷ്ടൈൎദധാവേ

സാരം:—"കഷ്ടം! കഷ്ടം! ഭയങ്കരശരീരന്മാരും ക്രൂരന്മാരുമായ ഈ മല്ലവീരന്മാരോടു സുകുമാരകളേബരന്മാരായ ഈ രാമകൃഷ്ണന്മാർ യുദ്ധംചെയ്യുന്നതു ഒരിക്കലും ന്യായവും ധൎമ്മവുമല്ല; നമുക്കു കാണേണ്ട; വേഗം പോവുകയാണുവേണ്ടതു്." എന്നിങ്ങനെ കണ്ടു നില്ക്കുന്നവർ പറഞ്ഞുകൊണ്ടു നില്ക്കുമ്പോൾ നിന്തിരുവടി ചാണൂരനെ കൈകൊണ്ടു പൊക്കി എടുത്തു് വട്ടത്തിൽചുററി. മരിച്ചെന്നറിഞ്ഞ

പ്പോൾ താഴോട്ടിടുകയും, അപ്പോൾതന്നെ മുഷ്ടികവീരനെ ബലഭദ്രൻ ആയാസംവിനാ കൊല്ലുകയും, ശേഷിച്ച മല്ലന്മാർ ഓടുകയുംചെയ്തു.

8 കംസഃ സംവാര്യ്യ തൂര്യ്യം ഖലമതിരവിദൻ
കാര്യ്യമാര്യ്യാൻ പിതൃംസ്താ-
നാഹന്തും വ്യാപ്തമൂർത്തേസ്തവ ച സമശിഷദ്
ദ്ദൂരമുത്സാരണായ
രുഷ്ടോ ദുഷ്ടോക്തിഭിസ്ത്വം ഗരുഡ ഇവ ഗിരിം
മഞ്ചമഞ്ചന്നുദഞ്ചൽ
ഖഡ്ഗവ്യാവൽഗദുഃസംഗ്രഹമപി ച ഹഠാത്
പ്രാഗ്രഹീരൗഗ്രസേനിം

സാരം:—ദുഷ്ടബുദ്ധിയായ ആ കംസൻ അപ്പോൾ മല്ലവാദ്യം മുടക്കീട്ടു് കർത്തവ്യമെന്തെന്നറിയാതെ സജ്ജനാരാദ്ധ്യരായ ആ മാതാപിതാക്കളെ കൊല്ലുവാനും എങ്ങും നിറഞ്ഞു പരിലസിക്കുന്ന അങ്ങയെ പുറത്താക്കുവാനും ഭൃത്യന്മാരോടു കല്പിച്ചതു കേട്ടിട്ടു് അങ്ങു് രൂക്ഷാക്ഷനായി ഒട്ടും താമസിക്കാതെ ഗരുഡൻ പർവ്വതത്തെ എന്നപോലെ രാജമഞ്ചത്തിൽ ചാടിക്കയറി വീശുന്ന വാളിന്റെ ചലനംനിമിത്തം പിടിക്കാൻ ഞെരുക്കമുണ്ടെങ്കിലും കംസനെ ബലാൽക്കാരേണ കടന്നുപിടിച്ചു.

9 സദ്യോ നിഷ്പിഷ്ടസന്ധിം ഭുവി നരപതിമാ-
പാത്യ തസ്യോപരിഷ്ടാ-
ത്ത്വയ്യാപാത്യേ തദൈവ ത്വദുപരി പതിതാ
നാകിനാം പുഷ്പവൃഷ്ടിഃ

കിം കിം ബ്രൂമസ്തദാനീം സതതമപി ഭിയാ
ത്വൽഗതാത്മാ സ ഭേജേ
സായുജ്യം ത്വദ്വധോത്ഥാ പരമ പരമിയം
വാസനാ കാലനേമേഃ

സാരം:— ക്ഷണേന സന്ധിബന്ധങ്ങളുടഞ്ഞ കംസനെ ഭൂമിയിൽ വീഴ്ത്തീട്ട് അവന്റെ മേൽ അങ്ങു ചാടിയ സമയം ഉടനെത്തന്നെ ദേവന്മാരുടെ പുഷ്പവൃഷ്ടി അങ്ങയുടെ മേൽ പതിച്ചു. നാമെന്തുപറയട്ടെ, ഭയത്താൽ എപ്പോഴും അങ്ങയെത്തന്നെ ചിന്തിച്ചുകൊണ്ടിരുന്ന അവൻ അപ്പോഠം സായുജ്യം പ്രാപിച്ചു അല്ലയോ പരമാത്മസ്വരൂപ! ഇവൻ പണ്ട്, അങ്ങു കാലനേമിയെ കൊന്നതിനുശേഷമുള്ള കേവലം വാസനയാകുന്നു—അവന്റെ ഒടുവിലത്തെ ജന്മമായിരുന്നു.

10 തൽഭ്രാതൄനഷ്ട പിഷ്ട്വാ ദ്രുതമഥ പിതരൌ
സന്നമന്നുഗ്രസേനം
കൃത്വാ രാജാനമുച്ചൈര്യദുകുലമഖിലം
മോദയൻ കാമദാനൈഃ
ഭക്താനാമുത്തമഞ്ചോദ്ധവമമരഗുരോ-
രാപ്തനീതിം സഖായം
ലബ്ധ്വാ തുഷ്ടോ നഗര്യ്യാം പവനപുരപതേ!
രുന്ധി മേ സർവ്വരോഗാൻ.

സാരം:— അല്ലയോ ഗുരുവായൂരപ്പ! അനന്തരം നിന്തിരുവടി കംസസഹോദരന്മാർ എട്ടുപേരേയും ക്ഷണത്തിൽ നിഗ്രഹിച്ച്, അച്ഛനമ്മമാരെ സന്തോഷിപ്പിച്ച്

ഉഗ്രസേനനെ രാജാവാക്കി, യാദവന്മാൎക്കു അഭീഷ്ടദാനങ്ങളെച്ചെയ്തു് ദേവാചാൎയ്യങ്കൽനിന്നു് നീതിശാസ്ത്രം പഠിച്ചവനും ഉത്തമഭക്തനും ആയ ഉദ്ധവനെ സഖാവായി സ്വീകരിച്ചു് മധുരാപുരിയിൽ സന്തോഷമായി വാണു— ആ നിന്തിരുവടി എന്റെ സകല രോഗങ്ങളേയും തട്ടക്കണേ.

---

## എഴുപത്താറാം ദശകം

### ഉദ്ധവദൂത്യ്

1 ഗത്വാ സാന്ദീപനിമഥ ചതുഃഷഷ്ടിമാത്രൈരഹോഭിഃ
സൎവ്വജ്ഞസ്ത്വം സഹ മുസലിനാ സൎവ്വവിദ്യാം ഗൃഹീത്വാ
പുത്രം നഷ്ടം യമനിലയനാദാഹൃതം ദക്ഷിണാൎത്ഥം
ദത്വാ തസ്മൈ നിജപുരമഗാ നാദയൻ പാഞ്ചജന്യം

സാരം:— അനന്തരം സൎവ്വജ്ഞനായ അങ്ങു് ബലഭദ്രരോടുകൂടി സാന്ദീപനിമഹൎഷിയെ സ്വീകരിച്ചു് അറുപത്തിനാലു ദിവസംകൊണ്ടു് സകലവിദ്യകളും പഠിച്ചു് മരിച്ചുപോയ ഗുരുപുത്രനെ അന്തകപുരത്തിൽപോയി കൊണ്ടുവന്നു് പോരുമ്പോൾ പഞ്ചജനൻ എന്ന അസുരനെ കൊന്നു് പാഞ്ചജന്യം എന്ന ശംഖും കയ്യിലാക്കി ഗുരുപുത്രനെ ഗുരുദക്ഷിണചെയ്തു്, പാഞ്ചജന്യത്തെ വിളിച്ചുകൊണ്ടു് സ്വനഗരത്തെ പ്രാപിച്ചു.

3 സ്മൃത്വാസ്മൃത്വാ പശുപസുദൃശഃ പ്രേമഭാരപ്രണുന്നാ
കാരുണ്യേന ത്വമപി വിവശഃ പ്രാഹിണോരുദ്ധവംതം
കിഞ്ചാമുഷ്മൈ പരമസുഹൃദേ ഭക്തവര്യ്യായ താസാം
ഭക്ത്യുദ്രേകം സകലഭുവനേ ദുർല്ലഭം ദർശയിഷ്യൻ

സാരം:—പ്രേമാധിക്യംനിമിത്തം പരവശകളായിരിക്കുന്ന ഗോപസ്ത്രീകളെ ഭക്തവാത്സല്യത്താൽ ഓർത്തോർത്ത് നിന്തിരുവടി പര്യ്യാകുലചിത്തനായി ഗോകുലത്തിലേയ്ക്കു ഉദ്ധവനെ പറഞ്ഞയച്ചു. അതുമാത്രമല്ല, പരമസുഹൃത്തും ഭക്തോത്തമനുമായ ഉദ്ധവനു്, ലോകത്തിൽ സുദുർല്ലഭമായുള്ള ഗോപിമാരുടെ ഭക്തിവിശേഷത്തെ കാണിക്കുന്നതിനും കൂടിയായിരുന്നു.

3 ത്വന്മാഹാത്മ്യപ്രഥിമപിശുനം ഗോകുലം പ്രാപ്യസായം
ത്വദ്വാർത്താഭിർബ്ബഹു സ രമയാമാസ നന്ദം യശോദാം
പ്രാതർദ്ദൃഷ്ട്വാ മണിമയരഥം ശങ്കിതാഃ പങ്കജാക്ഷ്യഃ
ശ്രുത്വാ പ്രാപ്തം ഭവദനുചരം ത്യക്തകാര്യ്യാ സ്സമീയുഃ

സാരം:—ഉദ്ധവൻ സന്ധ്യയ്ക്കു അങ്ങയുടെ ഉൽകൃഷ്ടമാഹാത്മ്യം വിസ്തൃതയാ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ ഗോകുലത്തിൽ ചെന്നുചേർന്നു. നന്ദനേയും യശോദയേയും അങ്ങയുടെ ചരിത്രമാഹാത്മ്യങ്ങളെ ധരിപ്പിച്ചു് ഏറ്റവും സന്തോഷഭരിതന്മാക്കി. പിറേറന്നു രാവിലെ മണിമയമായ രഥത്തെകണ്ടു ഗോപിമാർ ശങ്കിച്ചന്വേഷിച്ചു് അങ്ങയുടെ അനുചരൻ വന്നിട്ടുണ്ടെന്നുകേട്ടു് മററു കൃത്യാദികളൊക്കെ ഉപേക്ഷിച്ചു് ഉദ്ധവസമീപത്തിലേയ്ക്കുചെന്നു.

4 ദൃഷ്ട്വാ ചൈനം ത്വദുപമലസദ്വേഷഭൂഷാഭിരാമം
സ്മൃത്വാ സ്മൃത്വാ തവ വിലസിതാന്യുച്ചകൈസ്താനി താനി
രുദ്ധാലാപാഃ കഥമപി പുനർഗ്ഗദ്ഗദാം വാചമൂചുഃ
സൌജന്യാദീൻ നിജപരഭിദാമപ്യലം വിസ്മരന്ത്യഃ

സാരം:—അങ്ങയോടു സദൃശം ശോഭിക്കുന്ന മനോഹരരൂപനായ ഉദ്ധവനെ കാണുകയും അങ്ങയുടെ വിലാസങ്ങളേയും വിശേഷവാർത്തകളേയും വീണ്ടുംവീണ്ടും സ്മരിക്കയും ചെയ്തിട്ട് സംസാരിപ്പാൻ പ്രയാസമായ അവർ സൌജന്യം ആചാരം മുതലായതുകളും താനെന്നും അന്യനെന്നും ഉള്ള ഭാവഭേദങ്ങളേയും തീരെ മറന്നിട്ട് പണിപ്പെട്ടുകൊണ്ടു ഗൽഗദസ്വരത്തിൽ പറഞ്ഞു.

5 ശ്രീമൻ കിം ത്വം പിതൃജനകൃതേ പ്രേഷിതോ നിർദ്ദയേന
ക്വാസൌ കാന്തോ നഗരസുദൃശാം ഹാ ഹരേ നാഥപായാഃ
ആശ്ലേഷാണാമമൃതവപുഷോ ഹന്ത തേ ചുംബനാനാ-
മുന്മാദാനാം കുഹകവചസാം വിസ്മരേൽ കാന്ത കാ വാ?

സാരം:—അല്ലയോ ശ്രീമൻ, അങ്ങ് കാരുണ്യലേശമില്ലാത്ത അദ്ദേഹത്തിനാൽ അച്ഛനമ്മമാൎക്കുവേണ്ടി പറഞ്ഞയക്കപ്പെട്ടതാണോ? നാഗരികസ്ത്രീകളുടെ കാന്തനായിരിക്കുന്ന അദ്ദേഹം ഇപ്പോഴ് എവിടെയാണ്? അല്ലയോ നാഥനായ ഹരെ! അങ്ങു ഞങ്ങളെ രക്ഷിക്കണെ! അല്ലയോ കാന്ത! കഷ്ടം! അമൃതമയശരീരനായ അങ്ങയുടെ ആലിംഗനങ്ങളേയും ചുംബനങ്ങളേയും മനസ്സിനെ ഉന്മദിപ്പിക്കുന്നതായ കപടചാടുക്കുമിക്കളേയും ഏതൊരുത്തി എങ്ങിനെ മറക്കും?

6 രാസക്രീഡാല്ളലിതലളിതം വിശ്ലഥൽകേശപാശം
മന്ദോൽഭിന്നശ്രമജലകണം ലോഭനീയം ത്വദംഗം
കാരുണ്യാബ്ധേ! സകൃദപി സമാലിംഗിതും ദർശയേതി
പ്രേമോന്മാദാദ് ഭുവനമദന ത്വൽപ്രിയാസ്ത്വാം വിലേപുഃ

സാരം:—അല്ലയോ കാരുണ്യവാരിധെ! രാസക്രീഡ കൊണ്ടുലഞ്ഞു് സുന്ദരമായിട്ടുള്ളതും തലമുടി അഴിയുന്നതും അല്പാല്പം വിയൎപ്പുതുള്ളികഠം പൊടിയുന്നതും മനോമോഹനവുമായ അങ്ങയുടെ ശരീരത്തെ ഒരിക്കൽക്കൂടി ആലിംഗനം ചെയ്യാനായി ഞങ്ങഠംക്ക കാണിച്ചുതരേണമെ! അല്ലയോ ത്രൈലോക്യമോഹന! ഇപ്രകാരം നിന്തിരുവടിയുടെ പ്രിയകളായ ആ ഗോപികഠം നിന്തിരുവടിയെകുറിച്ചു വിലപിച്ചു.

7 ഏവം പ്രായൈൎവ്വിവശവചനൈരാകുലാ ഗോപികാസ്താ
സ്ത്വത്സന്ദേശൈഃ പ്രകൃതിമനയത്സോഥ വിജ്ഞാനഗൎഭൈഃ
ഭൂയസ്താഭിൎമ്മുദിതമതിഭിസ്ത്വന്മയീഭിൎവ്വധൂഭി-
സ്തത്തദ്വാൎത്താ സരസമനയൽ കാനിചിദ്വാസരാണി

സാരം:—അനന്തരം ഈവിധ പാരവശ്യങ്ങളാൽ പൎയ്യാകുലകളായിരിക്കുന്ന ഗോപിമാരെ ആ ഉദ്ധവൻ ജ്ഞാനോപദേശമടങ്ങിയ അങ്ങയുടെ സന്ദേശവചനങ്ങളെക്കൊണ്ടു സമാധാനിപ്പിച്ചു. അതിനുശേഷം സന്തുഷ്ടകളായി ഭഗവന്മയികളായിരിക്കുന്ന ആ ഗോപികമാരോടുകൂടെ ഓരോ വൎത്തമാനങ്ങളെക്കൊണ്ടു സരസമാകുംവിധം ചില ദിവസങ്ങഠം അവിടെ കഴിച്ചുകൂട്ടി.

8 ത്വൽപ്രോൽഗാനൈസ്സഹിതമനിശം സൎവ്വതോ
ഗേഹകൃത്യം
ത്വദ്വാൎത്തൈവപ്രസരതിമിഥസ്സൈവചോത്സാപലാപാഃ

ചേഷ്ടാഃ പ്രായസ്ത്വദനുകൃതയസ്ത്വന്മയം സർവ്വമേവം
ദൃഷ്ട്വാ തത്ര വ്യമുഹദധികം വിസ്മയാദുദ്ധവോയം

സാരം:—ഗൃഹകൃത്യങ്ങൾ ചെയ്യുമ്പോഴും സംഗീത രസത്തോടുകൂടിയ അങ്ങയെക്കുറിച്ചുള്ള പാട്ടുകളും, ഓരോരുവരും അന്യോന്യം അങ്ങയുടെ വർത്തമാനം പറഞ്ഞും, എങ്ങും ഭഗവൽകഥതന്നെ ഉറക്കംവരുവാൻ പറയുന്നതും സാധാരണ ചേഷ്ടകളും അങ്ങയെക്കുറിച്ചുതന്നെ—അങ്ങയെ അനുകരിച്ചുതന്നെ ഈവിധം അവിടെ എവിടേയും ഭഗവന്മയമായി കണ്ടിട്ടു വിസ്മിതനായ ഉദ്ധവൻ ആശ്ചര്യപരവശനായിത്തീൎന്നു.

9 രാധായാ മേ പ്രിയതമമിദം മൽപ്രിയൈവം ബ്രവീതി
ത്വം കിംമൌനംകലയസി സഖേ! മാനിനീ മൽപ്രിയേവാ
ഇത്യാദ്യേവപ്രവദതി സഖി! ത്വൽപ്രിയോ നിർജ്ജനേമാ
മിത്ഥം വാദൈരരമയദയം ത്വൽപ്രിയാമുല്പലാക്ഷീം

സാരം:— "എന്റെ രാധയ്ക്കു് ഇതു് അത്യന്തം ഇഷ്ടമാണു്, എന്റെ പ്രിയതമ ഇങ്ങനെ പറയാറുണ്ടു്; അല്ലയോ സഖേ (ഉദ്ധവ!) മാനശാലിനിയായ എന്റെ പ്രിയതമയെപ്പോലെ, നീയെന്താ മിണ്ടാതിരിക്കുന്നതു്? അല്ലയോ സഖി, രാധേ! നിന്റെ പ്രിയതമൻ (കൃഷ്ണൻ)" ആരുമില്ലാത്തേടത്തുവെച്ചു് എന്നോടു് ഈമട്ടിൽതന്നെ പറയാറുണ്ടു്. ഉദ്ധവൻ ഇമ്മാതിരി ഭാഷണങ്ങളെക്കൊണ്ടു് ത്വൽപ്രിയയായ രാധയെ സന്തോഷിപ്പിച്ചു.

10 ഏഷ്യാമി ദ്രാഗനുപഗമനം കേവലം കാര്യ്യഭാരാ-
ദ്വിശ്ലേഷേപി സ്മരണദൃഢതാസംഭവാന്മാസ്തു ഖേദഃ

ബ്രഹ്മാനന്ദമിളതി ന ചിരാൽ സംഗമോ വാ വിയോഗ-
സ്തുല്യോ വഃ സ്യാദിതി തവ ഗിരാ സോ ഽകരോന്നിർവ്യഥാസ്താഃ

സാരം:— ഞാൻ വേഗം വരുംവരാതിരിക്കുന്നതു കേവലം കാര്യത്തിരക്കുകളെക്കൊണ്ടാണ്. വിരഹമുണ്ടെങ്കിലും ഓർമ്മയ്ക്കു ശക്തികൂട്ടുവാനിടയുള്ളതിനാൽ വ്യസനിപ്പാനവകാശമില്ല ബ്രഹ്മാനന്ദം വന്നുചേരുമ്പോൾ സംഗമവും വിരഹവും രണ്ടുംനിങ്ങൾക്കു തുല്യമായിഭവിയ്ക്കും" എന്നിങ്ങിനേയുള്ള ഭഗവദ്വചനങ്ങളെക്കൊണ്ട് ഉദ്ധവൻ ഗോപിമാരെ ദുഃഖമില്ലാത്തവരാക്കിത്തീർത്തു.

11 ഏവം ഭക്തിഃ സകലഭുവനേ നേക്ഷിതാ ന ശ്രുതാ വാ
കിം ശാസ്ത്രൗഘൈഃ കിമിഹ തപസാ ഗോപികാ-
ഭ്യോ നമോസ്തു
ഇത്യാനന്ദാകുലമുപഗതം ഗോകുലാദുദ്ധവം തം
ദൃഷ്ട്വാ ഹൃഷ്ടോ ഗുരുപുരപതേ പാഹി മാമാമയൗഘാൽ

സാരം:— "ഈ വണ്ണമുള്ള ഭക്തി ലോകത്തിലെവിടേയും കണ്ടിട്ടുമില്ല കേട്ടിട്ടുമില്ല; ശാസ്ത്രങ്ങൾ എന്തിന്? തപസ്സെന്തിന്? ഗോപികൾക്കു നമസ്കാരം" ഈ വിധം ചിന്തിച്ച് ആനന്ദവാനായി ഗോകുലത്തിൽനിന്നുംതിരിച്ചെത്തിയ ഉദ്ധവനെക്കണ്ടു സന്തോഷിച്ച നിന്തിരുവടി എന്നെ രോഗസംഘങ്ങളിൽനിന്നും രക്ഷിച്ചാലും!

★

## എഴുപത്തേഴാം ദശകം

**ഉപശ്ലോകോല്പത്തി, ജരാസന്ധയുദ്ധം, മുചുകുന്ദമോക്ഷം.**

1 സൈരന്ധ്ര്യാസ്തദനു ചിരം സ്മരാതുരായാഃ
യാതോഽഭൂസ്സുലളിതമുദ്ധവേന സാർദ്ധം
ആവാസം ത്വദുപഗമോത്സവം സദൈവ-
ധ്യായന്ത്യാഃ പ്രതിദിനവാസസജ്ജികായാഃ

സാരം:— അതിന്നുശേഷം അങ്ങ്, വളരെ ദിവസമായി കാമപീഡിതയായി, ഭഗവദാഗമന മഹോത്സവത്തെത്തന്നെ എപ്പോഴും ധ്യാനിച്ചുകൊണ്ടിരിക്കുന്നവളും നിത്യേന കാത്തിരിക്കുന്നവളുമായ സൈരന്ധ്രിയുടെ സുന്ദരതരമായ ഗൃഹത്തിലേയ്ക്കു് ഉദ്ധവനോടുകൂടിപ്പോയി.

2 ഉപഗതേ ത്വയി പൂർണ്ണമനോരഥാം
പ്രമദസംഭ്രമകമ്പ്രപയോധരാം
വിവിധമാനനമാദധതീം മുദാ
രഹസി താം രമയാഞ്ചകൃഷേ സുഖം

സാരം:— അങ്ങു വന്നപ്പോൾ പൂർണ്ണകാമയും, സന്തോഷസംഭ്രമംനിമിത്തം ഇളകുന്ന സ്തനങ്ങളോടുകൂടിയവളും പലപ്രകാരത്തിൽ തിരുവടിയെ സല്ക്കരിക്കുന്നവളും ആയ അവളെ തിരുവടി സന്തോഷത്തോടെ രഹസ്സിങ്കൽ സുഖമാകുംവിധം രമിപ്പിച്ചു.

3 പൃഷ്ടാ വരം പുനരസാവവൃണോദ്വരാകീ
ഭൂയസ്ത്വയാ സുരതമേവ നിശാന്തരേഷു
സായൂജ്യമസ്ത്വിതി വദേൽ ബുധ ഏവ കാമം
സാമീപ്യമസ്ത്വനിശമിത്യപി നാബ്രവീൽ കിം

സാരം:—നിന്തിരുവടി അവളോട് എന്തുവരം വേണ മെന്നു ചോദിച്ചപ്പോഠം ആ കഥയില്ലാത്തവളും ഭാഗ്യഹീന യായവളും ഇനിയും മററു രാത്രികളിലും ഇതുപോലെ നിന്തി രുവടിയോടുംകൂടി രമിക്കണമെന്നാണു് ചോദിച്ചതു്. സാ യൂജ്യം വേണമെന്നാണു ചോദിക്കേണ്ടിയിരുന്നതു്! അങ്ങി നെ ചോദിപ്പാൻ അറിവുള്ളവൎക്ക തോന്നു. അതിങ്ങിനെ യായട്ടെ സാരൂപ്യം വേണമെന്നുകൂടി പറഞ്ഞില്ലല്ലോ.

4 തതോ ഭവാൻ ദേവ! നിശാസു കാസുചി-
മൃഗീദൃശം താം നിഭൃതം വിനോദയൻ
അദാദുപശ്ലോക ഇതി ശ്രുതം സുതം
സ നാരദാൽ സാത്വതതന്ത്രവിദ് ബഭൌ.

സാരം:—അല്ലയോ ദേവ! അനന്തരം അങ്ങ് ചില രാത്രികളിൽ ആ സുന്ദരിയെ ആരുമറിയാതെ വിനോദിപ്പി ച്ചിട്ടു് ഉപശ്ലോകാൻ എന്ന ഒരു പുത്രനെ ദാനംചെയ്തു. അ വൻ നാരദങ്കൽനിന്നു് സാത്വതതന്ത്രോപദേശം വാങ്ങി പ രമ ഭാഗവതോത്തമനായി വാണു.

5 അക്രൂരമന്ദിരമിതോഥ ബലോദ്ധവാഭ്യാ-
മഭ്യച്ചിതോ ബഹു നുതോ മുദിതേന തേന
ഏനം വിസൃജ്യ വിപിനാഗതപാണ്ഡവേയ-
വൃത്തം വിവേദിഥ;തഥാ ധൃതരാഷ്ട്രചേഷ്ടാം

സാരം:— അനന്തരം നിന്തിരുവടി ബലഭദ്രനോടും ഉദ്ധവനോടുംകൂടെ അക്രൂരഭവനത്തെപ്രാപിച്ച് സന്തുഷ്ട നായ അവനാൽ പൂജിക്കപ്പെട്ടുകയും വളരെ സ്തുതിക്കപ്പെ ട്ടുകയും ചെയ്തിട്ടു് ഇവനെത്തന്നെ പറഞ്ഞയച്ചു് കാട്ടിൽ

നിന്നു മടങ്ങിവന്ന പാണ്ഡവന്മാരുടെ വൎത്തമാനത്തേയും, അ പ്രകാരം തന്നെ ധൃതരാഷ്ട്രരുടെ പ്രവൃത്തിയേയും അറിഞ്ഞു.

6 വിഘാതാജ്ജാമാതുഃ പരമസുഹൃദോ ഭോജനൃപതേ-
ൎജ്ജരാസന്ധ രുന്ധത്യനവധിരുഷാന്ധേ ച മഥുരാം
രഥാദ്യൈൎദ്യോൎല്ലബ്ധൈഃകതിപയബലസ്ത്വംബലയുത-
സ്ത്രയോവിംശത്യക്ഷൌഹിണി തദുപനീതം സമഹൃഥാഃ

സാരം:—അത്യന്തം സ്നേഹിതനും ജാമാതാവുമായ കംസന്റെ വധം നിമിത്തം കോപാന്ധനായ ജരാസന്ധൻ മഥുരാപുരിയെ വളഞ്ഞ സമയം ചുരുക്കം സൈന്യത്തോടുക്കൂടിയ നിന്തിരുവടി ബലഭദ്രനോടുക്കൂടി ആകാശത്തിൽനിന്നു കിട്ടിയ തേർ ആയുധം മുതലായതുകളെക്കൊണ്ടു് ജരാസന്ധൻ കൊണ്ടുവന്ന ഇരുപത്തിമൂന്നക്ഷൌഹിണികളടങ്ങിയ സൈന്യത്തെ നശിപ്പിച്ചു.

7 ബദ്ധം ബലാദഥ ബലേന ബലോത്തരം ത്വം
ഭൂയോ ബലോദ്യമരസേന മുമോചിഥൈനം
നിശ്ശേഷദിഗ്ജയസമാഹൃതവിശ്വസൈന്യാൽ
കോന്യസ്തതോ ഹി ബലപൌരുഷവാംസ്തദാനീം

സാരം:—അനന്തരം ബലഭദ്രൻ ബലാൽബന്ധിച്ച മഹാബലശാലിയായ അവനെ ഇനിയും സൈന്യശേഖരംചെയ്തു യുദ്ധത്തിന്നു വരണമെന്നു വിചാരിച്ചു് വിട്ടയച്ചു. അക്കാലത്തു് സകലദിക്കും ജയിച്ചു് സമ്പാദിച്ച അനവധി സൈന്യബലത്തോടുക്കൂടിയ അവനെക്കാറ്റ ബലവും പൌരുഷവുമുള്ള ഒരാൾ അന്നു് വേറെയുണ്ടായിരുന്നില്ല.

8 ഭഗ്നസ്സലഗ്നഹൃദയോപി നൃപൈഃ പ്രണുന്നോ
യുദ്ധം ത്വയാ വ്യധിത ഷോഡശകൃത്വ ഏവം
അക്ഷൌഹിണീശ്ശിവ ശിവാസ്യ ജഘന്ഥ വിഷ്ണോ!
സംഭൃയ സൈകനവതിത്രിശതം തദാനീം.

സാരം:—യുദ്ധത്തിൽ തോററ അവൻ ലജ്ജിതനായെങ്കിലും മററു രാജാക്കന്മാരുടെ പ്രേരണകൊണ്ട് പതിനാറു പ്രാവശ്യം അങ്ങയോടു യുദ്ധംചെയ്തു. അല്ലയോ വിഷ്ണുഭഗവാനെ! അന്നു നിന്തിരുവടി ജരാസന്ധന്റെ മുന്നൂററിതൊണ്ണൂററിഒന്നു് അക്ഷൌഹണിസൈന്യത്തെ ഹനിച്ചു. ആശ്ചര്യംതന്നെ.

9 അഷ്ടാദശേസ്യ സമരേ സമുപേയുഷി ത്വം
ദൃഷ്ട്വാ പുരോഥ യവനം യവനത്രികോട്യാ
ത്വഷ്ട്രാ വിധാപ്യ പുരമാശു പയോധിമദ്ധ്യേ
തത്രാഥ യോഗബലതഃ സ്വജനാനനൈഷീഃ

സാരം:—ഇവന്റെ പതിനെട്ടാമത്തെ യുദ്ധം വന്നപ്പോൾ മൂന്നുകോടി യവനപ്പടയോടുകൂടി യവനനെ മുമ്പിൽ കണ്ടു് നിന്തിരുവടി വേഗത്തിൽ വിശ്വകർമ്മാവിനെക്കൊണ്ടു് സമുദ്രമദ്ധ്യത്തിൽ ഒരു പട്ടണമുണ്ടാക്കിച്ചിട്ടു് സ്വജനങ്ങളെ യോഗബലത്താൽ അവിടേയ്ക്കു മാററി.

10 പദ്ഭ്യാം ത്വം പത്മമാലീ ചകിത ഇവ പുരാ-
ന്നിർഗ്ഗതോ ധാവമാനോ
മ്ലേച്ഛേശേനാനുയാതോ വധസുകൃതവിഹീ-
നേന ശൈലേ ന്യലൈഷീഃ

സുപ്തേനാംഘ്ര്യാ ഹതേന ദ്രുതമഥ മുചുകു-
ന്ദേന ഭസ്മീകൃതേസ്മിൻ
ഭൂപായാസ്മൈ ഗുഹാന്തസ്സുലളിതവപുഷാ
തസ്ഥിഷേ ഭക്തിഭാജേ

സാരം:—അനന്തരം നിന്തിരുവടി ഒരു താമരപ്പൂമാലയും ധരിച്ചു് കാൽനടയായി ഭയപ്പെട്ടോടുന്നതുപോലെമഥുരാപുരത്തിൽനിന്നു പുറപ്പെട്ടു് ഓടി. ആ യവനതലവനും നിന്തിരുവടിയെ പിന്തുടൎന്നു. തൃക്കൈകൊണ്ടു വധിക്കപ്പെടത്തക്ക സുകൃത ലേശമില്ലാത്ത ആ മ്ലേച്ഛരാജാവിനാൽ പിന്നാലെ ഓടിയെത്തിപ്പെട്ടവനായി പൎവ്വതത്തിൽ കയറി ഒളിച്ചു. ഉറങ്ങിക്കിടക്കുന്നവനും യവനനാൽ കാൽകൊണ്ടു് ചവിട്ടപ്പെട്ടവനുമായ മുചുകുന്ദനാൽ ഇവൻ ഭസ്മമാക്കിചെയ്യപ്പെട്ട സമയം ഭഗവൽ ഭക്തനായ ഈ മുചുകുന്ദനു് ഗുഹയ്ക്കുള്ളിൽസുന്ദരമൂൎത്തിയായ അങ്ങു് ആത്മാവിനെ പ്രകാശിപ്പിച്ചുകൊണ്ടു് പ്രത്യക്ഷനായി.

11 "ഐക്ഷ്വാകോഹം;വിരക്തോസ്മ്യഖിലനൃപസുഖേ
ത്വൽപ്രസാദൈകകാങ്ക്ഷീ
ഹാ ദേവേ"തി സ്തുവന്തം വരവിതതിഷു തം
നിസ്പൃഹം വീക്ഷ്യ ഹൃഷ്യൻ
മുക്തേസ്തുല്യാഞ്ചഭക്തിം ധുതസകലമലാം
മോക്ഷമപ്യാശു ദത്വാ
കാൎയ്യം ഹിംസാവിശുദ്ധ്യൈ തപ ഇതി ച തദാ
പ്രാത്ഥലോകപ്രതീത്യൈ

സാരം:—അങ്ങയുടെ പ്രസാദം മാത്രം കാംക്ഷിക്കുന്ന ഞാൻ ഇക്ഷ്വാകുവംശജനാണു്. എനിക്കു രാജഭോഗങ്ങളി

ലൊക്കെ വിരക്തി സംഭവിച്ചു കഴിഞ്ഞു. നിന്തിരുവടിയുടെ പ്രസാദം ഒന്നിൽ മാത്രമേ എനിക്കാഗ്രഹമുള്ളു. ഇപ്രകാരം സ്തുതിക്കുന്ന ഭക്തന്ന് യാതൊരുവിധ വരവും ആഗ്രഹമില്ലെന്നറിഞ്ഞു് സന്തോഷിച്ച്, നിന്തിരുവടി മോക്ഷത്തിനൊത്തതും, സകലപാപ നാശകരവുമായ ഭക്തിയും ഒടുവിൽ മോക്ഷവും ഉടനെ നൽകിയിട്ടുണ്ട്. തപസ്സുകൊണ്ടേ പാപശാന്തിവരു എന്നു ലോകത്തെ അറിയിക്കുന്നതിനായി "നീ ചെയ്തിട്ടുള്ള ഹിംസകൊണ്ടുള്ള പാപം തീരുന്നതിന്നായി തപസ്സു ചെയ്യണം" എന്നുകൂടി അരുളിച്ചെയ്തു.

12 തദനു മഥുരാം ഗത്വാ, ഹത്വാ ചമൂം യവനാഹൃതാം
മഗധപതിനാ മാർഗ്ഗേ സൈന്യൈഃപുരേവ നിവാരിതഃ
ചരമവിജയം ദർപ്പായാസ്മൈ പ്രദായ പലായിതോ
ജലധിനഗരീം യാതോ വാതാലയേശ്വര പാഹി മാം.

സാരം:— അല്ലയോ ഗുരുവായൂരപ്പ! പിന്നെ മഥുരയിൽചെന്നു് യവനൻ കൊണ്ടുവന്ന സൈന്യങ്ങളെ നശിപ്പിച്ച് ജരാസന്ധൻ പണ്ടത്തെപ്പോലെതന്നെ വഴിക്കുവെച്ച് സൈന്യബലംകൊണ്ടു തടുക്കപ്പെട്ട സമയം ഇവന്നു ഗർവ്വുണ്ടാവാൻവേണ്ടി ഒടുവിലൊരു വിജയം കൊടുത്തു് ഓടി ദ്വാരകാരാജധാനിയേ ഗമിച്ച നിന്തിരുവടി എന്നെ രക്ഷിക്കണെ!

★

## എഴുപത്തെട്ടാം ദശകം

(ബലഭദ്രന്റെ രേവതീവിവാഹം, രുഗ്മിണീസ്വയംവരം)

1 ത്രിദശവർദ്ധകി വർദ്ധിതകൌശലം
ത്രിദശദത്തസമസ്തവിഭൂതിമൽ
ജലധിമദ്ധ്യഗതം ത്വമഭൂഷയഃ
നവപുരം വപുരഞ്ചിതരോചിഷാ

സാരം:— വിശ്വകർമ്മാവിനാൽ വിചിത്രമായി പണിചെയ്തതും ദേവകൾ കൊടുത്ത സകല വിഭൂതികളോടുകൂടിയതുമായ സമുദ്രമദ്ധ്യത്തിലുള്ള പുതിയ രാജധാനിയെ അങ്ങ് സുന്ദരതരമായ ശരീരകാന്തികൊണ്ട് ശോഭിപ്പിച്ചു.

2 ദദുഷി രേവതഭൂഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാൽ
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമ്മുദിതൈസ്സഹ യാദവൈഃ

സാരം:— രേവതനെന്ന രാജാവ് സ്വന്തപുത്രിയായ രേവതിയെ ബ്രഹ്മാവിന്റെ ഉപദേശപ്രകാരം ബലഭദ്രനു വിവാഹംചെയ്തു കൊടുത്തസമയം നിന്തിരുവടി ഒരേഒരു മനസ്സോടെ സന്തോഷസമന്വിതം യാദവന്മാരോടുകൂടെ ശ്രേഷ്ഠമായി വിവാഹോത്സവാഘോഷത്തെ കൊണ്ടാടി.

3 അഥ വിദർഭസുതാം ഖലു രുഗ്മിണീം
പ്രണയിനീം ത്വയി ദേവ!സഹോദരഃ
സ്വയമദിത്സത ചേദിമഹീഭുജേ
സ്വതമസാ തമസാധുമുപാശ്രയൻ

സാരം:—അല്ലയോദേവ! അനന്തരം വിദർഭരാജപുത്രിയും നിന്തിരുവടിയിൽ അനുരക്തയുമായ രുഗ്മിണിയെ അവളുടെ സഹോദരനായ രുഗ്മി തിരിച്ചറിവില്ലായ്കയാൽ ദുഷ്ടനായ ശിശുപാലന്നു കൊടുക്കുവാൻ അച്ഛന്റെയോ ബന്ധുക്കളുടേയോ, അഥവാ കന്യകയുടേയോ അഭിപ്രായം നോക്കാതെ തീർച്ചപ്പെടുത്തി.

4 ചിരധൃതപ്രണയാ ത്വയി ബാലികാ
സപദി കാംക്ഷിതഭംഗസമാകുലാ
തവ നിവേദയിതും ദ്വിജമാദിശൽ
സ്വകദനം കദനംഗവിനിർമ്മിതം

സാരം:—അങ്ങയിൽ വളരെക്കാലമായി പ്രേമിച്ചുകൊണ്ടിരിക്കുന്ന ആ ബാലിക—രുഗ്മിണി—തന്റെ അഭീഷ്ടത്തിന്നു ഭംഗംവരുത്തുന്നതുകൊണ്ട് പെട്ടെന്നു പര്യ്യാകുലനായിത്തീർന്ന് നിർദ്ദയനായ കാമദേവനാൽ ഉണ്ടാക്കപ്പെട്ട തന്റെ ദുഃഖത്തെ അങ്ങയെ ധരിപ്പിക്കുവാനായി ഒരു ബ്രാഹ്മണനെ പറഞ്ഞയച്ചു.

5 ദ്വിജസുതോപി ച തൂർണ്ണമുപായയൌ
തവ പുരം ഹി ദുരാശദുരാസദം
മുദമവാപ ച സാദരപൂജിതഃ
സ ഭവതാ ഭവതാപഹൃതാ സ്വയം

സാരം:—ആ ബ്രാഹ്മണകുമാരൻ, ദുർബ്ബുദ്ധികൾക്കു ചെല്ലുവാൻ കഴിയാത്തതും പ്രസിദ്ധവുമായ അങ്ങയുടെ പുരത്തെപ്രാപിച്ച് സംസാരദുഃഖഹരണശീലനായ അങ്ങയാൽ ആദരസമന്വിതം പൂജിക്കപ്പെട്ടിട്ട് കൃതകൃത്യനായി.

6 സ ച ഭവന്തമവോചത കുണ്ഡിനേ
നൃപസുതാ ഖലു രാജതി രുഗ്മിണീ
ത്വയി സമുത്സുകയാ നിജധീരതാ-
രഹിതയാ ഹി തയാ പ്രഹിതോസ്മ്യഹം

സാരം:—സമർത്ഥനായ ആ ബ്രാഹ്മണൻ പറഞ്ഞു "കുണ്ഡിനത്തിൽ രുഗ്മിണി എന്നു പേരായ ഒരു രാജപുത്രിയുണ്ട്. അങ്ങയിലുള്ള പ്രേമപാരവശ്യത്താൽ ചപലയായയച്ച ദൂതനാകുന്നു ഞാൻ"

7 "തവ ഹൃതാസ്മി പുരൈവ ഗുണൈരഹം
ഹരതി മാം കില ചേദി നൃപോധുനാ
അയി!കൃപാലയ!പാലയമാ"മാതി
പ്രജഗദേ`ജഗദേകപതേ! തയാ

സാരം:—"ഞാൻ പണ്ടേതന്നെ അങ്ങയുടെ ഗുണഗണങ്ങളിൽ അപഹൃതചിത്തയായിത്തീന്നിരിക്കുന്നു. ഇപ്പോഠം ചേദീശനായ ശിശുപാലൻ എന്നെക്കൊണ്ടുപോകാൻ തുടങ്ങുന്നു. അല്ലയോ കാരുണ്യനിധേ! എന്നെ രക്ഷിക്കണേ!" എന്ന് അല്ലയോ ലോകനാഥ! അവഠം പറഞ്ഞിരിക്കുന്നു.

8 "അശരണാം യദി മാം ത്വമുപേക്ഷസേ
സപദി ജീവിതമേവ ജഹാമ്യഹം"
ഇതി ഗിരാ സുതനോരതനോദ്ഭൃശം
സുഹൃദയം ഹൃദയം തവ കാതരം.

സാരം:—"അങ്ങ് അഗതിയായ എന്നെ ഉപേക്ഷിക്കുന്നതായാൽ ഞാൻ തീച്ച്യായും ജീവനെ ഉപേക്ഷിക്കും." എന്നുള്ള അവളുടെ വചനംകൊണ്ടുവന്ന ബ്രാഹ്മണൻ അങ്ങയുടെ ഹൃദയം ചഞ്ചലമുണ്ടായതാക്കിത്തീത്തു.

9 അകഥയസ്സ്വപമഥൈനം "മയേ സഖേ!
തദധികാ മമ മന്മഥവേദനാ
നൃപസമക്ഷമുപേത്യ ഹരാമ്യഹം
തദയി താം ദയിതാമസിതേക്ഷണാം"

സാരം:—അനന്തരം നിന്തിരുവടി ആ ബ്രാഹ്മണനോടു പറഞ്ഞു:—അല്ലയോ സഖേ! എനിക്കവളേക്കാറ്റം അധികം കാമതാപമുണ്ടു്. അതുനിമിത്തം അല്ലയോ ബ്രാഹ്മണ! ഞാനവിടെ വന്നു് എല്ലാരാജാക്കന്മാരുംകാൺകെ സുന്ദരിയായി, എന്റെ വല്ലഭയായിരിക്കുന്ന അവളെ കൊണ്ടുപോരുന്നുണ്ടു്.'

10 പ്രമുദിതേന ച തേന സമം തദാ
രഥഗതോ ലഘു കുണ്ഡിനമേയിവാൻ
ഗുരുമരുൽപുരനായക! മേ ഭവാൻ
വിതനുതാം തനുതാമഖിലാപദാം.

സാരം:—അനന്തരം സന്തുഷ്ടനായ ബ്രാഹ്മണനോടുകൂടി തേരിൽകയറി വേഗത്തിൽ കുണ്ഡിനത്തിലെത്തിയ നിന്തിരുവടി, അല്ലയോ ഗുരുവായുപുരേശ! എന്റെ ആപത്തുകളെല്ലാമകററണമെ!

****

# എഴുപത്തൊമ്പതാം ദശകം

## (രുഗ്മിണീഹരണം)

1 ബലസമേതബലാനുഗതോ ഭവാൻ
പുരമഗാഹത ഭീഷ്മകമാനിതഃ
ദ്വിജസുതം ത്വദുപാഗമവാദിനം
ധൃത രസാ തരസാ പ്രണനാമ സാ.

സാരം:—സൈന്യസമേതനായ ബലഭദ്രനോടുകൂടിയ അങ്ങ് ഭീഷ്മകനാൽ പൂജിതനായിട്ട് കുണ്ഡിനത്തിൽ പ്രവേശിച്ചു. ഉടനെ നിന്തിരുവടിയുടെ ആഗമനവൃത്തം രുഗ്മിണിയേ ധരിപ്പിക്കയും ആ ബ്രാഹ്മണനെ സന്തുഷ്ടയായ രുഗ്മിണി പെട്ടെന്നു നമസ്കരിക്കുകയുംചെയ്തു.

2 ഭുവനകാന്തമവേക്ഷ്യ ഭവദ്വപു-
ർന്നൃപസുതസ്യ നിശമ്യ ച ചേഷ്ടിതം
വിപുലഖേദജുഷാം പുരവാസിനാം
സരുദിതൈരുദിതൈരഗമന്നിശാ

സാരം:—ത്രൈലോക്യസുന്ദരനായ അങ്ങയുടെ തിരുമേനി കണ്ടുകയും രാജകുമാരനായ രുഗ്മി, സഹോദരിയെ ശിശുപാലനു കൊടുപ്പാൻ ഉത്സാഹിക്കുകയും ചെയ്ത വിവരം കേൾക്കുകയും ചെയ്ത പട്ടണവാസികൾ വളരെ വ്യസനിച്ച് കരയുകയും ഓരോന്നു പറകയും ചെയ്തുകൊണ്ട് ആ രാത്രി കഴിച്ചു.

3 തദനു വന്ദിതുമിന്ദുമുഖീ ശിവാം,
വിഹിതമംഗലഭൂഷണഭാസുരാ.

നിരഗമദ്ഭവദപ്പിതജീവിതാ
സ്വപുരതഃ പുരതഃ സുഭടാവൃതാ

സാരം:— അപ്പോ‍ാൾ രുഗ്മിണി വിവാഹമംഗളോചിതവസ്ത്രാഭരണാദ്യലങ്കാരപരിഭൂഷിതയായി, ശക്തന്മാരായ ഭടന്മാരാൽ പരിപാലിതയായി അവളുടെ ജീവിതം അങ്ങയിൽതന്നെ സമർപ്പിച്ചുകൊണ്ടു് ശ്രീപാൎവ്വതിയെ വന്ദിപ്പാൻ തന്റെ പുരത്തിൽനിന്നു് പുറപ്പെട്ടു.

4 കുലവധൂഭിരുപേത്യ കുമാരികാ
ഗിരിസുതാം പരിപൂജ്യ ച സാദരം
മുഹുരയാചത തൽപദപങ്കജേ
നിപതിതാ പതിതാം തവ കേവലം.

സാരം:— രുഗ്മിണി കുലസ്ത്രീകളോടുചേൎന്നു് അമ്പലത്തിൽ ചെന്നിട്ടു് ഭക്തിയോടുകൂടി ശ്രീപാൎവ്വതിയെ പൂജിച്ചതിനുശേഷം ഭഗവതിയുടെ കാല്ക്കൽ നമസ്കരിച്ചിട്ടു് അങ്ങു് ഭൎത്താവായി വരേണമെന്നുമാത്രം വീണ്ടും വീണ്ടു പ്രാൎത്ഥിച്ചു.

5 സമവലോകകുതൂഹലസങ്കുലേ
നൃപകുലേ നിഭൃതം ത്വയി ച സ്ഥിതേ
നൃപസുതാ നിരഗാൽ ഗിരിജാലയാത്
സുരുചിരം രുചിരഞ്ജിതദിങ്മുഖാ.

സാരം:— രാജാക്കന്മാർ കന്യകയെ കാണ്മാനുള്ളകൌതുകത്താൽ തിക്കിത്തിരക്കിക്കൂടുന്ന കൂട്ടത്തിൽ നിന്തിരുവടിയും ഒന്നുമറിയാത്ത ഭാവത്തിൽ നില്ക്കുമ്പോ‍ാൾ, തന്റെ

കാന്തികൊണ്ടു് ദിക്കുകളെല്ലാം ശോഭിപ്പിച്ചുകൊണ്ടു് രുഗ്മിണി വെളിയിലേക്കു കടന്നുവന്നു

6 ഭുവനമോഹനരൂപരുചാ തദാ
വിവശിതാഖിലരാജകദംബയാ
ത്വമപി ദേവ! കടാക്ഷവിമോക്ഷണൈഃ
പ്രമദയാ മദയാഞ്ചകൃഷേ മനാക്

സാരം:— അല്ലയോ ദേവ! ത്രൈലോക്യമോഹനമായ സൌന്ദര്യസമ്പത്തുകൊണ്ടു് രാജാക്കന്മാരെയെല്ലാം പരവശന്മാരാക്കിത്തീർത്ത ആ സുന്ദരി കടാക്ഷവിക്ഷേപങ്ങളെക്കൊണ്ടു നിന്തിരുവടിയേയും തെല്ലു പരിഭ്രമിപ്പിച്ചു.

7 ക്വനു ഗമിഷ്യസി ചന്ദ്രമുഖീതി താം
സരസമേത്യ കരേണ ഹരൻ ക്ഷണാൽ
സമധിരോപ്യ രഥം ത്വമപാഹൃഥാ
ഭുവി തതോ വിതതോ നിനദോ ദ്വിഷാം

സാരം:— "അല്ലയോ സുന്ദരീ! നീ എവിടെപ്പോകുന്നു" എന്നിങ്ങിനെ പറഞ്ഞു് പ്രേമത്തോടെ അടുത്തുചെന്നു് അങ്ങു് ക്ഷണത്തിൽ അവളുടെ കൈക്കുപിടിച്ചു് തേരിൽ കയററിക്കൊണ്ടു നടന്നു. അപ്പോൾ ശത്രുപക്ഷക്കാരുടെ കോലാഹലം ഭൂമിയിൽപരന്നു.

8 ക്വനു ഗതാഃ പശുപാല ഇതി ക്രുധാ
കൃതരണാ യദുഭിശ്ച ജിതാ നൃപാഃ
ന തു ഭവാനുദചാല്യത തൈരഹോ!
പിശുനകൈഃ ശുനകൈരിവ കേസരീ.

സാരം:—'ആ പശുപാലൻ എവിടെപ്പോയി' എന്നു് കോപത്തോടെ പറഞ്ഞു് യുദ്ധംചെയ്ത രാജാക്കന്മാർ യാദവന്മാരാൽ ജയിക്കപ്പെടുകയും ചെയ്തു. നിന്തിരുവടിയാകട്ടെ നായ്ക്കളുടെ കോലാഹലത്തിൽ സിംഹമെന്നപോലെ ആ ദുഷ്ടന്മാരുടെ സംരംഭംകൊണ്ടൊന്നും ഒട്ടുംഇളകിയില്ല.

9 തദനു രുഗ്മിണമാഗതമാഹവേ
വധമുപേക്ഷ്യ നിബദ്ധ്യ വിരൂപയൻ
ഹൃതമദം പരിമുച്യ ബലോക്തിഭിഃ
പുരമയാ രമയാ സഹ കാന്തയാ.

സാരം:—പിന്നെ നേരിട്ടെത്തിയ രുഗ്മിയെ യുദ്ധത്തിൽ പിടിച്ചുകെട്ടീട്ട് കൊല്ലേണ്ട എന്നുവെച്ചു് വൈരൂപ്യം വരുത്തി ഗർവ്വം നശിപ്പിച്ചു് ബലഭദ്രന്റെ അഭിപ്രായപ്രകാരം വിട്ടയക്കുകയും സ്വവല്ലഭയായ രമയോടുകൂടെ ദ്വാരകയെ പ്രാപിക്കയും ചെയ്തു.

10 നവസമാഗമലജ്ജിതമാനസാം
പ്രണയകൌതുകജൃംഭിതമന്മഥാം
അരമയഃ ഖലു നാഥ! സുഖം
രഹസി താം ഹസിതാംശുലസന്മുഖീം

സാരം:—പുതിയ സമാഗമത്താൽ ലജ്ജയോടുകൂടിയവളും പ്രണയത്താലും കൌതുകത്താലും കാമപീഡ വർദ്ധിച്ചിരിക്കുന്നവളും, പുഞ്ചിരിയുടെ കാന്തിയാൽ വിലസുന്ന മുഖത്തോടു കൂടിയവളുമായ അവളെ വിജനത്തിൽ നിന്തിരുവടി സുഖമായി രമിപ്പിച്ചു.

11 വിവിധനർമ്മഭിരേവമഹർന്നിശം
പ്രമദമാകലയൻ പുനരേകദാ
ഋജുമതേഃ കില വക്രഗിരാ ഭവാൻ
വരതനോരതനോരതിലോലതാം.

സാരം:—ഇപ്രകാരം പലവിധ കേളികളെക്കൊണ്ടു് സന്തോഷിപ്പിച്ചുകൊണ്ടിരുന്ന നിന്തിരുവടി ഒരിക്കൽ കപടവചനംകൊണ്ടു കപടമറിഞ്ഞുകൂടാത്ത രുഗ്മിണിക്കു അധികമായ പാരവശ്യമരുളിയെന്നു പ്രസിദ്ധിയുണ്ടു്.

12 തദധികൈരഥലാളനകൌശലൈഃ
പ്രണയിനീമധികം സുഖയന്നിമാം
അയി മുകുന്ദ ഭവച്ചരിതാനി നഃ
പ്രഗദതാം ഗദതാന്തിമപാകുരു.

സാരം:—അല്ലയോ മുകുന്ദ! പിന്നെ അതിലുമധികമുള്ള ലാളനാകൌശലങ്ങളെക്കൊണ്ടു വല്ലഭയെ അധികം സുഖിപ്പിച്ച അങ്ങു് ഭഗവൽകഥകളെ വർണ്ണിച്ചു പറയുന്ന നമ്മുടെ രോഗംനിമിത്തമുള്ള ക്ഷീണത്തെ നശിപ്പിക്കേണമേ

## എണ്പതാം ദശകം

****

(സ്യമന്തകം)

1 സത്രാജിതസ്ത്വമഥ ലുബ്ധവദർക്കലബ്ധം
ദിവ്യം സ്യമന്തകമണിം ഭഗവന്നയാചീഃ
തൽക്കാരണം ബഹുവിധം മമ ഭാതി നൂനം
തസ്യാത്മജാം ത്വയി രതാം ഛലതോ വിവോഢും

സാരം:— അല്ലയോ ഭഗവൻ സത്രാജിത്തിനു സൂര്യ്യനിൽനിന്നു ദിവ്യമായ സ്യമന്തകമണി ലഭിച്ചപ്പോൾ അങ്ങ് ലുബ്ധനെപ്പോലെ യാചിച്ചു. അതിനുകാരണം ജാംബവാനെ അനുഗ്രഹിപ്പാനും, ജാംബവതിയേ പാണിഗ്രഹണം ചെയ്വാനും മററുപലതുമുണ്ടെങ്കിലും തന്നിൽഅനുരക്തയായ അവൻെറ പുത്രി സത്യഭാമയെക്കരുതിത്തന്നെയാണ്.

2 അദത്തം തം ഋഭ്യം മണിവരമനേനാല്പമനസാ
പ്രസേനസ്തൽഭ്രാതാ ഗളഭുവി വഹൻ പ്രാപ മൃഗയാം
അഹന്നേനം സിംഹോ മണിമഹസി മാംസഭ്രമവശാൽ
കപീന്ദ്രസ്തം ഹത്വാ മണിമപി ച ബാലായ ദദിവാൻ

സാരം:— അല്പബുദ്ധിയായ സത്രാജിത്ത് അങ്ങ് ചോദിച്ച ആ ദിവ്യരത്നത്തെ അവൻെറ അനുജനായ പ്രസേനൻ എന്ന യാദവശ്രേഷ്ഠൻ കണ്ഠാലംകൃതമാക്കികൊണ്ടു വനസീമ്നി നായാട്ടിനുപോയി. കാട്ടിൽചെന്നപ്പോൾ മണിയുടെ തേജസ്സുകണ്ടു് മാംസമാണെന്നു നിനച്ച് ഒരു സിംഹത്തലവൻ പ്രസേനനെക്കൊന്നു് മണിയുംകൊണ്ടു ബഹുദൂരം പോകയും, ആ സമയം കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ജാംബവാനെന്ന വാനരശ്രേഷ്ഠൻ സിംഹത്തേ വധിച്ച് മണിയും കൊണ്ടുപോയി തൻെറ കുട്ടിക്കു കളിപ്പാട്ടമായികൊടുക്കയുംചെയ്തു.

3 ശശംസുഃ സത്രാജിദ്ഗിരമനുജനാസ്ത്വാം മണിഹരം
ജനാനാം പീയൂഷം ഭവതി ഗുണിനാം ദോഷകണികാ
തതസ്സർവ്വജ്ഞോപി സ്വജനസഹിതോ മാർഗ്ഗണപരഃ
പ്രസേനം തം ദൃഷ്ട്വാ ഹരിമപി ഗതോഭൂഃ കപിഗുഹാം

സാരം:— "ഈ ദിവ്യരത്നത്തെ മുമ്പ് കൃഷ്ണൻ ചോദിക്കയുണ്ടായി. അന്നു് ഞാനതു കൊടുക്കാതിരുന്നതിനാൽ ഇപ്പോൾ ആ മണിയെ അവൻ പ്രസേനനെക്കൊന്നു കയ്ക്കലാക്കി, കഷ്ടം!" എന്നിങ്ങിനെ സത്രാജിത് അതിശ്രദ്ധമായി മനസ്സിൽചിന്തിച്ച് ഒടുവിൽ വാഗ്രൂപേണ പുറത്തിറങ്ങി എങ്ങുംപരന്നു. കൃഷ്ണനിതറിഞ്ഞു് ഈ അപവാദത്തിന്റെ പരിഹാരാർത്ഥം ഒരു നായാട്ടുനിശ്ചയിച്ച് വനത്തിൽ ചെന്നപ്പോൾ പ്രസേനന്റെ ശവം കാണുകയും അടുത്തു് സിംഹത്തിന്റെ കാലടികണ്ടു ആവഴിപോകയും കുറഞ്ഞൊന്നുചെന്നപ്പോൾ സിംഹം മരിച്ചുകിടക്കുന്നതും ഒരു വാനരത്തിന്റെ പാദംകണ്ടു് അതുവഴി ഒരു ഗുഹയിലുൾപ്പുകുകയുംചെയ്തു.

4 ഭവന്തമവിതർക്കയന്നതിവയാഃ സ്വയം ജാംബവാൻ
"മുകുന്ദശരണം ഹി മാം ക ഇഹ രോദ്ധുമിത്യാലപൻ
വിഭോ രഘുപതേ! ഹരേ ജയജയേ"ത്യലം മുഷ്ടിഭി-
ശ്ചിരം തവ സമർച്ചനം വ്യധിത ഭക്തചൂഡാമണിഃ

സാരം:— അതിവൃദ്ധനും ഭക്തോത്തംസനുമായ ജാംബവാൻ, അങ്ങയെ ആരാണെന്നറിയാതെ, സാക്ഷാൽ ശ്രീരാമപാദഭക്തനായ എന്നോടാരാണു് എതിർക്കുവാൻ വന്നിട്ടുള്ളതു്" എന്നുപറഞ്ഞു, ഹേ വിഭോ! രഘുപതേ! രാമ! അങ്ങു ജയിക്കുക!' ഈവിധം ഭക്തിരൂപത്തിൽ പറഞ്ഞുകൊണ്ടു് ആവതുപോലെയുള്ള മുഷ്ടിപ്രഹരങ്ങൾ ആ നിന്തിരുവടിക്കു കാഴ്ചവെക്കയുംചെയ്തു.

5 ബുദ്ധ്വാഥ തേന ദത്താം
നവരമണീം വരമണിഞ്ച പരിഗൃഹ്ണൻ
അനുഗൃഹ്ണന്നമുമാഗാഃ
സപദി ച സത്രാജിതേ മണിം പ്രാദാഃ

സാരം:—ജാംബവാൻ അങ്ങയുടെ മുഷ്ടിപ്രഹരങ്ങളേററു തളൎന്നപ്പോഠം ഉണൎവ്വുണ്ടായി. അങ്ങ് വിഷ്ണുഭഗവാനെന്നറിഞ്ഞ ജാംബവാൻ ഭക്തിപാരവശ്യത്തോടെ തന്റെ പുത്രി ജാംബവതിയേയും ആ ദിവ്യരത്നത്തെയും അങ്ങെയ്ക്കു ദാനംചെയ്കയും, അങ്ങ അതെല്ലാം സന്തോഷപൂൎവ്വം സ്വീകരിച്ച് കപിശ്രേഷ്ഠനെ അനുഗ്രഹിച്ച് രണ്ടു രത്നങ്ങളും കൊണ്ടു് ദ്വാരകയിൽവന്നു് സത്രാജിത്തിനെ വസ്തുതകഠം ഗ്രഹിപ്പിച്ച് സ്യമന്തകരത്നത്തെ അവന്ന് കൊടുക്കയുംചെയ്തു.

6 തദനു സ ഖലു വ്രീളാലോലോ വിലോലവിലോചനാം
ദുഹിതരമഹോ!ധീമാൻ ഭാമാം ഗിരൈവ പരാപ്പിതാം
അദിത മണിനാ തുല്യം ലഭ്യം സമേത്യ ഭവാനപി
പ്രമുദിതമനാസ്തസ്യൈ പ്രാദാന്മണിം ഗഹനാശയഃ

സാരം:—അനന്തരം സത്രാജിത്ത് ലജ്ജാനമ്രമുഖനായി എന്തുചെയ്യണമെന്നറിയാതെ ബുദ്ധിമുട്ടിയെങ്കിലും പെട്ടന്നവേ നല്ലതുതോന്നി, സത്യഭാമയേയും സ്യമന്തകത്തെയും അങ്ങെയ്ക്കായയപ്പിക്കയും,അങ്ങ് സന്തോഷപൂൎവ്വം അവകഠം സ്വീകരിച്ച്, ഒടുവിൽ സ്യമന്തകത്തെ അവനുതന്നെ മടക്കിക്കൊടുക്കയും ചെയ്തു.

7 വ്രീളാകുലാം രമയതി ത്വയി സത്യഭാമാം
കൌന്തേയദാഹകഥയാഥ കുരൂൻ പ്രയാതേ
ഹാ ഗാന്ദിനേയകൃതവൎമ്മഗിരാ നിപാത്യ
സത്രാജിതം ശതധനൎമ്മണിമാജഹാര.

സാരം:—ലജ്ജാവതിയായ സത്യഭാമയെ നൎമ്മാലാപവിനോദങ്ങളാൽ രസിപ്പിച്ച് ദ്വാരകയിൽ സുഖമായിരിക്കുമ്പോഠം, പാണ്ഡവന്മർ അരക്കില്ലത്തിൽപെട്ട് ദഹി

ച്ചുപോയെന്ന വർത്തമാനംകേട്ടു് ഹസ്തിനപുരത്തിൽ പോയി. ആ അവസരംനോക്കി ശതധന്വാവു് അക്രൂരൻെറയും കൃതവർമ്മാവിൻെറയും പ്രേരണയാൽ സത്രാജിത്തിനെക്കൊന്നു് സ്യമന്തകം കയ്ക്കലാക്കി.

8 ശോകാൽ കുരുനുപഗതാമവലോക്യ കാന്താം
ഹത്വാ ദ്രുതം ശതധനും സമഹർഷയസ്താം
രത്നേ സശങ്ക ഇവ മൈഥിലഗേഹമേത്യ
രാമോ ഗദാം സമമശിക്ഷത ധാർത്തരാഷ്ട്രം.

സാരം:—പിതാവിനെ ശതധന്വാവു് കൊന്ന വാർത്തയറിഞ്ഞു് ദുഃഖാർത്തയായ സത്യഭാമ, ഹസ്തിനപുരത്തിൽ വന്നു് നിന്തിരുവടിയെ സങ്കടംധരിപ്പിച്ചപ്പോൾ നിന്തിരുവടി ഉടൻ ദ്വാരകയിലെത്തി ശതധന്വാവിനെ വധിച്ചു് ഭാമയെ പ്രീതയാക്കുകയും ശതധന്വാവിനെക്കൊന്നു് അവനെ പരിശോധിച്ചതിൽ സ്യമന്തകമണി കാണ്മാനില്ലെന്ന പരമാർത്ഥം പറഞ്ഞിട്ടും വിശ്വസിക്കാതെ ബലഭദ്രൻ കോപിച്ചു് ജനകരാജധാനിയിൽചെന്നു താമസിക്കയും അവിടെവെച്ചു് ദുര്യോധനനെ ഗദായുദ്ധം അഭ്യസിപ്പിക്കയും ചെയ്തു.

9 അക്രൂര ഏഷ ഭഗവൻ ഭവദിച്ഛയൈവ
സത്രാജിതഃ കുചരിതസ്യ യുയോജ ഹിംസാം
അക്രൂരതോ മണിമനാഹൃതവാൻ പുനസ്ത്വം
തസ്യൈവ ഭൂതിമുപധാതുമിതി ബ്രുവന്തി.

സാരം: സത്രാജിത്തിനെ വധിക്കുന്നതിനു ശതധന്വാവിനെ അക്രൂരൻ പ്രേരിപ്പിച്ചതു് നിന്തിരുവടിയുടെ

പ്രേരണതന്നെയാണു സംശയമില്ല; അവൻ ആത്മരക്ഷയ്ക്കായി ഓടിപ്പോകുവാൻ തുടങ്ങിയപ്പോഴും, ആ മണി സൂക്ഷിപ്പാൻ ശ്രദ്ധമായി അക്രൂരനെ ഏല്പിച്ചിരുന്നതു് നിന്തിരുവടിവാങ്ങിക്കാതിരുന്നതിനു കാരണം അവനു സമ്പത്തു വദ്ധിച്ചുകൊള്ളട്ടെ എന്ന ഭക്തവാത്സല്യത്താൽതന്നെയാണു്.

10 ഭക്തസ്ത്വയി സ്ഥിരതരഃ സ ഹി ഗാന്ദിനേയ-
സ്തസ്യൈവ കാപഥമതിഃ കഥമീശ ജാതാ
വിജ്ഞാനവാൻ പ്രശമവാനഹമിത്യുദീർണ്ണം
ഗർവ്വം ധ്രുവം ശമയിതും ഭവതാ കൃതൈവ.

സാരം:—അങ്ങയിൽ ദൃഢമായ ഭക്തചിത്തനാണ് അക്രൂരൻ അവനു ദുർവ്വിഷയത്തിൽ — ഹിംസാദിയിൽ — മനസ്സുവന്നതെങ്ങിനെ? "ഞാൻ ആത്മജ്ഞാനിയാണ്; ഇന്ദ്രിയനിഗ്രഹംവന്ന പരിപൂർണ്ണത്യാഗിയാണ്" എന്നുണ്ടായ അവൻെറ ഗർവ്വ് ശമിപ്പിക്കുന്നതിനുനിന്തിരുവടിതന്നെ ഉണ്ടാക്കിത്തീർത്തതാണെന്നുള്ളതിനു സംശയമില്ല.

11 യാതം ഭയേന കൃതവർമ്മയുതം പുനസ്ത-
മാഹൂയ തദ്വിനിഹിതഞ്ച മണിം പ്രകാശ്യ
തത്രൈവ സുവ്രതധരേ വിനിധായ തുഷ്യൻ
ഭാമാകുചാന്തശയനഃ പവനേശ പായാഃ.

സാരം:—സത്രാജിത്തിനെ വധിക്കാൻ പ്രേരിപ്പിച്ചു എന്ന കാരണത്താൽ അവനേയും നിന്തിരുവടി കൊന്നേക്കുമെന്നഭയത്താൽ കൃതവർമ്മാവിനോടുകൂടി ദൂരദേശത്തേയ്ക്കു് ഓടിപ്പോയ അക്രൂരനെ ദൂതനേയയച്ചുവരുത്തി, ശത-

ധനപാവ് അവനെഏല്പിച്ചിരുന്ന രത്നത്തെ ഏവരുംകാൺകെ എടുപ്പിച്ചു ബലഭദ്രന്റെ ശങ്കതീൎക്കകയും വ്രതത്തോടുകൂടി രത്നത്തെസൂക്ഷിച്ചിരുന്ന അവൻതന്നെ അതിനെ പിന്നേയും വെച്ചുകൊള്ളുന്നതിന്ന് അനുവദിക്കകയുംചെയ്തു കൃതകൃത്യനായി സത്യഭാമയുമൊരുമിച്ച് സുഖിച്ചുവാണ അല്ലയോ ഗുരുവായുപുരേശ! അങ്ങ എന്നെ രക്ഷിക്കണെ!

## എൺപത്തിഒന്നാം ദശകം

(സുഭദ്രാഹരണം, കാളിന്ദി മുതലായവരുടെ വിവാഹം നരകാസുരവധം)

1 സ്നിഗ്ദ്ധാം മുഗ്ദ്ധാം സതതമപി താം ലാളയൻ സത്യഭാമാം
യാതോ ഭൂയസ്സഹ ഖലു തയാ യാജ്ഞസേനീവിവാഹം
പാൎത്ഥപ്രീത്യൈ പുനരപിമനാഗാസ്ഥിതോ ഹസ്തിപുൎയ്യാം
ശക്രപ്രസ്ഥം പുരമപി വിഭോ!സംവിധായാഗതോഭൂഃ

സാരം:—പ്രിയംനിറഞ്ഞസത്യഭാമയുമൊരുമിച്ച് അത്യന്താനുരക്തനായി, നിന്തിരുവടിസ്വൈരമായിപാഞ്ചാലീസ്വയംവരത്തിന്ന ഭാമാസമേതം പോകയും സ്വയംവരംകഴിഞ്ഞു് പാണ്ഡവന്മാരുടെഅപേക്ഷാനുസാരംഹസ്തിനാപുരത്തിൽവന്നു് കുറച്ചുദിവസം താമസമാക്കുകയും, അക്കാലത്തു് വിശ്വകൎമ്മാവിനെക്കൊണ്ടു് ഇന്ദ്രപ്രസ്ഥത്തെ പാണ്ഡവന്മാൎക്കായിപണിയിച്ചുകൊടുത്തു മടങ്ങിപ്പോരുകയും ചെയ്തു.

2 ഭദ്രാം ഭദ്രാം ഭവദവരജാം കൌരവേണാൎത്ഥ്യമാനാം
ത്വദ്വാചാ താമഹൃത കുഹനാമസ്കരീ ശക്രസൂനുഃ
തത്ര ക്രുദ്ധം ബലമനുനയൻ പ്രത്യഗാസ്തേന സാൎദ്ധം
ശക്രപ്രസ്ഥം പ്രിയസഖമുദേ സത്യഭാമാസഹായഃ

സാരം:— ദുൎയ്യോധനൻ ആഗ്രഹിച്ചിരുന്ന അങ്ങയുടെ ഇളയസഹോദരിയായ സുഭദ്രയെ അങ്ങയുടെ ഗൂഢോപദേശപ്രകാരം ഒരു കപടസന്യാസിയുടെ വേഷംധരിച്ചുവന്ന അൎജ്ജുനൻ കൈക്കലാക്കി കൊണ്ടുപോകയാൽ, വാൎത്തയറിഞ്ഞു കോപിച്ച ബലഭദ്രനെ സമാധാനിപ്പിച്ച്, ബലഭദ്രനോടും പ്രിയതമയായസത്യഭാമയോടുംകൂടി നിന്തിരുവടി അൎജ്ജുനന്റെ ഇഷ്ടത്തെ സാധിപ്പിപ്പാനായി ഇന്ദ്രപ്രസ്ഥം ഗമിച്ചു.

3 തത്ര ക്രീഡന്നപി ച യമുനാകൂലദൃഷ്ടാം ഗൃഹീത്വാ
താം കാളിന്ദീം നഗരമഗമഃ ഖാണ്ഡവപ്രീണിതാഗ്നിഃ
ഭ്രാതൃത്രസ്താം പ്രണയവിവശാം ദേവ! പൈതൃഷ്വസേയീം
രാജ്ഞാം മദ്ധ്യേ സപദി ജഹൃഷേ മിത്രവിന്ദാമവന്തീം.

സാരം:— അക്കാലം അല്ലയോ ദേവ, ഒരിക്കൽ നിന്തിരുവടി അൎജ്ജുനസമേതം നായാട്ടിനു ഏൎപ്പെട്ടു കാട്ടിൽ സഞ്ചരിക്കുമ്പോൾ യമുനാതീരത്തിൽവെച്ചു സൂൎയ്യപുത്രിയായ കാളിന്ദിയെ സസന്തോഷം സ്വീകരിക്കയും, ക്ഷുൽപിപാസാദികൾകൊണ്ടു ആൎത്തനായി ഭക്ഷണംയാചിച്ചുവന്നഅഗ്നിയെ ഖാണ്ഡവദാഹത്താൽ തൃപ്തനാക്കയും, പിന്നീട് രാജധാനിയിൽചെന്ന് വിധിപ്രകാരം കാളിന്ദിയെവിവാഹംചെയ്കയും, മാതൃസഹോദരപുത്രനായ നിന്തിരുവടിയിൽപൂൎണ്ണാനുരാഗത്തിൽമുഴുകി വസിച്ചിരുന്നവളും

അങ്ങയെ ഭർത്താവായി സ്വീകരിപ്പാൻ രക്ഷിതാക്കന്മാർ തടസ്ഥം പറഞ്ഞു് നിന്നിരുന്നവളും അവന്തി രാജപുത്രിയുമായ മിത്രവിന്ദയെ അനേകം രാജാക്കന്മാരുടെ മുമ്പിൽ വെച്ചു് അങ്ങു് അപഹരിച്ചുകൊണ്ടുപോയി.

4 സത്യാം ഗത്വാ പുനരുദവഹോ നഗ്നജിന്നന്ദനാം താം
ബദ്ധ്വാ സപ്താപി ച വൃഷവരാൻ സപ്തമൂർത്തിർന്നിമേഷാൽ
ഭദ്രാം നാമ പ്രദദുരഥ തേ ദേവസന്തർദ്ദനാദ്യാ-
സ്തൽസോദര്യാം വരദ! ഭവതസ്സാപി പൈതൃഷ്വസേയീ.

സാരം:— അനന്തരം, ഗംഭീരന്മാരായ ഏഴു കാളകളെ ഒരേ മുഹൂർത്തത്തിൽ ഒരാൾ ഒന്നിച്ചുപിടിച്ചുകെട്ടുന്നവനു തന്റെ പുത്രിയെ കൊടുക്കാമെന്നു നിശ്ചയിച്ചിരുന്ന കേകയരാജാവായ നഗ്നജിത്തിന്റെ പുത്രിയെ സത്യയെ അങ്ങു് രാജധാനിയിൽചെന്നു് ഏഴു് രൂപംധരിച്ചു് ഏഴുകാളകളെയും ഏക മുഹൂർത്തത്തിൽ പിടിച്ചുകെട്ടി. അല്ലയോ ദേവ! അനന്തരം കേകയരാജപുത്രന്മാരായ സന്തർദ്ദനൻ മുതലായ രാജകുമാരന്മാർ അവരുടെ സഹോദരിയായ ആ ഭദ്രയെ അങ്ങയ്ക്കു വിവാഹംചെയ്തുതന്നു. അവൾ അങ്ങയുടെ പിതാവിന്റെ സഹോദരി ശ്രുതികീർത്തിയുടെ മകളാകുന്നു.

5 പാർത്ഥാദ്യൈരപ്യകൃതലവനം തോയമാത്രാഭിലക്ഷ്യം
ലക്ഷ്യം ഛിത്വാ ശഫരമവൃഥാ ലക്ഷണാം മദ്രകന്യാം
അഷ്ടാവേവം തവ സമഭവൻ വല്ലഭാസ്തത്ര മദ്ധ്യേ
ശുശ്രോഥത്വം സുരപതിഗിരാ ഭൗമദുശ്ചേഷ്ടിതാനി

സാരം:— പാർത്ഥൻ, ജരാസന്ധൻ മുതലായ മഹാവില്ലാളികളാൽപോലും ഛേദിക്കപ്പെടുവാൻ സാദ്ധ്യമല്ലാത്ത

ത്തും വെള്ളത്തിൽമാത്രം കാണപ്പെടുന്നതും മത്സ്യാകൃതിയുമായ ലാഞ്ഛനമുള്ള മദ്രപുത്രിയായ ലക്ഷണയെ അങ്ങ വരിച്ചു. ഇപ്രകാരം എട്ടു് ഭാര്യമാർ അങ്ങയ്ക്കുണ്ടായി. ആയിടയ്ക്കാണു് അങ്ങ് ഇന്ദ്രൻമുഖേന നരകാസുരൻെറ ദുഷ്പ്രവൃത്തികളെ ശ്രവിച്ചതു്.

6 സ്മൃതായാതം പക്ഷിപ്രവരമധിരൂഢസ്ത്വമഗമോ
വഹന്നങ്കേ ഭാമാമുപവനമിവാരാതിഭവനം
വിഭിന്ദൻ ദുർഗ്ഗാണി ത്രുടിതപൃതനാശോണിതരസൈഃ
പുരം താവൽ പ്രാഗ്ജ്യോതിഷമകുരുഥാശ്ശോണിതപുരം

സാരം:—നിന്തിരുവടി വിചാരിച്ച സമയം എത്തിച്ചേർന്ന ഗരുഡഗളത്തിലേറി, സത്യഭാമയെ മടിയിൽവെച്ചു് പൂങ്കാവിൽ പോകുന്നമട്ടിൽ ശത്രുഭവനത്തിലേയ്ക്കുപോയി. അവിടെച്ചെന്നുടനെ ദുർഗ്ഗങ്ങളെഭേദിച്ചു് ആയുധങ്ങളാൽ ശത്രുസൈന്യങ്ങളെ പിളന്നു് പ്രവഹിച്ച രക്തപ്രവാഹംകൊണ്ടു് പ്രാഗ്ജ്യോതിഷമെന്ന ആ പുരത്തെ അങ്ങു് ശോണിതപുരമാക്കിച്ചെയ്തു.

7 മുരസ്ത്വാം പഞ്ചാസ്യോ ജലധിവനമദ്ധ്യാദുദപതൽ
സ ചക്രേ ചക്രേണ പ്രദലിതശിരാ മങ്ക്ഷു ഭവതാ
ചതുർദ്ദന്തൈർദ്ദന്താവലപതിഭിരിന്ധാനസമരം
രഥാംഗേന ഛിത്വാ നരകമകരോസ്തീർണ്ണനരകം.

സാരം:—അഞ്ചുമുഖമുള്ള മഹാസുരൻ വെള്ളത്തിൽനിന്നു കയറി അങ്ങയുടെ നേരെ അലറിക്കൊണ്ടു പാഞ്ഞുവരികയും, അങ്ങ അവനെ ക്ഷണേന തൃച്ചക്രംകൊണ്ടു് മൃതനാക്കുകയും, ഉടനെ നാൽക്കൊമ്പനാന മുതലായ സന്നാ

ഹങ്ങളോടുകൂടി യുദ്ധത്തിനുവന്ന ഭയങ്കരനായ നരകാസുര നേയും സുദർശനചക്രത്താൽ കഴുത്തറുത്ത് മോക്ഷംകൊടുക്കു കയും ചെയ്തു.

8 സ്തുതോ ഭൂമ്യാ രാജ്യം സപദി ഭഗദത്തേസ്യ തനയേ
ഗജഞ്ചൈകം ദത്വാ പ്രജിഘയിഥ നാഗാന്നിജപുരീം
ഖലേനാബദ്ധാനാം സ്വഗതമനസാം ഷോഡശപുനഃ
സഹസ്രാണിസ്ത്രീണാമപി ച ധനരാശിഞ്ച വിപുലാം.

സാരം:—പിന്നെ അങ്ങ് ഭൂമീദേവിയുടെ സ്തുതിഗീത ങ്ങൾകേട്ട്, ഇവന്റെ പുത്രനായ ഭഗദത്തനെ രാജാവാക്കി വാഴിച്ച് ഒരു നാൽകൊമ്പനാനയേയുംകൊടുത്ത്, ശേഷിച്ച നാൽകൊമ്പനാനകളേയും, നരകാസുരൻ ബന്ധിച്ച കാരാ ഗാരത്തിലിട്ടിരുന്നവരും, തന്നെ ധ്യാനിച്ചു വസിച്ചിരുന്നവരു മായ പതിനാറായിരം കന്യകമാരേയും അനവധി ദ്രവ്യങ്ങ ളേയും ദ്വാരകക്കയച്ചു.

9 ഭൗമാപാഹൃതകുണ്ഡലം തദദിതേർ-
ദ്ദാതും പ്രായാതോ ദിവം
ശക്രാദ്യൈർമ്മഹിതഃ സമം ദയിതയാ-
ദ്യുസ്ത്രീഷു ദത്തഹ്രിയാ
ഹൃത്വാ കല്പതരും, രുഷാഭിപതിതം
ജിത്വേന്ദ്രമഭ്യാഗമ-
സ്തത്തു ശ്രീമദദോഷ ഈദൃശ ഇതി
വ്യാഖ്യാതുമേവാകൃഥാഃ

സാരം:—നിന്തിരുവടി, ദേവസ്ത്രീകൾക്കുപോലും ല ജ്ജയേ അരുളുന്ന സുന്ദരഗാത്രിയായ ഭാമയുമൊരുമിച്ച് നരകാസുരൻ അപഹരിച്ച അദിതിയുടെ കുണ്ഡലങ്ങളെ

കൊടുപ്പാൻവേണ്ടി സ്വൎഗ്ഗത്തിൽചെന്നു് ഇന്ദ്രാദികളാൽ പൂജിതനായി പോരുന്നസമയം കല്പകവൃക്ഷച്ചെടിയെ പറിച്ചെടുത്തപ്പോൾ കോപിച്ചെതൃത്തു് യുദ്ധംചെയ്ത ഇന്ദ്രനെത്തോല്പിച്ചു് ദ്വാരകാപുരം സംപ്രാപിച്ചു. ഐശ്വൎയ്യത്താലുള്ള അഹംകാരം ഇപ്രകാരമെന്നു് ലോകരെ അറിയിക്കുവാനാണു് ഇന്ദ്രനെ യുദ്ധോദ്യുക്തനാക്കിയതു്.

10 കല്പദ്രും സത്യഭാമാഭവനഭുവിസൃജൻ
ദ്വ്യഷ്ടസാഹസ്രയോഷാഃ
സ്വീകൃത്യ പ്രത്യഗാരം വിഹിതബഹുവപുർ-
ലാളയൻ കേളിഭേദൈഃ
ആശ്ചൎയ്യാന്നാരദാലോകിതവിവിധഗതി-
സ്തത്ര തത്രാപി ഗേഹേ
ഭൂയസ്സൎവ്വാസു കുൎവ്വൻ ദശ ദശതനയാൻ
പാഹി വാതാലയേശ!

സാരം:—അല്ലയോ ഗുരുവായൂരപ്പ കല്പകവൃക്ഷം സത്യഭാമാഗൃഹത്തിൽ നട്ടു്, ഒരേ സമയം പതിനാറായിരം കന്യകമാരെ വിവാഹംചെയ്തു്, ഓരോ കന്യകമാൎക്കും ഓരോ മൂൎത്തികളായി ഒരേ സമയം എല്ലാവരേയും രമിപ്പിച്ചു് വാഴുമ്പോൾ നാരദൻ, എല്ലാ സ്ത്രീകളേയും ഒരേ ഒരാൾ ഒരേസമയം സുഖിപ്പിക്കുന്നതെങ്ങിനെയെന്നു സംശയിച്ചു് എല്ലാ ഗൃഹങ്ങളിലും പോയപ്പോൾ അവിടെയൊക്കെ ഓരോവിധവൃത്തിയിൽ കൃഷ്ണനെക്കണ്ടു് അത്ഭുതത്തോടെ ആ മഹൎഷിപുംഗവൻ അങ്ങയുടെ മായാവിലാസങ്ങളെ പാടിപ്പുകഴ്ത്തിപോകയും അങ്ങയ്ക്കു ഭാൎയ്യമാരിലെല്ലാം പത്തുപത്തു പുത്രന്മാർവീതം ജനിക്കയും അവരോടെല്ലാംചേൎന്നു് ത്രൈലോക്യഗൃഹസ്ഥനായി അധിവസിക്കയും ചെയ്ത അങ്ങു് എന്നെ രക്ഷിക്കണേ.

## എൺപത്തിരണ്ടാം ദശകം

(ബാണയുദ്ധം, ഉഷാപരിണയം, നൃഗശാപമോക്ഷം)

1 പ്രദ്യുമ്നോ രൗഗ്മിണേയസ്സ ഖലു തവ കലാ
ശംബരേണാഹൃതസ്തം
ഹത്വാ രത്യാ സഹാപ്തോ നിജപുരമഹര-
ദ്രുഗ്മികന്യാഞ്ച ധന്യാം
തൽപുത്രോഥാനിരുദ്ധോ ഗുണനിധിരവഹ-
ദ്രോചനാം രുഗ്മിപൌത്രീം
തത്രോദ്വാഹേ ഗതസ്ത്വം ന്യവധി മുസലിനാ
രുഗ്മ്യപി ദ്യൂതവൈരാൽ.

സാരം:— ഭഗവദംശഭൂതനായി രുഗ്മിണീപുത്രനായിരിക്കുന്ന വിശ്രുതനായ പ്രദ്യുമ്നനെ—പ്രസവസമയം—ശംബരാസുരൻ ഹരിച്ച് സമുദ്രത്തിലെറിയുകയും, മരിക്കാനിടയാകാതെ, ജീവിച്ച് ശംബരനെ നശിപ്പിക്കയും സഭാര്യയായ രതിയുമൊരുമിച്ച് ദ്വാരകയിൽ വന്ന്, രുഗ്മിയുടെ പുത്രിയായ രുഗ്മവതിയെ വിവാഹം ചെയ്കയും, അതിൽ അനിരുദ്ധനെന്ന ഒരു പുത്രൻ ജനിക്കയും അവൻ രുഗ്മിയുടെ പുത്രിയായ രോചനയെ വിവാഹം കഴിക്കയും, ആ വിവാഹത്തിന് അങ്ങ് ബലഭദ്രനമൊരുമിച്ച് പോകയും അവിടെവെച്ച് ചൂതുകളിച്ചിരിക്കുമ്പോൾ കലഹിച്ച് ബലഭദ്രൻ രുഗ്മിയെ വധിക്കയും ചെയ്തു.

2 ബാണസ്യ സാ ബലിസുതസ്യ സഹസ്രബാഹോ-
ർമ്മാഹേശ്വരസ്യ മഹിതാ ദുഹിതാ കിലോഷാ

തൽപൌത്രമേനമനിരുദ്ധമദൃഷ്ടപൂർവ്വം
സ്വപ്നേന്ദ്രഭ്രൂയ ഭഗവൻ വിരഹാതുരാഭൂത്

സാരം:—മഹാബലിസുതനും, ശിവഭക്തനും, സഹസ്ര ബാഹുവും അമിതപരാക്രമിയുമായ ബാണന്റെ വാത്സല്യ പുത്രിയായ ഉഷ, ഒരിക്കലും കണ്ടിട്ടില്ലാത്തതും ചിന്തിക്കാൻ ഇടയില്ലാത്തതുമായ ഒരു സ്വപ്നം; അങ്ങേടെ പൌത്രനായ അനിരുദ്ധനോടുകൂടി സ്വപ്നത്തിൽ അത്യാനന്ദകരമാംവണ്ണം സുഖഭോഗങ്ങൾ അനുഭവിച്ചു കിടക്കുമ്പോൾ ഉണരുകയും വിരഹതാപത്താൽ വിലപിക്കയുംചെയ്തു.

3 യോഗിന്യതീവ കുശലാ ഖലു ചിത്രലേഖാ
തസ്യാഃ സഖീ വിലിഖതീ തരുണാനശേഷാൻ
തത്രാനിരുദ്ധമുഷയാ വിദിതം നിശായാ-
മാനേഷ്ട യോഗബലതോ ഭവതോ നികേതാൽ.

സാരം:—അഷ്ടൈശ്വര്യ സിദ്ധിയുള്ളവളും ചിത്രകലാ വല്ലഭയും സമർത്ഥയുമായ ചിത്രലേഖ എന്ന അവളുടെ സഖിയോടു് സ്വപ്നവൃത്താന്തമറിയിക്കയും, ചിത്രലേഖ ലോകത്തിലുള്ള തരുണസുന്ദരന്മാരുടെ എല്ലാം ചിത്രംവരച്ചു കാണിക്കയും അക്കൂട്ടത്തിൽ അനിരുദ്ധനെക്കണ്ടപ്പോൾ ഉഷ ലജ്ജിതയായി നില്ക്കയും, കണ്ടപ്പോൾ, ചിത്രലേഖ തന്റെ യോഗബലത്താൽ അപ്പോൾതന്നെ നിദ്രയിൽ അനിരുദ്ധനെ ഉഷാഗൃഹത്തിൽ കൊണ്ടുകൊടുക്കയും ചെയ്തു.

4 കന്യാപുരേ ദയിതയാ സുഖമാരമന്തം
ചൈനം കഥഞ്ചന ബബന്ധുഷി ശർവ്വബന്ധൌ

ശ്രീനാരദോക്തതദ്ഭവന്തദ്ഭരന്തരോഷൈ-
സ്ത്വം തസ്യ ശോണിതപുരം യദുഭിർന്ന്യരുന്ധാഃ

സാരം:— പ്രിയപ്പെട്ട ബാണപുത്രിയായ ഉഷയോടു കൂടി കന്യകാഗൃഹത്തിൽ അനിരുദ്ധൻ ക്രീഡാദികളാൽ വിനോദിച്ചു വസിക്കുന്ന വാർത്തയറിഞ്ഞ ബാണൻ, രണോദ്യുക്തനായി വളരെ പ്രയാസപ്പെട്ടു് നാഗപാശത്താൽ അനിരുദ്ധനെ ബന്ധിച്ചു് കാരാഗാരത്തിലാക്കി, ഈ വർത്തമാനം നാരദൻമുഖേന ദ്വാരകാജനമറിഞ്ഞപ്പോഴം, അത്യന്തം കോപിച്ച യദുക്കളോടുകൂടി ബലഭദ്രസഹിതം അങ്ങു് ശോണിതപുരം ആക്രമിച്ചു.

5 പുരീപാലശ്ശൈലപ്രിയദുഹിതൃനാഥോസ്യ ഭഗവാൻ
സമം ഭൂതവ്രാതൈര്യദുബലമശങ്കം നിരുരുധേ
മഹാപ്രാണോ ബാണോ ഝടിതി യുയുധാനേന യുയുധേ
ഗുഹഃ പ്രദ്യുമ്നേന ത്വമപി പുരഹന്ത്രാ ജഘടിഷേ.

സാരം:— ബാണന്റെ കോട്ടകാക്കുന്ന ഭഗവാൻ പരമശിവൻ ഭൂതഗണങ്ങളോടുകൂടി യാദവസൈന്യത്തോടു ശങ്കകൂടാതെ എതിർത്തു. മഹാബലവാനായ ബാണൻ സാത്യകിയോടും, പ്രദ്യുമ്നൻ സുബ്രഹ്മണ്യനോടും നേരിട്ടു. അങ്ങു് പരമേശ്വരനോടും നേരിട്ടു് യുദ്ധംചെയ്തു.

6 നിരുദ്ധാശേഷാസ്ത്രേ മുമുഹുഷി തവാസ്ത്രേണ ഗിരിശേ
ദ്രുതാ ഭൂതാ ഭീതാഃ പ്രമഥകുലവീരാഃ പ്രമഥിതാഃ
പരാസ്കന്ദത്സ്കന്ദഃ കുസുമശരബാണൈശ്ച സചിവഃ
സകുംഭാണ്ഡോ ഭാണ്ഡം നവമിവ ബലേനാശു ബിഭിദേ.

സാരം:— അജ്ഞയുടെ മോഹനാസ്ത്രംകൊണ്ടു മോഹാലസ്യപ്പെട്ട സമയം ഭൂതഗണങ്ങൾ ഭയപ്പെട്ടോടി. മണിമാൻ തുടങ്ങിയ ശിവപാർഷദന്മാർ നല്ലപോലെ മർദ്ദിക്കപ്പെട്ടു് പ്രദ്യുമ്നന്റെ ബാണങ്ങളെ തടുക്കുവാൻ ശക്തിയില്ലാതെ സുബ്രഹ്മണ്യൻ പിന്തിരിഞ്ഞു! ബാണന്റെ മന്ത്രിയായ കുംഭാണ്ഡനെ ബലഭദ്രൻ പുതിയ കലശത്തെന്ന പോലെ എളുപ്പത്തിൽ അടിച്ചുപിളർത്തിട്ടു.

7 ചാപാനാം പഞ്ചശത്യാ, പ്രസഭമുപഗതേ
 ഛിന്നചാപേഽഥ ബാണേ
വ്യർത്ഥേ യാതേ സമേതോ ജ്വരപതിരശനൈ-
 രജ്വരി ത്വജ്ജ്വരേണ
ജ്ഞാനീ സ്തുത്വാഽഥ ദത്വാ തവ ചരിതജുഷാം
 വിജ്വരം സ ജ്വരോഗാൽ
പ്രായോന്തർജ്ഞാനവന്തോപി ച ബഹുതമസാ
 രൌദ്രചേഷ്ടാ ഹി രൌദ്രാഃ

സാരം:— അനന്തരം ബാണാസുരൻ അഞ്ഞൂറു് വില്ലു് അഞ്ഞൂറു് കൈകളിലെടുത്തു് ശക്തിയായ് വന്നെതൃത്തു് തേരും വില്ലുകളും മുറിഞ്ഞു് നിരാശനായി മടങ്ങിയപ്പോൾ ശിവന്റെ സൃഷ്ടിയായ ഉഗ്രമൂർത്തി ശിവജ്വരം പോർക്കളത്തിൽ വന്നണഞ്ഞു. അപ്പോൾ നിന്തിരുവടി സൃഷ്ടിച്ചയച്ച വൈഷ്ണവജ്വരം ശൈവജ്വരത്തെ തോല്പിച്ചെങ്കിലും, ജ്ഞാനമുദിച്ച ശൈവജ്വരം അജ്ഞയെ സ്തുതിക്കയും നിന്തിരുവടിയെ കീർത്തിക്കയും കഥാമൃതത്തെ ആസ്വദിക്കയും ചെയ്യുന്നവരെ ബാധിക്കാതിരിക്കുവാൻ സത്യം ചെയ്യിപ്പിച്ചു് പറഞ്ഞയക്കയും ചെയ്തു.

8 ബാണം നാനായുധോഗ്രം പുനരഭിപതിതം
ദർപ്പദോഷാദവിതനാൻ
നിർല്ലൂനാശേഷദോഷം സപദി ബുബുധുഷാ
ശങ്കരേണോപഗീതഃ
തദ്വാചാ ശിഷ്ടബാഹുദ്വിതയമുഭയതോ
നിർഭയം തൽപ്രിയം തം
മുക്ത്വാ തദ്ദത്തമാനോ നിജപുരമഗമഃ
സാനിരുദ്ധഃ സഹോഷഃ

സാരം:— അഹംകാരത്താൽ പിന്നേയും ആയുധങ്ങളുമായി യുദ്ധത്തിന്നുവന്ന ബാണൻെറ കൈകളെ ബാക്കി വെക്കാതെ അങ്ങ മുറിച്ചുനില്ക്കുമ്പോഠം പരമാത്ഥമറിഞ്ഞ പരമശിവൻ, വേഗം നിന്തിരുവടിയേ പ്രാപിച്ചു് പ്രാത്ഥിച്ചതനുസരിച്ചു് ശിവഭക്തനായ ആ ബലിപുത്രന ഓരോ വശത്തും ഈരണ്ടു കൈകഠംമാത്രം നൽകി ബാക്കി കൈകളെല്ലാം കളഞ്ഞു് നിർഭയനാക്കിപ്പറഞ്ഞയച്ചു. അനന്തരം അവനാൽ ബഹുമാനിച്ചു നൽകിയ ഉഷയോടും അനിരുദ്ധനോടുംകൂടി നിന്തിരുവടി ദ്വാരകയിലേയ്ക്കു മടങ്ങിപ്പോകയും ചെയ്തു.

9 മുഹുസ്താവച്ഛക്രം വരുണമജയോ നന്ദഹരണേ
യമം ബാലാനീതൌ ദവദഹനപാനേഽനിലസഖം
വിധിം വത്സസ്തേയേ ഗിരിശമിഹ ബാണസ്യ സമരേ
വിഭോ! വിശേഷാൽക്കഷ്ടീ തദയമവതാരോ ജയതി തേ.

സാരം:— അല്ലയോ സർവ്വശക്തനായ ഭഗവാനെ! അങ്ങ ദേവേന്ദ്രനെ പലപ്രാവശ്യം ജയിച്ചു; നന്ദനെ അപഹരിച്ച വരുണനേയും, ഗുരുപുത്രനുവേണ്ടി യമനേയും കാട്ടുതീ

പാനംചെയ്തു് അഗ്നിയേയും വത്സാപഹരണത്തിൽ ബ്ര ഹ്മനേയും ബാണയുദ്ധത്തിൽ ശിവനേയും ജയിച്ചു. അതി നാൽ അങ്ങയുടെ ഈ അവതാരം എല്ലാററിലും മീതെ യായി ജയിക്കുന്നു.

10 ദ്വിജരുഷാ കൃകലാസവപുർദ്ധരം
നൃഗനൃപം ത്രിദിവാലയമാപയൻ
നിജജനേ ദ്വിജഭക്തിമനുത്തമാ-
മുപദിശൻ പവനേശ്വര! പാഹി മാം.

സാരം:— അല്ലയോ ഗുരുവായൂരപ്പ! ബ്രാഹ്മണശാപം നിമിത്തം പാഴ്ക്കിണററിൽ ഓന്തായിക്കിടക്കുന്ന നൃഗൻ എന്ന രാജാവിനു ശാപമോക്ഷംനല്കി ദിവംഗതനാക്കീട്ട്, ബ്രാഹ്മണർ വരശാപാദികൾക്കു ശക്തന്മാരാണെന്നും, അ തിനാൽ അവരെ കളങ്കമില്ലാത്ത ഭക്തിയോടുകൂടി പൂജി ക്കേണ്ടതാണെന്നും യാദവന്മാക്കു ഉപദേശിച്ചു നിന്തിരുവടി അല്ലയോ ഗുരുവായൂരപ്പ! എന്നെ രക്ഷിക്കേണേ!

★

## എൺപത്തിമൂന്നാം ദശകം

(പൌണ്ഡ്റകവധം, കാശീപുരദഹനം, ബലഭദ്രപ്രതാപവർണ്ണനം)

1 രാമേഥ ഗോകുലഗതേ പ്രമദാപ്രസക്തേ
ഹൂതാനുപേതയമുനാദമനേ മദാന്ധേ
സ്വൈരം സമാരമതി, സേവകവാദമൂഢോ
ദൂതം ന്യയുങ്ക്ത തവ പൌണ്ഡ്റകവാസുദേവഃ.

സാരം:— അനന്തരം ബലഭദ്രൻ ഗോകുലത്തിൽചെന്ന് ഗോപസ്ത്രീകളോടുകൂടെ മദാന്ധനായിരിക്കുമ്പോൾ യമുനാനദിയേ, സമീപത്തേയ്ക്കു വിളിച്ചപ്പോൾ വരായ്കയാൽകോപിച്ച് കലപ്പകൊണ്ടു കുത്തിത്താക്കി ഒരു തോടുണ്ടാക്കി നദിയേ വരുത്തി യഥേഷ്ടം ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ, പൌണ്ഡ്റകവാസുദേവൻ, തന്റെ സേവകജനങ്ങൾ പറഞ്ഞിളക്കിയിട്ട അങ്ങയ്ക്ക് ഒരുദൂതനെ അയച്ചു.

2 "നാരായണോഹമവതീർണ്ണഇഹാസ്മി ഭൂമൌ
ധത്സേ കില ത്വമപി മാമകലക്ഷണാനി
ഉൽസൃജ്യ താനി ശരണം വ്രജ മാ"മിതി ത്വാം
ദൂതോ ജഗാദ സകലൈർഹസിതഃ സഭായാം.

സാരം:— "സാക്ഷാൽ നാരായണമൂർത്തിയായ ഞാൻ ഈ ഭൂമിയിൽ അവതരിച്ചിരിക്കുന്നു. നീയും എന്റെ ചിഹ്നങ്ങൾധരിക്കുന്നുണ്ടത്രേ! അതെല്ലാമുപേക്ഷിച്ച എന്നെ ശരണംപ്രാപിക്കുക" എന്നിങ്ങിനെ ആ ദൂതൻ സഭയിൽ വന്ന് നിന്തിരുവടിയോട്ട പറഞ്ഞു. സഭാവാസികൾ ഇതു കേട്ട് ദൂതനെ അപഹസിച്ചു.

3 ദൂതേഥ യാതവതി യാദവസൈനികൈസ്ത്വം
യാതോ ദദർശിഥ വപുഃ കില പൌണ്ഡ്റകീയം
താപേന വക്ഷസി കൃതാങ്കമനല്പമൂല്യ-
ശ്രീകൌസ്തുഭം മകരകുണ്ഡലപീതചേലം.

സാരം:— ദൂതൻ പോയശേഷം അങ്ങ യാദവസൈന്യങ്ങളോടുകൂടി പൌണ്ഡ്റകരാജധാനിയിൽചെന്നു. അവൻഇരുമ്പുപഴുപ്പിച്ചുവെച്ച മാറിടത്തിൽ ശ്രീവത്സം എന്ന

മരുവും, രത്നനിർമ്മിതവുമായ കൌസ്തുഭവും, അതുപോലെ അനേകരത്നങ്ങളാൽ നിർമ്മിച്ച മകരകുണ്ഡലങ്ങളും, കാരിരുമ്പുകൊണ്ടുണ്ടാക്കിയ സുദർശനചക്രവും വിശേഷപ്പെട്ട മഞ്ഞപ്പട്ടുകൊണ്ടുള്ള വസ്ത്രധാരണവും ഇങ്ങിനെയൊക്കെയാണ് അവൻ വിഷ്ണുവേഷം ധരിച്ചിരുന്നതു്.

4 കാലായസം നിജ സുദർശനമസ്യതോസ്യ
കാലാനലോൽക്കരകിരണ സുദർശനേന
ശീഘ്രം ചകർത്തിഥ മമർദ്ദിഥ ചാസ്യ സേനാം
തന്മിത്രകാശിപശിരോപി ചകർത്ഥ കാശ്യാം

സാരം:— കാരിരുമ്പുകൊണ്ടുണ്ടാക്കി സുദർശനത്തെ പ്രയോഗിക്കുന്ന ഇവൻെറ ശിരസ്സിനെ കാലാഗ്നിജ്വാല വർഷിക്കുന്നതായ സാക്ഷാൽ സുദർശനചക്രംകൊണ്ടു് അങ്ങ് ഛേദിച്ചു്, സൈന്യങ്ങളെ നശിപ്പിക്കയും അവൻെറ ബന്ധുവായ കാശിരാജാവിൻെറ ശിരസ്സിനെ കാശിയിൽ കൊണ്ടു വീഴ്ത്തുകയും ചെയ്തു.

5 ജാഡ്യേന ബാലകഗിരാപി കിലാഹമേവ
ശ്രീവാസുദേവ ഇതി രൂഢമതിശ്ചിരം സഃ
സായൂജ്യമേവ ഭവദൈക്യധിയാ ഗതോഭൂൽ
കോ നാമ കസ്യ സുകൃതം കഥമിത്യവേയാൽ.

സാരം:—തൻെറ വിഡ്ഢിത്തത്താലും മൂഢന്മാരുടെ വാക്കുകേട്ടിട്ടും "ഞാൻതന്നെയാണ് സാക്ഷാൽ വാസുദേവൻ" എന്നിങ്ങിനെ വളരെക്കാലം മനസ്സിലുറപ്പിച്ചുകൊണ്ടിരുന്ന ആ പൌണ്ഡ്റകൻ അങ്ങയോടുള്ള ഐക്യബുദ്ധിനിമിത്തം സായൂജ്യത്തെത്തന്നെ പ്രാപിച്ചു. ഓരോരുത്തരുടേയും സുകൃതം ഏതുവിധമെന്നു് ആരറിയും?

6 കാശീശ്വരസ്യ തനയോഥ സുദക്ഷിണാഖ്യം
ശർവ്വം പ്രപൂജ്യ ഭവതേ വിഹിതാഭിചാരഃ
കൃത്യാനലം കമപിബാണരണാതിഭീതൈ-
ർഭൂതൈഃ കഥഞ്ചന വൃതൈസ്സമമഭ്യമുഞ്ചൽ.

സാരം:—അനന്തരം കാശിരാജാവിൻെറ മകൻ സുദക്ഷിണൻ ശിവനെസ്സേവിച്ചു് അങ്ങയ്ക്കാഭിചാരം ചെയ്തു. ശിവപ്രസാദത്താൽ, അഗ്നികുണ്ഡത്തിൽനിന്നു് അഗ്നിജ്വാലാമയിയായ കൃത്യ-ആഭിചാരദേവതയും ഭൂതഗണങ്ങളും ഉണ്ടായി; സുദക്ഷിണൻ ആ കൃത്യയേയും, ബാണയുദ്ധത്തിൽ അങ്ങയുടെ പരാക്രമംകണ്ടു് ഭയപ്പെട്ടിരുന്ന ഭൂതഗണങ്ങളേയും അങ്ങയെകൊല്ലുവാൻവേണ്ടി ദ്വാരകയിലേയ്ക്കയച്ചു.

7 താലപ്രമാണചരണാമഖിലം ദഹന്തീം
കൃത്യാംവിലോക്യ ചകിതൈഃകഥിതോപിപൌരൈഃ
ദ്യൂതോത്സവേ കിമപി നോ ചലിതോ വിഭോ ത്വം
പാർശ്വസ്ഥമാശു വിസസർജ്ജിഥ കാലചക്രം!

സാരം:—കരിമ്പനയോളം വലുപ്പമുള്ള പാദങ്ങളോടു —കാലുകളോടു—കൂടി സർവ്വവും ദഹിപ്പിക്കുന്ന അവസ്ഥയിലുള്ള കൃത്യയെക്കണ്ടു് പൌരന്മാർ അങ്ങയെ ഭയവിഹ്വലരായിക്കൊണ്ടറിയിക്കയും, ഒന്നും അറിയാത്തമട്ടിൽ നിന്തിരുവടി സുദർശനത്തെ കടക്കണ്ണാൽ സംജ്ഞ ചെയ്തയക്കയും ചെയ്തു.

8 അഭ്യാപതത്യമിതധാമ്നി ഭവന്മഹാസ്ത്രേ
ഹാ ഹേതി വിദ്രുതവതീ ഖലു ഘോരകൃത്യാ.

രോഷാൽ സുദക്ഷിണമദക്ഷിണചേഷ്ടിതം തം
പുപ്ലോഷ ചക്രമപി കാശിപുരീമധാക്ഷീൽ.

സാരം:—അമിതതേജസ്സോടുകൂടിയ സുദൎശനം നേരിട്ടുചെന്നപ്പോൾ, "അയ്യോ, അയ്യോ!" എന്നു നിലവിളിച്ചുകൊണ്ടു് ആഭിചാരദേവത ഓടി; അതു കോപം സഹിക്കാതെ ദുർവൃത്തനായ സുദക്ഷിണനെ ദഹിപ്പിച്ചു, സുദൎശനചക്രം കാശിരാജധാനിയെ ഭസ്മീകരിക്കയുംചെയ്തു.

9 സ ഖലു വിവിദോ രക്ഷോഘാതേ കൃതോപകൃതിഃ പുരാ
തവ തു കലയാ മൃത്യും പ്രാപ്തും തദാ ഖലതാം ഗതഃ
നരകസചിവോ ദേശക്ലേശം സൃജൻ നഗരാന്തികേ
ത്സടിതി ഹലിനാ യുദ്ധ്യന്നദ്ധാ പപാത തലാഹതഃ

സാരം:—പണ്ടു് രാമാവതാരകാലത്തിൽ സുഗ്രീവഭൃത്യനായി അനേകം രാക്ഷസന്മാരെ വീൎയ്യപരാക്രമത്താൽ നശിപ്പിച്ചു് അങ്ങയുടെ ഭക്തന്മാരിലൊരുവനായി വൎത്തിച്ച വാനരശ്രേഷ്ഠനായ വിവിദൻ, അങ്ങയുടെ അംശഭൂതനായ ബലഭദ്രന്റെ കയ്യാൽ മരിക്കുന്നതിനായി ഇക്കാലം ദുഷ്ടതയെ സ്വീകരിച്ചു് നരകാസുരന്റെ മന്ത്രിമുഖ്യനായിവാണിരുന്നു. ഇപ്പോൾ നാടിനു ഏററിയ ഉപദ്രവങ്ങൾചെയ്തുകൊണ്ടു മരണത്തെ അപേക്ഷിച്ചു ദ്വാരകയിൽ വന്നു് ബലഭദ്രനോടു കലഹിക്കയും അദ്ദേഹത്തിന്റെ അടികൊണ്ടു പുണ്യലോകം പ്രാപിക്കയും ചെയ്തു.

10 സാംബം കൌരവ്യപുത്രീഹരണനിയമിതം
സാന്ത്വനാൎത്ഥീ കുരൂണാം
യാതസ്തദ്വാക്യരോഷാദ്ധൃതകരിനഗരോ
മോചയാമാസ രാമഃ

തേ ഘാതയ്യാഃ പാണ്ഡവേയൈരിതി യദുപൃതനാം
നാമുചസ്ത്വം തദാനീം
തം ത്വാം ദുർബ്ബോധലീലം പവനപുരപതേ!
താപശാന്ത്യൈ നിഷേവേ.

സാരം:—കൌരവന്മാരുടെ സാന്ത്വനയെ ആഗ്രഹിച്ച് ബലഭദ്രൻെറ വാക്കിനെ അവർ ധിക്കരിക്കയാൽ ഹസ്തിനാപുരത്തെ ഗംഗയിൽ മറിക്കാനായി കലപ്പകൊണ്ടു കുത്തിയിളക്കിയപ്പോൾ ഭയവിഹ്വലന്മാരായ അവർ, ദുര്യോധനപുത്രിയായ ലക്ഷ്മണയെ അപഹരിച്ചതു നിമിത്തം ബന്ധനത്തിലാക്കിയിരുന്ന സാംബനെ വിട്ടയച്ചു. അവരെ പാണ്ഡവന്മാരാണ് കൊല്ലേണ്ടതെന്നറിയുന്ന ബലഭദ്രൻ യാദവസൈന്യത്തെ അങ്ങോട്ടയച്ചില്ല. ഇങ്ങിനെ മററുള്ളവൎക്ക് ഗ്രഹിക്കാൻസാധിക്കാത്തവിധം ലീലയാടുന്ന അല്ലയോ ഗുരുവായൂരപ്പ! ദുഃഖശാന്തിക്കായി ഞാൻ സേവിക്കുന്നു.

## എൺപത്തിനാലാം ദശകം

### (സമന്തപഞ്ചകയാത്രാവൎണ്ണനം)

1 ക്വചിദഥ തപനോപരാഗകാലേ
പുരി നിദധത് കൃതവൎമ്മകാമസൂനൂ
യദുകുലമഹിലാവൃതഃ സുതീൎത്ഥം
സമുപഗതോസി സമന്തപഞ്ചകാഖ്യം

സാരം:—ഒരിക്കൽ ഒരു സൂൎയ്യഗ്രഹണത്തിന്നു കൃതവൎമ്മാവിനേയും അനിരുദ്ധനേയും ദ്വാരകാപുരംകാക്കുവാൻ

ഏല്പിച്ച് അങ്ങ് യാദവന്മാരോടും സ്ത്രീജനങ്ങളോടുംകൂടി സമന്തപഞ്ചകമെന്ന കീർത്തിപ്പെട്ടപുണ്യതീർത്ഥത്തെ പ്രാപിച്ചു.

2 ബഹുതരജനതാഹിതായ തത്ര
ത്വമപി പുനർവിനിമജ്യ തീർത്ഥതോയം
ദ്വിജഗണപരിമുക്തവിത്തരാശിഃ
സമമിളഥാഃ കുരുപാണ്ഡവാദിമിത്രൈഃ

സാരം:—നിന്തിരുവടി അവിടെ അനേകം ജനങ്ങളുടെ ഹിതത്തെ കാംക്ഷിച്ച് ഇറങ്ങി സ്നാനംചെയ്ത് തീർത്ഥജലത്തെ പാവനമാക്കിത്തീർത്ത് ശുദ്ധിവരുത്തി ബ്രാഹ്മണർക്ക അനവധിദ്രവ്യം ദാനംചെയ്തശേഷം, കൌരവന്മാർ പാണ്ഡവന്മാർ മുതലായ ബന്ധുജനങ്ങളോടു കൂടിച്ചേർന്നു.

3 തവ ഖലു ദയിതാജനൈഃ സമേതാ
ദ്രുപദസുതാ ത്വയി ഗാഢഭക്തിഭാരാ
തദുദിതഭവദാഹൃതിപ്രകാരൈ-
രതിമുമുദേ സമമന്യഭാമിനീഭിഃ

സാരം:—അങ്ങയിൽ അതിരററ ഭക്തിയോടുകൂടിയ പാഞ്ചാലി നിന്തിരുവടിയുടെ പ്രേമഭാജനങ്ങളോടു കൂടിചേർന്ന് വീരവൃത്തികളാൽ നിന്തിരുവടി അപഹരിച്ചു ഓരോ കഥകളും മററും പറയുന്നതുകേട്ട് സുഭദ്ര മുതലായ മററു പാണ്ഡവപത്നിമാരുമായി അത്യന്തം സന്തോഷിച്ചു.

4 തദനു ച ഭഗവൻ നിരീക്ഷ്യ ഗോപാ-
നതികുതുകാദുപഗമ്യ മാനയിത്വാ
ചിരതരവിരഹാതുരാംഗരേഖാഃ
പശുപവധൂഃ സരസം ത്വമന്വയാസീഃ

സാരം:—അല്ലയോ ഭഗവാനെ! അനന്തരം അവിടെ കണ്ട ഗോപന്മാരുടെ സമീപത്തേയ്ക്കു് അത്യന്തസാഹസത്തോടും കൌതുകത്തോടും സ്നേഹഭാരത്തോടുംകൂടി ത്വരിതം ഓടിച്ചെന്നു് ഉപചാരവാക്കുകളാലും മററും മാനിച്ചതിന്നശേഷം ഏറെക്കാലമായുള്ള വിരഹംനിമിത്തം പരവശശരീരിണികളായ ഗോപികമാരെ അനുരാഗഭാവത്തോടെ പുൽകുവാൻ ചെന്നു.

5 സപദി ച ഭവദീക്ഷണോത്സവേന
പ്രമുഷിതമാനഹൃദാം നിതംബിനീനാം
അതിരസപരിമുക്തകഞ്ചുളീകേ
പരിചയഹൃദ്യതരേ കുചേ ന്യലൈഷീഃ

സാരം:—ഭഗവദ്ദർശനമഹോത്സവത്താൽ വേഗം മാനമെല്ലാം മനസ്സിൽനിന്നു വിട്ടുപോയവരായ ഗോപികളുടെ സന്തോഷഭാരത്താൽ താനേതന്നെ അഴിഞ്ഞുപോയ മുലക്കച്ചയോടുകൂടിയതും അങ്ങു് പൂർവ്വപരിചയം ഹേതുവാൽ അത്യന്തം പ്രിയപ്പെട്ടതും പണ്ടു് താൻ അനുഭവിച്ചു രസിച്ചിട്ടുള്ളതുമായ മുലക്കുടത്തിൽ സംശയമെന്യേ ലയിച്ചു.

6 രിപുജനകലഹൈഃ പുനഃ പുനർമേ
സമുപഗതൈരിയതീ വിളംബനാഭൂൽ
ഇതി കൃതപരിരംഭണേ ത്വയി ദ്രാ-
ഗതിവിവശാ ഖലു രാധികാ നിലില്യേ.

സാരം: —"വീണ്ടുംവീണ്ടും വന്നുചേർന്നുകൊണ്ടിരുന്ന ശത്രുക്കളുമായുള്ള വഴക്കുനിമിത്തം എനിക്കിത്രയും താമസം നേരിട്ടുപോയി." ഇപ്രകാരംപറഞ്ഞു് അങ്ങു് ആലിം

ഗനം ചെയ്തസമയം രാധ പെട്ടെന്ന് അതിവിവശയായി തീൎന്നു; തീൎച്ചതന്നെ

7 അപഗതവിരഹവ്യഥാസ്തദാ താ
രഹസി വിധായ ദദാഥ തത്വബോധം
പരമസുഖചിദാത്മകോഹമാത്മേ-
ത്യുദയതു വഃ സ്ഫുടമേവ ചേതസീതി.

സാരം:— അനന്തരം അങ്ങു ആ ഗോപസ്ത്രീകളുടെ വിരഹതാപത്തെ രഹസ്സിങ്കൽ ശമിപ്പിച്ചിട്ട്, ഞാൻ സച്ചിദാനന്ദസ്വരൂപനും സൎവ്വാന്തൎയ്യാമിയുമായ പരമാത്മാവാണെന്നു നിങ്ങളുടെ ഹൃദയത്തിൽ വ്യക്തമായിപ്പതിയട്ടെ, എന്നിങ്ങനെ തത്വജ്ഞാനോപദേശംചെയ്തു.

8 സുഖരസപരിമിശ്രിതോ വിയോഗഃ
കിമപി പുരാ ഭവദുദ്ധവോപദേശൈഃ
സമഭവദമുതഃ പരന്തു താസാം
പരമസുഖൈക്യമയീ ഭവദ്വിചിന്താ.

സാരം:— ഇതിന്നുമുമ്പ് ഉദ്ധവോപദേശങ്ങളെക്കൊണ്ടു അവരുടെ വിരഹദുഃഖം കുറഞ്ഞൊന്നു സുഖരസത്തോടിടകലൎന്നതായിത്തീൎന്നിട്ടുണ്ട്. ഇതിന്നുശേഷമാകട്ടെ അവൎക്കു പരമാനന്ദാദ്വൈതസ്വരൂപിണിയായ ഭഗവൽസ്മരണ സംഭവിച്ചു.

9 മുനിവരനിവഹൈസ്തവാഥ പിത്രാ
ദുരിതശമായ ശുഭാനി പൃച്ഛ്യമാനൈഃ
ത്വയി നതി കിമിദം ശുഭാന്തരൈരി-
ത്യുരുഹസിതൈരപി യാജിതസ്തദാസൌ.

സാരം:— അനന്തരം അങ്ങയുടെ അച്ഛൻ പാപനിവൃത്തിക്കുവേണ്ടി, അംഗുല്ലപ്പോഠം ശ്രേഷ്ഠന്മാരായ താപസവര്യന്മാരോടു സല്ക്കമ്മവിഭാഗങ്ങളെക്കറിച്ചു ചോദിച്ചപ്പോഠം അവർ, പുത്രനായി അങ്ങേ ലഭിച്ചിരിക്കുമ്പോഠം എന്തു സല്ക്കമ്മങ്ങളാണു ചെയ്യേണ്ടതു്? ഒന്നുമില്ല, എന്നിങ്ങിനെ ചിരിച്ചുകൊണ്ടു പറഞ്ഞുവെങ്കിലും ലൌകികധമ്മങ്ങളെ ചെയ്യിച്ചു.

10 സുമഹിതയജനേ വിതായമാനേ
പ്രമുദിതമിത്രജനൈസ്സഹൈവ ഗോപാഃ
യദുജനമഹിതാസ്ത്രിമാസമാത്രം
ഭവദനുഷംഗരസം പുരേവ ഭേജുഃ

സാരം:— ബന്ധുക്കളെ സന്തോഷിപ്പിക്കുന്നതായ ആ വലിയ യാഗം നടന്നുകൊണ്ടിരിക്കുമ്പോഠം ആ ബന്ധുക്കളോടൊപ്പംതന്നെ ഗോപന്മാർ യാദവന്മാരാൽ മാനിക്കപ്പെട്ടുകൊണ്ടു് മൂന്നുമാസക്കാലം പണ്ടത്തെ മാതിരി അങ്ങയുടെ സഹവാസസൌഖ്യത്തെ അനുഭവിച്ചു.

11 വ്യപഗമസമയേ സമേത്യ രാധാം
ദൃഢമുപഗൂഹ്യ നിരീക്ഷ്യ വീതഖേദാം
പ്രമുദിതഹൃദയഃ പുരം പ്രയാതഃ
പവനപുരേശ്വര! പാഹി മാം ഗദേഭ്യഃ

സാരം:— അല്ലയോ ഗുരുവായൂരപ്പ! യാത്രപുറപ്പെട്ടപ്പോഠം രാധയുടെ അടുത്തുചെന്നു് ദൃഢമായി ആലിംഗനം ചെയ്തു് അവഠം ദുഃഖരഹിതയാണെന്നറിഞ്ഞു് അങ്ങു സന്തുഷ്ടനായി ദ്വാരകയിലേയ്ക്കു മടങ്ങിപ്പോന്ന നിന്തിരുവടി എന്നെ രോഗസങ്കടങ്ങളിൽനിന്നു രക്ഷിക്കണെ!

★

# എൺപത്തഞ്ചാം ദശകം

## (ജരാസന്ധവധം, രാജസൂയം)

1 തതോ മഗധഭൃത്താ ചിരനിരോധസംക്ലേശിതം
ശതാഷ്ടകയുതായുതദ്വിതയമീശ! ഭൂമീഭൃതാം
അനാഥശരണായ തേ കമപി പൂരുഷം പ്രാഹിണോ-
ദയാചത സ മാഗധക്ഷപണമേവ കിം ഭൂയസാ.

സാരം:—അല്ലയോ ഈശ! അനന്തരം ജരാസന്ധനാൽ വളരെക്കാലമായി തടവിലിട്ടു് ദുഃഖിപ്പിക്കപ്പെട്ടിരിക്കുന്ന ഇരുപതിനായിരത്തെണ്ണൂറു രാജാക്കന്മാർ അനാഥശരണനായ അങ്ങയുടെ അടുക്കലേയ്ക്കു് ഒരു ദൂതനെപ്പറഞ്ഞയച്ചു. ആ ദൂതൻ ജരാസന്ധവധത്തെത്തന്നെയാണു് യാചിച്ചതു്.

2 യിയാസുരഭിമാഗധം തദനു നാരദോദീരിതാ-
ദ്യുധിഷ്ഠിരമഖോദ്യമാദുഭയകാര്യപര്യാകുലഃ
വിരുദ്ധജയിനോദ്ധ്വരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈസ്സമം പുരമിയേഥ യൌധിഷ്ഠിരീം

സാരം:—ജരാസന്ധൻെറ നേരെ പുറപ്പെടുവാനാലോചിച്ച സമയം നാരദൻ പറഞ്ഞ ധർമ്മപുത്രരുടെ രാജസൂയവൃത്താന്തം കേട്ടു് രണ്ടിലേതൊന്നാണാദ്യം വേണ്ടതെന്നാലോചിച്ചപ്പോൾ, [illegible]രാധികളെ ജയിച്ചു ചെയ്യേണ്ടതായ രാജസൂയത്തിൽവെച്ചു് രണ്ടും സാധിക്കാമെന്നു് ഉദ്ധവൻ പറഞ്ഞതുകേട്ടു് അങ്ങു് തൻെറ ആളുകളോടുകൂടെ ഇന്ദ്രപ്രസ്ഥത്തെ പ്രാപിച്ചു.

3 അശേഷദയിതായുതേ ത്വയി സമാഗതേ ധർമ്മജോ
വിജിത്യ സഹജൈർമ്മഹീം ഭവദപാംഗസംവർദ്ധിതൈഃ
ശ്രിയം നിരുപമാം വഹന്നഹഹ ഭക്തദാസായിതം
ഭവന്തമയി മാഗധേ പ്രഹിതവാൻ സഭീമാർജ്ജുനം.

സാരം:—സകല പത്നിമാരോടുംകൂടി വന്നസമയം അല്ലയോ ഭഗവൻ, അങ്ങയുടെ കടാക്ഷംകൊണ്ടു വർദ്ധിതബലന്മാരായ അനുജന്മാരെക്കൊണ്ടു ഭൂമണ്ഡലം ജയിച്ച് അളവില്ലാത്ത ധനം സമ്പാദിച്ച ധർമ്മപുത്രൻ, ആശ്ചര്യ്യമാശ്ചര്യ്യം ഭക്തന്മാരുടെ ദാസഭാവത്തെ അവലംബിച്ചിരിക്കുന്ന അങ്ങയെ ഭീമാർജ്ജുനന്മാരോടുകൂടെ ജരാസന്ധവിജയത്തിനു പറഞ്ഞയച്ചു.

4 ഗിരിവ്രജപുരം ഗതാസ്തദനു ദേവ! യൂയം ത്രയോ
യയാച സമരോത്സവം ദ്വിജമിഷേണ തം മാഗധം
അപൂർണ്ണസുകൃതം ത്വമും പവനജേന സംഗ്രാമയൻ
നിരീക്ഷ്യ സഹ ജിഷ്ണുനാ ത്വമപി രാജയുദ്ധ്വാസ്ഥിതഃ

സാരം:—അല്ലയോ ദേവ! അപ്പോഠം നിങ്ങഠം മൂന്നുപേരും ബ്രാഹ്മണവേഷം ധരിച്ച് ഗിരിവ്രജപുരത്തെ പ്രാപിച്ച് ആ ജരാസന്ധനോട് യുദ്ധമാകുന്ന ഉത്സവത്തെ യാചിച്ചു. രാജാക്കന്മാരെ തമ്മിൽ തല്ലിക്കുന്ന അങ്ങാകട്ടെ, പുണ്യപരിപൂർത്തി വന്നിട്ടില്ലാത്ത ഇവനെ ഭീമനോടു യുദ്ധംചെയ്യിപ്പിച്ച് അർജ്ജുനനോടുകൂടെ കണ്ടുംകൊണ്ടുനിന്നു.

5 അശാന്തസമരോദ്ധതം വിടപപാടനാസംജ്ഞയാ
നിപാതി ജരസസ്സുതം പവനജേന നിഷ്പാടിതം

വിമുച്യ നൃപതീൻ മുദാ സമനുഗൃഹ്യ ഭക്തിം പരാം
ദിദേശിഥ ഗതസ്പൃഹാനപി ച ധമ്മഗുപ്ത്യൈ ഭുവഃ

സാരം:—ജയപരാജയങ്ങളില്ലായ്കയാൽ അഹംകൃത നായജരാസന്ധനെ,മരത്തിൻെറ കൊമ്പു പീന്തിക്കാണിച്ചുകൊടുത്തിട്ട് ഭീമസേനനാൽ നടുപിടിച്ചു പീന്തപ്പെട്ടു വീഴ്ത്തിയതിൻെറ ശേഷം തടവിൽക്കിടക്കുന്ന രാജാക്കന്മാരെ സന്തോഷത്തോടെ വിട്ടയച്ച് അനുഗ്രഹിച്ചിട്ട് ഉൽകൃഷ്ടമായ ഭക്തിയെ ദാനംചെയ്തു. വിരക്തന്മാരാണെങ്കിലും അവരെ,ധമ്മബുദ്ധ്യാ രാജ്യഭരണം ചെയ്യുവാൻ ഉപദേശിച്ചയക്കയുംചെയ്തു.

6 പ്രചക്രുഷി യുധിഷ്ഠിരേ തദനു രാജസൂയാധ്വരം
പ്രസന്നഭൃതകീഭവൽ സകലരാജകവ്യാകുലം
ത്വമപ്യയി ജഗൽപതേ!ദ്വിജപദാവനേജാദികം
ചകത്ഥ;കിമു കഥ്യതേ നൃപവരസ്യ ഭാഗ്യോന്നതിഃ

സാരം:—എല്ലാ രാജാക്കന്മാരേയും മുമ്പ് ജയിച്ചിട്ടുള്ളതിനാൽ ജരാസന്ധവധം കഴിഞ്ഞതയുടനെ ധമ്മപുത്രർ രാജസൂയം തുടങ്ങി. എല്ലാരാജാക്കന്മാരും സന്തോഷപൂവ്വം ഓരോ ഭൃത്യവേലയിൽ ഏപ്പെട്ടതായ ആ മഹായാഗം നടന്നുകൊണ്ടിരിക്കുമ്പോൾ, നിന്തിരുവടിയും ബ്രാഹ്മണരെ കാൽ കഴുകിക്കുക മുതലായ പല പ്രവൃത്തികളും ചെയ്തു ധമ്മജൻെറ ഭാഗ്യപൂരത്തെപ്പററി ഒന്നും അക്കംപറവാൻ സാദ്ധ്യമല്ല.

7 തതഃ സവനകമ്മണി പ്രവരമഗ്ര്യപൂജാവിധിം
വിചാൎയ്യ സഹദേവവാഗനുഗതഃ സധമ്മാത്മജഃ

വ്യധത്ത ഭവതേ മുദാ സകലവിശ്വഭൃതാത്മനെ,
തദാ സസുരമാനുഷം ഭുവനമേവ തൃപ്തിം ദധൌ.

സാരം:—അനന്തരം ഈ യജ്ഞത്തിന്നു് ശ്രേഷ്ഠമായ അഗ്ര്യപൂജാവിധിയെപ്പററിച്ചിന്തിച്ച് സഹദേവൻെറ അഭിപ്രായപ്രകാരം ധമ്മപുത്രർ, സകലഭൃതാത്മഭൃതനായിരിക്കുന്ന അങ്ങയ്ക്കായികൊണ്ടു് ആ സദസ്സിൽ സന്തോഷത്തോടെ അഗ്ര്യപൂജയേ ചെയ്തു. അപ്പോഠം ദേവമനുഷ്യാദികളുഠംപ്പെട്ട ത്രൈലോക്യം മുഴുവനും തന്നെ തൃപ്തമായിഭവിച്ചു.

8 തതസ്സപദി ചേദിപോ മുനിനൃപേഷു തിഷ്ഠത്സ്വഹോ
സഭാജയതി കോ ജഡഃ പശുപദുർദ്ദുരൂടം വടും
ഇതി ത്വയി സദുർവ്വചോ വിതതിമുദ്വമന്നാസനാ-
ദുദാപതദുദായുധഃ സമപതന്നമും പാണ്ഡവാഃ

സാരം:—മഹഷിമാരും രാജാക്കന്മാരും ഇരിക്കുമ്പോഠം ആശ്ചയ്യം! ഗോപാലാധമനായ ഒരു ചെറുക്കനെ, ജളബുദ്ധിയായ ഏതൊരുത്തനാണു് പൂജിക്കുന്നതു് ഇപ്രകാരം ശിശുപാലൻ അങ്ങയുടെ നേരേ ദുർവ്വാക്യങ്ങളെ ചൊരിഞ്ഞുകൊണ്ടു പെട്ടെന്നു് ആസനത്തിൽനിന്നു് ആയുധധാരിയായിട്ട് എഴുന്നേററു.—മംഗളകരമായ യാഗവേളയിൽ യുദ്ധം, നിധനം ഇതുതന്നെ—ഉദ്യുക്തരായെങ്കിലും അതിനെ നിന്തിരുവടി വിലക്കി.

9 നിവാര്യ്യ നിജ പക്ഷഗാനഭിമുഖസ്യ വിദ്വേഷിണ-
സ്ത്വമേവ ജഹൃഥാഃ ശിരോ ദനുജദാരിണാ സ്വാരിണാ

ജന്മത്രിതയശ്ലുഷ്യാ സതതചിന്തയാ ശുദ്ധധീ-
സ്ത്വയാ സപരമേകതാമധൃത യോഗിനാം ദുർല്ലഭാം.

സാരം:— നിന്തിരുവടി പാണ്ഡവാദികളെ തടുത്തിട്ട് അസുരന്മാരെ പിളക്കുന്ന തന്റെ സുദർശനചക്രംകൊണ്ടു നേരിട്ടുവരുന്ന ശത്രുവിന്റെ ശിരസ്സിനെ ഹരിച്ചു. മൂന്നു ജന്മംകൊണ്ടുസിദ്ധിച്ച ഇടവിടാതുള്ള ശത്രുഭാവനയിലുള്ള ചിന്തനംകൊണ്ട് പരിശുദ്ധ ചിത്തനായിത്തീൎന്ന ശിശു പാലൻ യോഗികൾക്കുകൂടി ദുർല്ലഭമായ അങ്ങയോടുള്ള പരമൈക്യത്തെ പ്രാപിച്ചു.

10 തതസ്സുമഹിതേ ത്വയാ ക്രതുവരേ നിരൂഢേ ജനോ
യയൗ ജയതി ധൎമ്മജോ ജയതി കൃഷ്ണഇത്യാലപൻ
ഖലഃ സ തു സുയോധനോ ധുതമനാസ്സപത്നശ്രിയാ
മയാൎപ്പിതസഭാമുഖേ സ്ഥലജലഭ്രമാദഭ്രമീത്.

സാരം:— അനന്തരം ശ്രേഷ്ഠമായ രാജസൂയമെന്ന ആ മഹായജ്ഞം അങ്ങയാൽ നിവൃത്തിക്കപ്പെട്ടതിന്റശേഷം "ധൎമ്മപുത്രർ ജയിക്കട്ടെ, ശ്രീകൃഷ്ണൻ ജയിക്കട്ടെ" എന്നിങ്ങിനെ പറഞ്ഞുകൊണ്ടു ജനങ്ങൾമടങ്ങിപ്പോയി. ദുഷ്ടനായ ആ ദുൎയ്യോധനനാകട്ടെ, ശത്രുക്കളുടെ ഐശ്വൎയ്യത്താൽ കമ്പിതമാനസനായിട്ട് മയനിൎമ്മിതമായ സഭയുടെ മുഖത്തുവെച്ചു സ്ഥലജലഭ്രാന്തി കാരണം ലജ്ജിതനായിത്തീൎന്നു!

11 തദാ ഹസിതമുത്ഥിതം ദ്രുപദനന്ദനാഭീമയോ-
രപാംഗകലയാ വിഭോ! കിമപി താവദുജ്ജൃംഭയൻ
ധരാഭരനിരാകൃതൗ സപദി നാമ ബീജം വപൻ
ജനാൎദ്ദന!മരുൽപുരീനിലയ! പാഹി മാമാമയാൽ.

സാരം:— അല്ലയോ വിഭോ! ജനാർദ്ദന! ഗുരുവായൂരപ്പ! ആ സമയം പാഞ്ചാലിക്കും ഭീമനും പൊട്ടിപ്പോയ ചിരിയെ ഗൂഢകടാക്ഷംകൊണ്ടു അപ്പോഴും തെല്ലു വളർത്തീട്ടു് ഭൂഭാരഹരണത്തിൽ ഒരു വിത്തുപാകിയ നിന്തിരുവടി എന്നെ രോഗത്തിൽനിന്നു രക്ഷിക്കണെ

****

## എൺപത്താറാം ദശകം

(സാല്വാദികളുടെ വധം, ഭാരതയുദ്ധം.)

1 സാല്വോ ഭൈഷ്മീവിവാഹേ യദുബലവിജിത-
ശ്ചന്ദ്രചൂഡാദ്വിമാനം
വിന്ദൻ സൌഭം സ മായീ ത്വയി വസതി കുരൂ-
സ്ത്വൽപുരീമഭ്യഭാങ്ക്ഷീൽ
പ്രദ്യുമ്നസ്തം നിരുന്ധന്നിഖിലയദുഭടൈ-
ർന്ന്യഗ്രഹീദുഗ്രവീര്യം
തസ്യാമാത്യം ദ്യുമന്തം വ്യജനി ച സമര-
സ്സപ്തവിംശത്യഹാന്തഃ

സാരം:— സാല്വൻ, രുഗ്മിണീസ്വയംവരത്തിൽ യാദവസൈന്യങ്ങളോടുതോററ് പരമേശ്വരനോട്ട് സൌഭമെന്നുപേരായ ഒരു വിമാനത്തെ സമ്പാദിച്ചിട്ട് അങ്ങ് കൌരവപുരിയിലിരിക്കുന്ന സമയം നോക്കി മായാവിയായ അവൻ ദ്വാരകയെ കീഴടക്കുവാൻ ചെന്നു. ആ സമയം പ്രദ്യുമ്നൻ എല്ലാ യാദവസേനകളേയും ചേർത്തു് അവനെ തടുത്തുനിർത്തീട്ടു് അവൻെറ മന്ത്രിയും ഉഗ്രപരാക്രമിയുമായ ദ്യുമാവിനെ നിഗ്രഹിച്ചു. ആ യുദ്ധം , അങ്ങിനെ ഇരുപത്തേഴുദിവസം നിന്നു,

2 താവത്ത്വം രാമശാലീ ത്വരിതമുപഗതഃ
ഖണ്ഡിതപ്രായസൈന്യം
സൌഭേശം തം ന്യരുന്ധാസ്സ ച കില ഗദയാ
ശാർങ്ഗമഭ്രംശയത്തേ
മായാതാതം വ്യഹിംസീദപി തവ പുരത-
സ്തത്ത്വയാപി ക്ഷണാർദ്ധം
നാജ്ഞായീത്യാഹുരേകേ തദിദമവമതം
വ്യാസ ഏവ ന്യഷേധീൽ.

സാരം:— വിവരം അറിഞ്ഞു് അങ്ങ് ബലദേവനോ ടുകൂടെ വേഗംവന്നു്, മിക്കസൈന്യങ്ങളും നശിച്ചുകഴിഞ്ഞ ആ സാല്വനോടെതൃത്തു് അവൻ ഗദകൊണ്ടു് അങ്ങയുടെ ശാർങ്ഗമെന്ന ചാപത്തെ താഴെവീഴ്ത്തി, അങ്ങയുടെ മുമ്പിൽവെച്ചു് മായയാൽനിർമ്മിച്ച വസുദേവനെകൊല്ലുകയും ചെയ്തു. അവൻെറ ആ മായാവൃത്തിയെക്കുറിച്ചു് കുറേ നേരത്തേക്ക അങ്ങു് ഒന്നും അറിഞ്ഞതായിനടിച്ചില്ല.

3 ക്ഷിപ്ത്വാ സൗഭം ഗദാചൂർണ്ണിതമുദകനിധൌ
മങ്ക്ഷു സാല്വേപി ചക്രേ-
ണോൽകൃത്തേ ദന്തവക്ത്രഃ പ്രസഭമഭിപത-
ന്നഭ്യമുഞ്ചൽ ഗദാം തേ
കൌമോദക്യാ ഹതോസാവപി സുകൃതനിധി-
ശ്ചൈദ്യവൽ പ്രാപദൈക്യം
സർവ്വേഷാമേഷ പൂർവ്വം ത്വയി ധൃതമനസാം
മോക്ഷണാർത്ഥാവതാരഃ

സാരം:— സൌഭമെന്ന വിമാനത്തെ ഗദകൊണ്ടടിച്ചു സമുദ്രത്തിൽ തള്ളിയിട്ടശേഷം സുദർശനംകൊണ്ടു സാല്വ

നേ കൊല്ലുകയും പിന്നെ ഊക്കോടെ ചാടിവന്ന ദന്തവക്ത്രൻ അങ്ങയുടെ നേരെ ഗദപ്രയോഗിച്ചെങ്കിലും സത്വതന്നിധിയായ അവനും കൌമോദകികൊണ്ടു ഹതനായി ശിശുപാലനെപ്പോലെ ഐക്യത്തെ പ്രാപിച്ചു. ഈ അവതാരം മുമ്പ് അങ്ങയിൽ മനസ്സുറപ്പിച്ചിട്ടുള്ള സകലരുടേയും മോക്ഷത്തിന്നുവേണ്ടിയാകുന്നു.

4 ത്വയ്യായാതേഥ ജാതേ കില കുരുസദസി
ദ്യൂതകേ സംയതായാഃ
ക്രന്ദന്ത്യാ യാജ്ഞസേന്യാസ്സകരുണമകൃഥാ-
ശ്ചേലമാലാമനന്താം
അന്നാന്തപ്രാപ്തശർവ്വാംശജമുനിചകിത-
ദ്രൗപദീചിന്തിതോഥ
പ്രാപ്തശ്ശാകാന്നമശ്നൻ മുനിഗണമകൃഥാ-
സ്തൃപ്തിമന്തം വനാന്തേ.

സാരം:— അങ്ങ് മടങ്ങിപ്പോന്നതിന്റെ ശേഷം കൌരവന്മാരുടെ കൂട്ടത്തിൽ നിന്നുച്ചിരിക്കാതെയുണ്ടായ കള്ളച്ചൂതിൽ വലിച്ചിഴയ്ക്കപ്പെട്ട സമയം അങ്ങയെ വിളിച്ചു നിലവിളിച്ച പാഞ്ചാലിയുടെ ചുററിയുടുത്ത വസ്ത്രത്തെ അങ്ങ് കാരുണ്യത്തോടെ അവസാനമില്ലാതാക്കിച്ചെയ്തു. പിന്നൊരിക്കൽ കാട്ടിൽവെച്ച് അന്നംഒടുങ്ങിയ സമയം ദുർവ്വാസാവിന്റെ ശാപം ഭയപ്പെട്ട് പാഞ്ചാലി വിചാരിച്ചപ്പോൾ അവിടെ പ്രത്യക്ഷമായി ചീരയിലക്കറി ഭക്ഷിച്ച് ദുർവ്വാസാവിനെയും ശിഷ്യന്മാരേയും ഭോജനതൃപ്തന്മാരാക്കിച്ചെയ്തു.

5 യുദ്ധോദ്യോഗേഥ മന്ത്രേ മിളതി സതി വൃതഃ
ഫൽഗുനേന ത്വമേകഃ
കൌരവ്യ ദത്തസൈന്യഃ കരിപുരമഗമോ
ദൗത്യകൃൽ പാണ്ഡവാർത്ഥം

ഭീഷ്മദ്രോണാദിമാന്യേ തവ ഖലു വചനേ
ധിക്കൃതേ കൌരവേണ
വ്യാവൃണ്വൻ വിശ്വരൂപം മുനിസദസി പുരീം
ക്ഷോഭയിത്വാ ഗതോഭൂഃ

സാരം:—അനന്തരം ഭാരതയുദ്ധത്തിന്നുള്ള ആലോചന നടന്നുകൊണ്ടിരിക്കുമ്പോഠം, ആയുധമെടുക്കാത്ത അങ്ങയെ ഏകനായി അർജ്ജുനൻ വരിക്കയും, ദുര്യ്യോധനന്നു സൈന്യത്തെക്കൊടുത്തിട്ട് പാണ്ഡവന്മാക്കുവേണ്ടി ദൂതുപറയുവാൻ ഹസ്തിനപുരിയിലേയ്ക്കു പോകയും, ഭീഷ്മദ്രോണാദികഠം മാനിക്കപ്പെടുന്ന അങ്ങയുടെ അഭിപ്രായം ദുര്യ്യോധനൻ തിരസ്കരിച്ച സമയം മുനിസദസ്സിൽവെച്ച് അങ്ങ് വിശ്വരൂപംകാട്ടി രാജധാനി കലക്കി മടങ്ങിപ്പോരികയുംചെയ്തു.

6 ജിഷ്ണോസ്ത്വം കൃഷ്ണസൂതഃ ഖലു സമരമുഖേ
ബന്ധുഘാതേ ദയാലും
ഖിന്നം തം വീക്ഷ്യ വീരം കിമിദമയി സഖേ!
നിത്യ ഏഷകായമാത്മാ;
കോ വദ്ധ്യഃ കോത്ര ഹന്താ! തദിഹ വധഭിയം
പ്രോജ്ഝ്യ മയ്യർപ്പിതാത്മാ
ധർമ്മ്യം യുദ്ധം ചരേതി പ്രകൃതിമനയഥാ
ദർശയൻ വിശ്വരൂപം.

സാരം:—അല്ലയോ ശ്രീകൃഷ്ണഭഗവാനെ! അങ്ങാകട്ടെ അർജ്ജുനന്റെ സാരഥ്യംവഹിച്ച് യുദ്ധാരംഭത്തിൽ വീരനായ അർജ്ജുനനെ, ബന്ധുക്കളെ കൊല്ലുന്നതിൽ, ദയ നിമിത്തം ഖിന്നനായിക്കണ്ടിട്ട് "അല്ലയോ സഖേ! ഇതെന്തു്? ഈ ആത്മാവ് നിത്യനും ഏകനുമാകുന്നു. ഈ

ഘട്ടത്തിൽവധ്യനാരാണ്? ഹന്താവാരാണ്? അതിനാൽ ഇവിടെ ബന്ധുവധഭയത്തെ ഉപേക്ഷിച്ച്, എന്നിൽതന്നെ ആത്മാവിനെ സമർപ്പിച്ച് ക്ഷത്രിയധർമ്മമായ യുദ്ധത്തെച്ചെയ്യുക" എന്നുപറഞ്ഞു് വിശ്വരൂപത്തെകാണിച്ചുകൊടുത്തു് അർജ്ജുനനെ കൃതകൃത്യനാക്കിത്തീർത്തു.

7 ഭക്തോത്തംസേഥ ഭീഷ്മേ തവ ധരണിഭര-
ക്ഷേപകൃത്യൈകസക്തേ
നിത്യം നിത്യം വിഭിന്ദത്യവനിഭൃദയുതം
പ്രാപ്തസാദേ ച പാർത്ഥേ
നിശ്ശസ്ത്രത്വപ്രതിജ്ഞാം വിജഹദരിവരം
ധാരയൻ ക്രോധശാലീ-
വാധാവൻ; പ്രാഞ്ജലിം തം നതശിരസമഥോ
വീക്ഷ്യ മോദാദപാഗാഃ

സാരം:—അനന്തരം ഭഗവൽഭക്തശിരോമണിയായ ഭീഷ്മർ ഭൂഭാരഹരണമാകുന്ന അങ്ങയുടെ കൃത്യത്തെത്തന്നെ നിർവ്വഹിച്ചുകൊണ്ടു്, നാൾക്കുനാൾ പതിനായിരത്തിലധികം രാജാക്കളെ നശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അർജ്ജുനൻ തളരുകയും, ആയുധമെടുക്കയില്ലെന്നുള്ള അങ്ങയുടെ സത്യം അങ്ങുപേക്ഷിച്ച് ക്രോധാകുലനെന്ന നാട്യത്തിൽ സുദർശനചക്രമെടുത്തു് ഓടിച്ചെന്നപ്പോൾ, തലകുമ്പിട്ടു തൊഴുതുനില്ക്കുന്ന ഭീഷ്മനെക്കണ്ടു സന്തോഷിച്ച് മടങ്ങിപ്പോരുകയും ചെയ്തു.

8 യുദ്ധേ ദ്രോണസ്യ ഹസ്തിസ്ഥിരരണഭഗദ-
ത്തേരിതം വൈഷ്ണവാസ്ത്രം
വക്ഷസ്യാധത്ത ചക്രസ്ഥഗിതരവിമഹാഃ
പ്രാർദ്ദയത്സിന്ധുരാജം

നാഗാസ്ത്രേ കണ്ണമുക്തേ ക്ഷിതിമവനമയൻ
കേവലം കൃത്തമൌലിം
തത്രേ തത്രാപി പാത്ഥം കിമിവ നഹി ഭവാൻ
പാണ്ഡവാനാമകാഷീൽ

സാരം:—ദ്രോണയുദ്ധത്തിൽ ആനപ്പുറത്തു് ഉറച്ചിരുന്നു് യുദ്ധംചെയ്യുന്ന ഭഗദത്തനയച്ച നാരായണാസ്ത്രത്തെ താൻ മാറിൽ ധരിച്ചു. ചക്രംകൊണ്ടു് ആദിത്യരശ്മി മറച്ചു് ജയദ്രഥനെക്കൊന്നു. കണ്ണനാൽ നാഗാസ്ത്രമയയ്ക്കപ്പെട്ടസമയം ഭൂമിയെ താഴ്ത്തി അവിടേയും അർജ്ജുനനെ കേവലം കിരീടംമാത്രം ഛേദിച്ചു് രക്ഷിച്ചു. ഇവവിധം അങ്ങു് പാണ്ഡവന്മാരെ ഏതുവിധം രക്ഷിച്ചില്ല?

9 യുദ്ധാദൌ തീൎത്ഥഗാമീ സ ഖലു ഹലധരോ
നൈമിശക്ഷേത്രമൃച്ഛ-
ന്നപ്രത്യുത്ഥായിസൂതക്ഷയകൃദഥ സുതം
തൽപദേ കല്പയിത്വാ
യജ്ഞഘ്നം വല്ക്കലം പർവ്വണി പരിദലയൻ
സ്നാതതീൎത്ഥോ രണാന്തേ
സമ്പ്രാപ്തോ ഭീമദുൎയ്യോധനരണമശമം
വീക്ഷ്യ യാതഃ പുരീന്തേ.

സാരം:—ഭാരതയുദ്ധാരംഭത്തിൽതന്നെ തീൎത്ഥസ്നാനത്തിന്നുപോയ ആ ബലഭദ്രൻനൈമിശാരണ്യത്തിൽ ചെന്നപ്പോഴം തന്നെ കണ്ടെഴുന്നേല്ക്കാത്ത സൂതനെകൊന്നു്, ആ സൂതപുത്രനെ അവൻെറ സ്ഥാനത്തു് നിയമിച്ചിട്ടു്

വാവുതോറുംവന്ന് യാഗംമുടക്കുന്ന വല്ലലനെ നിഗ്രഹി ച്ച് പിന്നേയുംതീൎത്ഥസ്നാനവുംചെയ്ത യുദ്ധാവസാനത്തിൽ കുരുക്ഷേത്രത്തിലെത്തിച്ചേൎന്നസമയം ഭീമന്റേയും ദുൎയ്യോധനന്റേയും യുദ്ധം ശമിപ്പിക്കുവാൻ കഴികയില്ലെന്നുക ണ്ടു് ദ്വാരകയിലേയ്ക്കു മടങ്ങിപ്പോകയുംചെയ്തു.

10 സംസുപ്തദ്രൗപദേയക്ഷപണഹതധിയം
ദ്രൌണിമേത്യ ത്വദുക്ത്യാ
തന്മുക്തം ബ്രാഹ്മമസ്ത്രം സമഹൃത വിജയോ
മൌലിരത്നഞ്ച ജഹ്രേ
ഉച്ഛിത്യൈ പാണ്ഡവാനാം പുനരപി ച വിശ-
ത്യുത്തരാഗൎഭമസ്ത്രേ
രക്ഷന്നംഗുഷ്ഠമാത്രഃ കില ജഠരമഗാ-
ശ്ചക്രപാണിൎവ്വിഭോ! ത്വം.

സാരം:— ഉറങ്ങിക്കിടക്കുന്ന പാഞ്ചാലീപുത്രന്മാരെ കൊല്ലുകനിമിത്തം ബുദ്ധികെട്ട അശ്വത്ഥാമാവിനെ പി ടിച്ചു്, അവൻപ്രയോഗിച്ച ബ്രഹ്മാസ്ത്രത്തെ അങ്ങയുടെ കല്പനപ്രകാരം അൎജ്ജുനൻ സംഹരിച്ചു മൌലിരത്നത്തെ ഹരിക്കയുംചെയ്തു. പിന്നേയും അശ്വത്ഥാമാവു് പാണ്ഡവന്മാരുടെ വംശവിച്ഛേദത്തിന്നായി അയച്ച ബ്രഹ്മാസ്ത്രം ഉത്തരയുടെ ഗൎഭത്തിൽ പ്രവേശിച്ച സമയം അല്ലയോ സൎവ്വസമൎത്ഥനായ ഭഗവാനേ! അങ്ങു് അംഗുഷ്ഠമാത്രനാ യി തൃക്കയ്യിൽ സുദൎശനചക്രം ധരിച്ചു് ഗൎഭത്തെ രക്ഷിച്ചു.

11 ധൎമ്മൌഘം ധൎമ്മസൂനോരഭിദധദഖിലം
ഛന്ദമൃത്യുസ്സഭീഷ്മ-

സ്ഥാം പശ്യൻ ഭക്തിഭൂമ്നൈവ ഹി സപദി യയൌ
നിഷ്കളബ്രഹ്മഭൂയം
സംയാജ്യാശ്വമേധൈസ്ത്രിഭിരതിമഹിതൈ-
ർദ്ധർമ്മജം പൂർണ്ണകാമം
സമ്പ്രാപ്തോ ദ്വാരകാം ത്വം പവനപുരപതേ!
പാഹി മാം സർവ്വരോഗാൽ.

സാരം:— ഇഷ്ടംപോലെ മരണത്തെ വരിക്കാൻ കഴിവുള്ള ഭീഷ്മർ ധർമ്മപുത്രക്ക് ധർമ്മമാർഗ്ഗങ്ങളെവേണ്ടുംവിധം ഉപദേശിച്ചതിൻെറശേഷം അങ്ങയെകണ്ടുകൊണ്ട് ഭക്തിയുടെ മൂർദ്ധന്യതയാൽതന്നെ ക്ഷണത്തിൽ നിഷ്കളബ്രഹ്മഭാവത്തെ പ്രാപിച്ചു. അല്ലേയോ ഗുരുവായൂരപ്പ! അനന്തരം പൂർണ്ണകാമനായ ധർമ്മപുത്രരെക്കൊണ്ടു അത്യന്തം ശ്രേഷ്ഠങ്ങളായ മൂന്നശ്വമേധത്തെ യജിപ്പിച്ചിട്ട് ദ്വാരകയിലേക്കു മടങ്ങിപ്പോന്ന അങ്ങ് എന്നെ സകലരോഗങ്ങളിൽ നിന്നും രക്ഷിക്കണേ!

★

## എൺപത്തിഏഴാം ദശകം

### കുചേലോപാഖ്യാനം

1 കുചേലനാമാ ഭവതഃ സതീർത്ഥ്യതാം
ഗതഃ സ സാന്ദീപനിമന്ദിരേ ദ്വിജഃ
ത്വദേകരാഗേണ ധനാദിനിസ്പൃഹോ
ദിനാനി നിന്യേ പ്രശമീ ഗൃഹാശ്രമീ.

സാരം:— സാന്ദീപനിയുടെ ഗൃഹത്തിൽ വെച്ച് നിന്തിരുവടി ഒരുമിച്ചു പഠിച്ചവനും പ്രശാന്തസ്വഭാവനും ഗൃഹസ്ഥാശ്രമിയുമായ കുചേലനെന്ന ബ്രാഹ്മണൻ അങ്ങയിലുള്ള ഭക്തിനിമിത്തം ധനാദികളിൽ ആഗ്രഹിക്കാതെ ദിവസങ്ങളെ കഴിച്ചുപോന്നു.

1 സമാനശീലാപി തദീയവല്ലഭാ
തഥൈവ നോ ചിത്തജയം സമേയുഷീ
കദാചിദൂചേ ബത വൃത്തിലബ്ധയേ
രമാപതിഃ കിന്ന സഖാ നിഷേവ്യതേ.

സാരം:— തുല്യശീലയാണെങ്കിലും അദ്ദേഹത്തിന്റെ പത്നി, അദ്ദേഹത്തെപ്പോലെതന്നെ ചിത്തജയത്തെ പ്രാപിച്ചിട്ടില്ലാത്തതുകൊണ്ട്, "കഷ്ടം! ഉപജീവനനിവൃത്തിക്ക് സഖിയായ രമാപതിയെ എന്താണ് സേവിക്കാത്തതെ"ന്ന് ഒരുദിവസം ഭർത്താവിനോട് ചോദിച്ചു.

3 ഇതീരിതോയം പ്രിയയാ ക്ഷുധാർത്തയാ
ജുഗുപ്സമാനോപി ധനേ മദാവഹേ
തദാ ത്വദാലോകനകൌതുകാദ്യയൌ
വഹൻ പടാന്തേ പൃഥുകാനുപായനം.

സാരം:— മദത്തെ വർദ്ധിപ്പിക്കുന്ന ധനത്തിൽ വെറുപ്പുള്ളവനെങ്കിലും, വിശപ്പുകൊണ്ട് പരവശയായ പത്നി ഈവിധം പറഞ്ഞതുകേട്ടപ്പോൾ, മുണ്ടിന്റെ തലയ്ക്കൽ അങ്ങയ്ക്കു കാഴ്ചവെയ്ക്കുവാനുള്ള കുറച്ച് അവിൽ കെട്ടിപ്പൊതിഞ്ഞ്, അങ്ങയെ കാണ്മാനുള്ള കൌതുകത്താൽ ദ്വാരകയ്ക്കു പുറപ്പെട്ടു.

4 ഗത്വായമാശ്ചര്യമയീം ഭവൽപുരീം
ഗൃഹേഷു ശൈബ്യാഭവനം സമേയിവാൻ
പ്രവിശ്യ വൈകുണ്ഠമിവാപ നിർവൃതിം
തവാതിസംഭാവനയാ തു കിം പുന:

സാരം:—കുചേലൻ ആശ്ചര്യമയമായ അങ്ങയുടെ രാജധാനിയിൽ പതിനാറായിരത്തെട്ട് ഗൃഹങ്ങളിൽവെച്ച് ശൈബ്യയുടെ ഭവനത്തിൽ ചെന്നസമയം വൈകുണ്ഠമെന്നപോലെയുള്ള സൌഖ്യത്തെ അനുഭവിച്ചു. അങ്ങയുടെ സൽക്കാരാധിക്യംകൊണ്ടു പിന്നെ പറയേണ്ടതുണ്ടോ?

5 പ്രപൂജിതം തം പ്രിയയാ ച വീജിതം
കരേ ഗൃഹീത്വാ കഥയ: പുരാകൃതം
യദിന്ധനാർത്ഥം ഗുരുദാരചോദിതൈ-
രപർത്തുവർഷം തദമർഷി കാനനേ.

സാരം:—വിധിപ്രകാരം പൂജിക്കപ്പെട്ടവനും, സ്വപത്നിയാൽ വീശിക്കപ്പെട്ടവനുമായ അദ്ദേഹത്തെ കൈക്കുപിടിച്ച്, "വിറകിനുവേണ്ടി ഗുരുപത്നിയുടെനിയോഗത്താൽ നമ്മൾ കാട്ടിൽവെച്ച് പെയ്ത മഴനനഞ്ഞു" എന്ന ആ പഴയ കഥകളെ പറഞ്ഞു.

6 ത്രപാജുഷോസ്മാൽ പൃഥുകം ബലാദഥ
പ്രഗൃഹ്യ മുഷ്ടൌ സകൃദാശിതേ ത്വയാ
'കൃതം കൃതം നന്വിയതേ'തിസംഭ്രമാ-
ദ്രമാ കിലോപേത്യ കരം രുരോധ തേ.

സാരം:—നിസ്സാരമായ ഈ അവിൽ കാഴ്ചവെക്കുവാൻ ലജ്ജിച്ചു മാച്ചുവെച്ചിരുന്നതിനെ നിന്തിരുവടി കടന്നുപി

ടിച്ചെടുത്തു് ഒരുപിടിവാരി ഭക്ഷിക്കയും, പിന്നെ രണ്ടാമതും വാരാൻ തുടങ്ങിയപ്പോൾ "ഇത്രയുംമതി" എന്നുപറഞ്ഞു് സാക്ഷാൽ ലക്ഷ്മീദേവി അവിടെ ആവിർഭവിച്ചു അങ്ങയുടെ കൈക്കുപിടിച്ചുപോൽ.

7 ഭക്തേഷു ഭക്തേന സ മാനിതസ്ത്വയാ
പുരീം വസന്നേകനിശാം മഹാസുഖം
ബതാപരേദ്യുർദ്രവിണം വിനാ യയൌ
വിചിത്രരൂപ സ്തവഖല്വനുഗ്രഹഃ!

സാരം:—കുചേലൻ, സ്വഭക്തന്മാരിൽ, പ്രീതിയുള്ള നിന്തിരുവടിയാൽ മാനിക്കപ്പെട്ടവനായിട്ടു് ഒരു രാത്രിമുഴുവൻ അതീവ സൌഖ്യത്തോടെ ദ്വാരകയിൽ പാർത്തു് കഷ്ടമേ! ആശ്ചര്യമേ പിറേറന്നാൾ ധനമൊന്നും കൂടാതെ മടങ്ങിപ്പോയി, അങ്ങയുടെ അനുഗ്രഹം വിചിത്രംതന്നെ!

8 "യദിഹ്യയാചിഷ്യമദാസ്യദച്യുതോ
വദാമി ഭാര്യ്യാം കി"മിതി വ്രജന്നസൌ
ത്വദുക്തിലീലാസ്മിതമഗ്നധീഃ പുനഃ
ക്രമാദപശ്യൻ മണിദീപ്രമാലയം.

സാരം:—"കഷ്ടം ഞാൻ വല്ലതും ചോദിച്ചിരുന്നുവെങ്കിൽ ഭഗവാൻ തരുമായിരുന്നു. അവിടെച്ചെന്നു് ഇനി ഞാൻ ഭാര്യ്യയോടു എന്താണു പറയേണ്ടതു്?" എന്നു വിചാരിച്ചു് വഴിനടന്നുപോകുന്ന ആ കുചേലൻ, അങ്ങയുടെ വാക്കുകളിലും ലീലാവിലാസങ്ങളിലും മനസ്സലയിച്ച് ക്രമേണ രത്നപരിശോഭിതമായി മിന്നിത്തിളങ്ങുന്ന ഒരു മഹാമന്ദിരത്തെക്കണ്ടു.

9 കിം മാർഗ്ഗവിഭ്രംശ ഇതി ഭ്രമൻ ക്ഷണം
ഗൃഹം പ്രവിഷ്ടഃ സ ദദർശ വല്ലഭാം
സഖീപരീതാം മണിഹേമഭൂഷിതാം
ബുബോധ ച ത്വൽകരുണാം മഹാത്ഭുതാം!

സാരം:—"വഴി തെററിയോ" എന്നിങ്ങിനെ ക്ഷണ നേരം പരിഭ്രമിച്ചിട്ട്, അദ്ദേഹം ഗൃഹത്തിൽ കടന്നുചെന്ന അവിടെ ദാസിമാരാൽ ചൂഴമിട്ട്, രത്നാഭരണങ്ങളും സ്വ ർണ്ണാഭരണങ്ങളും അണിഞ്ഞുനില്ക്കുന്ന ഭാര്യയേകണ്ടു് അത്യ ത്ഭുതകരമായ അങ്ങയുടെ കൃപാതിശയത്താൽ സമ്പത്തു ണ്ടായ പരമാൎത്ഥം അവളെ ബോധിപ്പിക്കയും ചെയ്തു.

10 സ രത്നശാലാസു വസന്നപി സ്വയം
സമുന്നമത്ഭക്തിഭരോഽമൃതം യയൗ
ത്വമേവമാപൂരിതഭക്തവാഞ്ഛിതോ
മരുൽപുരാധീശ ഹരസ്വ മേ ഗദാൻ

സാരം:—ആ കുചേലബ്രാഹ്മണൻ, രത്നസമ്പൂർണ്ണമായ ഗൃഹത്തിൽ പാൎക്കുകയാണെങ്കിലും ക്രമപ്രവൃദ്ധമായ ഭഗവ ത്ഭക്തിഭാരത്തോടുകൂടിയവനായിട്ട് മോക്ഷത്തെ പ്രാപി ച്ചു. അല്ലയോ ഗുരുവായൂരപ്പ! ഈ വിധം ഭക്തന്മാരുടെ മനോരഥപരിപൂർത്തി വരുത്തുന്ന അങ്ങ് എൻെറ രോഗ ങ്ങളെ ഹരിക്കണേ!

*

## എൺപത്തിഎട്ടാം ദശകം

### സന്താനഗോപാലം

1 പ്രാഗേവാചാര്യപുത്രാഹൃതിനിശമനയാ
സ്വീയഷട്സൂനുവീക്ഷാം
കാംക്ഷന്ത്യാ മാതുരുക്ത്യാ സുതലഭുവി ബലിം
പ്രാപ്യ തേനാച്ചിതസ്ത്വം
ധാതുശ്ശാപാദ്ധിരണ്യാന്വിതകശിപുഭവാൻ
ശൌരിജാൻ കംസഭഗ്നാ-
നാനീയൈനാൻ പ്രദർശ്യ സ്വപദമനയഥാഃ
പൂർവ്വപുത്രാൻ മരീചേഃ

സാരം:—ഗുരുപുത്രനെക്കൊണ്ടുവന്നതു കേട്ടിക്കയാൽ പണ്ടുതന്നെ തന്റെ ആറു മക്കളെക്കാണ്മാൻ ആഗ്രഹിച്ചു കൊണ്ടിരിക്കുന്ന അമ്മയുടെ വാക്കുകാരണം അങ്ങ് സുതലത്തിൽ മഹാബലിയുടെ അടുക്കൽപോയി അദ്ദേഹത്തിനാൽ പൂജിതനായിട്ട്, ബ്രഹ്മശാപത്താൽ ഹിരണ്യകശിപുവിന്റെ പുത്രന്മാരായി ജനിച്ചു; പിന്നീട് വസുദേവപുത്രന്മാരായും, കംസനാൽനിഗ്രഹിക്കപ്പെട്ടവരായും, മരീചിയുടെ ആദ്യപുത്രന്മാരുമായ ഇവരെ കൊണ്ടുവന്ന് ദേവകിയ്ക്കു കാണിച്ചുകൊടുത്തു് സ്വർഗ്ഗലോകത്തെ പ്രാപിപ്പിച്ചു.

2 ശ്രുതദേവ ഇതി ശ്രുതം ദ്വിജേന്ദ്രം
ബഹുലാശ്വം നൃപതിം ച ഭക്തിപൂർണ്ണം
യുഗപത്ത്വമനുഗ്രഹീതുകാമോ
മിഥിലാം പ്രാപിഥ താപസൈഃ സമേതഃ

സാരം:— ശ്രുതദേവൻ എന്ന പ്രസിദ്ധനായ ബ്രാഹ്മണനേയും ഭക്തിപൂർണ്ണനായ ബഹുലാശ്വൻ എന്ന മിഥിലാ രാജാവിനേയും ഒന്നിച്ചനുഗ്രഹിക്കുവാൻവേണ്ടി അങ്ങ് മഹർഷിമാരോടുകൂടെ മിഥിലയെ പ്രാപിച്ചു.

3 ഗച്ഛൻ ദ്വിമൂർത്തിരുഭയോര്യുഗപന്നികേത-
മേകേന ഭൂരിവിഭവൈർവ്വിഹിതോപചാരഃ
അന്യേന തദ്ദിനഭൃതൈശ്ച ഫലൌദനാദ്യൈ-
സ്തുല്യം പ്രസേദിഥ; ദദാഥ ച മുക്തിമാഭ്യാം.

സാരം:— അങ്ങ് രണ്ടു് ശരീരമെടുത്തു് രണ്ടാളുടേയും ഗൃഹത്തിൽ ഒരേ സമയത്തു ചെന്നു് രാജാവു അനേക വിഭവങ്ങളെക്കൊണ്ടും ബ്രാഹ്മണൻ അന്നു് സമ്പാദിച്ച ഫലം അന്നം മുതലായതുകളെക്കൊണ്ടും ഉപചാരം ചെയ്കയും അവരെ രണ്ടുപേരേയും ഒരുപോലെ പ്രസാദിച്ചനുഗ്രഹിച്ച് മുക്തിയരുളുകയും ചെയ്തു.

4 ഭൂയോഥ ദ്വാരവത്യാം ദ്വിജതനയമൃതിം
തൽപ്രലാപാനപി ത്വം
"കോ വാ ദൈവം നിരുന്ധ്യാ"ദിതി കില കഥയൻ
വിശ്വവോഢാപ്യസോഢാഃ
ജിഷ്ണോർഗ്ഗർവ്വം വിനേതും ത്വയി മനുജധിയാ
കുണ്ഠിതാഞ്ചാസ്യബുദ്ധിം
തത്ത്വാരൂഢാം വിധാതും പരമതമപദ-
പ്രേക്ഷണേനേതി മന്യേ.

സാരം:— അനന്തരം, ദ്വാരകയിൽ ഒരു ബ്രാഹ്മണന്നു ജനിക്കുന്ന സന്താനങ്ങൾ എല്ലാം അപ്പോഴപ്പോൾ തന്നെ

മരിക്കുകയും, ആ സമയങ്ങളിലൊക്കെ ദുഃഖാൎത്തനായ ബ്രാഹ്മണൻ സങ്കടങ്ങൾ പറകയും ചെയ്തിട്ടുണ്ട്. അതിന്ന് ഒരു പരിഹാരവുമുണ്ടാക്കാതെ "ദൈവവിധി തീൎക്കാൻ ആൎക്കുകഴിയും" എന്നു പറഞ്ഞു്, വിശ്വംഭരനാണെങ്കിലും അങ്ങു ബ്രാഹ്മണൻെറ ചാട്ടുക്കതികൾ കേട്ടു് സഹിച്ചുവത്രെ. ഇതു് അൎജ്ജുനൻെറ ഗൎവ്വുകളയാൻവേണ്ടിയും, അങ്ങ് കേവലം മനുഷ്യനാണെന്നു വിചാരിച്ച് വിവേകശൂന്യമായിത്തീൎന്ന അവൻെറ ബുദ്ധിയെ സാക്ഷാൽ വൈകുണ്ഠപദം കാണിച്ചു പരമാൎത്ഥ ബോധിയാക്കിത്തീൎക്കാനും വേണ്ടിയാണ്; സംശയമില്ല.

5 നഷ്ടാ അഷ്ടാസ്യപുത്രാഃ പുനരപി തവ തൂ-
പേക്ഷയാ കഷ്ടവാദഃ
സ്പഷ്ടോ ജാതോ ജനാനാമഥ തദവസരേ
ദ്വാരകാമാരപാൎത്ഥഃ
മൈത്ര്യാ തത്രോഷിതോസൌ നവമസുതമൃതൌ
വിപ്രവൎയ്യപ്രരോദം
ശ്രുത്വാ ചക്രേ പ്രതിജ്ഞാമനുപഹൃതസുതഃ
സന്നിവേക്ഷ്യേ കൃശാനും

സാരം:— ഈ ബ്രാഹ്മണനു് ഈവിധം എട്ടുപുത്രന്മാർ നഷ്ടമായി. എന്നിട്ടും അങ്ങ് ഒന്നും പ്രവൎത്തിക്കാതിരുന്നതിനാൽ പൌരാവലിയുടെ ഇടയിൽ അപവാദം വ്യക്തമായിപ്പരന്നു. അന്നു് ഒരു ദിവസം അൎജ്ജുനൻ ദ്വാരകയിൽ വന്നു് ബന്ധുഭാവനയിൽ പാൎക്കുന്ന കാലത്തു് ഒമ്പതാമത്തെ കുട്ടിയും കഴിഞ്ഞ ബ്രാഹ്മണൻെറ നിലവിളികേട്ടു്, "ഇനിയത്തെ പുത്രനെ ഞാൻ രക്ഷിച്ചുതരും, അങ്ങിനെ തന്നില്ലെങ്കിൽ ഞാൻ അഗ്നിപ്രവേശം ചെയ്യുന്നുണ്ടു്" എന്നു് അൎജ്ജുനൻ സത്യം ചെയ്കയുണ്ടായി!

6 മാനീ സ ത്വാമപൃഷ്ട്വാ ദ്വിജനിലയഗതോ-
ബാണജാലൈർമ്മഹാസ്ത്രൈ-
രുന്ധാനഃ സൂതിഗേഹം പുനരപി സഹസാ
ദൃഷ്ടനഷ്ടേ കുമാരേ
യാമ്യാമൈന്ദ്രീം തഥാന്യാ സുരവരനഗരീർ
വിദ്യയാസാദ്യ സദ്യോ
മോഘോദ്യോഗഃ പതിഷ്യൻ ഹുതഭുജി ഭവതാ
സസ്മിതം വാരിതോഽഭൂത്!

സാരം:—അഭിമാനശാലിയായ അർജ്ജുനൻ അങ്ങ യോടുപറയാതെ ബ്രാഹ്മണഗൃഹത്തിൽചെന്നു് ആഗ്നേയാദ്യ സ്ത്രമന്ത്രതന്ത്രിതങ്ങളായ ശരസമൂഹങ്ങളാൽ സൂതികാഗൃഹ ത്തെ ബന്ധനംചെയ്തു് കാത്തിരിക്കുകയും, പിന്നേയും ജാത നായ കുമാരനെ പെട്ടെന്നു കണ്ടുമറയുകയും ചെയ്തതുകണ്ടു, കോപവും നൈരാശ്യവും നിറഞ്ഞ മനസ്സോടുകൂടി യമലോ കത്തും ഇന്ദ്രലോകത്തും അതുപോലുള്ള മറെറല്ലാ ലോകങ്ങ ളിലും ആ കുട്ടിയെ തിരഞ്ഞുപോവുകയും, ഒരു ദിക്കിലും ക ണ്ടുകിട്ടായ്കയാലും കിട്ടുകയില്ലെന്നു ബോദ്ധ്യപ്പെടുകയാലും, തൻെറ സത്യം നിറവേററുവാൻ അഗ്നി ജ്വലിപ്പിച്ചു ചാടു വാൻ തുടങ്ങിയപ്പോൾ അങ്ങു മന്ദസ്മിതസമന്വിതം വേഗം വന്നു് അവനെത്തടുത്തു.

7 സാർദ്ധം തേന പ്രതീചീം ദിശമതിജവിനാ-
സ്യന്ദനേനാഭിയാതോ
ലോകാലോകം വ്യതീതസ്തിമിരഭരമഥോ
ചക്രധാമ്നാ നിരുന്ധൻ

ചക്രാംശുക്ലിഷ്ടദൃഷ്ടിം സ്ഥിതമഥ വിജയം
പശ്യ പശ്യേതി വാരാം
പാരേ ത്വാം പ്രാദദർശഃ കിമപി ഹി തമസാം
ദൂരദൂരം പദന്തേ.

സാരം:—അങ്ങ് അർജ്ജുനനോടുകൂടി അതിവേഗമുള്ള തേരിൽ കയറി പടിഞ്ഞാറേ ദിക്കുനോക്കിയാത്രതിരിച്ചു, ലോകാലോകപർവ്വതംകടന്ന്, ഇരുട്ടിനെ സുദർശന ചക്രതേജസ്സുകൊണ്ടില്ലാതാക്കി, ചക്രതേജസ്സുകൊണ്ടു കണ്ണുമിഴിപ്പാൻ പോലും വയ്യാതായിത്തീന്ന അർജ്ജുനനോട്, ഇതാ കണ്ടു കൊൾക' എന്നിങ്ങിനെ കാരണജാലത്തിൻെറ മറുകരയ്ക്കൽ ഇരുട്ടിനടുക്കാൻ കഴിയാത്തതായ, അങ്ങയുടെ അനിർവ്വചനീയവും പ്രസിദ്ധപ്പെട്ടതുമായ ആ പരമപദത്തെ അങ്ങ് കാണിച്ചുകൊടുത്തു.

8 തത്രാസീനം ഭുജംഗാധിപശയനതലേ
ദിവ്യഭൂഷായുധാദ്യൈ-
രാവീതം പീതചേലം പ്രതിനവജലദ-
ശ്യാമളം ശ്രീമദംഗം
മൂർത്തീനാമീശിതാരം പരമിഹ തിസൃണാ-
മേകമർത്ഥം ശ്രുതീനാം
ത്വാമേവ ത്വാം പരാത്മൻ പ്രിയസഖസഹിതോ
നേമിഥ ക്ഷേമരൂപം!

സാരം:—ആ വൈകുണ്ഠത്തിൽ അനന്തശയനനായി സ്ഥിതിചെയ്യുന്നവനും ദിവ്യാഭരണങ്ങളേയും ദിവ്യായുധങ്ങളേയും ധരിച്ച്, പീതാംബരവുമുടുത്ത് പുതിയ കാർമേഘകാന്തിയേക്കാൾ തേജസ്സോടുകൂടിയവനും, സർവ്വാവയവസൌന്ദര്യസമർത്ഥനും സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങളിൽ ത്രിമൂർത്തികളെ ശരിയായി നിയമിക്കുന്നവനും ദേവ

നാഥനും ആനന്ദമൂർത്തിയും ആയ അങ്ങയെത്തന്നെ അല്ലയോ പരമാത്മസ്വരൂപിയായ ഗുരുവായൂരപ്പ! അങ്ങ് അർജ്ജുനനോടുകൂടെ നമസ്കരിച്ചു.

9 യുവാം മാമേവ ദ്വാവധികസുവൃതാന്തർഹിതതയാ
വിഭിന്നൗ സന്ദ്രഷ്ടും സ്വയമഹമഹാർഷം ദ്വിജസുതാൻ
നയേതം ദ്രാഗേതാനിതി ഖലു വിതീർണ്ണാൻ പുനരമൂൻ
ദ്വിജായാദായാദാഃ പ്രണുതമഹിമാ പാണ്ഡുജനുഷാ.

സാരം:—ഏററവും പ്രകാശിച്ചും ഏററവും മറഞ്ഞുമിരിക്കുന്ന ഐശ്വര്യത്തോടുകൂടിയ നിലയിൽ രണ്ടായിപ്പിരിഞ്ഞിരിക്കുന്ന, ജീവേശ്വരരൂപത്തിൽ ഭിന്നന്മാരായിരിക്കുന്ന നിങ്ങൾ രണ്ടുപേരും ഞാൻതന്നെയാണ്. അങ്ങിനെയിരിക്കുന്ന നിങ്ങൾ രണ്ടുപേരേയും ഒരുമിച്ചു അടുത്തു കാണ്മാൻവേണ്ടിയാണ് സ്വയമേവ ആ ബ്രാഹ്മണകുമാരന്മാരെ കൊണ്ടുപോന്നതു്. ഇനി ഇവരെ വേഗത്തിൽകൊണ്ടുപൊയ്ക്കൊള്ളുവിൻ!'' എന്നുപറഞ്ഞു് പരമാത്മസ്വരൂപനാൽ നൽകപ്പെട്ട കുമാരന്മാരേയും കൊണ്ടുവന്നു് ബ്രാഹ്മണനു ദാനംചെയ്തു—ബ്രാഹ്മണൻ രണ്ടുപേരേയും അത്യധികം പുകഴ്ത്തി.

10 ഏവം നാനാവിഹാരൈർജ്ജഗദഭിരമയൻ
വൃഷ്ണിവംശം പ്രപുഷ്ണ-
ന്നീജാനോ യജ്ഞഭേദൈരഖിലവിഹൃതിഭിഃ
പ്രീണയന്നേണനേത്രാഃ
ഭൂഭാരക്ഷേപദംഭാൽ പദകമലജുഷാം
മോക്ഷണായാവതീർണ്ണഃ
പൂർണ്ണം ബ്രഹ്മൈവ സാക്ഷാദ്യദുഷു മനുജതാ-
രൂഷിതസ്ത്വം വ്യലാസീഃ

സാരം:— ഈവിധം അനേകവിധ ലീലകളെക്കൊണ്ടു ലോകം മുഴുവനും രമിപ്പിക്കുകയും വൃഷ്ണിവംശത്തെ പോഷിപ്പിക്കുകയും അനേകവിധ യജ്ഞങ്ങൾചെയ്യുകയും അനുപമങ്ങളായ ക്രീഡകളെക്കൊണ്ട് തന്റെ വല്ലഭമാരെ തൃപ്തിപ്പെടുത്തുകയുംചെയ്തിട്ട് ഭൂഭാരഹരണമെന്ന വ്യാജേന തന്റെ പാദാംബുജങ്ങളെ ആശ്രയിച്ച ഭക്തന്മാർക്കു മുക്തിനൽകുവാൻവേണ്ടി യദുവംശത്തിൽ വന്നവതരിച്ചിരിക്കുന്ന എങ്ങുംനിറഞ്ഞ സാക്ഷാൽ പരബ്രഹ്മമൂർത്തിയായ നിന്തിരുവടി പുറമെ മനുഷ്യഭാവംകൊണ്ട് മറയപ്പെട്ടവനായി ശോഭിച്ചു.

11 പ്രായേണ ദ്വാരവത്യാമവൃതദയി തദാ
നാരദസ്ത്വദ്രസാർദ്ര-
സ്തസ്മാല്ലേഭേ കദാചിൽ ഖലു സുകൃതനിധി
സ്ത്വൽപിതാ തത്വബോധം
ഭക്താനാമഗ്രയായീ സ ച ഖലു മതിമാ-
നുദ്ധവസ്ത്വത്ത ഏവ
പ്രാപ്തോ വിജ്ഞാനസാരം സ കില ജനഹിതാ-
യാധുനാസ്തേ ബദര്യ്യാം.

സാരം:— അല്ലയോ ഭഗവൻ, അക്കാലത്ത് നാരദമഹർഷി ഭഗവത്സേവാരസാർദ്രഹൃദയനായിട്ട് അധികസമയവും ദ്വാരകയിൽ പാർത്തുവന്നു. സുകൃതനിധിയായ വസുദേവൻ നാരദങ്കൽനിന്നു് ജ്ഞാനോപദേശത്തെ സ്വീകരിച്ചു. ഭക്തശിരോമണിയും ബുദ്ധിമാനുമായ ഉദ്ധവനാകട്ടെ, അങ്ങയിൽനിന്നുതന്നെ സാരമായ വിജ്ഞാനത്തെയും ഗ്രഹിച്ചു. ആ ഉദ്ധവൻ ഇപ്പോൾ ഭക്തജനഹിതാർത്ഥം ബദര്യ്യാശ്രമത്തിൽ വസിച്ചുചെയ്യുന്നുവത്രെ.

12 സോയം കൃഷ്ണാവതാരോ ജയതി തവ വിഭോ!
യത്ര സൌഹാർദ്ദഭീതി-
സ്നേഹദ്വേഷാനുരാഗപ്രഭൃതിഭിരതുലൈ-
രശ്രമൈർയ്യോഗഭേദൈഃ
ആർത്തിം തീർത്ത്വാ സമസ്താമമൃതപദമഗു-
സ്സർവ്വതസ്സർവ്വലോകാഃ
സ ത്വം വിശ്വാർത്തിശാന്ത്യൈ പവനപുരപതേ!
ഭക്തിപൂർത്ത്യൈ ച ഭൂയാഃ

സാരം:—അല്ലയോ വിഭുവായ ഭഗവാനേ! അങ്ങയുടെ ഈ ശ്രീകൃഷ്ണാവതാരം സർവ്വോൽക്കർഷേണ വർത്തിക്കുന്നു! യാതൊരവസരത്തിൽ സകലജനങ്ങളും—ലോകംമുഴുവനും—സൌഹാർദ്ദം, ഭയം, സ്നേഹം, ദ്വേഷം, അനുരാഗം തുടങ്ങിയുള്ള അനുപമങ്ങളും അദ്ധ്വാനമില്ലാത്തതുമായ ഭഗവൽപ്രാപ്തിക്കുള്ള ഉപായവിശേഷങ്ങളെ, എവിടേയും എല്ലാവിധ ദുഃഖങ്ങളേയും അതിക്രമിച്ച് മോക്ഷംപ്രാപിച്ചു. അല്ലയോ ഗുരുവായൂരപ്പ! ആ നിന്തിരുവടി എന്റെ സകലപീഡാനിവൃത്തിക്കായിക്കൊണ്ടും ഭക്തിപൂർത്തിക്കായിക്കൊണ്ടും ഭവിക്കേണമേ!

★

## എൺപത്തിഒമ്പതാം ദശകം

### വൃകാസുരവധം

1 രമാജാനേ ജാനേ യദിഹ തവ ഭക്തേഷു വിഭവോ
ന സദ്യസ്സംപാദ്യസ്തദിഹ മദകൃത്ത്വാദശമിനാം
പ്രശാന്തിം കൃത്വൈവ പ്രദിശസി തതഃ കാമമഖിലം
പ്രശാന്തേഷു ക്ഷിപ്രം ന ഖലു ഭവദീയേ ച്യുതികഥാ.

സാരം:—അല്ലയോ ലക്ഷ്മീവല്ലഭനായ ഭഗവാനെ! അങ്ങയെ ഭജിക്കുന്ന ഭക്തന്മാൎക്കു വേഗത്തിൽ ഫലസിദ്ധി കാണാത്തതിന്നു കാരണം, മനശ്ശാന്തി വന്നിട്ടില്ലാത്തവൎക്കു അതു് അഹങ്കാരകാരണമായിത്തീരുമെന്നതുകൊണ്ടാണു്. അതിനാൽ നല്ലപോലെ മനശ്ശാന്തി വന്നതിന്നുശേഷം മാത്രമേ അങ്ങു് അഭീഷ്ടങ്ങളരുളുന്നുള്ളു; മനശ്ശാന്തിവന്നാൽ പിന്നെ ഒട്ടും താമസിക്കുന്നതുമില്ല. അങ്ങയുടെ ഭക്തന്മാരിൽ ഭ്രംശത്തിന്റെ കഥപോലും ഇല്ല.

2 സദ്യഃ പ്രസാദരുഷിതാൻ വിധിശങ്കരാദീൻ
കേചിദ്വിഭോ നിജഗുണാനുഗുണം ഭജന്തഃ
ഭ്രഷ്ടാ ഭവന്തി ബത! കഷ്ടമദീൎഘദൃഷ്ട്യാ
സ്പഷ്ടം വൃകാസുര ഉദാഹരണം കിലാസ്മിൻ!

സാരം:—അല്ലയോ വിഭുവായ ഭഗവാനെ! അവരവരുടെ വാസനയ്ക്കൊത്തവിധം വേഗം പ്രസാദിക്കുകയും വേഗം കോപിക്കുകയും ചെയ്യുന്ന ബ്രഹ്മരുദ്രാദികളെ സേവിച്ചിട്ടു് ദീൎഘദൎശനമില്ലായ്കനിമിത്തം ഭ്രഷ്ടന്മാരായിത്തീരുന്നു. കഷ്ടമേ കഷ്ടം! ഇക്കാൎയ്യത്തിൽ വൃകാസുരൻ തക്കതായ ഉദാഹരണമാണെന്നു് പ്രസിദ്ധമാണു്.

3 ശകുനിജസ്സ തു നാരദമേകദാ
ത്വരിതതോഷമപൃച്ഛദധീശ്വരം
സ ച ദിദേശ ഗിരീശമുപാസിതും
ന തു ഭവന്തമബന്ധുമസാധുഷു.

സാരം:—ആ വൃകാസുരനാകട്ടെ ഒരിക്കൽ നാരദൎഷിയോടു ക്ഷിപ്രപ്രസാദിയായ ദേവനാരെന്നു ചോദിച്ചു. നാരദൻ ശിവനെ സേവിപ്പാൻ പറഞ്ഞയച്ചു. ദുഷ്ടന്മാൎക്കു ബന്ധുവല്ലാത്ത അങ്ങയെ നാരദൻ ചൂണ്ടിക്കാട്ടിയില്ല.

4 തപസ്തപ്ത്വാ ഘോരം സ ഖലു കുപിതസ്സപ്തമദിനേ
ശിരഃ ഛിത്വാ സദ്യഃ പുരഹരമുപസ്ഥാപ്യ പുരതഃ
അതിക്ഷുദ്രം രൌദ്രം ശിരസി കരദാനേന നിധനം
ജഗന്നാഥാദ്വവ്രേ ഭവതി വിമുഖാനാം ക്വ ശുഭധീഃ

സാരം:— ആ വൃകാസുരൻ ഘോരതപസ്സുചെയ്തു്, ഏഴാംദിനം ക്രുദ്ധതയാ കഴുത്തറുത്തു ഹോമിക്കുവാൻ തുടങ്ങുമ്പോഴേ ശിവൻ പ്രത്യക്ഷനായി, ആ ജഗദീശ്വരങ്കൽനിന്നു് "ശിരസ്സിൽ കൈവെച്ചാൽമരിക്കണ"മെന്ന നിസ്സാരവുംക്രൂരവുമായ വരത്തെ സാധിപ്പിച്ചു. അങ്ങയിൽവിമുഖന്മാരായ വെറും മായാബധിരന്മാൎക്കു സൽബുദ്ധിയുണ്ടാകുമൊ?

5 മോക്താരം ബന്ധമുക്തോ ഹരിണപതിരിവ
പ്രാദ്രവത്സോഥ രുദ്രം
ദൈത്യാൽ ഭീത്യാ സ്മ ദേവോ ദിശി ദിശി വലതേ
പൃഷ്ഠതോ ദത്തദൃഷ്ടിഃ
തൂഷ്ണീകേ സൎവ്വലോകേ തവ പദമധിരോ-
ക്ഷ്യന്തമുദ്വീക്ഷ്യ ശൎവ്വം
ദൂരാദേവാഗ്രതസ്ത്വം പടുവടുവപുഷാ
തസ്ഥിഷേ ദാനവായ.

സാരം:— കെട്ടഴിച്ചുവിട്ട സിംഹംകണക്കേ അവൻ രുദ്രന്റെനേരേ പാഞ്ഞണഞ്ഞു, ആ പരമശിവനാകട്ടെ, അസുരനിലുള്ളഭയത്താൽ തിരിഞ്ഞുനോക്കിക്കൊണ്ടു ഓടുവാൻതുടങ്ങി. പലരേയും ശരണംപ്രാപിച്ചുനോക്കി ആരും സ്വീകരിച്ചില്ല ഒടുവിൽ വൈകുണ്ഠത്തിലേക്കു ശക്തിയായി ഓടിത്തുടങ്ങിയതു് ദൂരംനിന്നുകൊണ്ടു കണ്ടറിഞ്ഞ

അങ്ങ് സാമത്ഥ്യമേറിയ ഒരു ബ്രഹ്മചാരിയായി അസുര ന്റെ മുമ്പിൽ ഒന്നുമറിയാത്തമട്ടിൽ നിന്നു.

6 ഭദ്രം തേ ശാകുനേയ'ഭ്രമസി കിമധുനാ
ത്വം പിശാചസ്യ വാചാ
സന്ദേഹശ്ചേന്മദുക്തൌ തവ കിമു നകരോ-
ഷ്യംഗുലീമംഗ മൌലൌ
ഇത്ഥം ത്വദ്വാക്യമൂഢശ്ശിരസികൃതകര-
സ്സോപതച്ഛിന്നപാതം
ഭ്രംശോഹ്യേവം പരോപാസിതുരപി ച ഗതിഃ
ശൂലിനോപി ത്വമേവ.

സാരം:— "അല്ലയോ വൃകാസുര! അങ്ങയ്ക്കു നല്ലതുവ രട്ടെ: അങ്ങു പിശാചിന്റെ വാക്കുകൊണ്ടു് ഇപ്പോഴും ഓ ടിക്കളിക്കുകയാണല്ലൊ! എന്റെവാക്ക് വിശ്വാസമായി ത്തോന്നുന്നില്ലെങ്കിൽ, അല്ലയോ വൃകമഹാസുര! നിന്റെ കൈ നിന്റെ ശിരസ്സിൽത്തന്നെ ഒന്നുവെച്ചുനോക്കരുതെ! എന്നാൽ നിന്റെ സംശയം തീരുമല്ലൊ. എന്താ വെക്കാ ത്തതു്?" ഇപ്രകാരമുള്ള അങ്ങയുടെ വാക്കുകേട്ട അവൻ വിവേകശൂന്യതയാ, തന്റെ തലയിൽത്തന്നെ കൈവെച്ചു കടയററുവീഴുന്ന വൃക്ഷംകണക്കെഭൂമിയിൽ പതിച്ചു! ഇങ്ങി നെയാണു് ഇതരദേവന്മാരെ സേവിക്കുന്നവക്കുണ്ടാകുന്ന അധഃപതനം. അതുമല്ല, ഭഗവാൻ പരമശിവനും അങ്ങു തന്നെ ശരണം.

7 ഭൃഗ്ഗും കില സരസ്വതീനികടവാസിനസ്താപസാ-
സ്ത്രിമൂർത്തിഷു സമാദിശന്നധികസത്വതാം വേദിതും
അയം പുനരനാദരാദ്ദുദിതരുദ്ധരോഷേ വിധൌ
ഹരേപി ച ജിഹിംസിഷൌ ഗിരിജയാ ധൃതേ
ത്വാമഗാൽ.

സാരം:—സരസ്വതീതീരവാസികളായ മഹർഷിമാർ ത്രിമൂർത്തികളിൽവെച്ച് അധികം സത്വഗുണമാർക്കാണെന്നു പരീക്ഷിച്ചറിവാൻവേണ്ടി ഭൃഗുമഹർഷിയെ ഏല്പിച്ചു. ഭൃഗു ആദ്യം ബ്രഹ്മലോകത്തുചെന്നു് ആദരവെന്യേ നില്ക്കുന്നതുകണ്ടു് ബ്രഹ്മാവു് കോപിച്ചെങ്കിലും പിന്നീടു ശാന്തനായിത്തീർന്നു. അതിന്നുശേഷം ഭൃഗു കൈലാസത്തിൽചെന്നു് ആദരഭാവം വെടിഞ്ഞു നില്ക്കുന്നതുകണ്ടു് ശിവൻ കോപിച്ചുടുത്തെങ്കിലും പാർവ്വതിയുടെ മദ്ധ്യസ്ഥതകൊണ്ടു ഒന്നമുണ്ടായില്ല. വീണ്ടും ആ താപസൻ വൈകുണ്ഠം ഗമിച്ചു.

8 സുപ്തം രമാങ്കഭുവി പങ്കജലോചനം ത്വാം
വിപ്രേ വിനിഘ്നതി പദേന മുദോത്ഥിതസ്ത്വം
"സർവ്വം ക്ഷമസ്വ മുനിവര്യ്യ ഭവേൽ സദാ മേ
ത്വൽപാദചിഹ്നമിഹ ഭൂഷണ"മിത്യവാദീഃ

സാരം:—ലക്ഷ്മീഭഗവതിയുടെ മടിയിൽ കിടന്നുറങ്ങുന്ന പങ്കജാക്ഷനായ അങ്ങയെ ആ ബ്രാഹ്മണൻ കാൽകൊണ്ടു ചവുട്ടിയ സമയം അങ്ങ് സന്തോഷത്തോടെ എഴുന്നേറ്റ് "അല്ലയോ മഹർഷേ! ക്ഷമിക്കണേ! അങ്ങയുടെ പാദചിഹ്നം എനിക്കു മാറിടത്തിൽ എപ്പോഴും ഭൂഷണമായി ഭവിക്കും" എന്നിങ്ങനെ അങ്ങു പറഞ്ഞുവത്രെ—ഈ ഭൃഗുപാദചിഹ്നമാണ് വിഷ്ണുവിന്റെ ശ്രീവത്സം എന്ന മറു.

9 നിശ്ചിത്യ തേ ച സുദൃഢം ത്വയി ബദ്ധഭാവാഃ
സാരസ്വതാ മുനിവരാ ദധിരേ വിമോക്ഷം
ത്വാമേവമച്യുത! പുനശ്ച്യുതിദോഷഹീനം
സത്വോച്ചയൈകതനുമേവ വയം ഭജാമഃ

സാരം:—സരസ്വതീതീരവാസികളായ ആ മുനിമാർ കാര്യം ഈ വിധം തീച്ചപ്പെട്ടതിന്റെശേഷം അങ്ങയിൽ സുദൃഢമാകുംവണ്ണം ഉറച്ച ഭക്തിയോടുകൂടി മുക്തിയേ പ്രാപിച്ചു. അല്ലയോ അച്യുതഭഗവാനെ! ഈ മാതിരി പുനശ്ച്യുതി എന്ന ദോഷത്തോടു വേർപെട്ടവനും സത്വോദ്രിക്ത ദിവ്യമംഗളവിഗ്രഹത്തോടുകൂടിയവനുമായ അങ്ങയെത്തന്നെ ഞങ്ങൾ ഭജിക്കുന്നു.

10 ജഗൽസൃഷ്ട്യാദൌ ത്വാം നിഗമനിവഹൈർവ്വന്ദിഭിരിവ
സ്തുതം വിഷ്ണോ! സച്ചിൽപരമരസനിർദ്വൈതവപുഷം
പരാത്മാനം ഭൂമൻ! പശുപവനിതാഭാഗ്യനിവഹം
പരീതാപശ്രാന്ത്യൈ പവനപുരവാസിൻ! പരിഭജേ.

സാരം:—അല്ലയോ വിഷ്ണോ! അല്ലയോ ഐശ്വര്യമൂർത്തേ! അല്ലയോ ഗുരുവായൂരപ്പ! പ്രളയാവസാനകാലത്തിൽ സ്തുതിപാഠകന്മാർ എന്നപോലെ വേദങ്ങളാൽ സ്തുതിക്കപ്പെട്ടവനും സച്ചിദാനന്ദപരമരസാഭേദമൂർത്തിയും പരബ്രഹ്മരൂപിയും ഗോപികമാരുടെ ഭാഗ്യ സമൂഹവുമായിരിക്കുന്ന അങ്ങയെ താപത്രയനിവൃത്തിക്കായിക്കൊണ്ടു് ഞാൻ എപ്പോഴും ഭജിക്കുന്നു.

## തൊണ്ണൂറാം ദശകം

### ആഗമാദികളുടെ താല്പര്യനിരൂപണം.

1 വൃകഭൃഗുമുനിമോഹിന്യംബരീഷാദിവൃത്തേ-
ഷ്വയി; തവ ഹി മഹത്വം സർവ്വശർവ്വാദിജൈത്രം
സ്ഥിതമിഹ പരമാത്മൻ നിഷ്കളാർവ്വാഗഭിന്നം
കിമപി യദവഭാതം തദ്ധി രൂപം തവൈവ.

സാരം:—അല്ലയോ പരമാത്മാവേ വൃകാസുരൻ, ഭൃഗുമഹർഷി, മോഹിനി, അംബരീഷൻ മുതലായവരുടെ കഥകളിൽ, അങ്ങയുടെ പ്രസിദ്ധമായ മാഹാത്മ്യം; രുദ്രൻ മുതലായ ഇതരദേവന്മാരേക്കാൾ ഉജ്ജ്വലമായി പ്രശോഭിക്കുന്നതായിക്കാണാം. ഈ ഭാഗവതകഥയിൽത്തന്നെ സ്പഷ്ടമായി അറിയുന്നതുമുണ്ടു്. നിഷ്കളമായും സകളമായുമുള്ളതിൽനിന്നു അഭിന്നമായിട്ടു് അനിർവ്വചനീയമായ യാതൊരു പരമാത്മതത്വം ശോഭിച്ചിരിക്കുന്നുവോ അതുതന്നെയാണ് നിന്തിരുവടിയുടെ രൂപം അ രൂപം, നിന്തിരുവടിക്കു മാത്രമേയുള്ളൂ.

2 മൂർത്തിത്രയേശ്വരസദാശിവപഞ്ചകം യത്
പ്രാഹുഃ പരാത്മവപുരേവ സദാശിവോസ്മിൻ
തത്രേശ്വരസ്തു സവികുണ്ഠപദസ്ത്വമേവ
ത്രിത്വം പുനർഭജസി സത്യപദേ ത്രിഭാഗേ.

സാരം:—ത്രിമൂർത്തികൾ, ഈശ്വരൻ, സദാശിവൻ എന്നിങ്ങിനെ പറയുന്ന യാതൊരു പഞ്ചകത്തിലെ സദാശിവൻ പരമാത്മസ്വരൂപിയായ അങ്ങതന്നെയാകുന്നു അതിൽ ഈശ്വരൻ എന്നതോ, വൈകുണ്ഠവാസിയായ അങ്ങതന്നെ. പിന്നെ അങ്ങ് മൂന്നാംഭാഗമായ സത്യലോകത്തിൽ ത്രിമൂർത്തിഭാവനയും ഭജിക്കുന്നു.

3 തത്രാപി സാത്വികതനും തവ വിഷ്ണുമാഹു-
ർദ്ധാതാ തു സത്വവിരളോ രജസൈവ പൂർണ്ണഃ
സത്വോൽക്കടത്വമപി ചാസ്തി തമോവികാര-
ചേഷ്ടാദികഞ്ച തവ ശങ്കരനാമ്നി മൂർത്തൌ.

സാരം:—ത്രിമൂർത്തികളിൽവെച്ച് അങ്ങയുടെ ശുദ്ധസത്വമൂർത്തിയെ വിഷ്ണുവെന്നു പറയുന്നു. ബ്രഹ്മാവാകട്ടെ സത്വഗുണം കുറഞ്ഞവനും രജോഗുണപരിപൂർണ്ണനുമാകുന്നു. അങ്ങയുടെ ശിവനെന്നുപേരായ മൂർത്തിയിൽ സത്വഗുണാധിക്യവും തമോഗുണത്തിന്റെ ചേഷ്ടാദികളും ഭവിക്കുന്നു.

4 തം ച ത്രിമൂർത്ത്യതിഗതം പരപൂരുഷം ത്വാം
സർവ്വാത്മനാപി ഖലു സർവ്വമയത്വഹേതോഃ
ശംസന്ത്യപാസനവിധൌ തദപി സ്വതസ്തു
ത്വദ്രൂപമിത്യതിദൃഢം ബഹു നഃ പ്രമാണം.

സാരം:—ത്രിമൂർത്തികളിൽനിന്നും മേലെയുള്ള ആ ഈശ്വരനായ അങ്ങയേയും പരമാത്മാവായ അങ്ങയേയും സർവ്വമയനാകനിമിത്തം ഉപാസനവിധിയിൽശിവസ്വരൂപേണയും പൌരാണികന്മാർ പറയുന്നു. അങ്ങിനെയെങ്കിലും വാസ്തവത്തിൽ അതു് അങ്ങയുടെരൂപം തന്നെയെന്നു് നമുക്ക് പൂർണ്ണമായി വിശ്വസിക്കാം.

5 ശ്രീശങ്കരോഽപി ഭഗവാൻ സകലേഷു താവ-
ത്ത്വാമേവ മാനയതി യോ നഹി പക്ഷപാതീ
ത്വന്നിഷ്ഠമേവ സ ഹി നാമസഹസ്രകാദി
വ്യാഖ്യദ്; ഭവൽസ്തുതിപരശ്ച ഗതിം ഗതോഽന്തേ.

സാരം:—ഭഗവാനായ ശങ്കരാചാര്യസ്വാമികളും സകലാകാരമായ ത്രിമൂർത്തികളിൽവെച്ച് അങ്ങയേത്തന്നെ മാനിക്കുന്നു. ഒന്നുകൊണ്ടും അദ്ദേഹം പക്ഷപാതിയല്ല. അദ്ദേഹമാകട്ടെ, സഹസ്രനാമംമുതലായതു് ഭഗവൽപരമായിട്ടു

തന്നെ വ്യാഖ്യാനിച്ചു. നിർവ്വാണകാലത്തിൽ അങ്ങയെ സ്തുതിച്ചുകൊണ്ടുതന്നെ സൽഗതിയെ പ്രാപിക്കുകയുംചെയ്തു.

6 മൂർത്തിത്രയാതിഗമുവാച ച മന്ത്രശാസ്ത്ര-
സ്യാദൌ കളായസുഷമം സകലേശ്വരം ത്വാം
ധ്യാനഞ്ച നിഷ്കളമസൌ പ്രണവേ ഖല്വകത്വാ
ത്വാമേവ തത്ര സകളം നിജഗാദ; നാന്യം.

സാരം:—ഈ ആചാര്യസ്വാമികൾ മന്ത്രശാസ്ത്രത്തിന്റെ ആദിയിൽ ത്രിമൂർത്തികൾക്കും മീതെയുള്ള സകലേശ്വരനായ അങ്ങയെ കായാമ്പൂനിറത്തോടുതുല്യമായ അതിശോഭയുള്ളവനായി വർണ്ണിക്കുന്നു. പ്രണവത്തിലാകട്ടെ, നിഷ്കളധ്യാനത്തെപ്പറഞ്ഞതിന്നുശേഷം സകളനായി മഹാവിഷ്ണുവിനെത്തന്നെപറയുകയാണ് ചെയ്തതു്. മററാരേയുമല്ല.

7 സമസ്തസാരേ ച പുരാണസംഗ്രഹേ
വിസംശയം ത്വന്മഹിമൈവ വർണ്ണ്യതേ
ത്രിമൂർത്തിയുക് സത്യപദത്രിഭാഗതഃ
പരം പദം തേ കഥിതം ന ശൂലിനഃ

സാരം:—എല്ലാററിന്റേയും സാരത്തെ പ്രതിപാദിക്കുന്നതായ പുരാണസംഗ്രഹം എന്ന ഗ്രന്ഥത്തിലും സംശയമെന്യേ അങ്ങയുടെ മാഹാത്മ്യംതന്നെ വർണ്ണിക്കുന്നു. ത്രിമൂർത്തികളോടുകൂടിയ സത്യലോകത്തിലെ മൂന്നുസ്ഥാനങ്ങളിൽനിന്നു് ഉപരിയായിട്ടു് അങ്ങയുടെ വൈകുണ്ഠലോകമെന്നും പറയുന്നു. ശ്രീരുദ്രന് അങ്ങിനെ ഒരു സ്ഥാനമുള്ളതായി പറയുന്നില്ല.

8 തൽ ബ്രാഹ്മകല്പ ഇഹ ഭാഗവതദ്വിതീയ-
സ്കന്ധോദിതം വപുരനാവൃതമീശ! ധാത്രേ
തസ്യൈവ നാമ ഹരിശൎവ്വമുഖം ജഗാദ
ശ്രീമാധവഃ ശിവപരോപി പുരാണസാരേ.

സാരം:—ഇവിടെ ബ്രാഹ്മകല്പത്തിൽ അല്ലയോ ഈശ! അങ്ങു ബ്രഹ്മാവിന്നു കാട്ടിക്കൊടുത്തതും ഭാഗവതം ദ്വിതീയസ്കന്ധത്തിൽ പറയുന്നതുമായ യാതൊരു ശരീരമാണോ, അതിന്നുതന്നെ ശൎവ്വൻ, ഹരി എന്നതുടങ്ങിയ നാമത്തെ, ശിവഭക്തനാണെങ്കിലും ശ്രീമാധവാചാൎയ്യൻ പുരാണസാരഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

9 യേ സ്വപ്രകൃത്യനുഗുണാ ഗിരിശം ഭജന്തേ
തേഷാം ഫലം ഹി ദൃഢയൈവ തദീയഭക്ത്യാ
വ്യാസോ ഹി തേന കൃതവാനധികാരിഹേതോഃ
സ്കാന്ദാദികേഷു തവ ഹാനിവചോൎത്ഥവാദൈഃ.

സാരം:—മററുചിലർ തങ്ങളുടെ വാസനയ്ക്കൊത്തവണ്ണം, ശിവഭജനം ചെയ്യുന്നുവോ അവൎക്കാകട്ടെ, ഉറച്ച ശിവഭക്തികൊണ്ടു തന്നേയാണ് ഫലംകിട്ടുക എന്നുള്ളതിന്നാലാണ് ശിവഭക്തന്മാരായ അധികാരികൾക്കുവേണ്ടി സ്കാന്ദം മുതലായ പുരാണങ്ങളിൽ അൎത്ഥവാദരൂപത്തിൽ നിന്തിരുവടിയെ നിസ്സാരതയിൽ-അശക്തഭാവത്തിൽ പറഞ്ഞിട്ടുള്ളതു്.

10 ഭൂതാൎത്ഥകീൎത്തിരനുവാദവിരുദ്ധവാദൌ
ത്രേധാൎത്ഥവാദഗതയഃ ഖലു രോചനാൎത്ഥാഃ
സ്കാന്ദാദികേഷു ബഹവോത്ര വിരുദ്ധവാദാ-
സ്ത്വത്താമസത്വപരിഭൂത്യുപശിക്ഷണാദ്യാഃ

സാരം —യഥാർത്ഥകീർത്തനം, വിരുദ്ധമല്ലാത്ത ഗുണ ത്തെ ആരോപിക്കുക, വിരുദ്ധവാദം ഇങ്ങിനെ മൂന്നുപ്രകാര മാണു് അർത്ഥവാദത്തിൻെറ ഗതികൾ. ഇവ മൂന്നും രുചി പ്പിക്കുവാൻ വേണ്ടിയുണ്ടാകുന്നു. ഇവിടെ സ്കാന്ദാദിപുരാണ ങ്ങളിൽ അങ്ങയുടെ താമസത്വം പരാജയത്വം മുതലായതി നെ പറയുന്നതായ അനേകം വിരുദ്ധവാദങ്ങളുണ്ടാകുന്നു.

11 യൽ കിഞ്ചിദപ്യവിദുഷാപി വിഭോ മയോക്തം
തന്മന്ത്രശാസ്ത്രവചനാദ്യഭിദൃഷ്ടമേവ
വ്യാസോക്തിസാരമയഭാഗവതോപഗീത!
ക്ലേശാൻ വിധൂയ കുരു ഭക്തിഭരം പരാത്മൻ!

സാരം:—അല്ലയോ വിഭുവായ ഭഗവാനെ! അറിവി ല്ലാത്തവനാണെങ്കിലും എന്നാൽ എന്തോ ചിലതൊക്കെ പ റയപ്പെട്ടു എന്നതു് മന്ത്രശാസ്ത്രവചനം മുതലായവയിൽ കാ ണപ്പെട്ടവ തന്നെയാകുന്നു. വ്യാസൻ പറഞ്ഞതിൽവെച്ചു് സാരമായ ഭാഗവതത്തിൽ വർണ്ണിതമാഹാത്മ്യനായിരിക്കുന്ന അല്ലയോ പരമാത്മാവെ! അങ്ങു് എൻെറ ക്ലേശങ്ങളെക്കളെ ഞ്ഞു് ദൃഢമായ ഭഗവൽഭക്തിയെ ഉണ്ടാക്കിത്തരണെ!

ദശമസ്കന്ധം കഴിഞ്ഞു.

****

# ഏകാദശസ്കന്ധം

## തൊണ്ണൂററിഒന്നാം ദശകം

### (ഭഗവദുപാസനാമാഹാത്മ്യം)

1 ശ്രീകൃഷ്ണ! ത്വൽപദോപാസനമഭയതമം
ബദ്ധമിഥ്യാർത്ഥദൃഷ്ടേർ-
മ്മർത്ത്യസ്യാർത്തസ്യ മന്യേ വ്യപസരതി ഭയം
യേന സർവ്വാത്മനൈവ
യത്താവദ് ത്വൽപ്രണീതാനിഹ ഭജനവിധീ-
നാസ്ഥിതോ മോഹമാർഗ്ഗേ
ധാവന്നപ്യാവൃതാക്ഷഃ സ്ഖലതി ന കുഹചി-
ദ്ദേവദേവാഖിലാത്മൻ.

സാരം:— അല്ലയോ ശ്രീകൃഷ്ണഭഗവാനേ! മിഥ്യാഭൂതങ്ങളായ ശരീരാദികളിൽ ഞാനെന്നും എന്റേതെന്നും മനസ്സുറപ്പിച്ചവനും താപത്രയപീഡിതനുമായിട്ടുള്ളവനും അങ്ങയുടെ പാദഭജനം തന്നേയാണ് ഏററവും നല്ല അഭയസ്ഥാനം. അതിനാൽ സർവ്വഭയങ്ങളും ദുഃഖങ്ങളും നശിക്കുമെന്നതിന്നു സന്ദേഹമില്ല. എന്തെന്നാൽ അങ്ങ് നിശ്ചയിച്ചിട്ടുള്ള ഭജനവിധികളെ വിധിയാംവണ്ണം പാലിച്ചിരിക്കുന്നവൻ— ആശ്രയിച്ചിരുന്നവൻ അല്ലയോ അഖിലാത്മാവായ ദേവദേവ! അജ്ഞാനാന്ധകാരമയമായ മാർഗ്ഗങ്ങളിൽ കൂടി നേത്രോന്മീലനംചെയ്തു കൊണ്ടോടിയാലും, മറിഞ്ഞുവീഴുകയില്ല. ഭഗവാൻ അരുളിച്ചെയ്തിട്ടുള്ള ഉപാസനാരീതിയെ ശരിയായി അനുഷ്ഠിക്കുന്നവന്, ഒരുപക്ഷേ, കാ ാദിക്ഷ

ഡ്ഭാവങ്ങളിൽ കുടുങ്ങി വല്ലതെറ്റുകളും ചെയ്തുപോയാലും ആചരണാദികൾക്കു വല്ല വിഘ്നങ്ങളും സംഭവിച്ചാലും യാതൊരുവിധത്തിലും വിലക്ഷറവും താഴ്ചയും സംഭവിക്കാനിടയില്ല.

2 ഭൂമൻ! കായേന വാചാ മുഹുരപി മനസാ
　　ത്വൽബലപ്രേരിതാത്മാ
യദ്യൽ കുർവ്വേ സമസ്തം തദിഹ പരതരേ-
　　ത്വയ്യസാവർപ്പയാമി
ജാത്യാപീഹ ശ്വപാകസ്ത്വയി നിഹിതമനഃ
　　കർമ്മവാഗിന്ദ്രിയാർത്ഥ-
പ്രാണോ വിശ്വം പുനീതേ ന തു വിമുഖമനാ-
　　സ്ത്വൽപദാദ്വിപ്രവര്യഃ

സാരം.— അല്ലയോ അന്തര്യ്യാമിൻ! ഞാൻ സർവ്വാന്തര്യ്യാമിയായി അങ്ങയുടെ പ്രേരണാശക്തിനിമിത്തം, മനോവാക്കായങ്ങളെക്കൊണ്ടു വീണ്ടും വീണ്ടും ഏതേതു കർമ്മങ്ങളെച്ചെയ്യുന്നുവോ, അതെല്ലാം ഈ ഞാൻ പരമാത്മാവായ അങ്ങയിൽ സമർപ്പിക്കുന്നു. മനഃകർമ്മവാഗിന്ദ്രിയാർത്ഥപ്രാണങ്ങളെ അങ്ങയിൽ സമർപ്പിച്ചവൻ ആരായാലും ലോകത്തെ ശുദ്ധീകരിക്കുന്നു. ഭഗവൽ പാദാരവിന്ദത്തിൽനിന്നു് വിമുക്തമനസ്സായിട്ടുള്ളവനാകട്ടെ, ബ്രാഹ്മണശ്രേഷ്ഠനാണെങ്കിലുംതനിക്കോ അന്യനോ ശുദ്ധിയുണ്ടാക്കുന്നതിനു അവനു സാധിക്കയില്ല.

3 ഭീതിർന്നാമദ്വിതീയാൽ ഭവതി നനു മനഃ
　　കല്പിതഞ്ച ദ്വിതീയം
തേനൈക്യാഭ്യാസശീലോ ഹൃദയമിഹ യഥാ-
　　ശക്തിബുദ്ധ്യാ നിരുന്ധ്യാം

മായാവിക്ഷോ ഋ തസ്മിൻ പുനരപി ന തഥാ
ഭാതി മായാധിനാഥം
തത്ത്വാം ഭക്ത്യാ മഹത്യാസതതമനുഭജ-
ന്നീശ! ഭീതിം വിജഹ്യാം.

സാരം:— ഭയമെന്നതു്, രണ്ടാമതൊന്നുണ്ടെന്നു സങ്കല്പിച്ച് അതിൽനിന്നാണുണ്ടാകുന്നതു്, ഒരാളോ ഒരു വസ്തുവോ ഏതെങ്കിലുംഒന്നു് തന്നെക്കൂടാതെ ഉണ്ടെങ്കിലല്ലാതെ ഭയത്തിനവകാശമില്ലല്ലോ. ആ രണ്ടാമതൊന്നു വാസ്തവത്തിലില്ല. മനസ്സിൻെറ സങ്കല്പംകൊണ്ടു് ഉണ്ടെന്നു തോന്നുകമാത്രമാണു ചെയ്യുന്നതു്. അതുകാരണം ഇവിടെ ഞാൻ എല്ലാം ഒന്നാണെന്നുള്ള ഭാവനയെ അഭ്യസിച്ചുകൊണ്ടു് മനസ്സിനെ കഴിയുന്നവിധത്തിൽ നിശ്ചലാത്മികയായ ബുദ്ധികൊണ്ടു് തടുത്തുനിർത്തിക്കൊള്ളാം. എന്നാൽ അഭ്യാസംകൊണ്ടു് എത്ര ദൃഢീകൃതമായിരുന്നാലും ആ ഐക്യബോധം മായാകാര്യങ്ങളായ കാമക്രോധാദികളാൽ ആക്രമിക്കപ്പെട്ട മനസ്സിൽ വീണ്ടും മങ്ങിപ്പോകും. അല്ലയോ സർവ്വശക്തനായ ഭഗവാനെ! അതുനിമിത്തം മായാധിനാഥനായ ആ നിന്തിരുവടിയെ ദൃഢമായി ഭക്തിയോടെ എപ്പോഴും ഭജിച്ചുകൊണ്ടു് ഭീതിയെ അകററിക്കൊള്ളാം.

4 ഭക്തേരുൽപത്തിവൃദ്ധീ തവ ചരണജുഷാം
സംഗമേനൈവ പുംസാ-
മാസാദ്യ പുണ്യഭാജാം ശ്രിയ ഇവ ജഗതി
ശ്രീമതാം സംഗമേന

തത്സംഗോ ദേവ! ഭൂയാന്മമ ഖലു സതതം
തന്മുഖാദുന്മിഷത്ഭി-
സ്ത്വന്മാഹാത്മ്യപ്രകാരൈർഭവതി ച സുദൃഢാ
ഭക്തിരുദ്ധൂതപാപാ.

സാരം:—ധനവാന്മാരുടെ ഇട പഴക്കംകൊണ്ടു ലോകത്തിൽ ധനമുണ്ടാവുകയും വദ്ധിക്കുകയും ചെയ്യുന്നതുപോലെ ഭഗവൽഭക്തന്മാരുടെ സംസർഗ്ഗംകൊണ്ടുതന്നെ സുകൃതികളായ ജനങ്ങൾക്കു ഭക്തിയുടെ ഉൽപ്പത്തിയും വദ്ധനയും പ്രാപിപ്പാൻ കഴിയുന്നു. അല്ലയോ ദേവ! എനിക്കവരുമായുള്ള സംസഗ്ഗം തീച്ചയായും ഭവിക്കണേ! അവരുടെ മുഖത്തുനിന്നു് എപ്പോഴും പുറപ്പെട്ടുകൊണ്ടിരിക്കുന്ന അങ്ങയുടെ മാഹാത്മ്യവിശേഷങ്ങളെക്കൊണ്ടു് പാപത്തെ പറപ്പിച്ചു കളയുന്നതായ ഭഗവൽഭക്തി ഉറച്ചുവരികയും ചെയ്യും.

5 ശ്രേയോമാർഗ്ഗേഷു ഭക്താവധികബഹുമതി-
ർജ്ജന്മകർമ്മാണി ഭൂയോ
ഗായൻ ക്ഷേമാണി നാമാന്യപി തദുഭയതഃ
പ്രദ്രുതം പ്രദ്രുതാത്മാ
ഉദ്യദ്ധാസഃ കദാചിൽ കുഹചിദപി രുദൻ
ക്വാപി ഗർജ്ജൻ പ്രഗായ-
ന്നുന്മാദീവ പ്രനൃത്യന്നയി കുരു കരുണാം
ലോകബാഹ്യശ്ചരേയം!

സാരം:—അല്ലയോ ഭഗവൻ! കരുണ ചെയ്യണമേ! ഞാൻ ശ്രേയോമാഗ്ഗങ്ങളിൽവെച്ചു് ഭക്തിയോഗത്തിൽ അധികപ്രതിപത്തിയോടുകൂടി, സുഖകരങ്ങളായ അങ്ങയുടെ അവതാരങ്ങളേയും ലീലകളേയും തിരുനാമങ്ങളേയും

പിന്നേയും പിന്നേയും ഗാനംചെയ്തിട്ട് ജന്മകർമ്മകീർത്തനം കൊണ്ടും അതിവേഗത്തിൽ മനസ്സലിവോടുകൂടി ചില പ്പോാം ചിരിക്കുകയും ചിലപ്പോാം കരയുകയും ചിലസമ യം ഗർജ്ജിക്കുകയും പാട്ടുപാടുകയും ഒരു ഭ്രാന്തനെപ്പോലെ നൃത്തംവെയ്ക്കുകയും ചെയ്തുകൊണ്ടു് അലൌകികനായിട്ടു് സഞ്ചരിക്കുമാറാകണെ!

6 ഭൂതാന്യേതാനി ഭൂതാത്മകമപി സകലം
പക്ഷിമത്സ്യാൻ മൃഗാദീൻ
മർത്ത്യാൻ മിത്രാണി ശത്രൂനപി യമിതമതി-
സ്ത്വന്മയാന്യാനമാനി
ത്വത്സേവായാം ഹി സിദ്ധ്യേന്മമ തവ കൃപയാ
ഭക്തിദാർഢ്യം വിരാഗ-
സ്ത്വത്തത്ത്വസ്യാവബോധോപി ച ഭുവനപതേ!
യത്നഭേദം വിനൈവ.

സാരം:—ഈ പഞ്ചഭൂതങ്ങളേയും പഞ്ചഭൂതാത്മകസ കലചരാചരങ്ങളേയും പക്ഷിമത്സ്യമൃഗങ്ങാം മുതലായവക ളേയും മനുഷ്യരേയും ബന്ധുക്കളേയും ശത്രുക്കളേയും ഭഗവന്മ യങ്ങളാണെന്നുവെച്ചു് മനസ്സുറപ്പിച്ചിട്ടു് ഞാൻ നമസ്കരി ക്കുന്നു. അല്ലയോ ലോകനാഥ! യാതൊരു കാരണത്താൽ ഭഗവൽഭജനംകൊണ്ടു് അങ്ങയുടെ കാരുണ്യം ഭക്തിക്കു ദൃ ഢതയും വൈരാഗ്യവും ഭഗവത്തത്ത്വങ്ങളുടെ യഥാർത്ഥ ജ്ഞാനവും വേറേ പ്രയത്നമൊന്നും കൂടാതെതന്നെ എനി ക്കു സാധിക്കും.

7 നോ മുഹ്യൻ ക്ഷുത്തൃഡാദ്യൈർഭവസരണിഭവൈ-
സ്ത്വന്നിലീനാശയത്വാ-
ച്ചിന്താസാതത്യശാലീ നിമിഷലവമപി
ത്വല്പദാദപ്രകമ്പഃ

ഇഷ്ടാനിഷ്ടേഷു തുഷ്ടിവ്യസനവിരഹിതോ
മായികത്വാവബോധാ-
ജ്ജ്യോത്സ്നാഭിസ്ത്വന്നഖേന്ദോരധികശിശിരിതേ-
നാത്മനാ സഞ്ചരേയം.

സാരം:— മനസ്സിനെ അങ്ങയിൽ ഉറപ്പിച്ചിരിയ്ക്കുക നിമിത്തം ഞാൻ സംസാരമാർഗ്ഗത്തിൽനിന്നുണ്ടായ വിശപ്പ്, ദാഹം മുതലായതുകൊണ്ട് മോഹിച്ചുപോകാതെ എപ്പോഴും ഭഗവൽസ്മരണചെയ്തുകൊണ്ട് അരനിമിഷംപോലും ഭഗവൽപാദാരവിന്ദത്തിൽനിന്ന് ഇളകാതിരിയ്ക്കുകയും ഇഷ്ടത്തിലും കഷ്ടത്തിലും ഇതെല്ലാം മായാകാര്യങ്ങളെന്നറിഞ്ഞു സന്തോഷസന്താപരഹിതനായിരിയ്ക്കുകയും ചെയ്തിട്ട് അങ്ങയുടെ തൃപ്പാദനഖചന്ദ്രന്റെ ശോഭകൊണ്ട്— ചന്ദ്രികകൊണ്ട് അത്യധികം തണുത്ത മനസ്സോടെ സഞ്ചരിച്ചുകൊള്ളാം.

8 ഭൂതേഷ്വേഷു ത്വദൈക്യസ്മൃതിസമധിഗതൌ
നാധികാരോധുനാ ചേ-
ത്ത്വൽപ്രേമ ത്വൽകമൈത്രീ ജഡമതിഷു കൃപാ-
ദ്വിട്സു ഭൂയാദുപേക്ഷാ
അച്ചായാം വാ സമച്ചാകുതുകമുരുതര-
ശ്രദ്ധയാ വർദ്ധതാം മേ
ത്വൽസംസേവീ തഥാപി ദ്രുതമുപലഭതേ-
ഭക്തലോകോത്തമത്വം

സാരം:— ഉൽകൃഷ്ടങ്ങളും നികൃഷ്ടങ്ങളുമായ സകലഭൂതങ്ങളും അങ്ങുതന്നെയെന്നുറച്ച് അകവും പുറവും അങ്ങയുടെ വിചിത്രതരങ്ങളായ ഭാവനാലോകത്തെ കണ്ടാന

ന്ദിയ്ക്കുക എന്നുള്ള ഉത്തമഭാഗവതന്മാരുടെ ധൎമ്മത്തിന്ന എനിക്കിപ്പോഠം അധികാരമില്ലെങ്കിൽ അങ്ങയിൽ പ്രേമവും ഭഗവൽഭക്തന്മാരിൽ മൈത്രിയും മൂഢന്മാരിൽ കാരുണ്യവും ശത്രുക്കളിലുപേക്ഷയും ഭവിക്കണെ അല്ലെങ്കിൽ ഭഗവൽപ്രതിമകളിൽ പൂജിപ്പാനുള്ള ആഗ്രഹം അത്യന്തം ശ്രദ്ധയോടെ എനിക്കു വൎദ്ധിയ്ക്കണെ! അങ്ങിനെ എങ്കിലും അങ്ങയെ സേവിയ്ക്കുന്നവൻ, ഉത്തമഭക്താവസ്ഥയെ പ്രാപിയ്ക്കും.

9 ആവൃത്യ ത്വൽസ്വരൂപം ക്ഷിതിജലമരുദാ-
ദ്യാത്മനാ വിക്ഷിപന്തീ
ജീവാൻ ഭൂയിഷ്ഠകൎമ്മാവലിവിവശഗതീൻ
ദുഃഖജാലേ ക്ഷിപന്തീ
ത്വന്മായാ മാഽഭിഭൂയാന്മയി ഭുവനപതേ,
കല്പതേ തൽപ്രശാന്ത്യൈ
ത്വൽപാദേ ഭക്തിരേവേത്യവദദയി! വിഭോ!
സിദ്ധയോഗീ പ്രബുദ്ധഃ

സാരം:— അല്ലയോ ലോകനാഥ! അങ്ങയുടെ പരമാത്ഥസ്വരൂപത്തെ മറച്ച്, ഭൂമി, ജലം, വായു മുതലായ സ്വരൂപേണ വിക്ഷേപിയ്ക്കുന്നതും അനേകം കൎമ്മസമൂഹം നിമിത്തംതന്നിഷ്ടപ്രകാരമല്ലാതെപലവിധ ശരീരങ്ങളെടുക്കേണ്ടിവരുന്ന ജീവികളെ ദുഃഖസമൂഹത്തിൽ തള്ളിവിടുന്നതുമായ അങ്ങയുടെ മായ എന്നെ ബാധിക്കരുതെ! അല്ലയോ വിഭോ! ആ മായ ശമിപ്പിയ്ക്കുവാൻ ഭഗവൽപാദഭക്തി തന്നെ സമത്ഥമാകുന്നു എന്ന് പ്രബുദ്ധനെന്ന സിദ്ധയോഗി വിദേഹനോടു പറഞ്ഞു.

10 ദുഃഖാന്യാലോക്യ ജന്തുഷ്വലമുദിതവിവേ-
കോഽഹമാചാൎയ്യവൎയ്യാ-
ല്ലബ്ധ്വാ ത്വദ്രൂപതത്ത്വം ഗുണചരിതകഥാ-
ദ്യുത്ഭവദ്ഭക്തിഭൂമാ
മായാമേനാം തരിത്വാ പരമസുഖമയേ
ത്വൽപ്പദേ മോദിതാഹേ
തസ്യായം പൂൎവ്വരംഗഃ പവനപുരപതേ
നാശയാശേഷരോഗാൻ.

സാരം:—ജീവികളിൽ പലവിധ ദുഃഖങ്ങളെക്കണ്ടു് ഞാൻ അത്യന്തം വിവേകമുള്ളവനായിത്തീൎന്നിട്ടു് ശ്രേഷ്ഠനായ ഗുരുവിങ്കൽനിന്നു് അങ്ങയുടെ സ്വരൂപത്തിന്റെ യഥാൎത്ഥസ്വഭാവം മനസ്സിലാക്കി ഭഗവൽഗുണങ്ങളും ഭഗവൽകഥകളും എന്നിവയെ പറയുകമുതലായതുകൊണ്ടുണ്ടായ ഭക്തിഭാരത്തോടുകൂടിയവനായിട്ടു് ഈ മായയെ കടന്നുചാടി പരമാനന്ദസ്വരൂപമായ ഭഗവൽപാദാരവിന്ദത്തിൽ സന്തോഷമാകുന്ന സുഖം അനുഭവിച്ചിരുന്നുകൊള്ളാം. അല്ലയോ ഗുരുവായൂരപ്പ ഇതു് അതിന്റെ തോടയമാകുന്നു. അതുപ്രകാരം എന്റെ സകലരോഗങ്ങളേയും മാററിത്തരണേ!

## തൊണ്ണൂററിരണ്ടാം ദശകം

### കമ്മമിശ്രഭക്തിസ്വരൂപം

1 വേദൈസ്സവ്വാണി കമ്മാണ്യഫലപരതയാ
വണ്ണിതാനീതി ബുദ്ധ്വാ
താനിത്വയ്യപ്പിതാന്യേവ ഹി സമനുചരൻ
യാനി നൈഷ്കമ്മ്യമീശ
മാഭ്രൂദ്വേദൈന്നിഷിദ്ധേ കുഹചിദപി മനഃ
കമ്മവാചാം പ്രവൃത്തി-
ദ്ദുവ്വജ്ജം ചേദവാപ്തം തദപി ഖലു ഭവ-
ത്യപ്പയേ ചിൽപ്രകാശേ.

സാരം:—അല്ലയോ ഈശ്വര! വേദങ്ങളാൽ സവ്വകമ്മങ്ങളും ഫലേച്ഛാരാഹിത്യപരത്വേന വണ്ണിക്കപ്പെട്ടിരിയ്ക്കുന്നു എന്നറിഞ്ഞിട്ട് ആ വക കമ്മങ്ങളെ അങ്ങയിൽ അപ്പിച്ചു കൊണ്ടുതന്നെ ഞാൻ നൈഷ്കമ്മ്യത്തെ പ്രാപിച്ചുകൊള്ളാം. വേദത്താൽനിഷേധിക്കപ്പെട്ട ഒരു കമ്മത്തിലും എന്റെ മനസ്സും കമ്മവും വാക്കും പ്രവത്തിയ്ക്കരുത്! ഒഴിച്ചുകൂടാത്ത വിധം വല്ലതും വന്നുപോയി എങ്കിൽ അതും ചിത്സ്വരൂപനായ അങ്ങയിൽ സമപ്പിച്ചുകൊള്ളാം.

2 യസ്ത്വന്യഃ കമ്മയോഗസ്തവ ഭജനമയ-
സ്തത്ര ചാഭീഷ്ടമൂത്തിം
ഹൃദ്യാം സത്വൈകരൂപാം ദൃഷദി ഹൃദി മൃദി
ക്വാപി വാ ഭാവയിത്വാ

പുഷ്പൈർഗ്ഗന്ധൈർന്നിവേദ്യൈരപി ച വിരചിതൈ-
ശ്ശക്തിതോ ഭക്തിപൂതൈ-
ന്നിത്യം വര്യാം സപര്യാം വിദധദയിവിഭോ!
ത്വൽപ്രസാദം ഭജേയം.

സാരം:—അങ്ങയുടെ ഭജനമയമായ മററൊരു കർമ്മയോഗം യാതൊന്നോ അതിലാകട്ടെ, മനോഹരമായി ശുദ്ധാസത്വൈകസ്വരൂപമായിരിയ്ക്കുന്ന അഷ്ടമൂർത്തിജ്ഞയ ശിലയിലോ ഹൃദയത്തിലോ മൂർത്തിലോ ഏതെങ്കിലുമൊരേടത്തു സങ്കല്പിച്ചിട്ട് ശക്തിയ്ക്കുതക്കവണ്ണം സമ്പാദിച്ചതും ഭക്തികൊണ്ടു ശുദ്ധീകരിയ്ക്കപ്പെട്ടതുമായ പുഷ്പങ്ങളെക്കൊണ്ടും ഗന്ധങ്ങളെക്കൊണ്ടും നിവേദ്യങ്ങളെക്കൊണ്ടും ശ്രേഷ്ഠയായ പൂജയെ നിത്യവും ചെയ്തിട്ട് അല്ലയോ വിഭോ! ഞാൻ അങ്ങയുടെ പ്രസാദത്തെ പ്രാപിച്ചുകൊള്ളാം.

3 സ്ത്രീശൂദ്രാസ്ത്വൽകഥാദിശ്രവണവിരഹിതാ
ആസതാം തേ; ദയാർഹാ-
സ്ത്വൽപാദാസന്നയാതാൻ ദ്വിജകുലജനുഷോ
ഹന്ത! ശോചാമ്യശാന്താൻ
വൃത്ത്യർത്ഥം തേ യജന്തോ ബഹുകഥിതമപി
ത്വാമനാകർണ്ണയന്തോ
ദൃപ്താ വിദ്യാഭിജാത്യൈഃ കിമു ന വിദധതേ?
താദൃശം മാ കൃഥാ മാം.

സാരം:—സ്ത്രീകളും ശൂദ്രരും ഭഗവൽകഥാദികളെ കേൾക്കകകൂടി ചെയ്യാത്തവരായിരുന്നോട്ടെ, അവർ ദയനീയന്മാരാണ്. കഷ്ടമേകഷ്ടം! അങ്ങയുടെ തൃക്കാലടികാംകടുത്തെത്തിയവരും വിഷയലമ്പടന്മാരുമായ ബ്രാഹ്മണ

വംശത്തിൽപിറന്നചിലരേകുറിച്ച് ഞാൻ ദുഃഖിയ്ക്കുന്നു. അവർ ഉപജീവനത്തിന്നുവേണ്ടി യാഗംചെയ്കയും വളരെപ്പറഞ്ഞിട്ടും അങ്ങയെ കേട്ടറിയാതിരിയ്ക്കുകയും, വിദ്യകൊണ്ടും ആഭിജാത്യംകൊണ്ടും അഹങ്കരിയ്ക്കുകയും ചെയ്തിട്ട് എന്തെല്ലാമാണ് ചെയ്യാത്തതു്? എന്നെ ആ മട്ടിലാക്കിച്ചെയ്യരുതേ.

4 പാപോയം"കൃഷ്ണരാമേത്യ" ഭിലപതി നിജം
ഗ്രഹിതും ദുശ്ചരിത്രം
നിർല്ലജ്ജസ്യാസ്യവാചാ ബഹുതരകഥനീ
യാനി മേ വിഘ്നിതാനി
"ഭ്രാതാ മേ" വന്ധ്യശീലോ ഭജതി കില സദാ
വിഷ്ണുമിത്ഥം ബുധാംസ്തേ
നിന്ദത്യുച്ചൈർഹസന്തി ത്വയി നിഹിതരതിം
താദൃശം മാ കൃഥാ മാം.

സാരം:—"ഈ മഹാപാപി തന്റെ ദുഷ്പ്രവൃത്തികളെ മറച്ചുവെപ്പാൻവേണ്ടി കൃഷ്ണരാമ എന്നിങ്ങിനെ ഈ നാണംകെട്ടവൻ പറയുന്നതു കേട്ടുകൊണ്ടിരുന്നതിനാൽ എനിക്കു വളരെ പറയാനുണ്ടായിരുന്നതൊക്കെ മുടങ്ങി. എനിക്കു ഒരു അനുജനുണ്ടു്; ചപ്പൻ! ഒരു കാൎയ്യത്തിനും ആയാളെക്കൊണ്ടുകൊള്ളുകയില്ല. വിഷ്ണുവിനെഭജിയ്ക്കുയാണത്രെ! എപ്പോഴും കുളിയും തേവാരവും പൂജയും പുഷ്പാഞ്ജലിയും ആയിട്ടു വെറുതേസമയം കളയുകയാണ്! വിഡ്ഢി!" എന്നിങ്ങിനെ അവർ നിന്തിരുവടിയുടെ തൃപ്പാദങ്ങളിൽ മനസ്സു ലയിച്ചിരിക്കുന്നജ്ഞാനികളെ വളരെയൊക്കെനിന്ദിക്കയും പരിഹസിയ്ക്കുയും ചെയ്യുന്നു. എന്നെ അപ്രകാരമുള്ളവനാക്കരുതേ!

5 ശ്വേതഃ കൃതേ ത്വാം മുനിവരവപുഷം
പ്രീണയന്തേ തപോഭി-
സ്ത്രേതായാം സ്രുക്സ്രുവാദ്യങ്കിതമരുണതനും
യജ്ഞരൂപം യജന്തേ
സേവന്തേ തന്ത്രമാർഗ്ഗൈർവിലസദരിഗദം
ദ്വാപരേ ശ്യാമളാംഗം
നീലം സങ്കീർത്തനാദ്യൈരിഹ കലിസമയേ
മാനുഷാസ്ത്വാം ഭജന്തേ.

സാരം:— മനുഷ്യർ കൃതയുഗത്തിൽ ശുക്ലവർണ്ണനായി ബ്രഹ്മചാരിസ്വരൂപിയായിരിയ്ക്കുന്ന അങ്ങയെ തപസ്സുകൊണ്ടു സന്തോഷിപ്പിയ്ക്കുന്നു. ത്രേതായുഗത്തിൽ സ്രുവവും ജുഹുവും കയ്യിൽ ധരിച്ചവനും അരുണവർണ്ണനും യജ്ഞമൂർത്തിയുമായ അങ്ങയെ യജിയ്ക്കുന്നു. ദ്വാപരയുഗത്തിൽ ശംഖചക്രഗദാപത്മങ്ങളെ ധരിച്ചവനും ശ്യാമളവർണ്ണനുമായ അങ്ങയെ താന്ത്രികകർമ്മയോഗംകൊണ്ടു സേവിയ്ക്കുന്നു. ഈ കലിയുഗത്തിൽ നീലവർണ്ണനായ അങ്ങയെ നാമസങ്കീർത്തനാദികളൊക്കെക്കൊണ്ടു ഭജിയ്ക്കുന്നു.

6 സോയം കാലേയകാലോ ജയതി മുരരിപോ
യത്ര സങ്കീർത്തനാദ്യൈ-
ർന്നിര്യത്നൈരേവ മാർഗ്ഗൈരഖിലദന ചിരാ-
ത്ത്വൽപ്രസാദം ഭജന്തേ
ജാതാസ്ത്രേതാകൃതാദാവപി ഹി കില കലൌ
സംഭവം കാമയന്തേ
ദൈവാത്തത്രൈവജാതാൻ വിഷയവിഷരസൈ-
ർമ്മാ വിഭോ! വഞ്ചയാസ്മാൻ.

സാരം:— അല്ലയോ മുരരിപു ഭഗവാനെ! ഈ കലിയുഗ കാലം സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു! അല്ലയോ അഭീഷ്ടപ്രദ! ഇപ്പോഴം— ഈ യുഗത്തിൽ— സങ്കീർത്തനം മുതലായി പ്രയാസംകുറഞ്ഞ ഉപായങ്ങളെക്കൊണ്ടുതന്നെ നിന്തിരുവടിയുടെ പ്രസാദത്തെ അല്പകാലംകൊണ്ടു ലഭിപ്പാൻ കഴിയും, കൃതാ, ത്രേതാ മുതലായ മററുയുഗങ്ങളിൽ ജനിച്ചവരും കലിയുഗത്തിൽ ജനനത്തിന്നാഗ്രഹിയ്ക്കുന്നു എന്നു പ്രസിദ്ധിയുണ്ട്. ഭാഗ്യത്താൽ ആ കലിയുഗത്തിൽതന്നെ ജനിച്ചിരിയ്ക്കുന്ന നമ്മെ, അല്ലയോ വിഭോ! വിഷയങ്ങളാകുന്ന വിപത്തിലുള്ള ആസക്തിയുണ്ടാക്കി ചതിക്കരുതേ.

7 ഭക്താസ്താവൽ കലൌ സ്യുർദ്രമിളഭുവി; തതോ
ഭൂരിശസ്തത്ര ചോച്ചൈഃ
കാവേരീം താമ്രവർണ്ണീമനു കില കൃതമാലാം
ച പുണ്യാം പ്രതീചീം
ഹാ മാമപ്യേതദന്തർഭവമപി ച വിഭോ!
കിഞ്ചിദഞ്ചദ്രസം ത്വ-
യ്യാശാപാശൈർന്നിബദ്ധ്യ ഭ്രമയ ന; ഭഗവൻ!
പൂരയ ത്വന്നിഷേവാം.

സാരം:— ഒന്നാമതായിത്തന്നെ കലിയുഗത്തിൽ അവിടവിടെ ഭക്തന്മാർ ധാരാളമുണ്ടായിരിയ്ക്കും. അതിൽവെച്ച് അധികം ദ്രാവിഡദേശത്ത് പുണ്യയായ കാവേരിയേയും താമ്രവർണ്ണിയേയും പ്രസിദ്ധയായ കൃതമാലയേയും പ്രതീചീനദിയേയും അനുസരിച്ച് അവയുടെ സമീപത്തിൽ വളരെയുണ്ടായിരിയ്ക്കും. അല്ലയോ വിഭോ! ഇതിന്നിടയിൽ ജനിച്ചവനും അളുമാത്രമല്ല, അങ്ങയിൽ കുറഞ്ഞൊന്നു് ആരംഭിച്ച ഭക്തിരസത്തോടുകൂടിയവനുമായ എന്നെക്കൂടെ

ആശാപാശങ്ങളെക്കൊണ്ടു വരിഞ്ഞുകെട്ടി കഷ്ടമേ നട്ടംതിരിക്കരുതേ! അല്ലയോ ഭഗവൻ! എൻെറ ഭഗവൽഭജനത്തെ പരിപൂൎണ്ണമാക്കിച്ചെയ്യണേ!

8 ദൃഷ്ട്വാ ധൎമ്മദ്രുഹം തം കലിമപകരുണം
പ്രാങ് മഹീക്ഷിൽപരീക്ഷി–
ദ്ധന്തും വ്യാകൃഷ്ടഖഡ്ഗോപി ന വിനിഹതവാൻ
സാരവേദീ ഗുണാംശാൽ
ത്വൽസേവാദ്യാശു സിദ്ധ്യേദസദിഹ ന തഥാ
ത്വൽപരേ ചൈഷ ഭീരു–
ൎയ്യത്തു പ്രാഗേവ രോഗാദിഭിരപഹരതേ
തത്ര ഹാ! ശിക്ഷയൈനം.

'സാരം:—പണ്ടു് പരീക്ഷിത്ത്; മഹാരാജാവ് ദയക്കൂടാതെ ധൎമ്മത്തെ ദ്രോഹിക്കുന്ന ആ കലിയേ കണ്ടിട്ട് കൊല്ലുവാനായി വാളൂരി എങ്കിലും സാരവേദിയായ അദ്ദേഹം ഗുണാംശം നിമിത്തം കൊന്നില്ല. ഭഗവത്സേവ മുതലായതു് ക്ഷണത്തിൽ സിദ്ധിയേ പ്രാപിയ്ക്കും ഈ കലിയുഗത്തിൽ ദുഷ്കൎമ്മം അങ്ങിനെതന്നെ സിദ്ധിയ്ക്കയില്ല. ഈ കലി ഭഗവത്ഭക്തന്മാരിൽ ഭീരുവാണു്. ഭഗവത്സേവ തുടങ്ങുന്നതിന്നുമുമ്പുതന്നെ രോഗാദികളെക്കൊണ്ടു് ഭജനസൌകൎയ്യത്തെ അപഹരിയ്ക്കുന്നു. അക്കാൎയ്യത്തിൽ ഇവനെ ശിക്ഷിയ്ക്കണേ!

9 ഗംഗാ ഗീതാ ച ഗായത്ര്യപി ച തുളസികാ
ഗോപികാ ചന്ദനം തത്
സാളഗ്രാമാദിപൂജാ പരപുരുഷ! തഥൈ–
കാദശീനാമവൎണ്ണാഃ

ഏതാന്യഷ്ടാപ്യയത്നാന്യപി കലിസമയേ
ത്വൽപ്രസാദപ്രവൃദ്ധ്യാ
ക്ഷിപ്രം മുക്തിപ്രദാനീത്യഭിദധുരൃഷയ-
സ്തേഷു മാം സജ്ജയേഥാഃ

സാരം:—അല്ലയോ പരമാത്മാവെ! ഗംഗയും ഭഗവൽഗീതയും ഗായത്രിയും തുളസിയും ആ ഗോപീചന്ദനവും സാളഗ്രാമപൂജയും അപ്രകാരം ഏകാദശീവ്രതവും ഭഗവന്നാമാക്ഷരങ്ങളും ഇവ എട്ടും ഭഗവൽപ്രസാദത്തെ പ്രകർഷേണ സാധിപ്പിയ്ക്കുകനിമിത്തം പ്രയത്നംകൂടാതെകലികാലത്തു് ക്ഷണത്തിൽ മുക്തിയേ തരുന്നതാണ് എന്നിങ്ങിനെ മഹർഷിമാർ പറഞ്ഞിട്ടുണ്ടു്. എന്നെ അവയിൽ ആസക്തനാക്കിച്ചെയ്യണേ!

10 ദേവർഷീണാം പിതൄണാമപി ന പുനരൃണീ
കിങ്കരോ വാ സ ഭൂമൻ!
യോഽസൌ സർവ്വാത്മനാ ത്വാം ശരണമുപഗത-
സ്സർവ്വകൃത്യാനി ഹിത്വാ
തസ്യോൽപന്നം വികർമ്മാപ്യഖിലമപനുദ-
സ്യേവ ചിത്തസ്ഥിതസ്ത്വം
തന്മേ പാപോത്ഥതാപാൻ പവനപുരപതേ!
രുന്ധി, ഭക്തിം വ്വണീയാഃ

സാരം:—അല്ലയോ ഭഗവൻ! യാതൊരു ഭക്തൻ സകല കൃത്യങ്ങളേയുമുപേക്ഷിച്ച് സർവ്വാത്മഭാവേന അങ്ങയെ ശരണം പ്രാപിയ്ക്കുന്നുവോ അവൻ പിന്നെ ദേവകൾക്കും ഋഷികൾക്കും പിതൃക്കൾക്കും ഋണിയും കിങ്കരനുമല്ല. അങ്ങ് അവന്റെ ചിത്തത്തിലിരുന്നുകൊണ്ടു് അവനു് വന്ന

സംഭവിയ്ക്കുന്ന സകല വികൎമ്മങ്ങളേയും തീൎച്ചയായും നശിപ്പിയ്ക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! അതു ഹേതുവായിട്ട് എന്റെ പാപം നിമിത്തമുണ്ടായ ദുഃഖങ്ങളെ തടുക്കണെ!

★

## തൊണ്ണൂററിമൂന്നാം ദശകം

### ഗുരുശിക്ഷാവൎണ്ണനം

1 ബന്ധുസ്നേഹം വിജഹ്യാം തവ ഹി കരുണയാ
ത്വയ്യുപാവേശിതാത്മാ
സൎവ്വം ത്യക്ത്വാ ചരേയം സകലമപി ജഗ-
ദ്വീക്ഷ്യ മായാവിലാസം
നാനാത്വാദ് ഭ്രാന്തിജന്യാത് സതി ഖലു ഗുണദോ-
ഷാവബോധേ വിധിർവ്വാ
വ്യാസേധോ വാ കഥം തൌ ത്വയി നിഹിതമതേർ-
വ്വീതവൈഷമ്യബുദ്ധേഃ

സാരം:—അങ്ങയുടെ കാരുണ്യംകൊണ്ടു് ഞാൻ ബന്ധുസ്നേഹത്തെ ഉപേക്ഷിച്ചുകൊള്ളാം. ലോകമാസകലവും മായാകല്പിതമെന്നറിഞ്ഞിട്ട് അങ്ങയിൽ സമാഹിതചിത്തനായി എല്ലാമുപേക്ഷിച്ച് സഞ്ചരിച്ചുകൊള്ളാം. ഭ്രാന്തിയിൽ നിന്നുണ്ടായ നാനാത്വം ഹേതുവായി ഗുണദോഷങ്ങളുടെ അവബോധമുണ്ടായിരിയ്ക്കുമ്പോഠം മാത്രമേ വിധിയും നിഷേധവും ഭവിയ്ക്കുന്നുള്ളു. അങ്ങയിൽ സമാഹിതചിത്തനും നാനാത്വഭ്രമത്തെ ഉപേക്ഷിച്ചവനുമായിട്ടുള്ളവന് വിധിനിഷേധങ്ങഠം എങ്ങിനെ സംഭവിയ്ക്കും!

2 ക്ഷുത്തൃഷ്ണാലോപമാത്രേ സതതകൃതധിയോ
ജന്തവസ്സന്ത്യനന്താ-
സ്തേഭ്യോ വിജ്ഞാനവത്വാൽ പുരുഷ ഇഹ വര-
സ്തജ്ജനീർദ്ദുർല്ലഭൈവ
തത്രാപ്യാത്മാത്മനഃസ്യാൽസുഹൃദപി ച രിപു-
ര്യ്യസ്ത്വയി ന്യസ്തചേതാ-
സ്താപോച്ഛിത്തേരുപായം സ്മരതി സ ഹി സുഹൃ-
ത്സ്വാത്മവൈരീ തതോന്യഃ

സാരം:—കേവലം വിശപ്പും ദാഹവും മാത്രം തീക്ക ന്നതിൽ എപ്പോഴും മനസ്സിരുത്തിക്കൊണ്ടിരിയ്ക്കുന്ന ജന്തു ക്കാം അസംഖ്യമുണ്ട്. ആ വക ജന്തുക്കളിൽവെച്ച് ചി ന്താശക്തിയും ഗുണദോഷവിവേചനാശക്തിയും ഉള്ളവർ ഈ ഭൂലോകത്തിൽ മനുഷ്യർ മാത്രമാകയാലും ആ മനുഷ്യ ജന്മം അത്യന്തം ദുർല്ലഭമാകയാലും, ആ മനുഷ്യരിൽ തന്നെ താൻ, തനിയ്ക്കു് ബന്ധുവായിട്ടും ശത്രുവായിട്ടും ഭവിയ്ക്കുന്നു. യാതൊരുവൻ അങ്ങയിൽ മനസ്സിനെ ഉറപ്പിച്ച് സംസാര ദുഃഖമൂലനാശത്തിൻെറ ഉപായത്തെ അറിയുന്നുവോ അവൻ തന്നെയാണ് ബന്ധു. അല്ലാത്തവൻ തനിയ്ക്കു ശത്രുവാകുന്നു.

3 ത്വൽകാരുണ്യേ പ്രവൃത്തേ ക ഇവ ഹി ന ഗുരുർ-
ല്ലോകവൃത്തേപി ഭൂമൻ
സർവ്വാക്രാന്താപി ഭൂമിർന്നഹി ചലതി തത-
സ്സൽക്ഷമാം ശിക്ഷയേയം

ഗൃഹ്ണീയാമീശ! തത്തദ്വിഷയപരിചയേ-
പ്യപ്രസക്തിം സമീരാ-
ദ്വ്യാപ്തത്വഞ്ചാത്മനോ മേ ഗഗനഗുരുവശാൽ
ഭാതു നിർല്ലേപതാ ച.

സാരം:— അങ്ങയുടെ കാരുണ്യം സിദ്ധിച്ചാൽ ആരാണു് ഗുരുവല്ലാത്തതു്? അല്ലയോ വിഷ്ണുഭഗവാനെ! ഭൂമിയെ എല്ലാവരും അക്രമിച്ചാലും ചലിയ്ക്കുന്നില്ലല്ലോ. അതിൽനിന്നു് നല്ല ക്ഷമാശീലത്തെ പഠിച്ചുകൊള്ളാം. അല്ലയോ ഈശ്വരാ! പലേ വിഷയങ്ങളുമായി സംബന്ധപ്പെട്ടാലും അവയിൽ ആസക്തിയില്ലാതിരിയ്ക്കുക എന്നതിനെ വായുവിൽനിന്നു പഠിയ്ക്കാം. ആത്മാവിൻെറ വ്യാപ്തിയും നിർല്ലേപതയും ആകാശമാകുന്ന ഗുരുവിങ്കൽനിന്നു എനിക്കു വെളിവാക്കിത്തരേണമേ!

4 സ്വച്ഛഃ സ്യാം പാവനോഹം മധുര ഉദകവ-
ദ്വഹ്നിവന്മാസ്മ ഗൃഹ്ണാം
സർവ്വാന്നീതോപി ദോഷം തരുഷു തമിവ മാം
സർവ്വഭൂതേഷ്വവേയാം

പുഷ്ടിർന്നഷ്ടിഃ കലാനാം ശശിന ഇവ; തനോ-
ർന്നാത്മനോസ്തീതി വിദ്യാം
തോയാദിവ്യസ്തമാർത്താണ്ഡവദപി ച തനൗ-
ഷ്വേകതാം ത്വൽപ്രസാദാൽ.

സാരം:— ഞാൻ അങ്ങയുടെ കാരുണ്യത്താൽ ജലത്തെപ്പോലെ പരിശുദ്ധനായും സന്തോഷപ്രദനായും ഇരിക്കേണമെ! വഹ്നിയേപ്പോലെ എന്തെല്ലാം ഭക്ഷിച്ചാലും ദോഷമേല്ക്കാതിരിയ്ക്കേണമെ! വൃക്ഷങ്ങളിൽ അഗ്നിയുള്ളതുപോ

ലെ ഞാൻ എല്ലാ വസ്തുക്കളിലുമുണ്ടെന്നു മനസ്സിലുണ്ടാകണമെ! വൃദ്ധിക്ഷയങ്ങൾ കലകൾക്ക് അല്ലാതെ ചന്ദ്രന് ഇല്ലാത്തതുപോലെ ഉല്പത്തി, വൃദ്ധി, ക്ഷയം, നാശം മുതലായവ ശരീരത്തിനല്ലാതെ ആത്മാവിനില്ലെന്നു ഞാൻ അറിയേണമെ! ഒരേ സൂര്യൻതന്നെ അനേകം ജലാശയങ്ങളിലും മററും പ്രതിബിംബരൂപേണ പലതായി കാണപ്പെടുന്നതുപോലെ എല്ലാ ശരീരങ്ങളിലും വെവ്വേറെ ഉള്ളതായിത്തോന്നുന്ന ആത്മാവെല്ലാം ഒരേ ചൈതന്യത്തിൻെറ പ്രതിബിംബങ്ങളാണെന്നുള്ള ബോധവും എനിക്കു സിദ്ധിയ്ക്കേണമെ!

5 സ്നേഹാൽ വ്യാധാസ്തപുത്രപ്രണയമൃതകപോ-
 തായിതോ മാസ്മ ഭൂവം
പ്രാപ്തം പ്രാശ്നൻ സഹേയ ക്ഷുധമപി ശയുവദ്,
 സിന്ധുവത് സ്യാമഗാധഃ

മാ പപ്തംയോഷിദാദൌ ശിഖിനി ശലഭവൽ
 ഭൃംഗവൽ സാരഭാഗീ
ഭൂയാസം കിന്തു തദ്വദ്ധനചയനവശാ-
 ന്മാഹമീശ പ്രണേശം.

സാരം:— ഞാൻ സ്നേഹംനിമിത്തം വ്യാധൻ കൊന്ന മക്കളിലുള്ള പ്രണയം ഹേതുവായിച്ചത്ത കപോതംപോലെയായിത്തീരരുതെ! പെരുമ്പാമ്പെന്നപോലെ കിട്ടിയതു തിന്നു വിശപ്പു സഹിയ്ക്കാറാവണേ! സമുദ്രംപോലെ അഗാധമായിത്തീരണെ! തീയ്യിലിയ്യാമ്പാററപോലെ കാമിനികാഞ്ചനങ്ങളിൽ ഞാൻ വലഞ്ഞുപോകരുതേ! വണ്ടെന്നപോലെ സാരഗ്രാഹിയായിത്തീരേണമെ! എന്നാൽ അല്ലയോ

ദൈവമേ! അതിനെപ്പോലെ — ആ വണ്ടിനെപ്പോലെ- ധനം സമ്പാദിച്ചുവെയ്ക്കുകനിമിത്തം ഞാൻ നശിച്ചുപോകരുതേ!

6 മാ ബദ്ധ്യാസം തരുണ്യാ ഗജ ഇവ വശയാ-
നാർജ്ജയേയം ധനൌഘം
ഹർത്താന്യസ്തം ഹി മാധ്വീഹര ഇവ മൃഗവ-
ന്മാ മുഹം ഗ്രാമ്യഗീതൈഃ
നാത്യാസജ്ജേയ ഭോജ്യേ ഝഷ ഇവ ബളിശേ
പിംഗളാവന്നിരാശഃ
സ്വപ്യാം ഭർത്തവ്യയോഗാൽ കുരര ഇവ വിഭോ
സ്വാമിഷോന്യൈർന്നിഹന്യൈ.

സാരം:— പിടിയാനയാൽ കൊമ്പനാനയെന്നപോലെ ഞാൻ കാമിനിയാൽ ബന്ധിയ്ക്കപ്പെട്ടുപോകരുതെ! വളരെ പണം സമ്പാദിച്ചു കെട്ടിവെയ്ക്കരുതേ! യാതൊരുകാരണത്താലും തേനെടുക്കുന്നവനെന്നപോലെ അന്യൻ അതിനെ ഹരിയ്ക്കും. മൃഗമെന്നതുപോലെ ഗ്രാമ്യഗീതങ്ങളെക്കൊണ്ടു ഞാൻമോഹിച്ചുപോകരുതേ! ചൂണ്ടയിൽ മത്സ്യമെന്നപോലെ ഞാൻ ഭക്ഷണപദാർത്ഥങ്ങളിൽ അത്യാസക്തനായിത്തീരരുതേ! പിംഗളയെപ്പോലെ ആശാരഹിതനായിട്ടുറങ്ങാറാകേണമേ. അല്ലയോ വിഭോ! മാംസം കൊത്തിപ്പറക്കുന്ന അഴകുള്ള കുരരപ്പക്ഷിയെപ്പോലെ ഞാൻ അന്യന്മാരാൽ ഹനിയ്ക്കപ്പെടരുതേ!

7 വർത്തേയ ത്യക്തമാനസ്സുഖമതിശിശുവ-
ന്നിസ്സഹായശ്ചരേയം
കന്യായാ ഏകശേഷോ വലയ ഇവ വിഭോ!
വർജ്ജിതാന്യോന്യഘോഷഃ

ത്വച്ചിത്തോ നാവബുദ്ധ്യൈ പരമിഷുകൃദിവ
ക്ഷ്മാഭൃദായാനഘോഷം
ഗേഹേഷ്വന്യപ്രണീതേഷ്വഹിരിവ നിവസാ-
മ്യുന്ദുരോർമ്മന്ദിരേഷു.

സാരം:—ചെറുകുഞ്ഞുങ്ങളെപ്പോലെ മാനമുപേക്ഷിച്ച സുഖമായി വത്തിച്ചുകൊള്ളാം. അല്ലയോ വിഭോ! കന്യകയുടെ ഒററയ്ക്കുശേഷിച്ച വളപോലെ സഹായികളൊന്നും കൂടാതെ, അന്യോന്യകലഹംകൂടാതെ സഞ്ചരിച്ചുകൊള്ളാം. അമ്പു ചുടുന്ന കരുവാൻ രാജാവെഴുന്നെള്ളുമ്പോഴത്തെ ഘോഷത്തെയെന്നപോലെ ഞാൻ അങ്ങയിൽനിന്നു മനസ്സുറപ്പിച്ച് മറെറാന്നും അറിയാതിരിയ്ക്കേണമേ! പാമ്പ് മൂഷികൻെറ അളകളിലെന്നപോലെ മററാരെങ്കിലുമുണ്ടാക്കിയ ഗൃഹങ്ങളിൽ പാർത്തുകൊള്ളാം.

൮ ത്വയ്യേവ ത്വൽകൃതഃ ത്വം ക്ഷപയസി ജഗദി-
ത്യൂർണ്ണനാഭാൽ പ്രതീയാം
ത്വച്ചിന്താ ത്വത്സ്വരൂപം കുരുത ഇതി ദൃഢം
ശിക്ഷയേ പേശകാരാൽ
വിഡ്ഭസ്മാത്മാ ച ദേഹോ ഭവതി ഗുരുവരോ
യോ വിവേകം വിരക്തിം
ധത്തേ സഞ്ചിന്ത്യമാനോ മമ തു ബഹുരുജാ-
പീഡിതോയം വിശേഷാൽ.

സാരം:—അങ്ങ് സ്വസൃഷ്ടമായ ജഗത്തിനെ തന്നിൽ തന്നെസംഹരിയ്ക്കുന്നു എന്നതിനെ എട്ടുകാലി എന്ന പ്രാണിയിൽനിന്ന് ഞാനറിഞ്ഞുകൊള്ളാം. ഭഗവൽധ്യാനം

ഭഗവൽസാരൂപ്യത്തെ ചെയ്യുന്നു എന്നതു് വേട്ടാളനെന്ന പ്രാണിയിൽനിന്നു് ഉറപ്പായി പഠിച്ചുകൊള്ളാം. മലമോ വെണ്ണീറോ ആയിത്തീരുന്ന എൻെറ ശരീരവും ശ്രേഷ്ഠനായ ഒരു ഗുരുവായിത്തീരുന്നു. അതു് ആലോചിച്ചാൽ വിവേകവും വൈരാഗ്യവും സിദ്ധമാകും. എൻെറ ദേഹമാകട്ടെ, അനേക വേദനകളാൽ പീഡിക്കുന്നതിനാൽ വിശേഷിച്ചും വൈരാഗ്യവിവേകാദികളെ ചെയ്യുന്നു.

9 ഹീ ഹീ മേ ദേഹമോഹം ത്യജ പവനപുരാ-
   ധീശ! യൽ പ്രേമഹേതോ-
ർഗ്ഗേഹേ വിത്തേ കളത്രാദിഷു ച വിവശിതാ-
   സ്ത്വൽപദം വിസ്മരന്തി
സോയം വഹ്നേഃ ശുനോ വാ പരമിഹ പരത-
   സ്സാംപ്രതം ചാക്ഷികർണ്ണ-
ത്വഗ്ജിഹ്വാദ്യാ വികർഷന്ത്യവശമത ഇതഃ
   കോപി ന ത്വൽ പദാബ്ജേ.

സാരം:—അല്ലയോ ഗുരുവായൂരപ്പ! കഷ്ടമേ കഷ്ടം! എനിക്കു ശരീരത്തിലുള്ള അത്യാവേശത്തെ അങ്ങു കളഞ്ഞു തരണേ! യാതൊന്നിലുള്ള പ്രേമം നിമിത്തം ഗൃഹത്തിലും ധനത്തിലും ഭാര്യ മുതലായവയിലും ഭ്രമിച്ചു ജനങ്ങൾ ഭഗവൽപാദാരവിന്ദത്തെ മറക്കുന്നു. ഈ ശരീരം ഇവിടെ മരിച്ചശേഷം അഗ്നിയുടേയോ ശ്വാവിൻേറയോ ആഹാരമായിത്തീരുകയേ ഉള്ളു. ഇപ്പോഴോ ഇന്ദ്രിയാധീനമായ ഇതിനെ പഞ്ചേന്ദ്രിയങ്ങൾ അവിടവിടെ വലിച്ചുകൊണ്ടു പോകുന്നു. എന്നാൽ അങ്ങയുടെ പാദാരവിന്ദത്തിൽ ഒരാളും കൊണ്ടുചെല്ലുന്നില്ലതാനും.

10 ദുർവ്വാരോ ദേഹമോഹോ യദി പുനരധുനാ
തർഹി നിശ്ശേഷരോഗാൻ
ഹൃത്വാ ഭക്തിം ദ്രഢിഷ്ഠാം കുരു തവ പദപ-
ങ്കേരുഹേ പങ്കജാക്ഷ!
നൂനം നാനാഭവാന്തേ സമധിഗതമിദം
മുക്തിദം വിപ്രദേഹം
ക്ഷുദ്രേ ഹാ! ഹന്ത! മാമാ ക്ഷിപ വിഷയരസേ
പാഹി മാം മാരുതേശ!

സാരം:— അല്ലയോ പത്മനാഭ! ദേഹത്തിലുള്ള മോഹം ദേഹാഭിമാനം തടുക്കവാൻ പ്രയാസമെങ്കിൽ, എൻെറ എല്ലാ രോഗങ്ങളുമകററി അങ്ങയുടെ പാദപങ്കരുഹത്തിൽ ദ്രഢമായ ഭക്തിയേ നൽകുക! നിശ്ചയമായും പല ജന്മങ്ങളും കഴിഞ്ഞു് ഒടുക്കം കിട്ടിയ മോക്ഷസാധനമായ ഈ ബ്രാഹ്മണശരീരത്തെ അയ്യോ! കഷ്ടം! നിസ്സാരമായ ഈ വിഷയരസത്തിൽ തള്ളിവിടരുതെ! അല്ലയോ ഗുരുവായൂരപ്പ! എന്നെ രക്ഷിക്കണെ!

****

## തൊണ്ണൂററിനാലാം ദശകം

തത്വജ്ഞാനോല്പത്തി, ബന്ധമോക്ഷസ്വരൂപം,
ഭക്തിപ്രാർത്ഥന.

ശുദ്ധാ നിഷ്കാമകർമ്മൈഃ പ്രവരഗുരുഗിരാ
തൽസ്വരൂപം പരം തേ
ശുദ്ധം ദേഹേന്ദ്രിയാദിവ്യപഗതമഖില-
വ്യാപ്തമാവേദയന്തേ

നാനാത്വസ്ഥൌല്യകാൎശ്യാദി തു ഗുണജവപുഃ-
സംഗതോഽധ്യാസിതം തേ
വഹ്നേൎദ്ദാരുപ്രഭേദേഷ്വിവ മഹദണുതാ
ദീപ്തതാശാന്തതാദി.

സാരം:—നിഷ്കാമധൎമ്മാചരണം നിമിത്തംപരിശുദ്ധന്മാരായിട്ടുള്ളവർ ശ്രേഷ്ഠഗുരുവിന്റെ ഉപദേശംകൊണ്ടു് ദേഹേന്ദ്രിയാദികളിൽനിന്നു ഭിന്നവും മായയോ മായാകാൎയ്യങ്ങളോ ബാധിയ്ക്കാത്തതും എല്ലാചരാചരങ്ങളിലും വ്യാപിച്ചിരിയ്ക്കുന്നതുമായ നിന്തിരുവടിയുടെ നിഷ്കളസ്വരൂപത്തെ അറിയുന്നു. ആത്മഭൂതനായ അങ്ങയുടെ നാനാത്വം സ്ഥൌല്യം, കാൎശ്യം മുതലായതാകട്ടെ, മായാമയശരീരസംബന്ധം നിമിത്തം കല്പിതമാകുന്നു. പലവിധ വിറകുകൊള്ളികളിൽ സ്ഥിതിചെയ്യുന്ന അഗ്നിയുടെ മഹത്വം, അണുത്വം, ദീപ്തിത്വം, ശാന്തത്വം മുതലായതെന്നപോലെ.

2 ആചാൎയ്യാഖ്യാധരസ്ഥാരണിസമനുമിള-
ച്ഛിഷ്യരൂപോത്തരാര-
ണ്യാവേധോദ്ഭാസിതേന സ്ഫുടതരപരിബോ-
ധാഗ്നിനാ ദഹ്യമാനേ
കൎമ്മാളീ വാസനാ തൽകൃതതനുഭുവന-
ഭ്രാന്തികാന്താരപൂരേ
ദാഹ്യാഭാവേന വിദ്യാശിഖിനി ച വിരതേ
ത്വന്മയീ ഖല്വവസ്ഥാ.

സാരം:—ആചാൎയ്യനാകുന്ന അധരാരണി—തീ കടഞ്ഞെടുക്കുന്ന ഒരുതരം തടി—യോടുചേൎന്ന ശിഷ്യനാകുന്ന ഉത്തരാരണി—മുകളിലത്തെ അരണി—കൊണ്ടുള്ള മഥ

നം നിമിത്തമുണ്ടായ പരമാത്മബോധമാകുന്ന അഗ്നിയാൽ കർമ്മസമൂഹവാസനയും അതിനാൽ ചെയ്യപ്പെട്ട തന്മൂലവന ഭ്രാന്തിയുമാകുന്ന കാടാസകലം ദഹിപ്പിയ്ക്കപ്പെട്ടും. ദഹിപ്പാനൊന്നുമില്ലാതാകുമ്പോൾ ജ്ഞാനാഗ്നി അടങ്ങുകയും ചെയ്യുന്ന അവസ്ഥയാകുന്ന ഭഗവന്മയമായിട്ടുള്ളതു്. തീർച്ചതന്നെ.

3 ഏവം ത്വൽപ്രാപ്തിതോന്യോ നഹി ഖലു നിഖില-
ക്ലേശഹാനേരുപായോ
നൈകാന്താത്യന്തികാസ്തേ കൃഷിവദഗദഷാൾ-
ഗുണ്യഷട്കർമ്മയോഗാഃ
ദുർവ്വൈകല്യൈരകല്യാ അപി നിഗമപഥാ-
സ്തൽഫലാന്യപ്യവാപ്താ
മത്താസ്ത്വാം വിസ്മരന്തഃ പ്രസജതി പതനേ
യാന്ത്യനന്താൻ വിഷാദാൻ.

സാരം:—ഈവിധം അങ്ങയെ പ്രാപിയ്ക്കയല്ലാതെ എല്ലാവിധ ക്ലേശങ്ങളും തീരുവാനുള്ള മാർഗ്ഗം മറ്റൊന്നില്ലതന്നെ. ഔഷധങ്ങൾ, ഷാൾഗുണങ്ങൾ, ഷൾകർമ്മങ്ങൾ എന്നീ ഉപായങ്ങൾ ദുഃഖംതീരെ നശിപ്പിയ്ക്കുന്നതും, പിന്നെ വരാതിരിയ്ക്കുന്നതുമല്ല. അവ കൃഷിയേപോലെയാണ്. വേദമാർഗ്ഗങ്ങൾ പരിഹരിപ്പാൻ വയ്യാത്തവിധമുള്ള വൈകല്യങ്ങൾ നിമിത്തം അശക്യാനുഷ്ഠാനങ്ങൾകൂടെയാണ്. അവയുടെ ഫലങ്ങളെ പണിപ്പെട്ടു പ്രാപിച്ചാൽ മദോന്മത്തതയാൽ അങ്ങയെ മറക്കുകയും, അധഃപതനം സംഭവിയ്ക്കുമ്പോൾ അവസാനമില്ലാത്ത ദുഃഖങ്ങളെ പ്രാപിയ്ക്കുകയും ചെയ്യുന്നു.

4 ത്വല്ലോകാദന്യലോകഃ ക്വനുഭയരഹിതോ
യൽ പരാർദ്ധദ്വയാന്തേ
ത്വദ്ഭീതസ്സത്യലോകേപി ന സുഖവസതിഃ
പത്മഭൂഃ പത്മനാഭ!
ഏവം ഭാവേ ത്വധർമ്മാർജ്ജിതബഹുതമസാം
കാ കഥാ നാരകാണാം
തന്മേ ത്വം ഛിന്ധി ബന്ധം വരദ! കൃപണബ-
ന്ധോ! കൃപാപൂരസിന്ധോ!

സാരം:— അല്ലയോ പങ്കജേക്ഷണ! വൈകുണ്ഠലോക മല്ലാതെ വിനാശഭയമില്ലാത്ത വേറെ ലോകം എവിടെയു ണ്ടു്? അതുകാരണം ബ്രഹ്മാവ് രണ്ടു് പരാർദ്ധത്തിന്റെ അവസാനത്തിൽ അങ്ങയിൽനിന്നു് ഭീതനായിട്ടു് സത്യ ലോകത്തുപോലും സുഖമായിരിക്കുന്നില്ല. ഈ നിലയ്ക്കു് അധർമ്മത്താൽ അധികം ദുരിതം സമ്പാദിച്ചിട്ടുള്ള സംസൃ രികളുടെസ്ഥിതി എന്താണു്? അല്ലയോ വരദനായി, കൃപ ണബന്ധുവായി, കൃപാപൂരസിന്ധുവായിരിക്കുന്ന ഭഗവൻ അങ്ങു് എന്റെ സംസാരബന്ധത്തെ ഛേദിക്കണേ!

5 യാഥാർത്ഥ്യാത്ത്വന്മയസ്യൈവ ഹി മമ ന വിഭോ
വസ്തുതോ ബന്ധമോക്ഷൗ
മായാവിദ്യാതന്വഭ്യാം തവ തു വിരചിതൌ
സ്വപ്നബോധോപമൌ തൌ
ബദ്ധോ ജീവദ്വിമുക്തിം ഗതവതി ച ഭിദാ
താവതീ താവദേകോ
ഭുംക്തേ ദേഹദ്രുമസ്ഥോ വിഷയഫലരസാ-
ന്നാപരോ നിർവ്വ്യഥാത്മാ

സാരം:— അല്ലയോ വിഭുവായ ഭഗവാനെ! പരമാർത്ഥമായിട്ടു് ഭഗവന്മയനായിട്ടുതന്നെ ഇരിക്കുന്ന, എനിക്കു്— ജീവാത്മാവിന്നു്—യഥാർത്ഥത്തിൽ ബന്ധമോക്ഷങ്ങളില്ല ആ ബന്ധവും മോക്ഷവുമാകട്ടെ, അങ്ങയുടെ ശക്തികളാകുന്ന അവിദ്യയാലും വിദ്യയാലും ഉണ്ടാക്കപ്പെട്ടവയും സ്വപ്നാവസ്ഥയോടും പ്രബോധാവസ്ഥയോടും തുല്യങ്ങളുമാകുന്നു. ബദ്ധൻ ജീവന്മുക്തൻ എന്ന രണ്ടുപേരിലും അത്രമാത്രമാണു് ഭേദം. അതിൽ ഒരുവൻ—ബദ്ധൻ—ദേഹമാകുന്ന വൃക്ഷത്തിലിരുന്നുകൊണ്ടു് വിഷയഫലരസങ്ങളെ അനുഭവിയ്ക്കുന്നു. പീഡാരഹിതനായ അന്യൻ—ജീവന്മുക്തൻ അവയെ അനുഭവിയ്ക്കുന്നില്ല.

6 ജീവന്മുക്തത്വമേവംവിധമിതി വചസാ
കിം ഫലം ദൂരദൂരേ
തന്നാമാശുദ്ധബുദ്ധേർന്ന ച ലഘുമനസ-
ശ്ശോധനം ഭക്തിതോന്യൽ
തന്മേ വിഷ്ണോ കൃഷീഷ്ഠാസ്ത്വയി കൃതസകല-
പ്രാർപ്പണം ഭക്തിഭാരം
യേന സ്യാം മങ്ക്ഷു കിഞ്ചിൽ ഗുരുവചനമിള-
ത്വൽപ്രബോധസ്ത്വദാത്മാ

സാരം:—ജീവന്മുക്തന്റെ അവസ്ഥ ഇന്ന പ്രകാരത്തിലുള്ളതാണു് എന്നു പറഞ്ഞതുകൊണ്ടു് എന്താണു് പ്രയോജനം? അതു് എത്രയെത്ര ദൂരത്താണു് സ്ഥിതിചെയ്യുന്നതു്—അന്തഃകരണശുദ്ധിയില്ലാത്തവന്നു് ആ ജീവന്മുക്താവസ്ഥ അത്യന്തം ദൂരത്താണെന്നു പ്രസിദ്ധം. അശുദ്ധബുദ്ധിയോടുകൂടിയ ഒരുവന്നു് എളുപ്പം മനഃശുദ്ധിയുണ്ടാകേണമെങ്കിൽ ഭക്തിമാർഗ്ഗത്തിൽ ചരിയ്ക്കണം. അതിനാൽ അല്ല

യോ വിഷ്ണുഭഗവാനെ! അങ്ങയിൽ സർവ്വസമർപ്പണം ചെയ്യത്തക്കവിധത്തിൽ വേണ്ടുന്നതിലധികം ഭക്തിയെ എനിയ്ക്കു നൽകേണമെ? ആ ഭക്തിയാൽ ഞാൻ അല്പമായ ഗുരൂപദേശംകൊണ്ടുണ്ടായ ബ്രഹ്മജ്ഞാനത്തോടുകൂടിയവനായിട്ട് ക്ഷണം മുക്തനായി ഭവിയ്ക്കും.

7 ശബ്ദബ്രഹ്മണ്യപീഹ പ്രയതിതമനസ-
സ്ത്വാം ന ജാനന്തി കേചിൽ
കഷ്ടം! വന്ധ്യശ്രമാസ്തേ ചിരതരമിഹ ഗാം
ബിഭ്രതേ നിഷ്പ്രസൂതിം
യസ്യാം വിശ്വാഭിരാമാഃ സകലമലഹരാ:
ദിവ്യലീലാവതാരാഃ
സച്ചിൽസാന്ദ്രം ച രൂപം തവ ന നിഗദിതം
താം ന വാചം ഭ്രിയാസം.

സാരം:—ശബ്ദബ്രഹ്മവിഷയകരമായിവളരെ പ്രയത്നിച്ച് മനഃസംസ്കാരം സിദ്ധിച്ചിരുന്നിട്ടും അങ്ങയെ അറിയുന്നില്ല. നിഷ്ഫലപ്രയത്നന്മാരായ അവർ ഇവിടെ ഭക്ത്യാജ്ഞാനാദികളെ ജനിപ്പിക്കാത്തതായ ശാസ്ത്രങ്ങളെ താക്കീകന്യായേന ഉൽഘോഷിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ പ്രസവിക്കാത്ത പശുവിനെ തീററിപ്പോററുന്നതുപോലെയാണ് നിന്തിരുവടിയേ സ്തുതിക്കുന്നതിനുപയോഗപ്പെടാത്ത വാക്സാമർത്ഥ്യം അവർ സമ്പാദിച്ചു വെച്ചിരിക്കുന്നത്. സകലലോകമനോഹരങ്ങളും സർവ്വപാപനാശകരവും ആയ നിന്തിരുവടിയുടെ ലീലകളും അവതാരങ്ങളും സച്ചിദാനന്ദമയമായ രൂപവും വർണ്ണിക്കാനിടയാകാത്ത വാഗ്വൈഭവം എനിക്കുണ്ടായിരിക്കരുതേ!

8 യോ യാവാൻ യാദൃശോ വാ ത്വമിതി കിമപി നൈ-
വാവഗച്ഛാമി ഭൂമ-
ന്നേവഞ്ചാനന്യഭാവസ്ത്വദനുഭജനമേ-
വാദ്രിയേ ചൈദ്യവൈരിൻ!
ത്വല്ലിംഗാനാം ത്വദംഘ്രിപ്രിയജനസദസാം
ദർശനസ്പർശനാദിർ-
ഭൂയാന്മേ ത്വൽപ്രപൂജാനതിനുതിഗുണക-
ർമ്മാനുകീർത്ത്യാദരോപി.

സാരം:—അല്ലയോ ഐശ്വര്യപരിപൂർണ്ണനായ ഭഗവാ വനെ! അങ്ങ് ആരെന്നും അങ്ങയുടെ മാഹാത്മ്യം എത്രയെന്നും ഏതുവിധ പ്രകൃതമായ ആളാണെന്നും ഒന്നും എനിക്കറിവില്ല. അങ്ങയുടെ ധർമ്മവും എനിക്കറിവില്ല. അല്ലയോ ശിശുപാലശത്രോ ഈ സ്ഥിതിക്ക് ഞാൻ മറെറാന്നിലും മനസ്സിരുത്താതെ ഭഗവത്ഭജനത്തിൽതന്നെ നിയുക്തനാകട്ടെ അങ്ങയുടെ പ്രതിമകളേയും ഭഗവത്ഭക്തസഭകളേയും ദർശനം സ്പർശനം മുതലായതുകളേയും ഭഗവാനെ പൂജിക്കുക സ്തുതിക്കുക, ഭഗവത്ഗുണങ്ങളേയും ഭഗവത്ലീലകളേയും മുടക്കുകൂടാതെ കീർത്തിക്കുക എന്നുള്ളതിൽ ആദരവും എനിക്കു തടവെന്യേ സംഭവിക്കണേ!

9 യദ്യല്ലഭ്യേത തത്തത്തവ സമുപഹൃതം
ദേവ! ദാസോസ്മി തേഹം
ത്വദ്ഗേഹോന്മാർജ്ജനാദ്യം ഭവതു മമ മുഹുഃ
കർമ്മ നിർമ്മായമേവ.
സൂര്യാഗ്നിബ്രാഹ്മണാത്മാദിഷു ലസിതചതുർ-
ബ്ബാഹുമാരാധയേ ത്വാം
ത്വൽപ്രേമാർദ്രത്വരൂപോ മമ സതതമഭി-
ഷ്യന്ദതാം ഭക്തിയോഗഃ

സാരം:—അല്ലയോ ദേവ! ഞാൻ അങ്ങയുടെ ദാസ നാണേ! എനിക്കെന്തെല്ലാം കിട്ടുന്നുവോ അതെല്ലാം അ ങ്ങയ്ക്കു ഞാൻ കാഴ്ചവെയ്ക്കുന്നു. എനിക്കു ഭഗവൽക്ഷേത്രങ്ങ ളിൽഅടിച്ചുതളി മുതലായദാസ്യവേലകൾംവീണ്ടും വീണ്ടും യാതൊരു കളങ്കവുംകൂടാതെ ചെയ്യാൻ സാധിയ്ക്കണേ! ഞാൻ ഭംഗിയുള്ള നാലു തൃക്കൈകളോടുകൂടിയ അങ്ങയെ സൂര്യൻ അഗ്നി ആത്മാവ് ബ്രാഹ്മണൻ മുതലായവയിൽ ഭാവനചെയ്ത് പൂജിയ്ക്കുന്നു. എനിക്കു ഭവാങ്കലുള്ള പ്രേമം ഹേതുവായിട്ട് മനസ്സലിയുകയാകുന്ന ഭക്തിയോഗം എ പ്പോഴും പ്രവാഹരൂപേണ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കണേ

10 ഐക്യം തേ ദാനഹോമവ്രതനിയമതപ-
സ്സാംഖ്യയോഗൈർദ്ദുരാപം
ത്വത്സംഗേനൈവ ഗോപ്യഃ കില സുകൃതിതമാഃ
പ്രാപുരാനന്ദസാന്ദ്രം
ഭക്തേഷ്വന്യേഷു ഭൂയസ്സ്വപി ബഹുമനുഷേ
ഭക്തിമേവ ത്വമാസാം
തന്മേ ത്വദ്ഭക്തിമേവം ദൃഢയ;ഹര ഗദാൻ
കൃഷ്ണ! വാതാലയേശ!

സാരം:—ദാനം, ഹോമം, വ്രതം, നിയമം, തപസ്സ് സാംഖ്യം, യോഗം എന്നിവകളാൽപോലും പ്രാപിയ്ക്കപ്പെ ടുവാനശക്യവും ആനന്ദൈകരസവുമായ അങ്ങയുടെ ഐ ക്യത്തെ അത്യന്തം സുകൃതിനികളായ ഗോപസ്ത്രീകൾ ഭഗ വത്സംഗമംകൊണ്ടുതന്നെ പ്രാപിച്ചുപോൽ! മററു വളരെ ഭക്തന്മാരുണ്ടെങ്കിലും അങ്ങ് ഈ ഗോപികമാരുടെ ഭക്തി യെത്തന്നെ ബഹുമാനിയ്ക്കുന്നു, അല്ലയോ കൃഷ്ണമൂർത്തിയായ

ഗുരുവായൂരപ്പ! അതിനാൽ അങ്ങ് എൻെറ ഭഗവത്ഭക്തിയെത്തന്നെ ഉറപ്പിയ്ക്കുകയും രോഗങ്ങളെ ഹരിയ്ക്കുകയും ചെയ്യണേ.

★

## തൊണ്ണൂററി അഞ്ചാം ദശകം

### കൈവല്യസിദ്ധിപ്രകാരം.

1 ആദൌ ഹൈരണ്യഗർഭീം തനുമവികലജീ-
വാത്മികാമാസ്ഥിതസ്ത്വം.
ജീവത്വം പ്രാപ്യ മായാഗുണഗണഖചിതോ
വർത്തസേ വിശ്വയോനേ!
തത്രോദ്വൃദ്ധേന സത്വേന തു ഗുണയുഗളം
ഭക്തിഭാവം ഗതേന
ഛിത്വാ സത്വഞ്ച ഹിത്വാ പുനരനുപഹിതോ
വർത്തിതാഹേ ത്വമേവ

സാരം:— അല്ലയോ വിശ്വത്തിന്നുല്പത്തിസ്ഥാനമായ ഭഗവാനെ! ബ്രഹ്മപ്രളയാവസാനത്തിൽ സൂക്ഷ്മശരീരികളുടെസമഷ്ടിരൂപയായിരിക്കുന്ന ഹിരണ്യഗർഭശരീരത്തെ ആസ്ഥിതനായിട്ട് അങ്ങ് ജീവാത്മഭാവത്തെ പ്രാപിച്ച് മായാഗുണങ്ങളോട്ട സംബന്ധപ്പെട്ടവനായിട്ട് വർത്തിയ്ക്കുന്നു അതിൽവെച്ച് ക്രമപ്രവൃദ്ധമായി ഭക്തിരൂപേണ പരിഗണനമായിരിയ്ക്കുന്ന സത്വഗുണംകൊണ്ടാകട്ടെ, മററുരണ്ടു

ണങ്ങളേയും നശിപ്പിച്ച് പിന്നെ സത്വഗുണത്തേയു പേക്ഷിച്ച് ഞാൻ മായകൊണ്ടുള്ള മറവുതീൎന്ന് പരിപൂൎണ്ണനായിട്ടു അങ്ങായിട്ടുതന്നെ വൎത്തിയ്ക്കുന്നുണ്ട്.

2 സത്വോന്മേഷാൽ കദാചിൽ ഖലു വിഷയരസേ
ദോഷബോധേപി ഭൂമൻ
ഭൂയോപ്യേഷു പ്രവൃത്തിസ്സതമസി രജസി
പ്രോദ്ധതേദുൎന്നിവാരാ
ചിത്തം താവൽ ഗുണാശ്ചഗ്രഥിതമിഹ മിഥ-
സ്താനി സൎവ്വാണി രോദ്ധും
തുൎയ്യേ ത്വയ്യേകഭക്തിശ്ശരണമിതി ഭവാൻ
ഹംസരൂപീ ന്യഗാദീൽ

സാരം:— അല്ലയോ പരിപൂൎണ്ണസ്വരൂപിൻ! സത്വഗുണാഭിവൃദ്ധിനിമിത്തം ചിലസമയങ്ങളിൽ വിഷയങ്ങളനുഭവിയ്ക്കുന്നതിൽ ദോഷമാണെന്നുള്ള ബോധമുണ്ടാവുന്നുണ്ടെങ്കിലും പിന്നേയും രജോഗുണതമോഗുണങ്ങൾ അധികമായിവൎദ്ധിയ്ക്കുമ്പോൾ ഈ വിഷയങ്ങളിലുള്ള പ്രവൃത്തി തടുപ്പാൻ കഴിയാത്തതാണ്. അതുവരെ അന്തഃകരണവും ഗുണങ്ങളും അന്യോന്യം കൂടിച്ചേൎന്നിരിയ്ക്കുകയേയുള്ളൂ. അവയെല്ലാംതടുപ്പാനായി അവസ്ഥാത്രയാതീതനായിരിയ്ക്കുന്ന അങ്ങയിലുള്ള ഏകാന്തഭക്തി മാത്രമേ ശരണമായിട്ടുള്ളൂ എന്നിങ്ങനെ ഹംസരൂപിയായ അങ്ങ് പറഞ്ഞു.

3 സന്തി ശ്രേയാംസി ഭൂയാംസ്യപി രുചിഭിദയാ
കൎമ്മിണാം നിൎമ്മിതാനി
ക്ഷുദ്രാനന്ദാശ്ച സാന്താ ബഹുവിധഗതയഃ
കൃഷ്ണ! തേഭ്യോ ഭവേയുഃ

ത്വം ചാചഖ്യാഥ സഖ്യേ നനു മഹിതതമാം
ശ്രേയസാം ഭക്തിമേകാം
ത്വത്ഭക്ത്യാനന്ദതുല്യഃ ഖലു വിഷയജുഷാം
സമ്മദഃ കേന വാ സ്യാൽ.

സാരം:—അല്ലയോകൃഷ്ണ! കർമ്മാധികാരികൾക്ക് അവ നവൻെറ ഇഷ്ടത്തിനൊത്തവിധം ശ്രേയസ്സാധനങ്ങളായിട്ട് പലതും പറഞ്ഞിട്ടുണ്ട്. അവയിൽനിന്ന് സ്വല്പസുഖപ്രദങ്ങളും അനിത്യങ്ങളുമായ പലവിധഗതികൾ ഭവിയ്ക്കും. അങ്ങ് ഉദ്ധവനോട് ശ്രേയസ്സാധനങ്ങളിൽവെച്ച് അത്യന്തം ശ്രേഷ്ഠമായിട്ടുള്ളത് ഭക്തി ഒന്നുതന്നെയാണെന്ന് തീച്ച്പ്പെടുത്തിപ്പറഞ്ഞു. വിഷയങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവക്ക് ഭഗവത്ഭക്തികൊണ്ടുണ്ടാകുന്ന ആനന്ദത്തോടുതുല്യമായിട്ടുള്ള സന്തോഷം എന്തുകൊണ്ടുണ്ടാകും?

4 ത്വത്ഭക്ത്യാ തുഷ്ടബുദ്ധേസ്സുഖമിഹ ചരതോ
വിച്യുതാശസ്യ ചാശാഃ
സർവ്വാഃ സ്യുഃ സൌഖ്യമയ്യഃ സലിലകുഹരഗ-
സ്യേവ തോയൈകമയ്യഃ
സോയം ഖല്വിന്ദ്രലോകം കമലജഭവനം
യോഗസിദ്ധിശ്ച ഹൃദ്യാ
നാകാംക്ഷത്യേതദാസ്താം സ്വയമനുപതിതേ
മോക്ഷസൌഖ്യേപ്യനീഹഃ

സാരം:— ഭഗവൽഭക്തികൊണ്ടു സന്തുഷ്ടചിത്തനും, വിഷയഭോഗത്തിൽ യാതൊരാഗ്രഹവുംകൂടാതെ സുഖമാംവിധം യഥേഷ്ടസഞ്ചാരം ചെയ്യുന്നവനുമായ ഉത്തമഭക്തനു, ആഴമുള്ളകയത്തിൽകിടക്കുന്ന ജലന്തുവിന്നു് എല്ലാ

യിടവും ജലമയമാണെന്നു തോന്നുന്നതു; പാതാള ദിക്കാദി സകലം സൌഖ്യമയമായി ഭവിക്കും. ഈ ഭക്തന്മാരാകട്ടെ സ്വർഗ്ഗത്തെയും സത്യലോകത്തെയും മനോഹരങ്ങളായ യോഗസിദ്ധികളെയും ആഗ്രഹിക്കുന്നില്ല; അതിരിക്കട്ടെ തന്നെത്താൻ കൈവന്നതായ മോക്ഷസൌഖ്യത്തിൽപോലും അവനു ആഗ്രഹമുണ്ടാകയില്ല.

5 ത്വദ്ഭക്താ ബാധ്യമാനോഽപി ച വിഷയരസൈ-
രിന്ദ്രിയാശാന്തിഹേതോ-
ർഭക്ത്യൈവാക്രമ്യമാണൈഃ പുനരപി ഖലു തൈർ-
ദുർബ്ബലൈർന്നാഭിജയ്യഃ
സപ്താർച്ചിർദ്ദീപിതാർച്ചിർദ്ദഹതി കില യഥാ
ഭൂരിദാരുപ്രപഞ്ചം
ത്വദ്ഭക്ത്യൌഘേ തഥൈവ പ്രദഹതി ദുരിതം
ദുർമ്മദഃ ക്വേന്ദ്രിയാണാം.

സാരം:—ഇന്ദ്രിയങ്ങൾ അടങ്ങായ്ക നിമിത്തം വിഷയവാസനകളാൽ ബാധിയ്ക്കപ്പെട്ടവനായിയെങ്കിലും പിന്നെയും വർദ്ധിച്ചുകൊണ്ടിരിയ്ക്കുന്ന ഭക്തിയാൽ ആക്രമിയ്ക്കപ്പെടുകനിമിത്തം ബലഹീനങ്ങളായിത്തീർന്ന ആ ഇന്ദ്രിയങ്ങൾക്ക ജയിയ്ക്കപ്പെടുവാൻ സാദ്ധ്യമാകയില്ല. കത്തിക്കാളുന്ന അഗ്നി ഏതുവിധം വളരെ വിറകുകൾ കത്തി ദഹിപ്പിയ്ക്കുന്നുവോ അപ്രകാരംതന്നെ ഭഗവത്ഭക്തി സമൂഹം പാപത്തെ ആസകലം ഭസ്മമാക്കിക്കളയുമ്പോൾ ഇന്ദ്രിയങ്ങളുടെ ദുർമ്മദം എവിടെ?

6 ചിത്താർദ്രീഭാവമുച്ചൈർവ്വപുഷി ച പുളകം
ഹർഷബാഷ്പഞ്ച ഹിത്വാ
ചിത്തം ശുദ്ധ്യേൽ കഥം വാ കിമു ബഹുതപസാ
വിദ്യയാ വീതഭക്തേഃ
ത്വൽഗാഥാസ്വാദസിദ്ധാഞ്ജനസതതമരീ-
മൃജ്യമാനായമാത്മാ
ചക്ഷുർവ്വത്തത്ത്വസൂക്ഷ്മം ഭജതി ന തു തഥാ-
ഭ്യസ്തയാ തർക്കകോട്യാ

സാരം — ചിത്തത്തിന്റെ അലിവും ശരീരത്തിലെ കലശലായ രോമാഞ്ചവും സന്തോഷാശ്രുവും കൂടാതെ ചിത്തം എങ്ങിനെ പരിശുദ്ധമായ്ത്തീരും? ഭക്തിയില്ലാത്തവന്നു് തപസ്സമൃദ്ധമായ ജ്ഞാനംകൊണ്ടെന്തുപ്രയോജനം? ഈ ചിത്തം ഭഗവൽകഥകളുടെ ആസ്വാദമാകുന്ന സിദ്ധാഞ്ജനം കൊണ്ടു എപ്പോഴും ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരുന്നാൽ കണ്ണെന്നപോലെ ഭഗവത്തത്വങ്ങളുടെ സൂക്ഷ്മാവസ്ഥയെ അറിയുന്നു. എപ്പോഴും പരിശീലിച്ചുകൊണ്ടിരിക്കുന്ന യുക്തികളെക്കൊണ്ടു അപ്രകാരമുണ്ടാകയില്ല.

7 ധ്യാനം തേ ശീലയേയം സമതനുസുഖബ-
ദ്ധാസനോ നാസികാഗ്ര-
ന്യസ്താക്ഷഃ പൂരകാദ്യൈർജ്ജിതപവനപഥ-
ശ്ചിത്തപത്മം ത്വവാഞ്ചം
ഊർദ്ധ്വാഗ്രം ഭാവയിത്വാ രവിവിധുശിഖിനഃ
സംവിചിന്ത്യോപരിഷ്ടാ—
ത്തത്രസ്ഥം ഭാവയേ ത്വാം സജലജലധര—
ശ്യാമളം കോമളാംഗം.

സാരം:— ഞാൻ ഭഗവൽധ്യാനത്തെ ശീലിച്ചുകൊള്ളാം. സുഖമായ ആസനത്തിലുറച്ചിരുന്നു് ശരീരത്തെ നേരെനിർത്തി നേത്രങ്ങളെ നാസികാഗ്രത്തിൽനിർത്തിക്കൊണ്ടു് പൂരകം മുതലായപ്രാണായാമഭേദങ്ങളെക്കൊണ്ടു് വായു സഞ്ചരിക്കുന്നമാർഗ്ഗത്തെ ശുദ്ധിവരുത്തി അധോമുഖമായിരിക്കുന്ന ഹൃദയപുണ്ഡരീകത്തെ ഊർദ്ധ്വമുഖമായിധ്യാനിച്ചു് അതിന്നുമേലേ ആദിത്യനേയും ചന്ദ്രനേയും അഗ്നിയേയും വഴിപോലെ ധ്യാനിച്ചു് ഞാൻ അവിടെ സ്ഥിതിചെയ്യുന്നവനും വെള്ളം നിറഞ്ഞ കാർമ്മേഘംപോലെ ശ്യാമളവർണ്ണനും സുന്ദരമൂർത്തിയുമായ അങ്ങയെ ധ്യാനിച്ചുകൊള്ളട്ടെ

8 ആനീലശ്ലക്ഷ്ണകേശം ജ്വലിതമകരസൽ-
കുണ്ഡലം മന്ദഹാസ-
സ്യന്ദാർദ്രം കൌസ്തുഭശ്രീപരിഗതവനമാ-
ലോരുഹാരാഭിരാമം
ശ്രീവത്സാങ്കം സുബാഹും മൃദുലസദുദരം
കാഞ്ചനച്ഛായചേലം
ചാരുസ്നിഗ്ദ്ധോരുമംഭോരുഹലളിതപദം
ഭാവയേഹം ഭവന്തം

സാരം:— അല്പം നീലനിറം കലർന്ന മിനുപ്പുള്ള തലമുടിയോടും തേജസ്സിയന്നുന്ന മകരാകൃതിയിലുള്ള വിചിത്ര കുണ്ഡലങ്ങളോടും, പുഞ്ചിരികൊണ്ടു് മനോമോഹനമായ മുഖകാന്തിയോടും, കൌസ്തുഭത്തിന്റെ കാന്തിവ്യാപിച്ചിട്ടുള്ളതുമായ മുത്തുമാല ഇത്യാദികളാൽ മനോഹരമായ മാറിടത്തോടും ശ്രീവത്സമെന്ന അടയാളത്തോടും ശോഭനങ്ങളായി തടിച്ചുരുണ്ടു് തൂങ്ങിക്കിടക്കുന്ന ഭുജാവലികളോടും മാർദ്ദവമുള്ളലക്ഷണാന്വിതമായ ഉദരത്തോടും തങ്കനിറ

ത്തിൽ പരിശോഭിക്കുന്ന ഉടയാടയോടും മോഹിതാകാരവും പുഷ്ടിയുള്ളവയുമായ ഊരുകാണ്ഡങ്ങളോടും താമരപ്പൂപോലെ സുന്ദരതരങ്ങളായ കാലടികളോടും കൂടിയ തിരുവടിയെ ഞാൻ ധ്യാനിക്കേണമേ!

9 സർവ്വാംഗേഷ്വംഗരംഗൽകുതുകമിതി മുഹു-
ർദ്ധാരയന്നീശ! ചിത്തം
തത്രാപ്യേകത്ര യുഞ്ജേ വദനസരസിജേ
സുന്ദരേ മന്ദഹാസേ
തത്രാലീനം തു ചേതഃ പരമസുഖചിദ-
ദ്വൈതരൂപേ! വിതന്വ-
ന്നന്യം നോ ചിന്തയേയം മുഹുരിതിസമുപാ-
രൂഢയോഗോ ഭവേയം

സാരം:— അല്ലയോ ഈശ്വര! ഇപ്രകാരം കൌതുകത്തോടുകൂടുംവണ്ണം ഭഗവാന്റെ സർവ്വാവയവങ്ങളിലും വീണ്ടും വീണ്ടുമുറപ്പിച്ചതിന്റെ ശേഷം അതിലുംവെച്ച് സുന്ദരമായി മന്ദഹാസസമേതമായിരിക്കുന്ന മുഖകമലം ഒന്നിൽ മാത്രം ഞാൻ ചിത്തത്തെ യോജിപ്പിച്ചുകൊള്ളാം. അവിടെ ഉറച്ചുകഴിഞ്ഞ ചേതസ്സിനെയാകട്ടെ പിന്നെ സച്ചിദാനന്ദസ്വരൂപാകാരേണ പരിണമിച്ചിട്ട് മററൊന്നും ചിന്തിക്കയില്ല. ഇപ്രകാരമുള്ള നിരന്തരാഭ്യാസം കൊണ്ടു ഞാൻ യോഗാരൂഢനായിത്തീരും.

10 ഇത്ഥം ത്വദ്ധ്യാനയോഗേ സതി; പുനരണിമാ-
ദ്യഷ്ടസംസിദ്ധയസ്താഃ
ദൂരശ്രുത്യാദയോപി ഹ്യഹമഹമികയാ
സമ്പതേയുർമ്മുരാരേ'

ത്വത്സമ്പ്രാപ്തൌ വിളംബാവഹമഖിലമിദം
നാദ്രിയേ;കാമയേഹം
ത്വാമേവാനന്ദപൂർണ്ണം;പവനപുരപതേ!
പാഹി മാം സർവ്വതാപാൽ.

സാരം:—അല്ലയോ മുരാരേ! ഇപ്രകാരം അങ്ങയുടെ ധ്യാനയോഗം സാദ്ധ്യമായിവന്നതിന്റെശേഷം അണിമാദ്യഷ്ടൈശ്വര്യങ്ങളുടെ ആവക സിദ്ധികളും ദൂരശ്രവണം മുതലായതും ഞാൻമുമ്പ്, ഞാൻമുമ്പ് എന്നമട്ടിൽ വന്നുചേരുമെന്നാണ് പ്രസിദ്ധി. ഇതെല്ലാം അങ്ങയെ പ്രാപിക്കുന്നതിൽ താമസത്തെചെയ്യുന്നവയാണ്. അതിനാൽ അതിനെ ആദരിക്കാതെ ഞാൻ ആനന്ദമയനായിരിക്കുന്ന അങ്ങയെത്തന്നെ ആഗ്രഹിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ!അങ്ങ് എന്നെ സകലവിധ സങ്കടങ്ങളിൽ നിന്നും രക്ഷിക്കണേ.

## തൊണ്ണൂററാറാം ദശകം

(ഭഗവത്‌വിഭൂതി, കർമ്മജ്ഞാനഭക്തിമാർഗ്ഗാധികാരി-
നിരൂപണം, ചിത്തോപശമപ്രാർത്ഥനാ)

1 ത്വം ഹി ബ്രഹ്മൈവ സാക്ഷാൽ പരമുരുമഹിമ-
ന്നക്ഷരാണാമകാര-
സ്താരോ, മന്ത്രേഷു, രാജ്ഞാം മനുരസി മുനിഷു
ത്വം ഭൃഗു;ർന്നാരദോപി

പ്രഹ്ലാദോ ദാനവാനാം പശുഷു ച സുരഭിഃ
പക്ഷിണാം വൈനതേയോ
നാഗാനാമപ്യനന്തസ്സുരസരിദപി ച
സ്രോതസാം വിശ്വമൂർത്തേ!

സാരം:—അല്പയോ മഹിമാവായി വിശ്വമൂർത്തിയായിരിക്കുന്ന ഭഗവാനെ! അങ്ങ് സാക്ഷാൽ ബ്രഹ്മം തന്നെയാണല്ലോ. അങ്ങ് അക്ഷരങ്ങളിൽവെച്ച് അകാരവും മന്ത്രങ്ങളിൽവെച്ച് പ്രണവവും രാജാക്കന്മാരിൽവെച്ച് മനുവും മുനികളിൽവെച്ച് ഭൃഗുവും നാരദനും അസുരരിൽവെച്ച് പ്രഹ്ലാദനും, പശുക്കളിൽവെച്ച് സുരഭിയും പക്ഷികളിൽവെച്ച് ഗരുഡനുമായിഭവിക്കുന്നു. അത്രയുമല്ല, നാഗങ്ങളിൽവെച്ച് അനന്തനും നദികളിൽവെച്ച് ഗംഗയുമാകുന്നു.

2 ബ്രഹ്മണ്യാനാം ബലിസ്ത്വം ക്രതുഷു ച ജപയ-
ജ്ഞോസി, വീരേഷു പാർത്ഥോ
ഭക്താനാമുദ്ധവസ്ത്വം ബലമപി ബലിനാം
ധാമ തേജസ്വിനാം ത്വം
നാസ്ത്യന്തസ്ത്വദ്വിഭൂതേർവ്വികസദതിശതം
വസ്തു സർവ്വം ത്വമേവ
ത്വം ജീവ,സ്ത്വം പ്രധാനം, യദിഹ ഭവദൃതേ
തന്നകിഞ്ചിൽ പ്രപഞ്ചേ

സാരം:—ബ്രാഹ്മണഭക്തന്മാരിൽവെച്ച് മഹാബലിയും യജ്ഞങ്ങളിൽവെച്ച് ജപയജ്ഞവും വീരന്മാരിൽവെച്ച് അർജ്ജുനനും അങ്ങാകുന്നു ഭക്തന്മാരിൽവെച്ച് ഉദ്ധവനും, ബലവാന്മാരുടെ ബലവും അങ്ങാകുന്നു. തേജസ്വി

കളുടെ തേജസ്സും അങ്ങുതന്നെ. ഭഗവദ്വിഭൂതിക്കു് അവസാനമില്ല. സ്പഷ്ടമായി കാണപ്പെടുന്ന അതിശയത്തോടുകൂടിയ സകലവസ്തുക്കളും അങ്ങുതന്നെയാകുന്നു. അങ്ങു് ജീവനാകുന്നു, പ്രകൃതിയാകുന്നു; അങ്ങയിൽനിന്നു വേറിട്ടു ഈ പ്രപഞ്ചത്തിൽ യാതൊന്നുമില്ല.

3 ധർമ്മം വർണ്ണാശ്രമാണാം ശ്രുതിപഥവിഹിതം
ത്വൽപരത്വേന ഭക്ത്യാ
കുർവ്വന്തോന്തർവ്വിരാഗേ വികസതി ശനകൈ-
സ്സന്ത്യജന്തോ ലഭന്തേ
സത്താസ്ഫൂർത്തിപ്രിയത്വാത്മകമഖിലപദാ-
ർത്ഥേഷു ഭിന്നേഷ്വഭിന്നം
നിർമ്മൂലം വിശ്വമൂലം പരമമഹമിതി
ത്വദ്വിബോധം വിശുദ്ധം.

സാരം:—വേദമാർഗ്ഗപ്രതിപാദിതമായ വർണ്ണാശ്രമധർമ്മത്തെ ഭഗവൽസമർപ്പണമായി ഭക്തിയോടെ ചെയ്യുന്നതാകയാൽ ഉള്ളിൽ വൈരാഗ്യം ഉത്ഭവിച്ചു് ക്രമത്തിൽ ക്രമത്തിൽ അവയിൽ ഓരോന്നിനേയും ഉപേക്ഷിച്ചു് സത്തയുടെ സ്ഫൂർത്തിയും പ്രിയത്വവുമായ ആത്മാവോടുകൂടിയതും പ്രത്യക്ഷത്തിൽ ഭിന്നമായി കാണപ്പെടുന്ന സകലപദാർത്ഥങ്ങളിലും വാസ്തവത്തിൽ അഭിന്നവും കാരണരഹിതവും സകലത്തിനും കാരണവുമായ പരമാത്മാ ഞാനാണെന്നുള്ള പരിശുദ്ധമായ ഭഗവത്തത്വജ്ഞാനത്തെ ലഭിക്കുന്നു.

4 ജ്ഞാനം കർമ്മാപി ഭക്തിസ്ത്രിതയമിഹ ഭവൽ-
പ്രാപകം തത്ര താവ-
ന്നിർവ്വിണ്ണാനാമശേഷേ വിഷയ ഇഹ ഭവൽ
ജ്ഞാനയോഗേധികാരഃ

സക്ത്രാനാം കർമ്മയോഗസ്ത്വയി ഹി വിനിഹിതോ
യേ തു നാത്യന്തസക്താ
നാപ്യത്യന്തം വിരക്താസ്ത്വയി ച ധൃതരസാ
ഭക്തിയോഗോസ്തു തേഷാം.

സാരം:—ഈ സംസാരത്തിൽ ജ്ഞാനയോഗവും കർമ്മയോഗവും ഭക്തിയോഗവും മൂന്നും മോക്ഷസാധനമാകുന്നു അതിൽവെച്ച് ഇഹലോകപരലോകങ്ങളിലുള്ള സകല വിഷയസുഖങ്ങളിലും നിർവ്വേദം വന്നവക്കു ജ്ഞാനയോഗത്തിൽ അധികാരമുണ്ടാകും. നിർവ്വേദംവരാത്തവക്കാകട്ടെ, ഈശ്വരാർപ്പണമായ കർമ്മയോഗമാകുന്നു വിഹിതം. മററുചിലർ അത്യന്തം സക്തന്മാരുമല്ല; വിരക്തന്മാരുമല്ല അങ്ങയിൽപ്രേമരസത്തെ ധരിച്ചവരുമാണ് എന്ന നിലയിലിരിക്കുന്നുവോ അവക്ക് ഭക്തിയോഗമാണ് വേണ്ടതു.

5 ജ്ഞാനം ത്വൽഭക്തതാം വാ ലഘുസുകൃതവശാ-
ന്മർത്ത്യലോകേ ലഭന്തേ
തസ്മാദത്രൈവ ജന്മസ്പൃഹയതി ഭഗവൻ
നാകഗോ നാരകോ വാ
ആവിഷ്ടം മാ തു ദൈവാദ് ഭവജലനിധിപോ-
തായിതേ മർത്ത്യദേഹേ
ത്വം കൃത്വാ കർണ്ണധാരം ഗുരുമനുഗുണവാ-
തായിതസ്താരയേഥാഃ

സാരം:—പരമാത്ഥജ്ഞാനത്തേയും ഭഗവത്ഭക്തിയേയും ഭാഗ്യവശാൽ മനുഷ്യജന്മത്തിൽ അനായാസേന സാധിക്കുന്നു. അല്ലയാ ഭഗവൻ! അതുഹേതുവായിട്ട് സ്വർഗ്ഗത്തിലിരിക്കുന്നവനും നരകത്തിൽ കിടക്കുന്നവനും മനുഷ്യ

ലോകത്തിൽതന്നെ ജനിപ്പാനിച്ഛിക്കുന്നു. സുകൃതപരിപാകംകൊണ്ടു് സംസാരസമുദ്രം കടക്കുവാനുള്ള തോണിപോലെ ആചരിക്കുന്ന മനുഷ്യശരീരത്തിൽ പ്രവേശിച്ചിരിക്കുന്ന എന്നെയാകട്ടെ ഗുരുവിനെ തോണിക്കാരനാക്കിക്കല്പിച്ചുതന്നു് നിന്തിരുവടി അനുകൂലമായ കാററുപോലെ നിന്നു അക്കരെകടത്തിത്തരണേ!

6 അവ്യക്തം മാര്ഗ്ഗയന്തഃ ശ്രുതിഭിരപി നയൈഃ
കേവലജ്ഞാനലുബ്ധാഃ
ക്ലിശ്യന്തേതീവ സിദ്ധിം ബഹുതരജനുഷാ-
മന്ത ഏവാപ്നുവന്തി
ദൂരസ്ഥഃ കർമ്മയോഗോപി ച പരമഫലേ-
നന്വയം ഭക്തിയോഗ-
സ്ത്വാമൂലാദേവ ഹൃദ്യസ്ത്വരിതമയി ഭവൽ-
പ്രാപകോ വർദ്ധതാം മേ.

സാരം:— കേവലം ജ്ഞാനത്തെ മാത്രം ആഗ്രഹിക്കുന്നവർ ഉപനിഷത്തുക്കളെക്കൊണ്ടും മീമാംസായുക്തികളെക്കൊണ്ടും അവ്യക്തമായ ബ്രഹ്മത്തെ തിരഞ്ഞുകൊണ്ടു് വളരെ ക്ലേശിക്കുന്നു. അനേക ജന്മങ്ങളുടെ അവസാനത്തിൽ മാത്രം സിദ്ധിയേ പ്രാപിക്കുകയും ചെയ്യുന്നു പരമപുരുഷാത്ഥത്തിൽ കർമ്മയോഗവും ദൂരസ്ഥമാണ്. അല്ലയോ ഭഗവൻ! തീർച്ചയായും ആദ്യം മുതല്ക്കുതന്നെ മനസ്സിന്നു രസകരവും ക്ഷണത്തിൽ അങ്ങയെ പ്രാപിക്കുന്നതുമായ ഈ ഭക്തിയോഗമാകട്ടെ എനിക്കു വർദ്ധിക്കണെ!

7 ജ്ഞാനായൈവാതിയത്നം മുനിരപവദതേ
ബ്രഹ്മതത്ത്വം തു ശൃണ്വൻ
ഗാഢം ത്വൽപാദഭക്തിം ശരണമയതിയ-
സ്തസ്യ മുക്തിഃ കരാഗ്രേ

തൽദ്ധ്യാനേപീഹ തുല്യാ പുനരസുകരതാ-
ചിത്തചാഞ്ചല്യഹേതോ-
രഭ്യാസാദാശു ശക്യം തദപി വശയിതും
ത്വൽകൃപാചാരുതാഭ്യാം.

സാരം:— കേവലം ജ്ഞാനസമ്പാദനത്തിന്നു വേണ്ടി ബഹുഗ്രന്ഥാഭ്യാസം ചെയ്യുന്നതിനെ വ്യാസമുനി നിഷേധിക്കുന്നു. ഈശ്വരതത്വസാരത്തെ കേട്ടറിഞ്ഞതിൻെറശേഷം സന്തോഷത്തോടെ അങ്ങയുടെ തൃപ്പാദഭക്തിയെ ആർ ശരണം പ്രാപിക്കുന്നുവോ, അവന് മോക്ഷം കയ്യിലാണ്. എന്നാൽ ഇവിടെയും മനസ്സിൻെറ ചാഞ്ചല്യംനിമിത്തം ഭഗവദ്ധ്യാനത്തിലുള്ള സൌകര്യക്കുറവ് തുല്യമാണ് എങ്കിലും നിത്യപരിശീലനംകൊണ്ടും ഭഗവൽകൃപകൊണ്ടും ഭഗവാൻെറ സൌന്ദര്യംകൊണ്ടും മനസ്സിനെ വേഗം സ്വാധീനമാക്കുവാൻ കഴിയും.

8 നിർവ്വിണ്ണഃ കർമ്മമാർഗ്ഗേ ഖലു വിഷമതമേ
ത്വൽകഥാദൌ ച ഗാഢം
ജാതശ്രദ്ധോപി കാമാനയി ഭുവനപതേ
നൈവ ശക്നോമി ഹാതും
തദ്ഭൂയോ നിശ്ചയേന ത്വയി നിഹിതമനാ
ദോഷബുദ്ധ്യാ ഭജംസ്താൻ
പുഷ്ണീയാം ഭക്തിമേവ ത്വയി ഹൃദയഗതേ
മങ്ക്ഷു നങ്ക്ഷ്യന്തി സംഗാഃ

സാരം:— അല്ലയോ ത്രൈലോക്യനാഥനായ ഭഗവാനേ! ഞാൻ അനുഷ്ഠിപ്പാൻ പ്രയാസമേറിയ കർമ്മമാർഗ്ഗത്തിൽ അഭിരുചിയില്ലാത്തവനും അങ്ങയുടെ മാഹാത്മ്യ

ശ്രവണത്തിൽ അത്യന്തം ശ്രദ്ധപതിക്കവാനും ആണെങ്കിലും പുത്രദാരാദി ലൌകീകബന്ധങ്ങളിലുള്ള ആസക്തി ഉപേക്ഷിക്കുന്നതിന്ന തീരെ ശക്തനാകുന്നില്ല. അതുകൊണ്ടു പിന്നേയുംപിന്നേയും അങ്ങയിൽ ദൃഢമായി മനസ്സുനിൎത്തി അവയെ ശ്രദ്ധയോടുകൂടി വീക്ഷണംചെയ്തു് ഭക്തിയോടുകൂടി അനുഭവരസങ്ങളെച്ചുരുക്കി ഭക്തിയേത്തന്നെ വൎദ്ധിപ്പിക്കേണമേ! ഇപ്രകാരമുള്ള ഭക്തിയിൽനിന്തിരുവടി എന്റെ ഹൃദയത്തിൽ കുടികൊണ്ടാൽ ദുഷ്ടമായ ആ വിഷയാസക്തി നിശ്ശേഷം നശിച്ചുപോകും.

൨ കശ്ചിൽ ക്ലേശാൎജ്ജിതാൎത്ഥക്ഷയവിമലമതി-
നുദ്യമാനോ ജനൌഘൈ
പ്രാഗേവം പ്രാഹ വിപ്രോ ന ഖലു മമജനഃ-
കാലകൎമ്മഗ്രഹാ വാ
ചേതോ മേ ദുഃഖഹേതുസ്തദിഹ ഗുണഗണം
ഭാവയൽ സൎവ്വകാരീ-
ത്യുക്ത്വാ ശാന്തോ ഗതസ്ത്വാം; മമ ച കുരു വിഭോ!
താദൃശീം ചിത്തശാന്തിം.

സാരം:—പണ്ടൊരു ബ്രാഹ്മണൻ ക്ലേശിച്ചു സമ്പാദിച്ച ധനമെല്ലാം നശിച്ചതുനിമിത്തം നിൎവ്വേദത്താലും സന്താപത്താലും പരിശുദ്ധചിത്തനായിട്ടു് വിരക്തനായിട്ടു് ജനങ്ങൾ പീഡിപ്പിച്ചപ്പോൾ ഇങ്ങിനെപറയുകയുണ്ടായി. തീൎച്ചയായും എനിക്ക ദുഃഖത്തിന്നുകാരണമായതു് ഈ ജനങ്ങളെക്കൊണ്ടോ കാലത്തേക്കൊണ്ടോ കൎമ്മത്തേക്കൊണ്ടോ ഗ്രഹങ്ങളേക്കൊണ്ടോ ഒന്നുമല്ല, ചേതസ്സാണ് എനിക്കു് ദുഃഖഹേതുവായിരിന്നതു്. അതു് ആത്മാവിങ്കൽ

തന്റെ ഗുണങ്ങളെ ആരോപിച്ച് എല്ലാം ചെയ്യുന്നു എന്നു പറഞ്ഞു് ശാന്തചിത്തനായിട്ട് അങ്ങയെപ്രാപിച്ചു. അല്ലയോ സർവ്വസമർത്ഥനായ ഭഗവാനേ! അങ്ങ് എനിക്കും അപ്രകാരമുള്ള ചിത്തശാന്തിയേ ചെയ്യണേ!

10 ഐളഃ പ്രാഗുർവ്വശീം പ്രത്യതിവിവശമനാ-
സ്സേവമാനശ്ചിരം താം
ഗാഢം നിർവ്വിദ്യ ഭൂയോ യുവതിസുഖമിദം
ക്ഷുദ്രമേവേതി ഗായൻ
ത്വൽഭക്തിം പ്രാപ്യ പൂർണ്ണസ്സുഖതരമചര-
ത്തദ്വദുദ്ധൂതസംഗം
ഭക്തോത്തംസം ക്രിയാ മാം പവനപുരപതേ!
ഹന്ത! മേ രുന്ധി രോഗാൻ.

സാരം:—പണ്ടു് പുരൂരവസ്സ് ഉർവ്വശിയെക്കുറിച്ച് അതിവിവശമനസ്സായിട്ട് വളരെക്കാലം അവളോടുകൂടി സുഖിച്ചശേഷം അത്യന്തം വിരക്തനായിത്തീർന്നിട്ട് സ്ത്രീസുഖം നിസ്സാരമെന്നു പാടിക്കൊണ്ടു് ഭഗവൽഭക്തിയെ പ്രാപിച്ച് പരിപൂർണ്ണമായി അത്യന്തം സുഖമാകുംവണ്ണം സഞ്ചരിച്ചു. അല്ലയോ ഗുരുവായൂരപ്പ! എന്നെ അതുപോലെ ദൂരീകൃതസർവ്വസംഗനാക്കി, ഭക്തോത്തമനാക്കിച്ചെയ്യണേ! കഷ്ടം അതിനു തടസ്ഥരായി നില്ക്കുന്ന രോഗങ്ങളെ ഒന്നാമതു തടുക്കണേ!

*****

## തൊണ്ണൂററി ഏഴാം ദശകം

******

(ഉത്തമഭക്തിപ്രാത്ഥന, മാക്കാണ്ഡേയോപാഖ്യാനം)

1 ത്രൈഗുണ്യാതഭിന്നരൂപം ഭവതി ഹി ഭുവനേ
ഹീനമദ്ധ്യോത്തമം യൽ
ജ്ഞാനം ശ്രദ്ധാ ച കത്താ വസതിരപി സുഖം
കമ്മ ചാഹാരഭേദാഃ
ത്വൽക്ഷേത്രത്വന്നിഷേവാദി തു യദിഹ പുന-
സ്ത്വൽപരം തത്തുസവ്വം
പ്രാഹുന്നൈർഗ്ഗുണ്യനിഷ്ഠം തദനുഭജനതോ
മങ്ക്ഷു സിദ്ധോ ഭവേയം.

സാരം:— ഈ ലോകത്തിൽ ജ്ഞാനശ്രദ്ധാദികൾ ക ത്താവും വസതിയും സുഖവും കമ്മവും ആഹാരഭേദങ്ങളും ഇങ്ങിനെ എന്തൊക്കെയാണുള്ളതു്. അതെല്ലാം ത്രിഗുണ ങ്ങളിൽനിന്നുണ്ടായതാകയാൽ ഭിന്നരൂപമായും ഹീനമദ്ധ്യോ ത്തമമായും ഭവിക്കുന്നു എന്നാണു് പ്രസിദ്ധി. എന്നാൽ ഭ ഗവൽക്ഷേത്രസേവ, ഭഗവൽഭജനം, മുതലായി ഭഗവൽപരമാ യിരിക്കുന്നവോ അതെല്ലാമാകട്ടെ നൈർഗ്ഗുണ്യപരമാണെന്നു പറയുന്നു. ഞാൻ അവയെ ഇടവിടാതെ പരിശീലിക്കുക നിമിത്തം ക്ഷണേന സിദ്ധനായി ഭവിക്കണേ!

2 ത്വയ്യേവ ന്യസ്തചിത്തസ്സുഖമയി വിചരൻ
സവ്വചേഷ്ടാസ്ത്വദത്ഥം
ത്വത്ഭക്തൈസ്സേവ്യമാനാനപി ചരിതചരാ-
നാശ്രയൻ പുണ്യദേശാൻ.

ദസ്യൗ വിപ്രേ മൃഗാദിഷ്വപി ച സമമതി-
ൎമ്മുച്യമാനാവമാന-
സ്പൎദ്ധാസൂയാദിദോഷൈഃ സതതമഖിലഭൂ-
തേഷു സംപൂജയേ ത്വാം.

സാരം:—അല്ലയോ ഭഗവൻ! ഞാൻ അങ്ങയിൽത്തന്നെ മനസ്സുറപ്പിച്ച് സുഖമാകുംവണ്ണം സഞ്ചരിക്കകയും സകല കൎമ്മങ്ങളേയും അങ്ങയ്ക്കുവേണ്ടി ചെയ്കയും ചെയ്തിട്ട് ഭഗവത്ഭക്തന്മാരാൽ ഇപ്പോഴും ആശ്രയിക്കപ്പെട്ടവയും മുമ്പധിവസിക്കപ്പെട്ടവയുമായ പുണ്യദേശങ്ങളെ ആശ്രയിച്ചു നീചനിലും ബ്രാഹ്മണനിലും മൃഗാദികളിലും സമഭാവനയോടെ, അപമാനം സ്പൎദ്ധ അസൂയ മുതലായ ദോഷങ്ങളെ കൈവെടിഞ്ഞു് സൎവ്വഭൂതങ്ങളിലും എപ്പോഴും അങ്ങയെ വഴിപോലെ പൂജിക്കുന്നുണ്ടു്.

3 ത്വദ്ഭാവോ യാവദേഷു സ്ഫുരതി ന വിശദം
താവദേവം ഹ്യുപാസ്തിം
കുൎവ്വന്നൈക്യാത്മബോധേ ഝടിതി വികസതി
ത്വന്മയോഽഹം ചരേയം
ത്വദ്ധൎമ്മസ്യാസ്യ താവൽ കിമപി ന ഭഗവൻ
പ്രസ്തുതസ്യ പ്രണാശ-
സ്തസ്മാത്സൎവ്വാത്മനൈവ പ്രദിശ മമ വിഭോ!
ഭക്തിമാൎഗ്ഗം മനോജ്ഞം.

സാരം:—സൎവ്വഭൂതങ്ങളും നിന്തിരുവടിയെന്നുള്ള ബോധം പ്രത്യക്ഷമായ് പ്രകാശമാനമായ് കാണുന്നതുവരെ ഇപ്രകാരം ഭജനം ചെയ്തുകൊണ്ടിരുന്നിട്ട് എല്ലാം അങ്ങുതന്നെ എന്ന ബോധം പെട്ടെന്നുണ്ടാകുമ്പോൾ അങ്ങേത

ന്നെയായി ഞാൻ സഞ്ചരിക്കേണമേ ഇപ്രകാരമുള്ള ഭജനത്തിന്ന ആദ്യംമുതൽ അവസാനംവരെ തുടങ്ങിയതിന്ന യാതൊരു വിഘ്നവും സംഭവിപ്പാനില്ല അതിനാൽ അല്ലയോ വിഭോ അങ്ങിന്നെയുള്ള മനോഹരമായ ഭക്തിമാൎഗ്ഗത്തെ എനിക്കു നൽകേണമേ.

4 തം ചൈനം ഭക്തിയോഗം ദ്രഢയിതുമയി മേ
സാദ്ധ്യമാരോഗ്യമായു-
ൎവ്വിഷ്ട്യാ തത്രാപി സേവ്യം തവ ചരണ മഹോ
ഭേഷജായേവ ദുഗ്ധം
മാൎക്കണ്ഡേയോ ഹി പൂൎവ്വം ഗണകനിഗദിത-
ദ്വാദശാബ്ദായുരുച്ചൈഃ
സേവിത്വാ വത്സരം ത്വാം തവ ഭടനിവഹൈർ-
ദ്രാവയാമാസ മൃത്യും.

സാരം:— അങ്ങിന്നെയെല്ലാമിരിക്കുന്ന ഈ ഭക്തിയോഗത്തെ ഉറപ്പിക്കുന്നതിന്ന എനിക്ക് ആരോഗ്യവുമായുസ്സും സമ്പാദിക്കേണ്ടിയിരിക്കുന്നു. അതിന്നും ഔഷധത്തിന്ന പാൽസേവിക്കുന്നതുപോലെ ഭാഗ്യവശാൽ തൃക്കാൽതന്നെയാണ് എനിക്ക് സേവിക്കേണ്ടിയിരിക്കുന്നതു്. പണ്ടുപന്ത്രണ്ടു വയസ്സുവരെ മാത്രം ആയുസ്സുള്ളുവെന്നു ജ്യൌതിഷികന്മാർ പറഞ്ഞ മാൎക്കണ്ഡേയൻ ഒരുവത്സരം നിന്തിരുവടിയെ നല്ലവണ്ണം സേവിച്ചിട്ട് തന്നെ കൊണ്ടുപോവാൻ വന്ന അന്തകനെ നിന്തിരുവടിയുടെ ദൂതന്മാരെക്കൊണ്ടു ഓടിച്ചുവല്ലൊ അതിനാൽ നിന്തിരുവടി പ്രസാദിച്ചാൽ ആയുസ്സു കൂട്ടിക്കിട്ടുന്നതിന്നും പ്രയാസമില്ല.

5 മാൎക്കണ്ഡേയശ്ചിരായുസ്സ ഖലു പുനരപി
ത്വൽപരഃ പുഷ്പഭദ്രാ-
തീരേ നിന്യേ തപസ്യന്നതുലസുഖരതിഃ-
ഷട് തു മന്വന്തരാണി

ദേവേന്ദ്രസ്സംപ്പ്തമസ്മം സുരയുവതിമരു-
ന്മന്മഥൈര്മ്മോഹയിഷ്യൻ
യോഗോഷ്മപ്ലുഷ്യമാണൈന്ന തു പുനരശക-
ത്തജ്ജനം നിർജ്ജയേൽ കഃ

സാരം:— ദീർഘായുഷ്മനായ ആ മാർക്കണ്ഡേയനാവട്ടെ, ഭഗവൽ ഭക്തിയാൽ അനുപമമായ ഭജനാനന്ദത്തിൽ സശ്രദ്ധനായിട്ട് പിന്നെയും പുഷ്പഭദ്രാ നദീതീരത്തിൽത പസ്സുചെയ്തുകൊണ്ടു ആറു മന്വന്തരകാലം ഇരുന്നു. ഏഴാമത്തെ ദേവേന്ദ്രൻ അപ്സരസ്സുകളേയും വസന്തമാരുതനേയും കാമദേവനേയും ആ മാർക്കണ്ഡേയനെ മോഹിപ്പിക്കവാനയക്കയും, അവർ അവരുടെ വിദ്യകൾ പുറപ്പെട്ടപ്പോഠംയോഗാഗ്നിയുടെ ചൂടുകൊണ്ട് അപ്സരസ്സുകഠം മുതലായവർ ദഹിച്ചു തുടങ്ങുകയാൽ മോഹമുണ്ടായില്ല. ഭഗവൽ ഭക്തനെ ആർ ജയിക്കും?

6 പ്രീത്യാ നാരായണാഖ്യസ്സ്വഥ നരസഖഃ
പ്രാപ്തവാനസ്യപാർശ്വം
തുഷ്ട്യാ തോഷ്ട്യമാനസ്സ തു വിവിധവരൈ-
ർല്ലോഭിതോ നാനുമേനേ
ദ്രഷ്ടും മായാം ത്വദീയാം കില പുനര-
ഭക്തിതൃപ്താന്തരാത്മാ (വൃണോൽ
മായാദുഃഖാനഭിജ്ഞസ്തദപി മൃഗയതേ
നൂനമാശ്ചര്യഹേതോ!

സാരം:— അനന്തരം നാരായണനെന്ന പേരായ അങ്ങ് നരനോടുകൂടെ സന്തോഷത്തോടുകൂടി മാർക്കണ്ഡേയന സമീപമണഞ്ഞു. അത്ഭുതമാകട്ടെ ഭഗവദ്ദർശനപരമാന

ന്ദം നിമിത്തം അങ്ങയെ സ്തുതിച്ചശേഷം നിന്തിരുവടി പ ലമാതിരി വരങ്ങൾകൊണ്ടു് അദ്ദേഹത്തെ പ്രലോഭിപ്പിച്ചു. എങ്കിലും അവയൊന്നും ആ നിഷ്കാമൻ വാങ്ങിയില്ല. എന്നാൽ ഭഗവൻമായാവൈഭവത്തെ കണ്ടാൽകൊള്ളാമെന്നു് അപേക്ഷിച്ചപ്പോൾ! ഭക്തികൊണ്ടു പരിപൂർണ്ണകാമനാണെങ്കിലും മായാദുഃഖത്തെ അറിയാത്തവൻ ആശ്ചര്യകരമാംവണ്ണം അതിനേയും ആഗ്രഹിക്കുന്നതായിരിക്കാം!

7 യാതേ ത്വയ്യാശു വാതാകുലജലദഗള-
  ത്തോയപൂർണ്ണാതിഘൂർണ്ണൽ-
സപ്താർണ്ണോരാശിമഗ്നേ ജഗതി സ തു ജലേ
  സംഭ്രമൻ വർഷകോടീഃ
ദീനഃ പ്രൈക്ഷിഷ്ട ദൂരേ വടദലശയനം
  കഞ്ചിദാശ്ചര്യബാലം
ത്വാമേവ ശ്യാമളാംഗം വദനസരസിജ-
  ന്യസ്തപാദാംഗുലീകം

സാരം:—അങ്ങു മറഞ്ഞതിനുശേഷം പെട്ടെന്നു ലോകമാസകലം പ്രളയക്കാററടിച്ചു് കയററിയ മേഘം പെയ്ത വെള്ളം പൊങ്ങിക്കവിഞ്ഞൊഴുകിയ ഏഴു സമുദ്രത്തിൽ മുങ്ങിയ സമയം ആ മാർക്കണ്ഡേയൻ അനേക സംവത്സരക്കാലം മുഴുവൻ വെള്ളത്തിൽ മുഴുകിക്കഷ്ടപ്പെട്ടതിൻെറശേഷം വടപത്രമദ്ധ്യത്തിൽ ശയിക്കുന്നവനും കാലിൻെറ പെരുവിരൽ മുഖത്തുവെച്ചാസ്വദിക്കുന്നവനുമായ അങ്ങയെ—ആ ബാലകനെ—ദൂരത്തിൽ കണ്ടു.

8 ദൃഷ്ട്വാ ത്വാം ഹൃഷ്ടരോമാ ത്വരിതമുപഗതഃ
  സ്പ്രഷ്ടുകാമോ മുനീന്ദ്രഃ
ശ്വാസേനാന്തർന്നിവിഷ്ടഃ പുനരിഹ സകലം
  ദൃഷ്ടവാൻ വിഷ്ടപൌഘം

ഭൂയോപി ശ്വാസവാതൈർബ്ബഹിരനുപതിതോ
വീക്ഷിതസ്ത്വൽകടാക്ഷൈ-
ർമ്മോദാദാശ്ലേഷ്ടുകാമസ്ത്വയി പിഹിതതനൌ
സ്വാശ്രമേ പ്രാഗ്വദാസീൽ.

സാരം:—മാർക്കണ്ഡേയമഹർഷി അങ്ങയേ കണ്ടിട്ട് കോൾമയിർക്കൊണ്ട്, തൊട്ടാൽ കൊള്ളാമെന്നാഗ്രഹിച്ച് വേഗത്തിൽ അടുത്തു ചെന്നപ്പോൾ ബാലൻെറ ശ്വാസത്തിൽക്കൂടെ ഉള്ളിലേയ്ക്കു കടന്നിട്ട് പിന്നെ ഈ ജഠരത്തിൽ ത്രൈലോക്യത്തെ മുഴുവനും കണ്ടു. പിന്നേയും നിശ്വാസത്തിൽക്കൂടെ പുറത്തുചാടി ഭഗവൽകടാക്ഷത്താൽ വീക്ഷിതനായിട്ട് ആലിംഗനംചെയ്യാൻ ഭാവിച്ച സമയം അങ്ങു തൻെറ ശരീരത്തെ മറയ്ക്കുകയും മഹർഷി തൻെറ ആശ്രമത്തിൽ പണ്ടത്തെ മട്ടിൽ സ്ഥിതിചെയ്കയുംചെയ്തു.

9 ഗൌര്യ്യാ സാർദ്ധം തദഗ്രേ പുരഭിദഥ ഗത-
സ്ത്വൽപ്രിയപ്രേക്ഷണാർത്ഥീ
സിദ്ധാനേവാസ്യ ദത്വാ സ്വയമയമജരാ-
മൃത്യുതാദീൻ ഗതോഭൂൽ
ഏവം ത്വൽസേവയൈവ സ്മരരിപുരപി സം-
പ്രീയതേ; യേന തസ്മാ-
ന്മൂർത്തിത്രയ്യാത്മകസ്ത്വം നനു സകലനിയ-
ന്തേതി സുവ്യക്തമാസീഃ

സാരം:-അനന്തരം ശിവൻ പാർവ്വതീസമേതം അങ്ങയുടെ ഭക്തനെ കാണ്മാൻവേണ്ടി മാർക്കണ്ഡേയനു പ്രത്യക്ഷമായിട്ട്, അദ്ദേഹത്തിനു മുമ്പുതന്നെ സിദ്ധിച്ച ജരാമരണമില്ലായ്ക മുതലായ വരങ്ങളെ പരമേശ്വരൻ സ്വയമാ

യിക്കൊടുത്തു മടങ്ങിപ്പോയി. ഇപ്രകാരം അങ്ങയുടെ ഭജനംകൊണ്ടുതന്നെ ആ പരമശിവനും സന്തോഷിക്കുന്നു. ഇങ്ങിനെ പലകാരണങ്ങളാലും അങ്ങ് ത്രിമൂർത്തിസ്വരൂപനും സകല നിയന്താവുമാണെന്ന് വ്യക്തമായിരിക്കുന്നു.

10 ത്ര്യംശേസ്മിൻ സത്യലോകേ വിധിഹരിപുരഭി-
ന്മന്ദിരാണ്യൂർദ്ധ്വമൂർദ്ധ്വം
തേഭ്യോപ്യൂർദ്ധ്വന്തു മായാവികൃതിവിരഹിതോ
ഭാതി വൈകുണ്ഠലോകഃ
തത്ര ത്വം കാരണാംഭസ്യപി പശുപകുലേ
ശുദ്ധസത്വൈകരൂപീ
സച്ചിൽബ്രഹ്മാദ്വയാത്മാ പവനപുരപതേ!
പാഹി മാം സർവ്വരോഗാൽ

സാരം:— മൂന്നുഭാഗമായ ഈ സത്യലോകത്തിൽ മേല്പോട്ടു മേല്പോട്ടു ക്രമത്തിൽ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ സ്ഥാനങ്ങൾ സ്ഥിതിചെയ്യുന്നു. മായാവികാരങ്ങളോടു വേർപെട്ടതായ വൈകുണ്ഠലോകം അവമൂന്നിലും മേലേ ശോഭിക്കുന്നു. അല്ലയോ ഗുരുവായൂരപ്പ! അവിടെ കാരണജലത്തിലും ഇവിടെ അമ്പാടിയിലും ശുദ്ധസത്വൈകസ്വരൂപിയായി സച്ചിദാനന്ദപരബ്രഹ്മഭേദമൂർത്തിയായി ശോഭിക്കുന്ന നിന്തിരുവടി എന്നെ സകലവിധ രോഗസങ്കടങ്ങളിൽനിന്നും രക്ഷിക്കണേ

ഏകാദശസ്കന്ധം അവസാനിച്ചു.

# ദ്വാദശസ്കന്ധം

*******

## തൊണ്ണൂററി എട്ടാം ദശകം

[നിഷ്കളബ്രഹ്മോപാസനാ]

1 യസ്മിന്നേതദ്വിഭാതം യത ഇദമഭവ-
ദ്യേന ചേദം;യ ഏത-
ദ്യോസ്മാദുത്തീർണ്ണരൂപഃ ഖലു സകലമിദം
ഭാസിതം യസ്യ ഭാസ്
യോ വാചാം ദൂരദൂരേ പുനരപി മനസാം
യസ്യ ദേവാ മുനീന്ദ്രാഃ
നോ വിദ്യുസ്തത്വരൂപം കിമു പുനരപരേ
കൃഷ്ണ!തസ്മൈ നമസ്തേ.

സാരം:—അല്ലയോ ശ്രീകൃഷ്ണഭഗവാനെ! ദേവന്മാരും താപസന്മാരുംകൂടി ഏതൊരു ഭഗവാൻെറ പരമാത്മസ്വരൂപമറിയുന്നില്ല? പിന്നെ മററുള്ളവരെങ്ങിനെ അറിയും? ഈ പ്രപഞ്ചം മുഴുവൻ ആരിൽ തോന്നുന്നുവോ ഇതെല്ലാം ആരിൽനിന്നുണ്ടായയോ, ആരുനിമിത്തമുണ്ടായയോ, ആരാണോ, ആർ ഇതിൽനിന്നു വേറിട്ട് രൂപത്തോടുകൂടിയിരിക്കുന്നുവോ, ആർ മനസ്സിനും വാക്കിനും വളരെ അധികം ദൂരം സ്ഥിതിചെയ്യുന്നുവോ, ആരുടെ തേജസ്സുകൊണ്ടു ഇതെല്ലാം പ്രകാശിക്കുന്നുവോ, അപ്രകാരമുള്ള ആ നിന്തിരുവടിക്കു നമസ്കാരം.

2 ജന്മാദ്യോ കമ്മനാമ സ്ഫുടമിഹ ഗുണദോ-
ഷാദികം വാ ന യസ്മിൻ
ലോകാനാമൂതയേ യഃ സ്വയമനുഭജതേ
താനി മായാനുസാരീ
ബിഭ്രച്ഛക്തീരരൂപോപി ച ബഹുതരരൂ-
പോവഭാത്യത്ഭുതാത്മാ
തസ്മൈ കൈവല്യധാമ്നേ പരരസപരിപൂ-
ണ്ണായ വിഷ്ണോ! നമസ്തേ!

സാരം:— യാവനൊരുത്തനു വാസ്തവത്തിൽ ജന്മമോ കമ്മമോ നാമമോ ഗുണദോഷംമുതലായവയുകളുമില്ലയോ, എങ്കിലും യാവനൊരുത്തൻ ലോകാനുഗ്രഹത്തിനായിട്ട് മായയേ സ്വീകരിച്ചുകൊണ്ടു് തന്നിയെ അവയെ കൈക്കൊള്ളുന്നുവോ യാവനൊരുത്തൻ ഷഡ്ഗുണപരിപൂണ്ണനും രൂപമില്ലാത്തവനുമാണെങ്കിലും വളരെ രൂപംധരിച്ച് അത്ഭുതസ്വരൂപനായി വിളങ്ങുന്നുവോ, അങ്ങിനെയുള്ള കൈവല്യനിധിയും പരമാനന്ദപരിപൂണ്ണനുമായ നിന്തിരുവടിക്ക അല്ലയോ വിഷ്ണോ! നമസ്കാരം.

3 നോ തിയ്യഞ്ചം ന മത്ത്യം ന ച സുരമസുരം
ന സ്ത്രീയം നോ പുമാംസം
ന ദ്രവ്യം കമ്മജാതിം ഗുണമപി സദസ-
ദ്വാപി തേ രൂപമാഹുഃ
ശിഷ്ടം യൽ സ്യാന്നിഷേധേ സതി നിഗമശതൈർ-
ല്ലക്ഷണാവൃത്തിത, സ്തത്
കൃച്ഛ്രേണാവേദ്യമാനം പരമസുഖമയം
ഭാതി; തസ്മൈ നമസ്തേ

സാരം:— അങ്ങയുടെ സ്വരൂപം തിര്യക്കമല്ല, മനുഷ്യനമല്ല, ദേവനം അസുരനമല്ല, സ്ത്രീയും പുരുഷനമല്ല, ദ്രവ്യം കർമ്മം ജാതി ഗുണം സത്ത് അസത്ത് എന്നിവയൊന്നമല്ല എന്നാണ് അറിവുള്ളവർ പറയുന്നത്. നിഷേധിക്കുമ്പോൾ യാതൊന്നു ശേഷിക്കുന്നുവോ, അനേകം ഉപനിഷത്തുക്കളിൽ ലക്ഷണാവൃത്തികൊണ്ടു വളരെ പ്രയാസപ്പെട്ടു് അറിയിക്കപ്പെടുന്നതായ അതു് പരമാനന്ദസ്വരൂപനായിട്ടു് ശോഭിക്കുന്നു! ആ നിന്തിരുവടിക്കു നമസ്കാരം!

4 മായായാം ബിംബിതസ്ത്വം സൃജസി മഹദഹം-
കാരതന്മാത്രഭേദൈർ-
ഭൂതഗ്രാമേന്ദ്രിയാദ്യൈരപി സകലജഗത്
സ്വപ്നസങ്കല്പകല്പം
ഭൂയഃ സംഹൃത്യ സർവ്വം കമഠ ഇവ പദാ-
ന്യാത്മനാ കാലശക്ത്യാ
ഗംഭീരേ ജായമാനേ തമസി വിതിമിരോ
ഭാസി; തസ്മൈ നമസ്തേ.

സാരം:—അങ്ങ് മായയിൽ പ്രതിബിംബിതനായിട്ട് മഹത്തത്വം അഹങ്കാരഭേദങ്ങൾ ശബ്ദസ്പർശാദിതന്മാത്രാഭേദങ്ങൾ പഞ്ചഭൂതങ്ങൾ ഏകാദശേന്ദ്രിയങ്ങൾ ഇവയെക്കൊണ്ടു് സ്വപ്നസങ്കല്പതുല്യമായ ഈ സകല ജഗത്തിനേയും സൃഷ്ടിക്കുന്നു. ആമ തൻെറ അവയവങ്ങളെ എന്നപോലെ കാലശക്തിരൂപമായ ആത്മാവുകൊണ്ടു് പിന്നെ സകലവും സംഹരിച്ചിട്ട് ഭയങ്കരമായ തമസ്സ് പരന്നുകിടക്കുമ്പോൾ തമഃസംബന്ധംകൂടാതെ ശോഭിക്കുന്ന ആ നിന്തിരുവടിക്കു നമസ്കാരം!

5 ശബ്ദബ്രഹ്മേതി കർമ്മേത്യണുരിതി ഭഗവൻ
കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ
സർവ്വഥാ കല്പ്യമാനം
വേദാന്തൈര്യത്തു ഗീതം പരപുരുഷ ചിദാ-
ത്മാഭിധം തത്തു തത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃൽ
കൃഷ്ണ!തസ്മൈ നമസ്തേ

'സാരം:— അല്ലയോ ഭഗവാനെ! സർവ്വ മതക്കാരും സർവ്വാത്മഭാവേന കല്പിക്കപ്പെടുന്നവനും ജഗത്തിന്നു കാരണഭൂതനുമായ അങ്ങയെ ഒരാളെത്തന്നെ ശബ്ദബ്രഹ്മമെന്നും കർമ്മമെന്നും പരമാണുവെന്നും കാലമെന്നും ഓരോരുത്തരും വ്യവഹരിച്ചുവരുന്നു. വേദാന്തങ്ങളാലാവട്ടെ, ഏതൊന്ന് പുരുഷൻ, പരൻ, ചിത്ത്, ആത്മാവ് എന്നു പേരുള്ളതേതോ, ആ തത്വമാണ് കേവലം കടാക്ഷമാത്രംകൊണ്ട് മൂലപ്രകൃതിക്കു വികാരത്തെച്ചെയ്യുന്നതു് എന്നുപറയപ്പെട്ടിരിക്കുന്നു. അല്ലയോ ശ്രീകൃഷ്ണഭഗവാനെ! ആ നിന്തിരുവടിക്കു നമസ്കാരം.

6 സത്വേനാസത്തയാ വാ ന ച ഖലു സദസ-
ത്വേന നിർവാച്യരൂപാ
ധത്തേ യാസാവവിദ്യാ ഗുണഫണിമതിവ-
ദ്വിശ്വദൃശ്യാവഭാസം
വിദ്യാത്വം സൈവ യാതാ ശ്രുതിവചനലവൈ-
ര്യൽകൃപാസ്യന്ദലാഭേ
സംസാരാരണ്യസദ്യസ്ത്രുടനപരശുതാ-
മേതി;തസ്മൈ നമസ്തേ!

സാരം:—ഉള്ളതായിട്ടും ഇല്ലാത്തതായിട്ടും ഉള്ളതുമി ല്ലാത്തതുമായിട്ടും തീർച്ചപ്പെടുത്തിപ്പറവാൻ കഴിയാത്തവിധം ഈ അവിദ്യ കയറിന്മേൽ സർപ്പഭ്രമമെന്നപോലെ പ്രപഞ്ചത്തിൽ ഉള്ളതാണെന്നുള്ള പ്രതീതിയേ ചെയ്യുന്നു. അതു തന്നെ യാതൊരു ദേവൻെറ കൃപാപ്രവാഹം സിദ്ധിക്കുമ്പോൾ വേദാന്തവാക്യങ്ങളിൽ ചിലതു കേൾപ്പാനിടയായ മാത്രയിൽ വിദ്യാരൂപിണിയായിത്തീർന്നിട്ട് സംസാരാരണ്യത്തെ ക്ഷണത്തിൽ മുറിച്ചുകളവാനുള്ള വെണ്മഴുവായിത്തീരുന്നു. ആ നിന്തിരുവടിക്കു നമസ്കാരം!

7 ഭൂഷാസു സ്വർണ്ണവദ്വാ ജഗതി ഘടശരാ-
വാദികേ മൃത്തികാവൽ
തത്വേ സഞ്ചിന്ത്യമാനേ സ്ഫുരതി തദധുനാ-
പ്യദ്വിതീയം വപുസ്തേ
സ്വപ്നദ്രഷ്ടുഃ പ്രബോധേ തിമിരലയവിധൌ
ജീർണ്ണരജ്ജോശ്ച യദ്വ-
ദ്വിദ്യാലാഭേ തഥൈവ സ്ഫുടമപി വികസേത്
കൃഷ്ണ! തസ്മൈ നമസ്തേ!

സാരം:—വാസ്തവം ചിന്തിച്ചാൽ കടകകുണ്ഡലാദ്യാഭരണങ്ങളിൽ സ്വർണ്ണമെന്നപോലെയും, കുടം കലം ചിരാത് മുതലായതിനു മണ്ണെന്നപോലെയും പ്രപഞ്ചത്തിൽ അദ്വിതീയമായിരിക്കുന്ന അങ്ങയുടെ ആ വപുസ്സ് ആ സ്ഥിതികാലത്തിലും പ്രകാശിക്കുന്നു. സ്വപ്നം കണ്ടവന്ന് ഉണർന്നതിൻെറ ശേഷവും ഇരുട്ടുനീങ്ങുമ്പോൾ കയറുതുണ്ടിൻെറയും മാതിരി വിദ്യയുടെ ലാഭത്തിൽ സ്പഷ്ടമാകുംവിധം തീർച്ചയായും പ്രകാശിക്കും. അല്ലയോ ശ്രീകൃഷ്ണഭഗവാനെ! ആ നിന്തിരുവടിക്കു നമസ്കാരം!

8 യതത്ഭീത്യോദേതി സൂൎയ്യോ ദഹതി ച ദഹനോ
വാതി വായുസ്തഥാന്യേ
യതത്ഭീതാഃ പത്മജാദ്യാഃ പുനരുചിതബലീ-
നാഹരന്തേനുകാലം
യേനൈവാരോപിതാഃ പ്രാങ്ങ്നിജപദമപി തേ
ച്യാവിതാരശ്ച പശ്ചാ-
ത്തസ്മൈ വിശ്വം നിയന്ത്രേ വയമപി ഭവതേ
കൃഷ്ണ! കുൎമ്മഃ പ്രണാമം

സാരം:—ആരിൽനിന്നു് ഭയംനിമിത്തം സൂൎയ്യൻ ഉദി ക്കയും അഗ്നി ദഹിപ്പിക്കയും കാററു വീശുകയും ചെയ്യുന്നു, അപ്രകാരംതന്നെ ബ്രഹ്മാവാദിയായ മററുള്ളവരും ആരെ ഭ യപ്പെട്ടു് കാലംതോറും യോഗ്യമായ പൂജാദികളെ ചെയ്യുന്നു, അവർ ആദ്യം യാവനൊരുത്തനാൽതന്നെ അവനവന്റെ സ്ഥാനത്തെ ആരോഹണംചെയ്തു് പിന്നീടു് ഭ്രംശിക്കപ്പെടു കയും ചെയ്യും? അല്ലയോ ശ്രീകൃഷ്ണഭഗവാനേ! വിശ്വ ത്തിന്റെ നിയാമകനായിരിക്കുന്ന ആ നിന്തിരുവടിക്കായി ക്കൊണ്ടു് ഞാനും നമസ്കരിക്കുന്നു.

9 ത്രൈലോക്യം ഭാവയന്തം ത്രിഗുണമയമിദം
ത്ര്യക്ഷരസ്യൈകവാച്യം
ത്രീശാനാമൈക്യരൂപം ത്രിഭിരപി നിഗമൈ-
ൎഗ്ഗീയമാനസ്വരൂപം
തിസ്രോവസ്ഥാ വിദന്തം ത്രിയുഗജനിജുഷം
ത്രിക്രമാക്രാന്തവിശ്വം
ത്രൈകാല്യേ ഭേദഹീനം ത്രിഭിരഹമനിശം
യോഗഭേദൈൎഭജേ ത്വാം.

സാരം:—ത്രിഗുണമയമായിരിക്കുന്ന ഈ ത്രൈലോക്യത്തെ സൃഷ്ടിക്കുന്നവനും പ്രണവത്തിൻെറ മുഖ്യാഭിധേയനും ത്രിമൂത്തികളുടെ ഐക്യസ്വരൂപനും മൂന്നു വേദങ്ങളാലും വണ്ണിക്കപ്പെടുന്ന സ്വരൂപത്തോടുകൂടിയവനും മൂന്നവസ്ഥകളെ അറിയുന്നവനും മൂന്നുയുഗങ്ങളിൽ അവതരിക്കുന്നവനും മൂന്നടിയളന്നു് ലോകത്തെ ആക്രമിച്ചവനും മൂന്നുകാലത്തിലും ഭേദമില്ലാത്തവനുമായ നിന്തിരുവടിയെ ഞാൻ മൂന്നുവിധയോഗകമ്മങ്ങളെക്കൊണ്ടും എപ്പോഴും ഭജിക്കുന്നു.

10 സത്യം ശുദ്ധം വിബുദ്ധം ജയതി തവ വപു-
ന്നിത്യമുക്തം നിരീഹം
നിർദ്വന്ദ്വം നിവ്വികാരം നിഖിലഗുണഗണ-
വ്യഞ്ജനാധാരഭൂതം
നിർമ്മൂലം നിമ്മലം തന്നിരവധിമഹിമോ-
ല്ലാസി നിർല്ലീനമന്ത-
ന്നിസ്സംഗാനാം മുനീനാം നിരുപമപരമാ-
നന്ദസാന്ദ്രപ്രകാശം.

സാരം:—സത്യമായ നിഷ്കളമായി, എപ്പോഴും ഉണന്നു്, ബന്ധമില്ലാതെ, ഒന്നിലും ആശയില്ലാതെ, അദ്വിതീയമായി, വികാരശൂന്യമായി സകലവിധ സൽഗുണങ്ങളുടേയും ഉല്പത്തിക്കാധാരമായി, കാരണരഹിതമായി, രാഗദ്വേഷങ്ങളില്ലാതെ അവസാനമില്ലാത്ത മാഹാത്മ്യംകൊണ്ടു ശോഭിക്കുന്നതായി സവ്വസംഗപരിത്യാഗംചെയ്തു് സന്യസിച്ച മഹഷിമാരുടെ സമാധിയിൽ ഉദയിച്ചുകിടക്കുന്നതായി, ഒന്നിനോടും തുല്യതപ്പെടുത്തുവാൻ കഴിയാത്തതായ പരമാനന്ദത്തോടും ഇടതിങ്ങിയ ശോഭയോടും കൂടിയതായിരിക്കുന്ന അങ്ങയുടെ ആ സ്വരൂപം സവ്വോൽക്കഷേണ വത്തിക്കുന്നു.

11 ദൎവ്വാരം ദ്വാദശാരം ത്രിശതപരിമിളൽ
ഷഷ്ടിപൎവ്വാഭിവീതം
സംഭ്രാമ്യൽക്രൂരവേഗം ക്ഷണമനു ജഗദാ-
ച്ഛിദ്യ സന്ധാവമാനം
ചക്രം തേ കാലരൂപം വ്യഥയതു ന തു മാം
ത്വൽപദൈകാവലംബം
വിഷ്ണോ! കാരുണ്യസിന്ധോ!പവനപുരപതേ!
പാഹി സൎവ്വാമയൗഘാൽ:

സാരം:—പന്ത്രണ്ടഴികളോടും മുന്നൂറററുപതു ചക്രമു നകളോടും ഭയങ്കരവേഗത്തിൽ ക്ഷണംക്ഷണം ചുററിത്തിരി ഞ്ഞുകൊണ്ടു് ലോകത്തെ വലിച്ചിഴച്ചു് ഓടുന്നതും ആരാലും തടുപ്പാൻ കഴിയാത്തതുമായ അങ്ങയുടെ കാലരൂപമായ ചക്ര മാകട്ടെ; അങ്ങയുടെ തൃക്കാലല്ലാതെ മററു ശരണമില്ലാത്ത വനായ എന്നെ ദുഃഖിപ്പിക്കരുതെ! അല്ലയോ വിഷ്ണുഭഗവാ നെ അല്ലയോ കരുണാമൃതസമുദ്രമായ ഗുരുവായൂരപ്പ സകല വിധ രോഗസമൂഹങ്ങളിൽനിന്നും എന്നെ രക്ഷിക്കണെ!

---

## തൊണ്ണൂററിഒമ്പതാം ദശകം

### ഭഗവന്മാഹാത്മ്യവൎണ്ണനം

1 വിഷ്ണോർവ്വീൎയ്യാണി കോ വാ കഥയതു ധരണേഃ
കശ്ചരേണൂന്മിമീതേ
യസ്യൈവാംഘ്രിത്രയേണ ത്രിജഗദഭിമതം
മോദതേ പൂൎണ്ണസമ്പൽ

യോസൌ വിശ്വാനി ധത്തേ പ്രിയമിഹ പരമം
ധാമ തസ്യാഭിയായാം
ത്വത്ഭക്താ യത്ര മാദ്യന്ത്യമൃതരസമര-
ന്ദസ്യ യത്ര പ്രവാഹഃ

സാരം:—വിഷ്ണുവിൻെറ മാഹാത്മ്യങ്ങളെ ആൎക്ക വിവരിക്കവാൻ കഴിയും? ആരാണ് ഭൂമിയിലുള്ള പൊടി എണ്ണിക്കണക്കാക്കുവാൻ സമൎത്ഥൻ, യാതൊരു ഭഗവാൻെറ മൂന്നടികൊണ്ടളക്കപ്പെട്ടുകൊണ്ട് ത്രൈലോക്യം സമ്പൽ സമ്പൂൎണ്ണമായി സന്തോഷിച്ചുകൊണ്ടിരിക്കുന്നു, ആ വിഷ്ണുഭഗവാൻ സൎവ്വലോകത്തേയും ധരിക്കുന്നു. ഇനി ഞാൻ അദ്ദേഹത്തിനു പ്രിയപ്പെട്ടതായ വൈകുണ്ഠത്തെ പ്രാപിക്കേണമെ. യാതൊരു ലോകത്തിൽ ഭഗവത്ഭക്തന്മാർ ആനന്ദിച്ചിരിക്കുന്നു, യാതൊരേടത്തു് മോക്ഷരസമാകുന്ന മധുവിൻെറ പ്രവാഹം ഭവിക്കുന്നു'

2 ആദ്യായാശേഷകൎത്രേ പ്രതിനിമിഷനവീ-
നായ ഭൎത്രേ വിഭൂതേർ-
ഭക്താത്മാ വിഷ്ണവേ യഃ പ്രദിശതി ഹവിരാ-
ദീനി യജ്ഞാൎച്ചനാദൌ
കൃഷ്ണാദ്യം ജന്മ യോ വാ മഹദിഹ മഹതോ
വൎണ്ണയേത്സോയമേവ
പ്രീതഃ പൂൎണ്ണോ യശോഭിസ്ത്വരിതമഭിസരേൽ
പ്രാപ്യമന്തേ പദം തേ.

സാരം:—ആദ്യനായി, സൎവ്വത്തിന്നും കാരണഭൂതനായി, നിമിഷം ചെല്ലുന്തോറും പുതുമയേ ചെയ്യുന്നവനായി, ലക്ഷ്മീവല്ലഭനായിരിക്കുന്ന വിഷ്ണുഭഗവാന്നായിക്കൊണ്ടു്

ഭക്തനായ യാതൊരുവൻ യാഗം പൂജ മുതലായതിൽ ഹവിസ്സു മുതലായതിനെ ദാനംചെയ്യുന്നുവോ അവനും യാവനൊരുത്തനാണ് ഇവിടെ മാഹാത്മ്യമുള്ളതിൽവെച്ച് മഹത്വമേറിയ കൃഷ്ണാവതാരം മുതലായതിനെ വർണ്ണിക്കുന്നതു്, ഇവർ രണ്ടുപേരും സന്തുഷ്ടചിത്തരായി പരിപൂർണ്ണകീർത്തിമാന്മാരായിട്ട് ഈ ശരീരം നശിക്കുമ്പോൾ പ്രാപിക്കപ്പെടേണ്ടതായ അങ്ങയുടെ വൈകുണ്ഠലോകത്തെ താമസമെന്യേ പ്രാപിക്കും.

3 ഹേ സ്തോതാരഃ കവീന്ദ്രാസ്തമിഹ ഖലു യഥാ
ചേതയദ്ധ്വം തഥൈവ
വ്യക്തം വേദസ്യ സാരം പ്രണുവത ജനനോ-
പാത്തലീലാകഥാഭിഃ
ജാനന്തശ്ചാസ്യ നാമാന്യഖിലസുഖകരാ-
ണീതി സങ്കീർത്തയദ്ധ്വം
ഹേ!വിഷ്ണോ!കീർത്തനാദ്യൈസ്തവ ഖലു മഹത-
സ്തത്വബോധം ഭജേയം.

സാരം:—അല്ലയോ സ്തുതിപ്പാൻ ശീലമുള്ള കവികുലശ്രേഷ്ഠന്മാരെ! നിങ്ങൾ ഇക്കാര്യത്തിൽ അറിയുംവിധം പ്രത്യക്ഷമായ വേദത്തിന്റെ സാരമായ ഭഗവാനെ, അവതാരകഥകളെ വർണ്ണിച്ച് സ്തുതിക്കുവിൻ! ഇദ്ദേഹത്തിന്റെ തിരുനാമങ്ങൾ എല്ലാവൎക്കും സുഖങ്ങളേയും നൽകുന്നതാണ് എന്നറിഞ്ഞുകൊണ്ടു് കീർത്തനംചെയ്യുവിൻ! അല്ലയോ വിഷ്ണുഭഗവാനെ! മഹാത്മാവായ അങ്ങയുടെ നാമസങ്കീർത്തനംമുതലായതുകൊണ്ടു് പരമാത്മജ്ഞാനത്തെ ഞാൻ സമ്പാദിച്ചുകൊള്ളാം.

4 വിഷ്ണോഃ കർമ്മാണി സമ്പശ്യത മനസി സദാ-
യൈസ്സ ധർമ്മാനബദ്ധ്നാ-
ദ്യാനീന്ദ്രസ്യൈഷ ഭൃത്യഃ പ്രിയസഖ ഇവ ച
വ്യാതനോൽ ക്ഷേമകാരീ
വീക്ഷന്തേ യോഗസിദ്ധാഃ പരപദമനിശം
യസ്യ സമ്യക് പ്രകാശം
വിപ്രേന്ദ്രാ ജാഗരൂകാഃ കൃതബഹുനുതയോ
യച്ച നിർഭാസയന്തേ

സാരം:—ആ ഭഗവാൻ ചില കർമ്മങ്ങളെക്കൊണ്ടു് കെട്ടിയുറപ്പിച്ചു ഈ ഭഗവാൻ ഇന്ദ്രൻെറ ഭൃത്യനെന്നപോലെയും പ്രിയ സഖാവിനെപ്പോലെയും ലോകത്തിനു ക്ഷേമമരുളാൻവേണ്ടി പലപല കർമ്മങ്ങളെച്ചെയ്തു് യോഗസിദ്ധിവന്നവർ വഴിപോലെ തെളിഞ്ഞുകിടക്കുന്നയാവനൊരുത്തൻെറ പരമപദത്തെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു! ബ്രാഹ്മണശ്രേഷ്ഠന്മാർ മടിവിട്ടുണർന്നിരുന്നു് ഭഗവാനെ പലവിധത്തിൽ സ്തുതിച്ചുകൊണ്ടു് യാതൊരു പരമപദത്തെ വെളിപ്പെടുത്തിത്തരികയും ചെയ്യുന്നു നിങ്ങൾ ആ വിഷ്ണുഭഗവാൻെറ ആവക കർമ്മങ്ങളെ എപ്പോഴും മനസ്സാൽ കാണുവിൻ!

5 നോ ജാതോ ജായമാനോപി ച സമധിഗത
സ്ത്വന്മഹിമ്നോവസാനം
ദേവ!ശ്രേയാംസി വിദ്വാൻ പ്രതിമുഹുരപി തേ
നാമ ശംസാമി വിഷ്ണോ!

തം ത്വാം സംസ്തൌമി നാനാവിധനുതിവചനൈ-
രസ്യ ലോകത്രയസ്യാ-
പ്യൂർദ്ധ്വം വിഭ്രാജമാനേ വിരചിതവസതിം
തത്ര വൈകുണ്ഠലോകേ.

സാരം:— ഇതുവരെ ജനിച്ചവനും ഇനി ജനിക്കുന്നവനും ആരുംതന്നെ അങ്ങയുടെ മാഹാത്മ്യത്തിൻെറ അവധി കണ്ടെത്തീട്ടില്ല. അല്ലയോ ദേവ! അല്ലയോ വിഷ്ണുഭഗവാനെ! ശ്രേയസ്സുകളെ അറിയുന്ന ഞാൻ അങ്ങയുടെ തിരുനാമങ്ങളെ വീണ്ടുംവീണ്ടും ജപിച്ചുകൊള്ളട്ടെ. ഈ ത്രൈലോക്യത്തിൻേറയുംമേലേ ശോഭിക്കുന്ന ആ വൈകുണ്ഠലോകത്തിൽ കുടികൊള്ളുന്ന ആ നിന്തിരുവടിയെ ഞാൻ അനേകവിധ സ്തോത്രങ്ങളെക്കൊണ്ടു് സ്തുതിക്കയും ചെയ്യുന്നു.

6 ആപഃ സൃഷ്ട്യാദി ജന്യാഃ പ്രഥമമയി വിഭോ
ഗർഭദേശേ ദധുസ്ത്വാം
യത്ര ത്വയ്യേവ ജീവാ ജലശയന!ഹരേ!
സംഗതാ ഐക്യമാപൻ
തസ്യാജസ്യ പ്രഭോ!തേ വനിഹിതമഭവൽ
പത്മമേകം ഹി നാഭൌ
ദിൿപത്രം യൽ കിലാഹുഃ കനകധരണിഭൃൽ-
കർണ്ണികം ലോകരൂപം.

സാരം:— അല്ലയോ വിഭുവായ ഭഗവാനെ! സൃഷ്ടിയുടെ ആദ്യത്തിലുണ്ടായ കാരണജലം അങ്ങയെ ആദ്യകാലം ഗർഭദേശത്തിൽ ധരിച്ചു. അല്ലയോ ജലശായിയായ ഭഗവാനെ! യാതൊരു ജലമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന അങ്ങയിൽ തന്നെ ജീവാത്മാക്കൾ ലയിച്ചിരുന്നു. അല്ലയോ പ്രഭോ!

ജനനധമ്മമില്ലാത്തവനും ജലശായിയുമായ അങ്ങയുടെ നാഭിയിൽ അധിഷ്ഠാനമായ ഒരു താമരപ്പൂവ് ഉണ്ടായി എന്നു പ്രസിദ്ധിയുണ്ടു്. ദിക്കുകളാകുന്ന ഇതളുകളോടുകൂടിയതും മഹാമേരു കണ്ണികയായിട്ടുള്ളതും ബ്രഹ്മാണ്ഡരൂപവുമായിട്ടുള്ളതുമാണ് ആ പത്മമെന്നു പറയുന്നു.

7 ഹേ ലോകാ വിഷ്ണുരേതൽ ഭുവനമജനയ-
 ത്തന്ന ജാനീഥ യൂയം
യുഷ്മാകം ഹ്യന്തരസ്ഥം കിമപി തദപരം
 വിദ്യതേ വിഷ്ണുരൂപം
നീഹാരപ്രഖ്യമായാപരിവൃതമനസോ
 മോഹിതാ നാമരൂപൈഃ
പ്രാണപ്രീത്യൈകതൃപ്താശ്ചരഥ മഖപരാ
 ഹന്ത! നേച്ഛാ മുകുന്ദേ!

സാരം:— അല്ലയോ ലോകവാസികളെ! വിഷ്ണുഭഗവാനാണ് ഈ ലോകത്തെ സൃഷ്ടിച്ചതു്. നിങ്ങൾ എല്ലാവരും അതറിയുന്നില്ല. നിങ്ങളെല്ലാവരുടേയും അന്തര്യാമിയായി അതിൽനിന്നു ഭിന്നമായിരിക്കുന്ന ഒരു വിഷ്ണുരൂപം വേറെയുണ്ടു്. മഞ്ഞിനെപ്പോലെ മറയ്ക്കുന്ന മായയാൽ മൂടപ്പെട്ട മനസ്സോടുകൂടിയവരും നാമരൂപങ്ങൾ നിമിത്തം മോഹിതന്മാരുമായിട്ടു് നിങ്ങൾ പ്രാണപ്രീതികൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരും യാഗംചെയ്യാൻ ശ്രദ്ധയുള്ളവരുമായിട്ടു് കഴിച്ചുകൂട്ടുന്നു.

8 മൂൎദ്ധ്നാമക്ഷ്ണാം പദാനാം വഹസി ഖലു സഹ-
 സ്രാണി സംപൂര്യ്യ വിശ്വം
തൽ പ്രോൽക്രമ്യാപി തിഷ്ഠൻ പരിമിതവിവരേ
 ഭാസി ചിത്താന്തരേപി;

ഭൂതം ഭവ്യഞ്ച സര്‍വ്വം പരപുരുഷ! ഭവാന്‍
കിഞ്ച ദേഹേന്ദ്രിയാദി-
ഷ്വാവിഷ്ടോപ്യുദ്ഗതത്വാദമൃതസുഖരസ-
ഞ്ചാനുഭുങ്ക്ഷേ ത്വമേവ

സാരം:—നിന്തിരുവടി ശിരസ്സുകളുടേയും നേത്രങ്ങളുടേയും പാദങ്ങളുടേയും സഹസ്രങ്ങളെ വഹിക്കുന്നു. ബ്രഹ്മാണ്ഡം മുഴുവനും നിറഞ്ഞു് അതുകവിഞ്ഞും അതിനപ്പുറവും സ്ഥിതിചെയ്യുന്നു. എങ്കിലും ഏററവും സ്ഥലം ചുരുങ്ങിയ മനസ്സിനുള്ളിലും അങ്ങ് ശോഭിക്കുന്നു. അല്ലയോ പരമാത്മാവേ! കഴിഞ്ഞതും വരാന്‍പോകുന്നതുമെല്ലാം അങ്ങാകുന്നു, അതുമല്ല, ദേഹേന്ദ്രിയാദികളില്‍ അധിഷ്ഠിതമാണെങ്കിലും അതുകളോടു സംബന്ധമില്ലാതിരിക്കുക നിമിത്തം പരമാനന്ദാമൃതരസത്തേയും അങ്ങതന്നെ അനുഭവിക്കുന്നു. —അങ്ങ് പരമാനന്ദാമൃത സ്വരൂപനാണെന്നര്‍ത്ഥം.

9 യത്ത്രൈലോക്യരൂപം ദധദപി ച തതോ
നിര്‍ഗ്ഗതോഽനന്തശുദ്ധ-
ജ്ഞാനാത്മാ വര്‍ത്തസേ ത്വം തവ ഖലു മഹിമാ
സോപി താവാന്‍ കിമന്യല്‍
സ്തോകസ്തേ ഭാഗ ഏവാഖിലഭുവനതയാ
ദൃശ്യതേ ത്ര്യംശകല്പം
ഭൂയിഷ്ഠം സാന്ദ്രമോദാത്മകമുപരി തതോ
ഭാതി;തസ്മൈ നമസ്തേ.

സാരം:—ബ്രഹ്മാണ്ഡ സ്വരൂപത്തെ ധരിക്കുന്നവനാണ് അങ്ങ്എങ്കിലും അതില്‍നിന്നു് വേറിട്ട് അനന്തവും പരിശുദ്ധവും ആയ ജ്ഞാനമാകുന്ന സ്വരൂപത്തോടുകൂടിയ

വനായിട്ടു വർത്തിക്കുന്നു എന്നതു യാതൊന്ന് അതും തത്താദൃശമായ അങ്ങയുടെ മാഹാത്മ്യം തന്നെയാണ്. അങ്ങയുടെ അത്യത്ഭുതമായ ഒരു അംശം തന്നെയാണ് സകല ഭുവനാത്മകമായി കാണപ്പെടുന്നത്. അതിനുംമേലേ മൂന്നംശത്തിന്നും പ്രാണഭൂതമായി ഇതിനേക്കാറം എത്രയോ അധികം വലുതായിരിക്കുന്ന അങ്ങയുടെ ഒരുരൂപം സാന്ദ്രാനന്ദസ്വരൂപനായിട്ട് ശോഭിക്കുന്നു. ആ നിന്തിരുവടിക്കായിക്കൊണ്ടു നമസ്കാരം.

10 അവ്യക്തം തേ സ്വരൂപം ദുരധിഗമതമം
തത്തു ശുദ്ധൈകസത്വം
വ്യക്തഞ്ചാപ്യേതദേവ സ്ഫുടമമൃതരസാം-
ഭോധികല്ലോലതുല്യം
സർവ്വോൽകൃഷ്ടാമഭീഷ്ടാം തദിഹ ഗുണരസേ-
നൈവ ചിത്തം ഹരന്തീം
മൂർത്തിം തേ സംശ്രയേഹം; പവനപുരപതേ!
പാഹി മാം കൃഷ്ണ!രോഗാൽ

സാരം:— അറിയപ്പെടുവാൻ അത്യന്തം അശക്യവും എന്നാൽ ശുദ്ധസത്വമയമായിരിയ്ക്കുന്നതും പ്രത്യക്ഷമായി കാണപ്പെടുന്നതുമായ ആ വ്യക്തരൂപം സ്പഷ്ടമായ അമൃതരസ സമുദ്രത്തിലെ തിരമാലയോടു തുല്യമാകുന്നു. അല്ലയോ ഗുരുവായൂരപ്പ! അതുകാരണം ഇവിടെ ഗുണരസം കൊണ്ടുതന്നെ മനസ്സിനെ ഹരിയ്ക്കുന്നതും എല്ലാററിലും വെച്ചു ശ്രേഷ്ഠവുമായ അങ്ങയുടെ അഭീഷ്ടമൂർത്തിയെ ഞാൻ ആശ്രയിയ്ക്കുന്നു അല്ലയോ ശ്രീകൃഷ്ണഭഗവാനെ! എന്നെ രോഗത്തിൽനിന്നു രക്ഷിക്കണെ!

## നൂറാം ദശകം

### കേശാദിപാദവൎണ്ണനം.

1 അഗ്രേ പശ്യാമി തേജോനിബിഡതരകളാ-
യാവലീലോഭനീയം
പീയൂഷാപ്ലാവിതോഹം തദനു തദുദരേ
ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാസ്വാദ-
രോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈൎവ്വിലസദുപനിഷൽ-
സുന്ദരീമണ്ഡലൈശ്ച

സാരം:— ഇടതിങ്ങിയ കായാമ്പൂ നിരപോലെ സുന്ദരതരമായ ഒരു തേജസ്സിനെ ഞാൻ എൻമുമ്പിൽ കാണുന്നു ഞാൻ അമൃതിൽ മുങ്ങിക്കുളിച്ചു അതിന്നുശേഷം, ആ തേജസ്സിൻെറ മദ്ധ്യത്തിൽ യൌവ്വനാരംഭംകൊണ്ടു മനോഹരവും പരമാനന്ദാമൃത രസാനുഭവം നിമിത്തം മേലാസകലം കോൾമയിർക്കൊണ്ടിരിക്കുന്ന നാരദൻ മുമ്പായ ഭക്തജനങ്ങളാലും ശോഭായമാനകളായ ഉപനിഷദ് സുന്ദരീരത്നങ്ങളുടെ സമൂഹത്താലും ചുററപ്പെട്ടതായ ദിവ്യനായ ഒരു സുന്ദരകുമാരരൂപത്തെ കാണുന്നു.

2 നീലാഭം കുഞ്ചിതാഗ്രം ഘനമമലതരം
സംയതം ചാരുഭംഗ്യാ
രത്നോത്തംസാഭിരാമം വലയിതമുദയ-
ച്ചന്ദ്രകൈഃ പിഞ്ഛജാലൈഃ

മന്ദാരസ്രഗ്ഗ്ങ് നിവീതം തവ പൃഥുകബരീ-
ഭാരമാലോകയേഽഹം
സ്നിഗ്ദ്ധശ്വേതോർദ്ധ്വപുണ്ഡ്രാമപി ച സുലളിതാം
ഫാലബാലേന്ദുവീഥിം.

സാരം:— നീലനിറമുള്ളതും അഗ്രം ചുരുണ്ടതും ഇടതൂർന്നതും ഏററവും സ്വച്ഛവും എത്രയും ഭംഗിയിൽ കൂട്ടികെട്ടപ്പെട്ടതും രത്നമയമായ ശിരോഭൂഷണംകൊണ്ടഭിരാമവും പ്രകാശിച്ചുകൊണ്ടിരിക്കുന്ന പീലിക്കണ്ണുകളോടുകൂടിയ മയിൽപീലികളാൽ ചുററപ്പെട്ടതും കല്പകപുഷ്പമാലകൊണ്ടു ചുററപ്പെട്ട അങ്ങയുടെ വർണ്ണമുള്ള തലമുടിക്കെട്ടിനേയും സ്നിഗ്ദ്ധവും വെളുത്തതുമായ ഗോപിക്കുറിയോടുകൂടിയതും അത്യന്തം ഭംഗിയുള്ളതുമായ ബാലചന്ദ്രസദൃശമായ നെററിത്തടത്തേയും ഞാൻ കാണുന്നു.

3 ഹൃദ്യം പൂർണ്ണാനുകമ്പാർണ്ണവമൃദുലഹരീ-
ചഞ്ചലഭ്രൂവിലാസൈ-
രാനീലസ്നിഗ്ദ്ധപക്ഷ്മാവലിപരിലസിതം
നേത്രയുഗ്മം വിഭോ തേ,
സാന്ദ്രച്ഛായം വിശാലാരുണകമലദളാ-
കാരമാമുഗ്ദ്ധതാരം
കാരുണ്യാലോകലീലാശിശിരിതഭുവനം
ക്ഷിപ്യതാം മയ്യനാഥേ!

സാരം:—അല്ലയോ വിഭുവായ ഭഗവാനേ. പൂർണ്ണമായ അനുകമ്പയാകുന്ന സമുദ്രത്തിലെ ചെറുതിരമാലകളെന്നപോലെ ഇളകുന്ന പുരികക്കൊടികളുടെ വിലാസങ്ങളെക്കൊണ്ട് മനോഹരവും, മുഴുവൻ നീലനിറമായും സ്നിഗ്ദ്ധ

മായുമുള്ള അക്ഷിരോമസമൂഹംകൊണ്ടു് പരിശോഭിതവും ഇടതിങ്ങിയ കാന്തിവിശേഷത്തോടുകൂടിയും വിശാലമായ ചെന്താമരപ്പൂവിന്റെ ഇതളുപോലെയുള്ളതും സുന്ദരതരങ്ങളായ കൃഷ്ണമണികളോടുകൂടിയതും കാരുണ്യത്തോടെ ഭംഗിയിൽ കടാക്ഷിച്ച് ഭുവനത്തെതണുപ്പിക്കുന്നതുമായ അങ്ങയുടെ രണ്ടു തൃക്കണ്ണും അനാഥനായ എന്നിൽ പതിപ്പിക്കണേ!

4 ഉത്തുംഗോല്ലാസിനാസം ഹരിമണിമുകുര-
പ്രോല്ലസൽഗണ്ഡപാളീ-
വ്യാലോലൽകർണ്ണപാശാഞ്ചിതമകരമണീ-
കുണ്ഡലദ്വന്ദ്വദീപ്രം
ഉന്മീലദ്ദന്തപംക്തിസ്ഫുരദരുണതര-
ച്ഛായബിംബാധരാന്തഃ-
പ്രീതിപ്രസ്യന്ദിമന്ദസ്മിതമധുരതരം
വക്ത്രമുത്ഭാസതാം മേ.

സാരം:—ഉയന്നു ശോഭിക്കുന്ന നാസികയോടുകൂടിയതും ഇന്ദ്രനീലരത്നക്കണ്ണാടിപോലെ ശോഭിക്കുന്ന കവിൾത്തടങ്ങളിൽ പ്രതിഫലിച്ചു ശോഭിക്കുന്നതും കാതിലണിഞ്ഞതുമായ രണ്ടു മകരകുണ്ഡലങ്ങൾനിമിത്തം ശോഭായമാനവും, പുറത്തു പ്രകാശിച്ചുകാണുന്ന പല്ലുകളോടുകൂടിയതും, തൊണ്ടിപ്പഴം പോലെ അത്യന്തം അരുണവർണ്ണമായ അധരങ്ങളിൽകൂടെ പ്രീതിഹേതുവായിട്ടൊഴുകുന്ന മന്ദസ്മിതംകൊണ്ടു അത്യന്തം തണുത്തതുമായ തിരുമുഖം എനിക്കു വെളിവായിക്കാണേണമേ!

5 ബാഹ്വദ്വന്ദ്വേന രത്നോജ്ജ്വലവലയഭൃതാ-
ശോണപാണിപ്രവാളേ-
നോപാത്താം വേണുനാളീം പ്രസൃതനഖമയൂ-
ഖാംഗുലീസംഗശാരാം
കൃത്വാ വക്ത്രാരവിന്ദേ സുമധുരവികസ-
ദ്രാഗമുദ്ഭാവ്യമാനൈഃ
ശബ്ദബ്രഹ്മാമൃതൈസ്ത്വം ശിശിരിത ഭുവനൈഃ
സിഞ്ച മേ കർണ്ണവീഥീം

സാരം:— രത്നഖചിതമായി ശോഭിക്കുന്ന വളകൾ ധരിച്ചിട്ടുള്ള രണ്ടു കരങ്ങളോടുകൂടിയ ചുവന്ന കൈത്തളിരുകളിൽ എടുത്തിട്ടുള്ളതും നഖരശ്മികൾ വീശുന്ന വിരലുകളുടെ ചേർച്ചയാൽ നിറം പകന്നുമായ ഓടക്കുഴൽ മുഖപങ്കേരുഹത്തിൽചേർത്ത് മനസ്സിനെ രസിപ്പിക്കത്തക്കവിധം രാഗങ്ങളെ വിസ്തരിച്ചുകൊണ്ട് പുറപ്പെടുവിക്കുന്നതും ലോകങ്ങളെ കുളർപ്പിക്കുന്നതുമായ നാദാമൃതങ്ങളെക്കൊണ്ട് എന്റെ ശ്രോത്രമാർഗ്ഗത്തെ നനയ്ക്കേണമേ!—എന്റെ കണ്ണുകൾക്ക ആനന്ദമുണ്ടാക്കണമേ!

6 ഉത്സർപ്പൽകൌസ്തുഭശ്രീതതിഭിരരുണിതം
കോമളം കണ്ഠദേശം
വക്ഷഃശ്രീവത്സരമ്യം തരളതരസമു-
ദ്ദീപ്രഹാരപ്രതാനം
നാനാവർണ്ണപ്രസൂനാവലികിസലയിനീം
വന്യമാലാം വിലോല-
ല്ലോലംബാം ലംബമാനാമുരസി തവ തഥാ
ഭാവയേ രത്നമാലാം

സാരം:—മേല്പോട്ടു വ്യാപിക്കുന്ന കൌസ്തുഭത്തിന്റെ കാന്തിത്തിരയാൽ ചുവന്നതും കോമളവൃമായ കണ്ഠപ്രദേശവും, ശ്രീവത്സത്താൽ മനോഹരവും, തിളങ്ങിജ്വലിക്കുന്ന മുത്തുമാലക്കൂട്ടങ്ങളോടുകൂടിയതുമായ തിരുമാറും, പലനിറത്തിലുള്ള പൂക്കളും തളിരുകളും ചേർന്നിട്ടുള്ളതും സൌരഭ്യത്താൽ വണ്ടുകഠം അടുത്തുപറക്കുന്നതും തിരുമാറിൽ തൂങ്ങുന്നതുമായ വനമാലയും രത്നമാലയും ഞാൻ ധ്യാനിക്കുന്നു

7 അംഗേ പഞ്ചാംഗരാഗൈരതിശയവികസൽ-
സൌരഭാകൃഷ്ടലോകം
ലീനാനേകത്രിലോകീവിതതിമപി കൃശാം
ബിഭ്രതം മദ്ധ്യവല്ലീം
ശക്രാശ്മന്യസ്തതപ്തോജ്ജ്വലകനകനിഭം
പീതചേലം ദധാനം
ധ്യായാമോ ദീപ്തരശ്മിസ്ഫുടമണിരശനാ-
കിങ്കിണീമണ്ഡിതം ത്വാം

സാരം:—അംഗത്തിങ്കലുള്ള അഞ്ചുവിധകുറിക്കൂട്ടുകഠം നിമിത്തം അതിശയേന, വ്യാപ്തമായ സൌരഭ്യംകൊണ്ടു് ലോകത്തെ ആകർഷിക്കുന്നവനും, അനേകം ത്രൈലോക്യങ്ങഠം ലയിച്ചുകിടക്കുന്നതാണെങ്കിലും കൃശയായിരിക്കുന്ന മദ്ധ്യപ്രദേശത്തെ ധരിക്കുന്നവനും, ഇന്ദ്രനീലരത്നത്തിന്മേൽ വെച്ചിരിക്കുന്ന ഉരുക്കിനിറംകൂടിയകനകത്തോടു തുല്യമായ പീതാംബരപ്പട്ടുടുത്തവനും, ദീപ്തിയോടുകൂടിയ രശ്മികൊണ്ടു് സ്പഷ്ടമായി പ്രകാശിക്കുന്ന മണിമയമായ അരഞ്ഞാൺ കിങ്കിണി ഇവകൊണ്ടലംകൃതനുമായ അങ്ങയെ ഞാൻ ധ്യാനിക്കുന്നു.

8 ഊരൂ ചാരൂ തവോരൂ ഘനമസൃണരുചൌ
ചിത്തചോരൌ രമായാ
വിശ്വക്ഷോഭം വിശങ്ക്യ ധ്രുവമനിശമുഭൌ
പീതചേലാവൃതാംഗൌ
ആനമ്രാണാം പുരസ്താന്ന്യസനധൃതസമ-
സ്താർത്ഥപാളീസമുൽഗ-
ച്ഛായം ജാനുദ്വയം ച ക്രമപൃഥുലമനോ-
ജ്ഞേ ച ജംഘേ നിഷേവേ

സാരം:— മനോഹരങ്ങളും പുഷ്ടിയോടുകൂടിയവയും നിബിഡമായിസ്നിഗ്ദ്ധമായിരിക്കുന്ന കാന്തിവിശേഷത്തോടുകൂടിയവയും ശ്രീഭഗവതിയുടെമനസ്സിനെ കവരുന്നവയും വിശ്വക്ഷോഭത്തെ ശങ്കിച്ചിട്ടെന്നപോലെ തോന്നുമാറു എല്ലായ്പോഴും പീതാംബരംകൊണ്ടു മറയ്ക്കപ്പെട്ടവയുമായ അങ്ങയുടെ രണ്ടുതുടകളേയും, തന്നെ നമസ്കരിക്കുന്നവർക്ക് കൊടുപ്പാൻവേണ്ടി സകല പുരുഷാർത്ഥങ്ങളും വെച്ചടച്ചു മുമ്പിൽത്തയ്യാറാക്കിവെച്ച രണ്ടു ചെപ്പിന്റെ ശോഭയോടു തുല്യമായ ശോഭയോടുകൂടിയ രണ്ടു മുട്ടിനേയും, ക്രമത്തിൽ തടിച്ചതും സുന്ദരവുമായ രണ്ടു മുഴങ്കാലുകളേയും, ഞാൻ സേവിക്കുന്നു.

9 മഞ്ജീരം മഞ്ജുനാദൈരിവ പദഭജനം
ശ്രേയ ഇത്യാലപന്തം
പാദാഗ്രം ഭ്രാന്തിമജ്ജൽപ്രണതജനമനോ-
മന്ദരോദ്ധാരകൂർമ്മം
ഉത്തുംഗാതാമ്രരാജന്നഖരഹിമകര-
ജ്യോത്സ്നയാ ചാശ്രിതാനാം
സന്താപധ്വാന്തഹന്ത്രീം തതിമനുകലയേ
മംഗലാമംഗുലീനാം.

സാരം:— ഭഗവൽപാദ സേവയാണ് ശ്രേയസ്സെന്നിങ്ങനെ മനോഹരശബ്ദംകൊണ്ടു് വിളിച്ചുപറയുന്നതോ എന്ന തോന്നുമാറുള്ള കാൽചിലമ്പിനേയും ഭ്രാന്തിയിൽ മുങ്ങിക്കിടക്കുന്ന ഭക്തജനമനസ്സാകുന്ന മന്ദരത്തെ ഉദ്ധരിക്കുന്നതിൽ കൂർമ്മാകൃതിയിലുള്ള പുറങ്കാലടിയേയും, പൊന്തിനില്ക്കുന്നവയും കുറഞ്ഞൊന്നു താമ്രവർണ്ണമായി ശോഭിക്കുന്നവയുമായ നഖങ്ങളാകുന്ന ചന്ദ്രന്റെ കാന്തികൊണ്ടു്, ആശ്രിതന്മാരുടെ സന്താപമാകുന്ന ക്രൂരിരുട്ടിനെ കളയുന്നതും മംഗലവുമായ വിരൽസമൂഹത്തേയും ഞാൻ ധ്യാനിക്കുന്നു.

10 യോഗീന്ദ്രാണാം ത്വദംഗേഷ്വധികസുമധുരം
മുക്തിഭാജാം നിവാസോ
ഭക്താനാം കാമവർഷദ്യുതരുകിസലയം
നാഥ!തേ പാദമൂലം
നിത്യം ചിത്തസ്ഥിതം മേ പവനപുരപതേ!-
കൃഷ്ണ! കാരുണ്യസിന്ധോ!
ഹൃത്വാ നിശ്ശേഷതാപാൻ പ്രദിശതു പരമാ-
നന്ദസന്ദോഹലക്ഷ്മീം.

സാരം:— അല്ലയോ നാഥനായി കരുണാസിന്ധുവായി ശ്രീകൃഷ്ണമൂർത്തിയായിരിക്കുന്ന ഗുരുവായൂരപ്പ! യോഗീശ്വരന്മാർക്ക് അങ്ങയുടെ അവയവങ്ങളിൽവെച്ചു അധികം ഇഷ്ടമുള്ളതും സായൂജ്യമുക്തി സിദ്ധിച്ചവരുടെ വാസസ്ഥാനവും ഭക്തന്മാർക്ക് അഭീഷ്ടത്തെ വർഷിക്കുന്നതിൽ കല്പകവൃക്ഷത്തളിരായിട്ടുള്ളതുമായ അങ്ങയുടെ പാദമൂലം നിത്യവും എന്റെ ചിത്തത്തിലിരുന്നുകൊണ്ടു് സകല ദുഃഖങ്ങളേയും ഹരിച്ചു് പരമാനന്ദസമൂഹസമൃദ്ധിയെ ഉണ്ടാക്കിത്തരുന്ന

11 അജ്ഞാത്വാ തേ മഹത്വം യദിഹ നിഗദിതം
വിശ്വനാഥ! ക്ഷമേഥാഃ
സ്തോത്രം ചൈതൽ സഹസ്രോത്തരമധികതരം
ത്വൽപ്രസാദായ ഭൂയാൽ
ദ്വേധാ "നാരായണീയം" ശ്രുതിഷു ച ജനുഷാ
സ്തുത്യതാവർണ്ണനേന
സ്ഫീതം ലീലാവതാരൈരിദമിഹ കുരുതാ-
മായുരാരോഗ്യസൌഖ്യം.

സാരം:— അല്ലയോ വിശ്വനാഥാ! അങ്ങയുടെ മാഹാത്മ്യത്തെ അറിയാതെ ഇവിടെ ഈ ഗ്രന്ഥത്തിൽ എന്നാൽ എന്തൊക്കെ പറയപ്പെട്ടുവോ, അതിനെ അങ്ങ് ക്ഷമിക്കണെ ആയിരത്തിലധികം ശ്ലോകങ്ങളുള്ള ഈ സ്തോത്രം കട്ടെ, അങ്ങയുടെ അധികമായ പ്രസാദത്തിന്നായി ഭവിക്കണെ! വേദങ്ങളിലുള്ള ജനനം ഹേതുവായി അങ്ങയുടെ സത്യത്തെ വർണ്ണിച്ചതു ഹേതുവായിട്ടും, രണ്ടു പ്രകാരത്തിലും നാരായണീയമായും ലീലാവതാരവർണ്ണനങ്ങളെക്കൊണ്ടു് പുഷ്ടിപ്പെട്ടതായുമിരിക്കുന്ന ഈ സ്തോത്രം ഈ ജന്മത്തിൽത്തന്നെ ആയുഷ്കാലത്തിൽ ആരോഗതയേയും, ആയുരന്ത്യത്തിൽ മോക്ഷത്തെയും ചെയ്യണേ!— ഇവിടെ ആയുരാരോഗ്യസൌഖ്യം എന്നുള്ളതുകൊണ്ടു ഇതെഴുതിത്തീന്ന ദിവസത്തെ കലിസംഖ്യ 1712210 ആണെന്നു സൂചിപ്പിച്ചിരിക്കുന്നു.

ഇതി നാരായണീയം.

നൂറാംദശകവും 12-ാംസ്കന്ധവും കഴിഞ്ഞു.

ശുഭം.

# KOTTAYAM PUBLIC LIBRARY

## KOTTAYAM

Cl. No. MA5 Acc. No. 39289

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 16 DEC 2002 | | |
| 14 JAN 2003 | | |
| 7 MAR 2003 | | |
| ~~10 MAY 2003~~ | | |
| 30 May. 03 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

MA5

39289

നാരായണ ഭട്ടതിരി

ശ്രീമൽ നാരായണീയം